But your memories remain here in eternal light,
While you rest into an endless night"

SHANAVAS PC

Birth : **June 7th, 1979**
Death: **February 14th, 2015**

Illustrated by : **Kala P**

SANTHOSH KUMAR N

കൊല്ലവർഷം രണ്ടായിരം മുതൽ ഒരു പതിനഞ്ചു വർഷക്കാലത്തോളം കോഴിക്കോട് മെഡിക്കൽ കോളേജിൽ പഠിച്ച ഓരോ വിദ്യാർത്ഥിയും ഒരിക്കലെങ്കിലും കേട്ട ഒരു പേരായിരിക്കും "പി സി."

സുഗന്ധങ്ങളെയും ശബ്ദമുണ്ടാക്കുന്ന ബൈക്കുകളെയും പ്രണയിച്ചവൻ. അവന്റെ സ്പ്ലെയുടെ മണം തിരിച്ചറിഞ്ഞു "പി സി " വരുന്നുണ്ടെന്നു മനസിലാക്കിയിരുന്നവർ കോളേജിൽ ഉണ്ടായിരുന്നതെ. അവന്റെ ബൈക്കിന്റെ ശബ്ദം തിരിച്ചറിഞ്ഞിരുന്നവർ ഉണ്ടായിരുന്നതെ.

ഉള്ളു കൊണ്ട് ശുദ്ധനെങ്കിലും അവനെ നമ്മൾ അറിഞ്ഞത് പല പല വിശേഷണങ്ങളിലൂടെ ആയിരുന്നു. അവന്റെ കുറ്റങ്ങളും കുറവുകളും കണ്ടവർ അവന്റെ നന്മകളെ തിരിച്ചറിഞ്ഞിരുന്നോ എന്നെനിക്കറിയില്ല.

ഇംഗ്ലീഷുകാരെ 'വെറുംകാല്' കൊണ്ട് ഫുട്ബാൾ കളിച്ചു തോൽപ്പിച്ച നിലമ്പൂരുകാരുടെ, മലപ്പുറത്തുകാരുടെ പിന്മുറക്കാരൻ ആയിരുന്ന പി സി. ഫുട്ബോൾ ഗ്രൗണ്ടിൽ, ഇടതു വിങ്ങിലൂടെ കുതിച്ചു പാഞ്ഞിരുന്ന പി സി യുടെ ഒപ്പമെത്താൻ കൂടെ കളിച്ചവർ പാടുപെട്ടിരുന്നു. അവസാനം ഇടം കാലുകൊണ്ടുള്ള ഷോട്ടുകൾ തടുക്കാൻ കഴിയാതെ ഗോൾ കീപ്പർമാർ വിഷമിച്ചിരുന്നു.

ഒരു പാട് നർമ്മ മുഹൂർത്തങ്ങൾ ഉണ്ടാക്കിയെടുത്തതിൽ അഗ്രഗണ്യൻ ആയിരുന്നു പി സി.

മറ്റെന്തിനേക്കാളും ഉപരിയായി "സൗഹൃദത്തിന്" വിലകല്പിച്ചിരുന്നവൻ, ഉമ്മയെ അതിയായി സ്നേഹിച്ചവൻ, സ്വയം "ഇമ്മാന്റെ കുട്ടി" ആയി പരിചയപ്പെടുത്തുന്നവൻ. നാട്ടിലെ പാവപ്പെട്ടവർക്കും കാടുകൾ കയറി ആദിവാസികൾക്കും സഹായമെത്തിച്ചവൻ. ചുറ്റും നടക്കുന്ന അനീതികളോട് എന്നും കലഹിച്ചവൻ.

അവന്റെ ഫേസ് ബുക്ക് ഇപ്പോഴും ആരും ഡിലീറ്റ് ചെയ്തിട്ടില്ല. അതിൽ ഇപ്പോഴും ആളുകൾ കമന്റ് ചെയ്യുന്നുണ്ട്. അതിൽ അവസാനം കണ്ട ഒരു കമന്റോടെ തുടങ്ങട്ടെ.

"ഷാനവാസ് നീ എന്റെ ആരുമല്ല. ഈ ഫേസ്ബുക്കിൽ കണ്ടതിനപ്പുറം ഒരു ബന്ധവുമില്ല. മറ്റുള്ളവർക്ക് വേണ്ടി മിടിക്കുന്ന ഒരു ഹൃദയം ഉള്ളത് കൊണ്ടാവാം, നിന്റെ സേവനങ്ങൾ ഒരുപാട് കൊതിപ്പിച്ചിട്ടുണ്ട്. അസൂയ പോലും തോന്നിയിട്ടുണ്ട്. നീ കണ്ണീരൊപ്പിയവരുടെ പ്രാർത്ഥന മാത്രം മതി നിനക്ക് സഹോദരാ. ഖബറിടം അല്ലാഹു സ്വർഗീയമാക്കി തരട്ടെ. ആമീൻ"

ഈ ലോകം വിട്ടു പോയി അഞ്ചു വർഷം കഴിഞ്ഞു. എന്നാലും അവനു വേണ്ടി പ്രാർത്ഥിക്കുന്നവർ, അവനെ ഓർക്കുന്നവർ.

മുഖപുസ്തകത്തിൽ പലപ്പോഴായി അവൻ കുറിച്ച വരികളിലൂടെ നമുക്കും ഒന്ന് യാത്ര ചെയ്യാം. ഇതിൽ നമ്മൾ അറിഞ്ഞ പി സി ഉണ്ട്, എന്നാൽ നമ്മളറിയാതെ പോയ "പി സി" യും ഉണ്ട്.

"വലതു കൈ കൊണ്ടു കൊടുക്കുന്നത് ഇടതു കൈ അറിയരുത്";.....!
1. ഒരു കൈ കൊണ്ടു കൊടുക്കുന്നത് മറു കൈ അറിഞ്ഞാല് എന്താ പ്രശ്നം???...ഇരു കൈകളും തമ്മില് ചക്കോളത്തി (ക്ഷമിക്കണം, മലപ്പുറത്തെ ഒരു നാടന് വാക്കാണ്) പോരുണ്ടോ.
2..ഞാന് ഇടതു കൈയ്യന് ആണ്.അതു കൊണ്ടു ഞാന് എന്തു കൊടുത്താലും അതു എല്ലാവരും അറിയും

(അതു മെക്കിട്ടു കേറുന്നവരുടെ ചെള്ളയ്ക്കിട്ടു കൊടുക്കുന്നതാണെങ്കിലും)."

പിസിയെ അറിയുന്നവർക്കറിയാം. അവന് അങ്ങനെയേ പറയാൻ കഴിയൂ എന്ന്.

ചില കുറിപ്പുകളിൽ അവൻ തന്റെ നിലപാടുകൾ പറഞ്ഞു വെക്കുന്നു.

"സ്ഥായിയായ ഒരു രസവും എന്റെ മുഖത്ത് നിങ്ങള്ക്ക് കാണാന് സാധിക്കില്ല. കാരണം ഞാനും നിങ്ങളെപ്പോലൊരു സാധാരണ മനുഷ്യനാണ്. ദേഷ്യവും, സങ്കടവും, നിരാശയും, കോപവും അങ്ങിനെ എല്ലാ ഭാവങ്ങളും മിന്നിമാഞ്ഞു കൊണ്ടിരിക്കും. പക്ഷെ എന്റെ മനസ്സിനു എന്നും ഒരേ സ്ഥായിയായ വികാരവും നിലപാടുമായിരിക്കും. അത് പക്ഷെ സാധാരണക്കാരോടല്ല.....പട്ടിണിപ്പാവങ്ങളായ എന്റെ പുതിയ കൂട്ടുകാരോട്. ആ നിരാലംബരോട് എനിക്കെന്നും ദയാവായ്പു നിലനിർത്തണമേ എന്നാണു എന്റെ പ്രാർത്ഥനകള്".

ആർക്കും പൂർണ്ണമായി മനസിലാക്കാൻ കഴിയാത്ത അവൻ, അല്ലെങ്കിൽ പിടികൊടുക്കാത്ത അവൻ പറയുന്നു.

"സത്യമെന്താണെന്നു വച്ചാല് നിങ്ങളെക്കുറിച്ച് ഒരിക്കലും മുഴുവനായും എനിക്കറിയില്ലെന്നതാണ്. എന്നെ മുഴുവനായും മനസ്സിലാക്കാന്
നിങ്ങള്ക്കും ഒരിക്കലും കഴിയില്ലെന്നതുപോലെ തന്നെ. പൂർണ്ണമായി മനസ്സിലാക്കാന് പറ്റുന്നതിനേക്കാള് സങ്കീർണ്ണമാണെന്ന് വേണം കരുതാന്,
മനുഷ്യസ്വഭാവം. അതുകൊണ്ട്, ഒന്നുകില് സഹജീവികളെ അല്പം സംശയത്തോടെ സമീപിക്കാം. അല്ലെങ്കില് പൂർണ്ണമായി തുറന്ന മനസ്സോടെ,
ശുഭാപ്തിവിശ്വാസത്തോടെ, ഒരുപാടു സത്യസന്ധതയോടെ കാണാം."

ചില സമയങ്ങളിൽ യാഥാർഥ്യവും ജീവിതവും തത്വചിന്തകളാൽ പൊതിയപ്പെടുന്നു.

"ജീവിതത്തില് വീണുപോകും എന്ന് തോന്നുന്ന സമയങ്ങളില് വീണുകിടക്കുന്ന ചെറിയ പിടിവള്ളികളില് സന്തോഷിക്കുകയും അതോർത്തു വിശ്വസിക്കുന്ന ദൈവത്തിനു നന്ദി പറയാന് കഴിയുന്നതും ആവട്ടെ നമ്മുടെ ജീവിതം. ഒരു ലക്ഷ്യത്തില് നമ്മള് ഒരുമിച്ചു യാത്ര ചെയ്യുമ്പോള് പ്രതിബന്ധങ്ങള് ഉണ്ടാവാം. പല രീതിയിലും. യാത്രയില് ഒരിക്കലും നമ്മെ തനിച്ചാക്കി വേറെ വഴിയില് സഞ്ചരിക്കില്ല എന്ന് വിശ്വസിച്ചവര് പോലും അകന്നുമാറി വേറെ വഴിയില് സഞ്ചരിക്കുമ്പോള് പ്രയസമുണ്ടാവാം. എന്നാലും ഒഴുക്കിനെതിരെ നിന്നുന്ന ജീവനുള്ള മനുഷ്യനാവാന് എല്ലാവർക്കും സാധിക്കട്ടെ. നമ്മുടെ ലക്ഷ്യത്തിലുണ്ടാവുന്ന ഏതു തടസങ്ങളെയും തരണം ചെയ്തു മുന്നേറുവാന് കഴിയുന്നതാവട്ടെ ഇനിയുള്ള നമ്മുടെ ദിവസങ്ങള്."

"ഞാൻ ആരാണ്..... ഇതു തന്നെയാണ് ആദിശങ്കരനും, ഗൗതമബുദ്ധനും ചോദിച്ചതും, അന്വേഷിച്ചതും. അവർക്കും കണ്ടെത്താനായില്ല. മനുഷ്യൻ ജീവിത കാലം മുഴുവൻ അവൻ ആരെന്നു തിരയുന്നു"

"ഉയരങ്ങളില് മതി മറന്നു പറക്കുമ്പോള് താഴേക്ക് നോക്കാന് മറക്കുമ്പോള് ഭൂമിയിലെ സ്വർഗം കാണാതെ

പോകുന്നു. ദൈവം കൂടിയിരിക്കുന്നത് അശരണരുടെയും ആര്ത്തരുടെയും ഹൃദയങ്ങളിലാണ്"

"ഒരിറ്റ് കണ്ണുനീരു കൊണ്ടും ഒരു സഹതാപ വാക്കുകൊണ്ടും വയര് നിറയ്ക്കാനാകുന്ന കാലം വരട്ടെ. എങ്കില് ഈ ഭൂമിയില് എല്ലാവര്ക്കും സൗഖ്യമായേനെ".

"ദ്വീപുകള്ക്ക് ഒരു നിഗൂഢതയുണ്ട്...!!
ചേക്കേറാന് ധൈര്യപ്പെടുന്നവര്ക്ക് മുന്നില് മാത്രം
ചുരുളഴിയുന്ന മാസ്മരികത...!!".

ഷാനവാസിന്റെ പോസ്റ്റുകളിൽ ഇടയ്ക്കിടയ്ക്ക് കാണാം.

"വിശദീകരിക്കാന് കഴിയാത്ത ചില കാര്യങ്ങളുണ്ട്....." അവന്റെ ജീവിതവും അങ്ങനെ ആയിരുന്നുവല്ലോ.

"നിഴല് യുദ്ധങ്ങളോട് മുഖം തിരിച്ച് സ്വന്തം പാതയിലെ കല്ലും മുള്ളും അവഗണിച്ച് യാത്ര തുടര്ന്നുകൊണ്ടേ ഇരിക്കണം. സ്വര്ഗത്തേക്കാള് സുന്ദരമായ സ്നേഹിക്കുന്ന മനസുകളിലേക്ക്"

"ഈ ലോകത്ത് നിങ്ങള്ക്കാരുമില്ല എന്നു നിങ്ങള് ഒരിക്കലും കരുതരുത്. നിങ്ങള് അങ്ങനെ കരുതുന്നുവെങ്കില് വിശ്വമാനവികതയുടെ ഹൃദയത്തെയാണ് നിങ്ങള് ചോദ്യം ചെയ്യുന്നത്. ആരോ ഉണ്ട്. അദൃശ്യമെങ്കിലും ദൃശ്യമായ സ്നേഹത്തിന്റെ, സ്വാന്തനത്തിന്റെ ഒരു കണ്ണി. സ്നേഹ വിപ്ലവം വിജയിക്കട്ടെ".

"ഒറ്റക്കിരിക്കുമ്പോള് മാത്രം ആണ് സ്വയം തിരിച്ചറിയപ്പെടുന്നത്.... പോകുന്ന വഴികളിലും ചെന്നെത്തുന്ന തുരുത്തുകളിലും സ്വയം പ്രതിഫലിപ്പിക്കുന്നത് ... തിരിച്ചറിവിന്റെ സുഖം ആണ് ഏകാന്തത തരുന്നത്."

മടങ്ങുക എന്നത് വളരെയെളുപ്പം ലഭിക്കുന്ന ഒരുത്തരമാണ്. പ്രതിസന്ധികളില് പൂര്ണമനസോടെയും എന്നിലെ എന്റെ ഉറപ്പോടെയും ഞാന് ജീവിതത്തെ പരീക്ഷണത്തിന് വിട്ടുകൊടുക്കുന്നു. ചില ഘട്ടങ്ങളില്, ഒട്ടുംപ്രതീക്ഷിക്കാത്തവന് ,അല്പ്പംതന്നെ വളരെയേറെയാണ്."

അമ്മയുടെ സ്നേഹത്തെ കുറിച്ച് "ഇമ്മാന്റെ കുട്ടി" ഇങ്ങനെ എഴുതിയിരിക്കുന്നു.

"അല്ലെങ്കിലും അമ്മ നെഞ്ചിന്റെ ചൂടേല്ക്കുന്നിടത്തോളം ആരാണ് ജീവിക്കാനും സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും
കൊതിക്കാത്തത്...!!"

ആ അമ്മ കാത്തിരിക്കുന്നുണ്ട് കൂട്ടുകാരാ... എന്തേ എല്ലാം കളഞ്ഞു നീ പോയ് മറഞ്ഞത്.

ഒരിക്കൽ അവൻ അവനെ കുറിച്ച് മുഖപുസ്തകത്തിൽ ഇങ്ങനെ കുറിച്ചു. അവനെ അറിയാത്തവർക്കായി. (22nd December,2014)

".... നിലമ്പൂരിനടുത്ത് വടപുറം എന്ന സ്ഥലത്ത് ബിസിനസ്സുകാരനായ മുഹമ്മദ് ഹാജിയുടെയും, വീട്ടമ്മയായ ജമീലയുടെയും രണ്ടാമത്തെ മകനായി ഞാൻ ജനിച്ചു. ഞാൻ ജനിച്ച വീണതും വടപുറം എന്ന ഈ സ്ഥലത്തു തന്നെ. ഞങ്ങൾ 4 മക്കളായിരുന്നു. എന്റെ നേരെ അനിയൻ ഞങ്ങൾ വാടകയ്ക്ക കൊടുക്കുന്ന ബിൽഡിങ്ങിൽ നിന്നും വീണു മരിച്ചു. വളരെ ചെറുപ്പത്തിലാണെങ്കിലും എന്റെ മനസ്സിൽ ഇപ്പോഴും ആ രംഗവും, അവന്റെ ചേതനയറ്റ ശരീരവും, അതിടയ്ക്ക എന്റെ മനസ്സിൽ വല്ലാതെ ഒരു വിങ്ങലായി മാറും. അതിനു ശേഷം ചെറിയ മോനായ എന്നെ എന്റെ മാതാപിതാക്കൾ വല്ലാതെ കൊഞ്ചിച്ചു വഷളാക്കി. എന്റെ ജ്യേഷ്ഠൻ ഡോക്ടർ ഷിനാസ് MD Gen Medicine and Diabetologist, ഗവേർന്മേന്റ്റ് സർവീസിൽ ആയിരുന്നു. ഇപ്പോൾ ഖത്തറിലുള്ള Hamad Medical Corporation ൽ ജോലി ചെയ്യുന്നു. അവന്റെ ഭാര്യ, എന്റെ ഏട്ടത്തിയമ്മ ഡോക്ടർ ആസ്യ സുഹാന നിലമ്പൂർ ഡിസ്ട്രിക്റ്റ് ഹോസ്പിറ്റലിൽ സേവനമനുഷ്ഠിക്കുന്നു. അവർക്കു 7 വയസായ ഒരു മോൻ, എന്റെ പ്രിയപ്പെട്ട ചാച്ചു.... എന്റെ ഒരേയൊരു അനിയത്തി ഡോക്ടർ ഷമീല ഖത്തറിൽ Dentist ആണ്. അവളവിടെ ജോലി ചെയ്യുന്നു. അവളുടെ ഭർത്താവ്, എന്റെ അളിയൻ നൗഫൽ ഖത്തറിലെ Supreme Educational Council ൽ Software Engineer ആണ്. ഒരു മോൾ...എന്റെ പ്രിയപ്പെട്ട ഇഫ മോൾ. ഞാനും, എന്റെ ഏട്ടനും പഠിച്ചത് കോഴിക്കോട് ഗവർന്മേന്റ്റ് മെഡിക്കൽ കോളേജിൽ. അനിയത്തി പഠിച്ചത് പരിയാരം ഡെന്റൽ കോളേജിൽ....."

അവനും കൂട്ടുകാരും ചേർന്ന് "ആത്മ" എന്ന പേരിൽ ഒരു ട്രസ്റ്റ് രൂപീകരിച്ചു. വിശക്കുന്നവർക്കും കഷ്ടപ്പെടുന്നവർക്കും വേണ്ടി മലകളും കാടുകളും കയറി. അവന്റെ ആത്മാർത്ഥത തിരിച്ചറിഞ്ഞത് കൊണ്ടാവാം ഇന്നും അവരിൽ ചിലരുടെ വീടുകളിൽ അവന്റെ ഫോട്ടോ ദൈവങ്ങൾക്കൊപ്പം ചില്ലിട്ടു വെച്ചിരിക്കുന്നത്, ചിലരുടെ

മൊബൈൽ ഫോണിന്റെ സ്ക്രീൻ സേവറിൽ അവൻ ഇപ്പോഴും ചിരിച്ചു കൊണ്ടിരിക്കുന്നത്. അവൻ പ്രവർത്തിച്ചിരുന്ന സ്ഥലങ്ങളിൽ നിങ്ങൾ ഒരിക്കൽ പോണം. അവന്റെ കൂട്ടുകാരൻ ആണെന്ന് പറഞ്ഞാൽ ആ സ്നേഹത്തിന്റെ ഒരു പങ്ക് അവർ നിങ്ങൾക്കും തരും.

ഇവിടം വിട്ടു ആറടി മണ്ണിലേക്ക് പോവുന്നതിനു ദിവസങ്ങൾക്കു മുൻപ് അവൻ കുറിച്ച വരികളിലൂടെ ഒന്ന് കണ്ണോടിക്കു.

"സമൂഹത്തിലെ പട്ടിണിപ്പാവങ്ങളേയും, നിർധനരേയും, അനാഥരെയും, ശയ്യാലംബരായ രോഗികളെയും, ആദിവാസികളെയും, അശരണരെയും, ജാതി മത ദേശ ഭാഷാ, രാഷ്ട്രീയമെന്നോ, വലിയവനെന്നോ, ചെറിയവനെന്നോ, കറുത്തവനെന്നോ, വെളുത്തവനെന്നോ, ആരുമായിക്കൊള്ളട്ടെ, മനുഷ്യനാണോ?? സഹായം ശരിക്കും അർഹിക്കുന്നവനാണോ, എങ്കില് നിങ്ങളുടെ അകമഴിഞ്ഞ സഹായം ഈ താഴെയുള്ള ബാങ്ക് അക്കൌണ്ടുകളില് എത്തിക്കുക. അതൊരു ത്രുപയാകട്ടെ, ഒരു ദിർഹമാകട്ടെ, ഒരു ഡോളർ ആവട്ടെ, നിങ്ങള് എന്നെ ഏല്പിക്കുന്ന ഓരോ ചില്ലിക്കാശും അർഹരില് അർഹരായവരെ, കാടും, മലയും, നാടും, മേടും, വയലും, പുഴയും കടലും കടന്നു. എന്റെ വിശപ്പും, ദാഹവും നോക്കാതെ മഞ്ഞും മഴയും, വെയിലും വക വയ്ക്കാതെ സഹായവും പ്രതീക്ഷിച്ചുകൊണ്ട് വഴിക്കണ്ണുമായി കാത്തിരിക്കുന്ന പാവങ്ങളുടെ അടുത്തേക്ക് ആദിത്യന് എത്തിയിരിക്കും. നിങ്ങള് എന്നെ ഏല്പിക്കുന്ന സഹായം ഞാന് നിറഞ്ഞ സ്നേഹത്തോടെ,അതിലേറെ പ്രാർത്ഥനയോടെ അവരുടെ കൈകളില് ഭദ്രമായി എത്തിച്ചിരിക്കും. കാരണം നാളെ ആറടി മണ്ണില് അടക്കപെടുമ്പോഴോ, പട്ടടയില് എരിഞ്ഞു തീരുമ്പോഴോ, നാം ഇങ്ങനെ ചെയ്ത പുണ്യപ്രവർത്തികള് മാത്രമേ കൂടെയുണ്ടാവൂ എന്നുള്ള സത്യം മനസിലാക്കി ദാന ധർമങ്ങള് അധികരിപ്പിക്കു, ആപത്തുകളെ തടയൂ"

ശരിയാണ് സഹോദരാ ... നീ ഇപ്പോഴും ജീവിക്കുന്നുണ്ട്. നീ ചെയ്ത നല്ല കാര്യങ്ങൾ എല്ലാവരും ഓർക്കുന്നുണ്ട്.

ഇത്രയധികം സമൂഹത്തിൽ സ്വാധീനം ചെലുത്തിയ വേറൊരാൾ നമ്മുടെ കൂട്ടത്തിൽ ഉണ്ടോ. അവന്റെ പേരിൽ ഇപ്പോഴും പല ട്രസ്റ്റ് കൾ ഉണ്ടാക്കി പലരും തട്ടിപ്പിന് ശ്രമിക്കുന്നതേ. "ഷാനവാസ് പി സി" എന്ന പേരിനു സാമ്പത്തിക സഹായങ്ങൾ കൊണ്ട് വരാൻ കഴിയുന്നുണ്ടതേ. എന്തിനു നിലമ്പൂരിൽ അടുത്ത കാലത്തുണ്ടായ രാഷ്ട്രീയ മാറ്റങ്ങൾക്കു വരെ ആ പേര് ഉപയോഗിച്ചിട്ടുണ്ടതേ.

മരിക്കുന്നതിന്റെ രണ്ടു ദിവസം മുൻപ് തന്റെ മുഖപുസ്തകത്താളിൽ അവൻ ഇങ്ങനെ കുറിച്ചിരുന്നു.

"വ്യവസ്ഥിതികളും ഭരണകൂടവും സ്വാർത്ഥ തൽപരരും പൊതുനന്മയ്ക്ക് എതിരായി പ്രവർത്തിച്ചു തുടങ്ങുമ്പോ ഒരടി പുറകോട്ട് മാറുന്നത് തോൽവിയായി കരുതേണ്ട. പോരാട്ട വീര്യം സംഭരിച്ച് എതിരിടാനുള്ള കൂടുതൽ കരുത്ത് നേടി 4 അടി മുന്നോട്ട് കുതിക്കാനുള്ള സമയത്തിനായി കാത്തിരിക്കുക .
അതിന് ക്ഷമ അനിവാര്യമാണ്. നിങ്ങളുടെയൊക്കെ നിസ്വാർത്ഥമായ സ്നേഹവും, നിർലോഭമായ പിന്തുണയും, ആയിരക്കണക്കിനു ആളുകളുടെ പ്രാർഥനയും ഉള്ളപ്പോള് കൂറേ നാറിയ, അഴിമതിയില് മുങ്ങിക്കുളിച്ച, പൊതുജനങ്ങളുടെ നിതാന്ത ശാപം പേറുന്ന നാറിയ ഉദ്യോഗസ്ഥ രാഷ്ട്രീയ അവിശുദ്ധ കൂട്ടുകെട്ടിനു മുന്നില് ഞാന് കഷ്ടപ്പെട്ടു പരീക്ഷയെഴുതി നേടിയ സർക്കാർ ജോലി ഒരിക്കലും രാജി വെക്കില്ല. ഹേ കള്ളനു കഞ്ഞി വെക്കുന്നവരെ, നിങ്ങള് എന്തു കരുതി ആദിത്യനെക്കുറിച്ച്???. നിങ്ങള് സൂക്ഷിച്ചോ, കാലിനടിയിലെ മണല് തരികള് ചോർന്നു പോകാതെ നോക്കുവാന്. അപ്രിയ സത്യങ്ങളുമായി ആദിത്യന് അതിശക്തമായി ആഞ്ഞടിക്കും. സൂക്ഷിച്ചിരുന്നോ".....!!!!

"ഹേ അധികാരികളെ,നിങ്ങളുടെ നിരന്തരമായ മാനസിക പീഡനം മൂലം എനിക്കെന്തെങ്കിലും സംഭവിച്ചാല് അതിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം നിങ്ങള്ക്കായിരിക്കും".....!!!!

പ്രിയപ്പെട്ട കൂട്ടുകാരാ... നീ തിരിച്ചു വരുന്നതും കാത്തു കുറേപ്പേർ ഇവിടെ കാത്തിരിപ്പുണ്ട്. അവരുടെ ആദിത്യനായി, ഞങ്ങളുടെ "പി സി " ആയി ആ മുഴങ്ങുന്ന ശബ്ദമുള്ള ബൈക്കിൽ ഇടയ്ക്ക ആക്സിലറേറ്റർ തിരിച്ചു റൈസ് ചെയ്ത്, നിന്നെ തിരിച്ചറിയുന്ന നിന്റെ സുഗന്ധങ്ങൾ പൂശി, ഷർട്ടിന്റെ കൈ മുട്ടോളം തെരുത്തു കയറ്റി, ആ പൊട്ടിച്ചിരികളുമായി ... തിരിച്ചു വരൂ.

ആ പരുക്കൻ ലൂക്കിനുള്ളിൽ ഒരു കാമുകനുണ്ടായിരുന്നത്രേ. ആ കാമുകൻ പ്രണയത്തെ കുറിച്ച് മനോഹരമായി എഴുതാറുണ്ടത്രെ. അവൻ കുറിച്ച ചില വരികൾ ഇവിടെ ചേർക്കട്ടെ.

"കൈക്കുമ്പിളില് കോരിയെടുത്ത് ചുംബിക്കുമ്പോള്പ്രകാശം പൊഴിയ്ക്കുന്ന ഒരു നക്ഷത്രക്കുഞ്ഞായിരിക്കുന്നു... നിന്റെ മനസ്"

"ആർദ്രമായ രാവിന് സ്വപ്നം വിടരുന്ന നീലത്താമരയിതളുകളോടുള്ള പ്രിയം കൊണ്ടാകാം
നക്ഷത്രത്തരികള് കൊണ്ടീ ജലാശയം നിറച്ചു കളഞ്ഞത്."

"മിഴിചിമ്മാനൊരു നിമിഷം പോലും എടുക്കാതെ നിന്നെ മാത്രം നോക്കിയിരിക്കാന്
നീ എന്ത് ജാലവിദ്യയാണ് എന്നില് പ്രയോഗിച്ചത് ?
പലരും അതിനെ പ്രണയമെന്നു പറയുന്നു!!

നീയോ ഞാനോ ആദ്യം പ്രണയിച്ചു തുടങ്ങിയത് ?"

"ഹൃദയ സ്മൃതികളില് എവിടെയോ പൂക്കുന്ന കാട്ടു ചെമ്പകത്തിന്റെ ഗന്ധം.
എന്നെ തഴുകി തലോടി കടന്നു പോകുന്ന കാറ്റ്
നിന്റെ മുടിച്ചുരുളുകളില് കസ്തൂതിയായ് ഒളിച്ചു കളിക്കുന്നു.
നിന്നെ എന്നില് നിന്നും ഇത്രനാള് കാലം എന്തിന് ഒളിപ്പിച്ചുവെച്ചു"

"ഇരുളിന്റെ മുഖപടം കൊണ്ട് മുഖം മറച്ച് ഭ്രമികന്യക ഉറക്കം നടിച്ചു കിടക്കുന്നു.
പാതി തുറന്ന ജാലകപ്പാളിയിലൂടെ നരച്ച ആകാശം നോക്കി നോക്കി ഞാനും ഉറക്കം വരാതെ... പുലരാന് നേരമെത്രയോ ബാക്കി"

"എത്ര ആട്ടിയിറക്കിയാലും, ഓർമ്മപൂക്കളെ തൊട്ടിലാട്ടിയൊഴുകിയെത്തുന്ന അരുവി പിറകുന്നയിടത്തിനുമക്കരെക്കാട്ടില് കൊണ്ടുപോയുള്ളഞ്ഞാലും പിന്നെയും സൗഹൃദ പടിക്കെട്ടുകള് കയറി വരികയാണ്, സ്നേഹവാതിലുതുമ്മി നില്ക്കയാണ്...
നിന്നിലെ കുറുമ്പിന്റെ പൂച്ചക്കുട്ടി"

"ഹൃദയാഴങ്ങളിലെ ഇരുട്ടിന് കയത്തിലൊന്നിലേയ്ക്ക് വലിച്ചെറിഞ്ഞ കിനാവിന്റെ പിടച്ചില്
എത്രനേരമാണ് നീ കണ്ടില്ലെന്നു നടിക്കുക"

ആ ബൈക്കിന്റെ ശബ്ദം അടുത്തടുത്ത് വരുന്നു. ആ ചിരികൾ എന്റെ ക്യാമ്പസിന്റെ ഓരോ ചുമരുകളിലും അലയടിക്കുന്നു.
നിനക്ക് വേണ്ടി രണ്ടു തുള്ളി കണ്ണുനീർ ഞാനും ...

DEEPTHI MANI

An Element of Surprise

Who could ever forget PC? When I remember him, the first things that come to mind are the thunderous boom of his Yamaha Enticer Motorcycle, the ever present mist of overpowering perfume that surrounded him, his Arjun Rampal semblance and his characteristic tonic gait.

PC was a larger than life character. He was endlessly complicated and interesting, and I wouldn't think there was ever a dull moment around him.

PC tales abound amongst our batch mates. In one story PC was Anup Ahmed's partner in a synchronized dance competition in one of our campus events. The stage was partitioned midway by an opaque screen, the dancers dutifully performing their well choreographed steps without seeing each other - a true test to their symmetry and coordination. In one moment PC was the dance partner on the stage with Anup, and in another moment he was the spectator, in the audience cheering away, much to the bewilderment of the Anup who now was left as the solo participant in the dance duo.

PC had a way a of making himself the hero and the villain in the same story. If life was boring, he would rewrite the script for the events around him and make it ever more entertaining. As part of an impromptu ragging master plan by PC, a bunch of naive junior boys were stranded in their hostel loungewear, in their lungees and shorts , near LH1. The security personnel then got a call to investigate some questionable figures lurking near the LH gates at night. While the suspects, the young boys who were shaky and sweaty were questioned by the security personnel, trying their level best to convince the personnel that they were indeed medical students, and not the infamous "showmen" (local parlance for men with hyper sexual exhibitionistic disorder) our hero PC swooped down the road like a savior on his bullet, like a prince mounted on a stallion, to rescue the youngsters in distress.

Odd as it sounds I felt a strange kinship with PC. We were after all the Mr and Ms Kozhi of our batch the first year in college . Kozhi or rooster as you may remember is the pejorative term for a flirt. PC had fallen hopelessly in love with a beautiful batchmate from Kannur and despite her unequivocal denial of any interest in him, he persisted with his agenda, a behaviour bordering on harassment. This I guess landed him the notorious Kozhi crown from our female batch mates. I had dreamed of a wild and exciting campus life away from home in a medical college in Delhi or Pondicherry,and was disillusioned with my plight during my initial days at Calicut . The ever mounting course work and the emphasis on rote memorization left me struggling and I was convinced that I was going to fail first year. My frustrations with life which seem trivial and comical in retrospect, felt real then, and left me with a sourpuss face those days , one that might have easily been misconstrued as arrogant, landing ironically me the infamous Kozhi title from the boys.

During the college days, I never had any substantive conversations with PC. The extent of our interactions were limited to a perfunctory nod of recognition while our paths crossed or a random yes or no answer to his question about the lecture schedules.

My sole meaningful one on one interaction with PC was about 6 years - back it was virtual, on face book messenger, and it gave me a closer glimpse into his life. During those days, my facebook page was swarmed with photos from PC's feed. His passions then revolved around helping the downtrodden. Day after day there were images of him helping the tribals, the neediest of the needy with home visits , medicine, health care equipment and essential items. I gathered from the posts that he had formed an NGO to direct help to the poor, with thousands of followers, and was amazed to see his dedication but

was also concerned that he'd get in trouble for not maintaining patient privacy with the posted pictures. Then one day out of the blue, I found a message from him. He was online on the messenger chat and initiated a conversation. He was very polite and respectful , enquired earnestly about my education, family and work.

It's heartwarming to see so many of our batch mates succeed, he commented, and it sounded genuine and heartfelt. He then said he had a personal request. I was expecting a donation request for his organization and would have been happy to comply, but when it comes to PC you have to expect the unexpected. He said he was under immense pressure to marry from his friends and family, and was on the lookout for a girl, 18-23 yrs of age who could become his life partner. I should let him know if I found someone. Finding such a woman for an arranged marriage setup from the Seattle area in US has a close to null probability , but I assured him that I would try and keep him posted.

PC always had an element of surprise around him and his end was not an exception. I had deactivated my Facebook account for a while and was no longer in touch with PC when I got a call from my sister Jyoti about PC's demise. It felt like an elaborate prank, and I wondered whether he would show up from somewhere in the woods in Nilambur having the time of his life after fooling everyone around him.

PC, you were a rich mosaic of colors, not the rudimentary black and white persona I was expecting in those of arrested adolescent years in medical school years.

You made our lives ever more vivid and colorful, you have a special place in our hearts and we still miss you.

44th

“നമ്മൾ”
എപ്പോഴും പറയും
നമ്മളൊരു സംഭവമാണെന്ന്....
അത് മറ്റുള്ളവർ കൂടി
പറയുമ്പോഴല്ലേ

“നമ്മൾ”
ശരിക്കും
ഒരു സംഭവമാകുന്നത്

ASLAM FAROOK
41st Batch

ചങ്ക് ബ്രോസ്

2003-ലെ സന്തോഷിന്റെ മാഗസിനിൽ എന്റെ ഒരു "ഗംഭീരസൃഷ്ടി" ഉണ്ടായിരുന്നു. വർഷങ്ങൾക്കു ശേഷം ഒറ്റക്ക് നമ്മുടെ ക്യാമ്പസിലൂടെ ഒരു രാത്രി കറങ്ങാൻ വരുന്ന "ഞാൻ" തന്നെ ആയിരുന്നു അതിലെ "കഥാനായകൻ". അതെ, "വിനീത വിധേയനായ" ഈ ഞാൻ തന്നെ. പ്രസ്തുത സ്മൃതി സാഹിത്യത്തിൽ "എന്റെ പ്രിയപ്പെട്ട കുട്ടികൾ" എന്ന് ഞാൻ പ്രതിപാദിച്ചു പോവുന്നുണ്ട്. മത്തിയുടെ ഒക്കെ അന്നത്തെ കളികൾ കണ്ട് എഴുതിപ്പോയതാണ്. കഥ നടക്കുന്ന പശ്ചാത്തലം വർഷങ്ങൾ കഴിഞ്ഞാണെങ്കിലും അത് എഴുതിയത് ഒരു പതിനാറ് വർഷങ്ങൾക്ക് മുൻപല്ലേ . ഇപ്പോൾ ആ കൂട്ടത്തിലുള്ള പലരേയും കാണുമ്പോൾ അതെഴുതിയ ആ ചേട്ടനെ എടുത്തു കിണറ്റിൽ എറിയാൻ തോന്നും. ആ കുട്ടികൾ വളർന്നു വലുതായി, അവർക്കു കുട്ടികളായി, മുടി കൊഴിയാനും തല നരക്കാനും തുടങ്ങി. അന്നു മെലിഞ്ഞു ഉണങ്ങി ഇരുന്നവർ തടിച്ചു വീർത്തു.

എന്നാലും അവർ, "നാല്പത്തിനാലാം ബാച്ചുകാർ", എന്റെ പ്രിയപ്പെട്ട കുട്ടികൾ തന്നെ.

ചളിയായിരുന്നു മത്തിയുടെ പ്രധാന ആയുധം. ഏറ്റെടുത്ത ഒരു ദൗത്യം വിജയിച്ച, ശെരിക്കും പറഞ്ഞാൽ വിജയിച്ചു എന്ന് തെറ്റിദ്ധരിച്ച, ആ ആഹ്ലാദത്തിൽ " SUCCESS ENETERICCUS... SUCCESS ENETERICCUS..." എന്നും പറഞ്ഞു ഓടിവന്നത് ഒരു വെള്ളിയാഴ്ച്ച നട്ടുച്ചക്കായിരുന്നു. ഇത് ഒരു ചെറിയ സാമ്പിൾ. ഇതിലും വലിയ വെടിക്കെട്ടുകൾ വരുമ്പോഴും "...ഉടുക്ക് കൊട്ടി പേടിപ്പിക്കല്ലേ മോനേ ..." എന്ന സർവ്വം പുച്ഛമയം എന്ന സ്വതസിദ്ധമായ ഭാവത്തിൽ നടക്കുന്ന അനസ് പോലും ഓക്കാനം വരുന്ന മട്ടിൽ പുറത്തേക്കോടുകയും ആരും കാണാതെ തലയും കുത്തി ചിരിക്കുകയും ചെയ്തു പോന്നു. അനസങ്ങനെ താരമായി വാണു. കുറേക്കാലം. പ്രസിദ്ധമായ AK Declaration വരുന്നത് വരെ. 'അനസ് asset അല്ല, വെറും അസത്ത് ആണത്രേ'. ഇത് പുറത്തു വന്നതോടെ താരമൂല്യം കുത്തനെ ഇടിഞ്ഞു.

പെൺകുട്ടികളോട് വോട്ട് ചോദിക്കാൻ അറിയാതെ മുട്ടിടിച്ചു നിന്ന എന്നെ മത്തിയും ഫെബിനും നബീലും കൂടിയാണ് താങ്ങിയെടുത്ത് കൊണ്ടുപോയി എന്തൊക്കെയോ ചോദിപ്പിച്ചത്. അത് കണ്ടു സഹതാപം തോന്നിയ എതിർ സ്ഥാനാർത്ഥിയുടെ പോളിംഗ് ഏജന്റ്മാരാണ് എനിക്ക് വേണ്ടി വോട്ടിരക്കലിന്റെ ഹരിശ്രീ കുറിച്ചത്. രണ്ടു വർഷം തികയുന്നതിനു മുൻപ് ഇതേ മത്തിക്കും നബീലിനും പിന്നെ പകരം വെക്കാൻ ആളില്ലാത്ത അനീഷ് ജോർജ്ജിനും ജയേഷിനും ഒക്കെ വേണ്ടി ഈയുള്ളവനും പോസ്റ്ററൊട്ടിച്ചു നിർവൃതി അടഞ്ഞു.

ജയേഷിനെ പറ്റി പറഞ്ഞപ്പോഴാണ് പുള്ളിക്കാരന്റെ ഒരു മാസ്സ് എൻട്രി സീൻ ഓർമ്മ വന്നത്. ഏതോ ഒരു എക്സാമിന്റെ അന്ന് രാവിലെ അനൂപ് വന്നു വിളിക്കുന്നു. ജയേഷിന്റെ ഹാൾ ടിക്കറ്റ് വീട്ടിലാണ്. പോയി എടുക്കണം. 'കാള പെറ്റു' എന്ന് കേട്ടതും ഞങ്ങൾ രണ്ടു പേരും ബൈക്ക് സ്റ്റാർട്ട് ചെയ്ത് ജംഗ്ഷനിൽ എത്തി. അപ്പോൾ ആണോർത്തത് ജയേഷിന്റെ വീട് എവിടെ ആണെന്ന് ചോദിച്ചില്ലല്ലോ എന്ന്. തിരിച്ചു വന്ന് അവനോടു ചോദിച്ചപ്പോൾ പറഞ്ഞു തരുന്നില്ല. പഠിച്ച പണി പതിനെട്ടും നോക്കി.

എന്നിട്ടും "ശേഖരൻ കുട്ടീ ... കുട്ടി മിണ്ടുന്നില്ല.

പരീക്ഷ എഴുതിയില്ലെങ്കിലും കുഴപ്പമില്ല, സ്ഥലപ്പേര് പുറത്തു വിടില്ല എന്ന സ്ഥിതിയിൽ എത്തി കാര്യങ്ങൾ. അവസാനം കോളേജിൽ എത്തിയ ദിവസം മുതൽ ടിയാൻ ചർവിത ചർവണം നടത്തുന്ന, വേണു പി ജിയും കുഞ്ഞിയും ദിനുവുമൊന്നും മുട്ടി നോക്കാൻ ധൈര്യപ്പെടാത്ത "ഗാനോങ്" എടുത്തു; കത്തിച്ച ലൈറ്ററിന് മുകളിൽ പിടിച്ചപ്പോൾ 'ദാ' കിടക്കുന്നു സ്ഥലനാമം.

"പന്നിമുക്ക്"

ഏതായാലും അഡ്വെഞ്ചർ ട്രിപ്പ് ഒക്കെ കഴിഞ്ഞു ഞാനും അനൂപും ഹാൾ ടിക്കറ്റുമായി എത്തുമ്പോൾ എക്സാം ഹാളിനു പുറത്തു പുള്ളിക്കാരൻ ചടച്ചു നിൽക്കുന്നുണ്ട്. "പന്നിമുക്ക്" താനല്ലാതെ കോളേജിൽ ആദ്യമായി കണ്ട മറ്റൊരാളോടുള്ള ദേഷ്യത്തിൽ ഡോർ ചവിട്ടിത്തുറന്നു ഹാൾ ടിക്കറ്റുമായി താരം അകത്തേക്ക്.

ഗൃഹാതുരത നിറക്കുന്ന വേറെയും എക്സാം ഓർമ്മകൾ ഉണ്ട്. ഒന്നോ രണ്ടോ മാർക്ക് ആവറേജിൽ കുറഞ്ഞതിന്റെ പേരിൽ പരീക്ഷ എഴുതാനാവാതെ വ്യാകുലപ്പെട്ട കുറച്ചുപേർ. അവരെ കണ്ടു വർഗ്ഗ ബോധം ആളിക്കത്തിയപ്പോൾ ആ ആവേശത്തിൽ നമ്മൾ എന്തൊക്കെ ചെയ്തു. എക്സാം ഹാൾ മണിച്ചിത്രത്താഴിട്ടു പൂട്ടി ! ഹൈക്കോടതിയിൽ കേസ് നടത്തി !! എന്നിട്ടും അരിശം തീരാഞ്ഞു MCI യിൽ നിന്നും സ്പെഷ്യൽ ഓർഡർ വരെ വരുത്തിച്ചു !!!

"ആവറേജ് ഇല്ലാത്തവനല്ലേ ആവറേജിന്റെ വില അറിയൂ."

അനീഷ് മോഹൻ ചിരിക്കുമ്പോൾ മാധവനെ പോലെ ഉണ്ടെന്നു പെൺകുട്ടികൾ പറയാറുണ്ടത്രേ. എങ്കിൽ തന്നെ കാണാൻ ആരെപ്പോലെ ഉണ്ടെന്നു എപ്പോഴും ചോദിക്കുന്ന ഒരാൾ ഉണ്ടായിരുന്നു നിങ്ങളുടെ ബാച്ചിൽ. ലക്ഷ്യം മാർഗത്തെ സാധൂകരിക്കും എന്ന വിശ്വാസത്തിൽ സത്യവും ധർമ്മവും കാറ്റിൽ പറത്തിയ ധർമ്മപുത്രരുടെ കഥ കേട്ടിട്ടില്ലേ നിങ്ങൾ. അതുപോലെ അന്ന് ഞാൻ പറഞ്ഞ ആ "കളവ്" ഉണ്ടല്ലോ മക്കളേ, കേട്ടാൽ പെറ്റ തള്ള സഹിക്കൂല. പിന്നെ എല്ലാം രാഷ്ട്രപുനർനിർമ്മാണത്തിനു ആണല്ലോ എന്നോർത്തു സമാധാനിച്ചു.

രണ്ടു വർഷത്തിലേറെ അനൂപ് ആയിരുന്നു എന്റെ റൂം മേറ്റ്. ഫിറ്റ്നസിന്റെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചക്കും പുള്ളി തയ്യാറായിരുന്നില്ല. സ്വന്തം ബാച്ചുകാർ കഴിഞ്ഞാൽ ഞങ്ങളുടെ ബാച്ചിലെ ജോഷിത്, ജൂബി, ജിബു തുടങ്ങിയ ജിമ്മൻമാരുമായി ആയിരുന്നു കൂട്ട്. എന്നെയും മല്ലനേയും പോലുള്ള എലുമ്പൻമാരോടൊക്കെ കട്ട പുച്ഛമായിരുന്നു. അങ്ങനെ ഒരു ദിവസം ജിമ്മെന്നൊരു സാധനം കോളേജിൽ ഉണ്ടെന്നു പോലും അറിയാതിരുന്ന 'മങ്കട'യോട് എല്ലാവരുടെയും മുന്നിൽ വെച്ച് പഞ്ചഗുസ്തി പിടിച്ചു എട്ടു നിലയിൽ പൊട്ടി. അതോടെ എല്ലാ ദിവസവും മുടങ്ങാതെ ജിമ്മിലേക്കു നടത്തിയിരുന്ന തീർത്ഥയാത്ര പുള്ളിക്കാരൻ നിർത്തി. വേണു പി ജിയും പാമ്പുമൊക്കെ മനഃപൂർവ്വം തോറ്റു തരികയായിരുന്നു എന്ന നഗ്നസത്യം കൂടി അറിഞ്ഞതോടെ പുള്ളിക്കാരൻ തകർന്നു തരിപ്പണമായി.

പോരാളിയുടെ മുഴുവൻ ശ്രദ്ധയും പിന്നീട് ഫുട്ബാളിലായി. ബൂട്ടും കെട്ടി ദിവസവും ഗ്രൗണ്ടിൽ പോകും. മത്തിയുടെയും സമദിന്റെയും ചന്ദ്രമോഹന്റേയും കട്ട റിയാസിന്റെയും ലതീഷിന്റേയും ഒക്കെ കളി നന്നായി കണ്ടു പഠിക്കും. റിസർവ് ബെഞ്ചിൽ ഇരുന്നു തിരിച്ചു പോരും.

സായൂജും ഞാനും കൂടി മൊബൈലിൽ കളിച്ചത്ര ക്രിക്കറ്റ് ഒന്നും ഷാനവാസ് കെയും മത്തിയും ഒടുങ്ങാട്ടുമൊന്നും ഗ്രൗണ്ടിൽ കളിച്ചിട്ടുണ്ടാവില്ല. മൊബൈലിൽ മാത്രമല്ല; ബാസ്കറ്റ് ബോൾ കോർട്ടിലെ പുള്ളിക്കാരന്റെ Legglance കാണാനും ഒരാന ചന്തമായിരുന്നു.

ആദ്യമായി ഒരു സിനിമാതാരത്തെ റാഗ് ചെയ്യാൻ കിട്ടിയ

സന്തോഷത്തിൽ ആയിരുന്നു ഞങ്ങൾ. 'തട്ടകം' എന്നും 'രഞ്ജിത' എന്നും ചേർത്ത് പല പല രീതിയിൽ കൂട്ടിയോജിപ്പിച്ചു പല പ്രയോഗങ്ങളും ഞങ്ങൾ നടത്തി നോക്കി. പക്ഷേ, സൗമ്യനായി, സമചിത്തതയോടെ ശ്രീഹരി എല്ലാം പൊളിച്ചടുക്കി.

പിന്നെ തൊട്ടടുത്തുണ്ടായിരുന്ന ആളോട് "ടാ ... ഐ എം വിജയൻ ഏതു നാട്ടുകാരനാടാ ???" എന്ന് ചോദിച്ചപ്പോൾ "സോറി ചേട്ടാ ...I am not interested in politics ." എന്ന മറുപടിയിൽ കിട്ടിയ കച്ചിത്തുരുമ്പിൽ പിടിച്ചാണ് ഞങ്ങൾ സ്ഥലം കാലിയാക്കിയത്.

ഇന്റർ സോൺ ആർട്സ് ഫെസ്റ്റിവലിൽ "ചോരണ കൂര " നാടകം കഴിഞ്ഞു അതിന്റെ ത്രില്ലിൽ ഞാനും നബീലും കൂടി തട്ടടിക്കാൻ ഇറങ്ങി. അപ്പോഴതാ അപ്പുറത്തെ തട്ടുകടയിൽ മുടി നീട്ടി വളർത്തിയ ഒരാൾ നിന്ന് ഓംലെറ്റ് അടിക്കുന്നു.

"മഞ്ജുളേട്ടാ ..." എന്ന ഒരു വിളിയെ ഞാൻ കേട്ടുള്ളൂ. നബീല് പോയി അയാളെ കെട്ടിപിടിക്കലും ഉമ്മ കൊടുക്കലും ഒക്കെ അപ്പോഴേക്കും കഴിഞ്ഞിരുന്നു. നാടകത്തിന്റെ സംവിധായകൻ മഞ്ജുളൻ ആണെന്ന് തെറ്റിദ്ധരിച്ചായിരുന്നു പുള്ളിയുടെ വികാരപ്രകടനം. "കാക്ക തൂറി ..." എന്ന ജഗദീഷിന്റെ ക്ലാസ് മുഖഭാവവുമായി നിക്കുന്ന നബീലിനെ മറക്കാൻ പറ്റില്ല. അതൊരു ഫോട്ടോ എടുത്തു വെച്ചിരുന്നെങ്കിൽ ഇന്നത്തെ ട്രോളന്മാർക്ക് അതൊരു വിരുന്നാവുമായിരുന്നു.

എന്തായാലും ഒരു പോലീസുകാരൻ തത്സമയം അവിടെ ചായ കുടിക്കാൻ വന്നത് കൊണ്ട് ഞങ്ങൾ തടി കേടാവാതെ രക്ഷപ്പെട്ടു.

ഒരു കുറിപ്പ് വേണം എന്ന് സന്തോഷ് വിളിച്ചു പറഞ്ഞപ്പോൾ ഒറ്റയടിക്ക് ഞാൻ അങ്ങ് സമ്മതിച്ചു. എന്ത് ഓർത്തിട്ടാണെന്ന് എനിക്കിപ്പോഴും അറിയില്ല. ആദിമദ്ധ്യാന്ത പൊരുത്തമില്ലാത്ത എന്റെ ഈ രണ്ടാമത്തെ "ഗംഭീരസൃഷ്ടി"യിൽ പ്രതിപാദിക്കുന്ന പേരുകൾക്കും സംഭവങ്ങൾക്കും സ്ഥലനാമങ്ങൾക്കും യാഥാർത്ഥ്യവുമായി അഭേദ്യ ബന്ധമുണ്ട്.

ഇനിയും എത്രയോ ഉണ്ട് എഴുതാൻ. ഖനിയോടൊത്തുള്ള പകലിരവുകൾ, ജ്യോതിഷ് ഹരിയോടും ജാവേദിനോടും ഒപ്പമുള്ള തെരെഞ്ഞെടുപ്പ് ഓർമ്മകൾ, മല്ലനോടൊപ്പമുള്ള നിരാഹാരസമരം, സന്ദീപ് യു, ദിനു എന്നിവരോടൊപ്പമുള്ള സംഗീതസദസ്സുകൾ, എൻ എസ് എസ് ക്യാമ്പുകൾ ...അങ്ങനെ പലതും.

അനീഷ് ജോർജ്ജിനെക്കുറിച്ചു ഒരു പുസ്തകം മുഴുവൻ വേണമെങ്കിൽ എഴുതാം. "കളിക്കുടുക്ക" പോലിരിക്കും എന്നേ ഉള്ളൂ. ഇനിയും വെളിച്ചം കാണാത്തവ. ആരെങ്കിലും ചോദിച്ചാൽ എഴുതാൻ വിട്ടു പോയതല്ല, സന്തോഷ് കത്രിക വെച്ചതാണെന്നു പറയാം.

എത്ര തന്നെ ഗൗരവം നടിച്ചാലും ചില ചെറിയ ചെറിയ കാര്യങ്ങൾ നമുക്കു നൽകുന്ന സന്തോഷം ചെറുതല്ല. എല്ലാ വർഷവും മുടങ്ങാതെ മത്തി അയക്കുന്ന ജന്മദിനാശംസകൾ. എന്തെങ്കിലും ഒക്കെ തിരയുമ്പോൾ കണ്ണിലുടക്കുന്ന പ്രശാന്തും സന്തോഷും ശ്രീഹരിയും കൂടെ വർഷങ്ങൾക്കു മുൻപ് തന്ന ആശംസാകാർഡ്.

സായൂജിന്റെയും ഫെബിന്റെയും വല്ലപ്പോഴും വരുന്ന മെസ്സേജുകൾ. അനൂപിന്റേയും ജയേഷിന്റെയും നബീലിന്റെയും ഫോൺ കാളുകൾ ... ഇതൊന്നും നൽകുന്ന സന്തോഷം ചില്ലറയല്ല. പറഞ്ഞു തീർക്കാനോ എഴുതി ഫലിപ്പിക്കാനോ അറിയില്ല.

പി സി യെ കുറിച്ചെഴുതാതെ ഇതെങ്ങനെ പൂർണ്ണമാവും. മറ്റു പലരുമായും ഉണ്ടായിരുന്ന പോലെ ആത്മബന്ധം ഒന്നും ഉണ്ടായിരുന്നില്ലെങ്കിലും ഇണക്കങ്ങൾക്കും പിണക്കങ്ങൾക്കും ഇടയിൽ ഉണ്ടായിരുന്ന ഒരു അടുപ്പം ഞങ്ങൾ തമ്മിൽ ഉണ്ടായിരുന്നു. അകാലത്തിൽ യാത്രയായ പ്രിയ സ്നേഹിതന്റെ ഓർമ്മകൾക്ക് മുന്നിൽ പ്രണാമം.

പെൺകുട്ടികളെ കുറിച്ച് ഒന്നും എഴുതാതിരുന്നത് മനപ്പൂർവ്വം അല്ല. യാദൃശ്ചികം

മാത്രം. 'കസബ' കൊരവള്ളിക്കു പിടിച്ചതിൽ പിന്നെ ഇറങ്ങിയ പടങ്ങളിൽ എല്ലാം മമ്മൂട്ടി പറയുന്നത് പോലെ 'സ്ത്രീകളോട് എനിക്കു സ്നേഹവും ബഹുമാനവും മാത്രം.'

മനോഹരമായ ക്യാംപസ് നിമിഷങ്ങൾക്ക് നിറം പകർന്ന പ്രിയപ്പെട്ട കൂട്ടുകാരേ, നിങ്ങളുടെ ഈ ഉദ്യമത്തിൽ ഭാഗഭാക്കാകാൻ അവസരം തന്നതിന് എന്നും കടപ്പെട്ടിരിക്കും.

ഭൂഗോളത്തിലെ ഈ പ്രദേശത്തു ഏതു സീനിയർ ആണ് "Mc N Roe D Mordem", "Saajan Ignatius Pius " എന്നീ പേരുകളുള്ള ജൂനിയേഴ്സിനെ കിട്ടിയാലുള്ള സന്തോഷം ആഗ്രഹിക്കാത്തത്. എന്റെ അറിവിൽ ഈ പൗരസ്ത്യ ദേശത്തു സമാനസൗഭാഗ്യം വേറെ സിദ്ധിച്ചിട്ടുള്ളത് ഇസ്രായേലിലെ കുറച്ചു സീനിയേഴ്സിന് മാത്രം ആയിരിക്കും.

ഏതായാലും "എഴുതിയതൊക്കെ മിന്നിച്ചേക്കണേ" എന്ന കീഴ്വഴക്ക പ്രാർത്ഥനയോടെ നിർത്തിയേക്കാം. ഇനി ഇന്ദ്രഭഗവാൻ എങ്ങാനും കനിഞ്ഞില്ലെങ്കിൽ തെറി പറയരുത്.

അടുത്ത സുവനീർ ഞാൻ അറിയാതെ ഇറങ്ങുമ്പോൾ കാര്യങ്ങളുടെ കിടപ്പുവശം ഞാൻ ഗ്രഹിച്ചോളാം.

ഞാൻ നന്നായിക്കോളാം.

MUKUND A PRABHU
42nd Batch

ഞാൻ അറിഞ്ഞ നാൽപത്തിനാലാം ബാച്ച്

പൊടിമൂടികിടക്കുന്ന ഓർമ്മകളുടെ പുസ്തകശാലയിലെ താളുകൾ മങ്ങിയ ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് തട്ടിൽ അൽപ്പം പഴകിയതെങ്കിലും വർണ്ണബഹുലമായ ഒരു പുസ്തകം പോലെ കൊല്ലം "2000" തെളിഞ്ഞു നിൽക്കുന്നു. മറ്റു പല ഏടുകളും വർണ്ണഹീനമായും ദ്രവിച്ചും ചിതലരിച്ചും നഷ്ടപ്പെട്ടെങ്കിലും ഈ ഒരേട് താരതമ്യേന കേടു പറ്റിയിട്ടില്ല. കാരണം പലതുമാവാം. മെഡിക്കൽ വിദ്യാഭ്യാസത്തിലെ ഏറ്റവും ലളിതവും സസുഖവുമായ മൂന്നാം വർഷക്കാലമായതിനാലാവാം,'റിച്ചാർഡ് നൂണി'ന്റെ അന്ത്യവിധിദിന പ്രവചനമാവാം, കമ്പ്യൂട്ടർ ലോകത്തെ കബറടക്കുമെന്ന് പ്രതീക്ഷിച്ച 'Y2K' പ്രഹേളിക മൂലമാവാം, അതുമല്ലെങ്കിൽ ആ വർഷം കോളേജിൽ പുതുതായി വന്നു ചേർന്ന ഒരു കൂട്ടം 'നല്ലവരായ പുതുമക്കാരുമാവാം'.

ഈ അവസാനം സൂചിപ്പിച്ച കാരണം വിപുലീകരിക്കാതെ വയ്യ.

ഡോക്ടർമാരാവാൻ ആഗ്രഹിച്ചു ആ വർഷം അവിടെ വന്നു ചേർന്ന കുട്ടികൾക്ക് എന്തുകൊണ്ടോ അൽപ്പം ഗമ കൂടുതൽ ആണെന്ന് തോന്നി. "റെപ്പ് ഡിജിറ്റാ"യ ബാച്ച് ക്രമസംഖ്യയാണോ, "മില്ലേനിയം ബാച്ച്" ആയതിന്റെയാണോ അതോ തങ്ങൾക്ക് ഒത്തിരി പ്രത്യേകതകൾ ഉണ്ടെന്ന ആത്മവിശ്വാസമാണോ ഈ ഗമക്കുള്ള അടിസ്ഥാനമെന്ന് ചിന്തിച്ചു പോവും.

എന്ത് തന്നെ ആയാലും തുടർന്ന് മഞ്ഞുതുള്ളികൾ ഇലപ്പടർപ്പുകളെ നനച്ചിരുന്ന ഒരു ശിശിരകാലത്ത് (അത്തരം ശിശിരങ്ങൾ കേരളത്തിലെ മിക്കയിടങ്ങളിലും ചരിത്രമായി കഴിഞ്ഞു) ആനക്കാംപൊയിലിലെ മലയോരങ്ങളിൽ നടന്ന NSS ശിബിരത്തിൽ നാല്പത്തിനാലാം ബാച്ചിനെ ഞാൻ ആദ്യമായി അടുത്തറിഞ്ഞു. കൗമാരത്തിന്റെ സഹജമായ വികൃതികളും പ്രസരിപ്പും മുറ്റു നിൽക്കുന്ന സുന്ദരൻമാരും സ്നേഹവും സൗഹൃദവും നിറഞ്ഞ ഒരു പറ്റം സുന്ദരികളും ഈ ബാച്ചിനെ അദ്വിതീയമാക്കി.

തുടർന്ന് ഒപ്പം ചിലവഴിച്ച നാലു വർഷങ്ങൾ ഒട്ടേറെ അനുഭവങ്ങളും സൗഹൃദങ്ങളും ഓർമ്മകളും സമ്മാനിച്ചു.

പഠനത്തിലാവട്ടെ, കലാകായിക രംഗത്താവട്ടെ നാല്പത്തിനാലാം ബാച്ച് അവരുടേതായ മുദ്രകൾ സമകാലിക ക്യാമ്പസ്സിന്റെ വെള്ളിത്തിരയിൽ പതിപ്പിച്ചു. ചോര തിളച്ചു മറിയുന്ന ക്യാമ്പസ് തിരഞ്ഞെടുപ്പുകളിലും അതിലും ആവേശകരമായിരുന്ന മെഡിക്കൽ സമരപോരാട്ടങ്ങളിലും ഈ ബാച്ചിന്റെ ഒറ്റക്കെട്ടായ നിൽപ്പ് കണ്ട് ക്യാമ്പസ് അത്ഭുതപ്പെട്ടു . പേരെടുത്തു പറയുമ്പോഴുള്ള കുറ്റം മനപ്പൂർവ്വമല്ലെങ്കിലും, ഒത്തിരി പേരെ വിട്ടു പോകുന്നതാണെങ്കിൽ പേരെടുത്തു പറഞ്ഞില്ലെങ്കിൽ അപൂർണ്ണതയുടെ കുറ്റം ഏറ്റെടുക്കേണ്ടി വരും. അതിനാൽ വിട്ടു പോയ സുഹൃത്തുക്കളോട് ക്ഷമ ചോദിച്ചു കൊണ്ട് തുടരട്ടെ.

അങ്ങനെയൊരു NSS ക്യാമ്പിനിടയിലാണ് "നിഷ പി ബി " എന്ന കുസൃതി പെൺകുട്ടിക്ക് ഞാനും അനൂപ് സി യും കൂടി ഒരു പേര് തലയിൽ വച്ച് കൊടുത്തത്. "ലില്ലിപ്പുട്ട്". അത് പിന്നീട് ലോപിച്ചു "പുട്ട് " ആയി. "പുട്ട് " എന്ന ആ പേര് നിങ്ങളുടെ ബാച്ച് മാത്രമല്ല, ആ സമയത്തെ ക്യാമ്പസ് മുഴുവൻ അതേറ്റെടുത്തു. ജൂനിയേർസ് പോലും "പുട്ട് ചേച്ചീ " എന്ന് വിളിക്കുന്നത്

കേട്ട് ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്. അന്നവളെ പല പല കാരണങ്ങൾ ഉണ്ടാക്കി ചൊറിയുക എന്നത് എന്റെ ഒരു വിനോദമായിരുന്നു. പക്ഷേ, ഇന്ന് ഞാൻ തിരിച്ചറിയുന്നു; അതിനെയാണ് ഇംഗ്ലീഷിൽ "bullying " എന്ന് പറയുന്നത്. അന്നെന്റെ വിനോദങ്ങൾ അവളെ എത്രത്തോളം വിഷമിപ്പിച്ചിട്ടുണ്ടെന്ന് എനിക്കറിയില്ല. ഇന്ന് നാൽപതു സംവത്സരങ്ങളുടെ പക്വതയിൽ ഞാൻ പറയുന്നു

"പ്രിയപ്പെട്ട അനിയത്തീ എന്നോട് ക്ഷമിക്കുക. സദയം മാപ്പു തരിക."

ആലീസ് ഇൻ വണ്ടർലാൻഡിലെ "ചെഷയർ പൂച്ചയെ" പോലെ എന്നും എപ്പോഴും പുഞ്ചിരി തൂകുന്ന 'സന്തോഷിനെ' കുറിച്ച് ഓർക്കുമ്പോഴുള്ള 'സന്തോഷം' ഒന്നു വേറെ തന്നെ. സന്തോഷിനെ കുറിച്ച് എഴുതുമ്പോൾ ഇരട്ട സഹോദരങ്ങൾ പോലെ ഒപ്പം കാണാം ശ്രീഹരിയേയും. ജീവിതത്തിൽ നാം കാണുന്ന പല ബന്ധങ്ങളിലും ആത്മാർത്ഥത വെറും അഭിനയമാണ്. എന്നാൽ ശ്രീഹരിയാവട്ടെ ആത്മാർത്ഥതയുടെ സ്ഥായിയായ ഉദാഹരണമാണ്, ജീവിതത്തിൽ ആയാലും അഭിനയത്തിലായാലും. മെഡിസിൻ പിജി ചെയ്യുവാൻ ഞാൻ തിരിച്ചു കോളേജിൽ എത്തിയപ്പോൾ അഞ്ചാറ് മാസം ഇവർക്കൊപ്പം ഇവരുടെ HSQ റൂമിലായിരുന്നു താമസം. HSQ യിലെ മുറിയിൽ ഞങ്ങൾ നാലുപേർ (അനൂപ് സി യും ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നു.)

പിജി ജീവിതത്തിലെ പിന്നീടുള്ള രണ്ടു വർഷങ്ങൾ ഞാൻ താമസിച്ചത് വേണുവിന്റെ കൂടെ ആയിരുന്നു. പ്രസന്നവദനനും ആജാനുബാഹുവും വിശാലഹൃദയനുമായ വേണുവിനെ കുറിച്ചോർക്കുമ്പോൾ പുഞ്ചിരിക്കാത്ത ആരും ഉണ്ടാവില്ല. നാമെന്നും കഴിക്കുന്ന ആഹാരത്തെ എങ്ങനെ 'പ്രേമപൂർവ്വം' കഴിക്കാം എന്ന് പഠിച്ചത് വേണുവിൽ നിന്നാണ്. മുടി കൊഴിച്ചും നരപ്പിച്ചും വർഷങ്ങൾ ഒരുപാടു കടന്നു പോയി. അങ്ങ് ദൂരെയുള്ള വിദേശ രാജ്യത്തു, ഓസ്ട്രേലിയയിൽ, ഞാൻ ഒരു വർഷം ചിലവഴിക്കുകയുണ്ടായി. അന്യദേശവും അന്യഭാഷയും ഋതുഭേദങ്ങൾ മുറ്റി നിൽക്കുന്ന മെൽബൺ നഗരത്തിലെ, വിറങ്ങലിപ്പിക്കുന്ന ശീതകാറ്റിൽ എനിക്ക് ചേക്കേറാൻ ഒരു "കിളി" ക്കൂടൊരുക്കി രഞ്ജിത്തും കുടുംബവും ഒന്നര ദശകത്തിനു ശേഷം കണ്ടപ്പോഴും പഴയ സൗഹൃദത്തിന്റെ ഊഷ്മളത പ്രകടിപ്പിച്ചു.

ഇന്ന് ലോകം മുൻപൊന്നും നേരിടാത്ത പ്രതിസന്ധിയിൽ പകച്ചു നിൽക്കുകയാണ്. റിച്ചാർഡ് നൂണിന്റേയോ Y2K പോലെയോ പ്രവചനങ്ങൾ ഒന്നും ഉണ്ടായില്ലെങ്കിലും മനുഷ്യരാശിക്ക് അന്ത്യവിധിദിനം കാണിക്കുവാൻ കെൽപ്പുള്ള കൊറോണ വൈറസിനെതിരെ പോരാടുകയാണ് 2020 ലെ ലോകം. ഒരു ഡോക്ടറുടെ ജീവിതത്തിലെ ഏറ്റവും തിരക്കും ഉത്തരവാദിത്തവും കൂടി നിൽക്കുന്ന സമയം. നിരവധി ജനലക്ഷങ്ങൾക്കു പ്രതീക്ഷയും ആരോഗ്യവും രോഗമുക്തിയും പകർന്നു കൊടുക്കുന്നതിനിടയിൽ തങ്ങളുടെ പ്രിയപ്പെട്ട ബാച്ചിന്റെ ഇരുപതാം വാർഷികം ആഘോഷിക്കുവാൻ സമയം കണ്ടെത്താനും കഴിഞ്ഞു എന്നുള്ളത് എത്രത്തോളം ഊഷ്മളവും ഊർജസ്വലവും പക്വവും ആയ ഒരു ബാച്ച് ആണ് "44TH" എന്ന് വ്യക്തമാക്കുന്നു.

നാമെല്ലാവരും ഒട്ടേറെ സ്നേഹിക്കുന്ന കോഴിക്കോട് മെഡിക്കൽ കോളേജിന്റെ കാൻവാസിൽ വർണ്ണശബളവും അദ്വിതീയവും ആയ ചിത്രം പകരാൻ നാല്പത്തി നാലാം ബാച്ചിന് സാധിച്ചു എന്ന് ഞാൻ കരുതുന്നു. നിങ്ങളോടൊപ്പം കുറച്ചു നല്ല വേളകൾ ചിലവഴിക്കുവാൻ കഴിഞ്ഞതിൽ ഏറെ സന്തോഷിക്കുന്നു.

എല്ലാവർക്കും ഭാവുകങ്ങൾ.

SANDEEP P K
45th Batch

സഹൃദയർ

ചേട്ടൻ വിളിയിൽ നിന്ന്, "ടാ..." വിളിയിലേക്കുള്ള അകലം ഞങ്ങൾ 45th കാർ ഏറ്റവും കുറവ് താണ്ടിയത് 44th കാരിലേക്ക് തന്നെയാണ്. Ragging, Common hall, hostel mess, NSS camp, NSS drug collection, union activities, arts-sports, medical exhibitions ..... ഇവയൊക്കെ ഇതിന് നിമിത്തമായി.

'Magnum Opus' എന്ന നല്ല വിധം flop ആയ freshers day കഴിഞ്ഞ് ക്ഷീണിച്ചിരുന്ന ഞങ്ങൾക്ക് "ഇവിടെ എന്താണ് ചിലവാകുക" എന്ന് ബോധം വന്നത് 44th ന്റെ first anniversary ആഘോഷങ്ങൾ സ്റ്റേജിൽ കണ്ടതിന് ശേഷമാണ്. (അനീഷ് ജോർജിനെ LH ഇൽ നിന്ന് ചാക്കിൽ കെട്ടി കൊണ്ട് വന്ന SKIT, ഇന്നും ഓർമ്മയിൽഉണ്ട്).

രണ്ടായിരം ആണ്ട് തുടക്കം. ആ കാലഘട്ടത്തിൽ, മറ്റേത് മെഡിക്കൽ കാമ്പസിനെയും പോലെ, അനിവാര്യമായി കൊണ്ടിരുന്ന അരാഷ്ട്രീയ ജീർണതയുടെ അതി ശൈത്യം നമ്മുടെ കോളേജിനെയും ഗ്രസിച്ച് തുടങ്ങിയിരുന്നു. അതേ സമയത്തു തന്നെ ഇവിടെ "രാഷ്ട്രീയ പ്രബുദ്ധതയുടെ വസന്ത കാലത്തിന്റെ വീണ്ടെടുപ്പുണ്ടായി" എന്നതിന്റെ മുഴുവൻ ക്രെഡിറ്റും 44th batch ന് അവകാശപ്പെട്ടതാണ്. യൂണിയൻ അധികാര രാഷ്ട്രീയത്തിന്റെ കാര്യമെടുത്താൽ "44th ന് മുമ്പും ശേഷവും" (before and after 44th) എന്ന് അടിവരയിട്ടു പറയേണ്ടിവരും.

അന്ന് വരെ, നമ്മുടെ കാമ്പസ് അരാഷ്ട്രീയതയുടെ പൊയ്മുഖം അണിഞ്ഞവരെയാണ് പ്രതീക്ഷയായി നോക്കി കണ്ടത് എന്ന് പറയാതെ വയ്യ! അപ്പൊഴൂഹിക്കാം, എത്രയ്ക്കുണ്ടായിരുന്നു, ആ കാലയളവിൽ 44th batch ന് കാമ്പസിലുണ്ടായിരുന്ന സ്വാധീനം എന്ന്!

മറ്റ് പല ബാച്ചുകളിൽ നിന്ന് 44th നെ വ്യത്യസ്തമാക്കിയിരുന്ന ഒരു ഘടകം, ബാച്ചിലെ സ്വാഭാവികമായ ഭിന്ന ശബ്ദങ്ങളെ ഏകോപിപ്പിച്ച് ഒരൊറ്റ ഉറച്ച സ്വരമായി മാത്രം പുറത്ത് കാട്ടാൻ കെൽപ്പുള്ള കെട്ടുറപ്പുണ്ടായിരുന്നു എന്നതാണ്.

എന്നാൽ മറ്റ് എല്ലാ ബാച്ചുകാരും 44th നെ 'അടിപൊളി'യായും ചിലപ്പോൾ വെറും 'കട്ട local' ലായും കണ്ടു കാണും, for their own reasons. However good you are (or you think, you are), you will always be bad or evil in someone else's story (could even be in your own batchmate' story) എന്ന് പറഞ്ഞ പോലാണത്.

അക്കാദമിക് തലങ്ങളിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് പാസ് ഔട്ടായ മറ്റേത്തു ബാച്ച് പോലേയും 44th ശോഭിച്ച് നിൽക്കുന്നു. ഇന്ന് AIIMS, NewDelhi മുതൽ ഇങ്ങ് കേരളത്തിലെ ഒട്ടുമിക്ക എല്ലാ മെഡിക്കൽ കോളേജിലും തന്നെ faculty ആയി 44th കാർ ഉണ്ട് എന്നത് അഭിമാനകരം തന്നെ. കേരളത്തിനകത്തും പുറത്തും അവരവരുടെ ബന്ധപ്പെട്ട speciality യിലും, പ്രവർത്തന മേഖലകളിലും 44th, കോഴിക്കോട് മെഡിക്കൽ കോളേജിന്റെ കൊടി ഉയർത്തിപ്പിടിക്കുന്നു.

ഒളി മായാതെ...

44th girls dance team അടക്കി വാണ സ്റ്റേജുകൾ. REC രാഗം, Pyrexia, Synapse; കലാ പ്രതിഭകൾ, ശ്രീഹരിയും നിമ്മയും; College band - ൽ 44th ന്റെ സാന്നിദ്ധ്യം (സന്ദീപ് ഗോപാൽ, DJ, പദ്മ , സന്ധ്യ, അളിയൻ, ഫെബിൻ); ദിനു,പദ്മ, സുധേച്ചി,അർച്ചന, സിന്ധു എന്നിവരുടെ പാട്ടുകൾ; ഞങ്ങളുടെ 'അളിയൻ' ഷാഫി ഇജ്ജാസ് , ഖനി, നബീൽ & സംഘത്തിന്റ ഡാൻസ്; കോളേജ് യൂണിയന്റെ സ്വന്തം അനീഷ് ജോർജ്ജും അനൂപ് അഹമ്മദും; സന്തോഷിന്റെ മാഗസ്സിൻ; സ്ഥിരം മെഡലിസ്റ്റുകൾ കുഞ്ഞിയും ദീപ്പി മാണിയും; കോളേജ് volley team ന്റെ നവോദയം- തായ്ക്കൻ,

കിളി, ലതീഷ്, ലീനത്ത്, ചാൾസ്, സന്തോഷ്; 44 th SKIT ടീം അനീഷ് മോഹൻ, നബീൽ, അനൂപ്, മത്തി ... തുടങ്ങിയവർ; കലയുടെ വരകളും പെയിന്റിങ്ങുകളും; nighting'ail' നൗഫിറ; റിയാസ് സാറിന്റെ സ്ഥിരം നമ്പർ, "The only UG with PG is ....Venu PG"; never bereft of words, Sreeja, Rajesh dharman ; കാരംസ് രാജാക്കന്മാർ കുട്ടിച്ചനും, മല്ലനും; ആജീവനാന്ത ജർമ്മനി/ഓസ്ട്രേലിയ ഫാൻ അനസ് പൊടോൾസ്ലി; ചളിയുടെ സർവ്വജ്ഞ പീഠം കയറിയ ചാൾസ്, കൂടെ അഫദ് zahir; ഫസ്റ്റ് ബ്ലോക്കിന്റെ ഉറക്കം കെടുത്തിയിരുന്ന കുറുക്കന്റെ 'Holly-wood thriller shows'; portico- യിലേ സ്ഥിരം ദ്വാരപാലകർ നബിലും ജിനുവും; "DMN" fans അസോസിയേഷൻ, ഇപ്പൊ uro, radio, Psy specialists; all-rounders മത്തി, 'B'garan ചാമു, കെ, സമദ്; വെറുപ്പിക്കൽ കാ ബാപ്പ്, കിരോടിമാൽ; മനോരമയിൽ വാർത്തയായി വന്ന "കക്കൂസ് പ്രശ്നം"! 44th ലെ ചിലരും, ജൂനിയർ നോർത്തീസും ഒരു toilet പ്രശ്നത്തിൽ തുടങ്ങിയ ego clash, മൽപിടുത്തത്തിലും പോലീസ് കേസിലും അവസാനിച്ചത്, ഒരു ചിരിയോടെയല്ലാതെ ഓർത്തെടുക്കാൻ പറ്റില്ല.

നോവായി ഏവരുടേയും മനസ്സിലുള്ളത് "പി സി" യാണ്....

"44th ന്റെ കാലഘട്ടം ചരിത്രമായിക്കഴിഞ്ഞു". അത്തരം ചരിത്രങ്ങൾ എല്ലാഘട്ടത്തിലും പഠന-സമര വിജയങ്ങളുടേയും പ്രണയങ്ങളുടേയും മാത്രമല്ല, സൗഹൃദങ്ങളുടെയും കൂടി കഥ അവ നമ്മോട് പറയും. ഞങ്ങൾക്കും ഓർക്കാനുണ്ട്, നിങ്ങളെ കുറിച്ച് ... ഒരുപാട് ...

ഹൃദയത്തിൽ തട്ടി പറയട്ടെ ..."Thank you, 44th!"

NB : ഒരു പഴയ MH-1 കാരന്റ അഭിപ്രായങ്ങൾ, തികച്ചും വ്യക്തിപരം!

MOHAMMED ALAVUDHEEN



ഡാക്കിട്ടർ ജീവിതത്തിലെ
ഓർമ്മക്കുറിപ്പുകൾ

ഒന്നാം ഘട്ടം

House surgency ക്ക് ശേഷം കല്യാണവും കഴിഞ്ഞു മഞ്ചേരി പ്രശാന്തി ഹോസ്പിറ്റലിൽ "ഡേ ആർ എം ഒ" ആയി ജോയിൻ ചെയ്തതിന്റെ രണ്ടാമത്തെ ആഴ്ച്ചയാണ് നിർബന്ധിത ഗ്രാമീണ സേവനത്തിനുള്ള പോസ്റ്റിങ്ങ് ഓർഡർ കയ്യിൽ കിട്ടുന്നത്.

പോസ്റ്റിംഗ് കിട്ടിയ സ്ഥലത്തിന്റെ പേര് കണ്ടപ്പോൾ കണ്ണ് തള്ളി പോയി..

പത്തനംതിട്ട.

ഇന്നത്തെ കൊറോണയുടെ അത്രേം ഭീകരം അല്ലെങ്കിലും അവിടെയൊക്കെ ചിക്കുൻഗുനിയ കത്തിക്കയറി നിൽക്കുന്ന സമയം.

അടുത്ത ദിവസം തന്നെ രണ്ടും കൽപ്പിച്ച് ഞാനും ജാവേദ് അലിയും പട്ടാമ്പിയിൽ നിന്നും ട്രെയിൻ കയറി.

പിറ്റേന്ന് രാവിലെ തന്നെ ഡി എം ഓയെ പോയി കണ്ടു. എനിക്ക് "പെരുനാട്" കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്കും (അവിടെ നിന്നും ശബരിമലയിലേക്ക് പത്തു കിലോമീറ്റർ കൂടിയേ ഉള്ളൂ.) ജാവേദ് അലിക്ക് "ചിറ്റാർ" പ്രൈമറി ഹെൽത്ത് സെന്ററിലേക്കും പോസ്റ്റ് ചെയ്ത പേപ്പർ മുദ്ര വെച്ച് തന്നു. സന്തോഷപൂർവ്വം സ്വീകരിച്ചു.

പത്തനംതിട്ട ടൗണിൽ നിന്നും ഏകദേശം നാൽപത്തു കിലോമീറ്റർ അകലെയുള്ള പെരുന്നാടിലേക്ക് ഡി എം ഓ തന്നെ ഏർപ്പാടാക്കി തന്ന ജീപ്പിൽ യാത്ര തിരിച്ചു. സ്ഥലം കാണാനുള്ള ആഗ്രഹം കൊണ്ടും ഒരു ഡോക്ടർ ആയി ഗവണ്മെന്റ് വണ്ടിയിൽ ജോലി സ്ഥലത്തേക്ക് പോകുന്ന ഗമ കൊണ്ടും മുൻ സീറ്റിൽ തന്നെ ഇരിപ്പുറപ്പിച്ചു. കുന്നിൻ ചെരിവുകളിലൂടെ പാമ്പിനെപ്പോലെ വളഞ്ഞു പുളഞ്ഞു പോകുന്ന റോഡിലൂടെയുള്ള ആ യാത്ര ഇന്നും ഓർമയിൽ തങ്ങി നിൽക്കുന്നു. രണ്ടു സൈഡിലും നിറയെ മരങ്ങളുള്ള വിജനമായ റോഡുകൾ, ചെറിയ ചെറിയ ചുരങ്ങൾ, പൈനാപ്പിൾ കൃഷി, കുന്നിൻ മുകളിൽ നിന്നും മരങ്ങൾക്കിടയിലൂടെ ഒഴുകിയെത്തുന്ന അരുവികൾ...

വഴിയോരങ്ങളിൽ പൂന്തോട്ടങ്ങളെ വെല്ലുന്ന തരത്തിൽ കൂട്ടം കൂട്ടമായി പൂത്തു നിൽക്കുന്ന മല്ലിക പൂക്കൾ.
(അയ്യപ്പൻമാർ വലിച്ചെറിയുന്ന പൂക്കളിൽനിന്നും മുളവന്ന് ഉണ്ടാകുന്നത് ആണെന്ന് ഡ്രൈവർ പറഞ്ഞു തന്നു).

ഈ നയന മനോഹരകാഴ്ചകൾ എല്ലാം ആസ്വദിച്ചു കൊണ്ടും ഡ്രൈവറോട് അവിടുത്തെ വിശേഷങ്ങൾ ഒക്കെ അന്വേഷിച്ചു കൊണ്ടും CHC യിൽ എത്തിച്ചേർന്നത് അറിഞ്ഞില്ല.

പക്ഷേ, അവിടെ കണ്ട കാഴ്ച ശരിക്കും ഞെട്ടിക്കുന്നതായിരുന്നു.

ഏതോ അഭയാർത്ഥി ക്യാമ്പിൽ ചെന്ന് പെട്ട പ്രതീതി.
മുറ്റത്താകെ പന്തലാണ്. അതിൽ നിറയെ തിങ്ങി നിറഞ്ഞു നിൽക്കുന്ന ആളുകൾ. മിക്കവരും ക്ഷീണിതരാണ്. ചിലർ നിലത്തിരിക്കുന്നു, മറ്റു ചിലർ കൂടെയുള്ളവരുടെ മടിയിൽ തലവെച്ച് കിടക്കുന്നു.
ആശുപത്രി മുറ്റത്തടക്കം കട്ടിലുകളിൽ ആളുകൾ ഡ്രിപ് ഇട്ടു കിടക്കുന്നു. ഓരോ കട്ടിലിലും ചുരുങ്ങിയത് രണ്ടു പേരെങ്കിലും ഉണ്ട്.

അകത്തു കേറി എം ഓ യെ പരിചയപ്പെട്ടു. എനിക്കുള്ള ഗ്രൗണ്ട് ന്യൂസ് തന്നു.

"നാളെ മുതൽ ഞാനും എം ഓയും മാത്രമേ ഉണ്ടാകുക ഉള്ളൂ. ഇതുവരെ ഉണ്ടായിരുന്ന രണ്ടു പേർക്ക് സ്ഥലം മാറ്റം ആണുപോലും.
ഒരാൾക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ ഉള്ള ട്രാൻസ്ഫർ, മറ്റേ ആൾക്ക് പണിഷ്മെന്റ് ട്രാൻസ്ഫർ."

അതും രണ്ടു കയ്യും നീട്ടി ചിരിച്ച മുഖത്തോടെ സ്വീകരിച്ചു.

"എന്തിനാ പണിഷ്മെന്റ് ?" എന്ന് വെറുതേ ചോദിച്ചു.

ക്വാർട്ടേഴ്സിൽ വെച്ച് പരിശോധിക്കുന്ന രോഗികളുടെ കയ്യിൽ നിന്നും ഫീസ് ചോദിച്ചു വാങ്ങിക്കുന്നു. അതും പറഞ്ഞു ആളുകൾ അദ്ദേഹത്തെ ക്വാർട്ടേഴ്സിൽ പൂട്ടിയിട്ടതത്രെ.

ഇതുവരെ കണ്ട കാഴ്ചകളും കേട്ട വാർത്തകളും "അടുത്ത വണ്ടിക്കു തന്നെ തിരിച്ചു വിട്ടോ മോനേ ..." എന്ന് ചെവിയിൽ പറഞ്ഞു കൊണ്ടിരുന്നു.
പിന്നെ ആ തണുത്ത കാറ്റിൽ കുറച്ചു നേരം വെറുതേ ഇരുന്നു ഒന്നാലോചിച്ചു. നല്ല തണുത്ത വെള്ളം തലയിലൂടെ കോരി ഒഴിച്ചു മനസ്സും ശരീരവും ഒന്ന് തണുത്തപ്പോൾ ഉറപ്പിച്ചു.

"എന്തായാലും പായും തലയിണയും ഒക്കെ എടുത്തു മലപ്പുറത്ത് നിന്നും പോന്നതല്ലേ. ഒരു കൈ നോക്കാം."

ആശുപത്രിയുടെ കോമ്പൗണ്ടിൽ തന്നെയുള്ള ക്വാർട്ടേഴ്സിൽ താമസം തുടങ്ങി.

പതിയെ പതിയെ പെരുന്നാടിലെ തിരക്കുമായ് പൊരുത്തപ്പെട്ടു. ശരിക്കും പറഞ്ഞാൽ ഞാൻ ഡോക്ടർ പണി ആസ്വദിക്കാൻ തുടങ്ങി.
അപ്പോഴാണ് എന്റെ "എം ഒ" എനിക്ക് സ്നേഹത്തോടെ അടുത്ത പണി തരാൻ തുടങ്ങിയത്. എന്നെ മാത്രം ഡ്യൂട്ടിയിലാക്കി മൂപ്പര് മുങ്ങാൻ തുടങ്ങി.
ദിവസവും ഏകദേശം അഞ്ഞൂറിന് മുകളിൽ ഒപി. മിക്കവർക്കും പനിയും എല്ലു മുറിയുന്ന വേദനയും ആയതു കൊണ്ട് എല്ലാവർക്കും ഒരേ മരുന്നുകൾ. വരുന്നവർക്കൊക്കെ വേദനക്ക് ഇഞ്ചക്ഷൻ വേണം, കൂടെ ഡ്രിപ്പും. രോഗികളുടെ ഇഷ്ടത്തിന് മരുന്ന് ഇതായിരുന്നു സ്ഥിരം പരിപാടി.
ഇതിനിടയിൽ BP നോക്കാൻ വേണ്ടി മാത്രം വരുന്നവരോട് മെഷീൻ കേടാണ് എന്നും പറഞ്ഞു ഒഴിവാക്കിയ സന്ദർഭങ്ങളും ഉണ്ട്.

ആരെയും വെറുപ്പിക്കാതെ ഒരു യാത്ര.....

രാത്രികളിലെ തട്ടിക്കൂട്ട് "ജി പി" മാത്രം അടിച്ചു പരിചയം ഉള്ള ഒരു എംബിബിഎസ് കാരന് CHC യിൽ വരുന്ന എല്ലാ കേസുകളും, അതും വെള്ളപ്പൊക്കം പോലെ വന്നപ്പോൾ, ഇതല്ലാതെ വേറെ നിവൃത്തി ഉണ്ടായിരുന്നില്ല.

സത്യം പറഞ്ഞാൽ, എന്ത് ധൈര്യത്തിൽ ആണ് അന്നതൊക്കെ ചെയ്തു കൂട്ടിയത് എന്നലോചിക്കുമ്പോൾ ഇപ്പൊൾ നെഞ്ച് പിടയുന്നു.

അന്ന് അവിടെ കൂടെ ഉണ്ടായിരുന്ന സീനിയർ സിസ്റ്റർമാരുടെ സഹായങ്ങൾ ഒരിക്കലും മറക്കാൻ ആകില്ല.

ലിസി സിസ്റ്റർ, ശ്രീദേവി സിസ്റ്റർ, അന്നമ്മ സിസ്റ്റർ ... തുടങ്ങിയവർ.

ഞാൻ ഒരു തുടക്കക്കാരൻ ആണെന്ന് അറിഞ്ഞ് പല കാര്യങ്ങളും അവർ തന്നെ ചെയ്തു തന്നിരുന്നു.
പല രോഗങ്ങളും ഞാൻ ആദ്യമായി കാണുകയായിരുന്നു. അഭിപ്രായം ചോദിക്കാൻ പോലും ആരും ഇല്ല. സ്വന്തം ചികിത്സകൾ.

ഒരു ദിവസം രണ്ടു വയസ്സുള്ള ഒരു കുട്ടിയെ seizure അടിച്ചു കൊണ്ട് കൊണ്ട് വന്നു.
ആദ്യമായി ജീവിതത്തിൽ ലൈവ് ആയി seizure കണ്ടപ്പോൾ, എന്ത് ചെയ്യണം എന്നറിയാതെ തൊണ്ട വരണ്ടു പകച്ചു നിന്നുപോയി. എന്റെ അവസ്ഥ മനസ്സിലാക്കിയാവണം അന്നത്തെ ഹെഡ് നേഴ്സ് ലിസി സിസ്റ്റർ എന്നോട് മെല്ലെ ചോദിച്ചു.

" ഡോക്ടർജി, FEBRILE SIEZURE അല്ലേ. ഓക്സിജൻ വെച്ച്, നനച്ചു തുടച്ചു, rectal diazepam കൊടുക്കട്ടേ ?"

ഒറ്റ ശ്വാസത്തിൽ സിസ്റ്റർ അത് പറഞ്ഞപ്പോൾ, "അതെങ്ങനെ കൊടുക്കും" എന്ന് ചോദിക്കാനാണ് ആദ്യം തോന്നിയത്.

"പിന്നല്ലാതെ... വേഗം കൊടുക്കൂ" എന്ന് ആധികാരികമായി പറഞ്ഞു. എന്നിട്ട് സിസ്റ്റർ ചെയ്യുന്നത് അന്തം വിട്ടു നോക്കി നിന്നു.

Seizure കൺട്രോൾ ആയപ്പോൾ കുട്ടിയുടെ "അമ്മമ്മ" എന്റെ മുൻപിൽ വന്നു കൈകൾ കൂപ്പി പറഞ്ഞു.

" എന്റെ കൊച്ചുമോനെ രക്ഷിച്ചതിന് ദൈവം സഹായിക്കും"

ബാലരമയിലെ ശിക്കാരി ശംഭുവിനെ മനസ്സിൽ ഓർത്തു കൊണ്ട് ദയനീയമായി ലിസി സിസ്റ്ററുടെ മുഖത്തേക്ക് നോക്കി. യാതൊരു ഭാവഭേദവും കൂടാതെ സാധാരണ പോലെ പുഞ്ചിരിച്ചു നിന്ന സിസ്റ്ററുടെ മുഖം ഇപ്പോഴും മനസ്സിലുണ്ട്.
പെരുനാട്ടുള്ള ഈ ഹോസ്പിറ്റൽ കഴിഞ്ഞാൽ പിന്നെ പത്തനംതിട്ട ടൗണിലേ ഹോസ്പിറ്റൽ ഉള്ളൂ. അവിടേക്ക് പോകാൻ ഏകദേശം ഒരു മണിക്കൂർ എങ്കിലും എടുക്കും. അത് കൊണ്ട് തന്നെ രാത്രി വൈകിയും ക്വാർട്ടേഴ്സിൽ രോഗികൾ വരും.

ഒരു ദിവസം രാത്രി ഏകദേശം 11 മണി ആയി ക്കാണും. ഏകദേശം അൻപതു വയസ്സ് തോന്നിക്കുന്ന ദമ്പതികൾ എന്നെ കാണാൻ വന്നു. എന്താ കാര്യം എന്ന് ചോദിച്ചപ്പോൾ ഭർത്താവാണ് ഉത്തരം പറഞ്ഞത്. ഇവൾക്ക് വായ അടയ്ക്കാൻ കഴിയുന്നില്ല.
അപ്പോഴാണ് ഞാൻ അത് ശ്രദ്ധിച്ചത്. ആ സ്ത്രീ വായ തുറന്നു തന്നെ ഇരിക്കുകയാണ്. അവർ കൈകൾ കൂപ്പി എന്തെങ്കിലും ചെയ്തു തരണേ എന്നുള്ള ഭാവത്തിൽ കരയുന്നുണ്ടെങ്കിലും ശബ്ദം പുറത്ത് വരുന്നില്ല. സത്യം പറഞ്ഞാൽ എനിക്കൊന്നും മനസിലായില്ല.
"എന്താ പറ്റിയേ" എന്ന എന്റെ ചോദ്യത്തിന് കോട്ടുവായ ഇട്ടപ്പോൾ ഇങ്ങനെ ആയതാണ് എന്നുള്ള ഉത്തരം കേട്ടപ്പോൾ എന്റെ തലയിൽ പൊന്നീച്ച പാറി.

പടച്ചോനേ TMJ dislocation.

പണ്ട് അനാട്ടമിയിൽ എവിടെയോ വായിച്ച ഒരോർമ്മ. ഒന്നും അറിയില്ല. എന്താ ചെയ്യണ്ടേ? ഒരു ഐഡിയയും ഇല്ല. ഈ രാത്രി ഇവർ ഇനി പത്തനംതിട്ടക്ക് എങ്ങനെ പോകും?

എന്നാലും ഇത് ശരിയാക്കാൻ അറിയില്ല എന്ന് പറയാൻ എന്റെ കോംപ്ലക്സ് ഒട്ടും സമ്മതിക്കുന്നുമില്ല.

"ഇവർക്ക് കോട്ടുവായ ഇടാൻ കണ്ട സമയം" എന്നൊക്കെ മനസ്സിൽ ഓർത്തു.

അവർ കൈ കൂപ്പി അപേക്ഷിച്ച് കൊണ്ടിരിക്കുന്നു. ഞാൻ എല്ലാം അറിയുന്ന പോലെ കൈ രണ്ടും വായിൽ ഇട്ടു എന്തോ ചെയ്തു എന്ന് വരുത്തി. അവർ വേദന കൊണ്ട് കരഞ്ഞു. അപ്പോൾ എന്റെ മനസിൽ ഒരു ബൾബ് കത്തി.

"നമുക്ക് ആദ്യം വേദന കുറയാനുള്ള ഇഞ്ചക്ഷൻ എടുക്കാം" എന്നും പറഞ്ഞു ഞാൻ അവരെ ഹോസ്പിറ്റലിലേക്ക് പറഞ്ഞയച്ചു.

എന്നിട്ട് നാല്പത്തി രണ്ടാം ബാച്ചിലെ മുകുന്ദിനെ വിളിച്ചു. ഇന്റേൺഷിപ്പ് സമയത്തു എന്റെ ഫൈനൽ ഇയർ മെഡിസിൻ പി ജി ആയിരുന്ന മുകുന്ദ്. മൂപ്പര് സൂപ്പർ ക്ലൂ ആയി reduce ചെയ്യുന്ന method പറഞ്ഞു തന്നു. രണ്ടു തവണ ട്രൈ ചെയ്യാൻ പറഞ്ഞു. ഇല്ലെങ്കിൽ റെഫർ ചെയ്യാനും.

മുകുന്ദ് പറഞ്ഞ വിവരം വെച്ച് ഞാൻ എന്റെ മനസ്സിൽ ഒരു പ്ലാൻ ഉണ്ടാക്കി. അപ്പോഴേക്കും അവർ ഇഞ്ചക്ഷൻ എടുത്തു തിരിച്ചു വന്നു.

"പടച്ചോനേ കാത്തോളീന്നും" മനസ്സിൽ പറഞ്ഞു ഞാൻ എന്റെ രണ്ടു തള്ള വിരലുകളും അവരുടെ വായിലേക്കിട്ടു ഒരു പ്രയോഗം അങ്ങോട്ട് നടത്തി.

പടച്ചോൻ കാത്തു, കൂടെ നിന്നു. ആദ്യത്തെ ശ്രമത്തിൽ തന്നെ എല്ലാം ഓക്കേ.
എനിക്ക് തന്നെ അൽഭുതം. ഇത് ഞാൻ തന്നെ ആണോ ചെയ്തത് എന്ന എന്റെ സംശയം ഒന്നും പുറത്തു കാണിക്കാതെ, ഇതൊക്കെ എത്ര സിമ്പിൾ എന്നുള്ള ലെവലിൽ നിന്നു.

ആ സ്ത്രീ എന്റെ രണ്ടു കയ്യും പിടിച്ചു സന്തോഷക്കണ്ണീർ പൊഴിച്ചു.

"ഡോക്ടറേ എത്ര നേരം ആയി എന്നറിയോ ഞാൻ വായ അടക്കാൻ പറ്റാതെ..."

ദൈവം കാക്കും എന്നും പറഞ്ഞു അവർ ഇറങ്ങി. ഉടൻതന്നെ ആഹ്ലാദത്തോടെ നന്ദി പറയാൻ മുകുന്ദിനെ വിളിച്ചു.

'വിളിച്ചപ്പോൾ മൂഷ്പർ പറയാണ് . ഞാൻ നിന്നെ സമാധാനിപ്പിക്കാൻ സിമ്പിൾ ആണെന്നൊക്കെ പറഞ്ഞതാണ്. ശെരിയാവും എന്ന് കരുതിയില്ലത്രേ.'

വെക്കും മുൻപ് എനിക്കൊരു "Congratulations" മൂഷ്പർ തന്നു.
ഞാനും തിരിച്ചൊരു ഹൃദയം നിറഞ്ഞ നന്ദി പറഞ്ഞു.

അങ്ങനെ പല തരത്തിലുള്ള രോഗികൾ, രോഗങ്ങൾ...

സീനിയേഴ്സിനോട് ഫോണിലൂടെ ചോദിച്ചും കൂടെ ഉള്ള സിസ്റ്റർമാരുടെ സഹായത്തോടെയും വലിയ പ്രശ്നങ്ങൾ ഇല്ലാതെ മാനേജ് ചെയ്തു.

ഞായറാഴ്ചകളിൽ രാവിലത്തെ ഒപി കഴിഞ്ഞാൽ ഗവി, പമ്പ,തുടങ്ങി അടുത്തുള്ള പല സ്ഥലങ്ങളിലേക്കുള്ള യാത്രകൾ ഇപ്പോഴും ഓർമയിൽ മായാതെ നിൽക്കുന്നു. ഇതുപോലെ ഉള്ള പല നല്ല ഓർമ്മകളും അനുഭവങ്ങളുമായി ആറുമാസം കഴിഞ്ഞു പോയി. അവിടെ **നിന്നും പോരുന്ന ദിവസം കുറെ മുത്തശ്ശിമാർ** നിറ കണ്ണുകളോടെ വന്ന് "ഞങ്ങളെ വിട്ടു പോകരുത്" എന്ന് പറഞ്ഞപ്പോൾ... എന്റെ കണ്ണുകളും നിറഞ്ഞു ഞാൻ അറിയാതെ ... സന്തോഷം കൊണ്ടും കുറച്ചു സങ്കടം കൊണ്ടും. അവരുടെ കണ്ണുനീരും പ്രാർത്ഥനകളും ഇന്നും എന്റെ ആത്മവിശ്വാസമാണ്, സ്വകാര്യമായ അഹങ്കാരമാണ്.

"ഞാൻ വലിയ ഡോക്ടർ ആയി ഇങ്ങോട്ട് തന്നെ വരും" എന്ന് വാക്ക് കൊടുത്തു യാത്ര പറഞ്ഞിറങ്ങി.
തണുത്ത കാറ്റും മല്ലികപ്പൂക്കളും നിറഞ്ഞ ആ വഴിയിലൂടെ ....

രണ്ടാം ഘട്ടം.



പി ജി കുത്തിനായ് തൃശ്ശൂരിൽ പോയി ചേർന്നു. അനീഷ് മോഹൻ, സമദ്, മെക്കൻറോ ... പിന്നെ ഞാനും. മുളങ്കുന്നത്തുകാവിൽ ഒരു വാടകവീട് തരപ്പെടുത്തി, കുത്തിയിരുന്നു പഠിത്തം തുടങ്ങി.
ശരിക്കും പറഞ്ഞാൽ ഒരിക്കലും മറക്കാൻ ആവാത്ത കുറെ ദിവസങ്ങൾ.
ഞായറാഴ്ചകളിലെ മാരത്തോൺ ക്ലാസ്സുകളും തുടർന്നുള്ള ദിവസങ്ങളിലെ വീട്ടിൽ ഇരുന്നുള്ള (ലോക്ക് ഡൗൺ ആയുള്ള) പഠനവും മാത്രം. ഇതിനിടയിൽ ഭക്ഷണം കഴിക്കുമ്പോഴാണ് ഞങ്ങൾ ഒരുമിച്ചിരിക്കുന്നതും തമാശകൾ പറയുന്നതും. അനീഷ് മോഹൻ കൂടെ ഉള്ളത് കൊണ്ട് തമാശകൾക്കും ചിരികൾക്കും യാതൊരു കുറവും ഉണ്ടായിരുന്നില്ല.

എനിക്ക് ആദ്യം തന്നെ അവർ ഒരു പുതിയ പേരിട്ടു. ' മാമൻ '. ഞാൻ ആണല്ലോ പ്രായത്തിൽ മൂത്തത്, പോരാത്തതിന് തലയിൽ മുടിയും ഇല്ല. വിളി മാത്രമേ ഉണ്ടായിരുന്നുള്ളൂ, ആ ബഹുമാനം ഒന്നും ഉണ്ടായിരുന്നില്ല. ഞാൻ തന്നെ ആയിരുന്ന മൂന്ന് പേരുടേയും കളിയാക്കാനുള്ള പ്രധാന ഇര. എന്നെ കളിയാക്കാനുള്ള എന്തേലും കാരണം ഓരോ ദിവസവും മോഹൻ കണ്ട് പിടിക്കും. അത് ഒരു പാട്ട് രൂപത്തിലാക്കി, സമദിന്റെ കൈ കൊണ്ടുള്ള orchestraയും ചേർത്ത് അവതരിപ്പിക്കും. എല്ലാത്തിനും സപ്പോർട്ട് ആയി മെക്കനും ഉണ്ടാവും. ഞാനും അത് നന്നായി ആസ്വദിച്ചിരുന്നു. അത് തന്നെ ആയിരുന്ന അടുത്തത് എന്റെ മേലെ ഉണ്ടാക്കാനുള്ള അവർക്കുള്ള ഉത്തേജനം. അമ്മായിഅമ്മ മരുമകളുടെ കുറ്റം കണ്ട് പിടിക്കുന്നത് പോലെ, ഞാൻ എന്ത് ചെയ്താലും അതിൽ ഒരു കുറ്റം കണ്ട് പിടിച്ച് അതിനെ ചിരിക്കാനുള്ള വകയാക്കി മാറ്റും.

എനിക്ക് ടേബിൾ മാനേഴ്സ് ഇല്ല എന്നായിരുന്നു ഒരു സംഭവം. ഞാൻ ഭക്ഷണം ചവക്കുമ്പോൾ വായ അടക്കില്ലത്രെ. ഞാൻ ചവക്കുന്ന സൗണ്ട് കേട്ടിട്ട് അവർക്ക് മൂന്നാൾക്കും കഴിക്കാൻ പറ്റുന്നില്ല പോലും.

"പറ്റുന്നില്ലേ കഴിക്കേണ്ട" എന്ന് മനസ്സിൽ പറഞ്ഞെങ്കിലും അവർ പറയുന്നത് ഒരു നഴ്സറി കുട്ടിയെ പോലെ ഞാൻ അനുസരിച്ചു. പ്രാക്ടീസ് ചെയ്തു. ആദ്യ ദിവസങ്ങളിൽ ശരിക്കും ബുദ്ധിമുട്ടി. ഒടുവിൽ എന്നെ വായ അടച്ചു ഭക്ഷണം ചവക്കാൻ അവന്മാർ പഠിപ്പിച്ചു. ഇപ്പൊ എന്റെ മക്കളോട് ഈ രീതിയിൽ ഭക്ഷണം കഴിക്കാൻ ഉപദേശിക്കുമ്പോൾ എനിക്ക് ഉള്ളിൽ ചിരി വരും. അതോടൊപ്പം അവരുടെ മുഖം ഓർമയിൽ തെളിയുകയും ചെയ്യും.

ഞങ്ങളുടെ അലക്ക് കല്ല് വീടിന്റെ പുറത്താണ് . ആര് അലക്കാൻ ചെന്നാലും അപ്പുറത്തെ വീട്ടിലെ ടീച്ചർ സംസാരിക്കാൻ വരും. അവർക്ക് എറണാകുളത്തു ജോലി ചെയ്യുന്ന മകൻ കുട്ടന്റെ വിശേഷങ്ങളെക്കാൾ പറയാനുള്ളത് അവരുടെ വളർത്തു നായയെ പറ്റിയാണ്. അതാണല്ലോ എപ്പൊഴും കൂടെ ഉള്ളത് എന്നാണ് മോഹന്റെ ഭാഷ്യം. മോഹൻ ആണ് അലക്കാൻ പോയത് എങ്കിൽ കുറച്ചു ദിവസത്തേക്ക് പിന്നെ "ടീച്ചർ വധം ആട്ടക്കഥ " ആയിരിക്കും ഞങ്ങൾക്ക് കേൾക്കേണ്ടി വരിക.

ടീച്ചറുടെ അടുത്ത് ഒന്നാം ക്ലാസ്സിലെ ടൃഷനു വന്നിരുന്ന അഞ്ചു വയസ്സുകാരൻ കുട്ടൂസ് ഞങ്ങളുടെ, പ്രത്യേകിച്ചും മോഹന്റെ തക്കുടു ആയിരുന്നു. 'ഡോറ 'ക്ക് പഠിക്കുന്നത് പോലെ ഉള്ള ബാഗും കുടയും ചൂടി, വഴിയിൽ ഉള്ള എല്ലാ ചെറിയ കുഴികളിലും ചാടി ചെളിവെള്ളം ഡ്രസിൽ ഒക്കെ തെറിപ്പിച്ചു, തക്കുടു മെല്ലെ നടന്നു വരുന്നതു കാണാൻ ഒരു ചന്തം ആയിരുന്നു.
അവന്റെ ഓമനത്തമുള്ള മുഖവും തടിച്ചുരുണ്ട ശരീരവും വാതോരാതെ ഉള്ള കുസൃതി നിറഞ്ഞ സംസാരവും അവനെ എല്ലാവരുടെയും പ്രിയപ്പെട്ടവൻ ആക്കി മാറ്റി.

പുകവലിയിൽ ആർക്കും വെല്ലാൻ കഴിയാത്ത അടുത്ത വീട്ടിലെ കാരണവർ പിഷാരടി യെ "ചാമ്പ്യൻ പിഷാരടി " എന്ന പേരിട്ടത് സമദായിരുന്നു. അമ്പലത്തിലേക്ക് എന്നും പൂവ് കൊണ്ട് പോകുന്ന അദ്ദേഹത്തിന്റെ മരുമകൾക്ക് "സ്റ്റെല്ല" എന്ന് പേരിട്ടത് മെക്കനും. കളിച്ചു ചന്ദനക്കുറി ഒക്കെ തൊട്ടു തനി തൃശ്ശൂർ അമ്പലവാസിലുക്കിൽ വരുന്ന കുട്ടി ആണെങ്കിലും മെക്കൻ പേരിടുമ്പോൾ ഒരു "അച്ചായൻ " ടച്ച് വരുന്നത് സ്വാഭാവികം അല്ലേ.
ചുറ്റുപാടും വൃത്തിയാക്കാൻ വരുന്ന രമേശേട്ടന്റെ മുട്ടറ്റം മുടിയുള്ള മകളും ഓരോ കഥാപാത്രങ്ങളായി ഞങ്ങളുടെ തീൻമേശയിൽ സ്ഥിരം ചിരി വിളമ്പി കൊണ്ടിരുന്നു.
ജയേട്ടന്റെ വകയായിരുന്ന ഭക്ഷണം. ചൊവ്വാഴ്ചകളിൽ എനിക്ക് ഒട്ടും ഇഷ്ടമില്ലാത്ത ചപ്പാത്തിയും പട്ടാണി കറിയും ആയിരുന്നു. ബാക്കി ദിവങ്ങളിൽ ഒക്കെ നല്ല ഫുഡ് ആയിരുന്നുട്ടോ.

മോഹൻ ഒന്നും വെറുതെ വിടാറില്ല. പൊടിപ്പും തൊങ്ങലും കൂട്ടി മസാല ചേർക്കാൻ സമദും MC enro യും .
"പാവം ഞാൻ..."

മിക്കവാറും ഇത് വായിക്കുമ്പോൾ അവൻമാർ പറയും.

"മാമൻ എല്ലാം ചെയ്തു വെച്ചിട്ട് ഞങ്ങളെ ചുമ്മാ കുറ്റം പറയാണെന്ന്."

വിശ്വസിക്കരുതുട്ടോ....

ലില്ലി യുടെ കല്യാണത്തിന് ഞങ്ങൾ എല്ലാവരും ഒന്നിച്ചാണ് ഗുരുവായൂരില് പോയത്. എന്റെ ഭാര്യ അംന യും ഉണ്ടായിരുന്നു. അവളെ കൊണ്ട് വന്നു ആക്കാൻ വന്ന എന്റെ അമ്മായി അപ്പന്റെ മുന്നിൽ വെച്ച് പോലും മോഹൻ എന്നെ വെറുതെ വിട്ടില്ല.

"അയ്യോ നിങ്ങളെ കണ്ടാൽ അലാവുന്റെ മകനാണെന്നേ പറയൂ " എന്നും പറഞ്ഞു മൂപ്പരേം അവൻ പോക്കറ്റിലാക്കി.

കണ്ണിമ വെക്കാതെ കേട്ടിരുന്നിരുന്ന അശ്വത്ത് സാറിന്റെ ക്ലാസുകൾ, എയിംസ് എക്സാം എഴുതാൻ വേണ്ടി ഡൽഹിയിലേക്കുള്ള എല്ലാവരും ഒന്നിച്ചുള്ള ട്രെയിൻ യാത്ര. അവിടെ എത്തിയപ്പോൾ എല്ലാ സഹായവുമായി ഷംനയും ദിനുവും കൂടെ വന്നതും ഒന്നിച്ച് ഫുഡ് കഴിക്കാൻ പോയതും ആദ്യമായി മെട്രോ ട്രെയിനിൽ കയറിയതുമെല്ലാം ഇന്നും കൺമുന്നിലെന്നപോലെ ഓർമയിൽ തെളിയുന്നു.

ഒടുവിൽ പരീക്ഷകൾ എല്ലാം കഴിഞ്ഞു എൻട്രൻസ് റിസൾട്ട് വന്നപ്പോൾ ഞാൻ വീണ്ടും 'ഗോപി'.

ഞാൻ ആകെ തകർന്നു പോയി. ഇനിയും ഒരു വർഷം കൂടെ ജോലിയില്ലാതെ പഠിക്കുന്നതിനെ പറ്റിയുള്ള ആശങ്കയുമായി വീട്ടിലേക്ക് കേറി ചെന്നപ്പോൾ എന്നെ ആശ്വസിപ്പിക്കണോ അതോ കരയണോ എന്നറിയാതെ ഗർഭിണിയായ ഭാര്യ. (അതിനിടയിൽ അതും സംഭവിച്ചു പോയി.)
നിനക്ക് മാത്രം എന്തേ കിട്ടാഞ്ഞെ എന്ന മുഖഭാവവും ആയി ഉപ്പ.
എന്നെ കാത്തിരിക്കുന്ന ഇവരോട് ഇനിയും ഒരു വർഷം കൂടെ പഠിക്കണം എന്ന് എങ്ങനെ പറയും. പിന്നെ ഇതുവരെ എന്താണ് ചെയ്തത് എന്നായിരിക്കും ഉപ്പ ചോദിക്കുക. എന്ത് ചെയ്യണം എന്നറിയാതെ ഞാൻ ഇരുട്ടിൽ തപ്പി.

ഇനിയുള്ള പ്ലാൻ എന്താണെന്ന് വീട്ടുകാരോട് വിട്ടുപറയാതെ വീടിന്റെ അടുത്തുള്ള അൽസലാമ എന്ന ക്ലിനിക്കിൽ ജിപി അടി തുടങ്ങി. അപ്പോഴാണ് തൃശ്ശൂരിൽ വെച്ച് പരിചയപ്പെട്ട ഡോക്ടർ ജബീൽ വിളിക്കുന്നത്. അവൻ പരിയാരം മെഡിക്കൽ കോളജിൽ DNB Paediatrics ന ചേർന്നതെ. കൂടെ ജോയിൻ ചെയ്ത ആൾ മതിയാക്കി പോയി, എനിക്ക് ജോയിൻ ചെയ്യാൻ താൽപര്യം ഉണ്ടോ എന്നറിയാനാണ് അവൻ വിളിച്ചത്. ഒരു കച്ചിത്തുരുമ്പ് കിട്ടിയ സന്തോഷത്തിൽ കുട്ടികളുടെ ഡോക്ടർ കൂടിയായ മൂത്ത ജേഷ്ഠനെ വിളിച്ചു. സംശയിച്ചു നിൽക്കാതെ പോയി ജോയിൻ ചെയ്യാനാണ് ജേഷ്ഠൻ പറഞ്ഞത്.

പക്ഷേ, വിധി വീണ്ടും എതിരായിരുന്നു. കാലത്തെഴുന്നേറ്റ റെഡി ആയി വീട്ടിൽ നിന്നും ഇറങ്ങാൻ നിൽക്കുമ്പോഴാണ് പരിയാരത്തെ ഓഫീസിൽ നിന്നും ഫോൺ വരുന്നത്.

"ഇന്നലെ ഒരു ഡോക്ടർ വന്നു ജോയിൻ ചെയ്തു. അത് കൊണ്ട് ഇനി നിങ്ങള് വരേണ്ട."

കരണത്തടി കിട്ടിയത് പോലെ ഞാൻ തരിച്ചിരുന്നു. എന്റെ ഇരിപ്പു കണ്ടാവണം ഉപ്പ വന്നെന്റെ തോളിൽ പിടിച്ചു. ആ കയ്യിന് ഒരു വല്ലാത്ത ശക്തിയായിരുന്നു. ഉപ്പ ഒന്നും പറഞ്ഞില്ല. പക്ഷേ, എനിക്കാ സ്പർശനം തന്നെ ധാരാളം ആയിരുന്നു.

അംനയുടെയും ഉപ്പയുടേയും "കട്ട" സപ്പോർട്ടോടുകൂടി ജി പി തുടർന്നു.

പിന്നീടാണ് നമ്മുടെ കോളജിൽ തന്നെ DNB Paediatrics interview ഉണ്ടെന്ന് അറിഞ്ഞത്.
പ്രത്യേകിച്ച് ഒരു തയ്യാറെടുപ്പും കൂടാതെ, എല്ലാം അറിയാം എന്നുള്ള അമിത ആത്മവിശ്വാസത്തിൽ ഇന്റർവ്യൂ അറ്റൻഡ് ചെയ്തു.
ഇന്റർവ്യൂ ബോർഡിൽ ഉണ്ടായിരുന്നത് സാക്ഷാൽ ലുലു മാഡവും , ഗോപാലൻ സാറും. എന്തേലും ഒക്കെ പറഞ്ഞു ഒപ്പിക്കാം എന്നുള്ള എന്റെ മൂഢവിശ്വാസത്തെ അവർ രണ്ടുപേരും കൂടെ ചേർന്ന് തകർത്തു തരിപ്പണമാക്കി. എന്നാലും റാങ്ക് ലിസ്റ്റ് ഇടുന്നത് വരെ കാത്ത് നിന്നു. പ്രതീക്ഷയോടെ ഒന്ന് നോക്കി.

ഇല്ല; അവർക്ക് തെറ്റിയിട്ടില്ല. എന്റെ പേരില്ല. വെറും കയ്യോടെ വന്നവൻ വെറും കയ്യോടെ പോണമല്ലോ.

പക്ഷേ, വീട്ടുകാരോട് എന്റെ പിടിപ്പുകേട് കൊണ്ടാണ് എന്ന് പറയാൻ പറ്റുമോ ??? ഒരിക്കലും ഇല്ല. പിന്നെ എന്ത് പറയും????

അവർ ആരെയൊക്കെയോ നേരത്തെ സെലക്ട് ആക്കി വെച്ചിട്ട് ചുമ്മാ ആൾക്കാരെ പറ്റിക്കാൻ ഇന്റർവ്യൂ വെച്ചതാണെന്നും പറഞ്ഞു തൽക്കാലം തടി തപ്പി. (ജെസിയ ഇത് വായിക്കുമ്പോൾ മുഷ്ടി ചുരുട്ടുന്നുണ്ടാവും, എന്നെ ഇടിക്കാൻ; കാരണം അവളായിരുന്നു അന്ന് തെരെഞ്ഞെടുക്കപ്പെട്ടവരിൽ ഒരാൾ).

വീണ്ടും ജിപി.
അതിനിടയിലാണ് മിംസിൽ ഇന്റർവ്യൂ ഉണ്ടെന്ന് അറിയുന്നതും അപ്ലൈ ചെയ്യുന്നതും.
'എന്തായാലും നനഞ്ഞു ഇനി കുളിച്ചു കയറണം' എന്നുറപ്പിച്ചു. ഇതാണ് എന്റെ ലാസ്റ്റ് ചാൻസ് എന്നുള്ള തിരിച്ചറിവും വന്നു. രണ്ടാഴ്ച GP ഒഴിവാക്കി ഇന്റർവ്യൂ preparation മാത്രം ആക്കി. വീണ്ടും ഗോദയിലേക്ക്.

'പാപി ചെന്നിടം പാതാളം' എന്നു പറഞ്ഞ പോലെ അവിടെയും ഇന്റർവ്യൂ ബോർഡിൽ ലൂലു മാഡം കൂടെ Dr. സുധ (paed HOD) , Dr. പ്രീത രമേഷ് (neonatal HOD).

അതോടെ എന്റെ എല്ലാ പ്രതീക്ഷകളും അസ്തമിച്ചു.
ഒന്നാമത്തെ കാരണം. ലൂലു മാഡത്തിന് എന്നെ വലിയ പരിചയം ഇല്ലെങ്കിലും കോളജിൽ വെച്ച് നടന്ന ഇന്റർവ്യൂ വിൽ ഞാൻ പറഞ്ഞ മണ്ടത്തരങ്ങൾ എന്തായാലും മറന്നിട്ടുണ്ടാവില്ല.
രണ്ട്:
ആകെ ഉള്ള രണ്ടു സീറ്റിലേക്ക് ഇന്റർവ്യൂവിന് വന്നിട്ടുള്ളത് ഏകദേശം 25ഓളം പേര്. അതിൽ തന്നെ രണ്ടാൾ മിംസിൽ തന്നെ ജോലി ചെയ്യുന്നവരും.

ഒടുവിൽ എന്റെ അവസരം വന്നു. ഇത്തവണ ലൂലു മാഡം തലകുലുക്കി " Well done" എന്നൊക്കെ പറഞ്ഞു. ചെറിയ ഒരു പ്രതീക്ഷ നാമ്പിട്ടു.
എന്റെ മനസ്സിൽ പതിവുപോലെ എല്ലാ പരീക്ഷാ കഴിയുമ്പോഴുണ്ടാകുന്ന അതേ ഫീൽ "ഞാൻ തന്നെ first rank " .

വീണ്ടും GP life.

അപ്രതീക്ഷിതമായി ഒരു ദിവസം മിംസ് അക്കാഡമിയിൽ നിന്നും ജ്യോതിയുടെ കോൾ.
'ഞാൻ എപ്പോഴും സ്വപ്നം കാണാറുള്ള ആ ഒന്നാം റാങ്ക് എനിക്കാണത്രെ'.
സത്യം ആണോ എന്നുള്ള എന്റെ ചോദ്യത്തിന് ജ്യോതിയുടെ ഉത്തരം.
"ഡോക്ടർ ഒഴികെ എല്ലാവരും ഇതിനോടകം എത്രയോ തവണ റാങ്ക് ലിസ്റ്റ് ആയോ എന്നും ചോദിച്ചു വിളിച്ചിരുന്നു. പക്ഷേ ഡോക്ടർ എന്തേ ഇതുവരെ വിളിച്ചില്ല?"

" ആകെ രണ്ടു സീറ്റ് അല്ലേ . എനിക്ക് കിട്ടാൻ സാധ്യത ഇല്ല എന്ന് എന്റെ മനസ്സ് പറഞ്ഞു. വെറുതെ വിളിച്ചു ബുദ്ധിമുട്ടിക്കേണ്ട എന്ന് കരുതി " എന്നു മറുപടി പറഞ്ഞു വിനീതനായി.
ജോയിൻ ചെയ്യാൻ പറഞ്ഞു ഫോൺ വെച്ചു.

മൂന്നാം ഘട്ടം.

വീണ്ടും ഒരു വിദ്യാർത്ഥിയായി മിംസിലേക്ക് ... കോഴിക്കോട്ടേക്ക്...

അന്വേഷിച്ചപ്പോൾ അവിടെ റേഡിയോളജിയിൽ നമ്മുടെ സുജിത് ജാൻ ഉണ്ടെന്ന് അറിഞ്ഞപ്പോൾ സന്തോഷം

ആയി.

അങ്ങനെ ഒരു ഓഗസ്റ്റ് പന്ത്രണ്ടിന് ജീവിതത്തിലെ അടുത്ത അധ്യായം തുടങ്ങി. നേരത്തെ തന്നെ പോയി കുട്ടികളുടെ വിഭാഗം HOD ഡോക്ടർ സുധാമേഡത്തിനെ കണ്ടു. ആദ്യത്തെ പോസ്റ്റിങ്ങ് NICU യിലായിരുന്നു. ഒരു സീനിയർ പിജി കൂടെ വന്നു. മഞ്ചേരിക്കാരിയാണ് പേര് നിഷ. തൃശ്ശൂരിൽ ആയിരുന്ന എം ബി ബി എസ്. ഇവിടെ ഇപ്പൊൾ രണ്ടാം കൊല്ലം. ഏതൊക്കെയോ വഴിയിലൂടെ കുറെ നടന്നു ഒടുവിൽ NICU ന്റെ മുൻപിൽ എത്തി. വാതിലിന്റെ അടുത്തെത്തി. ഞാൻ പറഞ്ഞിട്ട് വരാം എന്ന് പറഞ്ഞു നിഷ അകത്തു കേറി. കുറച്ചു കഴിഞ്ഞു എന്നോട് ഉള്ളിലോട്ടു വരാൻ പറഞ്ഞു.

NICU എന്നെ സംബന്ധിച്ചു ഒരു പുതിയ ലോകമായിരുന്നു. വാതിൽ തുറന്നതും എന്തൊക്കെയോ ശബ്ദങ്ങൾ കേട്ടു. പലതരം ഉപകരണങ്ങൾ (monitors ,ventilators... തുടങ്ങിയ മെഷീനുകളുടെ ഒച്ചയാണ് അതൊക്കെ എന്ന് പിന്നീട് മനസ്സിലായി). രണ്ടു തട്ട് പോലെ തോന്നിക്കുന്ന കുറേ മെഷീനുകൾ (അതാണ് NICU വിന്റെ അത്താണിയായ വാർമർ എന്ന് പിന്നീട് തിരിച്ചറിഞ്ഞു). ഓരോന്നിന്റെയും മുന്നിൽ ഓരോ സിസ്റ്റർമാർ.

എല്ലാവരും ഒരു അൽഭുത ജീവിയെ കാണുന്ന പോലെ എന്നെ തന്നെ നോക്കുന്നു.

കൂട്ടത്തിൽ വെളുത്തു നീണ്ട ഒരു സിസ്റ്റർ (incharge , ത്രേസിയാമ്മ സിസ്റ്റർ) വന്നു കൈ wash ചെയ്തോളൂ എന്ന് പറഞ്ഞപ്പോൾ. "ഹൊ ഇവിടെ break ഫാസ്റ്റ് ഒക്കെ ഉണ്ടല്ലേ" എന്ന് മനസ്സിൽ ലഡ്ഡു പൊട്ടി സന്തോഷത്തോടെ കൈ കഴുകി തിരിഞ്ഞപ്പോൾ ആണ് മനസ്സിലായത്. ഇത് തിന്നാൻ തരാനുള്ള കഴുകൽ അല്ല, NICU യിൽ കേറുമ്പോൾ ഹാൻഡ് വാഷ് നിർബന്ധം ആണെന്ന്. എന്തായാലും മുഖത്തെ ജാള്യത മറച്ചു വെച്ച് കൈ തുടച്ചു. ഗൗണും ഇട്ട് അവരെ അനുഗമിച്ചു.

രണ്ടാമത്തെ ക്യൂബിക്കിളിന്റെ അടുത്ത് റൗണ്ട്സ് നടക്കുകയാണ്. കുറെ പേരുണ്ട്. കണ്ടപ്പോൾ തന്നെ " Welcome to our MIMS paed family " എന്നുള്ള മധുര സ്വരം. പ്രീത രമേഷ് മാഡം ആണ്, സന്തോഷമായി. മാഡം ഓരോരുത്തരെയായി പരിചയപ്പെടുത്തി. കൂട്ടത്തിൽ ഏറ്റവും ഉയരമുള്ള ഒരു ബുദ്ധി ജീവിയെ പോലെ തോന്നിക്കുന്ന ഒരാൾ എന്നെ ഒരു മയവുമില്ലാതെ നോക്കുന്നു. അദ്ദേഹത്തിന്റെ നോട്ടം എന്നെ വല്ലാതെ അസ്വസ്ഥനാക്കി. എന്തെങ്കിലും ഒന്ന് പറഞ്ഞെങ്കിൽ എന്ന് ആഗ്രഹിച്ചെങ്കിലും അദ്ദേഹം ഒന്നും മിണ്ടിയില്ല എന്ന് മാത്രമല്ല എന്നെത്തന്നെ നോക്കിനിന്നു. അദ്ദേഹത്തിന്റെ മുഖത്ത് നിന്നും എനിക്ക് വായിച്ചെടുക്കാൻ പറ്റിയത് ഇങ്ങനെ ആയിരുന്നു.

"ഏതാ ഇവൻ. ഇവനൊന്നും ഈ കോഴ്സിന് പറ്റിയതല്ല. എന്തിനാ മോനേ നീ ഈ വയ്യാവേലിക്കു വന്നത് "

അദ്ദേഹം ആണ് പിന്നീട് എന്റെ ജീവിതത്തിൽ എന്നെ ഏറ്റവും സ്വാധീനിച്ച വ്യക്തി. ഇപ്പോഴും എന്താവശ്യം ഉണ്ടെങ്കിലും ഏതു സമയത്തും എനിക്ക് വിളിക്കാൻ സ്വാതന്ത്ര്യവും എന്റെ പ്രശ്നങ്ങൾക്ക് ഉത്തരവും നൽകുന്ന 'ഡോക്ടർ ആനന്ദ്'.

ഏകദേശം രണ്ടാഴ്ച്ച ആയിക്കാണും, റൗണ്ട്സ് കഴിഞ്ഞു നിൽക്കുന്ന സമയത്താണ് അമ്മനക്ക് പ്രസവ വേദന തുടങ്ങി എന്നും പറഞ്ഞു വീട്ടിൽ നിന്നും വിളി വരുന്നത്. ജോയിൻ ചെയ്തു രണ്ടാഴ്ച്ച മാത്രം "പ്രായമുള്ള" ഒരു ഒന്നാം വർഷ പി ജി എങ്ങനെ ലീവ് ചോദിക്കും. എന്നാലോചിച്ചു തലപുകഞ്ഞു സമ്മറി ടൈപ്പ് ചെയ്തു കൊണ്ടിരിക്കുമ്പോൾ ആണ് ആരോ പ്രീത മാഡത്തിനോട് കാര്യം പറയുന്നതും, മാഡം എന്നെ തിരക്കി എന്റെ അടുത്തേക്ക് വരുന്നതും.

"ഖിൽജീ വേഗം പൊക്കോ ചെക്കാ... ഇപ്പോ നീ അവളുടെ കൂടെ വേണം." എന്നുള്ള വാത്സല്യത്തോടെ ഉള്ള വാക്കുകൾ കേൾക്കേണ്ട താമസം ഞാൻ സീറ്റിൽ നിന്നും എഴുന്നേറ്റു. മാഡത്തിനൊരു നന്ദി പറഞ്ഞു. ശരവേഗത്തിൽ ഹോസ്റ്റലിൽ പോയി ബാഗ് എടുത്തു, ബസിൽ കേറി തിരുരങ്ങാടി ഉള്ള അവളുടെ ഉമ്മാന്റെ വീട്ടിലേക്ക് പുറപ്പെട്ടു.

ഞാൻ എത്തിയപ്പോഴേക്കും അവളെ MKH ഹോസ്പിറ്റലിൽ എത്തിച്ചിരുന്നു. അപ്പോഴാണ് അറിയുന്നത് സ്ഥിരമായി കാണിക്കുന്ന ഡോക്ടർ ഓണം പ്രമാണിച്ചു ലീവ് ആണത്രേ. ഇനി എന്ത് ചെയ്യും എന്നൊരു നിമിഷം പകച്ചു നിന്നു. അപ്പോഴാണ് പരപ്പനങ്ങാടി "നഹാസ്" ഹോസ്പിറ്റലും ഡോക്ടർ റജീനയും അടുത്തുണ്ടല്ലോ എന്ന് ഓർത്തത്. ഡോക്ടർ റജീനയെ വിളിച്ചു കാര്യം പറഞ്ഞു.

"നിന്നു ടെൻഷൻ അടിക്കാതെ ഇങ്ങോട്ട് വാടാ" എന്ന മറുപടിയിൽ തളർന്നു കൊണ്ടിരുന്ന മനസ്സും ശരീരവും വീണ്ടും ഉഷാറായി. ഹൗസ് സർജൻസിക്കിടയിൽ പുട്ടുകച്ചവടം ആയി നഹാസ് ആശുപത്രിയിലും ജിപി

അടിച്ചിരുന്നു. ഡോക്ടർ റജീനയെ അന്നേ പരിചയപ്പെട്ടിരുന്നു. അവിടെ എത്തി, പരിശോധന കഴിഞ്ഞ് "കുട്ടിക്ക് നല്ല വെയ്റ്റ് ഉണ്ട്, കുഴപ്പം ഉണ്ടാകില്ല. നമുക്ക് നോക്കാം." എന്ന് കേട്ടപ്പോൾ വീണ്ടും ആശ്വാസം ആയി.

പിറ്റേന്ന് ഉത്രാട ദിവസം രാവിലെ 9 മണിയോടെ ഞങ്ങളുടെ ആദ്യത്തെ കണ്മണി പിറന്നു. ആഗ്രഹിച്ചത് പോലെ തന്നെ, പെൺകുട്ടി.
മൂന്നാമത്തെ ദിവസം ഡിസ്ചാർജ് ചെയ്തു. അവർ വീട്ടിലേക്കും ഞാൻ കോഴിക്കോട്ടേക്കും മടങ്ങി.

ആദ്യത്തെ മൂന്നു മാസം NICU യിൽ ആയിരുന്ന പോസ്റ്റിങ്ങ്. ഇവിടെ ഓരോ കുട്ടിയെ കാണുമ്പോഴും ഞാൻ എന്റെ മോളെ ഓർക്കും. അവരിലൂടെ ഞാൻ അവളെ കണ്ടു, കയ്യിലെടുത്തു, ഓമനിച്ചു. അതുകൊണ്ടു കൂടി ആവാം എന്റെ ഓരോ നീക്കത്തിലും സ്നേഹവും ആത്മാർത്ഥതയും നിറഞ്ഞിരുന്നു. പോസ്റ്റിങ്ങ് കഴിയുമ്പോഴേക്കും കൂടെ ഉള്ള മറ്റു പി ജീസുമായും സീനിയർ ഡോക്ടർമാരുമായും നല്ല അടുപ്പം ആയി. എന്നാലും ആനന്ദ് സാറിന് എന്നെ അത്രയ്ക്ക് അങ്ങോട്ട് പിടിച്ചിട്ടില്ല എന്ന് എപ്പോഴും മനസ്സിൽ തോന്നുമായിരുന്നു. സാറിന്റെ ഓരോ ശാസനകളും എന്നെ കൂടുതൽ കൂടുതൽ പുസ്തകങ്ങളുമായി അടുപ്പിച്ചു.

രണ്ടാമത്തെ വർഷം പകുതിയോടെ ആനന്ദ് സാറിന്റെ ഭാര്യ മഞ്ജു മാഡവും കുട്ടികളുടെ വിഭാഗത്തിൽ ജോയിൻ ചെയ്തു.

'ഞാൻ അലാവുദ്ദീൻ' എന്ന് പറഞ്ഞു പരിചയപ്പെട്ടപ്പോൾ

" നീയാണോ അലാവു ... ആനന്ദ് എപ്പോഴും നിന്നെക്കുറിച്ചു പറയാറുണ്ട്."
എന്താ പറഞ്ഞത് എന്ന് ചോദിക്കണം എന്നുണ്ടായിരുന്നു. പക്ഷേ, ആദ്യം പരിചയപെടുമ്പോൾ തന്നെ ചോദിച്ചു കളമാക്കണ്ട എന്ന് കരുതി ഡീസന്റ് ആയി. കൂടുതൽ പരിചയപ്പെട്ടപ്പോൾ ഒരു ദിവസം കാന്റീനിൽ ചായ കുടിച്ചു കൊണ്ടിരിക്കുമ്പോൾ മാഡം വീണ്ടും ബാക്കി പറഞ്ഞു.

ആദ്യം കണ്ടപ്പോൾ നീ ഈ കോഴ്സ് പൂർത്തിയാക്കും എന്ന് പോലും ആനന്ദിന് തോന്നിയില്ലത്രേ. എന്നാൽ ഇപ്പോൾ നീയില്ലാതെ ഡിപ്പാർട്ട്മെന്റ് മുൻപോട്ടു പോകില്ല എന്നാണ് ആനന്ദ് പറയുന്നത്. നീ ആണ് കൂടെ ഡ്യൂട്ടി എങ്കിൽ സീനിയർ 'on call 'എടുക്കാൻ ആനന്ദിന് ഭയങ്കര സന്തോഷം ആണ് ."

എനിക്ക് സന്തോഷം കൊണ്ട് കണ്ണ് നിറഞ്ഞു. കുടിക്കുന്ന ചായയൊക്കെ തൊണ്ടയിൽ തന്നെ കുറച്ചു നേരം നിന്നു. ഞാൻ അത്രേം ബഹുമാനിക്കുന്ന എന്റെ ടീച്ചർ എന്നെ പറ്റി അങ്ങനെ പറഞ്ഞു എന്നറിഞ്ഞപ്പോൾ... എനിക്കറിയില്ല അന്നും ഞാൻ വാക്കുകൾ കിട്ടാതെ ഇരുന്നു. ഇന്നും ആ നിമിഷങ്ങളെക്കുറിച്ച്, അനുഭവങ്ങളെക്കുറിച്ച് പറയാൻ, ഉള്ളിലുള്ളത് പോലെ പറയാൻ എനിക്ക് വാക്കുകൾ കിട്ടുന്നില്ല.
ആ വാക്കുകൾ എന്നെ വല്ലാതെ സ്വാധീനിച്ചു. എന്നെ കൂടുതൽ ഉത്തരവാദിത്തപ്പെട്ടവനാക്കി എന്നും പറയാം. ഈ ഒരു സംഭവത്തിന് ശേഷം ആണ് ഞാൻ ശരിക്കും പി ജി ലൈഫ് ആസ്വദിക്കാൻ തുടങ്ങിയത്.

ആ കാലത്തു മറക്കാൻ പറ്റാത്ത കുറെ അനുഭവങ്ങൾ കൂടി ഉണ്ട്. ചിലതെല്ലാം ഞാൻ ഓർത്തെടുക്കട്ടെ.

ഒരിക്കൽ PICU നൈറ്റ് ഡ്യൂട്ടി എടുക്കുകയാണ്. ഏകദേശം രാത്രി ഒരു മണി ആയിക്കാണും, വാർഡ് ഓൺ കോൾ ആയ ജൂനിയർ പി ജി യുടെ കാൾ.
"നാളെ സർജറിക്ക് പോസ്റ്റ് ചെയ്തിട്ടുള്ള ഒൻപതു വയസ്സുള്ള കുട്ടിക്ക് ശ്വാസത്തിന് എന്തോ ഒരു ബുദ്ധിമുട്ട്, ഞാൻ PICU വിലേക്ക് ഷിഫ്റ്റ് ചെയ്യുന്നുണ്ട് ".
കുട്ടി എത്തി കേസ് ഷീറ്റ് നോക്കിയപ്പോൾ സ്ക്രോട്ടത്തിൽ ഉള്ള ഒരു sebacious cyst exicion നു വേണ്ടി അഡ്മിറ്റ് ചെയ്ത കുട്ടിയാണ്..
ശ്വാസമെടുക്കാൻ കഴിയാതെ അവൻ വെപ്രാളപ്പെടുന്നുണ്ട്.
പരിശോധിച്ചപ്പോൾ ഇടതു സൈഡ് ചെസ്റ്റിൽ എയർ എൻട്രി തീരേ കിട്ടുന്നില്ല. Percuss ചെയ്തപ്പോൾ Hyper-resonant.

പടച്ചോനെ "Pnuemothorax".
പോർട്ടബിൾ x-ray എടുക്കാൻ ടെക്നീഷ്യനെ വിളിച്ചു. സിസ്റ്ററോട് ICD സെറ്റ് റെഡി ആക്കാൻ പറഞ്ഞു (paed pgs തന്നെ ആണ് ICD ഇടാറുള്ളത്). അപ്പോഴേക്കും അവന്റെ ബുദ്ധിമുട്ട് കുറയ്ക്കാൻ needle aspiration ചെയ്യാം എന്ന് കരുതി. Scalp vein needle ഇട്ടു. കുറേ എയർ ബബ്ബിൾ ചെയ്തു. അവനു ആശ്വാസം ആയി.

എനിക്കും. കൂടെ എന്റെ diagnosis ശരിയായല്ലോ എന്നുള്ള സന്തോഷവും.

അപ്പോഴേക്കും x-ray എടുത്തു. ഫിലിം കണ്ടപ്പോൾ കണ്ണ് തള്ളി പോയി. ഒരു black out left side പ്രതീക്ഷിച്ചു

x-ray നോക്കിയ ഞാൻ full white out ആയ left side ആണ് കണ്ടത്. വീണ്ടും ഒന്ന് കൂടെ percuss ചെയ്തു നോക്കി . ഇല്ല എനിക്ക് തെറ്റിയിട്ടില്ല. stony Dull പോയിട്ട് dull note പോലും അല്ല. ഇനി ഹൈപ്പർ resonant അല്ലെങ്കിലും resonant തന്നെ. പിന്നെ എന്താ എക്സറേ ഇങ്ങനെ ??
സൂക്ഷിച്ചു നോക്കിയപ്പോൾ ആണ് കണ്ടത് വൈറ്റ് ഔട്ടിന്റെ ഇടയിൽ ചെറിയ ചെറിയ air pockets. ഒറ്റനോട്ടത്തിൽ ഒരിക്കലും മനസ്സിലാകില്ല.
Intestinal loops പോലെ.

പെട്ടെന്നാണ് കത്തിയത്. Yes, it is left sided congenital diaphragmatic hernia.
9 വയസ്സ് വരെ ഒരു പ്രശ്നവും ഉണ്ടാക്കാത്ത ജന്മനാ ഉള്ള അസുഖം.

എന്തായിരിക്കും ഇന്ന് അവൻ symptomatic ആകാൻ കാരണം ?. ഒരെത്തും പിടിയും കിട്ടുന്നില്ല.
Stomach expand ആയി ആ സൈഡിലുള്ള ശ്വാസകോശത്തിനെ കമ്പ്രെസ്സ് ചെയ്തപ്പോൾ ആയിരിക്കും അവനു ശ്വാസം മുട്ടുണ്ടായത്.
പക്ഷേ ഇത്രേം കാലം എന്തുകൊണ്ടാണ് അവനു ഫുഡ് കഴിച്ചപ്പോൾ ഒരു ബുദ്ധിമുട്ടും ഉണ്ടാകാതിരുന്നത് ??
ഉത്തരം കിട്ടാത്ത കുറെ ചോദ്യങ്ങൾ.
കുട്ടിയുടെ കൂടെ ഉള്ളവരോട് എന്ത് പറയും. നാളെ ഒരു സിമ്പിൾ സർജറിക്ക് അഡ്മിറ്റ് ആയ കുട്ടിക്ക് അതിനു പകരം ഒരു major surgery വേണം എന്ന് പറഞ്ഞാൽ ... അതും ഒരു ജൂനിയർ ആയ ഞാൻ .

ഇല്ല അത് പറ്റില്ല.
ഞാൻ വേഗം Paed surgery consultant നെ വിളിച്ചു കാര്യങ്ങൾ പറഞ്ഞു.

"ഏയ് നിനക്ക് തെറ്റിയതാകും CDH ആകാൻ സാധ്യത ഇല്ല. എന്തായാലും ഞാൻ ഇപ്പൊൾ വരാം. "

സാർ വന്നപ്പോഴേക്കും രക്ഷിതാക്കളോട് ചെറിയ ഒരു ബുദ്ധിമുട്ടുണ്ടെന്നും ഇപ്പൊൾ അവൻ ഓകെ ആണ് എന്നാലും നിങ്ങളുടെ ഡോക്ടർ വരുന്നുണ്ട്, വന്നിട്ട് വിശദ വിവരം പറയും എന്നും പറഞ്ഞു വെച്ചു. സാർ എത്തി. എക്സറേ കണ്ടപ്പോൾ സാറിന് എന്റെ ഡയഗ്നോസിസിനോട് യോജിക്കാൻ കഴിഞ്ഞില്ല. പോർട്ടബിൾ USG കൊണ്ട് വരാൻ പറഞ്ഞു (ഞാൻ അതിനെ പറ്റി ഓർത്തിരുന്നില്ല).

USG ചെയ്തു, CDH സ്ഥിരീകരിച്ചു .

സാർ തന്നെ കൂടെ ഉള്ളവരോട് കാര്യങ്ങൾ വിശദീകരിച്ചു. ബാക്കി രാവിലെ പറയാം എന്നും പറഞ്ഞു തിരിച്ചു പോയി.

നൈറ്റ് ഓഫിന്റെ പിറ്റേന്ന് Morning class നു ചെന്നപ്പോൾ "ഞാൻ ഹീറോ" ആയിരുന്നു.

എല്ലാവരും ആ എക്സറേ കണ്ട് CDH diagnose ചെയ്തത് അപാരം തന്നെ എന്ന് അഭിനന്ദിച്ചു. അവർ ആയിരുന്നെങ്കിൽ ഒരു പക്ഷേ വല്ല effusion ആണ് എന്ന് കരുതി ICD കുത്തികേറ്റിയേനെ എന്നൊക്കെ പറഞ്ഞു എന്നെ ആകാശത്തോളം പൊക്കി.

കുറച്ചു കഴിഞ്ഞപ്പോൾ ആനന്ദ് സാറിന്റെ കാൾ "അലാവു... നീ ഇന്നലെ തകർത്തല്ലോ. CONGRATULATIONS, KEEP IT UP"

അത് കൂടി കേട്ടപ്പോൾ ഞാൻ ശൂന്യാകാശത്തിൽ എത്തിയത് പോലെ പറക്കാൻ തുടങ്ങി.

പക്ഷേ, എന്റെ paed surgery consultant പറഞ്ഞതായിരുന്നു സത്യം (നഗ്ന) എന്ന് തോന്നുന്നു. അദ്ദേഹം എന്നെ appreciate ചെയ്തില്ല പകരം എന്നോട് പറഞ്ഞത്
" നീ needle ഇട്ടപ്പോൾ stomach എങ്ങാനും rupture ആയിരുന്നു എങ്കിൽ എന്താകുമായിരുന്നു എന്ന്??? "

ശരിയല്ലേ?
ശരിയാണോ???

എന്തായാലും അവന്റെ CDH repair പിറ്റേന്ന് തന്നെ ചെയ്തിരുന്നു. Surgeon പേടിച്ചത് പോലെ rupture ആകാത്തത് കൊണ്ട് ഞാൻ രക്ഷപ്പെട്ടു.

.....

മറ്റൊരു ഡ്യൂട്ടി ദിവസം. ഉച്ച സമയം. വാർഡിൽ നിന്നും ഒരു കോൾ. കുട്ടിക്ക് ഛർദി.
ചെന്ന് നോക്കിയപ്പോൾ LRTI ആയി അഡ്മിറ്റ് ചെയ്ത 2 വയസ്സുള്ള കുട്ടിയാണ്. പരിശോധനയിൽ വലിയ കുഴപ്പം ഒന്നും ഇല്ല.. Inj emeset കൊടുക്കാൻ പറഞ്ഞു. ഞാൻ തിരിച്ചു പോന്നു.
കുറച്ചു കഴിഞ്ഞപ്പോൾ കുട്ടിക്ക് മേലെന്തൊക്കെയോ പൊങ്ങിയിട്ടുണ്ട് എന്നും പറഞ്ഞു വീണ്ടും കാൾ.
ചെന്ന് നോക്കിയപ്പോ urticaria ആണ്.

"എന്തെങ്കിലും പ്രത്യേകിച്ച് കഴിച്ചിരുന്നോ" എന്നുള്ള എന്റെ ചോദ്യവും "നിങ്ങള് വന്ന ഇഞ്ചക്ഷൻ കൊടുത്ത് reaction വരുത്തീട്ട് ഞങ്ങൾ കൊടുത്ത ഭക്ഷണത്തിന് കുറ്റം കണ്ട് പിടിക്കാണോ"

എന്നുള്ള ഉപ്പപ്പാന്റെ ആക്രോശവും ഒന്നിച്ചായിരുന്നു. Anti allergic medications ഒന്നും കൊടുക്കാൻ സമ്മതിച്ചില്ല. സീനിയർ കൺസൾട്ടന്റ് വന്ന കാണണം എന്ന് വാശി.

സുരേഷ് സാർ വന്ന കണ്ടു. സീൻ ശാന്തം ആക്കി. ഞാൻ അവിടെ നിന്നും പോന്നു.

കുറച്ചു കഴിഞ്ഞു സിസ്റ്റർ വിളിച്ചു പറഞ്ഞു "ഡോക്ടർജി, ഇന്ന് ഇനി ഈ വഴിക്കു വരണ്ട. ആ അപ്പൂപ്പൻ ഡോക്ടറെ കണ്ടാൽ കൊല്ലും എന്നും പറഞ്ഞു ഇവിടെ ഭയങ്കര ബഹളം ആണ്. "

സത്യം പറഞ്ഞാൽ എനിക്ക് പേടിയൊന്നും തോന്നിയില്ല. പക്ഷേ വലിയ വിഷമം ആയി. തെറ്റൊന്നും ചെയ്യാതെ കുറ്റം ആരോപിക്കപ്പെട്ടവന്റെ വേദന.
ഞാൻ സുരേഷ് സാറിനെ വിളിച്ചു കാര്യം പറഞ്ഞു.
" അലാവുദ്ദീൻ ഇതൊക്കെ വളരെ ചെറിയ കാര്യം. ഇതിലും വലുത് ഒക്കെ നമ്മൾ കേൾക്കാനുള്ളത് ആണ്. ഞാൻ ഒക്കെ ഇതിലും വലിയ പ്രശ്നങ്ങൾ നേരിട്ടിട്ടുണ്ട്. നമ്മൾ ചെയ്തത് ശരിയാണ് എങ്കിൽ ഇതൊന്നും ആലോചിച്ചു തല പുകക്കരുത്"

സുരേഷ് സാർ അന്ന് ഈവെനിംഗ് റൗണ്ട്സിനു പോയപ്പോൾ വീണ്ടും അവരോട് സംസാരിക്കുകയും അദ്ദേഹത്തെ കൊണ്ട് തന്നെ എന്നോട് ഫോണിൽ സംസാരിപ്പിക്കുകയും മാപ്പു പറയിപ്പിക്കുകയും ചെയ്തു.

എനിക്ക് വന്ന ഒരു പ്രശ്നത്തിൽ ഇത്രേം ഇടപെടുന്ന ടീച്ചേഴ്സിനെ കിട്ടിയത് ശരിക്കും ഒരു ഭാഗ്യം തന്നെ, അല്ലേ?

അങ്ങനെ കാലം കുറേ കടന്നു പോയി. ഫൈനൽ ഇയർ തിയറി പരീക്ഷ കഴിഞ്ഞു. പ്രൈമറി ഡി എൻ ബി ക്കാരുടെ അവസ്ഥ അറിയാലോ. പാസ്സാകുന്നവരുടെ എണ്ണം വളരേ കുറവ്. മാത്രമല്ല, തിയറിയുടെ റിസൾട്ട് വന്നാലേ വീണ്ടും തിയറിക്കു പഠിക്കണോ അതോ പ്രാക്ടിക്കലിന് പഠിക്കണോ എന്നൊക്കെ ഉറപ്പിക്കാൻ പറ്റൂ. ഒരു തരം അനിശ്ചിതാവസ്ഥ.

റിസൾട്ട് വന്നു എന്നറിഞ്ഞു. എന്റെ നമ്പർ അടിച്ചപ്പോൾ സ്ക്രീനിൽ തെളിഞ്ഞ വാക്ക് കണ്ടു കണ്ണുകളിൽ ഇരുട്ട് കയറി.

"Sorry ..."

എന്താണ് ചെയ്യേണ്ടത് എന്ന് അറിയില്ല.

ആരെയും കാണാൻ നിന്നില്ല. അപ്പുറത്തു ക്ളാസ് എടുക്കാൻ കാത്തിരിക്കുന്ന സുധാ മാഡത്തിനു മുഖം കൊടുക്കാതെ, ഒന്നും പറയാതെ പുറത്തേക്കിറങ്ങി. കാർ എടുത്തു താമസസ്ഥലത്തേക്ക്... സത്യം പറഞ്ഞാൽ മാങ്കാവ് വീട്ടിൽ എത്തിയത് എന്തോ ദൈവാനുഗ്രഹം. കാർ ഓടിക്കുമ്പോൾ എനിക്ക് ഒന്നും കാണുന്നുണ്ടായിരുന്നില്ല. ഞാൻ കരയുകയായിരുന്നു. കണ്ണിൽ നിന്നും കണ്ണുനീർ ധാര ധാരയായി ഒഴുകി കൊണ്ടേ ഇരിക്കുന്നു.
എന്ത് പറയും എല്ലാവരോടും?

അംനയോട് ? അവളുടെ വീട്ടുകാരോട്? എന്റെ വീട്ടുകാരോട്?? ടീച്ചേഴ്സിനോട് ?
ആത്മഹത്യ ചെയ്യുന്നതിനെ കുറിച്ച് പോലും ആലോചിച്ചു.

എങ്ങനെയോ വീട്ടിൽ എത്തി. റൂമിനകത്തു കയറി വാതിലടച്ചു. സങ്കടം സഹിക്കാൻ കഴിയുന്നില്ല. കുറെ കരഞ്ഞു.

കുറച്ചു കഴിഞ്ഞപ്പോൾ വെറുതെ ലാപ് എടുത്തു. ഒരിക്കൽ കൂടെ നാഷണൽ ബോർഡിന്റെ സൈറ്റിൽ കയറി. ആദ്യം റോൾ നമ്പർ ; അത് രണ്ടു മൂന്ന് പ്രാവശ്യം ക്രോസ്സ് ചെക്ക് ചെയ്തുകൊണ്ട് ടൈപ്പ് ചെയ്തു. അടുത്തത് Date of birth ആണ്. അതിൽ കംപ്ലീറ്റ് DOB ടൈപ്പ് ചെയ്തു. (നേരത്തെ വർഷം മുഴുവനായും അടിച്ചിരുന്നില്ല). എനിക്കെന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല.

നേരത്തെ കണ്ട "sorry" ക്ക് പകരം ഇപ്പൊൾ "Congratulations " എന്നാണ് സ്ക്രീനിൽ തെളിയുന്നത്.

ഞാൻ ഒന്നും കൂടെ ഉറപ്പാക്കി. ഇല്ല ഞാൻ തോറ്റിട്ടില്ല.

സന്തോഷം കൊണ്ട് ശരിക്കും ഞാൻ തുള്ളിച്ചാടുക തന്നെ ആയിരുന്നു. കഴിഞ്ഞ നിമിഷം വരെ ലോകം തന്നെ അവസാനിച്ചു എന്ന് കരുതിയ എനിക്ക് ലോകം കീഴടക്കിയ പ്രതീതി. ഉടനെ തന്നെ സുധാമാധത്തിനെയും പ്രീത മാധത്തിനെയും വിളിച്ചു. സന്തോഷം കൊണ്ട് എനിക്ക് ഒന്നും പറയാൻ തന്നെ പറ്റുന്നുണ്ടായിരുന്നില്ല. സത്യം പറഞ്ഞാൽ അപ്പോഴും ഞാൻ കരയുകയായിരുന്നു. ഇത്തവണ സങ്കടം കൊണ്ടല്ല; സന്തോഷം കൊണ്ടാണെന്നു മാത്രം.

അവസാനം എന്റെ തൊണ്ടയിൽ നിന്നും വാക്കുകൾ പുറത്തു വന്നു.

" മാഡം ഞാൻ തോറ്റിട്ടില്ല. ഞാൻ ജയിച്ചിരിക്കാണ് "

അപ്പോഴേക്കും 'ഞാൻ തോറ്റു" എന്ന് ഡിപ്പാർട്ട്മെന്റിൽ വാർത്ത പരന്നിരുന്നു. സുധ മാഡം ക്ളാസ് പോലും എടുക്കാതെ തിരിച്ചു പോയത്രേ.

ജീവിതത്തിൽ ഏറ്റവും അധികം സന്തോഷിച്ച ദിവസം ആയിരുന്നു അത്. അത് എങ്ങനെ പറഞ്ഞറിയിക്കും എന്നറിയില്ല. ആദ്യം നോക്കിയപ്പോൾ തന്നെ ജയിച്ചു എന്നറിഞ്ഞു എങ്കിൽ ഇത്രേം സന്തോഷം ഉണ്ടാകുമായിരുന്നില്ല.

പ്രാക്ടിക്കൽ പരീക്ഷക്ക് കാഞ്ചി കാമകോടിയിൽ ആയിരുന്നു (Coimbatore) സെന്റർ. ടെൻഷൻ അടിച്ചു മരിച്ചാണ് പരീക്ഷക്ക് പോയത്. പക്ഷേ കഴിഞ്ഞപ്പോൾ പ്രീത മാഡം പണ്ട് ലൂലു മാഡത്തിന്റെ ക്ലാസ്സിനു പറഞ്ഞ 'തീയിൽ കുരുത്തത് വെയിലത്ത് വാടില്ല" എന്നത് അക്ഷരാർത്ഥത്തിൽ ശരിയാണെന്ന് മനസ്സിലായി. ബുദ്ധിമുട്ടൊന്നും ഉണ്ടായില്ല. രണ്ടു കേസും മനോഹരം ആയി തന്നെ പ്രെസന്റ് ചെയ്തു. OSCE യും അസ്സലായിട്ട് ചെയ്യാൻ പറ്റി.

Full credit to my beloved teacher Lulu madam.

പാസ്സ് ആകും എന്ന കാര്യത്തിൽ സംശയം ഒന്നും ഉണ്ടായിരുന്നില്ല.

പാസായതിനു ശേഷവും ഏകദേശം ആറു മാസത്തോളം വീണ്ടും മിംസ് NICU+PICU വിൽ ജോലി ചെയ്തു.

സ്വന്തം മക്കളെ പോലെ ഞങ്ങളെ സ്നേഹിച്ച പ്രീത madam &സുധ madam.
എന്ത് complicated case ആണേലും പുഞ്ചിരിയോടെ നേരിടുന്ന വിജയൻ സാർ. ഞാൻ ഇടക്കിടക്ക് എടുത്തു പറഞ്ഞ എന്റെ സ്വകാര്യ അഹങ്കാരമായ ആനന്ദ് സാറും ഭാര്യ മഞ്ജു മാഡവും. എന്തെങ്കിലും നിയമവശം അറിയണമെങ്കിൽ ഓർമയിൽ ആദ്യം തെളിയുന്ന മാമൻ സാർ. വർഷം കൂടുംതോറും പ്രായം കുറഞ്ഞു വരുന്ന രേണു മാഡം, പുഞ്ചിരി മായാത്ത രമ മാഡം, എളിമയുടെ പര്യായം ആയ സുജാത മാം. ഇങ്ങനെ നീളുന്ന എന്റെ പ്രിയ ടീച്ചേഴ്സ്. കൂടെ ഗ്ലാഡ്വിൻ, റെജുൽ, ഷൈമ, ലിജി,ദീപ, സന്ധ്യ, ഷീജ തുടങ്ങിയ സ്റ്റാഫ് നഴ്സെസും ഒന്നിച്ച് നൽകിയ യാത്രയയപ്പ്. ഇന്നും ഓർമ്മയിലുണ്ട്.

"അലാവു ഇല്ലാത്ത ഒരു dept, ഞങ്ങൾക്ക് ഓർക്കാൻ വയ്യ. ഉപ്പില്ലാത്ത കഞ്ഞി പോലെ ആണ് " എന്ന് പറഞ്ഞ ദേവരാജ്. ഒരു പക്ഷെ എല്ലാവരോടും പറയുന്നതാകാം. പക്ഷേ ഞാൻ അത് രണ്ട് കയ്യുംനീട്ടി സ്വീകരിച്ചു.

"ഞാൻ പോയാലും എന്നേക്കാൾ മിടുക്കൻ ആയ ഒരാൾ വരും" എന്ന് മറുപടി പറയുമ്പോൾ എന്റെ കണ്ണ് നിറഞ്ഞിരുന്നു.

"അവർക്കൊന്നും അലാവുവിന് പകരം ആകാൻ പറ്റില്ല" എന്ന് ആനന്ദ് സാർ പ്രതികരിച്ചപ്പോൾ ഞാൻ വീണ്ടും ശബ്ദമില്ലാതെ സന്തോഷം കൊണ്ട് കരഞ്ഞു. എല്ലാ അനുഗ്രഹങ്ങളും ആശിർവാദങ്ങളും ഞാൻ രണ്ടു കൈ കൊണ്ടും ശിരസ്സു നമിച്ചു സ്വീകരിച്ചു. ചിലർക്കെങ്കിലും ഇതൊക്കെ ഒരു "സെൽഫ്" അടി ആയി തോന്നിയേക്കാം.

പക്ഷെ ഇതെന്റെ സത്യങ്ങളാണ്, ജീവിതമാണ്, മുന്നോട്ടുള്ള പ്രയാണങ്ങൾക്കു എന്റെ ആവനാഴിയിൽ എനിക്ക് കൂട്ടും കരുതലും ആയേക്കാവുന്ന എന്റെ "ആത്മവിശ്വാസങ്ങൾ" ആണ്.

അനുഗ്രഹങ്ങളും ആശീർവാദങ്ങളും ആത്മവിശ്വാസവും അഭിമാനവും അടങ്ങിയ എന്റെ പാഥേയം മുറുക്കി ഞാൻ മിംസിന്റെ പടികൾ ഇറങ്ങി. കടലിന്റെ മക്കളുടെ കണ്ണീരൊപ്പുന്ന പരപ്പനങ്ങാടി നഹാസിലേക്ക്...

നാലാം ഘട്ടം

പരപ്പനങ്ങാടി "നഹാസ്" ഹോസ്പിറ്റലിൽ ജിപി അടിച്ച കാര്യം ഞാൻ നേരത്തെ പറഞ്ഞിരുന്നല്ലോ. അന്ന് തൊട്ടേ മാനേജിംഗ് ഡയറക്ടർ ആയ ഡോക്ടർ മുനീർ സാറുമായി നല്ല ബന്ധം പുലർത്തിയിരുന്നു. അത് കൊണ്ട് തന്നെ ബീവിയുടെ പ്രസവത്തിനായി വീണ്ടും നഹാസിലെത്തിയപ്പോൾ ഞങ്ങൾക്ക് പ്രത്യേക പരിഗണന തന്നെ കിട്ടി.

'Peadiatrics' ആണ് എടുത്തത് എന്ന് അറിഞ്ഞപ്പോ തന്നെ " കോഴ്സ് കഴിഞ്ഞാൽ ഇങ്ങോട്ട് വരണം ട്ടോ " എന്ന് സാർ പറഞ്ഞത് ചുമ്മാ തമാശ ആയിട്ടാണ് അന്ന് തോന്നിയത്. എന്നാലും പാസ്സായ വിവരം വിളിച്ചു പറഞ്ഞു.

"എന്നാ ഇവിടെ ജോയിൻ ചെയ്യുന്നേ? എന്നാണ് സാർ തിരിച്ചു ചോദിച്ചത്.

" സർട്ടിഫിക്കറ്റ് കിട്ടട്ടെ സാർ " എന്നും പറഞ്ഞ് തൽക്കാലം ഒഴിഞ്ഞു മാറി.

എന്റെ ജേഷ്ഠൻ മഞ്ചേരി ആണ് താമസം. അതുകൊണ്ട് തന്നെ ഉമ്മാന്റേം ഉപ്പാന്റേം കൂടെ, ഞാൻ ഏറെ സ്നേഹിക്കുന്ന എന്റെ പ്രിയപ്പെട്ട പെങ്ങളുടെ കൂടെ താമസിക്കണം എന്നുള്ള താൽപര്യവും ഉണ്ടായിരുന്നു. ഒടുവിൽ മിംസിൽ നിന്നും മാറി നിൽക്കാൻ തീരുമാനിച്ചപ്പോൾ, ഒരു 'പട്ടിക്കാട് ' കാരൻ ആയ ഞാൻ വീടിന്റെ അടുത്ത് പെരിന്തൽമണ്ണയിൽ എവിടെ എങ്കിലും ജോയിൻ ചെയ്യണം എന്നാണ് ആഗ്രഹിച്ചിരുന്നത്. ഒരു പക്ഷേ, എന്റെ " നല്ലകാലത്തിനായിരിക്കണം"; അന്ന് ആശുപത്രികളുടെ നാടായ പെരിന്തൽമണ്ണയിൽ എവിടെയും ഒരു കുട്ടികളുടെ വിദഗ്ധനെ ആവശ്യം ഉണ്ടായിരുന്നില്ല. എന്റെ വീട്ടിൽ നിന്നും പരപ്പനങ്ങാടിയിലേക്ക് കുറച്ചു ദൂരം ഉണ്ട് എന്നുള്ള കാരണത്താൽ വീട്ടുകാർക്ക് ചില്ലറ എതിർപ്പ് ഉണ്ടായിരുന്നെങ്കിലും "എന്നെ വേണം " എന്ന് ആഗ്രഹിക്കുന്ന നഹാസില് ജോയിൻ ചെയ്യാൻ, എനിക്ക് പിന്നെ രണ്ടാമതൊന്ന് ആലോചിക്കേണ്ടി വന്നില്ല ...

മിംസിലെ 'Paediatric dept' എന്ന ഒരു വലിയ കുടക്കീഴിലെ സംരക്ഷണത്തിൽ നിന്നും എന്ത് കാര്യത്തിനും ഒറ്റക്ക് തീരുമാനം എടുക്കേണ്ട ഒറ്റയാൾ പോരാട്ടത്തിലേക്കുള്ള ചുവടുമാറ്റം കുറച്ചു ബുദ്ധിമുട്ടുള്ളതായിരുന്നു. അതോടൊപ്പം രണ്ടു സ്ഥലത്തും വരുന്ന രോഗികൾ തമ്മിലുള്ള പെരുമാറ്റത്തിലും വിദ്യാഭ്യാസത്തിലും സാമ്പത്തിക സ്ഥിതിയിലും ഉള്ള അന്തരവും തുടക്കത്തിൽ എന്നെ പലപ്പോഴും അലോസരപ്പെടുത്തി. എന്നിരുന്നാലും പതിയെ പതിയെ നഹാസിലെ സാഹചര്യങ്ങളുമായും പരപ്പനങ്ങാടിക്കാരുമായും ഞാൻ

പൊരുത്തപ്പെട്ടു. ഇവിടെ കാലുറപ്പിക്കാൻ തുടങ്ങി.

ഒരു ബിസിനസ്സ് മനോഭാവവും ഇല്ലാതെ ആതുരസേവനം മാത്രം ലക്ഷ്യമാക്കി, ഡോക്ടർസിനും സ്റ്റാഫുകൾക്കും നാട്ടുകാർക്കും (പ്രത്യേകിച്ചും പിരിവുകാർക്ക്) ഒരു പോലെ പ്രിയങ്കരനായ, ഏതു പ്രതിസന്ധി ഘട്ടങ്ങളിലും പുഞ്ചിരി മാത്രം മുഖത്ത് വിരിയുന്ന Dr muneer sir, മാനേജിങ് ഡയറക്ടർ ആയ സ്ഥാപനത്തിൽ ജോലി ചെയ്യാൻ അവസരം തന്ന ഈശ്വരനോട് നന്ദി പറഞ്ഞു കൊണ്ട് നഹാസിലെ ചില ഓർമ്മകൾ ഞാൻ പങ്ക് വെക്കാം.

ഞാൻ ജോയിൻ ചെയ്തു ഏകദേശം ആറോ ഏഴോ മാസം ആയി കാണും.

ഒരു ദിവസം ഓ പിയിൽ ഒരു കുട്ടിയെ കൊണ്ട് വന്നു. കൂടെ ഉമ്മയും ഉമ്മൂമ്മയും മാത്രം. കാണുമ്പോൾ തന്നെ " sick looking." "എന്താ പറ്റിയെ" എന്നുള്ള ചോദ്യത്തിന് ഒന്ന് രണ്ടു തവണ ചോർദ്ദിച്ചു എന്നല്ലാതെ diagnose ചെയ്യാനുള്ള ഒരു ന്യൂസും അവർ തന്നില്ല. പരിശോധനയിൽ Severely dehydrated ആയതു കൊണ്ട് വേഗം drip കൊടുക്കാം എന്നും പറഞ്ഞു കാനുലേഷൻ ചെയ്യാനായി ICU വിൽ കൊണ്ട് പോയി. ഞാൻ തന്നെയാണ് കാനുല ഇട്ടത്. കുറെ ട്രൈ ചെയ്തതിനു ശേഷം കാലിൽ ആണ് കിട്ടിയത്. പെട്ടെന്ന് തന്നെ IV fluid സ്റ്റാർട്ട് ചെയ്തു. അര മണിക്കൂറോളം ആയിട്ടും ജനറൽ കണ്ടീഷനിൽ കാര്യമായ മാറ്റം ഒന്നും കാണാത്തത് കൊണ്ടും എനിക്കൊരു ക്ലിനിക്കൽ ഡയഗ്നോസിസ് ഇല്ലാത്തത് കൊണ്ടും " നമുക്ക് കോളേജിലേക്കുകൊണ്ട് പോകാം" എന്ന് പറഞ്ഞപ്പോൾ തന്നെ ഉമ്മ കരയാൻ തുടങ്ങി. എന്നാലും ആംബുലൻസ് എല്ലാം റെഡി ആക്കി. കുട്ടിയുടെ condition കണ്ടപ്പോൾ സ്റ്റാഫുകളുടെ കൂടെ ഒറ്റക്ക് വിടാൻ തോന്നിയില്ല.

സംശയിച്ചു നിന്ന എന്നെ " ഡോക്ടറും കൂടി പോരുമോ ഞങ്ങളെ കൂടെ " എന്ന ഉമ്മൂമ്മാന്റെ തൊണ്ട ഇടറിയുള്ള ചോദ്യം ആംബുലൻസിന്റെ സീറ്റിൽ എത്തിച്ചു. ഓ പിയിൽ കാത്തിരിക്കുന്നവരോട് കാര്യങ്ങൾ പറഞ്ഞു മനസിലാക്കാൻ ആളെ ഏൽപ്പിച്ചു.

പോകുന്ന വഴിയിൽ വലിയ ബുദ്ധിമുട്ടുകൾ ഒന്നും ഉണ്ടായില്ല.

IMCH ഇൽ എത്തി. കോളേജിൽ ഒരു ആംബുലൻസ് എത്തുമ്പോൾ ഉള്ള അവസ്ഥ അറിയാല്ലോ. ആംബുലൻസിന്റെ വാതിൽ തുറന്നതും എന്തോ അൽഭുത കാഴ്ച കാണാൻ എന്ന പോലെ ആളുകൾ എല്ലാം വട്ടം കൂടി. ഞങ്ങൾ കുട്ടിയെ ട്രോളിയിൽ ഇറക്കാൻ തുടങ്ങുമ്പോൾ ആളുകളെ വകഞ്ഞു മാറ്റി "എന്റെ കുട്ടി ആണ്... എന്റെ കുട്ടിആണ് "എന്നും പറഞ്ഞു ഒരാൾ ഓടി വന്നു. എന്നോടും സ്റ്റാഫിനോടും കയർത്തു സംസാരിക്കുകയും ഞങ്ങൾക്കെന്തെങ്കിലും പറയാനോ ചെയ്യാനോ പറ്റുന്നതിന് മുൻപ് തന്നെ അയാൾ കുട്ടിയെ ട്രോളിയിൽ നിന്നും തോളിലേക്ക് ഇട്ട് അകത്തേക്ക ഓടി. അതോടെ IV ലൈൻ out ആയി.

ഞങ്ങളും പിന്നാലെ പോയി.
അത്യാഹിത വിഭാഗത്തിൽ നിന്നും PICU വിലേക്കു കൊണ്ട് പോയ കുട്ടിക്ക് പലതവണ ശ്രമിച്ചിട്ടും കാനുല കിട്ടാത്തത് കൊണ്ട് intraossious ഇട്ടാണ് fluid bolus കൊടുത്തത്. കാര്യങ്ങളെല്ലാം ചോദിച്ചറിഞ്ഞതിന് ശേഷം എം ഒ എന്നോട് പൊയ്ക്കോളാൻ പറഞ്ഞു. PICU വിൽ നിന്നും പുറത്തിറങ്ങിയപ്പോൾ കണ്ടത് കണ്ണ് നിറച്ച് നിൽക്കുന്ന എന്റെ സ്റ്റാഫുകളെ ആണ്.

" എന്ത് പറ്റി "

ആ "ഉഫ്" അതുവരെ അവരെ ചൊറിയുക ആയിരുന്നുത്രെ. എന്നെ കണ്ടപ്പോൾ എന്റെ നേരെ ആയി ശകാര വർഷം.

"എന്റെ മോനെ അവിടെ വെച്ച് കളിപ്പിച്ചു കൂളം ആക്കി ഇങ്ങോട്ട് വിട്ടല്ലേ. തനിക്ക് കഴിയൂലെങ്കിൽ എന്തിനാ പിന്നെ ??? എന്റെ കുട്ടിക്കെന്തേലും പറ്റിയാ ഞാൻ കാണിച്ചു തരാം."

"കളിപ്പിക്കാൻ നഹാസ് ഗ്രൗണ്ട് അല്ല. ആശുപത്രിയാണ് " എന്ന് പറയാൻ നാവു പൊങ്ങിയെങ്കിലും "മൗനം വിദ്വാന് ഭൂഷണം " എന്ന് മനസ്സിൽ പറഞ്ഞു ഒന്നും മിണ്ടാതെ ഞാൻ നടന്നു.

അയാൾ വിടാൻ ഒരുക്കമല്ലായിരുന്നു. കൂടെ ഓരോന്ന് പറഞ്ഞു ആംബുലൻസ് വരെ ഞങ്ങളെ അനുഗമിച്ചു. ചുറ്റും ഉള്ളവരെല്ലാം ഇതൊക്കെ കേൾക്കുന്നുണ്ടായിരുന്നു. ഞാൻ ആകെ ചെറുതായതു പോലെ തോന്നി.

" സാറെന്താ അയാളോട് ഒന്നും തിരിച്ചു പറയാതിരുന്നത് " എന്നുള്ള സ്റ്റാഫിൽ ഒരാളുടെ ചോദ്യത്തിന്

" ഇതാണെടോ നമ്മുടെ ലൈഫ് " എന്ന സമാധാനത്തിന്റെ നൊബേൽ പ്രൈസ് മറുപടി ഉത്തരമായി പറഞ്ഞു. അവർക്ക് അതത്ര പിടിച്ചില്ല എന്നെനിക്കു മനസ്സിലായി. അവരെ ആശ്വസിപ്പിക്കാനും എനിക്ക് സ്വയം ആശ്വസിക്കാനും ഞാൻ എന്റെ സങ്കടവും ദേഷ്യവും എല്ലാം അടക്കിപ്പിടിച്ച് പറഞ്ഞു.

" എടോ നമ്മൾ ആ കുട്ടിക്ക് വേണ്ടി നല്ലതല്ലേ ചെയ്തിട്ടുള്ളൂ. അത് നമുക്കും ദൈവത്തിനും അറിയാം. പിന്നെ ഒരിക്കലും ആളുകളുടെ അടുത്ത് നിന്ന് എന്തേലും നല്ലതു പ്രതീക്ഷിച്ചു ഒരു കാര്യവും ചെയ്യരുത്. മാത്രമല്ല ഇപ്പൊൾ നമ്മൾ അയാളോട് എന്ത് പറഞ്ഞാലും അയാൾക്ക് അതൊന്നും മനസ്സിലാവില്ല. പിന്നെ എന്തിനാ വെറുതെ നമ്മൾ വടി കൊടുത്തു അടി വാങ്ങുന്നത് ?
ആ കുട്ടി രക്ഷപ്പെടാൻ നമുക്ക് പ്രാർത്ഥിക്കാം."

തിരിച്ചു വന്നു ഒപി തുടർന്നെങ്കിലും ആ കുട്ടിയുടെ മുഖം മനസ്സിൽ പലപ്പോഴായി തെളിഞ്ഞു വന്നു കൊണ്ടിരുന്നു. ഒപ്പം അയാളുടെ വാക്കുകൾ കാതിൽ മുഴങ്ങുന്നുമുണ്ടായിരുന്നു.

അന്ന് രാത്രി തന്നെ IMCH PICU പി ജി യുടെ നമ്പറിൽ വിളിച്ചു. ആശ്വസിക്കാൻ പറ്റുന്നതായിരുന്നില്ല മറുതലയ്ക്കൽ നിന്നുള്ള ഉത്തരം.

"IV ലൈൻ കിട്ടിയില്ല. Paediatric Surgeon വന്നു വീനസ് കട്ട് ഡൗൺ ചെയ്തു. കണ്ടീഷൻ മോശം ആണ്. ഡയഗ്നോസിസ് ആയിട്ടില്ല."

അന്ന് ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്ന നേരം വെളുപ്പിച്ചു. പിന്നീട് പതിവ് തിരക്കുകളിലേക്ക്. പതിയെ അവൻ ഓർമയിൽ നിന്നും മാഞ്ഞു പോയി. കുറച്ചു മാസങ്ങൾക്ക് ശേഷം ടൗണിൽ വെച്ച് പരിചയമില്ലാത്ത ഒരാള് അടുത്ത് വന്നു സംസാരിച്ചു. ആദ്യം കുശലാന്വേഷണം. പിന്നീട് പറഞ്ഞു.

" അന്ന് കോളജിലേക്ക് കൊണ്ട് പോയ കുട്ടിടെ മാമൻ ആണ് ഞാൻ. അളിയൻ അന്ന് മോശമായി എന്തൊക്കെയോ പറഞ്ഞതിന് പെരുമാറിയതിന് ക്ഷമ ചോദിക്കുന്നു. ഉമ്മ ഡോക്ടറെ പറ്റി എന്നും നല്ലത് പറയാറുണ്ട്."

അവരുടെ മൂത്ത കുട്ടിയും മൂന്ന് വയസ്സായപ്പോൾ അതേപോലെ ക്ഷീണം വന്നു മരിച്ചതാണത്രെ. അതുകൊണ്ടാവണം ആ ഉപ്പ അന്നെന്നോട് അങ്ങനെ പെരുമാറിയത്.

"ഏയ് അത് സാരമില്ല അത് ഞാൻ അപ്പോഴേ വിട്ടു. കുട്ടിക്ക് എങ്ങനെ ഉണ്ട് ? " എന്ന എന്റെ ചോദ്യത്തിന് ഒരു മൗനമായിരുന്നു മറുപടി.

കണ്ണുകൾ നിറഞ്ഞു. ശബ്ദമിടറി അയാൾ പറഞ്ഞു.

" അഞ്ജീസം കഴിഞ്ഞപ്പോൾ ഓനേം പടച്ചോൻ കൊണ്ടോയി. അസുഗന്താന്ന് കണ്ട് പിടിക്കാൻ കോളേജിലെ ഡോക്ടർമാർക്കും പറ്റിയില്ല."

ആ രണ്ടു പിഞ്ചോമനകളും നഷ്ടപെട്ട ഉപ്പാനേം ഉമ്മാനേം ആലോചിച്ചപ്പോൾ എന്റെ ഉള്ളിലും ഒരു നൊമ്പരം.

പക്ഷേ, എന്തായിരിക്കും കാരണം.

ഒരു വൈകുന്നേരം ഓ പി നോക്കിക്കൊണ്ടിരിക്കുന്നു. അപ്പോഴാണ് സീനിയർ ആയ പീഡിയാട്രീഷ്യന്റെ വിളി വരുന്നത്.

"എമെർജൻസിയിൽ ഒരു പേഷ്യന്റ് ഉണ്ട്. ഒന്ന് വേഗം വരൂ. 'Brought dead' ആണെന്ന് തോന്നുന്നു." കേട്ടതും ഒന്നാം നിലയിലെ ഒരറ്റത്തുള്ള എന്റെ ഒപിയിൽ നിന്നും താഴത്തെ നിലയിൽ മറ്റേ അറ്റത്തുള്ള അത്യാഹിത വിഭാഗത്തിലേക്ക് ഞാൻ ഓടുകയായിരുന്നു.

ഏകദേശം രണ്ടു വയസ്സുള്ള ഒരു പെൺകുട്ടി. പരിശോധിച്ചപ്പോൾ ജീവന്റെ തുടിപ്പുകൾ ഒന്നും കിട്ടുന്നില്ല. ഞാൻ ആകെ വിയർക്കാൻ തുടങ്ങി.

" സാർ " എന്റെ ശബ്ദം ഇടറിയിരുന്നു. " ഒന്നും കിട്ടുന്നില്ല അവരോട് പറഞ്ഞോളൂ " .

PICU അല്ലെങ്കിൽ NICU യില് ഒക്കെ മരണം പ്രതീക്ഷിച്ചു കിടന്നിരുന്ന കുട്ടികളുടെ 'മരണം' ഡ്യൂട്ടി ദിവസങ്ങളിൽ

രക്ഷിതാക്കളെ അറിയിക്കുമ്പോൾ പോലും എനിക്ക് കരച്ചിൽ വരാറുണ്ട് .
ഇതിപ്പോ ഒരു കുഴപ്പവും ഇല്ലാത്ത, ബീച്ചിൽ കളിച്ചു കൊണ്ടിരുന്ന കുട്ടി പെട്ടെന്ന് മരിച്ചു എന്നൊക്കെ എങ്ങനെ പറയും. ആദ്യം ആയിട്ടാണ് ഇത്തരം ഒരു സാഹചര്യം നേരിടേണ്ടി വരുന്നത് . എന്താ പറയണ്ടേ, എന്താ ചെയ്യണ്ടേ എന്നു അറിയാത്ത അവസ്ഥ.

പട്ടാമ്പിക്കടുത്ത് താമസിക്കുന്ന ഒരു നാടോടി സംഘത്തിലെ കുട്ടിയാണ്. പരിപ്പനങ്ങാടി ബീച്ചിലൂടെ അവരെല്ലാവരും കൂടി നടക്കുന്ന സമയത്ത് പെട്ടെന്ന് ഈ കുട്ടിക്ക് ശ്വാസം കിട്ടാതെ ആയി. എന്താ സംഭവിച്ചത് എന്ന് ആർക്കും മനസ്സിലായില്ല. കുട്ടി തളർന്ന് വീണു. കൂട്ടക്കരച്ചിൽ കണ്ട ഒരാള് വേഗം ഒരു ഓട്ടോയിൽ കയറ്റി കൊണ്ട് വന്നതാണ്.

രണ്ടും കൽപ്പിച്ച് ഒരു പ്രതീക്ഷയും ഇല്ലാതെ resuscitation തുടങ്ങി. Bag and mask, CPR, medications .... . ഒരു രക്ഷയും ഇല്ല. എന്റെ ഹൃദയമിടിപ്പ് കൂടിക്കൂടി വരുന്നു. കുറച്ചു നേരം ആയില്ലേ.

ഇനി എന്ത് ??????
Casualtyക്ക് പുറത്ത് കൂട്ട കരച്ചിൽ (സാർ അവരോട് കാര്യം പറഞ്ഞു എന്ന് ഞാൻ ഊഹിച്ചു).

എന്തായാലും Intubate ചെയ്തു നോക്കാം എന്നും മനസ്സിൽ കരുതി, laryngoscope ഇട്ടപ്പോൾ ഞെട്ടിപ്പോയി.

ദൈവമേ .....എന്താ ഇത് ??? ഒരു വഴ വഴുപ്പുള്ള സാധനം വായക്കകത്ത്. കൈകൊണ്ട് പിടിക്കാൻ കഴിയുന്നില്ല. ഒരറ്റം അണ്ണാക്കിലേക്ക് ഇറങ്ങിയിട്ടുണ്ട്. കയ്യിൽ കിട്ടിയ ഒരു instrument എടുത്തു പിടിക്കാൻ നോക്കി ഇല്ല കഴിയുന്നില്ല. പടച്ചോനെ കാക്കണേ എന്നും മനസ്സിൽ കരുതി മൂന്നാമത്തെ ശ്രമത്തിൽ സാധനം കിട്ടി. ഫ്രഷ് ആയിട്ടുള്ള മാന്തൾ മീൻ.
അത്യാവശ്യം വലിപ്പമുണ്ട്. കടൽക്കരയിൽ ആരോ ഒഴിവാക്കിയ 'മീൻ' കുട്ടി കണ്ടപ്പോൾ എടുത്തു വായേൽ വെച്ചതാകാം. ഉടനെ അകത്തേക്കു പോയി കാണും.
വേഗം endotracheal tube ഇട്ടു. Bag and tube ventilation തുടങ്ങി. കാർഡിയാക് ആക്കിവിറ്റി കിട്ടിത്തുടങ്ങി. പിന്നീടുള്ള resuscitation കൂടുതൽ ആത്മവിശ്വാസത്തോടെയായി. ഞങ്ങളുടെ ശ്രമവും പടച്ചോന്റെ അനുഗ്രഹവും കൂടി ചേർന്നപ്പോൾ കുട്ടി സ്വന്തം ആയി ശ്വാസം എടുക്കാൻ തുടങ്ങി.

പിന്നീട് IMCH ലേക്ക് ഷിഫ്റ്റ് ചെയ്തു. പോകുന്ന വഴിയിൽ തന്നെ കുട്ടി struggle ചെയ്യാനും tube പിടിച്ചു വലിക്കാനും തുടങ്ങിയപ്പോൾ സന്തോഷം കൊണ്ട് കണ്ണ് നിറഞ്ഞു. PICU വിൽ എത്തിയ ശേഷം എൻഡോട്രക്കിയൽ ട്യൂബ് എടുത്തു.

അന്നത്തെ സന്തോഷം പറഞ്ഞറിക്കാൻ കഴിയില്ല.

തന്റെ പൊന്നോമനയെ നഷ്ടപ്പെട്ടെന്ന് കരുതി നെഞ്ചത്തടിച്ചു കരയുന്ന ഒരു അമ്മ. തന്റെ കുട്ടി ജീവിതത്തിലേക്ക് തിരിച്ചു വന്നു എന്നറിഞ്ഞപ്പോൾ casualty യിലേക്ക് ഓടി കയറി എന്റെ കാലിൽ പിടിച്ചു സന്തോഷം കൊണ്ട് കരഞ്ഞ ആ സീൻ ഉണ്ടല്ലോ. എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാൻ പറ്റാത്ത നിമിഷം ആണ്. ഒരു ഡോക്ടർ, ഒരു paediatrician ആയതിൽ അഭിമാനം തോന്നിയ നിമിഷം.

ചോദിക്കാൻ എളുപ്പമാണ്. Suspended animation കുട്ടികളിൽ വളരെ സാധാരണമല്ലേ. ആണെന്ന് എല്ലാവരെയും പോലെ ഞാനും കേട്ടിട്ടുണ്ട്. പക്ഷേ, കണ്ടിട്ടില്ല. ടീച്ചേഴ്സ് പറഞ്ഞു കേട്ടിട്ടുണ്ടെങ്കിലും എന്റെ ഒരു ടീച്ചർ പോലും ഇത്തരം ഒരു സഹചര്യവുമായി നേരിട്ടു ഇടപെട്ടു എന്ന് പറഞ്ഞിരുന്നില്ല. ഈ സംഭവം അന്ന് തന്നെ എന്റെ പ്രിയപ്പെട്ട അധ്യാപകരോട് ഷെയർ ചെയ്തപ്പോഴും അവരെല്ലാവരും അത്ഭുതത്തോടെ കേട്ടിരുന്നു. എന്റെ സന്തോഷത്തിൽ പങ്കുചേർന്നു.

ഞാനും ആ കുട്ടിയെ 'brought dead' എന്ന് വിധി എഴുതിയിരുന്നുവെങ്കിൽ ???

പിറ്റേന്ന് ഗിരീഷ് സാർ (അന്നത്തെ IMCH PICU incharge) വിളിച്ചു അഭിനന്ദിച്ചു.

"അലാവുദ്ദീൻ ആണല്ലേ കുട്ടിയെ കണ്ടത് ? കുട്ടി രാത്രി തന്നെ ഫുഡിനെ വേണ്ടി കരഞ്ഞിരുന്നൂട്ടോ .
ഞങ്ങൾ രാവിലെ റൗണ്ട്സിനു ഫിഷിനെ എടുത്ത ഡോക്ടറുടെ മനസാന്നിധ്യത്തെ കുറിച്ച് പറഞ്ഞതേയുള്ളു. Well done Alavudheen... "

പിന്നീടെന്താ സാറു പറഞ്ഞത് എന്നൊന്നും ഓർമ്മയില്ല. സന്തോഷം കൊണ്ട് കണ്ണും കാതും മനസ്സും ഒക്കെ നിറഞ്ഞിരുന്നു.

കുറച്ചു മാസങ്ങൾക്ക് ശേഷം. നല്ല തിരക്കുള്ള ഒരു ദിവസം.

" സാറെ കാണാൻ ആണ് എന്നും പറഞ്ഞു ഒരാൾ വന്നിട്ടുണ്ട്, കുട്ടിയെ കാണിക്കാൻ അല്ലാത്രെ" ഓപിയിലെ സ്റ്റാഫ് ആണ്.

"എടോ ഈ തിരക്കിന്റെ ഇടയിൽ ഞാൻ ആരേം കാണില്ല എന്ന് തനിക്ക് അറിഞ്ഞൂടെ " .

" അല്ല സാർ, അവർ ദൂരേന്ന് വരുകയാണ്. സാറിനെ ഒന്ന് കണ്ട് പെട്ടെന്ന് പൊയ്ക്കോളാം എന്നാ പറഞ്ഞത്. കണ്ടിട്ട് എന്തോ പാവപ്പെട്ട ആളുകളെ പോലെ തോന്നുന്നു. ഒന്ന് കേറി കണ്ടോട്ടെ ".

"എന്നാല് പിന്നെ വല്ല പിരിവിനും ആയിരിക്കും, ഇവർക്കൊക്കെ വരാൻ കണ്ട നേരം" എന്നും മനസ്സിൽ പറഞ്ഞു അവരെ വിളിക്കാൻ പറഞ്ഞു.

വാതിൽ തുറന്നതും കിളുക്കം സിനിമയിൽ രേവതി വന്നിറങ്ങുമ്പോൾ ഉള്ള പാദസരത്തിന്റെ കിലുക്കത്തെ ഓർമിപ്പിച്ചു കൊണ്ട് ഒരു "ചുന്ദരി " കുട്ടി നടന്നു വരുന്നു. കൂടെ അച്ഛനും അമ്മയും.
"ഡോക്ടർക്ക് ഞങ്ങളെ മനസ്സിലായോ ??" അമ്മയുടെ ചോദ്യം.

സംശയിച്ചു നിന്ന എന്നെ നോക്കി തൊഴുതു കൊണ്ട് അവർ ബാക്കി പറഞ്ഞു.

"ഇങ്ങൾക്കു ഞങ്ങളെ മനസിലായില്ലെങ്കിലും സാറിനെ ഞങ്ങൾ മറക്കുല്ല ട്ടോ. അന്ന് മീൻ വായേൽ കുടുങ്ങി മരിച്ചു എന്നു പറഞ്ഞ ഞങ്ങടെ ഈ പവിഴം ഇന്ന് ജീവിക്കണത് ഡോക്ടർ കാരണമാ ."

സന്തോഷം കൊണ്ട് ചിരിക്കണോ അതോ കരയണോ എന്ന അവസ്ഥ.
"പവിഴം" അതാണ് അവളുടെ പേര്.
അൽപനേരം സംസാരിച്ചു പുറത്ത് കുറെ ആളുകൾ ഉള്ളത് കൊണ്ട് പിന്നെ ഒരിക്കൽ വരാം എന്നും പറഞ്ഞു അവർ എണീറ്റപ്പോൾ അവർ കയ്യിലുള്ള ഒരു പൊതി എന്റെ നേരെ നീട്ടി.

"എന്താ ഇത്?"

" കുറച്ചു ഉണ്ണിയപ്പം ആണ്. പവിഴത്തിന് നല്ല ഇഷ്ടാണ്, അതോണ്ട് ഡോക്ടർക്ക് കൂടെ ഉണ്ടാക്കിയതാണ് "

"അയ്യോ എന്തിനാ ഇതൊക്കെ "

"ഞങ്ങടെ ഒരു സന്തോഷത്തിന് ... " എന്ന് പറഞ്ഞപ്പോൾ രണ്ടു കയ്യും നീട്ടി വാങ്ങി.
ഇത് വരെ കിട്ടിയ ഏതു സമ്മാനത്തേക്കാളും വിലയേറിയ പത്തരമാറ്റുള്ള സമ്മാനം. ഇറങ്ങുന്നതിനു മുൻപ് അവരുടെ അനുവാദത്തോടെ പവിഴത്തിന്റെ കൂടെ ഒരു സെൽഫി എടുത്തു, നെറ്റിയിൽ ഒരു ചക്കരമുത്തവും കൊടുത്തു.

മറ്റു സ്റ്റാഫുകളെയും വിളിച്ചു ഉണ്ണിയപ്പം ഞങ്ങൾ പങ്കുവെച്ചു. അത് മെല്ലെ വായിലിട്ടു ചവച്ചിറക്കിയപ്പോൾ ഞാൻ മനസ്സിലോർത്തു. ഇനി എനിക്ക് കിട്ടാൻ പോവുന്ന ഏതു "പത്മശ്രീ" യെക്കാളും "നോബൽ " സമ്മാനത്തേക്കാളും മധുരമുണ്ടല്ലോ ഈ ഉണ്ണിയപ്പത്തിന്. ആ സെൽഫി ഞാൻ ഒന്ന് കൂടി നോക്കി. പിന്നീട് പലതവണ നോക്കി. ഓരോതവണ നോക്കുമ്പോഴും എന്റെ വിഷമങ്ങൾ പോവും എന്റെ രോമങ്ങൾ എഴുന്നേറ്റു നിന്ന് സലാം പറയും.

വിഷമഘട്ടം

"കണ്യല" എന്ന മനോഹരമായ ഒരു കൊച്ചു ഗ്രാമത്തിൽ ആണ് എന്റെ വീട്. എന്റെ കുട്ടിക്കാലത്ത് ഫോണും കറൻറും എന്തിനേറെ ടാറിട്ട ഒരു റോഡ് പോലും ഇല്ലാതിരുന്ന, പ്രാഥമിക വിദ്യാഭ്യാസം ഉള്ളവർ പോലും കുറവായിരുന്ന, സന്മനസ്സുള്ള ആളുകൾ താമസിക്കുന്ന ഒരു മനോഹര ഗ്രാമം.
ഞാൻ പഠിച്ച LP school എന്റെ വീടിന്റെ തൊട്ടടുത്ത് തന്നെ ആയിരുന്നു. ഒരു പത്തു കിലോമീറ്ററോളം നടക്കണം അഞ്ചാം ക്ളാസ്സുള്ള സ്കൂളിലേക്ക്. നാളികേര തോട്ടങ്ങളും, പച്ച പരവതാനി വിരിച്ച നെൽപ്പാടങ്ങളും, ചെറിയ അരുവികളും തോടുകളും അത് മുറിച്ചു കടക്കാനുള്ള ചെറിയ പാലങ്ങളും റെയിൽ പാളവും താണ്ടിയുള്ള സ്കൂളിലേക്കുള്ള യാത്ര എത്ര രസകരമായിരുന്നു.

അവിടെ തയ്യൽ പണി ചെയ്തു ജീവിച്ചു പോന്ന, രണ്ടാം ക്ലാസ്സ് വിദ്യാഭ്യാസം മാത്രമുള്ള സാധാരണക്കാരനായ

എന്റെ ഉപ്പ. ഞങ്ങൾ മൂന്ന് മക്കളുടെ "വാപ്പായി". ഏറ്റവും മൂത്തത് പെങ്ങൾ, പിന്നെ ഏട്ടൻ അവരുടെ കുഞ്ഞനിയനായി ഞാനും. എനിക്ക് ഓർമ്മ വെച്ച നാൾ തൊട്ട് എന്തിനും എനിക്ക് കൂട്ടായി എന്റെ പെങ്ങളുട്ടി ഉണ്ടായിരുന്നു. അവളെ ഞങ്ങൾ "ഉമ്മു" എന്നാണ് വിളിച്ചിരുന്നത്.

തുമ്പിയെ പിടിച്ചും പൂമ്പാറ്റകളുടെ കൂടെ ഓടിയും ചാടിയും മണ്ണപ്പം ചുട്ടും കളിച്ചും നടന്നിരുന്ന കുസൃതി മാറാത്ത ആ പതിമ്മൂന്നു വയസ്സുമാത്രമുള്ള പാവാടക്കാരിയെ വീടിന്റെ അടുത്ത് തന്നെ ഉള്ള ഒരു അകന്ന കുടുംബ വീട്ടിലേക്ക് കല്യാണം കഴിച്ചയക്കുമ്പോൾ എന്റെ പ്രായം ഒരു വയസ്സ്. പിന്നെ ഒന്നിന് പിറകെ ഒന്നായി മൂന്ന് ആൺമക്കൾ. അതിനിടയിൽ എനിക്കിനിയും മനസിലാവാത്ത ചില കുടുംബ പ്രശ്നങ്ങൾ. അതിന്റെ പേരിൽ അവളും മക്കളും എന്റെ വീട്ടിൽ തന്നെ ആയി. എന്റെ ഉമ്മൂനെയും കളിക്കൂട്ടുകാരായി മക്കളെയും കിട്ടിയ സന്തോഷമായിരുന്നു അന്നെനിക്ക്.

വീട്ടുകാരുടെ നിർബന്ധത്തിന് വഴങ്ങി, നിസ്സഹായനായി രണ്ടാം കെട്ടിന് അളിയൻ തയാറായി. കല്യാണത്തലേന്നു ആരും കാണാതെ ആ വിവരം വീട്ടിൽ വന്നു കരഞ്ഞു കൊണ്ട് പെങ്ങളെ അറിയിച്ചതും അളിയൻ തന്നെ.

എന്റെ "ഉമ്മു" ആരോടും ദേഷ്യപ്പെട്ടു കണ്ടിട്ടില്ല. സ്വന്തം മക്കൾ വികൃതി കാണിക്കുമ്പോൾ പോലും. എന്നിട്ടും എന്തേ ഈ ദൈവം അവൾക്കിങ്ങനെ ഒരു വിധി നൽകി എന്ന് പിന്നീട് പലപ്പോഴും ഞാൻ ആലോചിച്ചിട്ടുണ്ട്. ഒരു പക്ഷെ അടുത്ത ജന്മത്തിൽ കൊടുക്കാൻ പോകുന്ന സൗഭാഗ്യങ്ങളിൽ അഹങ്കരിക്കാതിരിക്കാൻ ഇപ്പോഴേ ടെയിനിങ് കൊടുക്കുന്നതാവും അല്ലേ.

എന്തായാലും അവൾ സന്തോഷവതിയായിരുന്നു. അതോ ഞാൻ സന്തോഷവതി ആണെന്ന് അഭിനയിക്കുക ആയിരുന്നോ?
അല്ല, ഒരിക്കലുമല്ല. കാരണം അവൾക്ക് അഭിനയിക്കാൻ അറിയില്ല. അത്രേം നിഷ്കളങ്കയായിരുന്നു എന്റെ പെങ്ങൾ. എനിക്കെന്തു പ്രശ്നം വന്നാലും ആദ്യം അവളോടാണ് പറയാറ്. ഒരിക്കൽ പോലും അവൾ എന്നെ "അലാവു" എന്ന് മുഴുവനായി വിളിച്ചിട്ടില്ല.

പകരം "അലാ ' എന്നാണവൾ വിളിച്ചിരുന്നത്.

കല്യാണം കഴിഞ്ഞ് പുതിയാപ്പയും പുതുപ്പെണ്ണും അവരുടെ വീട്ടിലേക്ക് പോയത് എന്റെ വീടിന്റെ മുന്നിലൂടെയായിരുന്നു. പൂമുഖത്തെ ജനാലയുടെ കമ്പിയും പിടിച്ചു ആ കാഴ്ച്ച കണ്ടവൾ നിശ്ശബ്ദയായി കരഞ്ഞു. ചെറുതാണെങ്കിലും ഞാനവളുടെ കൈ പിടിച്ച്, അവളോട് ചേർന്ന് നിന്നു. കരയേണ്ട എന്ന് പറയാൻ എനിക്ക് തോന്നിയില്ല. ഒന്ന് പോയി പൊട്ടിക്കരയാൻ പറയാനാണ് എനിക്ക് തോന്നിയത്. അങ്ങനെ ആ സങ്കടങ്ങൾ ഒക്കെ ഒലിച്ചു പോയിരുന്നെങ്കിൽ...

പ്രീഡിഗ്രി ഒന്നാംവർഷ ക്ലാസ്സ് കഴിഞ്ഞു വന്ന പൊടിമീശക്കാരൻ ഏട്ടനോട് ഗദ്ഗദത്തോടെ അവൾ പറഞ്ഞു.

" അളിയാക്ക വേറെ പെണ്ണ് കെട്ടി ട്ടോ "

ഉള്ളിലുള്ള വിഷമം ഒട്ടും പുറത്ത് കാണിക്കാതെ, പ്രായത്തിൽ കവിഞ്ഞ പക്വതയിൽ അന്ന് എന്റെ ഏട്ടൻ പറഞ്ഞു.

"ഉമ്മൂ, അളിയാക്ക അല്ലേ നിന്നെ ഒഴിവാക്കിയിട്ടുള്ളൂ. നിനക്ക് ഞാനും വാപ്പായീം പിന്നെ അലാവും ഉണ്ട് ട്ടോ "

ഈ സംഭവം ഉമ്മ പിന്നീട് പലരോടും അഭിമാനത്തോടെ പറയുന്നത് കേട്ടിട്ടുണ്ട്.

ഈ ചെറുപ്രായത്തിൽ തന്നെ ഇത്രേം അനുഭവിക്കേണ്ടി വന്നത് കൊണ്ട് തന്നെ അവൾക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാവാതെ വാപ്പായി പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

കാലം കടന്നു പോയി. സന്തോഷത്തോടെ ഞങ്ങൾ ജീവിച്ചു.

ഞാൻ ഒൻപതാം ക്ലാസ്സിൽ എത്തിയപ്പോൾ എന്റെ കൊച്ചു ഗ്രാമത്തിൽ നിന്നുള്ള ആദ്യത്തെ ഡാക്കിട്ടരായി ഏട്ടൻ. (30th Batch)
അതിനു ശേഷം അവളുടെയും മക്കളുടെയും എല്ലാ കാര്യങ്ങളുടെയും ബാറ്റൺ ഏട്ടൻ സ്വയം ഏറ്റെടുത്തു.
പിന്നീട് ഞാനും അതിൽ പങ്ക് ചേർന്നു.

കല്യാണം കഴിഞ്ഞ ഉടനെ ഞാൻ അംനയോട് പറഞ്ഞത്; 'ഒരിക്കലും ഉമ്മുവിനെ വിഷമിപ്പിക്കരുത്' എന്നായിരുന്നു.

അവളെ പോലെ ഒരു പെങ്ങൾ ഉള്ളതിൽ ഞാൻ കുറച്ചു അഹങ്കരിച്ചിരുന്നു.

2018 ഫെബ്രുവരി പത്തൊൻപതിന് എന്റെ ഉപ്പയും ഉമ്മയും അവളും കൂടിയാണ് "ഉംറ" നിർവഹിക്കാൻ സൗദിയിലേക്ക് പോയത്. ശരിക്കും പറഞ്ഞാൽ അവളുടെ ഒരാളുടെ നിർബന്ധം ആയിരുന്നു ആ യാത്രക്ക് പിന്നിൽ. എന്നോടും അവൾ ചോദിച്ചിരുന്നു "കൂടെ പോരുന്നോ " എന്ന്.

"ഞാനും കൂടെ വന്നാൽ അംനയും കുട്ടികളും ഒറ്റക്കാവില്ലെ." എന്നും പറഞ്ഞു ഞാൻ പതിയെ വലിഞ്ഞു.

"ശരിയാ സ്കൂൾ ഒക്കെ ഉള്ളതല്ലേ. ഞങ്ങൾ പോയി വന്നിട്ട് പിന്നെ നീ പൊയ്ക്കോ. അപ്പോ ഞാൻ പരപ്പനങ്ങാടി വന്നു നിന്നാൽ മതിയല്ലോ" എന്നും പറഞ്ഞു അതിനും അവളൊരു സൊല്യൂഷൻ കണ്ടെത്തി.

യാത്രകൾ അവൾക്കു വലിയ ഇഷ്ടമായിരുന്നു. കാറിൽ യാത്ര ചെയ്യുമ്പോൾ പോലും എ സി ഇടുന്നതോ ചില്ല് കേറ്റുന്നതോ അവൾക്ക് ഇഷ്ടമായിരുന്നില്ല. ഗ്ലാസ്സ് അടച്ചു വെച്ചാൽ പുറം കാഴ്ച ഒന്നും കാണാൻ പറ്റില്ലത്രെ. വിമാനയാത്ര അവൾ ശരിക്കും ആസ്വദിച്ചിട്ടുണ്ടാവും.

അവിടെ എത്തിയപ്പോൾ അവൾ വലിയ സന്തോഷത്തിൽ ആയിരുന്നു. അവള് കാണാൻ ആഗ്രഹിച്ച സ്ഥലത്തൊക്കെ പോയതും യാത്രാ വിശേഷങ്ങളും ഒക്കെ ഫോണിലൂടെ വിവരിക്കും. ഒരു ദിവസം എന്റെ കൂട്ടുകാരൻ ഫൈസൽ അവരുടെ അടുത്ത് ചെന്നപ്പോൾ വീഡിയോ കാൾ ചെയ്തു.

"അലാ.. നല്ല ക്ഷീണംണ്ട് . പിന്നെ വിളിക്കാം ട്ടോ " എന്നും പറഞ്ഞു അവൾ ഫോൺ വെച്ചു.

പിറ്റേന്നു വൈകുന്നേരം ഞാൻ ഒപിയിലേക്ക് ഇറങ്ങാൻ നേരത്താണ് അവരെ ഉംറക്ക് കൊണ്ട് പോയ കബീറിന്റെ (ഞങ്ങടെ നാട്ടുകാരൻ തന്നെ ആണ്) കോൾ.

"ഉമ്മുന് പെട്ടെന്ന് ക്ഷീണം കൂടി, ഹോസ്പിറ്റലിൽ കൊണ്ട് വന്നു. ഇവിടെ നിന്നും വേറെ ഹോസ്പിറ്റലിലേക്ക് കൊണ്ട് പോകാൻ പറഞ്ഞു" കേട്ടപ്പോൾ എന്റെ ഉള്ളൊന്ന് കാളി. എന്താ ഇപ്പൊ പെട്ടെന്ന്. ഇന്നലെ ക്ഷീണം എന്ന് പറഞ്ഞപ്പോൾ യാത്രയുടെ ആവും എന്നേ കരുതിയുള്ളൂ. ഇതിപ്പോ ആശുപത്രിയിൽ കൊണ്ടുപോവാനും അവിടെ നിന്നും റെഫർ ചെയ്യാനും മാത്രം എന്തേ ഉണ്ടായത്.

"ഒന്ന് ഡോക്ടർക്ക് ഫോൺ കൊടുക്കുമോ"

"ഓക്കെ കൊടുക്കാം" മറുതലക്കൽ ഒരു മലയാളി ശബ്ദം കേട്ടപ്പോൾ ആശ്വാസം. പക്ഷേ, ആശ്വാസം തരുന്ന വാക്കുകൾ ആയിരുന്നില്ല അദ്ദേഹത്തിന് പറയാനുണ്ടായിരുന്നത്.

"പേഷ്യന്റ് വന്ന ഉടനെ കൊളാപ്സു ചെയ്തു. ഇൻറ്റുബേറ്റ് ചെയ്തു. CPR കൊടുത്തു. condition മോശം ആണ് അതോണ്ട് മക്കയിൽ തന്നെ ഉള്ള അൽ നൂർ ഹോസ്പിറ്റലിലേക്ക് മാറ്റുകയാണ്"

ഇതൊക്കെ കേട്ട് ഞാൻ തരിച്ചിരുന്നു. എന്റെ തൊണ്ട വരണ്ടു. വാക്കുകൾ കിട്ടുന്നില്ല. എന്താ ചെയ്യണ്ടേ. എന്താ പറയണ്ടേ. എന്റെ ഉമ്മുന് എന്താ പറ്റിയത്. തളർന്നിരുന്നു പോയ എന്നെ അംന വന്നു മുറുക്കെ പിടിച്ചു.

" എന്ത് പറ്റി " എന്ന അംനയുടെ ചോദ്യത്തിന്

"നമ്മുടെ ഉമ്മു..." എന്ന് മാത്രമേ എനിക്ക് പറയാൻ കഴിഞ്ഞുള്ളൂ. അവളെന്നെ ചേർത്തു പിടിച്ചു.

ഞങ്ങൾ രണ്ട് ആങ്ങളമാർ ഡോക്ടർമാർ ആയി ഉണ്ടായിട്ടും ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥ. അതും നോക്കെത്താത്ത ദൂരെ. പച്ചയായ മനുഷ്യന്റെ നിസ്സഹായത ശരിക്കും അനുഭവിച്ച ദിവസങ്ങൾ.

"അൽനൂർ "ഹോസ്പിറ്റലിൽ ഒരു മലയാളി ഡോക്ടറേപ്പോലും കിട്ടിയില്ല.

നമ്മുടെ 44th. ബാച്ച് ഗ്രൂപ്പിൽ " ആരേലും അൽനൂർ ഹോസ്പിറ്റലിൽ ഉണ്ടോ" എന്നുള്ള എന്റെ മെസ്സേജിന് നമ്മുടെ "ഷൈന" മറുപടി അയച്ചു.
"ഷൈന" അവിടെ അടുത്താണ് ജോലി ചെയ്യുന്നത്. അവൾക്ക് അവിടെ ഉള്ള ഒരു സ്റ്റാഫ് നഴ്സിനെ

പരിചയമുണ്ടായിരുന്നു. ഷൈനയുടെ സഹായങ്ങൾ ഒരിക്കലും മറക്കാൻ ആകില്ല. ഒരു ക്ലാസ്സ് മേറ്റ് എന്ന നിലയിൽ ജസ്റ്റ് ഒരു "ഹലോ" പരിചയം മാത്രമേ ഞങ്ങൾ തമ്മിൽ ഉണ്ടായിരുന്നുള്ളൂ. പക്ഷേ ഈ ഒരു അവസ്ഥയിൽ ദിവസവും മൂന്നോ നാലോ തവണ എന്റെ പെങ്ങളുടെ വിവരങ്ങൾ അറിയിക്കാൻ ഷൈന വിളിക്കുമായിരുന്നു. ആശ്വസിപ്പിക്കുമായിരുന്നു.

ഞങ്ങളെ തമ്മിൽ ബന്ധിപ്പിച്ചത് നാല്പത്തി നാലാം ബാച്ച് എന്ന ഈ ചങ്ങലയാണ്. അതിന്റെ ഓരോ കണ്ണികളും എത്രത്തോളം സ്ട്രോങ്ങ് ആണെന്നും എപ്പോഴൊക്കെ ആരൊക്കെയാണ് സഹായവുമായി വരുന്നതെന്നും പറയാൻ പറ്റില്ല എന്നെനിക്കു മനസ്സിലായി.

ഈ കണ്ണികളിൽ ഒരു തുരുമ്പു പോലും വരാതെ നമുക്ക് നോക്കാം.

വെന്റിലേറ്ററിൽ ഉള്ള അവളുടെ അടുത്ത് പ്രായമായ ഒന്നുമറിയാത്ത വാപ്പായിയും ഉമ്മയും മാത്രം. അവൾക്ക് H1N1 positive ആണെന്ന് സ്ഥിരീകരിച്ച അന്ന് തന്നെ brain dead ആയെന്ന വിവരം കൂടി കിട്ടിയപ്പോൾ എല്ലാ പ്രതീക്ഷയും അസ്തമിച്ചു. ജീവിതം ഒരർത്ഥവുമില്ലാതെ നീണ്ടു പോവുന്നത് പോലെ. മണിക്കൂറുകൾക്കു പോലും ദിവസങ്ങളുടെ നീളമുള്ളതു പോലെ തോന്നി.

ആ ദിനരാത്രങ്ങൾ കഴിച്ചുകൂട്ടിയത് ഓർക്കാൻ കൂടി വയ്യ. ഒടുവിൽ മൂന്നാം ദിവസം അവള് ഈ ലോകത്തോട് വിടപറഞ്ഞു. അവൾ മക്കയുടെ മണ്ണിൽ അലിഞ്ഞു ചേർന്നു. അതായിരിക്കാം അവളുടെ സ്വർഗ്ഗം, അവളുടെ പുണ്യം.

എയർപോർട്ടിൽ നിന്നും ഉമ്മയും വാപ്പായിയും മാത്രം നടന്നു വരുമ്പോൾ അവരുടെ പുറകിലേക്ക് ഞാൻ വീണ്ടും വീണ്ടും നോക്കി. എന്നെ കളിപ്പിക്കാൻ വേണ്ടി അവിടെ എവിടെയോ അവൾ ഒളിച്ചു കളിക്കുന്നു എന്നൊക്കെ എന്റെ മനസ്സ് പറഞ്ഞു. എന്റെ തോളിൽ ഒരു കൈ അമർന്നു. വാപ്പായിയാണ്. "അലാവൂ... ഉമ്മു ഞങ്ങളുടെ കൂടെ പോന്നില്ലാട്ടോ." അതുവരെ കടിച്ചു പിടിച്ചിരുന്ന സങ്കടങ്ങളും കണ്ണീരും ഒക്കെ അവിടെ പൊട്ടിപ്പോയി. ഞങ്ങൾ കെട്ടിപ്പിടിച്ചു കരഞ്ഞു. പരസ്പരം കരഞ്ഞു തീർത്തു എന്ന് വേണമെങ്കിൽ പറയാം.

ദിവസങ്ങൾ കൊഴിഞ്ഞു വീണു. ഒടുവിൽ അവളില്ലാത്ത ജീവിതവുമായി ഞങ്ങൾ പൊരുത്തപ്പെട്ടു തുടങ്ങി. ജീവിതം പഴയതു പോലെ ഉരുണ്ടു തുടങ്ങി. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഞാൻ ഒരു മനോഹര സ്വപ്നം കണ്ടു. ഒരു ദിവസം കാളിങ് ബെൽ കേട്ട് വാതിൽ തുറന്നപ്പോൾ ബാഗും തൂക്കി ഉമ്മു നിൽക്കുന്നു. ഉംറ ഒക്കെ കഴിഞ്ഞ് അവൾ ഒറ്റക്ക് വന്നിരിക്കുകയാണ്.

ഞാൻ ഒരു ഡോക്ടർ ആണ്. ഒരു പാട് മരണങ്ങൾ കണ്ടിരിക്കുന്നു. എന്നാലും അത് പ്രിയപ്പെട്ടവരുടേതാവുമ്പോൾ ... ആ ശരീരം പോലും അവസാനമായി കാണാൻ കഴിയാതെ വരുമ്പോൾ ഞാനും ഒരു വെറും പച്ച മനുഷ്യനായി.

ഇന്ന് ഒരു ഡോക്ടറുടെ ഭാരങ്ങളില്ലാതെ, മണ്ണിൽ ചവിട്ടാനും, എന്റെ മുൻപിലെത്തുന്ന കുട്ടികളെ സ്പർശിക്കാനും അവരുടെ മൂർദ്ധാവിൽ സ്നേഹത്തോടെ ഒരു മുത്തം കൊടുക്കാനും ഈ അനുഭവങ്ങൾ എന്നെ പഠിപ്പിച്ചു. അവളുടെ മരണത്തിൽ കൂടിയും അവൾ എന്നെ ജീവിതം പഠിപ്പിക്കുകയായിരുന്നു.

നിർത്താനുള്ള ഘട്ടം

2020 ജൂലായ് 4 ആകുമ്പോൾ ഞാൻ "നഹാസിൽ" ജോയിൻ ചെയ്തിട്ട് 7 വർഷം തികയും. നഹാസിൽ ഞങ്ങൾ ഓരോ പ്രത്യേക ദിവസങ്ങളും ആഘോഷമാക്കാറുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് പുതുവത്സര ദിനം.

ആശുപത്രി ജീവനക്കാർ എല്ലാവരും ചേർന്നുള്ള കേക്ക് മുറി, അതിനു ശേഷം ഓരോ ഡിപ്പാർട്ട്മെന്റിലും വെവ്വേറെ കേക്ക് മുറി. അങ്ങനെ കേക്ക് തിന്നു മടുക്കും. ഓണത്തിനാണെങ്കിൽ പൂക്കള മത്സരവും ഓണസദ്യയും.

പിന്നെ ജൂലായ് 1 അത് "നമ്മൾക്ക് " Doctor's day ആണെങ്കിൽ ഇവിടെ "ഞങ്ങൾക്ക് " അത് double dhamaka ആഘോഷം ആണ്. കാരണം, നഹാസിന്റെ സ്ഥാപക ദിവസം കൂടി ആണ് ജൂലായ് 1. അന്നേ ദിവസം " നഹാസ് ഡേ " ആയിട്ടാണ് ഞങ്ങൾ ആഘോഷിക്കാറുള്ളത്. സ്റ്റാഫുകളുടെ കലാപരിപാടികളും Staff family get together ഒക്കെ ആയി എല്ലാ വർഷവും അടിച്ചു പൊളിക്കും.

ഇതൊന്നുമല്ലാതെ ഏറ്റവും പ്രധാനപ്പെട്ട ആഘോഷം.

വേറെ ഒന്നുണ്ട്.

അതേതാണ് എന്നല്ലേ ?? അതാണ് ഞങ്ങടെ സ്വന്തം ശിശു ദിനം!!!
അതിനുള്ള ഒരുക്കങ്ങൾ ഒക്കെ ഞങ്ങൾ ഒരു മാസം മുമ്പേ തുടങ്ങും. കടലാസും പേപ്പർ പ്ലേറ്റുകളും പേപ്പർ കപ്പുകളും തുടങ്ങി പ്ലാസ്റ്റിക് അല്ലാത്ത സാധനങ്ങൾ ഉപയോഗിച്ച് കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന പലതരം ക്രാഫ്റ്റ് വർക്കുകൾ ഞങ്ങൾ ഉണ്ടാക്കും. അത് കൊണ്ട് Paediatric dept അലങ്കരിക്കും. കൂടാതെ അന്ന് കുട്ടികൾക്കുള്ള colouring competition, അവർക്കുള്ള കലാപരിപാടികൾ അങ്ങനെ ആ പട്ടിക നീളും.

കഴിഞ്ഞ വർഷം (2019), മുന്നൂറിൽ പരം കുട്ടികൾ ആണ് പങ്കെടുത്തത്. ഒടുവിൽ എല്ലാം കഴിഞ്ഞ് കൈ നിറയെ സമ്മാനങ്ങളും നിറഞ്ഞ പുഞ്ചിരിയുമായി അവർ പിരിഞ്ഞ് പോകുമ്പോൾ നിഷ്കളങ്കമായി ചോദിക്കും

"Thank you ഡോക്ടർ uncle. ഇനി എന്നാ അടുത്ത ശിശുദിനം "

അടുത്ത വർഷം വരെ എനിക്ക് മനസ്സിൽ താലോലിക്കാൻ ഉള്ള ഓർമ്മകൾ അവർ തരും. ഓരോ വർഷവും അടുത്ത ശിശുദിനം കൂടുതൽ ഗംഭീരമാക്കാനുള്ള ഊർജ്ജവും അതാണ്.

ഇനിയും കുറെ പറയാനുണ്ട്. എഴുതണം എന്നാഗ്രഹമുണ്ട്. പക്ഷേ ഇനിയും എഴുതിയാൽ ചിലപ്പോൾ നിങ്ങൾ എന്റെ കൈ തല്ലി ഒടിക്കും.

അത് കൊണ്ട് നിർത്തട്ടെ.
സ്നേഹപൂർവ്വം നിങ്ങളുടെ **"അലാവു".**

FATIMA S

THE INFLUENCERS

One of the vivid memories in learning during 1st MBBS was a feeling of utter disbelief and many a times, disappointment on why I had spent so many hours of my life preparing for the entrance to join a course which just seemed insurmountable. I couldn't make head or tail of the subjects many a time. And before I knew it, I was appearing for anatomy practicals. Even though I was a day scholar, I used to stay in the hostel the day before practicals.

I remember running to Vini the night before and asking her to tell me something about this labyrinth called 'larynx'. Without a hesitation, she took two papers lying by the side, folded them into some shape and while I was watching in awe, she explained the whole structure to me in around 10 minutes. That was when I understood the way brilliant minds work and the fact that few people could teach even their batch mates like well-experienced teachers.

Over the coming years, many of my batch mates made many topics much simpler for me....Dinu, Fasna...and many more. Then came the real teachers. One was my dearest UB sir. He taught me the value of punctuality by himself reaching the wards at 8:00 am and throwing me out day after day from clinics for reaching somewhere between 8:15 and 8:30am. I finally (for the first time in my life) started entering the clinics at 8:10. He showed me that for a student to follow a teacher, the teacher has to make the change in himself first. Later he became a kind of support system for me all throughout the MBBS course. Whenever I used to feel I couldn't cope up with something – whether academic or personal, I used to run to him. A 10 minutes talk with him was enough to lift my mood.

Then there was Hema Kini madam (one of the senior professors) during PG time. I remember going with my slide tray to her cabin one day to discuss a case and the next moment I was just standing there and crying my heart out. I was overwhelmed with juggling gross discussions, case reporting and managing a 1 year old child with severe respiratory infection at home. She didn't even ask why I was crying. She just got up from her place and hugged me. I felt such warmth that I felt I could get through anything.

Fast forward to 2012, and there I was – a fresh assistant professor, in a new medical college with the first batch of students there. While I stood in front of the class trembling and sweating, I realized a sad truth. The whole 6 years of MBBS and 3 years of PG teaches you only to become a good doctor, not to be a good teacher. Well, during the last 7 years of a roller coaster ride, I taught my students, but I can proudly say that my students taught me much more than I could ever teach them.

- They taught me patience by humoring me through all the teaching experiments I could do to them. They pointed out when I did well and they came right out and said to my face when they didn't like the way I taught.

- They taught me that "new gen" is equal to or even much better than "old gen"- we say new gen doesn't have respect. Well tell you what; I have never experienced disrespect from any students. They did this by teaching me that respect cannot be demanded, it has to be earned.

- They taught me that the most studious student isn't always the best student. Trust me, I have nothing against the first benchers. But whenever I needed student help for blood donation, arranging camps for the poor or even organizing a CME, it was always the back benchers who came running first.

- They taught me to accept a person for what they are and not to judge – I have students come to me and talk to me about their innermost fears and secrets. And just listening to them was enough most of the time, they were not coming for my advice.

- They taught me that our ancient teaching of mother, father, teacher, God still holds true – I have sent back all the students who bought gifts for me during MBBS period telling them, "I don't want anything with your parents money. Get a gift for me when u get your stipend" never expecting them to even remember me. And many of them actually do come back with a gift when they start earning. They are small and never costly. But I show them to my children and ask them "Do you know what this thing costs?" and when they tell me some amount, I tell them, "This is like the visa card advertisement. It is priceless."

I have had students come to my room any time without asking permission. They are there just to talk, to laugh or to cry. To talk about their academics, their personal problems or even their current dating scenario. They don't realize that the comfort I get from them is many times more than the comfort I give them. And then one day, I saw one of my first batch of students as an intern, standing in the corridor and crying because she couldn't take the pressure anymore, I just went up to her and gave her a hug. When she looked at me and smiled with relief after some time, I realized that I have come 'full circle'.

If you now ask me what I miss the most –without a doubt, I miss being a teacher. I wish someday I can go back to being a teacher and can teach till the day I die. Like one of my students fondly told me once, "Kids don't remember what you teach them, they remember what you are"

GAYATHREE O P

SUMMER NIGHT Sojourn

It is said that in the final moments, just before we go into an eternal sleep our entire life flashes before us. If there is one memory, one vision that I would like to experience once again , it is of that beautiful summer night many many years back in Palakkad. Summer in Palakkad is usually said to be harsh & ruthless. But I always found it very generous, for summer also brought along many treasures hidden in its bosom.

Summer was the time when most of the kids in the neighbourhood would go to visit their native places leaving me all alone with my dreams. The long lazy sunny mornings were usually spent reading books & day dreaming. Afternoons were the time for more creative activities like drawing, painting & kite making. Post tea, it was play time. In case no one was available to play with I would go to the fields to fly kites with my brother.

Summer also meant hours & hours of free time when I could go to the terrace and gaze at the sky. My room was upstairs and it opened onto the terrace. Mother had strictly forbidden me to go to the terrace at night. But being the untamed & unruly self that I was, I never heeded her advice. I still believe that my wild and adventurous self can never be tamed by anyone. Those days we used to have frequent power cuts at night. It was on one such night that I stealthily went upstairs and opened the door to the terrace. It was pitch dark over there with not even the light of a firefly in sight. There was a ladder on the terrace which took one to the sloping roof above where the water tank was located. I used to help grandfather in cleaning the tank once in a while. The leaves of the coconut tree were obscuring my vision of the sky.

Suddenly I got this idea of climbing up the ladder so that I could get a clearer view of the sky. Very excited but scared of getting caught, I climbed up the ladder to reach the roof. Because the roof was sloping, there was always a risk of falling down. Hence I decided to lie down & gaze. The dark blue sky above was studded with thousands of stars and the ground below was shrouded in darkness. It felt as if I was floating on a plane between light & darkness.

A deep sense of calm pervaded me and for a moment everything made perfect sense. The past, present and future all seemed to coincide with that moment. There in the stillness of that summer night, under the canopy of the twinkling stars, I felt a connection with every single particle, every single being in this vast universe. Maybe the stars were trying to convey the eternal truth in some secret language of theirs. Or was it my own mind which was playing tricks with me…

I was lost in these thoughts when I heard my mother calling me. Alas !! the spell was broken. I quickly climbed down the stairs hoping to come back some time later. So many summers have passed by, so many times have I gone to the same roof, but I never had that experience again. I consoled myself thinking that some things happen only once in a lifetime. Most probably what I experienced was a hallucination of my mind. Still I would like to believe otherwise. And even if it was a hallucination it was a beautiful one and I don't mind having it again.

ANUP AHMED

വസന്തകാലം കഴിഞ്ഞ്

"Excuse me, I guess we have the same exam center. If you don't mind we can share a rikshaw!"

ഡൽഹി മെട്രോയിൽ വെച്ച് എന്നെ ഇടങ്കണ്ണിട്ടു നോക്കിയിരുന്ന എന്ന് ഞാൻ എന്നെത്തന്നെ പറഞ്ഞു വിശ്വസിപ്പിച്ച പെൺകുട്ടി എന്നോട് നേരിട്ട് വന്ന ചോദിച്ചപ്പോൾ മനസ്സിൽ ലഡ്ഡു പൊട്ടി. ഇതൊന്നും നേരിൽ കാണാൻ അനീഷ് മോഹൻ അവിടെ ഉണ്ടായില്ലല്ലോ എന്ന ദുഃഖം മാത്രം. ഇതിന മുമ്പുള്ള ഇത്തരം സന്ദർഭങ്ങളെല്ലാം എന്റെ വെറും തോന്നൽ മാത്രം ആണെന്ന അവന്റെ വാദം പൊളിച്ച കൊടുക്കാമായിരുന്ന.

നീല ജീൻസും വെള്ള ടോപ്പും.ഒരു പരീക്ഷക്ക് പോകുന്നതിന്റെയോ ഒരു വൻ നഗരത്തിൽ ആദ്യമായി വന്നിറങ്ങുന്നതിന്റെയോ പരിഭ്രമമേതുമില്ലാത്ത മുഖഭാവവും പെരുമാറ്റവും. പോരാത്തതിന് ഒരു സ്റ്റൈലൻ കോസ്മോപോളിറ്റൻ പുഞ്ചിരിയും . "സൈമ" സുന്ദരിയായിരുന്ന .

(ഇത് ഖണ്ഡിക്കാൻ പാങ്ങുള്ള ബാച്ചിലെ മറ്റ അലവലാതികളൊന്നും അവളെ നേരിൽ കാണാത്ത സ്ഥിതിക്ക് ; ഈയുള്ളവൻ ആധികാരികമായി പറയുന്ന അവൾ ആരും ഒന്ന് നോക്കിപോകുന്ന സുന്ദരിയായിരുന്ന.)

അത് കൊണ്ട് തന്നെ മനസ്സ് പ്രകാശത്തെക്കാൾ വേഗത്തിൽ സഞ്ചരിച്ചു; മുംബൈക്കാരിയെ പ്രണയിച്ച കാര്യം വീട്ടിൽ അറിഞ്ഞാൽ എന്താകും. ആദ്യം കുറച്ചു പ്രശ്നമൊക്കെ കാണും പിന്നെ പതുക്കെ ശരിയാകുമായിരിക്കും. ഞാൻ മുംബൈയിലേക്ക് മാറുന്നതായിരിക്കും നല്ലത്. മേലാറ്റൂരിൽ സൈമയ്ക്ക് ബോറടിയായിരിക്കും. മുംബൈലാകുമ്പോൾ മറൈൻ ഡ്രൈവ് ലൂടെ കപ്പലണ്ടി കൊറിച്ചു നടക്കുമ്പോൾ ...

"ചലോ, ഗെറ്റ് ഇൻ " ദിവാസ്വപ്നത്തിൽ നിന്നുണർത്തി സൈമ റിക്ഷയിൽ കയറാൻ ക്ഷണിച്ചു.

ഞാൻ ചാടിക്കയറി.

ഒരു എമണ്ടൻ പ്രേമസുരഭിലയാത്ര മനസ്സിൽ കണ്ടു കയറിയ എനിയ്ക്ക പക്ഷെ തെറ്റി. യാത്ര ആസ്വാദ്യകരമായില്ല എന്ന് മാത്രമല്ല മനസ്സമാധാനത്തോടെ ഒന്ന ഇരിക്കാൻ പോലും സാധിക്കുന്നില്ല. വല്ലാത്ത നെഞ്ചിടിപ്പ്. എന്താണെന്നറിയില്ല; ഇരിപ്പുറയ്ക്കുന്നില്ല. ആകെക്കൂടെ ഒരു വല്ലായ്മ. എത്ര ശ്രമിച്ചിട്ടും സീറ്റിന്റെ വക്കിൽ ഭാരം മുഴുവൻ ഇറക്കി വയ്ക്കാതെ ഇരുന്ന എന്നൊന്ന വരുത്തിത്തീർക്കൽ; അത്രയേ പറ്റുന്നുള്ളു. മുഖത്തെ അസ്വസ്ഥത മറച്ചു വയ്ക്കാനും പറ്റുന്നില്ല.

ചാഞ്ഞ മുടിച്ചുരുൾ ഇടത്തെ കൈ കൊണ്ട് മുന്നാമതും ചെവിയുടെ പിന്നിലേക്കൊതുക്കി ഒരു ചെറു ചിരിയോടെ , എന്റെ സഭാകമ്പം മനസ്സിലാക്കിയെന്നോണം സൈമ ചോദിച്ചു.

"Are you OK?"

"Not Really" ഒരു നിമിഷം മടിച്ചു നിന്ന ശേഷം ഞാൻ സമ്മതിച്ചു
" It's my first time !"

ആത്ഭുതത്തോടെ അവൾ എന്നെ നോക്കി . ഞാൻ സത്യസന്ധമായിതന്നെ ഉത്തരം പറഞ്ഞു. ഞങ്ങളുടെ നാട്ടിൽ റിക്ഷ എന്ന് പറഞ്ഞാൽ ഓട്ടോറിക്ഷയാണ്. സൈക്കിൾ റിക്ഷയിൽ ഞാൻ കയറുന്നതു ആദ്യമായിട്ടാണ്. ഒരു മനുഷ്യൻ നമ്മുടെ ഭാരം വഹിച്ചു കൊണ്ട് പോകുന്ന ആശയം എന്നിൽ കടുത്ത അസ്വസ്ഥത ഉളവാക്കുന്നു. എനിക്ക് ഇരിയ്ക്കാനാവുന്നില്ല; ഇറങ്ങി ഓടാൻ തോന്നുന്നു.

"He is literally bearing the burden of our body weight. I cannot stand that thought."

"അരെ യാർ, Relax. There is no reason to feel bad. It happens everywhere else . It's not your fault. In fact you will be doing more harm if you decide not to use his service; this is how he earns bread for his family!" സൈമ ആശ്വസിപ്പിക്കാൻ ശ്രമിച്ചു

ഒന്ന് ചിരിച്ചെന്ന വരുത്തിത്തീർത്തു യാത്ര തുടർന്നു. ചിന്തകളുടെ ഘോഷയാത്രയിൽ നിന്നും സൈമയും മുംബൈ സായാഹ്നങ്ങളും അപ്രത്യക്ഷ്യമായെന്ന മാത്രം.

AIIMS Entrance പരീക്ഷ എഴുതി എന്ന് വരുത്തി നേരെ താജ് മഹൽ കാണാൻ പോകണം. റൂറൽ സെർവിസും പിജി കുത്തും തുടങ്ങുന്നതിന് മുന്നെ ഒന്ന് അടിച്ചു പൊളിക്കണം House surgeoncy യുടെ അവസാനം ഒരു പറ്റം 44th ചെങ്ങായിമാരുടെ കൂടെ ഡൽഹിക്ക് വണ്ടി കയറുമ്പോൾ അതിൽ കൂടുതൽ ഉദ്ദേശമൊന്നും ഉണ്ടായിരുന്നില്ല. പക്ഷേ, കണ്ട് പരിചയിച്ച ചുറ്റുപാടുകളിൽ നിന്നും വ്യത്യസ്തമായ ജീവിതരീതികളുടെയും നേർക്കാഴ്ചകളുടെയും പുസ്തകത്തിലെ ആദ്യത്തെ ഏടായിരുന്ന ആ യാത്ര.

സൈമയെ പിന്നീട് ഞാൻ നേരിൽ കണ്ടിട്ടില്ല. ഒരിക്കൽ DNB സീറ്റുകളെ കുറിച്ച് അന്വേഷിക്കാൻ അവൾ വിളിച്ചിരുന്നു. മുംബൈയിൽ ഭീകരാക്രമണം നടന്നപ്പോൾ ഞാനും ഒന്ന് വിളിച്ചന്വേഷിച്ചിരുന്നു. അത്ര മാത്രം.

പക്ഷെ സൈക്കിൾ റിക്ഷയിൽ ഞാൻ പിന്നെയും കയറി. പല വട്ടം.

പ്രത്യേകിച്ച് അത്ഭുതങ്ങളൊന്നും സംഭവിച്ചില്ല. ആ വർഷമോ അതിനടുത്ത വർഷമോ തുടർ പഠനത്തിനുള്ള അവസരങ്ങളൊന്നും വന്ന ചേർന്നില്ല. ആറ് മാസം കൂടുമ്പോഴുള്ള ഡൽഹി യാത്ര ഒരു ശീലമായ പോലെ. അതൊരു ചടങ്ങുമാത്രമായിരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ തന്നെ തിരിച്ചെത്തണമെന്ന തന്നെയായിരുന്ന ഏറ്റവും വലിയ ആഗ്രഹം. ഭാവി ഭാര്യയുടെ മുന്നിൽ വീമ്പു പറയാൻ വേണ്ടി മാത്രം AIIMS കൗൺസിലിങ്ങിന പോയി, സീറ്റ് decline ചെയ്തു വന്നതോടെ സ്ഥിരമായി ഡൽഹിയിൽ പോകുന്നത് ഏറെക്കുറെ നിലച്ചു. പിന്നീടുള്ള എൻറെ സൈക്കിൾ റിക്ഷ യാത്രകളധികവും ബനാറസിൽ വച്ചായിരുന്നു .

ലോകത്തിലെ തന്നെ ഏറ്റവും വലിയ റെസിഡൻഷ്യൽ ക്യാമ്പസ് ആണ് BHU വിന്റേത്. 1300 ഏക്കർ; 61 ഹോസ്റ്റലുകൾ. ഈ വിവരങ്ങളെല്ലാം അറിയുന്നത് തന്നെ അവിടെ എത്തിപെട്ടതിന ശേഷമാണ് . സെക്കന്റ് റൗണ്ട് കൗൺസിലിങ്ങിൽ മെഡിസിൻ ഓപ്ഷൺ ആവുന്നത് വരെ ഒരു ഇടത്താവളം; അത്രയേ ഉദ്ദേശിച്ചിരുന്നുള്ളു. അതുകൊണ്ടു തന്നെ കൗൺസിലിങ് സമയത്തു കൂടുതൽ അന്വേഷിക്കാനൊന്നും മിനക്കെട്ടില്ല. സീറ്റ് എടുത്ത ശേഷമാണ ഗിരീഷിനെ വിളിച്ചത് പോലും. ഹോളി ആയ കാരണം അവൻ വീട്ടിൽ പോകും; എല്ലാം ഒരു സുഹൃത്തിനെ പറഞ്ഞു കോംപ്ലിമെൻറ്സ് ആക്കിയിട്ടുണ്ട് ധൈര്യമായി പോരാൻ പറഞ്ഞു. ഞാൻ ചെന്നു. വിധി കാത്തുവെച്ചിരുന്നത് ഏതാനും ദിവസത്തെ ഇടത്താവളമായിരുന്നില്ല. സന്യാസാശ്രമത്തിന ഏറെ മുന്നെ തന്നെ യൗവനതീക്ഷ്ണമായ മൂന്ന് സംവത്സരങ്ങൾ കാശി വിശ്വനാഥന്റെ അതിഥിയായിട്ടു വസിക്കാനായിരുന്ന യോഗം.

അപ്പോഴേക്കും പലവുരു സൈക്കിൾ റിക്ഷയിൽ കയറി ശീലിച്ചു കഴിഞ്ഞ എനിക്ക് വലിയ മനസ്താപമില്ലാതെ അതിലിരുന്ന യാത്ര ചെയ്യാമെന്ന നിലയായിരുന്നു. ഞാൻ റിക്ഷക്കാരോട് സംസാരിക്കാനും അവരുടെ ജീവിതം അടുത്തറിയാനും ശ്രമിച്ചു. സുഗമ ഹിന്ദി പരീക്ഷ കാര്യമായിട്ട് തന്നെ എടുത്തിരുന്ന ഒരു വിദ്യാർത്ഥിയായിരുന്ന ഞാൻ. പോരാത്തതിന് ഹിന്ദി സിനിമകളും ആവശ്യത്തിലേറെ കണ്ടിട്ടുണ്ടല്ലോ.

നഹി നഹി ! എനിക്ക് തെറ്റി. പറയുന്നത് പകുതി മുക്കാലും എനിക്ക് മനസ്സിലാവുന്നില്ല. ഉത്തർ പ്രദേശിന്റെ കിഴക്കേ ഭാഗത്തിനെ, ബിഹാറുമായി ചേർന്ന് കിടക്കുന്ന പ്രദേശത്തെ 'പൂർവാഞ്ചൽ' എന്ന് പറയും. ബിഹാറിലും

ഇവിടെയും ഏകദേശം ഒരേ സംസ്കാരമാണ്; ഭാഷയും. ഭോജ്പുരിയാണ് കൂടുതൽപേരും സംസാരിക്കുന്നത്. അല്ലെങ്കിൽ ഭോജ്പുരി കലർന്ന ഹിന്ദി.

റിക്ഷക്കാരൻ പകലന്തിയോളം അധ്വാനിച്ചു കിട്ടുന്നത് മുഴുവൻ വീട്ടിൽ എത്തില്ല. മിക്കവാറും റിക്ഷകളുടെയും ഉടമ മറ്റൊരാളായിരിക്കും. ദിവസവാടക കിഴിച്ചു ബാക്കി ഉള്ളത് മാത്രമാണ് റിക്ഷക്കാരന്. ഇത്രകാലം കൊടുത്ത വാടക കൊണ്ട് രണ്ടോ മൂന്നോ റിക്ഷകൾ സ്വന്തമായിത്തന്നെ വാങ്ങാൻ സാധിക്കില്ലെ? ആലോചിച്ചപ്പോൾ കഷ്ടം തോന്നി . ഇവർക്കു ഒന്ന് സംഘടിച്ചു കൂടേ . ഇത്രയൊന്നും കഷ്ടപ്പെടേണ്ടി വരില്ലല്ലോ

" ഭയ്യാ , യഹാൻ സെ ബായാനെ മോഡിയെ." തിരിയേണ്ട സ്ഥലമെത്തുമ്പോൾ ഞാൻ പറയും. കവലയിൽ നിന്ന് ഇടത്തോട്ട് തിരിക്കാനാണ് കവി ഉദ്ദേശിച്ചതെന്ന് മനസ്സിലാകാതെ വലത്തേക്ക് തിരിഞ്ഞ സാരഥിയെ തിരുത്താൻ മിനക്കെടാതെ, അവിടെ ഇറങ്ങി ബാക്കി ദൂരം തിരിച്ചു കാൽനടയായി യാത്ര ചെയ്തു തീർക്കുന്ന ശീലം കുറച്ചു മാസങ്ങൾ തുടർന്നു. എന്നെങ്കിലും ആരെങ്കിലും തിരുത്തുമെന്നും ഭയ്യമാർ 'ഇടത്തേയ്ക്ക്' തന്നെ തിരിയുമെന്നും വ്യാമോഹിച്ചു.

ഗംഗ , യമുന , സരസ്വതി എന്നിങ്ങനെ മൂന്ന് ലേഡീസ് ഹോസ്റ്റലുകൾ അടങ്ങുന്ന ഒരു കോംപ്ലക്സ് ആണ് ത്രിവേണി. ലതിന്റെ തൊട്ടപ്പുറത്താണ് ന്യൂ ഡോക്ടേർസ് ഹോസ്റ്റൽ . (റിക്ഷാക്കാരക്ക് അടയാളം പറഞ്ഞ് കൊടുക്കുന്നത് ഹോട് സ്പോട് ആയ ത്രിവേണി തന്നെ.)
കേരളാ പോലീസിന്റെ ജലപീരങ്കിക്കു മുന്നിൽ വിരിമാറ് കാണിച്ച ചരിത്രമുണ്ടെന്നു പറയപ്പെടുന്ന സഖാവ് ആശിഷ് നായരായിരുന്നു സഹമുറിയൻ. എംബിബിസ് ആലപ്പുഴയിൽ നിന്നും ചെയ്തു അവനെ നേരത്തെ ഒരു ചെറിയ പരിചയമുണ്ട്. കുറച്ചു കൂടി കഴിഞ്ഞപ്പോൾ "എം ഫാം" ചെയ്യാൻ ഫർമസി കോളേജിലെ ജൂനിയർ പ്രവീൺ വന്നുചേർന്നു. വെങ്കി (അരവിന്ദ് വെങ്കിട്ടരാമൻ ;തിരുവനന്തപുരം കൌണ്ടർ ബാച്ച്) ഗിരീഷിന്റെ കൂടെ ഒരു വർഷം മുൻപേ അവിടെയെത്തിയിരുന്നു. അങ്ങനെ സൗഹൃദങ്ങൾക്കും സ്നേഹബന്ധങ്ങൾക്കും എന്നത്തേയും പോലെ അന്നും വലിയ മുട്ടുണ്ടായില്ല.

നായർ കുട്ടിക്കാലത്തു റാഞ്ചിയിലാണ് വളർന്നത്. അതു കാരണം ഹിന്ദിയും അവിടത്തെ രീതികളും എന്നെക്കാൾ നന്നായി അറിയാം. പക്ഷേ, ഈ ഗൃഹാതുരത്വത്തിന്റെ അസുഖം ആവശ്യത്തിലധികം ഉണ്ട്. മെസ്സിലെ റൊട്ടിയും ദാലും ഗോസായിമാരുടെ പെരുമാറ്റവും അവനെ സ്ഥിരമായി രോഷാകുലനാക്കും.. ഒരാഴ്ച അവൻ അത് എല്ലാം സഹിക്കും. എന്നിട്ടു ഞായറാഴ്ചയായാൽ ആ ദേഷ്യം മുഴുവൻ ഒരു സാമ്പാറുണ്ടാക്കി തീർക്കും.(കറിക്കരിയാൻ ഞാനും തുടക്കത്തിൽ കൂടും, എന്നിട്ടു ഫോൺ വന്നെന്നു പറഞ്ഞു ഇടയ്ക്കു മുങ്ങും . തിരിച്ചു വരുമ്പോൾ സാമ്പാർ റെഡി !) എന്നിട്ടു ലാപ്ടോപ്പിലൊരു മലയാളം സിനിമയും പാസ്സാക്കും. ഒരാഴ്ച കൂടി ഓർമ്മകൾ അയവിറക്കി ഓടാനുള്ള ഊർജ്ജം നായർക്ക് അങ്ങനെ കിട്ടുമായിരുന്ന പോലെ.

ഇതിനു വിഭിന്നമായി വീണിടം "വിഷ്ണുലോകം" ആക്കണം എന്നതായിരുന്നു എന്റെ ലൈൻ. ഈ നാടിനെയും നാട്ടുകാരെയും അറിയണ്ടേ! ഞാൻ കൂടുതൽ അവിടത്തുകാരൻ ആവാൻ ശ്രമിച്ചു. ഫോണിൽ ഭോജ്പുരി റിങ് ടോൺ വയ്ക്കുക, ഗംഗയുടെ ഘാട്ടുകളിൽ ബനാറസി പാൻ ചവച്ചു സൂര്യാസ്തമയം കാണുക തുടങ്ങി അരയിൽ സദാസമയം റിവോൾവർ വച്ച് നടക്കുന്ന ചോട്ടാ ഡോണുമായി സൗഹൃദം സ്ഥാപിക്കുന്നതുവരെയുള്ള പരിപാടികളുമായി ജീവിതം മുന്നോട്ടു നീക്കി.

നമ്മുടെ കോളേജിലെ പോലെ തന്നെ പ്രധാന ആശുപത്രിയിൽ നിന്നും അല്പം മാറിയായിരുന്നു ചെസ്റ്റ് ഡിപ്പാർട്ട്മെന്റ്. ആയുർവേദ ഹോസ്പിറ്റലിന്റെ ഒരു ഭാഗത്തു ചെസ്റ്റ് വാർഡ് പ്രതിഷ്ഠിച്ചതിലെ യുക്തി എത്രയാലോചിച്ചിട്ടും മനസ്സിലായില്ല.

സെൻട്രൽ യൂണിവേഴ്സിറ്റി ആയതു കൊണ്ട് ഇന്ത്യയുടെ നാനാഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ , കൂടാതെ ഫോറിൻ സ്റ്റുഡന്റ്സ്; മൗറീഷ്യസ്, മാലദ്വീപ് എന്നിവിടങ്ങളിൽ നിന്നുള്ളവരും . രോഗികളാവട്ടെ ,ഉത്തർപ്രദേശ്, ബീഹാർ, ജാർഖണ്ഡ് എന്നിവിടങ്ങളിൽ നിന്ന് മാത്രമല്ല; നേപ്പാളിൽ നിന്ന് വരെ എത്തിച്ചേരുമായിരുന്നു.

"അതെ, കുട്ടി മാമാ ഞാൻ ഞെട്ടി മാമാ!"

പക്ഷെ ശരിയ്ക്കും ഞെട്ടിയതു പേ വാർഡിലൂടെ മെഷീൻ ഗണ്ണുമായി ഉലാത്തുന്ന സിവിൽ വസ്ത്രധാരികളെ കണ്ടപ്പോഴാണ്. പോലീസ് അറസ്റ്റ് ഒഴിവാക്കാനോ വീട്ടിൽ സുരക്ഷ കുറഞ്ഞെന്നു തോന്നുമ്പോഴോ അതുമല്ലെങ്കിൽ ചിലപ്പോൾ ശരിക്കും അസുഖമായിട്ടോ VIP കൾ പേവാർഡിൽ അഭയം തേടും. അവരുടെ സുരക്ഷാ കിങ്കരന്മാർ (പോലിസ് അല്ല ; പ്രൈവറ്റ് സെക്യൂരിറ്റി) ആയുധമേന്തി റോന്തു ചുറ്റുന്നത് അവിടെ അപൂർവ്വമായ കാഴ്ച്ചയല്ലെന്ന് അധികം വൈകാതെ മനസ്സിലായി.

മനസിലാക്കാൻ കുറച്ചു സമയമെടുത്തത് മറ്റൊരു സമസ്യയായിരുന്നു. ആശുപത്രി കവാടത്തിൽ ശ്രുശ്രുതന്റെ ശിരസ്സിന്റെ ഒരു ശില്പമുണ്ടായിരുന്നു. ഭാരതീയ ശസ്ത്രക്രിയയുടെ പിതാവിന്റെ ഒരു സ്റ്റൈലൻ തല! ഞങ്ങളുടെ 'വാർഡ് ബോയ്' കപ്പടാ മീശക്കാരൻ പപ്പു സിംഗ് മിക്കവാറും ദിവസങ്ങളിൽ ജോലി തുടങ്ങുന്നതിനു മുൻപ് അവിടെ പുഷ്പാർച്ചന നടത്തി കൈ കൂപ്പി പ്രാർത്ഥിക്കും. ഭാങ്ങും കഞ്ചാവും ആ പ്രദേശത്തു യഥേഷ്ടം ലഭിക്കും. പപ്പു സിംഗിന്റെ അനവസരങ്ങളിലുള്ള ചിരിയുടെയും ഉന്മാദത്തിന്റെയും രഹസ്യം വാസ്തവത്തിൽ പരസ്യം തന്നെയായിരുന്നു. പക്ഷേ, ശ്രുശ്രുതനോടുള്ള ഭക്തി; അതിന്റെ രഹസ്യം കഞ്ചാവ് മാത്രമാണോ? ഞാൻ ചോദിച്ചറിയാൻ തന്നെ തീരുമാനിച്ചു. ഭാരതീയ പൈതൃകത്തിൽ ഊറ്റം കൊണ്ട ശില്പി നല്ല തലയെടുപ്പുള്ള ഒരു രൂപം തന്നെയായിരുന്നു കൊത്തിയിരുന്നത്. കണ്ടു ശീലിച്ച ദൈവരൂപങ്ങളിൽ നിന്നും വ്യത്യസ്തനായ ഈ രൂപം ആരുടേതെന്ന് മറ്റാരോടും അന്വേഷിക്കാൻ തുനിയാതെ പപ്പു സിംഗ് ആത്മാർത്ഥമായി സ്വയം വിശ്വസിച്ചു; 'ഇത് ഭീഷ്മ പിതാമഹൻ തന്നെ!'

നിഷ്കളങ്കത, അജ്ഞത, ജാതിബോധം ഇവ ഏറെക്കുറെ സമം ചേർന്നതാണ് ഒരു ശരാശരി പൂർവഞ്ചൽ ഗ്രാമീണൻ; നമ്മുടെ പപ്പു സിംഗിനെ പോലെ . പലപ്പോഴും നമ്മുടെ നാട്ടിൻപുറത്തെ നിഷ്കളങ്കതയെ ഓർമ്മപ്പെടുത്തും. എന്നാൽ മറ്റു ചിലപ്പോൾ അമ്പരപ്പിച്ചു കളയും.
ഇനി കഥയിലേക്ക്

" ലഡ്കി കോ ക്യാ പരേശാനി ഹേ ബാബാ ?" കേസ് ഷീറ്റ് എടുത്തു നോക്കുന്നതിനിടെ ബെഡ് 24 ലെ ബൈസ്റ്റാൻഡറോട് ചോദിച്ചു. ബെഡിൽ മെലിഞ്ഞു അവശയായ ഒരു പെൺകുട്ടി ഇടതുവശം ചെരിഞ്ഞു കിടക്കുന്നു.

Supraclavicular hollowing ഉണ്ടോ, accessory muscles use ചെയ്യുന്നുണ്ടോ മനസ്സിൽ കുട്ടിയും കിഴിച്ചും നോക്കികൊണ്ടു പേജ് മറിച്ചു.
റിങ്കി ത്രിപാഠി, 17 വയസ്സ്.

"ഖാസി മി ഖുൻ ബാഹ്രത് നികൽബ , ഡാക് സാബ് " വലിയ വിനയത്തോടെ റിങ്കിയുടെ അച്ഛൻ ആത്മാറാം ത്രിപാഠി മറുപടി പറഞ്ഞു. കേസ് ഷീറ്റിന്റെ മുകളിൽ ഡയഗ്നോസിസ് കോളത്തിൽ കണ്ടു ശീലിച്ച വില്ലൻ തന്നെ; പൾമണറി കോക്സ് വിത്ത് ഹീമോപ്റ്റൈസിസ്. സംസാരം തുടർന്ന് കൊണ്ടുതന്നെ കേസ് ഷീറ്റിലൂടെ കണ്ണോടിച്ചു. ഹീമോഗ്ലോബിൻ ക്രിട്ടിക്കൽ ലോ.

" ലഡ്കി കോ ഖുൻ ചഢ നാ ഹോഗാ ബാബ. ബന്തവസ്സ് കീജിയേഗാ "

ബ്ലഡ് ബാങ്കിൽ നിന്നും രക്തം കിട്ടണമെങ്കിൽ ഡോണറെ തപ്പിപിടിച്ചു കൊടുക്കണം; ഏതു ഗ്രൂപ്പായാലും ഡോണർ ഉണ്ടെങ്കിലേ ബ്ലഡ് കിട്ടൂ. കീഴ്വഴക്കങ്ങൾ ആത്മാറാമിനെ പറഞ്ഞു മനസ്സിലാക്കി. വൈകിട്ട് റൗണ്ട്സ് സമയത്തു ചോദിച്ചപ്പോഴും ഡോണർ റെഡിയല്ല . ആത്മാറാമിന്റെ ദുർബലദേഹത്തിൽ നിന്നും രക്തമൂറ്റുന്ന പ്രശ്നം ഉദിക്കുന്നേയില്ല. രക്തം ദാനം ചെയ്യാൻ മറ്റാരും കൂടെയില്ല താനും.

" ഗാവ് സേ കോയി നഹി ആയേഗാ?"

" നോക്കുന്നുണ്ട് ഡാക് സാബ് ; ഇതുവരെ ഒന്നും തരപ്പെട്ടില്ല " ആത്മാ റാം തൻറെ നിസ്സഹായാവസ്ഥ വെളിപ്പെടുത്തി
ഇനിയൊരിക്കൽ കൂടി രക്തം വലിയതോതിൽ പോയാൽ കാര്യങ്ങൾ കൈവിട്ടു പോകും. കാര്യത്തിന്റെ ഗൗരവം ഒന്ന് കൂടി പറഞ്ഞു ബോധ്യപ്പെടുത്തി. പണ്ട് ബൈസ്റ്റാന്ഡേഴ്സ് റെയർ ഗ്രൂപ്പ് ഉള്ളവരെ തേടി നമ്മുടെ ഹോസ്റ്റലിൽ വന്നന്വേഷിക്കുന്നതും, KBDF ഉം , ബ്ലഡ് ഡൊണേറ്റ് ചെയ്തു കഴിഞ്ഞു ചായയും പഴംപൊരിയും ഫ്രൂട്ടിയും വാങ്ങി കൊടുക്കുന്ന പതിവും എല്ലാം പെട്ടെന്ന് ഓർമ്മ വന്നു. ആത്മാറാമിന് ഒരു പഴംപൊരിയിലോ പക്കോഡയിലോ തീർക്കാവുന്ന പ്രശ്നമല്ലേയുള്ളൂ ഇത്; റെയർ ഗ്രൂപ്പ് ഒന്നുമല്ലല്ലോ എന്ന് ഞാനാലോചിച്ചുപോയി.

നാലാം ദിവസം ഈവനിംഗ് റൗണ്ട്സിന്റെ സമയത്തു ബെഡ് 24 ഇൽ രണ്ടുമൂന്നു സന്ദർശകർ. കൂട്ടത്തിൽ അരോഗദൃഢഗാത്രൻ ആയ ഒരു ചെറുപ്പക്കാരൻ. കാഴ്ച്ചയിൽ നമ്മുടെ ജാവേദ് അലിയെ അനുസ്മരിപ്പിച്ചു. ഞാൻ മനസ്സിലുറപ്പിച്ചു; ഇവൻ തന്നെ റിങ്കിയുടെ രക്ഷകനായ സുൽത്താൻ!

എനിക്കാശ്വാസമായി. ആത്മാറാമിന്റെ ജോലി എളുപ്പമാക്കികൊടുക്കുമെന്നു വിചാരിച്ചു ഞാൻ അവരെ സൈഡ് റൂമിലേക്ക് വിളിപ്പിച്ചു. റിങ്കിയുടെ ആരോഗ്യ സ്ഥിതി മോശമാണെന്നും ഉടനെ രക്തം കൊടുത്തില്ലെങ്കിൽ ജീവന് തന്നെ ഭീഷണിയാണെന്നും പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. സുൽത്താൻ സശ്രദ്ധം കേട്ടു. കഷ്ടം തന്നെ എന്നർത്ഥത്തിൽ തലയാട്ടുകയും ചെയ്തു. അതിൽക്കൂടുതൽ പ്രതികരണം ഒന്നും സുൽത്താന്റെ ഭാഗത്തുനിന്നുമുണ്ടായില്ല. നമ്മുടെ സുൽത്താന് രൂപത്തിൽ മാത്രമെ ജാവേദ് അലിയുമായി സാമ്യമുള്ളൂ എന്ന് ഇതിനകം തിരിച്ചറിഞ്ഞ ഞാൻ പതുക്കെ കാര്യം അവതരിപ്പിച്ചു.

" നിങ്ങൾ വിചാരിച്ചാൽ ആ കുട്ടിയുടെ ജീവൻ രക്ഷിക്കാം ; രക്തം ദാനം ചെയ്തുടെ?"
ആശ്വാസമായില്ലേ എന്ന മട്ടിൽ ഞാൻ ആത്മാറാമിന്റെ നേരെ തിരിഞ്ഞു. ഒരു വലിയ ഭാരം ഇറക്കി വച്ച ആശ്വാസമോ ഒരു സഹായം ലഭിച്ചതിന്റെ കൃതജ്ഞതയോ അല്ല എനിക്ക് ആ മുഖത്ത് അപ്പോൾ കാണാനായത്. ആത്മാറാം വിളറി വെളുത്തിരുന്നു.

" ഡാക് സാബ് , നിങ്ങൾ എന്താണ് ഈ പറയുന്നത്. ഇവർ രോഗിയെ സന്ദർശിക്കാൻ വന്നവരാണ്, ഗാവിൽ നിന്ന്. ഇവരോട് ഇങ്ങനെയൊക്കെ സംസാരിക്കാമോ?"

ഒരു നിമിഷം സ്തബ്ധനായ ശേഷം ഞാൻ തിരിഞ്ഞു സുൽത്താനെ നോക്കി. ഏതോ ജിന്നിനെ കണ്ടു അമ്പരന്ന പോലെ അവൻ എന്നോട്

"അതെങ്ങനെ ശരിയാകും. ഞാൻ ഇവിടെ അതിനൊന്നും വന്നതല്ല."

ഇതൊരു മാതിരി മറ്റേടത്തെ പരിപാടിയായിപ്പോയി എന്നർത്ഥത്തിൽ സുൽത്താൻ ആത്മാറാമിനെ നോക്കി കണ്ണുരുട്ടി. ഇവർ മറ്റേ ചിട്ടയുടെ ആൾക്കാരായിരിക്കും. ഒരു പക്ഷെ ഒരല്പം ബോധവൽക്കരണം കൊണ്ട് ശരിയാകുമായിരിക്കും. രക്തദാനം മഹാദാനമാണെന്നും ചെറുപ്പക്കാരായ നിങ്ങൾ മാതൃകയാകണമെന്നും മറ്റും പറഞ്ഞു ഞാൻ എന്റെ പ്രഭാഷണം തുടങ്ങി. അപ്പോഴേക്കും സൈഡ് റൂമിലെ അന്തരീക്ഷം മാറിത്തുടങ്ങിയിരുന്നു. എന്റെ ബോധവൽക്കരണം പുരോഗമിക്കുന്നതിനോടൊപ്പം ആത്മാറാമിന്റെ മുഖത്തെ ദൈന്യതയും നിസ്സഹായതയും കൂടിക്കൂടി വന്നു. കരച്ചിലിന്റെ വക്കോളമെത്തി. സുൽത്താന്റെ മുഖത്തെ അമ്പരപ്പ് അത് പോലെ തന്നെ മാറ്റമില്ലാതെ നിന്നു .

" വേണ്ട ഡാക് സാബ് , വേണ്ട "
"സാരമില്ല ചാച്ചാ , ഞാനൊന്നു പറഞ്ഞു നോക്കട്ടെ "

ഒന്നുകൂടി ആഞ്ഞു ശ്രമിച്ചാൽ സുൽത്താന്റെ മനസ്സലിയുമായിരിയ്ക്കുമെന്നു വിശ്വസിച്ചു ഞാൻ തുടരുമ്പോഴേക്കും ആത്മാറാം കൈ കൂപ്പി പൊട്ടിക്കരയാൻ തുടങ്ങി.

" ഭഗവാൻ കെ ലിയേ ചോഡ് ദീജിയെ ഡാക് സാബ്! ഇങ്ങനെ വല്ലതും ഇവിടെ സംഭവിച്ചു എന്നറിഞ്ഞാൽ അത് ഞങ്ങൾക്കു വലിയ നാണക്കേടാണ്. രോഗിയെ സന്ദർശിക്കാൻ വന്നവരോട് രക്തം കൊടുക്കാൻ ഞാൻ ചോദിച്ചാൽ എന്നെ പിന്നെ എന്തിനു കൊള്ളാം ? ഞങ്ങളെ ഗാവിൽ എല്ലാവരും ഒറ്റപ്പെടുത്തും"

എന്നിട്ടു സുൽത്താന്റെ നേരെ തിരിഞ്ഞു.

"ഇതൊന്നും താൻ മനസ്സാ വാചാ അറിയാത്ത കാര്യമാണ് , ഞാൻ ഒരിക്കലും ഡോക്ടറോട് അങ്ങിനെ പറഞ്ഞിട്ടില്ല "

സുൽത്താൻ എന്തോ വലിയ ഉപകാരം ചെയ്യുന്ന കണക്കെ താൻ അത് വിശ്വസിച്ചുകൊള്ളാമെന്നു പറഞ്ഞു. എനിക്ക് ചുറ്റും സംഭവിക്കുന്നതൊന്നും എനിക്കപ്പോഴും ഉൾകൊള്ളാൻ കഴിഞ്ഞില്ല.

" ദേഖിയെ .." ഞാൻ വീണ്ടും പറഞ്ഞു തുടങ്ങി.

അപ്പോഴേക്കും ബഹളം കേട്ടു സ്റ്റാഫ് നേഴ്സ് ദുബേ ജി ഓടിയെത്തി. ആത്മാറാമിനെയും സുൽത്താനെയും കൂട്ടി പുറത്തേക്കു പോയി.

"ഡാക് സാബ് ദക്ഷിൺ ഭാരത് സെ ഹേ . ഉൻകോ സമജിനെ മേ തോഡാ ദിഖത്ത് ഹോഗാ " അവരെ സമാശ്വസിപ്പിക്കുന്നതു എനിക്ക് ഇപ്പുറത്തു നിന്നും കേൾക്കാമായിരുന്നു. ശരിയായിരുന്നു; വരത്തനായ എനിക്കതു മനസ്സിലാക്കാൻ വലിയ പ്രയാസമായിരുന്നു. എൻറെ നാട്ടിൽ ഇങ്ങനെയൊന്നുമല്ലല്ലോ

തലയ്ക്കു അടി കിട്ടിയ പോലെ; കുറച്ചു നേരം ഞാൻ അവിടെ തന്നെ ഇരുന്നു. ചെയ്തതിന്റെ ശരിതെറ്റുകൾ മനസ്സിലിട്ടു എത്ര അപഗ്രഥിച്ചിട്ടും എങ്ങുമെത്തിയില്ല. ഇടനെഞ്ചിൽ ഒരു ഭാരം . ശ്വാസം ശരിക്കു കിട്ടാത്ത പോലെ . എനിക്ക് പിന്നെ അവിടെ ഇരിക്കാൻ സാധിച്ചില്ല. ഞാൻ പതുക്കെ വാർഡിൽ നിന്നും ഇറങ്ങി നടന്നു. പടികളിറങ്ങുമ്പോഴേക്കും എൻറെ മനസ്സു നാട്ടിലേക്ക് പറന്നു. കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് തന്നെ. കടലുണ്ടി ദുരന്ത സമയത്തെ ക്യാഷ്വവാലിറ്റി പരിസരം. ജീവിതത്തിൽ ഒരിക്കൽ പോലും ഇതിനു മുൻപ് കണ്ടിട്ടില്ലാത്തവരെ സഹായിക്കാൻ കൈ മെയ് മറന്നു പരസ്പരം മത്സരിക്കുന്ന ഒരു ആൾക്കൂട്ടത്തെ ഞാൻ അവിടെ കണ്ടു . കാമ്പസ്സിലെ പരിചയമുള്ളതും ഇല്ലാത്തതുമായ ഒരു പാട് മുഖങ്ങളുണ്ട് അവർക്കിടയിൽ.
ഞാൻ പടിയിറങ്ങി താഴെയെത്തി. പപ്പു പുഷ്പാർച്ചന നടത്തുന്ന ശിൽപം നിസ്സംഗനായി തന്നെ നില്ക്കുന്നു. മനസ്സിലെ വിങ്ങലിറക്കിവെയ്ക്കാനാവുന്നില്ല. ഹോസ്റ്റൽ വരെ നടക്കാൻ തോന്നിയില്ല. ആദ്യം കണ്ട റിക്ഷയിൽ കയറി.

"സ്യ ഡോക്ടേർസ് ഹോസ്റ്റൽ ജാനാ ഹേ "
മനസ്സിലാവാഞ്ഞത് കൊണ്ട് വീണ്ടും അടയാളം പറഞ്ഞ് കൊടുത്തു.
" ത്രിവേണി കെ ഭഗൽ മേ "

ആത്മാറാമിന്റെ കരച്ചിൽ അപ്പോഴും ചെവിയിൽ മുഴങ്ങി കേൾക്കുന്നു. അന്ന് ആ മനുഷ്യന്റെ മുഖത്ത് ഞാൻ കണ്ട അത്രയും ദൈന്യത നാളിതുവരെ മറ്റൊരു മുഖത്തും കണ്ടിട്ടില്ല. ത്രിവേണി ചൗരാഹ ലക്ഷ്യമാക്കി റിക്ഷ പതുക്കെ നീങ്ങുമ്പോൾ മനസ്സിലേക്ക് വീണ്ടും ഒരു പാട് ചിത്രങ്ങൾ ഓടിയെത്തി ; NSS ക്യാമ്പ്, ഡ്രഗ് കളക്ഷൻ , PCU .. ഒടുവിൽ നമ്മുടെ മെഡിസിൻ വാർഡിലെത്തിനിന്നു. എട്ടാം വാർഡിന്റെ പരിസരത്തായി ഞാൻ നിൽക്കുകയാണ് . വെള്ള കോട്ടണിഞ്ഞതും അണിയാത്തതുമായ ഒരു പാട് മനുഷ്യരൂപങ്ങൾ എൻറെ മുന്നിലൂടെ നീങ്ങുന്നു. എന്നോട് മൈക്രോബയോളജി ലാബിലേക്ക് വഴി ചോദിച്ചു വന്ന ആൾക്ക് ആത്മാറാമിന്റെ അതെ മുഖഛായ . ചുണ്ടിൽ പക്ഷെ ഒരു ചെറുപുഞ്ചിരിയുള്ള പോലെ തോന്നി. പിന്നെ എന്റെ കാഴ്ച മങ്ങിത്തുടങ്ങി. പരിചയമുള്ള ഒരു വലിയ രൂപം നടന്നടുക്കുന്നു. മുഖം വ്യക്തമല്ല .മിഥുൻ സി മോഹനോ അതോ ജാവേദ് അലിയോ ..
"ഒരു PP യുണ്ട് അന്നപേ ; ഒന്ന് പോയിനോക്കട്ടെ "

അതുവരെ അനുഭവിക്കാത്ത ഒരു പ്രത്യേക തരം ഉന്മാദാവസ്ഥ എനിക്കപ്പോൾ അനുഭവപ്പെട്ടു . നായർ പല ആഴ്ചകളിലായി അനുഭവിച്ച തീർത്ത ഗൃഹാതുരത്വമത്രയും അതിന്റെ മുഴവൻ അളവിൽ ഒരൊറ്റ ഡോസായി കുത്തിവച്ച പോലെ എന്റെ സിരകളിലൂടെ ശരീരമാകെ പടർന്നു.

" ത്രിവേണി പഹുൻജ് ഗയാ സാബ്" റിക്ഷാക്കാരൻ എന്നെ തിരിച്ചു വർത്തമാനകാലത്തേക്കു കൊണ്ട് വന്നു

" യഹാൻ സെ ബായേനെ മോഡിയെ ഭൈയ്യാ."

" അല്ല ചേട്ടാ ഇടത്തേക്ക്... ഇടത്തേക്ക്...."
വീണ്ടും വഴിതെറ്റിയ റിക്ഷാക്കാരനെ ഇത്തവണ ഞാൻ അറിയാതെ തിരുത്താൻ ശ്രമിച്ചു.

ABDUL BASITH P T



പുലിമടയിലെ പുലികൾ



"പുലിമട" എന്ന് വിളിപ്പേരുള്ള ഒരു മുറിയുണ്ടായിരുന്നു, മെൻസ് ഹോസ്റ്റൽ മൂന്നിൽ. തിട്ടൂരങ്ങൾ ചുമരിൽ പച്ച പെയിന്റിന് മുകളിലായി ജപ്പാൻ ബ്ലാക്കിൽ എഴുതി വെച്ച ഒരു മുറി. കമ്പിളി പുതച്ച് ഏതു നേരവും ഒരാൾ അവിടെ കിടപ്പുണ്ടാവും. ആ മുറിയിലായിരുന്നു ഒരു കാലത്തു ഞങ്ങളുടെ ലോകം.

ഇന്ന് അത് ഒരു ലേഡീസ് ഹോസ്റ്റലാണ്. അത് വഴിയേ പോകുമ്പോൾ അങ്ങോട്ട് ഒരു തവണ കണ്ണെത്തി നോക്കി. സ്വതന്ത്രമായിരുന്ന വരാന്തകളിൽ ഞങ്ങൾ റോഡിലേക്ക് വായ്നോക്കിയിരുന്ന ഇടങ്ങളിൽ ചതുര കമ്പിവലകൾ അതിരു മറച്ചിരിക്കുന്നു. പിന്നെ അങ്ങോട്ട് നോക്കിയില്ല.

അവിടെ വെച്ചാണ് ഞാൻ വെറും അഞ്ഞൂറ് രൂപക്ക് ഒരു "അസ്ഥികൂടം" വില പറഞ്ഞ് വാങ്ങിയത്. അവിടെ വെച്ചാണ് അലിക്ക് ഒരിക്കൽ നെരുപ്പട്ടം തല്ല് കിട്ടിയത്. അവിടെ നിന്ന് നമ്മൾ തുടങ്ങിയ യാത്രകൾക്ക് കയ്യും കണക്കുമില്ല.

"ചിദംബര രഹസ്യം" എന്ന് പേരായ ഒരു പുസ്തകം ഞാൻ വായിച്ചു തീർത്തത് പുലിമടയിൽ വച്ചാണ്. അനസ് ചിലപ്പോൾ ചില പുസ്തകങ്ങൾ കൊണ്ടു വരും. "ചിദംബര രഹസ്യം" മാത്രമല്ല, "കോളറാകാലത്തെ പ്രണയം", മാധവിക്കുട്ടിയുടെ "എന്റെ കഥ". എന്നാൽ മാധവിക്കുട്ടിയുടെ കഥ വായിച്ചു തീർക്കാൻ കഴിഞ്ഞില്ല . ചിദംബര രഹസ്യം വായിച്ചു തീർത്തപ്പോൾ ചിക്കമഗളൂർ പോകണമെന്ന് മോഹം തോന്നി.

അനസ് എ.കെ. ഞാൻ. മൂവർ സംഘം മുന്നും പിന്നും നോക്കാതെ യാത്ര തിരിച്ചു. മംഗള എക്സ്പ്രസ് കാലിയായിരുന്നു. കങ്കനടി എത്തിയപ്പോൾ പുലർച്ചയായി. അവിടെ നിന്ന് ബസ് പിടിച്ച്, ചിക്മഗലൂരുവിലെത്തി. അവിടെ ഒരു സാധാരണ ലോഡ്ജിൽ മുറിയെടുത്തു.
എകെയുടെ മുഖത്ത് കടുത്ത നിരാശ നിഴലിച്ചു. "ദക്ഷിണേന്ത്യയിലെ സ്വിറ്റ്സർലന്റ്" ആണ് ചിക്കമഗളൂരെ എന്നൊക്കെ പറഞ്ഞുകേറ്റി ഇറങ്ങിയതാണ്.

കടുത്ത മടിയനാണ് എ.കെ. എവിടെ എത്തിയാലും കിടന്ന് കുറേ നേരം ഉറങ്ങണം. മെഡിക്കൽ കോളേജിനടുത്ത് പൂവാട്ട് പറമ്പ് എന്ന് പേരുള്ള ഒരു സ്ഥലമുണ്ടല്ലോ. അവന്റെ ഏതോ ഒരു എ ബി വി പി സർവ്വ സംഘ് ചാലകിന്റെ വീട് അവിടെ ആണ്. ആ സ്ഥലം ഇതുപോലെ തന്നെ ആണ് എന്നാണ് എ.കെ. പറയുന്നത്.

ഏതായാലും മൂഞ്ചിയത് മൂഞ്ചി, ഇനിയെന്ത് ചെയ്യണം എന്ന് ഞങ്ങൾ (ഞാനും അനസും) തല പുകഞ്ഞ് ആലോചിച്ചു. എന്തായാലും ഇപ്പോൾ കിടന്നുറങ്ങല്ലേ എന്ന് എ.കെ. എന്നാൽ അങ്ങനെയാകട്ടെ, കിടന്നുറങ്ങാം എന്ന് ഞങ്ങളും.

ബേലൂർ എന്ന സ്ഥലത്ത് ഒരു ചിത്രപ്പണികൾ നിറഞ്ഞ അമ്പലമുണ്ടല്ലോ. "ഒന്ന് പോയി നോക്കാം" എന്ന് എ.കെ. തിരുവടികളെ അറിയിച്ചു. അവന് ഇജ്ജാതി സാധനങ്ങൾ തീരെ താൽപര്യം ഇല്ലല്ലോ. എന്തായാലും ഇത്രടം വന്നതല്ലേ ഒന്ന് പോയി നോക്കാം എന്ന് വീണ്ടും ആവർത്തിച്ചു ഉണർത്തിച്ചു. ഒരു വിധം അവനെ താങ്ങി കർണാടക സർക്കാറിന്റെ ബസിലിട്ടു.

"ചിക്കമഗളൂരെ ഊരേ.. ചിക്കമഗളൂരെ ഊരേ.." അനസ് നീട്ടിപ്പാടി ആളുകളെ വെറുപ്പിക്കുന്നുണ്ട്. ഭാഗ്യത്തിന് അന്ന് ആരും തല്ലിയില്ല.

ബേലൂരെ ക്ഷേത്രം അതി സുന്ദരമായ ചിത്രപ്പണികളാൽ അലംകൃതമായ ഒരു തച്ചുശാസ്ത്ര വിസ്മയമായിരുന്നു. പന്ത്രണ്ടാം നൂറ്റാണ്ടിൽ പണികഴിക്കപ്പെട്ട ആ കറുപ്പഴകിക്ക് മുന്നിൽ എ.കെ. നിർവികാരനായി നിലകൊണ്ടു. അവന്റെ നിരാശ എന്നെ വിസ്മയം കൊള്ളിച്ചു. ശാലീനമായ കന്നട ഗ്രാമങ്ങളോ കടുക തോട്ടങ്ങളോ... ഒന്നും... "പൂവാട്ടുപറമ്പിൽ പോയാൽ മതിയായിരുന്നു" എന്ന അവന്റെ അഭിപ്രായത്തെ മാറ്റിമറിക്കാൻ പോന്നതായിരുന്നില്ല.

ചിക്മംഗ്ലൂരിൽ കാണാൻ ഒന്നുമില്ലെങ്കിൽ അവിടെ നിന്ന് 200 കിലോമീറ്റർ അകലെ ജോഗ് എന്ന് പേരായ ഏഷ്യയിലെ തന്നെ ഏറ്റവും ഉയരമുള്ള വെള്ളച്ചാട്ടം കാണാൻ പോകാം എന്നത് അനസിന്റെ ഐഡിയ ആയിരുന്നു. എ.കെ. ആ അഭിപ്രായത്തെ ശക്തിയായി എതിർത്തു. ബട്കലിൽ നിന്ന് കൊങ്കൺ വഴി വരുന്ന ഏതെങ്കിലും ടെയിനിൽ തിരികെ വരാം എന്ന ഉറപ്പിൽ അവസാനം അവൻ സമ്മതം മൂളി. ചിക്കമഗളൂരിൽ നിന്ന് കൂർ വരെ ബസിൽ, കൂരിൽ നിന്ന് സാഗർ വരെ ടെയിൻ അവിടെ നിന്ന് ജോഗിലേക്ക് ബസ്.

ഒരു പകൽ മുഴുവൻ നീണ്ട യാത്രക്ക് ഒടുവിൽ ജോഗിലെത്തി. ഭാഗ്യമെന്ന് പറയട്ടെ വലിയ ഒരു മുറി തന്നെ കർണാടക സർക്കാറിന്റെ ടൂറിസ്റ്റ് ഹോമിൽ ഞങ്ങൾക്ക് താങ്ങാവുന്ന വിലക്ക് കിട്ടി. ആ സന്ധ്യക്ക് തന്നെ വെള്ളച്ചാട്ടത്തിലേക്ക് ഞങ്ങൾ തിരക്കിട്ടിറങ്ങി. ടൂറിസ്റ്റ് ഹോം നിൽക്കുന്ന പ്രതലത്തിൽ നിന്ന് നോക്കിയാൽ ജോഗിന്റെ മുകൾ ഭാഗം കാണാം. അവിടെ നിന്ന് എടുത്ത പടങ്ങൾ എല്ലാം നഷ്ടപ്പെട്ടു. ജോഗ് ഇപ്പോൾ

ഓർമ്മകളിൽ മാത്രമാണ്. അവിടെ നിന്ന് ജോഗ് താഴെ പതിക്കുന്നിടത്തെത്താൻ ഒരു മണിക്കൂർ കാട്ടിലൂടെ മലയിറങ്ങണം. അങ്ങനെ അവിടെ എത്തി ആ വെള്ളച്ചാട്ടത്തിൽ കുളിക്കാനിറങ്ങവേ, ഒരു സ്പെയിൻകാരൻ സായിപ്പിനെ കണ്ടു. പുള്ളി കുളിച്ച് കയറുകയാണ്. സായിപ്പിനെ കണ്ടാൽ ഞങ്ങൾ വിടാറില്ല. നിർത്തി യൂറോപ്പിനെക്കുറിച്ചും ബാഴ്സലോണ ടീമിനെക്കുറിച്ചും ആധികാരികമായി തന്നെ ചർച്ച ചെയ്തു.

"How's the waterfall"?. എ.കെ അയാളോട് ചോദിച്ചു

.

"I feel God"

അഞ്ഞൂറ് കിലോമീറ്ററുകളിലധികം നീണ്ട ആ യാത്രക്കൊടുവിൽ ജോഗിലെ തണുത്തവെള്ളത്തിൽ ഞങ്ങളിലെ ക്ഷീണത്തെയും നിരാശയെയും കഴുകിക്കളഞ്ഞ്, രണ്ട് ദിവസങ്ങൾ ഞങ്ങൾ അവിടെ കഴിഞ്ഞു. പൂർണ്ണ ചന്ദ്രനിൽ ജോഗ് ക്ഷീരധാര പോലെ അഴകണിഞ്ഞു.

പിന്നീട് ഒരിക്കൽ കൂടെ ഞങ്ങൾ മൂവരും അവിടെ പോയിട്ടുണ്ട് .

ഒരിക്കൽ കൂടെ പോകേണ്ടതുണ്ട്, മൂവരും കൂടെ...

PADMAVATHY R

ODE TO A MOTHER

She basked in warmth of his drooling grin
That he smeared gaily on her lips,
As he traced her smile, where they began
From her eyes, to her loving kiss.

His undecipherable baby babbles
And her coochi-coos,
Sleepless suckling and burping
Amidst all her post-baby blues.

He held her finger tightly
And gave her a social smile,
She struggled with a pooey diaper;
He showered her with piddle in style!

Sweet angel finally drifted to sleep
After the clock struck midnight,
She awoke with the start to find
The cherub beaming at her in delight.

Yet another day had begun
The nights were too short you see,
A wink of sleep ne'er caressed her eyes
Her life turned pot pourri.

Gone were the days of careless revelry,
Gone were nights of lonely rumination.
For come had a lifetime of thinking twice,
Welcome existence of delightful anticipation.

A Mother's greatest gift: her Daughter
Or Son; Her devotion hard to explain,
Blessed am I, for I am a Mother
A Mother made of love, sacrifice and pain.

ABDUL RAFEEQUE P

അലി പ്രയാണം - മഹാകാവ്യം

വർഷം 2024.

നാലു വർഷം നീണ്ട " lock down" കഴിഞ്ഞ് ബോറഡിച്ച അലി ടൈം മെഷീനിൽ കയറി മുന്നോട്ട് പോയി നോക്കി. HODO ഓഫീസിൽ തന്നെ ആദ്യം പോയി. ഓഫീസിന്റെ പേര് കണ്ട് അലി ഞെട്ടി.

"ദാക്ഷായണി ബിസ്കറ്റ് കമ്പനി".

തന്റെ പ്രോഗ്രാം ഡെവലപേർസ് ആയ മുഷീറും ഫറാനയും അതാ ബിസ്കറ്റ് പാക്കറ്റിലാക്കുന്നു. കട്ടൻ ചായയിൽ ബിസ്കറ്റ് വീണുപോയവന്റെ അവസ്ഥയിലായ അലി ഡെസ്പ് മാറ്റാൻ ടൈം മെഷീൻ 2004 ലേക്ക് തിരിച്ചു.

3rd ബ്ലോക്കിൽ എത്തി. പുലിമടയിൽ കയറി, ബെഡ് രണ്ടും അടുപ്പിച്ച് ഡെസ്പ് മാറ്റി. ഇപ്പോ ഒരു ആശ്വാസം. അപ്പോഴാണ് xxxx റൂമിലേക്ക് വന്നത്. ദുഷ്ടൻ കഴിഞ്ഞാഴ്ച ടൂർ പോയതിന്റെ ബാക്കി 5 പൈസ ഇത് വരെ തന്നിട്ടില്ല. അത് കൂടി കിട്ടിയാൽ എത്രമാത്രം റിലയൻസ് ഷെയർ വാങ്ങിക്കൂട്ടാമായിരുന്നു. 2020 യിൽ അംബാനിയുടെ ഒപ്പം ഇരിക്കേണ്ട എന്നെയാ ദുഷ്ടൻ നശിപ്പിച്ചത്. ഒന്നുടെ ബെഡ് അടുപ്പിച്ചാലോ. അല്ലേൽ വേണ്ട. 2008 ലേക്ക് പോയി നോക്കാം.

ടൈം മെഷീനിൽ കയറി സ്റ്റാർട്ട് ആക്കാൻ നോക്കിയപ്പോ എന്തോ ഒരു starting trouble. കൂടെ വയറിനകത്തും ഒരു gas trouble ഉണ്ടോ എന്നൊരു സംശയം. ഒന്ന് കൂടി ശ്രമിച്ചു നോക്കി. സമയ വണ്ടി ഒന്ന് കിതച്ചു, മുരണ്ട് ... സ്റ്റാർട്ട് ആയി. അങ്ങനെ എങ്ങോട്ടെന്നില്ലാതെ കുറെ ദൂരം സഞ്ചരിച്ചു. സമയവണ്ടിയിലെ ശീതളിമയിൽ അലി മെല്ലെ കണ്ണുകൾ അടച്ചു. അംബാനിയും "താനും" പിന്നെ വിജയ് മല്ല്യ അണ്ണനും നരേഷ് ഗോയലും ആസാദ് മൂപ്പനും യൂസഫ് അലിയും എലോൺ മസ്ക്കും ഒക്കെ ഇരിക്കുന്ന ഒരു വട്ടമേശ സമ്മേളനത്തിന്റെ രംഗം മനസിലേക്ക് കയറി വന്നു. അംബാനിയും താനും കെട്ടിപിടിക്കുന്ന ആ സീൻ എത്തിയപ്പോഴാണ് ഒരു വലിയ ശബ്ദം കേട്ട് അലി ഞെട്ടി ഉണർന്നത്.

"എന്റെ സതോഷി മുത്തപ്പാ.... " അലി നീട്ടി വിളിച്ചു.

വണ്ടി ബ്രേക്ക് ഡൗൺ.

അലി മുമ്പിലെ ബോർഡ് വായിച്ചു. KSRTC ബസ് സ്റ്റേഷൻ എറണാകുളം. വയറിലെ ശങ്ക കൂടിക്കൂടി ആകെ ആശങ്കയായി. പിടിച്ചു നിക്കാൻ വയ്യ. മുമ്പിൽ കണ്ട കെട്ടിടത്തിലേക്ക് ഓടിക്കയറി.

അലിക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. പല രൂപത്തിലും അളവിലും സ്വർണ്ണം നിലത്ത് കിടക്കുന്നു. തന്റെ വാക്ക് കേട്ട് ഏതോ മണ്ടൻ 44thകാരൻ കഴിച്ചിട്ടതാകണം. ചിലതിന്റെ കളർ ഒക്കെ മാറി കറുപ്പ് ആയിട്ടുണ്ട്. എന്തായാലും കൊള്ളാം. പക്ഷേ ഈ വൃത്തികെട്ട മണം എവിടുന്ന് വരുന്നു. ഇവർക്ക് ഇതെല്ലാം വൃത്തിയുള്ള വല്ല സ്ഥലത്തും കഴിച്ചിട്ടു കൂടെ. അലി കണ്ണിതനായി. എന്തായാലും ഞാൻ കണ്ടത് നന്നായി. വല്ല Rothschild ഉം കണ്ടിരുന്നേൽ മൊത്തം മാന്തിക്കൊണ്ട് ജർമനിയിലേക്ക് കൊണ്ട് പോകുമായിരുന്നു. എന്തായാലും മണ്ണിട്ട് മൂടിയേക്കാം. ആരും കാണേണ്ട.

ദേണ്ടേ... ഒരു പിച്ചക്കാരൻ കുറേ ചില്ലറയും മുമ്പിൽ വെച്ച് കസേരയിൽ ഇരിക്കുന്നു. അതോ നമ്മുടെ DG വേഷം മാറി, ടോളും തപ്പി ഇറങ്ങിയതാണോ. വെറുതെയല്ല ഇവിടെ ഒരു ശ്വാസംമുട്ടൽ. പക്ഷേ DG ആണേൽ വേഷം മാറാതെ തന്നെ ലുക്ക് ഉണ്ടല്ലോ? ആരായാലും അയാൾ സ്വർണ്ണം കണ്ട് കാണുമോ എന്ന ശങ്കയിൽ അലിയുടെ ശങ്ക ഒന്നു കുറഞ്ഞു.

പതുക്കെ പുറത്തിറങ്ങാൻ നോക്കിയ അലിയുടെ കോളറിൽ അയാൾ പിടിച്ചു. 50 പൈസ വേണം പോലും. 5 പൈസ പോയ വിഷമത്തിൽ ഇറങ്ങിയ തന്നോട് 50 പൈസ തരാനോ . എന്തായാലും തല്ല് വാങ്ങാൻ വയ്യ. ശങ്ക കൂടിക്കൂടി വരുന്നു. 50 പൈസ കൊടുത്ത് പുറത്തിറങ്ങി.
ടൈം മെഷീനിൽ കയറി രണ്ട് ചവിട്ട് കൊടുത്തു. ഭാഗ്യം സ്റ്റാർട്ട് ആയി. ചുമ്മാ ഒരു 30 വർഷം പുറകോട്ട് പോയി. ദാ മുമ്പിൽ നീണ്ട് നിവർന്ന് കിടക്കുന്ന കമ്മട്ടിപ്പാടം. ഒന്നും നോക്കിയില്ല. കാര്യം സാധിച്ചു.

അപ്പോഴാണ് ആ ശബ്ദകോലാഹലം കേട്ടത്." കയ്യടിക്കടാ ". അലിയും കയ്യടിച്ചു. നമ്മുടെ ബാലൻചേട്ടൻ കരാട്ടെക്കാരനെ മലർത്തിയടിച്ച് വരുന്ന വരവാണ്. അലിയുടെ കയ്യടി കേട്ട് ബാലൻചേട്ടൻ തിരിഞ്ഞു നോക്കി.

"ആരാടാ ഞങ്ങടെ പാടം വൃത്തികേടാക്കുന്നത്".

ഒരു ഇഷ്ടിക പറന്ന് വന്ന് തന്റെ മെഡുല ഒബ്ലോങ്ങട്ടയിൽ പതിച്ചതേ അലിക്ക് ഓർമ്മയുള്ളൂ. പണ്ട് ഷെയർ മാർക്കറ്റ് ഇടിഞ്ഞപ്പോ ഇഷ്ടിക വീണ അതേ സ്ഥലത്ത് . ഒരു വിധം ഓടി ടൈം മെഷീനിൽ കയറി. നാലഞ്ച് ചവിട്ട് കൊടുത്തപ്പോ വണ്ടി സ്റ്റാർട്ട് ആയി. തിരിച്ച് വീണ്ടും 2008ൽ തന്നെ എത്തി. കഴുകാൻ ടൈം കിട്ടാത്തത് കൊണ്ട് ഒരു മണം. സാരമില്ല. ജീവൻ തിരിച്ച് കിട്ടിയല്ലോ.

അപ്പോഴാണ് ആ കാഴ്ച കണ്ടത് !

'ചാടുന്ന' ബസിൽ 'ഓടി'ക്കയറുന്ന ഒരു സുന്ദരി. അലി ഒന്നും നോക്കിയില്ല. 10 മിനുട്ട് പുറകോട്ട് അടിച്ചു. ബസിൽ കയറി സീറ്റ് പിടിച്ചു. ഹൃദയം പെരുമ്പറ മുഴങ്ങാൻ തുടങ്ങി.സുന്ദരി ഓടിക്കയറുന്ന നിമിഷത്തിനായി കാത്തിരുന്നു.

ഡ്രൈവർ ബെല്ലടിച്ചു. കണ്ടക്ടർ ബസ് സ്റ്റാർട്ട് ചെയ്തു. അലി തുടിക്കുന്ന ഹൃദയത്തോടെ ഡോറിനടുത്ത് നിൽപ്പായി. അതാ സുന്ദരി ഓടിക്കയറുന്നു .അലി കൈ നീട്ടി. അവളും (Back ground - തുജേ ദേഖാ തോ യേ ജാനാസനം).

(അലിയുടെ ഈ സംഭവത്തിൽ നിന്നും കോപ്പിയടിച്ചതാണ് DDLJ സീൻ . അലി ടൈം ട്രാവൽ ചെയ്ത് 95 ൽ എത്തിയപ്പോ അബദ്ധവശാൽ ഈ സംഭവം ആദിത്യ ചോപ്രയോട് പറഞ്ഞു പോയി. കിട്ടിയ ചാൻസിൽ മൂപ്പർ അത് കോപ്പിയടിച്ച് സിനിമയായിട്ടു. പക്ഷേ വിശാല മനസ്കനായ അലി, ചോപ്ര സാബിനോട് ക്ഷമിച്ചു. അത് കൊണ്ട് അത് കേസ് ആയില്ല.)

അത് പോട്ടെ. കാര്യത്തിലേക്ക് വരാം. ടിക്കറ്റെടുക്കാൻ നോക്കിയപ്പോഴാണ് ബസിന്റെ ബോർഡ് നോക്കിയില്ലല്ലോ എന്ന് മനസിലായത്. ഉടൻ തന്നെ ടൈം ട്രാവൽ ചെയ്ത് പുറകോട്ട് പോയി. ബോർഡ് നോക്കി.

"കളമശ്ശേരി മെഡിക്കൽ കോളേജ് ".

നമുക്കാർക്കും അധികം അറിയാത്ത അലിയുടെ ജീവിതത്തിന്റെ രണ്ടാം ഘട്ടം ഇവിടെ ആരംഭിക്കുന്നു.

44 th ബാച്ചിൽ ' chick'ക്കേടത്തമ്മ അവാർഡ് ഇല്ലാത്തത് കൊണ്ട് മാത്രം അത് ലഭിക്കാതെ പോയ നമ്മുടെ അലിക്ക് ഇത് സമർപ്പിക്കുന്നു.

അലി പ്രയാണം മഹാകാവ്യം . പാർട്ട് ॥

കോളേജ് പോർട്ടിക്കോ മുതൽ 3rd ബ്ലോക്ക് പുലിമട വരെയുള്ള അലിയുടെ ഒരു ദിവസത്തെ പ്രയാണം നമുക്കൊന്ന എത്തിനോക്കാം.

പോർട്ടിക്കോയിൽ നിന്ന് അലി ഇറങ്ങി. അതാ "******" സാജനോട് സീരിയസായി എന്തോ പറയുന്ന. അവൾ ആകെ പേടിച്ചിട്ടുണ്ട്. വെറുതെ ഒന്ന് ചെവി ക്ലീർപ്പിച്ചു.
അവളെ 6 മാസം മുമ്പ് പൂച്ച കടിച്ച പോലും.

"ഇനി വാക്സിൻ എടുത്താൽ കുഴപ്പം ഉണ്ടോ" എന്നാണ് അവൾക്കറിയേണ്ടത്. കോഴിയടിക്കാൻ കിട്ടിയ ചാൻസ് മിസ് ആക്കാതെ സാജൻ ഇതെല്ലാം വളരെ ശ്രദ്ധാപൂർവ്വം കേൾക്കുണ്ട്.

"നമ്മളിങ്ങനാ" .

യഥാർത്ഥ പ്രശ്നം അതല്ല. കടിച്ച പൂച്ച അവൾക്കിപ്പോ ലവ് ലെറ്റർ എഴുതാറുണ്ടത്രേ. [ലവ് ലെറ്റർ വേറൊരു അവസരത്തിൽ പുറത്ത് വിടുന്നതാണ്.]

അലി 'നടക്കുകയാണ്'. [കാർ സർവ്വീസിന് കൊടുത്തു].

കോഫീ ഹൗസിന് മുമ്പിലെ യുവമിഥുനങ്ങളുടെ കുറുകൽ അവനെ അസ്വസ്ഥനാക്കി. മീൻ കറി വെക്കാൻ പഠിക്കാനായി ടൈം മെഷീനിൽ കയറ്റി വിട്ട തന്റെ "മെക്ക് റാണി"യുടെ ഓർമ്മകൾ അവനിൽ കുണ്ഠിതം ഉളവാക്കി.

പെട്ടെന്നതാ മുമ്പിൽ ഒരു പോലീസ് ജീപ്പ്. ഒന്ന ഞെട്ടിയെങ്കിലും കണ്ട കാഴ്ച അവനെ ആഹ്ലാദകഞ്ചുകം അണിയിച്ചു. എ കെ യേയും ബാസിയേയും റഫീഖിനേയും വീണ്ടും പോലീസ് പൊക്കി. അല്ലേലും 3rd ബ്ലോക്കിന് മുന്നിലെ കലുങ്കിലിരുന്ന് പെൺ പിള്ളേരെ കമന്റ് അടിക്കൽ ഇവർ പതിവാക്കിയിട്ടുണ്ട്. പോലീസ് പലവട്ടം പൊക്കിയിട്ടും ഇവന്മാർക്കൊന്നും നാണമില്ലേ. വെറുതെ സംഭാഷണം ഒന്ന് ശ്രദ്ധിച്ചു.

പോലീസ്: "ഇത് ലാസ്റ്റ് വാണിംഗ് ആണ്. ഇനി എല്ലാത്തിനേയും പൊക്കി അകത്തിടും."

ഇത് കേട്ടതും എ കെ ഭായ് " ഉറപ്പല്ലേ ".

അതിന്റെ അർത്ഥം ഇവന്മാർ ഇതൊന്നും നിർത്താൻ പോകുന്നില്ല.
"ലാസ്റ്റ് വാണിംഗ് കഴിഞ്ഞാൽ ലാസ്റ്റസ്റ്റ് വാണിംഗ് ഉണ്ടോ" എന്നതാണ് ബാസിയുടെ ന്യായമായ സംശയം.

"സമയം ഇത്രയും ആയ സ്ഥിതിക്ക് ഇനി നാളെ തൊട്ട് നന്നായാൽ പോരേ സാറേ" എന്നാണ് റഫീഖിന് ചോദിക്കാനുള്ളത്. എന്തായാലും നന്നായി. ഇവന്മാരുടെ കാര്യം ഇന്ന് തീരുമാനം ആകും.

അലി 3rd ബ്ലോക്ക് പോർട്ടിക്കോയിൽ എത്തി. ഒരു കുറുക്കൻ ഓരിയിടുന്ന ശബ്ദമല്ലേ ആ കേൾക്കുന്നത്. കാരംസ് റൂമിൽ നിന്നാണെന്ന് തോന്നുന്ന. കുറുക്കനെ ആരേലും തോൽപ്പിച്ചു കാണും.
അലി വെറുതേ കോറിഡോറിലേക്ക് ഒന്ന നോക്കി. അതാ നമ്മുടെ അലാവു എല്ലാ റൂമിലും കേറി വാ തുറന്ന് ഊതുന്ന. "പിസി" വായിലേക്ക് സ്പ്രേ അടിപ്പിച്ചതിന് ശേഷം എല്ലാവരും പാവം അലാവുവിനെ ആണ് റൂം ഫ്രഷ്നർ ആയി ഉപയോഗിക്കുന്നത് . പക്ഷേ അവന്റെ പഴയ വായ്നാറ്റം തിരിച്ചു വന്നോ എന്നൊരു സംശയം ഇല്ലാതില്ല.

'റോൾ നമ്പർ ' വൺ സല്ലുവിന്റെ വാതിലിൽ ഒന്ന് മുട്ടി നോക്കി. എത്ര വിളിച്ചിട്ടും അനക്കമില്ല. സല്ലു അകത്തുണ്ടെന്ന് മനസിലായി. ഇല്ലെങ്കിൽ മറുപടി കിട്ടിയേനെ. പെട്ടെന്ന് അരോചകമായ ഒരു ശബ്ദം അലിയെ ഉലച്ചു. നമ്മുടെ യഹിയ എം.കെ.ആണ്. ഒന്ന ബഹുമാനിച്ചേക്കാം. പാസാകുന്നതിന് മുമ്പ് തന്നെ മികച്ച ഡോക്ടർ പട്ടം കിട്ടിയ ആളാണ്.

ആ കഥ പറയാം.
യഹിയ ആദ്യമായി GP ക്ക് പോയ ദിവസം. കൈയിൽ ആകെ ഉള്ളത് പാരസെറ്റമോളും റാൻടാക്കും. കൂടാതെ GP ക്ക് വിട്ട സീനിയർ വക സൈക്ലോപാം, അസ്താലിൻ, റെഗ്ലാൻ എന്നിവയും. "ഇതെല്ലാം കൊണ്ട് ഇന്ന് ഞാനൊരു കലക്ക് കലക്കും" എന്നും പറഞ്ഞ് ആശാൻ ഐശ്വര്യമായി GP ക്ക് ഇറങ്ങി. പാതിരാത്രി വരെ വലിയ കുഴപ്പം ഇല്ലാതെ പോയി. പെട്ടെന്നാണ് കളി മാറിയത്. പാതിരാത്രി അതാ രണ്ട് ജീപ്പ് നിറയെ ആളുകൾ, പ്രായമുള്ള ഒരു ഉപ്പാപ്പയേയും കൊണ്ടുവരുന്ന. ഉപ്പാപ്പ ആഞ്ഞ് വലിക്കുന്നുണ്ട്. ആള് ഏതോ വേണ്ടപ്പെട്ട

കാരണവരാണ്. കൂടെയുള്ളവർ ആണേൽ ഡോക്ടറേ എന്തേലും ചെയ്തോ അല്ലേൽ ഇപ്പോ തല്ല് കിട്ടും എന്ന ഭാവത്തിലും. യഹിയ പെട്ട . സ്വന്തമായി ഉണ്ടായിരുന്ന പാരസെറ്റമോൾ പോലും മറന്നു. പിന്നെ ഒരു പ്രകടനം ആയിരുന്നു. കുബേരനിൽ കലാഭവൻ മണി പറഞ്ഞ പോലെ ഇംഗ്ലീഷിൽ അഞ്ചാറ് ഡയലോഗ് സിസ്റ്റർമാരോട്.(തമ്പുരാനറിയാം). ഒന്നും നോക്കിയില്ല. ലാ ഹൗല വലാ . ഒരു യാസീനും ഉറക്കെ ഓതി ഉപ്പാപ്പാന്റെ പുറത്ത് ആഞ്ഞ് തടവാൻ തുടങ്ങി. (പോക്കറ്റിൽ കരുതിയിരുന്ന വിക്സും മേമ്പൊടിക്ക് ചേർത്തു എന്നാണ് കേട്ടത്.) കൂടെയുള്ളവർ അങ്ങേ ഭാഗത്തും. ഇത്രയും ആയപ്പോ സിസ്റ്റർ മാർക്ക് കാര്യം മനസിലായി. അവർ അവരുടേതായ രീതിയിൽ അസ്സാലിനും ഡെറിഫിലിനും കൊടുത്തു. എന്തായാലും 10 മിനുട്ട് കൊണ്ട് ഉപ്പാപ്പ എഴുന്നേറ്റ് നിന്നു. എന്നിട്ടൊരു ഡയലോഗ്.

"ഡോക്ടറാണ് ഡോക്ടറേ ഡോക്ടർ. മെഡിക്കൽ കോളേജിൽ അടക്കം ആരെയൊക്കെ കാണിച്ചു. ഇതു വരെ ഇങ്ങിനെ ഒരു ആശ്വാസം കിട്ടിയിട്ടില്ല."

എന്തായാലും യഹിയ ഫേമസ് ആയി. ദൂരെ നിന്നു പോലും പിറ്റേന്ന് പേഷ്യന്റ്സ് മൂപ്പരെ അന്വേഷിച്ചു ഹോസ്പിറ്റലിൽ വരാൻ തുടങ്ങി. പക്ഷേ കാര്യം മനസിലായ ഹോസ്പിറ്റലുകാർ (യഹിയ പറയുന്നത് അസൂയ കൊണ്ടാണെന്ന്) പിന്നെ യഹിയയെ വിളിച്ചില്ല, എന്നു മാത്രമല്ല ഇവൻ അങ്ങോട്ട് വിളിച്ചാൽ പോലും ഫോൺ എടുക്കാതായി.

വീണ്ടും അലിയിലേക്ക്.
കോണിയുടെ അടുത്തേക്ക് നോക്കിയ അലി ആ ദയനീയ കാഴ്ച കണ്ടു. ഒരു പാവം വൃദ്ധൻ നിന്ന് കരയുന്നു. നമ്മുടെ അമിത്ത് അയാളെ പുറത്ത് തട്ടി സമാധാനിപ്പിക്കുന്നുണ്ട്.

"സാരമില്ല ചേട്ടാ. ഇതിലും വലുതെന്തോ വരാനുള്ളതാ. ഇതിപ്പോ ഇത്ര അല്ലേ വന്നുള്ളൂ. സമാധാനിക്കു."

കാര്യം അന്വേഷിച്ചു. അയാളുടെ മോൻ മരിച്ചു പോയി പോലും. കൂടുതൽ അന്വേഷിച്ചപ്പോൾ ആണ് അലിക്ക് സമാധാനം ആയത്. ഭാഗ്യം. തന്നേക്കാൾ വലിയ മണ്ടൻമാർ 44 thൽ ഉണ്ട്. തനിക്ക് രണ്ടാം സ്ഥാനമേ ഉള്ളൂ. അമിത്തിനെ മനസുകൊണ്ടു നമിച്ചു.

[സത്യാവസ്ഥ : അമിത്തിന്റെ റൂമിന്റെ തൊട്ടടുത്ത റൂമിൽ ഒരു സീനിയർ ഉണ്ടായിരുന്നു. അങ്ങേർ തലേ ദിവസം മുകളിലേക്ക് താമസം മാറ്റി. അമിത്ത് വിവരം അറിഞ്ഞില്ല. അയാളുടെ അച്ഛൻ കാണാൻ വന്നപ്പോ റൂം അടഞ്ഞു കിടക്കുന്നു. അമിത്തിനോട് ചോദിച്ചപ്പോ അമിത്തിന് അറിയില്ല. നോക്കിയപ്പോ ഒരു ഹിന്ദിക്കാരൻ അതിലേ പോകുന്നത് കണ്ട് അവനോട് ചോദിച്ചു. അവൻ പറഞ്ഞു. "വോ ഊപർ ഗയേ " കേട്ടത് പാതി കേൾക്കാത്തത് പാതി അമിത്ത് പറഞ്ഞു. "ചേട്ടാ അയാൾ മരിച്ചു പോയി. " ഇത് കേട്ടാണ് വൃദ്ധൻ കരയുന്നത് -]

അയാളെ ഒരു വിധം പറഞ്ഞ് സബൂറാക്കി കോണി കയറാൻ തുടങ്ങി.

അയ്യോ നമ്മുടെ ദിനുവിന്റെ കരച്ചിലല്ലേ ആ കേൾക്കുന്നത്. പാവം നീട്ടി നീട്ടി കരയുകയാണല്ലോ. ഈ പാവത്തെയൊക്കെ ഏത് ദുഷ്ടൻ ആണാവോ തല്ലിയത് എന്നാലോചിച്ച് അലി വീണ്ടും കുണ്ഠിതപ്പെട്ടു. ദിനു അടുത്ത് എത്തിയപ്പോ ആണ് സമാധാനം ആയത്. മൂപ്പർ ബാത്ത് റൂമിൽ നിന്നും പാട്ടും പാടി വരികയാണ്. അല്ലാതെ കരയുക ഒന്നും അല്ല.

ദേണ്ടേ നമ്മുടെ ഡാനിഷ് കുട്ടൻ റഫീഖിനെ അന്വേഷിച്ച് നടക്കുന്നു. കംപയിൻഡ് സ്റ്റഡിക്കാണ് പോലും. ഇപ്രാവശ്യം കോപ്പി അടിക്കാതെ തന്നെ റഫീഖിനെ ജയിപ്പിക്കും പോലും. നിനക്ക് ഇതിലും ഭേദം വല്ല നായയുടേയും വാല് കുഴലിൽ ഇട്ട് നേരെയാകുമോ എന്ന് നോക്കിക്കൂടേ എന്ന് ചോദിക്കാൻ തോന്നിയെങ്കിലും ചോദിച്ചില്ല.

അലി മുകളിലെത്തി. നമ്മുടെ റപ്പ് അനീഷ് ജോർജ്ജിന്റെ മുറിയിൽ നിന്നും ഒരു പ്രത്യേക തരം ഓരിയിടൽ കേൾക്കുന്നു. വാതിൽ തുറന്ന് ഏന്തി നോക്കി. ജോർജ്ജിനെ അതാ അളിയൻ രസായനം വെക്കുന്നു. ക്യാപ്റ്റൻ സമദും മക്കൻറോയും നല്ല സപ്പോർട്ട്. ബെസ്റ്റ് റൂം മേറ്റ്സ്. തടി കുറക്കാൻ xxxx രസായനം നല്ലതാണെന്ന് പാവത്തെ ആരേലും പറഞ്ഞ് പറ്റിച്ചു കാണും. അനീഷ് മോഹൻ ആകാനാണ് സാധ്യത. ക്യാപ്റ്റൻ ആണേൽ ഇപ്പോ ആകാശത്തും ഭൂമിയിലും അല്ല. ഏതോ പെണ്ണ് "ബെക്കാം" എന്ന് വിളിച്ചു പോലും.

പെട്ടെന്ന് അലിയുടെ മുമ്പിലൂടെ "പീ ...പീ..." എന്ന് വിളിച്ചു കൊണ്ട് ആരോ ഓടി മറഞ്ഞു. നമ്മുടെ ഷാഹിദ് ടി.പി. ഇവന്റെ കിളി പോയോ. ഇപ്പോഴും വണ്ടിയോടിച്ച് കളിക്കുന്നോ. അലി വീണ്ടും കുണ്ഠിതനായി. ട്യൂബ് ലൈറ്റ് ആയ അലിക്ക് പിന്നെയാണ് സംഭവം കത്തിയത്. അവന് ക്യാഷ്വാൽറ്റിയിൽ ഏതോ PP വന്നിട്ടുണ്ട്. അങ്ങോട്ട് ഓടുകയാണ്. അല്ലാതെ ഹോൺ അടിക്കുകയല്ല.

ഇടക്ക് എന്തൊക്കെയോ "അശരീരി" കേട്ട് അലിഭയചകിതനായി. നമ്മുടെ അസ്ഹർ വാതിൽ തുറന്ന് പോകുന്നത് കണ്ടപ്പോ സമാധാനമായി.

ഖനി അതാ സെൻറർ പ്രഷും ചവച്ച് എടാ വലി മണക്കുന്നുണ്ടോ ചോദിച്ചു നടക്കുന്നു. പാവത്തിന് ഫാത്തിമയുടെ കൂടെ ഇരിക്കാനുള്ളതാ. നല്ല സ്മെൽ ഉണ്ടെങ്കിലും ഇല്ലാ എന്നു പറഞ്ഞ് സലാമത്താക്കി.

"ജോ മേരി റൂഹ് കോ ചേന ദേ ചേമ്പ് ദേ ". ഫെബിൻ ദാ വരുന്നു. സീനിയേഴ്സ് ഇമ്പോസിഷൻ എഴുതിച്ചിട്ടും ഇവൻ ഇതുവരെ ഈ പാട്ട് മര്യാദക്ക് പാടാൻ പഠിച്ചില്ലേ എന്നാലോചിച്ച് അലി വീണ്ടും കുണ്ഠിതനായി. ഇവൻ എന്തിനാണാവോ ഷർട്ട് ഊരുന്നത്. ദേണ്ടേ ഭിത്തിയിൽ അള്ളിപ്പിടിച്ച് നിൽക്കുന്നു. ഓഹോ winging of scapula. wings ഒക്കെ വലുതായി പോലും. ഇത് വെച്ച് ലേഡീസ് ഹോസ്റ്റലിലേക്ക് പറക്കാൻ പറ്റുമോ എന്നാണ് അവന്റെ സംശയം. അങ്ങോട്ട് പറക്കാൻ പറ്റിയില്ലെങ്കിലും ഇങ്ങോട്ട് പെൺപിള്ളേർ പറഞ്ഞിച്ചോളും എന്നു കേട്ടപ്പോ അവന് സമാധാനമായി. എന്തായാലും പറക്കാലോ.

എന്തത്ഭുതം!!!

നമ്മുടെ സായൂജ് ഭായ് ഇതാ ഉച്ചക്ക് മുമ്പ് എഴുന്നേറ്റ് കുളിച്ച് കുട്ടപ്പനായി പുറത്ത് പോകുന്നു. ഇന്ന് കാക്ക മലർന്ന് പറക്കും. സായൂജിന്റെ റൂമിലേക്ക് അലി എത്തി നോക്കി. എത്തിനോട്ടം അലിയുടെ ഒരു റെപ് വീക്നെസ്സ് ഫ്രെഷ് ആണല്ലോ. നോക്കുമ്പോ അതാ സായൂജിന്റെ ഡയറി. വായിച്ചു നോക്കിയ അലിയുടെ കണ്ണ് നിറഞ്ഞു.

"ഇന്ന് എന്റെ ജന്മദിനം.രാവിലെ എഴുന്നേറ്റ് കുളിച്ച് അമ്പലത്തിൽ പോകുന്നു. പ്രത്യേകിച്ച് ആഘോഷങ്ങൾ ഒന്നുമില്ല. അല്ലേലും പാവപ്പെട്ടവർക്ക് എന്താഘോഷം ".

സായൂജ് ആറ് ദിവസം ആയി ഉപയോഗിച്ച് കൊണ്ടിരിക്കുന്ന ഫെയർ & ലവ്ലി യിലേക്കും അലിയുടെ കണ്ണുടക്കി. ഏഴ് ദിവസം തേച്ചാൽ വെളുക്കും എന്ന് സുരൻ ഉറപ്പ് കൊടുത്തിട്ടുണ്ട് പോലും. എന്തായാലും നാളെ സായൂജ് പുതിയ ഒരാളാകും എന്ന് ഉറപ്പ്. പക്ഷേ ആറ് ദിവസം ആയിട്ടും യാതൊരു മാറ്റവും ഇല്ലാത്തതിനാൽ ചെറിയൊരു കുണ്ഠിതം ഇല്ലാതില്ല.

പുല്ലോക്കാരൻ ഇന്ന് വളരെ ഹാപ്പിയായി കാണപ്പെടുന്നു. ഓ ഇന്ന് അഡീഷണൽ ബാച്ചിന്റെ തിയറി ക്ലാസിൽ " xxxx", പുല്ലോയുടെ കൈ തടവി "ആണത്തമുള്ള കൈ" എന്നു പറഞ്ഞപ്പോ എഴുന്നേറ്റ് നിന്ന രോമങ്ങൾ (കൈയിലെ) ഇത് വരെ താന്നിട്ടില്ല പോലും.

അലിക്ക് പഴയത് പോലെ വയറ്റിൽ നിന്നും ആശങ്ക തുടങ്ങി. ടോയ്ലെറ്റിൽ പോകാൻ തന്നെ തീരുമാനിച്ചു. ശ്രദ്ധിക്കണം. മത്തിയുടെ റൂമിന് മുമ്പിലൂടെ വേണം പോകാൻ. റൂമിന് മുമ്പിൽ ഒരു ലോഡ് ചളി കാണും. കഴിഞ്ഞാഴ്ച തന്നെ റൂം മേറ്റ് നബീൽ ജാങ്കോ തെന്നി വീണ് കയ്യൊടിഞ്ഞ് പ്ലാസ്റ്റർ ഇട്ട് കിടപ്പാണ്. എന്നിട്ടും അവന്റെ ചളിയടിക്കൊരു കുറവുമില്ല.

അലി വളരെ ശ്രദ്ധിച്ച് റൂമിന് മുമ്പിലൂടെ പോകുമ്പോഴാണ് അത് കേട്ടത്. റൂമിനുള്ളിൽ ആരോ പൊട്ടിപ്പൊട്ടി ചിരിക്കുന്നു. മത്തിയുടെ ചളി കേട്ട് ചിരിക്കാൻ മാത്രം ദാരിദ്യം പിടിച്ചവൻ ആരെടാ എന്ന് നോക്കാനായി അലി

വീണ്ടും എത്തി നോക്കി. അച്ചോടാ. നമ്മുടെ അജിക്കുട്ടൻ ബോബനും മോളിയും വായിച്ച് ചിരിച്ചു മറിയുന്നു. മീശ ആവശ്യത്തിനുണ്ടെങ്കിലും കൊച്ചു കുട്ടികളുടെ മനസ്സാണ്. പാവം ചിരിച്ചോട്ടെ.

അലി ബാത്ത് റൂമിന് അടുത്തെത്തി. നാശം കറണ്ട് പോയി. ക്ലരാ ക്ലരിയുട്ട്. അത്ഭുതം. ഒരു ടോയ്‌ലെറ്റിനുള്ളിൽ നിന്നും ഇടക്ക് ഒരു വെളിച്ചം വരുന്നു കെടുന്നു. വീണ്ടും വരുന്നു കെടുന്നു.
"Oh my God. ഏലിയൻസ്. എസ്കേപ്പ്." അലി തിരിഞ്ഞോടി. പെട്ടെന്ന് പുറകിൽ നിന്നും ഒരു വിളി. "നിക്കെടാ അലീ . ഇത് ഞാനാ". നമ്മുടെ സന്തോഷ് സന്തോഷത്തോടെ ചിരിച്ചു കൊണ്ട് നിൽക്കുന്നു. അത് ഞാൻ കൊതുകിനെ കണ്ടപ്പോ ചിരിച്ചതാ. ഇവിടെയാണേൽ നിറയെ കൊതുകും. ഹാവൂ സമാധാനമായി. എന്നാലും പഹയന് പുരോഗതി ഉണ്ട്. ഇന്നലെ മുറ്റത്തെ കാറ്റാടി മരത്തോടും തൊട്ടാവാടിയോടും ചിരിച്ചവനാ. ഓട്ടത്തിനിടയിൽ ശങ്ക വഴിയിൽ മിസ്സ് ആയോ എന്നൊരു ഡൗട്ട്.

പെട്ടെന്നാണത് സംഭവിച്ചത്. അപ്പുറത്തെ ജൂനിയേഴ്സ് ബ്ലോക്കിൽ പെട്ടെന്നൊരു ശ്മശാന മൂകത. ചെറിയൊരു അങ്കലാപ്പ് അലിക്കും തോന്നാതിരുന്നില്ല. ട്യൂബ് ലൈറ്റ് കത്തി. നമ്മുടെ പി.സി പള്ളിയുറക്കം കഴിഞ്ഞ് എഴുന്നേറ്റതാണ്. പി.സി എഴുന്നേറ്റാൽ അപ്പോ ജൂനിയേഴ്സിന്റെ ഇടയിൽ അലാറം മുഴങ്ങും. എല്ലാരും വാതിൽ അടച്ചു ശബ്ദമുണ്ടാക്കാതെ ഇരിക്കും . പുലി ഇറങ്ങുന്നതാണോ പി.സി ഇറങ്ങുന്നതാണോ കൂടുതൽ പേടി എന്ന് പിള്ളേരോട് ചോദിച്ചാൽ പി.സി. എന്നാകും ഉത്തരം.

പി.സി ഇറങ്ങി. ഇനി കാര്യങ്ങൾ അത്ര പന്തിയല്ല എന്ന് മനസിലാക്കിയ അലി പുലിമട ലക്ഷ്യമാക്കി നടന്നു. പതുക്കെ റൂമിൽ കയറി കുറ്റിയിട്ട് ബെഡ് അടുപ്പിച്ച് സായൂജ്യമടഞ്ഞു.

മരണം മുന്നിൽക്കണ്ട അലിയുടെ മനസ്സിലൂടെ ഷെയർ മാർക്കറ്റ്, ഗോൾഡ്, ബിറ്റ്കോയിൻ, റോത്സ്ചൈൽഡ്. ഹോഡോ എന്നിവ കടന്നു പോയി. താൻ ഭാവിയിൽ പറ്റിക്കാൻ പോകുന്ന ആളുകളുടെ മുഖം അലിയിൽ കുണ്ഠിതമുളവാക്കി. താൻ മരിച്ചാൽ ഇവരെയൊക്കെ ആര് പറ്റിക്കും എന്നോർത്ത് അലി ഡെസ്പ് ആയി.
ശ്വാസം കിട്ടാതെ വലഞ്ഞ അലി പെട്ടെന്ന് അത് കേട്ടു."എന്താടാ അലീ പറ്റിയത് " അലി ഞെട്ടിത്തിരിഞ്ഞു നോക്കി. നമ്മുടെ അജിത്ത് ഗോപിനാഥ്. ആശാൻ ഫുൾ എയറും പിടിച്ച് നിൽക്കുകയാണ്. വെറുതെയല്ല തനിക്ക് ശ്വാസം കിട്ടാത്തത്. "വിടെടാ പട്ടീ എയർ ". അലി അലറി. അജി എയർ വിട്ടു. അലിക്ക് ശ്വാസം കിട്ടി. അലി നോർമൽ ആയി. അലി തിരിഞ്ഞു നോക്കി. അജിത് അതാ യാതൊരു ഭാവഭേദവും കൂടാതെ നടന്നകലുന്നു . ഇവൻ എന്തിനാ രണ്ട് കക്ഷത്തിലും ഓരോ ടെന്നിസ്ബോൾ വെച്ച് നടക്കുന്നത് എന്ന് അലി കുണ്ഠിതപ്പെട്ടു.

പെട്ടെന്നാണ് " എൻറമ്മേ " എന്ന് ഒരു വൃത്തികെട്ട കരച്ചിൽ കേട്ടത്. നോക്കുമ്പോ നമ്മുടെ അമിത് ആണ്. ആശാൻ തടഞ്ഞ് വീണതാണ്. ഡെയിലി മിനിമം നാല് പ്രാവശ്യം എങ്കിലും വീണില്ലെങ്കിൽ അമിത്തിന് അന്ന് ഉറക്കം വരില്ല.

അലി പോർട്ടിക്കോയിലേക്ക് നടന്നു. പെട്ടെന്നാണ് സഹനാമധേയൻ മങ്കട ഓടിക്കിതച്ച് വരുന്നത്. മങ്കട കുറച്ച് നാളായി ഖിന്നനാണ്. (ആ കഥ പറയാം). അലി മങ്കടയോട് കാര്യം അന്വേഷിച്ചു. മങ്കട കിതച്ച് കൊണ്ട് പറഞ്ഞു.

"2 nd ഫ്ലോറിൽ അതാ 4 കാലുകൾ തൂക്കിയിട്ടിരിക്കുന്നു. ബാക്കി ബോഡി ഇല്ല. ഞാൻ ഡ്രൈവിംഗ് പഠിപ്പിക്കാൻ ആളെ തപ്പി ഇറങ്ങിയതാണ് "

അലി ഓടിപ്പോയി നോക്കി. ഞെട്ടി (വീണ്ടും) . മങ്കട പറഞ്ഞത് സത്യം തന്നെ. അതാ 4 കാലുകൾ മാത്രം തൂങ്ങിക്കിടക്കുന്നു. ഞെട്ടിയ അലി അടുത്ത് പോയി നോക്കി വീണ്ടും ഞെട്ടി. അത് നമ്മുടെ ഷിജയും അൻവറും ഹൃദയം കൈമാറുകയാണ്. അലി പതുക്കെ മുങ്ങി.

(മങ്കടയുടെ കഥ:- മങ്കടക്ക് നസീറ ഡ്രൈവിംഗ് സ്കൂൾ മുതലാളി ഒരു ഓഫർ വെച്ചു. 1000 ആളെ ലൈസൻസ് എടുപ്പിച്ചാൽ മകളെ (നസീറ) യെ കെട്ടിച്ചു കൊടുക്കാം എന്ന്. ഇത് കേട്ട് ആഹ്ലാദ വിജൃംഭിതനായ മങ്കട ആഞ്ഞുപിടിച്ചു. അങ്ങനെ 999 ആയി. കല്യാണം ഉറപ്പിച്ച മങ്കട ഡ്രൈവിംഗ് സ്കൂളിന്റെ കാറുമെടുത്ത് മൂന്ന് പെൺപിള്ളേരേയും കൂട്ടി കറങ്ങാൻ പോയി. വണ്ടി ഒരു ഇലക്ട്രിക് പോസ്റ്റിന്റെ സ്റ്റേ വയറിൽ പാഞ്ഞു കയറി. സ്റ്റേ വയർ പൊട്ടി പോസ്റ്റ് മറിഞ്ഞു വീണു. ഇത് കണ്ട് പോസ്റ്റിന്റെ ഫ്രണ്ട്സ് ആയ അടുത്തുള്ള നാലഞ്ച് പോസ്റ്റുകളും ഒരു കമ്പനിക്ക് വേണ്ടി മറിഞ്ഞു വീണു. അതിലൊരു പോസ്റ്റ് ഒരു പെട്ടിക്കടയുടെ മുകളിലേക്ക് വീണു. അവിടെ വെച്ചിരുന്ന പത്തഞ്ഞൂറ് ചട്ടിയും പിന്നെ കുറേ മുട്ടയും എന്തൊക്കെയോ പെട്ടി. സത്യമായിട്ടും ഇത്രയേ പറ്റിയുള്ളൂ. കുപിതനായ നസീറയുടെ വാപ്പ ഇനി മോളെ കെട്ടിച്ചു കൊടുക്കില്ല എന്ന് പറഞ്ഞു. മങ്കട കരഞ്ഞ് കാലിൽ വീണു. മുതലാളിയുടെ ബിസിനസ് മൈൻഡ് ഉണർന്നു. 2000 ആളേക്കൂടി ലൈസൻസ് എടുപ്പിച്ചാൽ മോളെ കെട്ടിച്ചു തരാം എന്നായി. അതിന് ആളെ തപ്പി ഇറങ്ങിയതാണ് മങ്കട .)

മങ്കട നസീറയെ കെട്ടുമോ എന്ന് അലി മെഷീനിൽ കയറി മുമ്പോട്ട് പോയി നോക്കി. ഭാഗ്യം (നസീറയുടെ) മങ്കട വേറെ കല്യാണം കഴിച്ചു.

തിരിച്ച് പോർട്ടിക്കോയിലേക്ക് ഇറങ്ങാൻ നോക്കിയ അലി താഴെ ഒരു ബഹളം കേട്ടു . ഒരു പോത്ത് കുറേ മുദ്രപത്രങ്ങളും കടിച്ചു പിടിച്ചു അമറിക്കൊണ്ട് ലേഡീസ് ഹോസ്റ്റലിനും പോർട്ടിക്കോയുടേയും ഇടയിൽ അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നു. ആർക്കും ഒന്നും മനസ്സിലാകുന്നില്ല. അലി മെഷീനിന്റെ ലാംഗ്വേജ് സെക്ഷനിൽ പോയി പോത്ത് ലാംഗ്വേജ് സെലക്ട് ചെയ്തു. അപ്പോഴാണ് കാര്യം മനസ്സിലായത്. (ഇതിന്റെ തല്ല് അലിക്ക് അവകാശപ്പെട്ടതല്ല. ഇത് DG യുടെ ടോളിൽ നിന്നും ചൂണ്ടിയതാണ്. തല്ല് DGക്ക്).

അലി മുന്നോട്ട് നടന്നു. അതാ വരുന്നു മഹാ ധൈര്യവാനായ നമ്മുടെ ഷുബിൻഷുബ്സ്. ഇവൻ ചില്ലറക്കാരനല്ല. ബന്ദിപ്പൂർ കാട്ടിൽ വെച്ച് അനസിനേയും കാട്ടാനയുടേയും ഓട്ടമത്സരം സംഘടിപ്പിച്ച സംഘാടകനാണ്. തനി രാവണൻ.

ആ കഥ.

അനസ്, എ കെ ,റഫീഖ് എന്നിവർ ബൈക്ക് ടൂർ പ്ലാൻ ചെയ്തു. ഒരാൾ കൂടെ വേണം. ടൂർ എന്ന് കേട്ടതും ഷുബ്സ് മണത്ത് എത്തി. ആളങ്ങനെയാണ്. ടൂർ എന്ന് കേട്ടാൽ ആരോഗ്യശ്രീമാനിലെ ജഗതിയേപ്പോലെ മണം പിടിച്ച് എത്തും. ഷുബ്സിനെ കണ്ടപ്പോ മൂന്ന് പേർക്കും സന്തോഷമായി. ആനയും പുലിയും കരടിയും ഒക്കെ ഉള്ള കാട്ടിലേക്ക് ആണ് യാത്ര. ധൈര്യവും ഒത്ത തടിയും ഉള്ള ഷുബ്സ് തീർച്ചയായും ഒരു വാഗ്ദാനം തന്നെ. നാലു പേരും വയനാട്- മുത്തങ്ങ -ഗുണ്ടൽപേട്ട് വഴി ബന്ദിപ്പൂർ കാട്ടിൽ എത്തി. എ കെ യുടെ പുറകിൽ റഫീഖും ഷുബ്സിന്റെ പുറകിൽ അനസും ആണ് ഉള്ളത്. കുറച്ച് പോയപ്പോൾ അതാ മുമ്പിലുള്ള വാഹനങ്ങൾ എല്ലാം നിറുത്തിയിട്ടിരിക്കുന്നു.

"ആന ,എലിഫെൻറ്, ഹാഥി" എന്നൊക്കെ ആളുകൾ വിളിച്ചു പറയുന്നു.

അനസ് ചാടിയിറങ്ങി കാട്ടിലേക്ക് പാഞ്ഞു; "എവിടെടാ ആന എവിടെടാ ആന" എന്നും പറഞ്ഞ് കൊണ്ട്.

പെട്ടെന്നതാ കാട്ടിൽ നിന്നും ആന പുറത്തേക്ക്. അനസ് ആനയെ കാണുന്നില്ല. ആന അനസിന്റെ തൊട്ടു സൈഡിൽ. എന്നിട്ടും അവൻ കണ്ടില്ല. ആനയെ ദൂരെ കണ്ടതും ഷുബ്സിന്റെ ഉള്ളിലെ ധൈര്യം ഉണർന്നു. ഷുബ്സ് ഒന്നും നോക്കിയില്ല. ആഞ്ഞൊരു ചവിട്ട് വണ്ടിയുടെ കിക്കറിൽ. വണ്ടി സ്റ്റാർട്ട് ആയതും വാണം വിട്ടത് പോലെ ഒരൊറ്റ പോക്ക്. ആശാന്റെ പൊടിപോലും കാണാനില്ല.

ഈ സമയം ആനയും അനസും ഗംഭീര ഓട്ടമത്സരം നടക്കുകയായിരുന്നു. ഒരു മാതിരി ബാംഗ്ലൂർ ഡേയ്സ് ൽ അജുവും സേറയും പോലെ. ആരും മുമ്പിലുമല്ല. പുറകിലുമല്ല ഒപ്പത്തിനൊപ്പം. എന്തായാലും ഭാഗ്യത്തിന് അനസ്എ കെ യുടെ വണ്ടിയിൽ കേറി രക്ഷപ്പെട്ടു. ധൈര്യവാൻ ഒരു നൂറു കിലോമീറ്റർ അപ്പുറത്താണ് വെയ്റ്റ് ചെയ്തിരുന്നത്.

അലി മുന്നോട്ട് നടന്നു. ബോറടിച്ച അലി ലേഡീസ് ഹോസ്റ്റലിൽ ഒളിഞ്ഞു നോക്കാൻ തന്നെ തീരുമാനിച്ചു. ആ കഥ പിന്നെ.

അങ്ങിനെ കുറേ കാലത്തിന് ശേഷം അലി ഡിസക്ഷന് കേറാൻ തന്നെ ആലോചിച്ചു. വളരെ കഷ്ടപ്പെട്ട് തന്റെ ടേബിൾ കണ്ടു പിടിച്ചു. പലരും ഇതേതാ പുതിയ അഡ്മിഷൻ എന്ന ഭാവേന നോക്കുന്നുണ്ട്.

ദാ മാഡം എത്തി. തന്നെ ഇതാ തുറിച്ച് നോക്കുന്നു. "Oh my God" . ഇന്നലെ ജംഗ്ഷനിൽ നിന്ന് ഞാൻ ഫ്രയിംഗ് പാൻ വിറ്റത് ഇവർക്ക് അല്ലായിരുന്നോ. കള്ളിത്തുണിയുടുത്തത് കൊണ്ട് മനസിലായിക്കാണുമോ ആവോ.(ആ കഥ പിന്നെ)

സൂക്ഷിച്ച് നോക്കേണ്ടടാ ഉണ്ണീ .ഇത് ഞാനല്ല. ഭാഗ്യം, മാഡത്തിന് മനസ്സിലായില്ല. താനേതാ തന്നെ ഇവിടെ ഒന്നും കണ്ടിട്ടില്ലല്ലോ എന്ന് മാഡം. ID കാർഡ് കാണിക്കണം പോലും. പോക്കറ്റിൽ കയ്യിട്ട അലി ഞെട്ടി. എന്റെ അംബാനി മുത്തപ്പാ. ID കാർഡ് ചേവായൂർ CD ഷോപ്പിൽ ആണല്ലോ. അത് പണയം വച്ചല്ലേ കഴിഞ്ഞാഴ്ച xxxx CD വാങ്ങിയത്. എന്തായാലും ഒരു വിധം മാഡത്തെ പറഞ്ഞ് കപ്പിലാക്കി.

ഇന്ന് ആശാലതാ മാഡം ലീവ് ആണെന്ന് തോന്നുന്നു. അതിന്റെ ആഘോഷങ്ങൾ ഫസ്റ്റ് ടേബിളിൽ കാണാനുണ്ട്. കമ്മത്ത് സർ ആണല്ലോ ഇന്ന് ഇൻ ചാർജ്ജ്. ഫസ്റ്റ് ടേബിളിൽ നമ്മുടെ പുലിമട മുതലാളി അനസ്, എ കെ ,ബാസി, റഫീഖ്, അനൂപ്, മോഹൻ, റഫ്, എല്ലാവരും ആർമാദിക്കുന്നു. കൂടെ ലേഡിജാങ്കോ അനിതയും ഉണ്ട്.(ഫസ്റ്റ് അവറേജ് ഇല്ലാത്ത 17 പേരിലെ ഏക പെൺതരി. അന്നവൾക്ക് കൂടെയുള്ള ആൺ തരികൾ പേരിട്ടതാണ് ലേഡിജാങ്കോ എന്ന്). അനന്തനും വിശ്വനും പെൺപിള്ളേരും കണ്ണിംഗ്ഹാം ജ്യൂസ് അടിച്ച് കുടിക്കുകയാണ്. കുടിക്കട്ടെ.
അലി സെക്കൻറ് ടേബിളിലേക്ക് നോക്കി. ഡാനിഷും ഗോപികമാരും. അലി വെറുതെ ഡാനിഷിന്റെ പൂർവ്വജന്മത്തിലേക്ക് ഒന്നു മെഷിനോടിച്ചു. അലി വീണ്ടും ഞെട്ടി. സാക്ഷാൽ ശ്രീകൃഷ്ണൻ. വെറുതെയല്ല പെൺപിള്ളേർ ഇവനേയും ചുറ്റിപ്പറ്റി നടക്കുന്നത്.

തേഡ് ടേബിളിലേക്ക് അലി ഒന്ന് കണ്ണോടിച്ചു. അവിടെ ജയേഷും പുല്ലോയും കാര്യമായ എന്തോ ഡിസ്കഷനിൽ ആണ്. ഇനി ഈ കോളേജ് എങ്ങാനും ബോംബ് വെച്ച് തകർക്കാനാണോ ഇവന്മാരുടെ പ്ലാൻ എന്ന് ശങ്കിച്ച് അലി കുണ്ഠിതനായി. മത്തിയുടെ ടേബിളിന് ചുറ്റും ചളി കിടക്കുന്നത് അലിക്ക് ചെറിയ ശങ്ക ഉളവാക്കി.

പെട്ടെന്നാണത് സംഭവിച്ചത്. ഫസ്റ്റ് ടേബിളിൽ നിന്നും തേഡ് ടേബിളിനെ ലക്ഷ്യമാക്കി ഒരു വാണം കുതിച്ചു. തേഡ് ടേബിൾ പോരാളികൾ സട (എന്തോ) കുടഞ്ഞെഴുന്നേറ്റു. പിന്നെ കനത്ത യുദ്ധം ആയിരുന്നു. ഫസ്റ്റ് ടേബിളിനെ ലക്ഷ്യമാക്കി ജയേഷിൻറേയും .കെ ,ബാസി, റഫീഖ്, അനൂപ് എന്നിവരുടെ വാണങ്ങൾ തിരിച്ചും. ലക്ഷ്യം തെറ്റിയ വാണങ്ങൾ പലതും സെക്കൻറ് ടേബിളിൽ പതിച്ചത് അവർക്ക് അനിഷ്ടം ഉളവാക്കുന്നതും അലി കണ്ടു. അമേരിക്കക്കും ഇറാനും ഇടയിൽപ്പെട്ട ഇറാക്കിന്റെ അവസ്ഥയിലായിരുന്ന സെക്കൻറ് ടേബിൾ എന്ന് അലിക്ക് തോന്നി.
ഇത് കണ്ട അലി ഉഷാറായി.ഒരു യമണ്ടൻ വാണം അലി ഫസ്റ്റ് ടേബിളിലെ ലക്ഷ്യമാക്കി വിട്ടു. പക്ഷേ... വാ വിട്ട വാക്കും കൈവിട്ട വാണവും തിരിച്ചെടുക്കാനാവില്ലല്ലോ. അലിയുടെ വാണം ലക്ഷ്യം തെറ്റി പതിച്ചത് ടേബിളിൽ തല വെച്ച് കൂർക്കം വലിച്ചുറങ്ങുന്ന കമ്മത്ത് സാറിന്റെ പിരടിയിലായിരുന്നു. ഹരിഹർ നഗറിൽ മുകേഷ് വിട്ട വാണം പോലെ അതതാ സാറിന്റെ കോളറിൽ കുത്തി നിൽക്കുന്നു.(ഉന്നം മറന്നു തെന്നിപ്പറന്ന ....)

തന്റെ കൂർക്കം വലിക്ക് വിഘ്നം വന്ന ദേഷ്യത്തിന് സാർ എണീറ്റ് ഒരു വ്യാഘ്രത്തേപ്പോലെ അലറി. " സൈലൻസ് ". ഹാൾ ഞെട്ടി. അലി ഞെട്ടി അലിയുടെ വാണവും ഞെട്ടി. വാണം താഴോട്ട് ചാടി രക്ഷപ്പെട്ടു. തികച്ചും അപ്രതീക്ഷിതമായ കാര്യമാണ് പിന്നെ നടന്നത്. മുറിവേറ്റ വ്യാഘ്രം വീണ്ടും കിടന്ന് കൂർക്കം വലിക്കാൻ തുടങ്ങി.

അലിക്ക് ബോറടിച്ചു. പതിവ് പോലെ വയറിനകത്ത് ശങ്ക തുടങ്ങി. പതുക്കെ ഹാളിൽ നിന്നും പുറത്തിറങ്ങി. പുറത്തതാ നിൽക്കുന്നു നമ്മുടെ ആശിഷ് തമ്പാൻ. എന്തോ പണിഷ്മെന്റ് ആയി പുറത്ത് നിൽക്കുകയാണ്.

(തമ്പാനെ അറിയാത്തവർക്കായി.) നമ്മുടെ ഗുരുസ്ഥാനത്ത് നിൽക്കുന്ന വ്യക്തിയാണ് തമ്പാൻ. ഉടായിപ്പ് എന്ന വാക്ക് തന്നെ കണ്ടു പിടിച്ച മഹാൻ. കുറച്ച് നാളേ നമ്മുടെ കൂടെ ഉണ്ടായിട്ടുള്ളൂ. പിന്നെ ട്രിവാൻഡ്രത്തേക്ക് പോയി. 44 th ബാച്ചിൽ ആദ്യമായി ഡിസക്ഷൻ ഹാളിൽ നിന്നും ചാടിയ വ്യക്തിയാണ് തമ്പാൻ. പിറ്റേന്നും ചാടാൻ തമ്പാൻ പ്ലാൻ ഇട്ടു. എ കെ യും റഫീഖും കൂടെ കൂട്ടി. തമ്പാന്റെ നേതൃത്വത്തിൽ മൂന്ന് ആളും പുറത്തെത്തി. തമ്പാൻ കാര്യങ്ങൾ വളരെ പ്ലാൻ ചെയ്ത് നടപ്പാക്കുന്ന വ്യക്തിയാണ്. പുറത്തെത്തിയ തമ്പാൻ പറഞ്ഞു. നമ്മൾ മൂന്ന് പേരും ഒരേ സൈഡിലേക്ക് പോകുന്നത് റിസ്ക് ആണ്. ഒരു കാര്യം ചെയ്യാം. നിങ്ങൾ രണ്ടും ഇടത്തോട്ട് പോ. ഞാൻ വലത്തോട്ടു പോകാം. പോർട്ടിക്കോയിൽ വച്ച് മീറ്റ് ചെയ്യാം. പറഞ്ഞത് പോലെ എ കെ യും റഫീഖും പോർട്ടിക്കോയിൽ എത്തി. അര മണിക്കൂർ നോക്കിയിട്ടും തമ്പാനെ കാണുന്നില്ല. രണ്ടാളും ഒരു കോഫിയും കുടിച്ച് റൂമിൽ പോയി. സംഭവം തമ്പാൻ പോയ വഴി ആശാലതാ മാഡം കണ്ടു. പൊക്കി.

പിറ്റേന്നും മൂന്നാളും ചാടാൻ പ്ലാനിട്ടു. പുറത്തെത്തി. തമ്പാനിലെ പ്ലാനിംഗ് ഉണർന്നു. ഈ പ്രാവശ്യം ഞാൻ ഇടത്തോട്ട് . നിങ്ങൾ രണ്ടും വലത്തോട്ട് . പോർട്ടിക്കോയിൽ വച്ച് കാണാം. പറഞ്ഞ പോലെ എ കെ യും റഫീഖും പോർട്ടിക്കോയിൽ എത്തി. അന്നും അരമണിക്കൂർ നോക്കി തമ്പാനെ കാണാഞ്ഞ് രണ്ടാളും കോഫിയും കുടിച്ച് റൂമിൽ പോയി. അന്നും തമ്പാനെ ആശാലത മാഡം പൊക്കി. അതിനു ശേഷം തമ്പാൻ കമ്പനിക്ക് ആളെ കൂട്ടുന്ന പരിപാടി നിർത്തി. അതിന്റെ പണിഷ്മെന്റ് ആയാണ് പുറത്ത് നിർത്തിയത്. ഇവിടെ തന്നെ നിന്നിരുന്നേൽ ഇവൻ 44th ന് ഒരു വാശാനം ആയിരുന്നു എന്ന് കരുതി അലി വീണ്ടും കുണ്ഠിതനായി.

അലി ടോയ്ലറ്റിൽ പോയി തിരിച്ചു വന്നു. ഷാനവാസ് K ആണല്ലോ ആ വരുന്നത്. K വളരെ ദു:ഖിതനാണല്ലോ. കാര്യം അന്വേഷിച്ചു. K പറഞ്ഞു.

"നമ്മുടെ പെൺപിള്ളേർക്കൊന്നും ബ്രാൻഡഡ് ഷർട്ടിനെ പറ്റി വലിയ ഐഡിയ ഇല്ലെടാ ."

അതിനെന്താണ് പ്രശ്നം എന്ന് ചോദിച്ച അലി, K യുടെ മറുപടി കേട്ട് ഞെട്ടി. പെൺപിള്ളേരെ ഇംപ്രസ് ചെയ്യിക്കാനായി K പുലാമന്തോൾ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ലോൺ എടുത്ത് കുറേ ബ്രാൻഡഡ് ഷർട്ടുകൾ വാങ്ങിയിട്ടുണ്ട് പോലും. പക്ഷേ നമ്മുടെ ബാച്ചിലെ മണ്ടൻ പെൺപിള്ളേർക്ക് ഇതൊന്നും കണ്ടിട്ട് തിരിച്ചറിയുന്നില്ല. അവർക്ക് ബ്രാൻഡഡ് ഷർട്ടും മിഠായിത്തെരു ഷർട്ടും ഒരുപോലെ. ലോൺ എടുത്തത് വേസ്റ്റ് ആയി. EMI അടക്കാറും ആയി. EMI ആയി ക്യാഷിന് പകരം ഓരോ മാസവും ഓരോ ബ്രാൻഡഡ് ഷർട്ട് മാനേജർക്ക് കൊടുത്താൽ മതിയോ എന്നാണ് K യുടെ സംശയം. ബാങ്കിലെ പെൺപിള്ളേർക്ക് ബ്രാൻഡഡ് ഷർട്ട് തിരിച്ചറിയാൻ പറ്റിയാൽ മാനേജർ ചിലപ്പോ സമ്മതിച്ചേക്കും എന്നു പറഞ്ഞപ്പോ K ക്ക് സമാധാനമായി.

അനാട്ടമി ഡിപ്പാർട്ട്മെൻറിൽ നിന്നും കുറേ ബോണുകൾ മോഷണം പോയി പോലും. ബാസിയാണ് പറഞ്ഞത്. A ബാച്ചിലെ എല്ലാവരേയും വിളിപ്പിച്ചിട്ടുണ്ട്. ചുമ്മാ പോയി ഒന്നു ഏന്തി നോക്കാം എന്നു അലി കരുതി. ബാസിയെ എല്ലാവരും കോഴി എന്നു വിളിക്കുന്നതിൽ അലിക്ക് ചെറിയ കുണ്ഠിതമുണ്ട്. ബാസി ഒരു കോഴിയേ അല്ല എന്ന് അലിക്ക് ഉറപ്പുണ്ട്. ബാസി ശരിക്കും ഒരു കാടയാണ്. ആയിരം കോഴിക്ക് സമം അര കാട എന്നാണല്ലോ.

അലി അനാട്ടമി ഡിപ്പാർട്ട്മെൻറിൽ എത്തി. ഭാഗ്യം മാഡം നടുവിലായി ഇരിക്കുന്നു. മനു സാറും കമ്മത്ത് സാറും സൈഡിലായി ഉണ്ട്. റോൾ നമ്പർ വൺ സല്ലു മുതൽ മിണ്ടാപ്പൂച്ച ആതിര വരെ നിരന്ന് നിൽക്കുന്നു. മിണ്ടാപ്പൂച്ചയെ ശ്രദ്ധിക്കണം. അവൾ കലമുടക്കും. അലി കരുതി.

പെട്ടെന്ന് മനു സാർ കരഞ്ഞ് കൊണ്ട് ചാടി എഴുന്നേറ്റു.

"ഇവരെയൊക്കെ വിശ്വസിച്ചു പോയി. അതാണ് മാഡം ഞാൻ ചെയ്ത തെറ്റ്. നമ്മുടെ ഡിപ്പാർട്ട്മെൻറിലെ longest ഫീമർ ആണ് മാഡം ഇവൻമാർ അടിച്ചു മാറ്റിയത്."

കറുപ്പ് വെളുപ്പ് എന്നത് രണ്ട് വ്യത്യസ്ത നിറങ്ങളാണെന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. പക്ഷെ ഇവയോട് നാം പലപ്പോഴും വെച്ച പുലർത്തുന്ന കാഴ്ചപ്പാടാണ് വൈകൃതമാവുന്നത്. ഇത് പിൽക്കാലത്ത് വർണ്ണത്തിന്റെ സാമൂഹ്യക്രമവും വർണ്ണത്തിന്റെ രാഷ്ട്രീയവും, വർണ്ണത്തിന്റെ സൗന്ദര്യബോധവുമായി(ബോധ മില്ലായ്മയാണ് അനുയോജ്യം) പരിണമിച്ചതായി കാണാം. നിറത്തിന്റെ വിവേചനം വളരെക്കാലമായി ഒരു കൂട്ടം ആളുകൾ നേരിടുന്നു. ഇത്തരം അപമാനത്തിന്റെയും അവഹേളനത്തിന്റെയും ഇരകളാണ് ഒരു കൂട്ടം ആളുകൾ. ഇക്കാര്യത്തിൽ സാധാരണക്കാർ എന്നോ സെലിബ്രിറ്റി എന്നോ വ്യത്യാസമില്ല. ഇവിടെ വിദ്യാഭ്യാസമോ ജോലിയോ അപ്രസക്തമാവുന്നു. ചിലർ സൗഹൃദങ്ങൾ തിരഞ്ഞെടുക്കുമ്പോൾ പോലും കളർ പരിഗണിക്കുന്നു എന്നതും ഒരു യാഥാർത്ഥ്യമാണ്. ഒരു ചെറുപ്പക്കാരൻ പെണ്ണ് കാണാൻ പോയാൽ മറ്റുള്ളവർ അവനോട് ആദ്യം അന്വേഷിക്കുക പെണ്ണിന്റെ നിറം എന്താണ് എന്നാണ്. ഇത് തിരിച്ചും സംഭവിക്കാറുണ്ട്. ഒരു കുഞ്ഞ് ജനിച്ചാൽ ആദ്യ ചോദ്യം ആണോ പെണ്ണോ എന്നാണ് അടുത്തത് നിറത്തെ പറ്റി. ഇതാണ് ഒരു ശരാശരി മലയാളി...

ഇനി ഞാനെന്റെ അനുഭവത്തിലേക്ക് വരട്ടെ... ചെറുപ്പത്തിൽ തന്നെ വിളിപ്പേര് വന്നത് "ആഫ്രിക്കൻ ചാണകം" ഇന്നും ഇപ്പോഴും കേൾക്കുമ്പോൾ നേരിയ നീറ്റൽ ഉണ്ടെങ്കിലും, സമൂഹം എത്ര അധഃപതിച്ചതാണെന്ന തിരിച്ചറിവ് യാഥാർത്ഥ്യബോധത്തിലേക്ക് കൈ പിടിച്ചുയർത്തി. പിന്നീടുള്ള കാലത്തും ഇത്തരം വ്യക്തിഹത്യയിലൂടെ പോയിട്ടുണ്ടെങ്കിലും അതൊന്നും എന്നെ വല്ലാതെ ബാധിച്ചില്ല. കൂടുതലും ഒരേ തരത്തിലുള്ള സുഹൃത്തുക്കൾ തിരഞ്ഞെടുക്കാൻ വരെ ശ്രമിച്ചു. കല്ല്യാണം വന്നപ്പോഴും ബന്ധുക്കൾ ആദ്യം പറഞ്ഞത് വരന് വെളുത്ത നിറമാണ് അങ്ങനെ ഒരാളെ കിട്ടൂല. വിവാഹം കഴിഞ്ഞ് ഒരുമിച്ച് പോവുമ്പോൾ ആൾക്കാർ ശ്രദ്ധിക്കുന്നോ, ചോദിക്കുമോ എന്നെല്ലാം ഭയമായിരുന്നു. തമാശക്ക് ഭർത്താവിനോട് ("ചേട്ടാ ഞാൻ വെളുത്തോ? കറുത്തു പോയോ") എന്ന് ചോദിക്കുമ്പോൾ, നമുക്ക് എന്താണോ ഉള്ളത് അതിനെ ഇഷ്ടപ്പെടുക അതിനെ നമ്മൾ തന്നെ അംഗീകരിക്കുക. നമ്മൾ മറ്റൊരാളാവേണ്ട എന്നായിരുന്നു മറുപടി. ഇന്ന് എല്ലാം ഒരു ഹരമായി തോന്നുന്നു. നീ വെളുത്തോ എന്ന് സുഹൃത്തുക്കൾ ചോദിക്കുമ്പോൾ, ഇല്ല മൊബൈൽ ക്യാമറയുടെ ക്ലാരിറ്റി ആണ് എന്ന് തിരുത്തി പറയുന്നതിൽ ഇന്നെനിക്ക് യാതൊരുവിധ സങ്കോചവുമില്ലയെന്നത് എന്റെ നേട്ടമായി ഞാൻ കരുതുന്നു..

JOSNA NAUFAL

രൗദ്രം

(ദൃശ്യം: മരണപ്പെട്ടയിൽ ഗർഭസ്ഥ ശിശുവിനെ കൊണ്ടാടുകിയ സന്ദർഭം)

മണലാരണ്യത്തിൻ തീച്ചൂളയിൽ
കാരുണ്യഹൃദയങ്ങൾ ചിരിക്കുന്നു.
ചിതയോടു ചേർത്തു വെച്ചു
ചിതലരിച്ച സ്വപ്നങ്ങൾ

ചിതാകൂടത്തിൻ വർണ്ണങ്ങൾ
ചിതാഭസ്മമായ് ഒഴുകിയല്ലോ

ജാതിമതവിധ്വേഷങ്ങൾ ഉണർത്തും
ജാര സന്തതിയാം വിദ്വേഷം
ജീവന്റെ തുടിച്ചുകൾ ഛേദിച്ച്
ജീർണ്ണതയിലേക്ക് ഒഴുകിയല്ലോ

കാരുണ്യഹസ്തങ്ങൾ താണ്ഡവമാടി
തണ്ണിരിലകൾ കരിഞ്ഞുപോയി
കടിഞ്ഞൂൽ കണ്ണി കാത്തിരിക്കും കൈകൾ-
കൂച്ചി ഒരിറ്റു കാരുണ്യത്തിനായ്

താണ്ഡവമാടി മാനവൻ തന്മാം
ശിരസ്സുപോവുമായ് അകന്നകലങ്ങളിൽ

ഛേദനത്തിൻ ചടുലതകൾ ചവിട്ടേണ്ടതോരാം
ഛിന്നഭിന്നമായ് ഉള്ളുലയ്ക്കുന്നു ആ നിമിഷം

രൗദ്രം മനോഹരമെന്നാരു ചൊല്ലീ...
രൗദ്രമായല്ലോ ഈ വചനങ്ങളിന്ന്

- 2017

AMITA R

घरेलू माँ से सूपर हीरो माँ

दो साल पुरानी कहानी है। मेरा बेटा पाँच साल का था, तब उसकी दुनिया और हमारा घर सूपर हीरों से भरा था। सूपरमान, स्पैडरमान,बाटमान,कपतान अमरिका और न जाने कौन कौन से पुतले घर ज़मीन पर कबज़ा कर बैठे थे ।कोई मकडी की जाल की तरह कपडा पहने तो कोई छाती पर चमकता हुआ तारा लिए, कोई हतौडी पकडते थे, किसी की हाथ में कटारा । मेरे बेटे के साथ साथ सभी दुनिया के रक्षक बने हुए थे ।

कक्षा में पढाए हुए पाठ लिखने पढने को कहो तो " अम्मा ईट ईस डिफिकल्ट" और इन किलमोन्गर, यलट्रोन, वोलवरीन इत्यादी के नाम ही नहीं उनके द्वारी लडी हुई जंग, उनके हथियार, उनकी अमानुषिक शक्तियाँ और यहाँ तक की उनकी गेलफ्रेण्ड का नाम याद रखना और घंडों तक उनके बारे में चर्चा करने में मेरे बेटे के कोई मुशकिल नहीं थी।

मेरे बेट्टे को हमारे फ्लाट में इसकी उम्रवाले दूसरे बच्चों के पास कौन कौन सी नई सूपरहीरोस को कटपुतलियाँ है, यह सब कहाँ से खरीदी गई, सब जानकारी है । शाम को फ्लॉट के पार्क में खेल का लीडर वही बनता है, जिसके पास ज्यादा नई सूपरहीरोस हैं । इन की सभी खेल भी इन सूपर हीरोस पर आधारित है । इसलिए ही जब भी मेरे साथ सूपरमारकेट या मॉल में आता, मेरे बेटे की नज़र इन सूपरहीरोस पर ही होता है। मुझे इसमें बिल्कुल दिलचस्पी नहीं है ।

हर दिन की तरह, एक दिन वह अपनी सुपरहीरोस के खेल में इतना व्यस्थ था कि मेरे फिसल कर गिरने, चीकने-चिल्लाने की आवाज़ तक उसे सुनाई नहीं देता था । मुझे बहुत गुस्सा आया और मैं ने उसे बहुत डाँटा और सूपरहीरोज़ के नमुनों को रद्दी में बेचने की बात कही ।

अचानक मेरा गुस्सा देखकर वह डर गया और उदास होकर कमरे के एक कोने में जा कर बैठ गया । मैं भी घर के कामों में व्यस्थ थी और उसे मनाने का समय नहीं मिला ।

शाम को फ्लाट के नीचे बच्चों के खेलने की आवाज़ सुनाई दी। वह भी खेलने के लिए उत्सुक हुआ और मुझसे अनुरोध करने लगा। सूपरहीरोज़ के बिना खेलना मंज़ूर है तो ठीक है, मैं ने भी शक्त शब्दों में जवाब दिया । वह तय्यार था । सुबह की मायूसी दूर करने के लिए मैं भी उसके साथ नीचे जाने के लिए तय्यार हुई ।

दरवाज़ा ताला लगाते समय मैंने अपना फोन उसके हाथ में दे दिया था। नीचे आस पडोस के लोगों से मिले और मैं बातें करने लगी । फोन उसके हाथ में ही रह गया ।

कुछ ही देर में वह दौडकर मेरे पास आया और फोन देते हुए कहा " आयरनमेन ईस कॉलिंग " जल्दी फोन उठाओ नहीं तो, कॉल कट हो जाएगा ।

दिन में दस बार फोन करो तो भी नहीं उठाता, कपडे इस्त्री करने ले गया था , एक हफ्ता हो गया, अभी तक वापस नहीं लाया । मैंने थोडे गंभीरता से उससे कहा कि यह लेन-देन यहां नहीं चलेगा, काम करना है तो समय पर, नहीं तो मैं और लोगों को जानती हूँ, काम उनको दूँगी । इतना कहकर कॉल कट कर दिया।

मेरा बेटा वहीं मूह खोलकर खडा था । अचानक उसने बहुत उत्सुकता से पूछा "अम्मा आपको आयरनमेन ने बुलाया था ? उसके मासूम दिमाग में आया कि उनके सूपरहीरो अयरनमेन उसकी अम्मा को बुला रहा है और अम्मा उसे डाँटती है । असल में मैं इस्त्रीवाले भय्या का नाम जल्दी- जल्दी में आयरनमेन कर के फोन में सेव कर लिया था ।

उसका उत्साह और जोश को देखकर उसे तुरंत निराश करने का मन नहीं हुआ । अगले दिनों में भी मैं ने बहुत बार सच बताने की कोशिश की, लेकिन उसे उसकी काल्पनिक लोक से धक्के दे कर नीचे गिराने का मन नहीं किया।

हम सब अपने-अपने काल्पनिक लोक में रहना ही पसंद करते हैं, इस्त्री भय्या आयरनमान बने हुए उस काल्पनिक लोक में मेरा बेटा मुझे सूपरहीरो अम्मा ही मानता है और मैं भी इस भूमिका को बहुत ही जोश से निभा रही हूँ।

जब मेरा बेटा थोड़ा और बड़ा हो जाएगा, दिल का थोड़ा ओर मज़बूत हो जाएगा, तो एक दिन उसे उसके आयरनमेन, यानी मेरे इस्त्री भय्या से मुलाकात कराना ही, तब तक के लिए मैं उसकी सुपरहीरो मोम.....

MANJU JOSE

മണിക്കുട്ടന്റെ ക്രിസ്തുമസ്

മഞ്ഞുമൂടിയ മലനിരകൾക്കിടയിലൂടെ ആ ലോറി പതുക്കെ നീങ്ങിക്കൊണ്ടിരുന്നു. ഒരു കുലുക്കം വന്നപ്പോഴാണ് മണിക്കുട്ടൻ ചിന്തകളിൽ നിന്നുമുണർന്നത്. അവൻ പരിസരം ശ്രദ്ധിച്ചു. ലോറി ഗ്രാമ പ്രദേശത്തുനിന്നും പട്ടണത്തിലേക്ക് കടന്നിരിക്കുന്നു. മരങ്ങളും കാടുകളും ഇപ്പോൾ ഇല്ല. അടുത്തടുത്ത വീടുകൾ, ആളുകൾ, ബഹളങ്ങൾ. ഇതൊന്നിലും മനസ്സു തങ്ങാതെ മണിക്കുട്ടൻ വീണ്ടും ചിന്തകളിൽ മുഴുകി.

അവന്റെ മനസ്സുനിറയെ അവനെ കണ്ണിമ വെട്ടാതെ നോക്കി നിന്ന അമ്മയായിരുന്നു. കൺവെട്ടത്തു നിന്ന് മറയുന്ന സമയത്ത് അമ്മ തളർന്നു വീഴുന്നത് അവൻ കണ്ടു. തിരിഞ്ഞോടണം അമ്മയെ ഒന്ന് താങ്ങണമെന്ന് മനസ്സ് തുടിച്ചു. പക്ഷേ, വളരെ ശക്തമായി അവൻ ആ ലോറിയോട് ബന്ധിക്കപ്പെട്ടിരിന്നു. അമ്മയെ ഇനി കാണാനാവുമോ, ആ സ്നേഹം ഇനി എന്നെങ്കിലും അനുഭവിക്കാനാകുമോ അറിയില്ല . കണ്ണുനീർ അവന്റെ കാഴ്ചയെ മറച്ചു.

നാളെ ക്രിസ്മസ്. നാലു വർഷങ്ങൾക്കു മുമ്പ് ഒരു ക്രിസ്മസ് ദിനത്തിലാണ് അവൻ ഉണ്ടായത്. ജനിച്ചുവീണ കുഞ്ഞിനെ കാണാൻ കുട്ടികൾ ചുറ്റും കൂടി. അവൻ പതുക്കെ കണ്ണുകൾ ചിമ്മി തുറന്നു. എഴുന്നേറ്റു നിൽക്കണം എന്നുണ്ട് പറ്റുന്നില്ല. അപ്പോഴാണ് അമ്മ അവനെ തലോടി പതുക്കെ എഴുന്നേൽപ്പിച്ചത്. അമ്മയുടെ മുഖത്ത് അവൻ ഒരു ഉമ്മ കൊടുത്തു. അമ്മയെ കൂടാതെ മാഗി ആന്റിയെയും സാഗോ പന്നിയേയും എല്ലാം അവൻ കൗതുകത്തോടെ നോക്കി നിന്നു. രണ്ടു ദിവസം കഴിഞ്ഞപ്പോൾ അവൻ അവിടെ ഓടിച്ചാടി നടക്കാൻ തുടങ്ങി എന്തു രസമായിരുന്നു ആ കാലം. കുസൃതി കാണിക്കുമ്പോൾ അമ്മ ശാസിക്കും. അപ്പോൾ അവൻ മാഗി ആൻറിയുടെ പിന്നിലൊളിക്കും. അമ്മയും മാഗിയാൻറിയും ഒരുപാട് നല്ല കഥകൾ പറഞ്ഞുതന്നു. പലപ്പോഴും കഥകളിലെ രാജകുമാരനായി മണിക്കുട്ടൻ മാറി. യജമാനനെയും കുട്ടികളെയും അവന് ഇഷ്ടായിരുന്നു. വളരെ സ്നേഹത്തോടെയാണ് അവരോട് പെരുമാറിയത്.

ക്രിസ്മസിനെക്കുറിച്ച് അമ്മയാണ് പറഞ്ഞത്. നന്മകൾ വിരിയുന്ന സ്നേഹത്തിന്റെ സന്ദേശം ലോകത്തെങ്ങും അലയടിക്കുന്ന ദിവസം. എല്ലാവരെയും സ്നേഹിക്കാനും എങ്ങും ശാന്തിയും സമാധാനവും നിറയ്ക്കാനുമാണത്രെ ക്രിസ്തുദേവൻ പറഞ്ഞത്. എല്ലാം ഉൾക്കൊള്ളാൻ ആയില്ലെങ്കിലും അവനു ക്രിസ്തുവിനെ ഇഷ്ടപ്പെട്ടു. ക്രിസ്തുമസിനെ സ്നേഹിച്ചു. ഇലകൾ കൊഴിഞ്ഞു നിൽക്കുന്ന മരച്ചില്ലകൾക്കിടയിലൂടെ നക്ഷത്രങ്ങൾ തിളങ്ങുന്ന പൂനിലാവ് ഉള്ള ക്രിസ്മസ് രാത്രി അവൻ ഉറങ്ങാതെ നോക്കിനിന്നു.

ക്രിസ്മസിനെ കുറിച്ചുള്ള ഓർമകളിൽ ഒരേ ഒരു ദുഃഖം അവന്റെ അച്ഛനെ കുറിച്ചുള്ളതാണ്. അവൻ ജനിക്കുന്നതിന്റെ തലേന്നാണ് അവന്റെ അച്ഛൻ പോയത് ജോലിക്ക് പോയതത്രെ. ഒരിക്കൽ മണിക്കുട്ടനെയും അവൻറെ അമ്മയെയും കാണാൻ ഒരുപാട് സമ്മാനങ്ങളുമായി അവന്റെ അച്ഛൻ വരും. അച്ഛനെ പോലെ സുന്ദരനാണവനെന്നാണ് അമ്മ പറയുന്നത്. അച്ഛനെപ്പോലെ ആണെന്ന് പറയുന്നതു കേൾക്കാൻ അവന് വളരെ ഇഷ്ടമാണ്. എല്ലാ ക്രിസ്മസ് രാത്രിയും അവൻ പ്രാർത്ഥിക്കും തിളങ്ങുന്ന നക്ഷത്രങ്ങളെ നോക്കി.

"ഇപ്രാവശ്യം അച്ഛൻ വരണേ..".

പൊടിയുള്ള കാറ്റ് മൂക്കിൽ അടിച്ചപ്പോഴാണ് മണിക്കുട്ടൻ തലയുയർത്തി നോക്കിയത്. കുറെ വണ്ടികളും തിക്കുംതിരക്കും പൊടിയും. മനം മടുപ്പിക്കുന്ന ഗന്ധവും. അവന് പട്ടണം തീരെ ഇഷ്ടമായില്ല. തന്റെ കൂടെ തന്നെ പോലെ കുറെ പേർകൂടി ആ ലോറിയിൽ ഉണ്ട് എന്ന് അവൻ കണ്ടു. അവരുടെ കണ്ണുകളിലൊക്കെ പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരു വേദന ഉള്ളതായി അവനു തോന്നി.

അവൻ പതുക്കെ തല താഴ്ത്തി.

കുറച്ചു വലുതായപ്പോൾ അവൻ അമ്മയുടെയും മാഗിയാൻറിയുടെയും കൂടെ വയലിൽ പോയി. അവിടെ അവനു കുറെ കൂട്ടുകാരെ കിട്ടി. അവരുടെ കൂടെ കളിച്ചു ചിരിച്ചു നടക്കാൻ എന്തു രസമായിരുന്നു. മലനിരകൾക്കു അപ്പുറത്ത് വേറെയും വയലുകൾ ഉണ്ടെന്ന് പറഞ്ഞത് സാഗോ പന്നിയാണ്. എന്നെങ്കിലും അമ്മയുടെ കൂടെ അവിടെയും പോകണം. അവിടെ എവിടെയെങ്കിലും അച്ഛൻ ഉണ്ടാകും

ഒരിക്കൽ അമ്മയുടെ ദേഹത്ത് ചാരികിടന്നു കഥകൾ കേൾക്കുമ്പോൾ അവൻ ചോദിച്ചു.

"അമ്മേ, അച്ഛന് എന്നെ കാണാൻ കൊതിയുണ്ടാവില്ലേ ?"

നനഞ്ഞ കണ്ണുകൾ ഞാൻ കാണാതിരിക്കാൻ അമ്മ പാടുപെട്ടു. അച്ഛൻ സ്വപ്നങ്ങളിൽ വർണിക്കാറുള്ള സുന്ദരക്കുട്ടൻ ആയിട്ടാണത്രെ ഞാൻ ഉണ്ടായത്. പോകുമ്പോൾ ഒന്നുമാത്രമാണ് അച്ഛൻ അമ്മയുടെ കാതിൽ പറഞ്ഞതത്രെ.

"നമ്മുടെ മണിക്കുട്ടനെ നിന്നെ ഏൽപ്പിക്കുന്നു. പൊന്നുപോലെ നോക്കണം"

അമ്മയുടെ സങ്കടം കണ്ടിട്ടാവണം എന്റെ ശ്രദ്ധ മാറ്റാൻ മാഗിയാൻറി എനിക്ക് വേറെ കഥ പറഞ്ഞു തന്നു. സന്തോഷവാനായ രാജകുമാരന്റേയും പക്ഷിയുടെയും കഥ. അവരെ പോലെ നല്ല ആളാകണം എന്ന് സ്വപ്നം കണ്ട് ഞാൻ ഉറങ്ങി.

നാലു മാസം മുമ്പാണ് ഞാനവളെ വയലിൽ വച്ച് കണ്ടത്. കുറ്റിൽ പുള്ളികളുള്ള സുന്ദരികുട്ടി. ഞാൻ ഏറുകണ്ണിട്ടു നോക്കി. അവൾ എന്നെയും. പതിയെ പതിയെ കൂട്ടുകാരായി. പിന്നെ പിന്നെ വയലിൽ പോകാൻ ധൃതിയായിത്തുടങ്ങി. ഒരുപാട് ഒരുപാട് സ്വപ്നങ്ങൾ.

കണ്ണുനീർത്തുള്ളികൾ കവിളു നനക്കുന്നത് അവനറിഞ്ഞു.

നാലു ദിവസം മുൻപാണ് അയാൾ എത്തിയത്. യജമാനൻ എന്നെ ഇറക്കി അയാൾക്ക് കാണിച്ചുകൊടുത്തു. ദേഹത്ത് തട്ടിയും മുട്ടിയും നോക്കിയത് എനിക്കിഷ്ടമായില്ല. അവർ തമ്മിൽ എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു ഞാൻ അതൊന്നും ശ്രദ്ധിച്ചില്ല പക്ഷേ അമ്മയുടെയും മാഗിയാൻറിയുടെയും കണ്ണുകളിൽ പരിഭ്രാന്തി. അപ്പോഴാണ് ഞാൻ അറിഞ്ഞത് ഇയാളാണ് അച്ഛനെ കൊണ്ടുപോയത് . എന്നെയും കൊണ്ടുപോകുമോ എന്ന ചോദ്യത്തിന് മറുപടി പറയാതെ അമ്മ എന്നെ ചേർത്തുപിടിച്ചു. അപ്പോൾ ആ നെഞ്ചിടിപ്പ് എനിക്ക് കേൾക്കാമായിരുന്നു. അമ്മ ഒന്നും പറഞ്ഞില്ല. പക്ഷേ, എന്തോ പന്തികേടുണ്ടെന്നു ആ 'നെഞ്ചിടിപ്പ്' എന്നോട് പറഞ്ഞു.

ഇനി മൂന്നു ദിവസമേ ഉള്ളൂ ക്രിസ്മസിന്. മനസ്സ് ഒന്നിനോടും ഒരു താല്പര്യം കാണിച്ചില്ല. ഭക്ഷണം വേണ്ട എന്ന് തോന്നി. യജമാനനെ പലതവണ ദയനീയമായി നോക്കി. അവർക്ക് അത് മനസ്സിലായില്ല എന്ന് തോന്നി

എല്ലാവരോടും യാത്ര പറയണം. വയലിലെ കൂട്ടുകാരോടും മരങ്ങളോടും പൂക്കളോടും എന്തിന് ആ മണ്ണിനോട് പോലും ഞാൻ യാത്ര പറഞ്ഞു. ഏറ്റവും വേദന പ്രിയ കൂട്ടുകാരിയോട് യാത്ര പറഞ്ഞപ്പോൾ ആയിരുന്നു. ഒരുപാട് നേരം കരഞ്ഞു.

തിരിച്ചു വരുമെന്ന് ഞാനും; കാത്തിരിക്കും എന്ന് അവളും പറഞ്ഞു. വാക്ക് കൊടുക്കാൻ പറ്റുമോ എന്നറിയില്ല, കാരണം അച്ഛൻ ഇതുവരെ തിരികെ വന്നിട്ടില്ല.

മാഗിയാൻറി എന്നെ കെട്ടിപ്പിടിച്ച് നന്നായി വരും എന്നുപറഞ്ഞ് അനുഗ്രഹിച്ചു. ഒരാളോട് മാത്രം ഞാൻ യാത്ര പറയില്ല എന്റെ അമ്മയോട്. എന്റെ അന്തരാത്മാവിന്റെ പിടച്ചിൽ അമ്മ മാത്രം അറിയുന്നു. എന്റെ മനസ്സിൽ എന്റെ ആത്മാവിൽ ഞാൻ അമ്മയെ കൂടെ കൊണ്ടു പോകുന്നു.

നാളെ അയാൾ വരും, എന്നെ കൊണ്ടു പോകും. വൈകുന്നേരം ഭക്ഷണം കഴിച്ചില്ല. അമ്മയോട് ചേർന്ന് കിടന്നു. ഈ രാത്രി പുലരാതിരുന്നെങ്കിൽ എന്ന് വെറുതെ കൊതിച്ചു. ഉറക്കം വരുന്നില്ല. ഒരു പ്രതീക്ഷയുണ്ട് മനസ്സിൽ, അച്ഛനെ കാണാൻ പറ്റും. എന്നിട്ട് അച്ഛന്റെ കൂടെ തിരികെ വരണം. അമ്മ കാത്തിരിക്കുന്നു എന്നു പറയണം.

ചുടുകണ്ണീർ ചുമലിൽ വീണു. അമ്മ കരയുകയാണ്. ദൈവമേ എന്റെ അമ്മയോടോത്ത് ഈ ജന്മം മുഴുവൻ കഴിയാൻ കഴിഞ്ഞെങ്കിൽ. എപ്പോഴോ ഒന്നു മയങ്ങിപ്പോയി.

ആരോ തട്ടി എഴുന്നേൽപ്പിക്കുന്നതായി തോന്നി. നേരം വെളുത്തു വരുന്നതേയുള്ളൂ. ഈശ്വരാ 'അയാൾ'. മുന്നിൽ യജമാനനും ഉണ്ട്. ഞാൻ യജമാനനോടു ചിരിക്കാൻ ശ്രമിച്ചു. അദ്ദേഹം കണ്ടില്ല എന്ന് തോന്നി. അമ്മ തളർന്നിരിക്കുകയാണ്. അമ്മയുടെ അടുത്തേക്ക് ചുവടുകൾ വച്ചപ്പോൾ അയാൾ വലിച്ചു. കഴുത്തിലെ കയർ മുറുകുന്നു. പിന്നെ പതിയെ അയാൾക്കൊപ്പം നടന്നു. പുറകിൽ എന്റെ ലോകമുണ്ട്. കണ്ണുകൾ നിറഞ്ഞൊഴുകി.

നല്ല വെയിൽ. ദാഹിക്കുന്നുണ്ട്. ഒരു തുള്ളിവെള്ളം പോലും ഇല്ല. ഈ നല്ല ക്രിസ്മസ് ദിനത്തിൽ ഞാൻ മാത്രം ദാഹിച്ചു വലഞ്ഞ്. സാരമില്ല ഇത് സഹിക്കാം. ലോറി ഒരു പഴയ കെട്ടിടത്തിന്റെ വിശാലമായ മുറ്റത്തേക്ക് കയറി. അസഹ്യമായ ദുർഗന്ധം എന്തൊരു സ്ഥലമാണിത്. അവിടവിടെയായി കുറേപ്പേരെ കെട്ടിയിട്ടിരിക്കുന്നു. ആ കൂട്ടത്തിൽ എങ്ങാനും അച്ഛനുണ്ടോ. എന്റെ കണ്ണുകൾ പരതി നടന്നു. അപ്പോഴാണ് ഒരു മൂലയ്ക്ക് വായും കാലും കൈയും കെട്ടി ഒരാൾ കിടക്കുന്നു. കണ്ണുകളിൽ വല്ലാത്ത പരിഭ്രാന്തി. എന്താണ് സംഭവിക്കുന്നത് എന്ന് മനസ്സിലാകും മുൻപേ ഒരാൾ വന്നു അവന്റെ കഴുത്തിൽ കത്തി വീശി. പിടച്ചിൽ, രക്തം... കുത്തിയൊഴുകുന്നു. മണിക്കുട്ടൻ കണ്ണുകൾ ഇറുക്കിയടച്ചു.

മനസ്സും ദേഹവും തളരുന്നു. എന്റെ ദൈവമേ... എന്റെ അച്ഛൻ വന്നത് ജോലിക്കല്ല, എന്നെ കൊണ്ട് വന്നതും

ജോലിക്കല്ല. ഞാൻ എങ്ങനെ ഇത് അമ്മയെ അറിയിക്കും. ലോകം മുഴുവൻ സന്തോഷിക്കുന്ന, സമാധാനത്തിന്റെ ഈ ക്രിസ്തുമസ് ദിനത്തിൽ ദൈവമേ നീ ഞങ്ങളെ കണ്ടില്ലെന്നു നടിക്കുകയാണോ.

കൈകാലുകൾ കെട്ടപ്പെടുന്നത് അവനറിഞ്ഞു. കാലടികൾ അടുത്തുവരുന്നു. അവൻ കണ്ണുകൾ ഇറുക്കിയടച്ചു. കവിളിലൂടെ ഒഴുകിയ കണ്ണുനീർത്തുള്ളികൾക്ക് അപ്പോൾ തണുപ്പായിരുന്നു.....

JUVAINA P

തായ്

പാടിപ്പുകഴ്ത്തിയാൽ പൂർണ്ണമാകില്ല
അമ്മ - മകൾ തൻ ബന്ധം
പത്തുമാസം ചുമന്നെന്നെവാർത്ത
ജനനിയാണിന്നവളെന്റെ

ഗർഭാന്ധകാരത്തിൽ എൻ തുണയായ്
ഏറ്റം സഹിച്ചവളല്ലോ
പൊക്കിൾക്കൊടിയിലൂടെന്നെയെന്നും
ഊട്ടുന്ന നൈർമല്യബന്ധം

എന്റെ ഹൃദയസ്പന്ദനങ്ങൾ
അന്നുമിന്നും എന്നുമേറ്റ
വാത്സല്യപൂരിതയായെന്റെ ജീവനെ
സ്വർഗ്ഗം പുൽകിക്കണേ നാഥാ...



ANANDAN N

DRIVING LICENSE SAGA



I arrived in Dubai in May 2016. It was only after landing here that I realised that my Indian driving license was not valid here. I would not be legally permitted to drive any vehicle here, without the Dubai driving license. There is a big need to own a vehicle in Dubai. It is not easy to get around otherwise. Taxis and Ubers are quite expensive (I felt so because I was a newbie expatriate who converted every price to its rupee equivalent before making any decision). And the metro does not reach every nook and cranny. Buses are few and far apart. The only other option is to walk long distances in the searing sun. In Kerala we have so many options - buses, autos, etc etc. Without a vehicle I was more or less crippled.

And so I decided that my very first task in the UAE would be to acquire the driving license. I approached a driving institute and there they informed me that I would have to first produce the Emirates ID. That ID was issued after the medical tests and visa stamping procedure, and I finally procured the Emirates ID.

The very first thing I did after getting the Emirates ID was return back to the Driving Institute.
"Sir, firstly you need to acquaint yourself with the procedure of procuring a driving license" the recep-tion-ist informed me. "Ya, No Problem" I said.

She took out a huge board with a flow chart and pointed out various modules in sequence. Pretty similar to the ones we've studied in Guyton's Physiology Text.

File Opening —> Eye Testing —> 8 Hrs Theory Class —> Theory Mock Test —> Theory Main Test —> Pre Assessment —> Parking Classes —> Parking Test —> Road Classes —> Assessment —> Final Road Test

I have seen bigger obstacles, I thought to myself. "Ok, No issue" I told her.
"Ok Sir. Then you can make the payment. We have 2 Packages - Normal and VIP. Which one do you want?"
"What is the difference?" I asked.

Mind you, she didn't tell me about the price difference in the first place.
"Normal package - it will take 3 months for you to get a license. VIP package - you will get license in 3 weeks"

"Ok - VIP then" I said, wanting to get my hands on the license as soon as possible.

What I found out later was that the normal package cost about 3500 Dirhams while the VIP package cost 8500 Dhs.

I hadn't received my first salary yet, and so I used my Indian credit card to enrol myself in the prestigious VIP package. I received the message on my mobile saying INR 1.54 Lakhs were debited. I consoled myself saying, this was of prime importance, so it didn't matter that it cost this much.

And so the file was opened and I had my eyes tested and on a Friday morning at 8 AM I sat down for my Theory class. I only got out of there after 5 PM that day. Determined to do it, as I had been, during my days at Thrissur PG entrance coaching. And as expected, I passed the theory mock and main tests quite easily.

I was thrilled at having completed theory and jumped enthusiastically into the car for my first practical class on parking. It was a Pakistani Instructor who greeted me in the car. That day all my Gas was drained because that was the day I realised that there were so many complicated nuances in this procedure called driving. The first thing the instructor asked me was

"How many rotations to either side does the vehicle have on its steering wheel?"
I was stumped. This was not part of the curriculum at the driving school where I was educated back in India.

He looked at me pitifully and spat back in disgust "What a pathetic student you are?! You told me you had been driving a car in India for the past 10 years and you don't know this?"

Reverse parking, garage parking, 70 degree parking, parallel parking, reverse parallel parking and several other things that I used to do without knowing the intricacies, were taught to me in detail. At the end of this session I was thoroughly exhausted. In retrospect, I feel that it was difficult for me because most of my 10 years driving experience was in rural roads. People who probably had more city driving experience would fare better. Each class was for half an hour duration and there were 20 classes allotted to me. I had used up 16 classes - 8 hrs worth, just for parking and yet I was not confident. But still, I went for the test.

Of the 5 parking modes tested, I managed to pass in 4. I failed to perform the reverse parallel parking Manoeuvre. I thought, no problem, I can re take the test and get through. That was when I was told the Cost of ReTaking the Exam - 1250 Dhs for repeat classes and 700 Dhs for re taking the test. Almost 40000 INR for retaking that test. This was particularly high because I had chosen the VIP package!

Mentally, I needed a break. I also needed to visit Kerala for family reasons and I made my way to Kerala. Once I got back, I did rejoin and went through the whole process again. Luckily, I passed the Parking Test this time round. And so I was declared fit for road classes. I had only 4 classes left from the allotted 20 left. At the end of those 4 Road Classes, the Instructor told me I was not competent enough to face a Road test, and suggested I attend an extra 8 more classes. For this I was charged another 1800 Dhs. This brought the total upto 12250 Dhs. Frustrated, I accepted that I had no other way but to get through this somehow.

After the extra 8 classes, I came up for assessment before the Final Road Test. An Arab National came to conduct this assessment. It was just me and an 18 year old Local Emirati student who were up for assessment that day. He looked like it was for the first time in his life that he was sitting in the Driver's seat and held onto the steering wheel uneasily. On the other hand, I had 10 years driving experience from India and I felt I drove the car well to show the assessment officer. But the assessment officer told me that I was lacking and it would be better to undergo some more training before the final road test. Or else he could sanction me to go for final road test right away, but at my own risk.

I thought that I had spent so much time and money on getting a license, thus far and that was more than enough learning. I decided to appear for the final road test. That Emirati boy who drove so immaturely was also enrolled for the final test.

The day of the final test arrived. I had received a lot of advice and warnings about the difficulty in passing the final road test. But, upto that point in time I was very confident about my driving. I would appear for the test and do what I normally do, which was good enough and is should pass - I thought to myself. There were 3 candidates that day, me, that Emirati boy I knew from the assessment exam and a third person. I was asked to drive first. I went about my normal process of starting the car and slowly came out.The Examiner checked that I did the right things while changing lanes, taking U turns etc etc.

The examiner then told me to park, all of a sudden, without indicating to me where exactly he wanted me to park. I looked around and saw that on the right side there was a parking spot, but I had almost passed it by the time I had spotted it. So I went forwards and after a turn I spotted another parking spot where I promptly brought the vehicle to a halt. The Examiner looked at me disapprovingly and told me he had wanted me to park at the earlier spot and not at the present spot. Apparently there is a clause in the test rules that state that we will be failed immediately if we do not comply with the examiner's instructions. The examiner marked me failed.

I consoled myself that I had been failed due to a very small rectifiable mistake, so I eagerly went and paid the price for 8 more classes (mandatory if you want to reappear for the final road test) and took a date for my 2nd attempt at the final test. Because I was in the VIP Package, I got a date within the week. However, a nagging fact ate away at my self confidence. I came to know that the Emirati boy who had just started driving recently, had passed the test and got his license in the very first go.

On the day of my 2nd test, there was a more harsh examiner awaiting me. I wasn't really nervous until that point but suddenly I was. I was the second candidate for that day. The first candidate was blasted left and right for his mistakes while driving. Seeing this, all my confidence evaporated into thin air. I was asked to sit next. I got in nervously into the driver's seat. I started the car and drove off. He asked me to take a left into an exit. I missed it unfortunately and went forwards. He scolded me for that and from that point on it was all downhill. Like a pre-destined fate, I committed blunder after blunder in a dazed and tense state. I had committed all 4 of the deemed major, immediately failable mistakes. I remembered that I had no major mistakes on my first test, just 4 minor mistakes of the permissible limit of 8. My second attempt was an even bigger debacle than the first one and so I lost all my confidence. I started to doubt my ability to get a UAE driving license.

Still, I persevered and again paid for and attended 8 more classes and appeared for the 3rd attempt at final test. That day, I was scared beyond words. The sight of the examiner sent chills down my spine. My heart was pounding uncontrollably and my palms were sweating pails of water. As expected, I committed all possible stupid mistakes, not looking at the mirror before and during reverse etc etc. Moreover, schools had reopened after vacation and school buses and overall traffic had increased on the road. Unsurprisingly, I failed the 3rd attempt.

As before, I drew on every fibre of determination I had left in me and despite being absolutely bereft of any confidence, I went through the motions - fees, classes, test. I had never faced abject failure such as this, anytime before in my life. The countless entrance exams, MBBS and PG final exams, even the DHA medical licensing exams- I had cleared all without any trouble. This driving license test was going to be the biggest test of my life. The 4th test - was the biggest of my series of blunders. It was like a vicious self propagating cycle that I was stuck in. Bigger and more serious blunders coming one after the other.

I took a long hard look at myself. I had to make a decision. Either I had to give up the hope of ever procuring a driving license or make a final 5th attempt. One of my friends suggested I change the driving institute. I decided to make a final do or die attempt. I changed the Institute, and went for classes there. I was advised by them to take Propranolol the previous night of the exam. I did as advised and on the morning of the exam, I awoke from my sleep with a shiver at 4 AM. I was having severe chest pain. I was worried sick. I was panicking, was it Acute MI? I sat in bed for an hour clutching at my chest, wishing for the nightmare to stop.

Somehow, it was morning again. The day of my 5th attempt. I arrived early for my test at 7 AM. The Examiner for the day, looked pleasant and kind. He enquired, how many attempts I had made prior to this. I told him calmly that it was my fifth, (and final - I said in my head). He asked me if I had a license back in my country. I told him I had driven in my country for 10 years.
"Why didn't you pass the exam so far then?" He asked me.

This gave me a sprig of hope. I felt a little more confident. I was the fIrst candidate that day. He asked me to make a lane change to the left. I moved the vehicle slowly from the right most lane to the left most one carefully indicating each change. There was heavy traffic on the road that I could see in my rear view mirror. But I had forgotten to check the shoulder. He scolded me for that - I had missed the most important and basic step of shoulder check. He asked me how he was supposed to give me pass after committing such a huge mistake. Usually, after the first mistake and reprimand, I go into a downward spiral of mistake after mistake. But that day I had another trick up my sleeve. I had taken a second dose of Propranolol in the morning.

I was a rock. The guards at Buckingham palace would be put to shame had they seen my frigidity that day. I wasn't sweating,

I wasn't shaking, my heart wasn't pounding. In my mind, I calculated coldly that not carrying out the Shoulder check was a major fail-able mistake and so I had failed this test too. But I didn't feel the gravity of failing. The knowledge of failure was there but there wasn't the emotional distress associated with it. I felt nothing.



I continued to drive without giving any response or reaction. Seeing this, I guess the examiner was puzzled. He watched me drive a long time. Usual final tests last only 3-5 minutes. I had driven the car for close to 15 minutes, carrying out all the commands he gave me - reverse parallel parking, multiple lane changes etc etc. I carried them out with ease. How would I not? I had completed 68 classes by the time I appeared for my 5th attempt. I had that much driving experience by then. And I guess, under the protective cover that Propranolol provided, all that experience shone through.

At the end of my test, I got out of the vehicle and sat in the back. The next 2 candidates were nervous and carried out blunder after blunder like I had previously. After we were all done, we got out of the car and he came up to me and asked "What do you think? Did you pass or fail?"
I couldn't give any response to that and simply smiled.

"You drive well, but for that first mistake you should actually be failed. I will however make you pass."

Hearing that made me the happiest man in the world. I couldn't remember a point when I was more happier. Ecstatic would be understating it. I was in heaven. I called everyone up to inform them of my success. I called up my wife, mother, my clinic etc etc. Then I waited, to get the hallowed driving license in hand. Other candidates were handed out their results quickly. Mine was getting delayed. I had second thoughts - had the examiner changed his mind and decided to fail me after all? Luckily they called me up and gave me the pass result and within another half hour I had the driving license in my hand. I was so elated, almost like I had gotten a pilot's license, and not a driving license.

After all of this, I could reach the Clinic by 10AM and went about my day as usual. The very next day I went to a car rental service. They asked me for my license. I handed it over and waited. He checked it and asked me with a puzzled look
"You got your license yesterday?"
I replied in the affirmative
"Yesterday you got the license?" He asked me again - unable to believe it.
"Yes, I got it yesterday. After getting it, I had to work and it got late. Otherwise I would have been here yesterday itself to get a rental car." I said.

He was flabbergasted. I must have been his first customer who came the day after license was issued, to get a rental car. Also, rules stated that I had to have a license that was at least 6 months old to be eligible to rent a car.

However, he didn't want to disappoint me, seeing my enthusiasm. He said that since I had had a license in India, he would make an exception for me. I got a Hyundai Tucson and I was figuratively flying it, rather than simply driving it. For the past 100 days I had only one thing on my mind, all the time. And it was finally mine. 2 weeks into the rental, I booked an SUV and started using it even before the rental period of one month was completed.

I really appreciate the system they have here for issuing driving licenses. Accidents here are common and fatalities happen often. The system has to be good to prevent such incidents. I drive carefully because I value life and the lessons taught to me. Had I gotten the license at my first attempt due to the examiner's kindness, I may not have learned these lessons well.

ABDUL BASITH P T

നഷ്ടം

എവിടെ വെച്ചാണ് എനിക്ക് നിന്നെ ന ഷ്ടപ്പെട്ടത്
എന്ന് ഞാൻ എന്നോട് തന്നെ ചോദിക്കാറുണ്ട്
സ്വപ്നങ്ങളുടെ അടരുകൾക്കുള്ളിൽ
ഒരു രാത്രി ഞാൻ നിന്നെ മറന്നു വെച്ചു
നീ പ്രണയമായ് വിരിയുന്നതു കാത്ത്
നിന്നോരത്ത് ഞാൻ തപസ്സിരുന്നു
നിന്നിലേക്ക് വേരുകളാഴ്ത്തി ഞാൻ
ആകാശത്തിലേക്ക് പറവകളുടെ കൂടെ പറന്നു
പട്ടം പോലെ പറക്കുമ്പോഴും ഓർമ്മകൾ തൻ
നനവു വേരുകളിൽ തൊടുന്നു, മെല്ലെ വേദനിക്കുന്നു
നീയുണരുമ്പോൾ എൻ ഹൃദയം പിളർന്നു നിൻ
കാൽകളിൽ സമർപ്പിച്ചിടാൻ
നിൻ മനോമുകുര മന്ദിരത്തിൽ കീഴെ
കേവലമൊരു പൂജാ പുഷ്പമായ് ഞാൻ

നിന്നെയൊളിപ്പിച്ച സ്വപ്നങ്ങൾ ചിത്രശലഭങ്ങളേ
പോൽ എന്നന്തരംഗത്തിൽ വസന്തം തീർക്കുന്നു
ഒരു പുലർക്കാല തുഷാര ബിന്ദുവായ്, മോഹമേ
നീയെന്നിൽ ദു:ഖ ഭാരത്താൽ കൂടു തീർത്തു
നീ പറന്നു പോയകലേക്കെങ്കിലും, മോഹം
മാത്രം ബാക്കിയായ്, നിത്യദു:ഖം മാത്രം ബാക്കിയായ്
നിന്നെ നഷ്ടമായ വേളയിൽ എനിക്ക്
എന്നെ തന്നെ നഷ്ടമായ്, നിത്യമായ്
നിന്നെ തിരയുമിടങ്ങളിൽ, കനവുകൾതന്നടരുകളിൽ
ഞാൻ എന്നാത്മാവിനെ തിരയുന്നു.
എവിടെ കുഴി കുത്തി മൂടുമെന്നെയെന്നവർ
നിന്നോടു ചോദിക്കവെ
നിന്നോർമ്മകളുടെ ചാരെ
എനിക്കായ് നീ നിത്യ നിദ്രയൊഴുക്കുക പ്രിയേ
പ്രണയ നഷ്ടങ്ങളുടെ മൃതികുടീരങ്ങളിലേക്ക്
വേരുകളാഴ്ത്തി നിന്നോരത്ത് ഞാനൊരു
പടുവൃക്ഷമാകാം

BINESH BALACHANDRAN

INVEST IN YOURSELF!

Invest in yourself!

Even though I am a sports enthusiast, I never excelled in competitive games. Apart from the infrequent courtyard play of cricket, my on-field adventures never took off. So, I remained an armchair critique with an above average theoretical knowledge in sports but with limited practical skills.

During my MBBS days, apart from the occasional exercise routines, or a few morning runs and Taekwon-do classes with Prasad, Ranjith and Co, I never realized the importance of a routine physical activity. Being blessed with a phenotype, that is extremely resistant to fat deposition or weight gain, I never had to worry about obesity too.

Things took a turn for the worse when I joined at PGI Chandigarh for my MD and later Senior residency and DM. During the residency, when rest and sleep were itself a luxury, my occasional exercise routines were all soon forgotten, and the required balance diet was replaced by occasional diet. Ironically never during the entire medical education, did anyone teach us how to take care of our own health. I took up my first real medical examination after joining as a consultant at my hometown and was shocked to see my below average scores. My blood pressure and cholesterol levels were high and my fasting blood sugar was in the prediabetic range.

Compared to residency, consultancy period gave me some free time and so I decided to go for morning runs at the nearby school ground. My first few runs gave me the other shocking realization that I am not in a physical state to even complete a 1 km run at a leisurely pace. But this time I was motivated enough to give it a serious try. I went on an online literature search, and acquired the basic equipment and took the morning runs seriously for a few months. I was getting much better, but alas, an ankle injury halted my runs and then I conveniently lost the motivation. Two years later I underwent my next medical examination after joining my current institution, and as expected the results were no better. I had no option but to restart the physical activity and restarted my morning runs. This time though, I was more organized and trained more scientifically and with measurable objectives. The results were far better, and I could complete my first 10 K run in a year, and now I have completed 21 km runs two years in a row. Though these are no extraordinary feats, this was for me very enjoyable. The best by product of the systematic training is that now a days I really love my morning runs, so much so that I often eagerly await for the long running days. My exercise regimen helped me pass my next two annual medical checkups with flying colors as well.

Now let me come to my favorite part, which is advising others! With my limited experience the following are my tips to you.

General tips for any workout/ exercise routine:

1. You may feel healthy otherwise, but please undergo an annual physical examination and necessary blood tests.

2. Irrespective of your family history, phenotype or lifestyle, anyone above 30 years of age is at risk of metabolic diseases and CAD.

3. Ensure some active/ systematic physical activity at least 5 days per week (minimum 30 minutes each time).

4. The physical activity may be anything that suits you: running, brisk walks, cycling, Zumba, indoor or outdoor sports

5. Invest on necessary outfits and accessories. Don't try to cut corners here, as good accessories would give you motivation, better outcome and more importantly prevent injuries.

6. The accessories include appropriate shoes, outfit, activity tracker/ heart rate monitor etc.

7. Appropriate warm up and cooling down stretching exercises are vital to prevent injuries

8. One component of your workouts should include some weight lifting / strength training, regard less of the gender or age. Remember that this weight lifting is not for body building, but just to prevent the physiological loss of muscle mass (yes, that occurs!) associated with aging.

9. If possible, make / join groups of similar minded people. This will ensure better adherence.

10. The best, risk free and safe way to exercise is with a heart rate monitor. You can use a smart watch, fitness tracker or activity bands like Mi band, Amazfit Bip Lite, Apple watch or Garmin trackers.

11. Your maximum heart rate should be 220 minus your age. That means, if you are 40 years old, the maximum safe heart rate for you is 180, so set it as the alarm/ max limit. Your targets for exercise are: 50% to about 70% of your maximum heart rate for moderate intensity workout and 70% to about 85% of your maximum heart rate for vigorous exercise intensity. To get the best cardio benefits, ensure at least the moderate intensity level of exercise.

12. If you are joining a Gym, opt for a scheme with a personal trainer. The need for personal trainer is maximum at the beginning, so never try to cut costs and go on to try the basic / chea pest plans at first.

Tips for those who run/jog

1. Running is always the better way than walking, provided you don't have any knee problems

2. Proper running shoes are must for all types of running

3. Running shoe selection is based on your foot type: the type of arch, the type of gait etc.

4. You can walk in to showrooms like Nike/ Asics and get your gait analyzed by a professional. Or just Google, there are many sites that give this service for free (you only need to upload a short video of you running on a treadmill). You can also do it manually, following the steps available from sites (again easily available on Google)

5. Take the help of a suitable app, to plan/ organize and track your activities. Nike plus, Strava etc. are all well and good. I would suggest the Nike plus if you are working out alone, as it is free and still gives you an amazing array of guided runs and your own personalized coaching plan.

6. Appropriate warm up and cool down are essential to prevent injuries

7. Ensure your hydration and always better to use rehydration drinks, especially after and during longer runs.

8. Participating in any running events (3 km, 5 km, 10 km, half marathon etc.) is always recomm ended after proper training.

I am sure that many of you will feel that you can't spare time at present, due to professional or personal commitments. But please realize that, if you can't spend 5 hours or so per week for yourselves, there is something clearly wrong with your priorities.

NISHITHA HIRAN

ഞാൻ ഗൈനക്കോളജിസ്റ്റ് ആയ കഥ

കുട്ടിക്കാലം മുതലേ എന്നെ കൊണ്ട് പറ്റുന്ന പണി "പഠിക്കുക" എന്നത് മാത്രം ആയിരുന്നത് കൊണ്ടും അമ്മയുടെ നിരന്തരമായ പ്രോത്സാഹനം കൊണ്ടും എന്റെ ലക്ഷ്യം ഡോക്ടർ ആവുക എന്നതായിരുന്നു. എന്റെ അമ്മ ഒരു ആയുർവേദ ഡോക്ടർ ആണ്. പക്ഷേ, അമ്മയുടെ ഏറ്റവും വലിയ ആഗ്രഹം എന്നെ ഒരു അലോപ്പതി ഡോക്ടർ ആക്കണം എന്നതായിരുന്നു. ഒരു ഡോക്ടർക്കു സമൂഹം നൽകുന്ന സ്നേഹം, ബഹുമാനം ഒക്കെ അമ്മ ചൂണ്ടി കാണിച്ചു പറഞ്ഞു തരും.

ചെറിയ അസുഖങ്ങളുമായി ഞങ്ങളുടെ നാട്ടിലെ, കൽപ്പറ്റയിലെ കുട്ടികളുടെ ഡോക്ടർ, ഭാസ്കരൻ സാറിനെ കാണാൻ പോവുമ്പോൾ, അവിടെ ഇരിക്കുന്ന കുഞ്ഞുങ്ങളെയും അമ്മമാരെയും ഒക്കെ കാണുമ്പോൾ, അവർ ആ ഡോക്ടറോട് ഇടപഴകുന്നത് കാണുമ്പോൾ ഒരു "പീടിയാട്രിഷ്യൻ" ആവണം എന്നൊക്കെ ആദ്യം തോന്നിയിരുന്നു.

വയനാട്ടിൽ നിന്നും കോഴിക്കോട്ടേക്കുള്ള യാത്രകളിൽ കോഴിക്കോട് മെഡിക്കൽ കോളേജ് കാണിച്ചു അമ്മ പറയും.

"നീ ഇവിടെ പഠിക്കണം. എന്റെ ഏറ്റവും വലിയ ആഗ്രഹമാണത്."

റോഡിൽ നിന്നും IMCH ഉം അതിനുമുന്നിലെ വലിയ തിരക്കും കാണിച്ചു 'അമ്മ പറയും.

"ഏഷ്യയിലെ തന്നെ ഏറ്റവും അധികം പ്രസവം നടക്കുന്ന സ്ഥലമാണ് ."
ഒരു മഹാത്ഭുതം കാണുന്നത് പോലെ ഞാൻ മെഡിക്കൽ കോളേജിനെ കണ്ണിമ വെട്ടാതെ നോക്കിയിരിക്കും, എല്ലാ യാത്രകളിലും.

അങ്ങനെ പത്താം ക്ലാസ് പരീക്ഷ കഴിഞ്ഞു. റിസൾട്ട് വന്നു. വയനാട് ജില്ലയിൽ എനിക്കായിരുന്നു ഒന്നാം റാങ്ക്. കേരളത്തിലെ എട്ടാം റാങ്കും.

അന്നത്തെ ട്രെൻഡ് അനുസരിച്ച് തൃശ്ശൂരിലോട്ടു വണ്ടി കയറി. സെന്റ് മേരീസ് കോളേജിൽ പ്രീ ഡിഗ്രിക്ക് ചേർന്നു, കൂടെ പി സി തോമസ് സാറിന്റെ എൻട്രൻസ് കോച്ചിങ്ങും. എന്റെ ജീവിതത്തിലെ ഇതുവരെ ഉണ്ടായതിൽ ഏറ്റവും കൂടുതൽ ദുഖവും ദുരിതവും നിറഞ്ഞ രണ്ടു വർഷങ്ങൾ. ഇന്നും ആ ഇരുണ്ട ഇടനാഴികളും കൂറ്റൻ മതിൽക്കെട്ടുകളും എന്നെ വീർപ്പുമുട്ടിക്കാറുണ്ട്. എങ്ങനെയെങ്കിലും ആദ്യത്തെ ചാൻസിൽ തന്നെ എംബിബിഎസിന് കിട്ടണേ എന്നായിരുന്നു പ്രാർത്ഥന.
ഇല്ലെങ്കിൽ വീണ്ടും ...

അങ്ങനെ ആഗ്രഹിച്ച പോലെ എം ബി ബി എസിന് കോഴിക്കോട് മെഡിക്കൽ കോളേജിൽ തന്നെ അഡ്മിഷൻ കിട്ടി. എന്റെ ജീവിതത്തിലെ ഏറ്റവും മനോഹരമായ കാലഘട്ടം. ജീവിതം ആസ്വദിച്ച ആറു വർഷങ്ങൾ. കോഴിക്കോടിനെ എന്നും ഹൃദയത്തോട് ചേർത്ത് വെക്കാൻ ഞാൻ ആഗ്രഹിച്ചു. അങ്ങനെ കോഴിക്കോട് ഞങ്ങൾ സ്വന്തമായി വീടും വെച്ചു.

ഒന്നാം വർഷം കഴിഞ്ഞു. ക്ലിനിക്കൽ പോസ്റ്റിങ്ങ് തുടങ്ങി. ഓരോ പോസ്റ്റിങ്ങ് കഴിയുമ്പോഴും ആ ഡിപ്പാർട്മെന്റിനെ കുറിച്ച് കുറച്ചൊക്കെ മനസിലായി. ഗൈനക്കോളജി പോസ്റ്റിങ്ങ് തുടങ്ങി. സ്ത്രീകൾ വാഴുന്ന ഡിപ്പാർട്മെൻറ്, അതായിരുന്നു ആദ്യത്തെ ആകർഷണം. രോഗികളും ഡോക്ടർമാരും ഒക്കെ സ്ത്രീകൾ.

ശ്രീദേവി മാഡം ആയിരുന്നു എച്ച് ഒ ഡി. എനിക്ക് മാഡത്തിന്റെ യൂണിറ്റിൽ ആയിരുന്നു പോസ്റ്റിങ്ങ്. പൊതുവേ സ്ട്രിക്റ്റ് ആണെങ്കിലും ഞങ്ങളോട് വളരെ സ്നേഹത്തോടെയും വാത്സല്യത്തോടെയും ആണ് പെരുമാറിയിരുന്നത്.

പോസ്റ്റിംഗുകൾ മാറിമാറി വന്നു. ഗൈനക്കിലും വീണ്ടും വന്നു. ലേബർ റൂം പോസ്റ്റിങ്ങ് കഴിഞ്ഞു. ഓരോ പോസ്റ്റിങ്ങ് കഴിയുമ്പോഴും എനിക്ക് ഗൈനക്കിനോടുള്ള ഇഷ്ടം കൂടിക്കൂടി വന്നു.

ഗൈനക്കിലെ മാഡംസ് എല്ലാവരും എന്റെ ആരാധനാ പാത്രങ്ങളായി. സാരി എന്റെ പ്രിയപ്പെട്ട വസ്ത്രമാണ്. ഗൈനക്ക് ഡിപ്പാർട്ട്മെന്റിൽ ഡെയിലി വെറൈറ്റി സാരികളുടെ ഫാഷൻ ഷോ തന്നെ നമുക്ക് കാണാം. അതും എന്നെ ആകർഷിച്ചിരുന്നു എന്ന് പറയാതെ വയ്യ.

വീട്ടിൽ പോയി അമ്മയോട് വിശേഷങ്ങൾ പങ്കു വെക്കുമ്പോൾ അമ്മ പറയും.

"എന്നാ നീയും ഒരു ഗൈനക്കോളജിസ്റ്റ് ആയിക്കോ."

മാത്രമല്ല എന്റെ ചില റൂം മേറ്റ്സും സുഹൃത്തുക്കളും എന്നോട് പറയും. നിനക്കൊരു ഗൈനക്കോളജിസ്റ്റിന്റെ ഛായ ഉണ്ടെന്ന്. ഒരുപക്ഷേ എന്റെ serious & arrogant ഭാവത്തെ ആയിരിക്കാം അവർ ഉദ്ദേശിച്ചത്. എന്നാലും എനിക്കതൊരു കോംപ്ലിമെന്റ് ആയാണ് തോന്നിയിരുന്നത്.

ഞാൻ ഏറ്റവും അധികം ആസ്വദിച്ച ഒരു പോസ്റ്റിങ്ങ് ആയിരുന്നു ലേബർ റൂം. എത്ര തിരക്കുണ്ടെങ്കിലും അവിടെ എല്ലാ കാര്യങ്ങളും വളരെ ചിട്ടയോടെ മാത്രമേ നടന്നിരുന്നുള്ളൂ. എല്ലാവർക്കും അവരുടേതായ ജോലികൾ. അന്ന് രോഗികളെ കുറിച്ചുള്ള ടെൻഷൻ ഉണ്ടായിരുന്നില്ലല്ലോ. എത്ര ജോലി ചെയ്യാനും ഞാൻ റെഡി ആയിരുന്നു. അതുകൊണ്ടു തന്നെ സീനിയർ പീജിസിനൊക്കെ എന്നെ വളരെ താല്പര്യമായിരുന്നു. പൊതുവെ introvert ആയ ഞാൻ അവിടെ വളരെ സ്മാർട്ട് ആയിരുന്നു. അവിടെ കയറിയാൽ പിന്നെ എനിക്ക് മടുപ്പുണ്ടായിരുന്നില്ല. സമയവും വിശപ്പും ഒന്നും എന്നെ അലട്ടിയിരുന്നില്ല. അവിടെ നിന്നും ഇറങ്ങുമ്പോൾ ഞാൻ മനസിൽ ഉറപ്പിച്ചിരുന്നു.

"ഇതാണ് എന്റെ വഴി."

എല്ലാം ഈശ്വരനിശ്ചയം ആയിരിക്കാം. എന്റെ ജാതകത്തിൽ പറഞ്ഞിട്ടുണ്ടത്രെ ഞാൻ ഗർഭാശയ രോഗത്തിന്റെ ഡോക്ടർ ആവും എന്ന്. (അവിശ്വസനീയമാണ്, എല്ലാം പിന്നീടാണ് ഞാൻ അറിഞ്ഞത്.)

ഇന്റേൺഷിപ്പ് തുടങ്ങി ഒരു മാസം കഴിഞ്ഞപ്പോൾ കല്യാണം കഴിഞ്ഞു. തൃശ്ശൂരാണ് ഭർത്താവിന്റെ വീട്. പാത്തോളജിസ്റ്റ് ആണ്. അദ്ദേഹം അന്ന് കൊച്ചിയിലെ അമൃത ആശുപത്രിയിൽ ആയിരുന്നു ജോലി ചെയ്തിരുന്നത്.

ഇന്റേൺഷിപ്പ് കഴിഞ്ഞു, എന്റെ ആദ്യ പ്രസവവും. ആ വർഷം പി ജി എൻട്രൻസ് ഒന്നും എഴുതിയില്ല. നിർബന്ധിത ഗ്രാമീണ സേവനത്തിനായി വീണ്ടും കൽപ്പറ്റയിലേക്ക്. അങ്ങനെ ആറുമാസം അങ്ങു കടന്നു പോയി. എൻട്രൻസ് കോച്ചിങ്ങിനൊന്നും പോയില്ല. എന്നാലും പരീക്ഷ എഴുതി. ഒന്നും കിട്ടിയില്ല എന്ന് പ്രത്യേകം പറയേണ്ടല്ലോ.

അടുത്ത വർഷം തൃശ്ശൂരിൽ എൻട്രൻസ് കോച്ചിങ്ങിനു ചേർന്നു. ആദ്യത്തെ അലോട്ട്മെന്റിൽ എന്റെ മുൻപിൽ രണ്ടു ഓപ്ഷൻസ് ആണുണ്ടായിരുന്നത് . DCH അല്ലെങ്കിൽ DGO . ഭർത്താവ് DCH എടുത്തോളാനാണ് പറഞ്ഞത്. കൂടാതെ ഒരു ഗൈനക്കോളജിസ്റ്റ് ആയാലുള്ള ബുദ്ധിമുട്ടുകളെ കുറിച്ച് സ്നേഹത്തോടെ, ക്ഷമയോടെ എന്നെ പറഞ്ഞു മനസിലാക്കാൻ ശ്രമിച്ചു. പക്ഷേ, ഞാൻ പറഞ്ഞു.

"ലേബർ റൂം അടുത്തുള്ളപ്പോൾ NICU വിൽ ഇരിക്കുന്നതൊന്നും എനിക്ക് ചിന്തിക്കാൻ കൂടി കഴിയില്ല. ഞാൻ DGO എടുത്തോളാം."

ഞാൻ ആലപ്പുഴ മെഡിക്കൽ കോളേജിൽ DGO ഓപ്റ്റ് ചെയ്തു. MS കിട്ടാത്തതിന്റെയും ആലപ്പുഴയിൽ മാറി താമസിക്കേണ്ടതിന്റെയും വിഷമം മനസ്സിൽ വളർന്നു വലുതായി കൊണ്ടിരുന്നു. അപ്പോഴാണ് സെക്കന്റ് അലോട്ട്മെന്റ് വരുന്നത്. തൃശ്ശൂരിൽ ഒരു MS ഗൈനക്ക് സീറ്റ് ഒഴിവുണ്ട്. എന്റെ തൊട്ടു മുൻപിൽ വരെ പെൺകുട്ടികൾ ഉണ്ട് . ടെൻഷൻ അടിച്ചും പ്രാർത്ഥിച്ചും മുള്ളിൽ ഇരിക്കുന്ന പോലെ കാത്തിരുന്നു. അവസാനം എന്റെ നമ്പർ വന്നു. തൃശ്ശൂരിലെ ആ MS ഗൈനക്ക് സീറ്റ് എനിക്ക് തന്നെ. ലോട്ടറി അടിച്ച പോലെ ഞാൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി. എനിക്ക് വീട്ടിൽ നിന്നും പോയി വരാം, മോന്റെ കൂടെ നിൽക്കാം. എംബിബിഎസിന് കിട്ടിയപ്പോൾ പോലും എനിക്ക് ഇത്രയും സന്തോഷം തോന്നിയിട്ടുണ്ടാവില്ല.

'I was on cloud 9'

ഒരു പക്ഷേ, പിജി എൻട്രൻസിൽ ഒന്നാം റാങ്ക് കിട്ടിയിരുന്നെങ്കിൽ പോലും ഞാൻ ഇത് തന്നെയാണ് തിരഞ്ഞെടുക്കുമായിരുന്നത്. സന്തോഷത്തിനു മറ്റു കൂട്ടാൻ തൃശ്ശൂരിലെ രണ്ടാമത്തെ MS സീറ്റ് ആൾ ഇന്ത്യ എൻട്രൻസ് വഴി നമ്മുടെ ഗായത്രി ആണ് എടുത്തത്.

തൊട്ടു മുൻപത്തെ വർഷം വരെ MD ഗൈനക്ക് ആയിരുന്നു. ഞങ്ങൾക്കത് MS ഗൈനക്ക് ആയി. അവിടെ ചേർന്ന് കഴിഞ്ഞപ്പോൾ ആണ് ഗൈനക്ക് എന്നാൽ വെറും ലേബർ റൂം അല്ല എന്നെനിക്കു മനസിലായത്. സർജൻ ആവണമെന്ന് സ്വപ്നത്തിൽ പോലും ആഗ്രഹിക്കാത്ത ഞാൻ എടുത്തിരിക്കുന്നത് ഒരു സർജിക്കൽ സ്പെഷ്യാലിറ്റി ആണത്രേ. ഒരുപാടു ബുദ്ധിമുട്ടുകളും കടമ്പകളും എന്നെ കാത്തിരിക്കുന്നുണ്ട് എന്നെനിക്കു മനസ്സിലായി. മൂന്നു വർഷം പറഞ്ഞറിയിക്കാൻ വയ്യാത്ത മാനസിക പീഡനങ്ങളും പിരിമുറുക്കങ്ങളും അനുഭവിച്ചു. ആ മൂന്നു വർഷം കഴിഞ്ഞപ്പോഴേക്കും എനിക്ക് MS ഗൈനക്ക് ഡിഗ്രി മാത്രമല്ല കിട്ടിയത്; ജീവിതത്തിൽ എന്തും നേരിടാനുള്ള ധൈര്യവും ചങ്കൂറ്റവും കൂടി ആയിരുന്നു.

എങ്കിലും ഒരു നിമിഷം പോലും വേറെ ഏതെങ്കിലും പിജി എടുക്കാമായിരുന്നു എന്ന് തോന്നിയിട്ടില്ല.

ഗൈനക്ക് ഒരു END സ്പെഷ്യാലിട്ടി ആണെങ്കിലും ഇനിയും ഒരുപാടു സാധ്യതകൾ മുന്നിൽ ഉണ്ട്. ഇൻഫെർട്ടിലിറ്റി ഫെല്ലോഷിപ്, ലാപ്പറോസ്കോപ്പി ട്രെയിനിങ്, MCH ഗൈനക്ക് ഓൺകോളജി അങ്ങനെ പലതും. പക്ഷേ, ഇതിൽ ഏതെങ്കിലും വഴി തിരഞ്ഞെടുത്താൽ ലേബർ റൂം എന്നേക്കുമായി നഷ്ടമാവുമോ എന്ന് ഞാൻ ആശങ്കപ്പെടാറുണ്ട്.

പണമോ പ്രശസ്തിയോ അല്ല, ലേബർ റൂമിനോടുള്ള പ്രണയം ഒന്ന് കൊണ്ട് മാത്രമാണ് ഞാൻ ഒരു ഗൈനക്കോളജിസ്റ്റ് ആയത്. അത് നഷ്ടപ്പെടുത്താൻ ഞാൻ ഒരിക്കലും ആഗ്രഹിക്കുന്നില്ല.

ഇനിയും ഒരാഗ്രഹം കൂടി ബാക്കിയുണ്ട്. എന്നെങ്കിലും കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് തിരിച്ച വരണം. "അമ്മയും കുട്ടിയും" പ്രതിമയെ നോക്കി MCH ലേക്ക് കയറണം. അവിടെ ആ ലേബർ റൂമിൽ , ഞാൻ ആദ്യമായി കണ്ട, അറിഞ്ഞ, എന്നെ സ്വപ്നങ്ങൾ കാണാൻ പ്രേരിപ്പിച്ച അതെ ലേബർ റൂമിൽ ജോലി ചെയ്യണം. അവിടെ കേൾക്കുന്ന ഓരോ കുഞ്ഞിന്റെ കരച്ചിലും അമ്മമാരുടെ സന്തോഷക്കണ്ണീരും ഇന്നുമെന്റെ സ്വപ്നമാണ്.

എല്ലാ ആഗ്രഹങ്ങളും നടക്കണമെന്നില്ലല്ലോ അല്ലേ ???

SHAMNA MAHMOOD ABDULLA

MEMORIES DRAPED IN RAIN

One of my favourite pastimes during the rainy season is to watch and listen to the rain as it pitter patters on my balcony rails. Rain always reminds me of home, invoking a sense of calm and peace. It never ceases to take me to pleasant memories in my life.

My earliest memory with rain is of my Grand Pa. He would be sitting on his easy chair on our veranda and looking at the rain. I would also be sitting there on another chair. After sometime he would start talking about the rain. He would teach me about clouds, thunder and lightning. He used to be a teacher. I remember sitting and listening to his voice and he would do this every time we end up sitting on the veranda watching the rain. It's been more than a decade since his death and I am afraid his voice is not as clear in my memories as before ; but I still remember the words. And now I will use those words to explain the rain to my daughters.

***

I spent the first 12 to 13 years of my life in Abu Dhabi. Every year, at the beginning of monsoon season, we flew down to India. When the flight landed at Mangalore International Airport, even before you got down the plane, you are hit in the solar plexus- by that quintessential fragrance- the smell of earth after the first rain. Whether it was a light drizzle or a heavy shower, I always felt as if this was where I should be. This was home. I will always associate the "petrichor" with welcome, Kerala and home. Like a part of my birth land that I can carry anywhere.

***

I did my MS, General Surgery in Delhi. During my second year, Shankar Ehsaan Loy held a concert in our campus. They are incredible live performers with fantastic original scores. As soon as the performance started, the heavens opened up as if welcoming this arena of song and dance. As usual, only the stage was covered and the crowd was in an open ground. A moonlit night, a dancing crowd, Dil Chahta Hai as background score and ……the glorious rain. This rain was all about music, youth and abandon.

***

Many of us are in our late thirties, some already in their forties… We seem to be running so fast…sometimes we seem to forget to enjoy the world around us. Next rainy season, throw your umbrellas away. Stand under the rain. Immerse yourself. Breathe. Believe. Find that child inside you again....with Rain.

AMBILI K P

അച്ഛനെപ്പോലെ

ചെറുപ്പം തൊട്ടേ ഏറ്റവുമധികം കേട്ട് ശീലിച്ചതും എന്നാൽ ഇഷ്ടത്തോടെ മനസിലുറപ്പിച്ചതുമായ ഒരു കാര്യമായിരുന്നു അത്.

"അച്ഛനെപ്പോലെ ഒരു ഡോക്ടർ ആവണം."

വേറൊരു ജോലിയെപ്പറ്റി ഇന്നേവരെ ഞാൻ ചിന്തിച്ചിട്ടില്ല.

അങ്ങനെ തൃശ്ശൂർ സെന്റ് മേരീസ് കോളേജിൽ പ്രീ ഡിഗ്രിയും പി സി തോമസ് സാറിന്റെവിടെ എൻട്രൻസ് കോച്ചിങ്ങും വിജയകരമായി പൂർത്തീകരിച്ചു. അച്ഛൻ പഠിച്ച കോളേജിൽ തന്നെ എം ബി ബി എസിന് അഡ്മിഷൻ കിട്ടി. പഠിച്ചു. പാസ്സായി ഒരു ഡോക്ടർ ആയി പുറത്തിറങ്ങി.

പക്ഷേ, ഇടയ്ക്കിടെ ഞാൻ ചിന്തിക്കും.

"ഞാൻ അച്ഛനെ പോലെ ആയോ?"

അച്ഛന് രോഗികൾ കഴിഞ്ഞേയുള്ളൂ മറ്റെല്ലാവരും; അമ്മയും ഞങ്ങൾ മക്കൾ പോലും.

ഒരിക്കൽ വീടിന്റെ തൊട്ടു പിന്നിലെ ക്ലിനിക്കിലേക്ക് "Dennis Morton" ന്റെ പച്ച സിൽക്ക് ഷർട്ടുമിട്ട് രോഗികളെ പരിശോധിക്കാൻ ഇറങ്ങിയ അച്ഛനോട് ഞാൻ ചോദിച്ചു.

"കല്യാണങ്ങൾക്കും വി ഐ പി കൾ ഒക്കെ വരുന്ന പരിപാടികൾക്കൊക്കെ പോവുമ്പോ ഓരോ 'ക്ലാ' ഷർട്ടിടും, എന്നിട്ട് ക്ലിനിക്കിലേക്ക് ഇങ്ങനെ ഓവർ ആക്കണോ? "

അന്ന് ചിരിച്ചുകൊണ്ടാണ് അച്ഛൻ മറുപടി പറഞ്ഞത്.

"എന്റെ ജീവിതത്തിലെ ഏറ്റവും വലിയ വി ഐ പി കൾ എന്റെ രോഗികൾ ആണ്. അവരില്ലെങ്കിൽ പിന്നെ ഞാനില്ല."

വീട്ടിൽ കേൾക്കുന്ന ഓരോ കാളിങ് ബെല്ലും തന്നെ അന്വേഷിച്ചു വരുന്ന രോഗികൾ ആവണേ എന്നാണ് അച്ഛൻ ആശിച്ചിരുന്നത്.

ഞാനാണെങ്കിലോ നേരെ തിരിച്ചും.

എന്തേ, ഞാൻ അച്ഛനെപ്പോലെ ആയില്ല ?

കാലം മാറി. ജീവിത സാഹചര്യങ്ങൾ മാറി. ഡോക്ടർമാർക്ക് രോഗികളോടും രോഗികൾക്ക് ഡോക്ടർമാരോടും ഉള്ള കാഴ്ചപ്പാടുകൾ മാറി. അങ്ങനെയൊക്കെ ഞാൻ സമാധാനിച്ചു.

എന്നാൽ ഇതൊന്നുമല്ലാതെ ഞങ്ങൾ തമ്മിൽ ഒരു പ്രധാന വ്യത്യാസം ഉണ്ടായിരുന്നു.

'അതെ, അത് ഞങ്ങൾ രണ്ടുപേരും ഡോക്ടർ ആവാൻ ഉണ്ടായ കാരണങ്ങൾ വ്യത്യാസം ആയിരുന്നു

എന്നതാണ് .'

ഒരു ഫാക്ടറി തൊഴിലാളിയുടെ പത്തു മക്കളിൽ ഒരാളായി ജനിച്ച അച്ഛന് സ്ഥിരവരുമാനമുള്ള ഒരു ജോലി നിലനിൽപ്പിന്റെ തന്നെ പ്രശ്നവും ആവശ്യവുമായിരുന്നു. പക്ഷേ, എനിക്കോ? ഡോക്ടറാവാനുള്ള എന്റെ ആഗ്രഹത്തിന് പിന്നിൽ മറ്റു ചില കാരണങ്ങൾ ആയിരുന്നു.

അന്നൊക്കെ എല്ലാ ഞായറാഴ്ചകളിലും അച്ഛന് കല്യാണക്ഷണമുണ്ടാവും. കൂടെ പോവേണ്ട ഡ്യൂട്ടി എനിക്കായിരുന്നു. എനിക്കാണെങ്കിലോ എല്ലാ കല്യാണങ്ങൾക്കും പ്രത്യേകിച്ച് മുസ്ലിം കല്യാണങ്ങൾക്കു പോവാൻ വളരെ താൽപര്യമായിരുന്നു. കല്യാണ വീടിന്റെ ഗേറ്റ് കടക്കുമ്പോഴേക്കും ബിരിയാണിടെ മണം വന്നു തുടങ്ങും. പന്തലിൽ ആണെങ്കിലോ സൂചി കുത്താൻ പറ്റാത്ത തിരക്കാവും. ഇനി ഇപ്പൊ എപ്പോ കഴിക്കാൻ പറ്റും എന്ന് ചിന്തിച്ചു നിക്കുമ്പോൾ കല്യാണ വീട്ടുകാർ ഓടിവരും. "ദാ ഡോക്ടറും മോളും വന്നു.അകത്തേക്ക് വരൂ" എന്ന് പറഞ്ഞു ഡൈനിങ്ങ് ടേബിളിൽ ബിരിയാണി വിളമ്പുമ്പോൾ ആദ്യമായി ഞാൻ മനസിലാക്കി:- "ഈ ഡോക്ടർ എന്ന് പറയുന്നത് ഒരു സംഭവമാണ്."

ബിരിയാണി കഴിഞ്ഞാൽ അന്നും ഇന്നും ഹരം സിനിമയാണ്. അന്നൊക്കെ സെക്കൻഡ് ഷോക്കെ പോവാൻ പറ്റാറുള്ളൂ. രോഗികളുടെ തിരക്ക് കാരണം ഒറ്റ ദിവസം പോലും സമയത്തിന് തിയേറ്ററിൽ എത്താൻ പറ്റീട്ടില്ല. വണ്ടി പാർക്ക് ചെയ്യുമ്പോ തന്നെ കാണാം, പുറത്തേക്കു നീണ്ടു നിൽക്കുന്ന ടിക്കറ്റെടുക്കാനുള്ള വരി. "ഇനീപ്പോ എപ്പോ ടിക്കറ്റ കിട്ടാനാ" എന്ന് വിഷമിച്ചു നിൽക്കുമ്പോഴാവും മാനേജർ ചേട്ടൻ "ഹലോ ഡോക്ടർ" എന്നും പറഞ്ഞു ഓടി വരുന്നത്.

"സാർ അകത്തേക്കിരുന്നോളൂ, ടിക്കറ്റ് ഞാൻ അങ്ങോട്ടെത്തിക്കാം" എന്ന ഒരു ഡയലോഗും.

അങ്ങനെ അവസാനം വന്ന നമ്മൾ ആദ്യം കയറി ഫാനിന്റെ ചോട്ടിലെ സീറ്റും ഒപ്പിച്ചു ഇരിക്കുമ്പോൾ ഞാൻ വീണ്ടും മനസിലാക്കി, "ഈ ഡോക്ടർ എന്ന് പറയുന്നത് ഒരു മഹാസംഭവമാണ്."

പിന്നീടൊരിക്കൽ കാർ കേടായ ഒരു ദിവസം, തൃശ്ശൂർ വരെ പോവാൻ ബസ് കാത്തുനിൽക്കുന്ന അച്ഛനെ കണ്ട് ഒരാൾ ഓടിപ്പോയി അടുത്തുള്ള ഹോട്ടലിൽ നിന്നും ഒരു കസേര പൊക്കിക്കൊണ്ട് വന്നു. തിരക്കേറിയ ആ ബസ്റ്റോപ്പിൽ ആൾക്കൂട്ടത്തിനു നടുവിൽ ഒരു രാജാവിനെപ്പോലെ ഇരിക്കുന്ന അച്ഛനെ കണ്ടപ്പോഴും ഞാൻ വീണ്ടും വീണ്ടും മനസിലാക്കി, " ഈ ഡോക്ടർ എന്ന് പറയുന്നത് ഒരു മഹാ മഹാസംഭവമാണെന്ന്."

അപ്പൊ പറഞ്ഞു വന്നത് എന്താന്ന് വെച്ചാ, ഇതൊക്കെ ആയിരുന്നു ഞാൻ ഡോക്ടർ ആവാനുള്ള കാരണങ്ങൾ.

അത് തന്നെയാണ് ഞങ്ങൾ തമ്മിലുള്ള വ്യത്യാസോം.

ഇന്ന് ഞാൻ തിരിച്ചറിയുന്നു. "അച്ഛനെപ്പോലെ ഒരു ഡോക്ടർ ആവാനായിരുന്നില്ല, മറിച്ചു അച്ഛനെപ്പോലെ ഒരു മനുഷ്യൻ ആവാൻ ആയിരുന്നു ഞാൻ ശ്രമിക്കേണ്ടിയിരുന്നത്."

MITHUN VASUDEVAN

DEMONETISATION@2019

അരയിൽ ഏലസ്സു കെട്ടിയവർക്കു ലോട്ടറി അടിച്ചു.
ഇന്ദുലേഖ സോപ്പ് തേച്ച കാക്ക കൊക്കായി മാറി.
സുകുമാരക്കുറുപ്പ് സ്വയം കീഴടങ്ങി.

ജലക്ഷാമം പരിഹരിക്കാൻ പെട്രോളിൽ നിന്നും വെള്ളം ഉത്പാദിപ്പിക്കാൻ കേന്ദ്രം തീരുമാനിച്ചു.
കോരന് ഇന്ന് കുമ്പിളിന് പകരം പ്ലേറ്റ് ഉണ്ട്, പക്ഷെ കഞ്ഞിയില്ല...
സൂര്യൻ രാവിലെ നേരത്തെ തന്നെ കിഴക്കുദിക്കാൻ തുടങ്ങി.
Demonetisation - Near future എന്ന ഹിറ്റ് ഭക്തിഗാനം ഹിറ്റ് ചാർട്ടിൽ ഒന്നാം സ്ഥാനത്തു തുടരുന്നു.
സ്വിസ്സ് ബാങ്ക് പോളണ്ടിലേക്ക് മാറ്റി, അതിനാൽ ആരും ഒരക്ഷരം മിണ്ടിപ്പോകരുത്...
മാവേലി നാട് വാണീടും കാലം..... ആ പിന്നെയ്, ഓണം നവംബർ എട്ടിലേക്കു മാറ്റി...
2 ഡോളറുണ്ടോ സഖാവെ ഒരു രൂപയെടുക്കാൻ.
ദളിതനോ? അതാരണപ്പാ?
തള്ളിത്തള്ളി പാർലിമെന്റ് മന്ദിരം താർ മരുഭൂമിയിലെത്തി.
Unicef ഇന്നുച്ചക്ക് ഗോമൂത്രം ഏറ്റവും നല്ല പാനീയമായും, ചാണകം ഏറ്റവും പോഷകമൂല്യമുള്ള ഭക്ഷണമായും പ്രഖ്യാപിച്ചു....

വോട്ട് തരില്ലേ ഞങ്ങൾക്ക്...?

SOUDA P

നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം

ശാരീരികവും മാനസികവുമായ ആരോഗ്യത്തിനും ബുദ്ധിവികാസത്തിനും ശുദ്ധമായ ഭക്ഷണം, വെള്ളം, വായു എന്നിവ അനിവാര്യമാണ്. സുരക്ഷിതമായ ഭക്ഷണത്തിലൂടെ നമ്മുടെ ആരോഗ്യം നിലനിർത്തുന്നതോടൊപ്പം ആരോഗ്യമുള്ള മക്കളെയും നമുക്ക് വാർത്തെടുക്കാം.

നമ്മുടെ വീട്ടാവശ്യത്തിനുള്ള പച്ചക്കറികളും, പഴവർഗങ്ങളും നമ്മുടെ അടുക്കളത്തോട്ടത്തിൽ നിന്ന് തന്നെ ഉൽപാദിപ്പിക്കാം. അതോടൊപ്പം അടുക്കള മാലിന്യങ്ങളെ ഒന്നാം തരം ജൈവവളമാക്കി കൃഷിക്ക് ഉപയോഗിക്കുകയും ചെയ്യാം. സ്ഥലപരിമിതിയുള്ളവർ മട്ടുപ്പാവ് കൃഷി അഥവാ Roof Top Farming ലൂടെ, ഒരു വീട്ടിലേക്ക് അത്യാവശ്യമുള്ള പച്ചക്കറികളും ചാമ്പ, പേരക്ക പോലെയുള്ള പഴവർഗങ്ങളും വിളയിച്ചെടുക്കാം. ദിവസവും പത്തോ ഇരുപതോ മിനിറ്റുകൾ ചിലവഴിച്ചാൽ വിഷമില്ലാത്തതും ഗുണമേന്മയുള്ളതുമായ ഭക്ഷണം നമുക്ക് ലഭിക്കും എന്ന് മാത്രമല്ല, കൃഷി നമുക്ക് വ്യായാമവും മാനസികോല്ലാസവും പ്രധാനം ചെയ്യുകയും ചെയ്യുന്നു. പാചകം ചെയ്യുമ്പോൾ മാത്രം പറിച്ചെടുക്കുന്നതിനാൽ ഏറ്റവും Fresh ആയ പച്ചക്കറിയും നമുക്ക് ലഭിക്കും.

പലപ്പോഴും തണ്ണിമത്തനും ഓറഞ്ചും മുന്തിരിയുമൊക്കെ കഴിച്ച് അലർജിയുമായി രോഗികൾ നമ്മുടെ മുമ്പിൽ വരാറില്ലേ? എന്നിട്ടും അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷാംശം നിറഞ്ഞ അതേ പഴങ്ങളും പച്ചക്കറിയുമല്ലേ, ജോലി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങും വഴി നമ്മളും മക്കൾക്കു വേണ്ടി വാങ്ങാറുള്ളത് ?

തിരക്കുപിടിച്ച ജീവിതത്തിനിടയിലും ഒന്നു മനസ്സു വച്ചാൽ, നമുക്കും നമ്മുടെ കുടുംബത്തിനും വേണ്ടി ഓരോരുത്തർക്കും ഒരു കൊച്ചു കർഷകനായി മാറാം.

KIRON SUKULAL
H/o. Beula G

FIGHT FOR SURVIVAL – THE DOCTOR, THE PATIENT AND HIS WIFE

I cleared my throat and adjusted my tone. “Madam, your husband requires a very complicated surgery at present to save his life. His general condition can worsen any time. So the surgery has to be done as early as possible. The cost of the surgery is around two to two and a half lakhs. The chances that he will survive the surgery is less than 50%, say around 20-30%. So….”, I paused for a moment, took a deep breath, “We would like to know whether you would like to proceed with the surgery, and also if you can arrange the finances as early as possible”.

I stared at the lady, waiting for an answer. Through the thick glasses I watched her eyes. There were no tears, no overflow of emotions. I could see that she was composed and weighing the odds. I waited for the expected answer “No doctor, we are not willing to take such an expensive risk”. But silence prevailed. The relatives around started mumbling and whispering. “Can medicines save him doctor?” “Is the surgery so risky?” “Shall we take him to Trivandrum, doctor?” ,“Why is this surgery so costly?”...But the tall lady kept concentrating on what I said and finally she replied “Doctor, please give me 10 minutes to decide”.
Sunday is usually for taking rest. That’s my general principle, although fate usually decides against it. This sunny Sunday schedule was already planned- a delicious afternoon meal at home, an evening outing and a dinner at Anantya resort. ICU and Ward rounds went on as usual. The intern called me to say that two patients were waiting in OPD. So now I can leave in around 10 minutes. My mobile rang and the casualty PG was on line, “Sir, there is a patient referred from J K hospital, Nagercoil. The patient is sick. Can you come and see the patient?”. I felt irritated but replied, “If he is sick, shift to the ICU immediately, and I will see him there”.

I evaluated the OPD patients quickly and then rushed to the ICU. A lean humble gentleman, 44 years old, he was breathless and in discomfort. He had suffered a myocardial infarction (heart attack- in simple terms) 2 days back. But he had developed a very rare complication called the ventricular septal rupture (VSR) due to the heart attack. Now his BP was low, heart rate was high and kidney function was worsening. He was breathless as his lungs were getting flooded with extra fluid. VSR is a condition where a hole develops between two cardiac chambers which are separated by a septum. This causes excessive blood to be lost from the main cardiac chamber which pumps blood from the heart to the body. This blood which leaks out reaches the lungs causing excessive fluid accumulation there.

After talking to the wife, I called our cardiac surgeon. I briefed him on the case. “The size of the defect was 9 mm at the referral hospital. Now it’s 14 mm and will definitely increase in size. If it worsens, we can expect a cardiac arrest any time”. Dr Prajeesh seemed very supportive. “I will see the patient and also talk to the relatives. The decision is very difficult for them. We will not force them as they should not end up in a financial turmoil and lose the patient as well.”

The ICU door opened and the tall lady stood there. There was no change of expression in her face, worried but still composed. “Doctor, we would like to have the surgery.” I looked at her. They were not rich, looked like they were from the middle socio-economic class. I hoped they could afford the procedure. I started my lecture again regarding the risk of surgery, high chances of failure, that it can worsen even one week after surgery and so on. It was another chance for her to back out or rethink her decision. But she stood bold and nodded. “I understand doctor, you can go ahead with the surgery now itself. I will arrange the donors for blood transfusion as early as possible. Only issue is regarding the payment. Being a Sunday, I cannot arrange the entire finances today. I will pay Rs 50,000/- in advance. Rest I will pay within two days.” This was a major issue. I talked to the cardiac surgeon and cardiac anaesthetist. We all felt that she was a genuine lady. She was unlikely to make a payment default whatever be the outcome of the surgery.

Things started rolling soon. He was immediately taken to cath lab for an angiogram, an Intra-aortic balloon pump was inserted for improving haemodynamics and BP. The repeat ECHO showed that the size of defect had increased to 19 mm. The patient was shifted to cardiac surgery theatre for surgery which lasted nearly six hours. Throughout the surgery, there were multiple issues. The main complication was the persistent bleeding from the wall of the heart, as the patient had an MI only two days back. The cardiac surgeons put in a whole hearted effort and finally came out successful. He was shifted to cardiac surgery ICU but his BP still remained low, kidney function had not improved much and there was still bleeding from the heart which was collecting in the drain. The whole Sunday turned out to be exhaustive, and maybe futile.

Surprisingly he got better the next day. His BP improved and his worrying complications started settling one by one. A smiling surgeon briefed the relatives and there were smiles all around. Two days later, a new murmur (heart sound) greeted us all in the morning. Alarm bells rang and everyone assembled for another ECHO. This ECHO showed that the patch used to close the defect had given off at 2 or 3 points. This occurs because the tissues of the heart will be soft and necrotic in a recent MI patient and will not be strong enough to hold the sutures. A 6 mm residual defect had appeared. The patient remained stable and improving. So we decided to watch for any worsening. He was shifted to the ward after 3 days and the entire family was thrilled that he made through a very complicated surgery with a very low success rate.

On the day of discharge, I called the patient and family to the ECHO room. The residual defect was 10 mm now. I turned to the relatives, cleared my throat and adjusted my tone "The surgery was a success and we were able to save his life on that day. But now he has developed a defect again which is due to certain medical reasons." The smiles disappeared. I expected an outburst or melodrama of emotions. But the bold lady stood still. "So, what should we do now doctor? Should we postpone his discharge? Does he require any repeat surgery?"

I thought for some time. What will be the appropriate way to explain the situation? "We will wait and watch, madam. I agree he has a residual defect. But the residue may not be severe enough to cause major issues for him. His heart and lungs are at present tolerating this residual problem. I personally feel that this will not worsen any further". "Are you sure doctor?". The question came surprisingly from the patient. I looked at him. He was weak after the surgery and this revelation had made him weaker. "I am almost sure", I replied tactically. As he left the ECHO room, his face indicated that he was happy with my answer.

Two weeks later, on the final day of a pre-planned tour, it was party time at its best. My mobile phone rang and Dr Prasanthan, our cardiac anaesthetist, was on the line. He made some courtesy enquiries and I detailed him on the ongoing tour. Before disconnecting, he commented that the VSR patient was re-admitted. I didn't dare to ask him how he was, but commented that I will see him as soon as I reach the hospital. When I walked into the ICU, I saw the same frail, lean humble gentleman, breathless and in a bad shape. His BP was low, heart rate was high, kidney function was bad and the shadow of death was once again looming over him. I looked at him in despair. "Have all our efforts been wasted?" I thought to myself.

The cardiac surgeon felt he could not be operated again as he is unlikely to survive a redo-surgery. The option of an interventional procedure was discussed. It was nearly 1 month after his first surgery and the chance of survival was better for an interventional procedure (procedure done by inserting an occlusive device through a major blood vessel like femoral vein or internal jugular vein). Since this was a rare event with very few procedures described in publications, it needed some detailed planning and workup. I went through the case reports available in literature, discussed with some senior cardiologists who had done this procedure previously and did a detailed study on the various occlusive device options available. I selected two types of devices which seemed suitable for this patient. The other required hardware was ordered and delivered soon.

Two days later, we were ready for the procedure. I called the wife to the ECHO room and showed her the images of the present defect which I had recorded earlier. I explained to her the procedure that we are planning to do. "Madam, similar to what we have discussed one month back, this procedure carries high risk, lower chance of success and high chance of failure even in the first two weeks that follow. The post procedure period can be highly complicated". The eyes behind the thick glasses were still courageous. "Doctor, as we have experienced 1 month back, I am sure that you will succeed in this venture as well and save his life." The sentence carried two messages. One, that they felt that the surgery had saved the patient's life on that day even though he was back to original stage today. Second, they accepted that all our decisions are taken in the goodwill of the patient and not for an experimental purpose.

The procedure was planned under general anesthesia and sheath for access was inserted in right femoral artery, right femoral vein and right internal jugular vein. The multiple complex steps in the procedure were carried out meticulously and finally we were able to successfully deploy the occlusive device across the defect and close most of the defect. The patient was shifted back to ICU after procedure. Contrary to our

expectations, the patient continued to worsen the next day. Nothing seemed working for him even after closure of the defect. He went on to have several complications including severe infection, worsening of breathing difficulty, reduced platelet counts, vomiting blood, reduced albumin in his body and worsening renal function. His primary problem was tackled, but he failed to improve. Hope was lost and he was waiting to succumb to his fate.

But on the ninth day after procedure, he started to improve. The frail man could sit up, got weaned off from the ventilator mask support and started taking food properly. His medical issues resolved one by one. He became ambulant and we were confident enough to send him back to the ward. In the ward he remained stable and responded well to medicines. I called him for another ECHO, prior to discharge. The ECHO pictures seemed very satisfactory showing minimal residual flow. I informed him and his wife that he was doing fine and fit for discharge. As he got up from the cot, he collected something from his wife and placed it on my palms. It was a large chocolate bar." Is this my doctor's fee?" I joked. He replied "No doctor, it's my birthday today. I am 45 years today."

As they left the ECHO room, I wondered who was responsible for this patient being alive today and being able to celebrate his 45th birthday. Was it the bold cardiac surgeon who agreed to operate him on the day of admission despite being almost sure that he is likely to burn his hands? Was it me who had done a successful interventional procedure when he came back in a really bad shape and carried him through the turbulent post procedure period? But I realized that he was alive because of himself, and I will describe him as the 'SURVIVOR'. It was his determination to fight with his frail and weak body and survive against all odds that kept him alive. He was alive because of his wife, whom I will call the 'MENTOR'. Her courage and composed nature and the grit to take the bold decisions on her own saved this man. The 'survivor' and the 'mentor' looked back and gave me a grateful smile.

HARSHITA HARIDAS

D/o. Sudha M

NEVER TOO LATE

At the break of dawn,
When you open your eyes,
Know that nothing's gone
You can still learn how to fly.

Your "broken" wings aren't broken,
They're just bent a bit.
Though you haven't yet spoken,
You'll find a time that fits.

A time for all the goodness,
Speak up for what you want.
Life's a beautiful mess,
Don't let your fears haunt,

Anymore.



S RAMADOSS

F/o. Padma

A FATHER'S PERSPECTIVE

I was awe struck when I got a call asking if I would like to write a piece about my daughter for her MBBS batch 20th anniversary magazine. My mind started racing and it was as if she was a toddler once again running to the door joyfully crying "Daddy, Daddy, Daddy" when I came home after a long day at work . She would jump into my hands and embrace me lovingly as she excitedly started recalling her day. I vividly remember this one time - she was hardly 5 when she told me about how her grand parents asked her what she would like to be when she was a grown up and she had confidently responded " Doctor ". Little did we know how this innocent comment would become a reality one day.

Her innocent words that day had such an impact on me as a father, I was determined to make her every dream come true. I am a septuagenarian and I've never been more happy than these two distinct occasions in my life - the first was when Padma gave a debut performance to an august audience of Governors, High Commissioner and other senior dignitaries at the young age of 11 and the second the time she got admitted to Calicut Medical college . It is here, that Padma found her life's calling and life long partner and I couldn't be more proud. Fast forward a few years and Padma was awarded a Gold Medal in DNB Respiratory Medicine all while being very pregnant with my oldest grandson.

But the road to happiness hasn't always been sunshine and rainbows and the first sign of how difficult it was to graduate into a medico dawned on me during her stint at Kozhikode medical college hostel. Hearing

stories of poisonous snakes hanging from bathroom doors, untimely and unpalatable mess food and long working hours, I felt that the least I could do was to send her home made snacks following the footsteps of my own dear father who used to send me snacks all the way to Ladakh where I was posted during my early career (Yes,I was posted at the spot which witnessed clashes between Indian and Chinese troops recently!) Anyway I sent these lovingly made snacks by bus from Pondicherry to Mahe where a friend would collect and deliver to my daughters hostel .

Padma has always been unconventional, pushing boundaries and thinking outside the box. There was a lot of societal pressure in the '80s and '90s around left handedness and of course Padma turned out to be one. But my wife and I used to laugh away comments anytime it came up saying that left handers are destined to shine in life . Its common place in many sectors including my own for seniors to patronize juniors but I never expected this to be true in a fact based escort like medicine. I recall an incident - I am hypertensive I regularly visit my trusted Cardiologist and religiously follow his advice. But I have been plagued by incessant cough, unresponsive to regular medications. Padma, then in her 2nd or 3rd year of medical schooling, suggested that perhaps the Beta blocker drug that I had been prescribed was the culprit. I earnestly shared our discussion with my trusted 70 year old Cardiologist but was surprised and disappointed when he overtly turned down any suggestions from her. He commented that she was too junior to suggest modifications to my cardiac regime. Funnily enough, down the road he did indeed make the suggested modifications to my medication and I was relieved of my troubling cough. I couldn't help but marvel at Padma's timely and spot-on diagnosis.

Padma is outspoken and has often rebuked me for being the most difficult patient - my penchant for 'Googling' medications frustrates her a lot and as a father the more I read about this troubling pandemic that has changed our lives in no small proportion, I find myself sometimes wondering whether I made the right choices for my dear daughter. But I know Padma - she is passionate and dedicated and always in the forefront. If my experience and age has taught me one thing is to allow love and service to shine through and to wish well, take precautions and pray that Padma and all her colleagues remain protected by The Almighty



ANONYMOUS

ONE MORE CHANCE PLEASE...

ഒരിക്കൽ കൂടി ഒരു നാല്പത്തിനാലാം ബാച്ചുകാരനായി കോഴിക്കോട് മെഡിക്കൽ കോളേജിൽ പഠിക്കാൻ അവസരം ലഭിച്ചാൽ ...

കഴിഞ്ഞ ദിവസം നമ്മുടെ റെപ്പ് അമേരിക്കേന്ന് വിളിച്ചു ചോദിച്ചതാ...

എന്തെങ്കിലും മറുപടി കൊടുത്തില്ലേൽ മോശല്ലേ. കൊറേ ആലോചിച്ചു.

"എന്തിന്നാപ്പ അന്ന് ചെയ്യാത്തു."

രാഷ്ട്രീയം, അലമ്പ് , തല്ല് , പോലീസ് കേസ് , വായിനോട്ടം, റാഗിങ്ങ്, കള്ളുകുടി, സമരം ... എല്ലാത്തിലും കയ്യ് വെച്ചില്ലേ.

ഇനി എനിക്കൊന്നു പ്രണയിക്കണം. മലബാറിന്റെ മൊഞ്ചുള്ള, മയിലാഞ്ചി ചോപ്പുള്ള, അത്തറിന്റെ മണമുള്ള ഒരു നാല്പത്തി നാലാം ബാച്ച് കാരിയെ പ്രേമിക്കണം.

പ്രണയത്തിന്റെ നോവുള്ള നമ്മുടെ ഗാർഡന്റെ തെക്കു കിഴക്കേ മൂലയിൽ വെച്ച് എനിക്കവളോട് എന്റെ പ്രണയം പറയണം. അവളുടെ കയ്യും പിടിച്ചാ ക്ലോക്ക് ടവറിന്റെ പടികൾ ഓടിക്കയറണം. എന്നിട്ടാ സമയ സൂചികൾ രണ്ടു വശത്തു നിന്നും ഞങ്ങളുടെ ഇഷ്ടത്തിന് തിരിച്ചു വെക്കണം.

കാലത്തെഴുന്നേറ്റ പല്ലുപോലും തേക്കാതെ എൽ എച്ചിന്റെ മുൻപിൽ പോയി അവളെ കണി കാണണം. കൺമഷി

എഴുതാത്ത കണ്ണുകളിൽ ഒരു മുത്തം കൊടുക്കണം.

ഉച്ചക്ക് പോസ്റ്റിങ്ങ് കഴിഞ്ഞു, അവളെയും കൂട്ടി ടൗണിലെ "'അമ്മ" മെസ്സിൽ പോയി പൊരിച്ച മീനും ചോറും കഴിക്കണം.

വൈകുന്നേരങ്ങളിൽ പഞ്ചാരക്കുന്നിൽ പോയി മുഖത്തോടു മുഖം നോക്കിയിരുന്ന ഇളം കാറ്റ് കൊള്ളണം. അതുകഴിഞ്ഞു പാത്തോളജി ലാബിന്റെ പുറത്തുള്ള വീതിയുള്ള ജനാലപ്പടിയിൽ പോയിരുന്ന "ഉത്തമഗീതം" വായിക്കണം. അമാവാസി പോലെ കറുത്ത് ഇടതൂർന്ന അവളുടെ മുടിയിഴകളിലൂടെ വിരലോടിക്കണം. ലിപ്സ്റ്റിക്ക് ഇടാതെ ചുവന്ന അവളുടെ ചുണ്ടുകളിലെ തേൻ നുകരണം.

പുറത്തേക്കു ഞാന്നു കിടക്കുന്ന ഞങ്ങളുടെ "കാലുകൾ" മാത്രം കണ്ടു മറ്റുള്ളവർ അസൂയപ്പെടണം. അവർ മെനെഞ്ഞെടുക്കുന്ന കഥകളിലെ രാജാവും റാണിയുമാവണം.

അവസാന വർഷം combine study നടത്തണം. HSQ വിൽ ഒരു റൂമിൽ താമസിക്കണം. കോൺവൊക്കേഷന് പ്രണയാതുരമായ ഒരു യുഗ്മ ഗാനം പാടണം.

ഊട്ടിയിലേക്ക് ടൂർ പോണം. ആ തണുപ്പിൽ കൈകോർത്തു നടക്കണം.

അവസാനം

" സോറി ഡാ ... ഉപ്പ പറയുന്നത് കേൾക്കാതിരിക്കാൻ എനിക്ക് വയ്യ. നിനക്ക് എന്നേക്കാൾ നല്ല പെണ്ണിനെ കിട്ടും"

എന്നും പറഞ്ഞു അവൾ നടന്നു നീങ്ങുമ്പോൾ ആരും കാണാതെ കരയണം.

പത്തു പതിനഞ്ചു വർഷങ്ങൾക്കു ശേഷം "ANTHESIS - ONCE AGAIN" എന്നും പറഞ്ഞു ഗെറ്റ് ടുഗെദറിന് പോണം. അന്നവളുടെ കുട്ടികൾക്ക് സുരൻസിന്റെ കടയിൽ നിന്നും വാങ്ങിയ പത്തു രൂപയുടെ "ഫൈവ് സ്റ്റാർ" കൊടുക്കണം. അവർ അതും നുണയുന്നത് നോക്കി നെടുവീർപ്പിടണം.

അവളുടെ ഫാമിലിയും എന്റെ ഫാമിലിയും ചേർത്ത് നിർത്തി ഒരു വലിയ ഫാമിലി ഫോട്ടോ എടുക്കണം.

എന്റെ വീട്ടിലെ സ്വീകരണമുറിയിൽ ആ ഫോട്ടോ "ചില്ലിട്ടു" വെക്കണം.

NOUFIRA P

പ്രണയം

ക്ലാസ് മുറികളുടെ മടുപ്പ് മാറ്റാൻ, ആവർത്തന വിരസമായ ദിനങ്ങൾക്ക് ഒരു അർദ്ധവിരാമമിടാൻ, നഗരത്തിന്റെ ചൂടിൽ നിന്നും രക്ഷനേടാൻ, പാടാൻ, ചിരിക്കാൻ, അട്ടഹസിക്കാൻ, സ്വയം ഒന്ന മറക്കാൻ... ഇങ്ങനെ പല പല ലക്ഷ്യങ്ങളും മുന്നിൽ കണ്ടാണ് അവൾ ആ വർഷവും എൻ എസ് എസ് ക്യാമ്പിലേക്ക് പോയത്. പതിവുപോലെ വയനാടിന്റെ ഹരിതാഭയും പച്ചപ്പും ആവോളമുള്ള, മഞ്ഞു പെയ്യുന്ന ഒരു ഗ്രാമത്തിൽ ആയിരുന്ന ആ വർഷത്തെ ക്യാമ്പും. പ്രണയത്തിന്റെ മണമുള്ള ഡിസംബറിലെ അവസാനത്തെ പത്തു ദിവസങ്ങൾ.

ആദ്യ രണ്ടു ദിനങ്ങൾ ഒച്ചയിലും ബഹളത്തിലും മുങ്ങി പോയി. മൂന്നാം നാൾ തൊട്ട് ഒച്ചയിൽ നിന്നും ബഹളത്തിൽ നിന്നും കുറച്ചു മാറി നിന്നു. സ്വയം മറന്നു പരിസരവും മറന്നു, പ്രണയം അവളെ അടിമുടി കീഴടക്കി. ഉണ്ണുമ്പോൾ, ഉറങ്ങുമ്പോൾ, പാചകം ചെയ്യുമ്പോൾ, ക്യാമ്പിലെ മറ്റു ജോലികളിൽ ഏർപ്പെടുമ്പോൾ... എല്ലായ്പ്പോഴും മനസ്സിൽ പ്രണയത്തിന്റെ ഒരു തരിപ്പ്.

ഒരു പകുതി പ്രജ്ഞയിൽ ആ പ്രണയത്തിന്റെ കളിരിൽ നീന്തി തുടിക്കാനുള്ള അധമ്യമായ ആഗ്രഹം. മറുപകുതി പ്രജ്ഞയിൽ ഇതൊന്നും 'ആരും അറിയരുതേ' എന്ന പ്രാർത്ഥന.

പതിവുപോലെ അഞ്ചാം ദിനത്തിലും തൊട്ടടുത്തുള്ള കാട്ടരുവിയുടെ ഓരത്ത് വെറുതെ ഇരിക്കാൻ പോയി. കൂട്ടുകാരുടെ കൂടെ സൊറ പറഞ്ഞിരിക്കുമ്പോൾ കോളേജിലെ പുതിയ പ്രണയങ്ങൾ ചർച്ചക്ക് വന്നു. "പുട്ട്" പതിവ് പോലെ വാചാലയായി. ഫിർദൗസും ഫാത്തിമയും, അബൂബക്കറും ലക്ഷ്മിയും, അനിയും അനുഷയും, സൂരജും വിദ്യയും, സുകൃത രാജും അഞ്ജലിയും...

പിന്നെ "കോഴിയടി" ഒരു biological necessity ആക്കിയ പൂവൻ കോഴികളും മറ്റുപല പിടക്കോഴികളും.....

അങ്ങനെ ചർച്ച പൊടി പൊടിച്ചു.

ഉള്ളതും ഉണ്ടാകാൻ സാധ്യതയുള്ളതും ഇല്ലാത്തതുമായ എല്ലാ പ്രണയങ്ങളും പുട്ട് കൂട്ടുകാരും പോസ്റ്റ്മോർട്ടം ചെയ്തു.
"ഭാഗ്യം", അവളുടെ പ്രണയത്തെ പറ്റി മാത്രം ആരും ഒന്നും പറഞ്ഞില്ല. അല്ലെങ്കിലും ഏകാദിശാ പ്രണയം ആരറിയാൻ.....

KALA P

ഒരു വട്ടം കൂടിയെൻ...

ജന്മങ്ങൾ എത്ര കിട്ടിയാലും "ഞാൻ" ഞാനായിരിക്കണം എന്റെ ചുറ്റുപാടുകൾ വീണ്ടും വീണ്ടും അനുഭവിക്കണം എന്നാണെന്റെ ആഗ്രഹം. അന്നത്തെ എന്റെ ഓരോ തെറ്റുകളും ശരികളും അല്ലേ എന്നെ ഇന്നത്തെ ഞാൻ ആക്കിയത്.

എംബിബിസ് പഠനകാലത്തെ ഉഴപ്പിനെ കുറിച്ചാലോചിക്കുമ്പോൾ "കുറച്ചു കൂടെ നന്നായി പഠിക്കാമായിരുന്നു" എന്ന് തോന്നാറുണ്ട്. ആണിനെ പോലെ വളർന്ന പെൺകുട്ടി ആയതു കൊണ്ടാവണം എനിക്കോ എന്റെ കാഴ്ചപ്പാടുകൾക്കോ ലിംഗഭേദങ്ങൾ ഇല്ലായിരുന്നു.

കാലചക്രം പുറകോട്ടു തിരിഞ്ഞാൽ ...
ഒരു തീവ്രമായ പ്രണയത്തിലൂടെ കടന്നു പോയിരുന്നു എങ്കിൽ ആ ദിവസങ്ങൾക്ക് എത്രത്തോളം ഭാവമാറ്റം ഉണ്ടാവുമായിരുന്നു.
ബോറടിച്ചും ഉറങ്ങിയും ചെലവഴിച്ചിരുന്ന തിയറി ക്ലാസ്സുകൾ എന്റെ "ചെക്കന്റെ" കൂടെ , കൈകൾ കോർത്ത്, ആരും കാണാതെ ചിരിച്ച്, കഥകൾ പറഞ്ഞു തീർക്കാമായിരുന്നു. ക്ലാസ് തീർന്നതും ഐ സി എച്ചിലേക്ക് ...

ചുറ്റുമുള്ളതൊന്നും കാണാതെ, ആരേയും ഗൗനിക്കാതെ "ഞങ്ങൾ" മാത്രം ഉള്ള വഴികളിലൂടെ ... കൈകൾ കോർത്ത് ...

ഐ സി എച്ചിന്റെ മൂലയിലെ ടേബിളിരുന്നു, കണ്ണോടു കണ്ണ് നോക്കി കാപ്പിയും മസാലദോശയും കഴിക്കണം. ഒരു ചെറിയ വിഷമത്തോടെ പിരിയണം.

ഹോസ്റ്റലിൽ ചെന്ന് മഞ്ജുനോടും കെ വി യോടും ഒക്കെ ചിരിച്ചെന്നു വരുത്തി, combine സ്റ്റഡി എന്ന പേരും പറഞ്ഞു വീണ്ടും കോളേജിലേക്ക്.
ബയോകെമിസ്ട്രി ലെക്ചറർ ഹാളിന്റെ മുൻപിലെ ഇടനാഴികളിൽ, "vacancy" ഉള്ള ജനാലക്കരികിൽ ഇരുന്നു ചർച്ചിക്കണം.

വൈകുന്നേരങ്ങളിൽ പഞ്ചാരക്കുന്നിലേക്കോ, അമ്പലത്തിലേക്കോ, വർക്കീസിലേക്കോ ഉള്ള പ്രണയഭരിതമായ യാത്രകൾ. ക്ലാസ് ടൂറുകൾ, എൻ എസ് എസ് ക്യാമ്പുകൾ, ക്യാമ്പസ്സിലെ പ്രോഗ്രാമുകൾ ...അങ്ങനെ എല്ലായിടത്തും പോണം. പക്ഷേ, ചുറ്റുമുള്ളതൊന്നും കാണാതെ ആ ആൾക്കൂട്ടങ്ങളിൽ എനിക്കും അവനും ഞങ്ങളുടെ പ്രണയവും പരിഭവവും മാത്രമായി ദിവസങ്ങളും വർഷങ്ങളും....

ഞാൻ ആസ്വദിച്ചു നടന്ന അതിരുകൾ ഇല്ലാത്ത, ലിംഗഭേദം ഇല്ലാത്ത "എന്റെ" ക്യാമ്പസ്സിൽ, പ്രണയത്തിൽ പൂത്തുലഞ്ഞു "ഞങ്ങളുടെ" മാത്രമായ ഒരു ലോകം തീർത്തു പുറത്തിറങ്ങണം.

വീണ്ടും കാണാമെന്ന ഉറപ്പിൽ പിരിയുമ്പോൾ അറിയാതെ ഉതിർന്ന വീണ കണ്ണുനീർ തുള്ളികൾ കോർത്ത് ഒരു ക്യാൻവാസിൽ എന്റെ ക്യാമ്പസ് ജീവിതം വരയ്ക്കണം.

വർഷങ്ങൾക്കു ശേഷം ജോലി തിരക്കുകൾക്കിടയിൽ ഇടക്കൊന്നു തിരിഞ്ഞു നോക്കണം. ആ ചിത്രം കാണുമ്പോൾ ഓർമ്മകളിൽ നനവ് പടരണം.

PADMAVATHY R

NOT INVINCIBLE

Meetings, parties and travels worldwide
Didn't know the importance of staying inside.
They caught it and spread it, so blind!
COVID crossed borders, endangered mankind.

Why Man fell, by the airborne imperceptible?
Decimated in numbers incomprehensible.
Medications mere illusions, all treatments faze,
I was your doctor, you came in malaise.

Lack of ICU beds, oxygen We craved,
Cytokine storms that you and I braved.
Contagion left Our spirit and soul leaden,
Are We fighting the Battle of Armageddon?

You cheered for Us, as We lost score
Of body bags carried out of the door.
Learned Men, compelled to fall,
Dreadful conviction forced upon Us all.

Know now the bittersweet un-reality
Today t'was you, tomorrow maybe Me.
Stringed marionettes, momentary masters,
All are unmasked superspreader disasters.

Not Ours to fight or yours to win;
Pariah'd to homes and families within,
'Mamma come home!' My son bawls,
Duty binds Me. I revel in videocalls.

Matyred at battle, front line attrition;
We have no armour, no ammunition.
Wear a mask, shield yourself, have no pride!
COVID at Our doorstep, none can hide.

Ruined Health, exploited Freedom, royally cavalier
Stripped Nature, ignored culture: humans here
Whence comes it, whither it goes- life's unpredictable
No! Man's definitely Not Invincible.

AMITA R

INNOCENCE IN TIMES OF CORONA

Yesterday the children as usual were constantly chanting 'I am bored, what to do'. Since I was busy in the kitchen, I told both my kids to play amongst themselves, the game - teacher-teacher. Once they agreed, my daughter studying in UKG, became teacher and my son in third standard hesitatingly became the student. She dressed up as a teacher with my shawl becoming her saree and my husband's glasses balancing on her nose. With a few textbooks and a scale on her left arm, she entered the classroom. The obedient student (my son) got up and began singing 'Goood morning teeacher'. The teacher smiled and said 'good morning students. Sit down. Attendance please' . Then she began calling out imaginary names and for each name called out, my son stood up and said 'Present teacher'. Next the teacher said 'Take out your books. Today we will learn about animals and their kids.' And she started telling about different animals and their kids. The student repeated after the teacher.

After some time, the student became bored and wanted a role reversal. My daughter handed over the spectacles to the new Sir (as if glasses define the identity of teachers). Sir came in smiling and said next is Maths period. I was watching out how the kids so beautifully imitate the happenings at school.' Today's class is division' , announced Sir. He started with an example.

'Amma brings six Milky bars from the shop and gives us equally, how many will we each get?' This was the question. My daughter didn't like the question and started fighting. To avoid an encounter, my son said 'You will get two Milky bars and I will have two.' Hearing this, my daughter became happy and was running around asking him to give the two milky bars. Now the teacher in me became angry hearing this. Such a simple problem, and he cannot get it right - I thought. I charged in angrily and asked him what foolish answer this is. 'Six equally divided into two is four?? Where did you learn? Who taught you this? No more TV or cartoons. Go and bring your sister maths text and notebooks. Study that first before teaching others' , I yelled.
He looked at me, surprised at my anger and said, 'Remaining two - amma will keep in the fridge, alle? Amma cannot go shopping every day during corona. ' I felt so humbled by this innocent reply and regretted my burst of anger.

Anyone want a translator?

Children are very excited when grandpa and grandma come for a visit. My daughter was particularly excited running around the house, gathering things and remembering important happenings to share with her grandparents. At the first ring of doorbell, my son opened the door and welcomed them. My daughter was bursting with excitement and even before they could sit down, came running with her school notebooks. Grandfather also sharing the spirit asked, "little girl, what all have you studied, tell me." She said, " Apuppa, today we studied opposites, do u know opposites? Come, I will teach you. Give me your spectacles." Grandfather also agreed for the role play. I could hear from kitchen, the teacher teaching the grandfather and her brother complaining to grandmother about her "show off." The teacher didn't lose any moment in reprimanding the naughty boy (her brother) "Abhinav, keep quiet and listen". Meanwhile grandfather slowly relaxed on the sofa with the day's newspaper and tea. "Ok mole, now tell me in Malayalam- An old man is reading the newspaper." My daughter asked, "Enthonnu Apuppa?" and Apuppan repeated his question. Without any hesitation, my daughter translated "Oru pazhaya manushyan puthiya paper, amme papernde malayalam entha; ah saramilla, Oru pazhaya manushyan puthiya paper vayikkunu".
Grandfather was left with his mouth open and rest of us couldn't stop laughing for a long time.

ASWATHY DINESH

THE CRISIS FLEXI-PLAN

A storm is on our way it seems."
"It's bright and sunny now. I wouldn't waste time worrying."

"The clouds are turning grey. The light is falling!"
"Nothing to be perturbed about. We are up with the preparations."

"I thought I heard a thunder. Some flashes in the sky."
"Yes it will rain for sure! But we will be safe."

"It's starting to shower. They are asking for umbrellas."
"No harm can come from a slight drizzle. In fact, it's nice to get a little wet."

"The rain is strong. Windy too. The storm is upon us! Shall we give them umbrellas?"
"Could those umbrellas keep you dry in this weather? No chance! I'd say don't bother."

"The water is rising. Around the knees now. Scary indeed! What should we tell them?"
"Ask them to stop walking. Let them stay still. That should help."

"It's surging further. Calamity!! They are drowning."
"Fine. Let's give them a few umbrellas!"

BREAKING

Coronavirus: No 10 says face coverings have 'weak but positive effect' in slowing COVID-19

By Alan McGuinness, political reporter
Friday 01 May 2020 13:56

VAZNA NALAKATH

കാണാതെ പോകരുത് ഇവരും കോവിഡിന്റെ ഇരകൾ

വലിയൊരു കുറിപ്പടിയുമായാണ് ആ അച്ഛനും മകനും എന്നെ കാണാനെത്തിയത്. ആന്ധ്ര സ്വദേശികളാണ്. അച്ഛൻ 65 വയസ്സ് പിന്നിട്ടിട്ടുണ്ടാകും. ഹൃദ്രോഗിയാണ്. പ്രഷർ, പ്രമേഹം, കൊളസ്ട്രോൾ ഇവയെല്ലാം കൂട്ടിനുണ്ട്. ആവശ്യത്തിനുള്ള മരുന്ന് നാട്ടിൽ നിന്ന് കൊണ്ടുവന്നിരുന്നു. എന്നാൽ ലോക്ക് ഡൗൺ കാരണം വിമാന സർവീസ് നിലച്ചതോടെ നാട്ടിലേക്കുള്ള മടക്കം നീണ്ടു. ഒരു മാസത്തേക്ക് ഇതേ മരുന്നുകൾ എഴുതി വാങ്ങിക്കാൻ ആണ് എന്റെ അടുത്ത് എത്തിയത്. അത് എഴുതി കൊടുക്കുകയും ചെയ്തു. ഫാർമസിയിൽ പോയ ശേഷം അവർ തിരികെയെത്തി.

"ഇത് എല്ലാം നിർബന്ധമുണ്ടോ ഡോക്ടർ ? " നിറ കണ്ണുകളോടെയാണ് മകൻ ചോദിച്ചത്.

മകന്റെ ദയനീയത കണ്ടിട്ടാവാം അച്ഛൻ പുറത്തേക്ക് നടന്നു. ഈ മരുന്നുകളെല്ലാം അത്യാവശ്യമാണ് എന്ന് നന്നായി അറിയാവുന്നവരാണ് ആ പിതാവും മകനും. ഒരു മാസമായി ജോലിയില്ലാതെ അലയുന്ന മകന് ഇതിൽ കൂടുതലൊന്നും ചെയ്യാനാവുമായിരുന്നില്ല.

ചെറിയ ശമ്പളം മാത്രമുള്ള ആ മകന്റെ ജീവിതാഭിലാഷം ആയിരുന്നു അച്ഛനെ ഗൾഫ് കാണിക്കുക എന്നത്. രോഗ വിവരങ്ങളെല്ലാം അറിയാമായിരുന്നിട്ടും പിതാവിനെ കൂടെ കൂട്ടിയതാണ് മകൻ. വിസിറ്റിംഗ് വിസ കാലാവധി കഴിയുന്നതിന് മുൻപുതന്നെ മടക്കി അയക്കാൻ ആയിരുന്നു പദ്ധതി. എന്നാൽ "കോവിഡ്" എല്ലാം തകർത്തു.

ഒരു മാസത്തിൽ അധികമായി മകന് ജോലിയില്ല. ഭക്ഷണം വാങ്ങാൻ പോലും പ്രയാസപ്പെടുന്നു.

"നിങ്ങള് നിൽക്കുന്നിടത്ത് തന്നെ നിന്നോളൂ"

എന്ന് പറയുന്ന നാട്ടിലെ നേതാക്കൾക്ക് എന്തറിയാം എന്ന് ആ പിതാവ് ആത്മഗതം ചെയ്യുന്നത് എനിക്ക് കേൾക്കാമായിരുന്നു. ഇങ്ങനെയുള്ള അനേകം നൊമ്പര കാഴ്ചകളിലൂടെ ആണ് ഒരു ഡോക്ടറുടെ ഓരോ ദിനവും കടന്ന് പോകുന്നത്.

കോവിഡ് ബാധിച്ചവരെയും ക്വാറന്റീനിൽ ഉള്ളവരെയും പരിചരിക്കുന്ന കൂട്ടത്തിൽ ഇവരെ നാം മറന്നു പോകരുത്. ഇവരും കോവിഡ് രോഗത്തിന്റെ ഇരകളാണ്.

മറ്റൊരു യുവാവ്
മൂന്ന് മാസത്തെ വിസിറ്റ് വിസയിൽ ഭാര്യയെ ഗൾഫിൽ കൊണ്ടു വരികയും ഭാര്യ ഗർഭിണി ആവുകയും ചെയ്തു. സന്തോഷം ആശങ്കക്ക് വഴി മാറുന്ന അവസ്ഥ. തിരികെ നാട്ടിലേക്ക് പോകാൻ വിമാനം ഇല്ല. ഒരു ഗർഭിണിക്ക് തുടക്കത്തിൽ വേണ്ടുന്ന ടെസ്റ്റുകൾ, മരുന്ന് എന്നിവക്ക് ചെലവിന് എന്ത് ചെയ്യുമെന്ന് ചിന്തിച്ച് അവർ സങ്കടപ്പെടുന്നു.

ജോലിയുടെ ഭാഗമായി മറ്റൊരു രാജ്യത്തേക്ക് പോയ ഭർത്താവിന് ലോക്ക് ഡൗൺ കാരണം തിരികെ വരാൻ കഴിയാതായപ്പോൾ ഒറ്റപ്പെട്ടുപോയ ഭാര്യയും മൂന്ന് ചെറിയ കുട്ടികളും ഇവിടെയുണ്ട്. അത്യാവശ്യ സാധനങ്ങൾ വാങ്ങാനായി കുട്ടികളെ ഫ്ലാറ്റിൽ പൂട്ടിയിട്ട് പുറത്ത് പോകേണ്ടി വരുന്ന അമ്മ. ഒരു കുട്ടിക്ക് അസുഖം വന്നപ്പോൾ അതുവരെ ഉണ്ടായിരുന്ന ആത്മധൈര്യം ചോർന്ന് പോയ പോലെ.

ഒറ്റപ്പെട്ടുപോയവർ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ പറഞ്ഞറിയിക്കാൻ ആവാത്തതാണ്.

പലപ്പോഴും അൽഭുതം തോന്നിയത് ബാച്ചിലർ റൂമുകളിൽ താമസക്കാർക്ക് ഇടയിൽ
കാണപ്പെടുന്ന പരസ്പര സഹകരണം ആണ്. കൂടെ താമസിക്കുന്നവന് കോവിഡ് ആയിരിക്കുമോ എന്ന് സംശയിക്കുന്നുവെങ്കിലും അവന് വേണ്ടുന്ന എല്ലാ സഹായ സഹകരണങ്ങളും ചെയ്തു കൊടുക്കുന്നത് കൂടെ താമസിക്കുന്നവർ തന്നെയാണ്. പരമാവധി സൂക്ഷ്മത പാലിക്കണം എന്നാണ് അവരോട് പറയാനുള്ളത്.

"സുമനസ്സ്" ഉള്ളവർക്ക് ദൈവത്തിന്റെ കാവൽ ഉണ്ടാകും.

DINU S CHANDRAN



A BATTLE WORTH FIGHTING

(To all Frontline Corona Warriors)

This is a battle
- not fought at the borders of nations
A battle in which everyone is a warrior
(and a possible victim too!)

A battle not invoked by speeches of hate!
A battle lurching out of vulnerability
And not out of morbid supremacy!

A battle being fought for peace of all
where hatred makes no ugly marks!
A battle being fought with our souls and spirit
- a spirit that transcends
across all beliefs

With no bloodshed
No bullets fired
The battle celebrates human kind
Shaking man-made walls of
divisive filth!

When boarders make no distinction
for human suffering and pain,
When the fear of losing loom around
gripping our hearts cold and numb,
When day and night are engrossed
-in a silent stand still of the world and time..

Arise.. Awake
For you be the warrior
The warrior
- with no deadly arms
But hands
with a healing touch!
For this be the battle fought
once in our lives
When humanity is one
Let this be won!

DIVYA P K

ചില കോവിഡ് അപാരതകൾ

ഞാൻ രാമനാട്ടുകര കുടുംബാരോഗ്യ കേന്ദ്രത്തിൽ മെഡിക്കൽ ഓഫീസർ ആയി ചുമതല ഏറ്റെടുത്തു ഏതാണ്ട് ഒരു വർഷം പൂർത്തിയാവുമ്പോഴാണ് ഈ ലോകത്തെ മുഴുവൻ സ്തംഭിപ്പിച്ചുകൊണ്ട് "കോവിഡ്" എന്ന ഭീകരൻ രംഗപ്രവേശനം ചെയ്യുന്നത്. ലോകത്തിന്റെ പല ഭാഗങ്ങളിൽ ഇരുന്ന് നമ്മുടെ ബാച്ചിലെ കൂട്ടുകാർ ഈ മഹാമാരിയുമായി യുദ്ധം ചെയ്തു കൊണ്ടിരിക്കുന്നു. രോഗം വന്നിട്ടും ഒട്ടും പതറാതെ മുന്നോട്ടു പോയ കൂട്ടുകാരും നമുക്കിടയിൽ ഉണ്ട്.

കേരള ഹെൽത്ത് സർവീസിൽ മെഡിക്കൽ ഓഫീസർ ആയി ജോലി ചെയ്യുന്ന ഒരാളുടെ കോവിഡ് അനുഭവങ്ങൾ പങ്കുവയ്ക്കാൻ ഞാനും ഒന്ന് ശ്രമിച്ചു നോക്കട്ടെ.

കോവിഡ് രോഗികൾക്കുള്ള ചികിത്സ തൽക്കാലത്തേക്ക് PHC, FHC, CHC, താലൂക്ക് ഹോസ്പിറ്റൽ തുടങ്ങിയ സ്ഥാപനങ്ങളിൽ തുടങ്ങിയിട്ടില്ല. കൂടുതൽ രോഗികൾ വരുമ്പോൾ എന്താവുമോ എന്തോ.

പ്രവാസികളുടെ, ഇതര സംസ്ഥാനങ്ങളിൽ നിന്നും മറ്റു ജില്ലകളിൽ നിന്നും വരുന്നവരുടെ ക്വാറന്റൈൻ സൗകര്യങ്ങൾ, ആരോഗ്യകാര്യങ്ങൾ എന്നിവ നോക്കി, ജില്ലാതലത്തിലും കോവിഡ് ആശുപത്രികൾ ആക്കി മാറ്റിയ കോഴിക്കോട് മെഡിക്കൽ കോളേജ്, ഗവ. ബീച്ച് ആശുപത്രി എന്നിവയുമായി സംയോജിപ്പിക്കുക എന്നീ ജോലികളാണ് ഇപ്പോൾ ചെയ്തു കൊണ്ടിരിക്കുന്നത്.

എന്തിനു സമാനമായ അനുഭവങ്ങളോ അതിനേക്കാൾ മോശമോ നല്ലതോ ആയ അനുഭവങ്ങൾ നമ്മുടെ ബാച്ചിലെ മറ്റു മെഡിക്കൽ ഓഫീസർമാർക്കും ഉണ്ടായിട്ടുണ്ടാവും. എന്നാലും ചില രസകരമായ അനുഭവങ്ങൾ പറയട്ടെ.

ചെക്ക്പോസ്റ്റ് വിശേഷങ്ങൾ.

"രാമനാട്ടുകര" കോഴിക്കോട് ജില്ലയിൽ ആണെന്നും എന്നാൽ മലപ്പുറം ജില്ലയുമായി അതിർത്തി പങ്കിടുന്നു എന്നും കേരളത്തിലെ രണ്ടു പ്രധാന ഹൈവേകളും നമ്മുടെ സ്വന്തം തൊണ്ടയാട് ബൈപാസും ഇവിടെ "ത്രിവേണി" സംഗമം നടത്തുന്നു എന്നും ഞാൻ നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കേണ്ടല്ലോ. മേൽപ്പറഞ്ഞ കാര്യങ്ങൾ കൊണ്ട് തന്നെ ചെക്ക്പോസ്റ്റ് ഡ്യൂട്ടി വന്നപ്പോൾ രാമനാട്ടുകരയിലെ രണ്ടു പോയിന്റുകൾ തെരഞ്ഞെടുക്കപ്പെട്ടു.

1. രാമനാട്ടുകര പുതിയ മേൽപ്പാലത്തിന് താഴെ - പാലക്കാട്/ മലപ്പുറം / കോഴിക്കോട് റൂട്ട് .

2. നിസരി ജംഗ്ഷൻ - തൃശ്ശൂർ / വളാഞ്ചേരി / കോട്ടക്കൽ / കോഴിക്കോട് റൂട്ട് .

ലോക്ക്ഡൗൺ പ്രഖ്യാപിക്കുന്നതിന് തൊട്ടു മുൻപത്തെ ഞായറാഴ്ച, 'മാർച്ച് 15'. ഒഴിവു ദിവസത്തിന്റെ ആലസ്യത്തിൽ ഉച്ചക്ക് ഭക്ഷണം കഴിച്ചു ഒന്ന് മയങ്ങിപ്പോയി. ഫോൺ ബെല്ലടിക്കുന്നത് കേട്ടാണ് ഞെട്ടി ഉണർന്നത്. "ടൂ കോളറിൽ" ; ബിജു, ഡെപ്യൂട്ടി കളക്ടർ എന്ന് കണ്ടതും എന്റെ ഉറക്കമൊക്കെ പമ്പ കടന്നു.

"ഡോക്ടർ, എല്ലാം റെഡി അല്ലേ?. സ്റ്റാഫിന് ബ്രീഫിങ് കൊടുത്തില്ലേ."

'എന്ത് റെഡി..., എന്ത് ബ്രീഫിങ് ....' എനിക്കൊന്നും മനസിലായില്ല. ഞാൻ അന്തം വിട്ടു നിന്നു. ഇനി സാറിനെങ്ങാനും ആള് മാറിയതാണോ. ഒരു നിമിഷം ശങ്കിച്ചു നിന്നതിനു ശേഷം ധൈര്യം സംഭരിച്ചു ഞാൻ പറഞ്ഞു.

"സാർ എന്തിനേ പറ്റിയാണ് പറയുന്നത് എന്ന് എനിക്ക് മനസിലായില്ല."

അപ്പോഴാണ് അദ്ദേഹം വെടി പൊട്ടിക്കുന്നത്.
"നമുക്ക് ഇരുപതു ചെക്ക്പോസ്റ്റുകൾ തുടങ്ങണം. ഇന്ന് രാത്രി (ആ ഞായറാഴ്ച്ച) തന്നെ പ്രവർത്തനം തുടങ്ങണം."

"ശരി; നോക്കാം സർ." എന്റെ മറുപടി വളരെ യാന്ത്രികമായിരുന്നു.

അതിനുശേഷം മെയിൽ പരിശോധിച്ചപ്പോഴാണ് 'അരമണിക്കൂർ മുമ്പേ പുറപ്പെട്ട' കളക്ടറുടെ നടപടി ക്രമം എന്ന ഒരു ഓർഡർ കാണുന്നത്.

എന്താണ് ഈ ചെക്ക്പോസ്റ്റിൽ ചെയ്യേണ്ടത് എന്നൊന്നും ഡി എം ഒ ഓഫീസിൽ നിന്നോ കളക്ടറേറ്റിൽ നിന്നോ വ്യക്തമായ ഒരു നിർദ്ദേശവും കിട്ടിയിരുന്നില്ല.

രാത്രി ഏഴുമണി ആയപ്പോഴേക്കും രണ്ടു തെർമൽ സ്കാനർ, കുറച്ചു ഗ്ലൗസ്, കുറച്ചു മാസ്ക്, എന്നിവ ഒരു പേപ്പറിൽ പൊതിഞ്ഞു ആശുപത്രിയിൽ എത്തിച്ചിരുന്നു. ഒരു JHI യെ രാത്രി ഡ്യൂട്ടിക്ക് പോസ്റ്റ് ചെയ്യുകയും ചെയ്തു. തെർമൽ സ്കാനർ എങ്ങനെ ഉപയോഗിക്കണം എന്ന് പറഞ്ഞു കൊടുക്കുമ്പോൾ JHI എന്നോട് ചോദിച്ചു.

"മാഡം, ഞാൻ ആരെയൊക്കെയാണ് ഇതുകൊണ്ട് സ്ക്രീൻ ചെയ്യേണ്ടത് ?"

ഞാൻ അവന്റെ മുഖത്തു നോക്കി നിന്നു. കാരണം ഉത്തരം പറയാൻ എനിക്കും അറിയില്ലായിരുന്നു. മറ്റു ചെക്ക്പോസ്റ്റുകളിലെ പരിചയമുള്ള മെഡിക്കൽ ഓഫീസർമാരെ വിളിച്ചു ചോദിച്ചു. അവർക്കും വലിയ ഐഡിയ ഒന്നും ഇല്ല.

എന്തായാലും രണ്ടും കൽപിച്ചു ഡി എം ഒ യെ വിളിച്ചു ചോദിച്ചു. തൽക്കാലം രാമനാട്ടുകര ബസ് ഇറങ്ങുന്നവരെ ഒക്കെ സ്ക്രീൻ ചെയ്യാൻ പറഞ്ഞു. ബാക്കി മാർഗ്ഗനിർദ്ദേശങ്ങൾ പിന്നീട് തരാം എന്നും പറഞ്ഞു ഫോൺ വെച്ചു.

അങ്ങനെ അഞ്ഞൂറോളം വാഹനങ്ങളും ആയിരത്തിലധികം ആളുകളെയും ഞങ്ങൾ ഒരു ദിവസം സ്ക്രീൻ ചെയ്തു.

അങ്ങനെ ഒരു ദിവസം ചെക്ക് പോസ്റ്റ് ഡ്യൂട്ടിയിൽ ഉള്ള JHI യുടെ ഫോൺ.

"മേഡം, മംഗലാപുരത്തു നിന്നും വന്ന ഒരു ലോറിയിൽ ഉള്ള മൂന്ന പേരെ പരിശോധിച്ചപ്പോൾ മൂന്ന പേർക്കും പനി ഉണ്ട്. എന്ത് ചെയ്യണം."

"എന്തു ചെയ്യണം" ഞാനും ഒന്നാലോചിച്ചു. എന്തായാലും മറുപടി പറയണമല്ലോ.

"നീയൊരു കാര്യം ചെയ്യ് . അവരെ ഒന്ന് തണലത്തേക്കു മാറ്റി നിർത്തി, കുറച്ചു വെള്ളം ഒക്കെ കുടിപ്പിച്ചു ... ഒരഞ്ചു മിനിറ്റ് കഴിഞ്ഞു ഒന്നൂടെ പരിശോധിച്ചു നോക്ക് ."

"ശരി മേഡം "

ഞാനും കുറച്ചു വെള്ളം ഒക്കെ കുടിച്ചു, അവർക്കു ഇപ്പോൾ പനിയൊന്നും ഇല്ല എന്ന് JH വിളിച്ചു പറയുന്നതും പ്രതീക്ഷിച്ചു കാത്തിരുന്നു.

JH വിളിച്ചു; പക്ഷേ പറഞ്ഞത് ഞാൻ പ്രതീക്ഷിച്ചത് ഒന്നും അല്ല.

"അവർക്കു മൂന്നുപേർക്കും ഇപ്പോഴും 101 ഡിഗ്രി പനിയുണ്ട്."

പിന്നെ ഞാൻ ആലോചിച്ചു തലപുണ്ണാക്കാൻ ഒന്നും പോയില്ല. ഉടൻ തന്നെ ജില്ലാ കൺട്രോൾ റൂമിലും മെഡിക്കൽ കോളേജിലെ നോഡൽ ഓഫീസറെയും വിളിച്ചു ആംബുലൻസ് അറേഞ്ച് ചെയ്തു.

പ്രശ്നം തീർന്നല്ലോ എന്ന സമാധാനത്തിൽ ഇരിക്കുമ്പോൾ വീണ്ടും JH വിളിക്കുന്നു.

"അതേയ്, മേഡം ഒരു പ്രശ്നമുണ്ട്. ഞാൻ ഇവിടെയുള്ള പോലീസ് ഓഫീസർക്ക് ഫോൺ കൊടുക്കാം."

അവർ പറഞ്ഞ വാർത്ത വീണ്ടും കുഴപ്പിക്കുന്നതായിരുന്നു. ഈ ലോറിയിൽ വന്നവരുടെ കയ്യിൽ പതിനഞ്ചു ലക്ഷം രൂപ നോട്ടുകളായി ഉണ്ടത്രേ. എന്ത് ചെയ്യണം എന്നാണ് ചോദ്യം. പോലീസുകാർക്ക് ഇതിൽ തലയിടാൻ മടി. നോട്ടു തൊടാനും ലോറി തൊടാനും ഒക്കെയുള്ള "കൊറോണഫോബിയ" ആവാം.

ലോറിക്കാർക്കാണെങ്കിലോ അത്രയും രൂപയൊക്കെ കൊണ്ട് മെഡിക്കൽ കോളേജിൽ പോയാൽ നഷ്ടപ്പെടുമോ എന്ന പേടിയും.

അവസാനം ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തു പതിനഞ്ചു ലക്ഷം രൂപ ഒരു സഞ്ചിയിൽ പൊതിഞ്ഞു അവരുടെ കയ്യിൽ തന്നെ കൊടുത്തു ആംബുലൻസിൽ കയറ്റിവിട്ടു.

പിന്നീടുള്ള സ്രവ പരിശോധനയിൽ അവർ "കോവിഡ് " നെഗറ്റീവ് ആണെന്ന് കണ്ടെത്തി. അവരുടെ പണം സുരക്ഷിതമായി അവരുടെ കയ്യിൽ തന്നെ ഉണ്ടാവും എന്നു കരുതുന്നു.

.....

മറ്റൊരു ദിവസം രാവിലെ ഏകദേശം ആറര സമയം. രാവിലെ എഴുന്നേറ്റ പല്ലു തേക്കുന്നതെ ഉള്ളൂ. ഫാറൂക്ക് പോലീസ് സ്റ്റേഷനിൽ നിന്നും ഒരു ഫോൺ. സി ഐ ആണ്. രാമനാട്ടുകര മേൽപാലത്തിന്റെ അടിയിൽ ബോംബെയിൽ നിന്നും ലോറിയിൽ വന്നിറങ്ങിയ ഒരാൾ ഒളിച്ചിരിക്കുന്നുണ്ടത്രേ. അയാളുടെ അടുത്തേക്ക് പോകാൻ ആശുപത്രിയിലെ ഒരു സ്റ്റാഫിനെ വിട്ടുകൊടുക്കണം പോലും. അവർക്കു ഒറ്റയ്ക്ക് പോവാൻ പേടിയാണത്രെ.

എന്താല്ലേ... കാലം മാറി. പോലീസുകാരുടെ പേടി മാറ്റാൻ ഇപ്പൊ നമ്മൾ കൂടെ പോണ്ട ഒരു അവസ്ഥ.
ഞാൻ JH യെ വിളിച്ചു കാര്യം പറഞ്ഞു.

പോലീസ് ജീപ്പ് വന്ന് JH യെ കൂട്ടിക്കൊണ്ടു പോയി. മാസ്കും ഗ്ലൗസും ഒക്കെ ഇട്ട് പോലീസുകാരും JH യും മേൽപാലത്തിന്റെ പരിസരത്തു പരിശോധന തുടങ്ങി. ആരെയും കാണുന്നില്ല. ഒരു ഭാഗത്തു മൊബൈൽ ഫോൺ ലൊക്കേഷൻ ട്രെയ്സ് ചെയ്തു കൊണ്ട് പോലീസ് ജീപ്പ് മുന്നോട്ടു പോയിക്കൊണ്ടിരുന്നു. ഏതാണ്ട് ഒരു കിലോ മീറ്റർ കഴിഞ്ഞപ്പോൾ മലപ്പുറം ബോർഡർ എത്തി. ഒരിത്തിരി കൂടി മുന്നോട്ടു പോയപ്പോൾ; അതായത് ഏകദേശം ഇരുന്നൂറു മീറ്റർ കൂടി പോയപ്പോൾ ഉദ്ദേശിച്ച ആളെ കണ്ടെത്തി.

"സമാധാനമായി മേഡം " എന്ന് JHI പറഞ്ഞു ഫോൺ വെച്ചില്ല; അതെ ഫോൺ വാങ്ങി പോലീസുകാർ പറയുകയാണ്.

"ഇനി ഞങ്ങൾ പോവുകയാണ്. ആളെ കണ്ടെത്തിയ സ്ഥലം കൊണ്ടോട്ടി പോലീസ് സ്റ്റേഷന്റെ പരിധിയിൽ ആണ്. അവിടെ നിന്നും ആള് വരും. ഞങ്ങൾ വിവരം അറിയിച്ചിട്ടുണ്ട്. അതുവരെ JHI ഇവിടെ നിൽക്കട്ടെ."

അത്രയും പറഞ്ഞു കോഴിക്കോട് പോലീസുകാർ "റ്റാറ്റാ, ബൈ ബൈ ..." പറഞ്ഞു സ്ഥലം കാലിയാക്കി.

പിന്നെ എന്റെ പണി കോഴിക്കോട് കൺട്രോൾ സെല്ലിലും മലപ്പുറം കൺട്രോൾ സെല്ലിലും മാറി മാറി വിളിക്കുക എന്നതായിരുന്നു. പാവം JHI ആണെങ്കിലോ കൊണ്ടോട്ടി പോലീസിനെയും ആംബുലൻസിനെയും കാത്തു നടു റോഡിൽ ബോംബെക്കാരന്റെ കൂടെ, 'സാമൂഹിക അകലം' പാലിച്ചു ഒരു മണിക്കൂറിലധികം കാത്തു നിന്നു.

ഒരു ഇരുന്നൂറു മീറ്റർ ദൂരത്തിനു ഇത്രയും വിലയുണ്ടെന്ന് "കോവിഡ്" എന്നെ പഠിപ്പിച്ച ദിവസമായിരുന്നു കടന്നു പോയത്.

.....

മറ്റൊരു ദിവസം ഉച്ച നേരത്തു ചെക്ക്പോസ്റ്റ് ഡ്യൂട്ടി നിരീക്ഷിക്കാൻ ഉത്തരവാദിത്തപ്പെട്ട മെഡിക്കൽ ഓഫീസർ ആയ ഞാൻ പോയി. അപ്പോഴാണ് ഒരു ഇന്നോവ കാറിൽ അമ്മയും അച്ഛനും രണ്ടു കുട്ടികളും അടങ്ങുന്ന നാലംഗ സംഘം എത്തിയത്. തെർമൽ സ്ക്രീനിംഗ് ചെയ്തപ്പോൾ അമ്മക്ക് മാത്രം 101 ഡിഗ്രി പനി. അച്ഛനും കുട്ടികൾക്കും ഇല്ല.

കുറച്ചു നേരം കഴിഞ്ഞു ഒന്ന് കൂടി നോക്കി. എട്ടിന്റെ പണി ആ അമ്മയ്ക്കും കുട്ടികൾക്കും "പനിയുടെ" രൂപത്തിൽ അവിടെ തന്നെ ഉണ്ട്. കൺട്രോൾ സെല്ലിൽ വിവരം അറിയിക്കുക എന്ന എന്റെ കടമ ഞാൻ നിർവ്വഹിച്ചു.

വൈകാതെ ആംബുലൻസ് എത്തി. അതിൽ നിന്നും PPE യും മാസ്കും ഒക്കെ ധരിച്ചു, മുഖം മൂടിയ നിലയിൽ വന്നവർ ആ അമ്മയെ ആംബുലൻസിൽ കയറ്റി കൊണ്ട് പോവുന്നത് കണ്ടു പേടിച്ചു കരയുന്ന ആ കുഞ്ഞുങ്ങളുടെ മുഖം പിന്നീടുള്ള ദിവസങ്ങളിൽ എന്നെ വല്ലാതെ അലട്ടിയിരുന്നു. എന്തു ചെയ്യണം എന്നറിയാതെ പകച്ചിരിക്കുന്ന ഭർത്താവും അദ്ദേഹത്തോട് പറ്റിച്ചേർന്നിരിക്കുന്ന കുട്ടികളും അവരുടെ കണ്ണുകളിലെ പേടിയും ദൈന്യതയും.... ഇന്നും ഓർക്കുമ്പോൾ എനിക്ക് വിഷമം വരും.

.....

വീണ്ടും പോലീസിന്റെ ഫോൺ. ഒരാൾ ഗ്രഡല്ലൂരിൽ നിന്നും നടന്ന്, രാമനാട്ടുകര മേൽപ്പാലത്തിൽ എത്തിയിട്ടുണ്ടത്രെ. തെർമൽ സ്കാനിങ്ങിൽ പനിയൊന്നും ഇല്ല.

എന്ത് ചെയ്യണം ?

ഡെപ്യൂട്ടി കളക്ടർ ബിജു സാറിനെ വിളിച്ചു. കോവിഡ് കെയർ സെന്റർ ആയ ലക്ഷദീപ് GUEST HOUSE ലേക്ക് മാറ്റാൻ നിർദ്ദേശം കിട്ടി. അതിനു ശേഷമാണ് അയാളുമായി സംസാരിച്ചത്. കാര്യമായി ഭക്ഷണം ഒന്നും കഴിച്ചിട്ടില്ല എന്ന് മനസിലായി. അടുത്ത് തന്നെയുള്ള കടയിൽ നിന്നും ചൂട് ചായയും ഭക്ഷണവും വാങ്ങി കൊടുത്തു. അയാൾ അത് ആർത്തിയോടെ കഴിക്കുന്നത് നോക്കി നിന്നു. അത് കഴിക്കുമ്പോൾ അയാളുടെ കണ്ണുകളിൽ ഒരു വല്ലാത്ത തിളക്കം ഉണ്ടായിരുന്നു, നന്ദി ഉണ്ടായിരുന്നു, സന്തോഷം ഉണ്ടായിരുന്നു.

പത്തു ദിവസങ്ങൾക്കു ശേഷം അയാൾ അവിടെ നിന്നും ചാടിപ്പോയി എന്ന് പറഞ്ഞായിരുന്നു ഫോൺ വന്നത്. ഞങ്ങൾ രാമനാട്ടുകര മുഴുവൻ അരിച്ചു പെറുക്കി. കണ്ടില്ല.

പഴയ അനുഭവം വെച്ച് ഞാൻ പറഞ്ഞു. " അയാൾ മലപ്പുറത്ത് എത്തിയിട്ടുണ്ടാവും. നമുക്ക് കൊണ്ടോട്ടി പോലീസിനെ വിവരം അറിയിക്കാം."

അല്പം കഴിഞ്ഞു അവരുടെ ഫോൺ വന്നു.

ഞങ്ങൾ പ്രതീക്ഷിച്ച പോലെ അയാൾ ആ ഒരു കിലോമീറ്റർ കടന്ന് മലപ്പുറം ജില്ലയിൽ എത്തിയിരുന്നു അത്രേ.

.....

ഒരു ദിവസം എസ് ഐ യുടെ ഒരു ഫോൺ.

"ഡോക്ടറേ, സമ്പൂർണ ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനു ശേഷം കുറെ ചെറുപ്പക്കാർ ആശുപത്രിയിലേക്കാണെന്നും പറഞ്ഞു ഇറങ്ങുന്നുണ്ട്. ഞങ്ങൾ ചോദിക്കുമ്പോൾ അവർ ഡോക്ടറുടെ ചീട്ട് കാണിക്കും. ഒന്ന് ശ്രദ്ധിക്കണേ..."

ഞാൻ ഒന്നും ചുറ്റും കണ്ണോടിച്ചു. എസ് ഐ പറഞ്ഞത് സത്യമാണ്. കൂടുതലും ചെറുപ്പക്കാരാണ് നിൽക്കുന്നത്. തലവേദന, ജലദോഷം വരുന്നുണ്ടോ എന്നൊരു സംശയം പോലുള്ള ബുദ്ധിമുട്ടുകളും.

ബ്രേക്ക് ദി ചെയിനിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ട വാഷ് ബേസിന്റെ അടുത്തൊക്കെ പതിനെട്ടിനും ഇരുപത്തഞ്ചിനും പ്രായമുള്ള ചെറുപ്പക്കാർ കൂടി നിന്ന് സംസാരിക്കുന്നു. ആശുപത്രിയിൽ വരുന്നതും പോവുന്നതും അവർക്കൊരു ലൈസൻസ് പോലെ എടുത്തിരിക്കുകയാണ്.

ഒപി ടിക്കറ്റ് കൊടുക്കാതിരിക്കാൻ പറ്റില്ല. പക്ഷേ, ഒപി ടിക്കറ്റ് എടുത്ത സമയം, ഡോക്ടറെ കണ്ട സമയം, ഫർമസിയിൽ നിന്നും മരുന്ന് വാങ്ങിയ സമയം എന്നിവ ഒപി ടിക്കറ്റിൽ കൃത്യമായി രേഖപ്പെടുത്താൻ തുടങ്ങി. പോലീസുകാരോട് ആ സമയം നോക്കി പരിശോധിക്കാൻ നിർദ്ദേശിച്ചു. കൂടാതെ അവരോട് ഇടയ്ക്കിടെ ആശുപത്രിയിൽ ഒന്ന് വന്നു നിരീക്ഷിക്കാനും ഏർപ്പാട് ചെയ്തു.

അതോടെ ചെറുപ്പക്കാരുടെ 'ആശുപത്രിക്കേസ് ' നിന്നു. അതും പറഞ്ഞു അനാവശ്യമായി പുറത്തിറങ്ങുന്നവരുടെ എണ്ണം കുറഞ്ഞു.

ഇങ്ങനെയുള്ള നിരവധി "കോവിഡ് " അനുഭവങ്ങൾ ഉണ്ട്. മാസ്ക്കിന്റെയും PPE യുടെയും ചൂടും അസ്വസ്ഥതകളും അല്ലാത്ത, സാനിറ്റയ്സറിന്റെ മണമില്ലാത്ത, ക്ലോറോക്വിന്റെ ഡോസോ ഡെക്സാമെത്തസോണിന്റെ പാർശ്വഫലങ്ങളോ അല്ലാത്ത, വെന്റിലേറ്ററിന്റെയും ഐ സി യു വിന്റേയും ശബ്ദങ്ങളില്ലാത്ത കഥകൾ. ഇതും കോവിഡിനെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗമായിരുന്നു.

ആ പോരാട്ടം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

SHIVANI CHAKRAVARTHI

COVID
AN APPOINTMENT WITH THE DIVINE

In all these years of medical services neither me nor the world might have seen something so devastating as COVID-19. Still we are unable to understand the feel-ing of helplessness. What to do and what not to do with huge number of patients, dropping saturations, abandoned elders, youngsters trying to survive, kids thinking about staying safe at home is a luxury.

On the other side never ending duties and quarantines, irregular food & sleeping patterns, feeling lonely and away from home and family, with fear of what will happen next, what if kids forget me that I'm their mom. Still we are working harder doing justice to humanity overlooking families.

In my duty hours sweating inside the PPE writing case sheets, investigations, re-viewing medications schedule, updating information in WhatsApp groups, asking vacancies to shift patients, consoling and counseling the caretakers and informing the status of the patients, informing about empty oxygen cylinders for replacement, suddenly I felt a cool breeze of air on my face, which wiped away my sweat, cooled me and made me breathe better inside my N95 mask. I just turned around to see what was that. I saw a caretaker adjusting a pedestal fan so that it ventilates me.

I said, "Thank you" and I believe she recognized my smile under the mask.

She said, "when you take care of us so much, do you think that we won't take care of you?".

That moment was my appointment with the DIVINE.

DEEPTHI MANI

CHIT CHAT WITH PREEJA SREEDHARAN (PREEJA "DG")

Preeja Sreedharan is a celebrated Indian long-distance runner. She holds the national records in 10,000 metres and 5000 metres races. During her illustrious athletic career spanning from 1995 to 2015, she won 184 national medals and 24 international medals. Her major achievements include Gold and Silver medals at the Guangzhou Asian Games in 2010. Preeja Sreedharan was the first Indian athlete to represent the country in the 10,000m race in Olympics. She was honoured with Arjuna Award, India's second highest sporting honour by the central government in 2011.

Preeja Sreedharan was born to Sreedharan and Remani in Idukki district, Kerala. She had to surmount several hardships in her life, particularly given her father's prematures demise when she was 8 years old. She is married to Deepak Gopinath, our beloved 44th batchmate, shooting enthusiast and Radiation Oncologist. They have 2 sons, Dhyaan and Dharshan. Preeja Sreedharan currently works as a Superintendent at Palakkadd Southern Railways.

Below is the excerpt of the Zoom Interview with Preeja Sreedharan on June 19th, 2020 conducted by Deepthi Mani as part of the events organized for the 44th batch twentieth anniversary celebrations.

Who was the first person to spot Preeja Sreedharan's talent in athletics?

P. R Randeran, my physical education teacher. I call him Randeran sir, with respect.

When I was 13 years or so, Randeran sir saw me playing in the school grounds and asked me to join the early morning running lessons. The morning sessions went on for a while but Randeran sir received a transfer order to another school in the nearby town, Thodupuzha. He was so invested in his students that he encouraged two other talented children and me to join the new school with him. I lived with Randeran sir's family in his house up until I completed my 10th standard education. Randeran sir and his wife took care of me like their own daughter. Every morning at 6 am, sir and I would go for practice sessions in the Karimkunnam school grounds. It was Randeran sir who took the initiative to enroll me at Alphonsa college, Pala as this institution had a good sports program.

Thankachan sir and Pilla sir, the two physical education teachers at Alphonsa college were also kind and extremely helpful.

I got the opportunity to compete in the international arena while still a Pre-Degree student. I had no passport and Thankachan sir assisted me with the application process. On the day I was supposed to go to the passport office, sir unfortunately had a fall and fractured his forearm. He still accompanied me with his fractured arm in a sling. We travelled to the passport office in Ernakulam city in a bus. I can never forget his dedication.

It is rather unusual to have teachers who would have students stay with them at home, right?

We were going through hard times at home those days. My father had died when I was 8 years old. My eldest sister had married early. Both my Chettan and Amma (elder brother and mother) had to work as manual laborers to help support the family. Chettan had to disenroll from school to earn us a living.

My paternal aunt's family knew Randeran sir quite well. My family encouraged me to move in to Ranendran sir's residence as they thought that if I somehow did well and made it out of the rut, I could possibly save the family as well.

Randeran sir is a father figure for me. I routinely discuss all important decisions in my life to discuss with him, including the decision on marriage. I wouldn't be here without people like him.

Where there are other sources of support outside your family and your teachers?

The government did help us.

Most of my extended family and the folks in our neighborhood were not financially well off. When my father passed away, they helped Amma find manual jobs to make ends meet. It is rather uncommon for people in our neighborhood to lend out money. However, when Amma or Chettan needed to borrow money, the neighborhood folks would always help out. They still affectionately call me by my pet name 'Kunchi'. "Let us help our Kunchi run. Let her save this family", they would often comment.

You have won several accolades in the national and international arena. Which one would you consider your sweetest victory?

The gold medal in 10,000-meter race in 2010 Asian Games

When I won the gold medal, I did not recognize its value. My coach during that time was Nicolai sir, from Russia. He would often remind me, "Don't be overjoyed, Preeja! You won this race, but that might not be the case for the next".

Once retired from athletics, when I reflected on the prior races and awards, it dawned on me that it was indeed a great accomplishment. Amma and Chettan would make fun of me every now and then, saying " Just like an elephant which is unaware of its huge size, you do not recognize your true worth"

In 2018, Deepu Ettan won 3 gold medals for shooting in the state level. I felt so happy, as if I won an Olympic medal. People usually practice every day prior to a competition. It is unbelievable that Deepu Ettan, who could only practice on Sundays given his busy schedule, could win all these medals.

Did you ever feel disappointed that you could not perform as well as you expected?

The 2010 Commonwealth games were held in India and I was hopeful that I would win a medal. The day before the race, I developed cough and fevers. On the day of the competition, I felt worse and started coughing up blood. Even though the physician and my coach urged me not to run, I was determined to run. After 15 rounds, I started feeling quite short of breath and could barely contiue. I somehow pushed myself to complete the race and finished in the last place. Kavita Raut, another Indian athlete who practiced with me won third place. During our practice sessions, I would consistently beat the winning time. I felt like a guaranteed medal just slipped through my fingers.

The world does not care about losers, right? They are always with the winners. My coach Nicolai sir still rushed to me right after the race and hugged me tight. "You are my gold medal", he said. I was so relieved to hear those words. Nicolai sir did not think that I would be able to complete the race. I was so sick that day.

While you were active in athletics, how many hours would you spend practicing daily?

We have a variety of practice and training sessions, and the hours vary each day. It could come to an average of about 5 hours a day. When you put in 35 hours a week into practice sessions, there is not enough time to invest in another career. You cannot do well in sports, if you lose focus.

What motivated you to work hard and scale heights?

I had heard that you could land a job in the government sector through sports quota if you succeed in sports. Those days, we did not have any government employees in our neighborhood. Majority were manual laborers. I yearned to get a secure well-paying job and help my family's financial situation.

Amma and Chettan used to encourage me saying, " Koche (Child), you have reached so far, and you could do even better. Maybe you could win a medal for India. God has given you a special talent. Try your best".

Also, I have strong faith in God. I believed that God indeed has a plan for me and carried on with my practice day after day.

How did you overcome the obstacles in your life? What was your strategy to tide over the difficult times?

Amma and Chettan - my family, was my one and all those days. I could unburden all my worries when I talk to them. We did not have a home telephone for a long time, so phone calls made through our neigbhours' home phone. I would eagerly wait for their letters and calls.

Amma would often say, " If you are unhappy, it is okay to cry. Your worries would melt away with your tears". When overwhelmed, I would sit alone somewhere, weep for a while and feel consoled. My faith in God and my prayers were also a source of solace.

Were you concerned that your marriage may be a deterrent to your career in sports?

I could not concentrate as well as I wanted on my education due to my focus in sports. Owing to that perhaps, I always had this desire to have a well-educated person, perhaps a physician as my husband.

Deepu Ettan has always been supportive of my interests in Athletics. "Preeja, run for as long as you want",

he would say and always encourage me. I made a personal decision to retire from athletics in 2015 to spend more time with my family

Did you have a role model in the field of sports? Who influenced you the most in this arena?

P. T Usha

I had heard a lot about her from Amma and Chettan. Amma and Chettan liked to read. They would read whatever newspapers they could gather from nearby stores or from the small community library near home and discuss things with me.

During my Pre-Degree days, there was a sports awards function in Kannur and P.T Usha Ma'am was the chief guest. She stood right next to me and gave me a tight hug after I went up on the stage to collect my prize. I was so excited that day!

You have travelled a lot to compete in various athletic events in the national and international levels. Which was your favorite destination?

I enjoyed my visit to London - the climate, the buildings and nature, were all appealing. I did like Kenya and Italy as well.

When we went for the competitions, my coach Nicolai sir was quite strict and would not want to spend us any time sightseeing. However, during the Beijing Olympics, he let me go see the Great Wall of China - It was an amazing experience.

Can you tell us about your future plans?

There are children from poor households who do have a lot of interest in sports, and I would like to start a school for them. I can find time for this only after my 2 sons are a bit older.

Amma struggled a lot to raise us. I recognized how hard it is to raise children, only after I became a mother myself.

What are your hobbies?

I do like sewing. With the COVID crisis, I have some time off and stitch churidars myself.

With the daily practice sessions and preparations for various competitions, I did not cook much in the past. For Vishu this year, I cooked up a traditional feast for the entire family. The food was delicious, and I was so happy! "Kunchi is a great homemaker too!", my older sister who is an excellent cook herself acknowledged my efforts.

We would like to ask you a few questions about our classmate DG. What do you like the most about him? Does he have any annoying traits?

Deepu Ettan is very caring. He'd be always there for me and our kids, if we need anything.

I had lived in Kenya for a year as part of training. Within a few months, I taught many of coaches some basic Malayalam phrases. Deepu Ettan on the other hand learned quite a bit of Swahili to communicate with them.

If I irritate him for any reason or nag him, he would stay silent. It would of course be a disaster if he is someone who easily loses his temper.

My only complaint about him would be his style of dressing. We might be going for a formal function, and Deepu Ettan would often wear an old frayed shirt that does not match with the rest of his attire. Maybe one of the shirts he wore during his medical college days, in dark shades of brown or blue or even black. I prefer lighter colors. This is the only source of contention at home

How do you feel about your children considering a career in sports?

I would like to raise my sons, the way Amma raised me. Amma never compared me with anyone else. She was always encouraging. If our sons have interest and talent in any arena, Deepu Ettan and I will be supportive of their pursuits

Would you like to share a message for your friends the 44th batch on the occasion of their 20th anniversary?

Deepu Ettan gets very excited whenever he talks about his medical college classmates. He was in the seventh heaven after the recent online Zoom get together. Let this friendship last a lifetime! I wish you stay together as a family. I hope you would consider me as part of the extended family.

I would like to meet you all again in the near future.

Thank you!

SANTHOSH KUMAR N



ഓർമ്മകളുടെ നിലാവെട്ടത്ത്

വർഷങ്ങൾക്കു ശേഷമാണ് കോഴിക്കോട് ഒരു സെക്കന്റ് ഷോ ക്കു പോയത്. കഴിഞ്ഞ ആഴ്ച എംവിആർ കാൻസർ സെന്ററിൽ ജോലിക്കു ചേർന്നതിനു ശേഷം നൊസ്റ്റാൾജിയകൾ ഓരോന്നായി അയവിറക്കികൊണ്ടിരിക്കുകയാണ്. സ്കൂൾ പൂട്ടിയിട്ടേ കുടുംബം കോഴിക്കോട്ടേക്ക് ഷിഫ്റ്റ് ചെയ്യൂ . അതുകൊണ്ടു തന്നെ വൈകുന്നേരം ഫ്രീയാണ്. കാറുമെടുത്തു പഴയ ഓർമ്മകൾ തേടി ഇറങ്ങും. കോഴിക്കോട് ബീച്ചിൽ പോയി വെറുതെ ഇരിക്കും, മാനാഞ്ചിറയിൽ പോയി ആകാശം നോക്കി കിടക്കും, പഞ്ചാരക്കുന്നിൽ പോയി കാറ്റുകൊള്ളും. പണ്ട് സുഹൃത്തുക്കളുമായി ആഘോഷിച്ചു നടന്ന സ്ഥലങ്ങൾ ഓരോന്നായി വീണ്ടും അനുഭവിക്കും.

പണ്ടത്തെ സ്ഥിരം കലാപരിപാടികളിൽ ഒന്നായിരുന്നു സെക്കന്റ് ഷോ. രണ്ടാമത്തെ വർഷമാണ് ശ്രീഹരി ബൈക്ക് വാങ്ങിയത്. അതിനു മുൻപ് ഷെയർ ഓട്ടോ ആയിരുന്നു ശരണം. തമിഴ് / ഹിന്ദി സിനിമകൾ ഒന്നും ശ്രീഹരിക്കുത്ര താല്പര്യമില്ല. അപ്പോൾ അവനും ഇല്ല, ബൈക്കും ഇല്ല. ചില ദിവസങ്ങളിൽ ഓട്ടോക്ക് വേണ്ടി രണ്ടു മണിക്കൂർ വരെ കാത്തു നിന്നിട്ടുണ്ട്, നടുറോട്ടിൽ രാത്രി പന്ത്രണ്ടു മണിക്ക് ശേഷം. നട്ടപ്പാതിരക്കു രണ്ടു തവണ മെഡിക്കൽ കോളേജിലേക്ക് നടന്നിട്ടുണ്ട്. ഒരിക്കൽ ഒറ്റയ്ക്കും മറ്റൊരിക്കൽ നാലഞ്ചു പേർ കൂട്ടമായിട്ടും . അതൊക്കെ ഒരിക്കലും മറക്കാൻ പറ്റാത്ത അനുഭവങ്ങൾ ആണ്. മാവൂർ റോഡ്

ഇന്ന് കാണുന്ന പോലെ വിശാലമോ ലൈറ്റുകളോ ഒന്നും ഇല്ല. ഇന്നിപ്പോ വലിയ ജംഗ്ഷൻ ആയി മാറിയ തൊണ്ടയാട് ഒരു ഇരുണ്ട വഴി ആയിരുന്നു. അവിടുന്ന് ആ കയറ്റം കയറി കാവ് സ്റ്റോപ്പ് കഴിയണം കുറച്ചു വെളിച്ചം കാണണമെങ്കിൽ.

അന്ന് ശ്രീഹരിയുടെ ബൈക്കിനു പുറകിൽ ഇരുന്നു ഉറക്കെ പാട്ടൊക്കെ പാടി ആയിരുന്നു സെക്കന്റ് ഷോ കഴിഞ്ഞു വന്നിരുന്നത് . വയലാറും പി
ഭാസ്കരനും ബാബുക്കയുമൊക്കെ ഞങ്ങളുടെ കർണ കഠോര ശബ്ദങ്ങളിൽ ഒഴുകി വരുന്നത് കേട്ട് ആ വഴിയിൽ ഉണ്ടായിരുന്നവർ ഞങ്ങളെ പ്രാകിയിട്ടുണ്ടാവണം . മഴയുണ്ടെങ്കിൽ അത് ഞങ്ങൾ മിസ് ആക്കാറില്ല. മഴ നനഞ്ഞു ആസ്വദിച്ചു വണ്ടി ഓടിക്കും. ചിലപ്പോൾ തണുത്തു വിറക്കും, അപ്പോൾ പാട്ടിനു വോളിയം കൂട്ടും.

ഇന്ന് 'അപ്സര' തീയേറ്ററിലാണ് പടം കണ്ടത്. അവിടെ കാർ പാർക്ക് ചെയ്യാനും പുറത്തിറക്കാനും ഒക്കെ കുറച്ചു ബുദ്ധിമുട്ടി. പണ്ടീ ബുദ്ധിമുട്ടൊന്നും ഇല്ലായിരുന്നു.

'ബ്ലൂ ഡായമണ്ട്' തിയേറ്ററിൽ കാണാൻ ആയിരുന്നു ആഗ്രഹം. പക്ഷേ, അവിടെ അതിന്റെ പൊടി പോലും ഇല്ല .

മെഡിക്കൽ കോളേജിൽ ജോയിൻ ചെയ്ത് രണ്ടു ദിവസം കഴിഞ്ഞതും ഒഴിവു ദിവസം ആയിരുന്നു. അറിയാലോ. അന്ന് റാഗിങ്ങ്, ക്ഷമിക്കണം, പരിചയപ്പെടലിന്റെ ബഹളം ആവും എന്ന് പേടിച്ചു രാവിലെ ബ്രേക്ക് ഫാസ്റ്റ് കഴിഞ്ഞതും ഞങ്ങൾ ഇറങ്ങി. 'ബ്ലൂ ഡയമണ്ടിൽ' ആയിരുന്നു ഹരിശ്രീ. അതാ ബ്ലൂ ഡയമണ്ടിനോടൊരു പ്രത്യേക സ്നേഹം. അന്ന് മൂന്ന് പടം കണ്ടു. അതിലൊന്ന് ഡേവിസൺ തീയേറ്ററിൽ ആയിരുന്നു. അതും ഇപ്പോൾ ഇല്ല .

ഓരോന്ന് ആലോചിച്ചു സമയം പോയതറിഞ്ഞില്ല .

" ബോസ് ... ബോസ് ..." വിളികളാണ് ചിന്തകളിൽ നിന്നും ഉണർത്തിയത്.

വേറെ എവിടെയും നമ്മളെ ഇത്രയും പൊക്കി 'ബോസ്' ആക്കാറില്ല എന്ന് തോന്നുന്നു. ആ വിളികൾക്കു ഗ്രീൻ പീസ് scrambled ന്റെ ടേസ്റ്റും മണവും ആണ്.

പക്ഷെ, ആ ബോസ് വിളികൾക്കു മുൻപിൽ കാലുകൾ ബ്രേക്കിൽ ഉറച്ചില്ല. മുസ്തഫയുടെ തട്ടുകട അതായിരുന്നു ലക്ഷ്യം. ഐ എം സി എച്ചിന്റെ കുറച്ചു താഴെ ആയി വണ്ടി പാർക്ക് ചെയ്തു. മുസ്തഫയുടെ കട കണ്ടു പിടിച്ചു. ഒറ്റ നോട്ടത്തിൽ തന്നെ പുള്ളിക്ക് ആളെ മനസിലായി. ഒരു പാട് വർഷങ്ങൾക്കു ശേഷമാണ് കാണുന്നത്, എന്നാലും ഓർമ്മകൾ ഉണ്ട് .... ചിരിയുണ്ട്, വിശേഷങ്ങൾ ഉണ്ട്.

പണ്ട് മൂപ്പരുടെ ഫോട്ടോ സഹിതം മ്മളെ മാഗസിനിൽ എഴുതിയ എഡിറ്ററിനെ അങ്ങനെ അങ്ങ് മറക്കാൻ പറ്റുമോ ... അല്ലേ.

അതേ എഗ്ഗ് scrambled, മാങ്ങാ അച്ചാർ, കട്ടൻ ചായ ... പക്ഷെ പഴയ ആ ടേസ്റ്റ്, 'ഗ്രമ്മു' കിട്ടുന്നില്ല. കൂടെ ആളില്ല ... ആ കൂട്ടുകാരുടെ സംസാരവും ചിരിയുമില്ല. മുസ്തഫക്കും ഉപ്പുമാവിനുമൊന്നും ആ കാലത്തിനെ ... നിമിഷങ്ങളെ തിരിച്ചു തരാൻ കഴിയില്ലല്ലോ.

അവിടെ നിന്നും മിൽമ ബൂത്തിലേക്ക് നടന്നു. മിൽമ ബൂത്തിനും എൻട്രൻസിനും ഒക്കെ ആകെ ഒരു മാറ്റം. ഒരു കവാടം ഒക്കെ ഉണ്ടാക്കി പ്രതാപം കാണിക്കാൻ വെമ്പുന്നതു പോലെ തോന്നി. മിൽമ ബൂത്തിനെ വരിഞ്ഞു കെട്ടി ഒരു മതിൽ വന്നിരിക്കുന്നു. അവിടെ ഉള്ള ആ മരം

അവിടെ തന്നെ ഉണ്ട്. അതിനു വളർച്ചയൊന്നും ഇല്ല എന്ന് തോന്നുന്നു. രണ്ടു ഭാഗത്തും നടപ്പാത, ഡിവൈഡർ വിത്ത് പൂക്കൾ, ചെടികൾ, സ്ട്രീറ്റ് ലൈറ്റ് ...
'അമ്മയും കുട്ടിയും' പ്രതിമയെ ഒരു സൈഡാക്കി എങ്കിലും നന്നായിട്ടുണ്ട് .

പണ്ട് ഈ വഴികളിൽ ഒന്നും ലൈറ്റ് ഉണ്ടായിരുന്നില്ല. ജംഗ്ഷൻ കഴിഞ്ഞാൽ പിന്നെ കോളേജിന് മുന്നിലൊരു ലൈറ്റ്. അതിനിടയിൽ കൂരാകൂരിരുട്ട്. മോർച്ചറിയുടെ ഭാഗത്തു നിന്നും വരുന്ന ചെറിയ റോഡ്. ആ അന്ധകാരം പലരേയും പേടിപ്പിച്ചിരുന്നു.

എ ടി എം ഒക്കെ കളറായിട്ടുണ്ട്. ഞങ്ങളുടെ കോഴ്സ് പാതി കഴിഞ്ഞിട്ടാ സംഭവം തുടങ്ങിയത്. ഇടയ്ക്ക ടൗണിൽ ഒക്കെ കറങ്ങി നട്ടുച്ചക്ക് എ ടി എം ലെ AC യിൽ കയറിനിന്ന ശരീരവും മനസ്സും തണുപ്പിച്ചതെല്ലാം ഓർമ്മ വന്നു.

കോളേജിന് മുൻപിൽ എത്തിയപ്പോൾ വല്ലാത്ത ഏകാന്തത തോന്നി. നമ്മുടെ ബാച്ച് വകയിരുത്തിയ 'എസ്കലേപിയസ്' എന്നെ നോക്കി ഗോഷ്ടി കാണിക്കുന്നത് പോലെ തോന്നി .

" എന്താ മോനേ ... ഒറ്റയ്ക്ക്?" എന്ന് പതിയെ ചോദിക്കുന്നുമുണ്ട്.

പോർട്ടിക്കോയിൽ അന്ന് വിളിച്ച മുദ്രാവാക്യങ്ങൾ പ്രതിധ്വനിക്കുന്നു. ആത്മാർത്ഥമായി നിരാഹാര സമരമിരിക്കുന്ന മത്തി, രോഹൻ രാജ്, ഉണ്ണി, അഹമ്മദ് ....
പിറ്റേ ദിവസം കുടിച്ച ഐ സി എച്ചിലെ നാരങ്ങാവെള്ളം. അത്ര സ്വാദോടെ പിന്നീടെവിടെ നിന്നും നാരങ്ങാവെള്ളം കുടിച്ചിട്ടില്ല.

എൻട്രൻസിനൊരു ചേരാത്ത കണ്ണാടി വാതിൽ. അതിനിരുവശത്തും ഇരുന്നു കത്തിവെക്കാറുള്ള സ്ഥലം. അവിടെ മുകുന്ദേട്ടൻ, അനൂപ് സി, ഫൈസൽക്ക, അക്വിൽക്ക,

സജി ... ഇരിക്കുന്നുണ്ട്. ഓടിച്ചെന്ന് അവരിൽ ഒരാളാവാൻ ശ്രമിച്ചപ്പോൾ മനസിലായി.

ഇവിടെ ... ഇപ്പോൾ ഞാൻ ഒറ്റക്കാണെന്ന്...

"സ്പന്ദനം" വാൾ മാഗസിൻ. അതിന്റെ എഡിറ്ററായി രണ്ടുവർഷത്തോളം. എഴുതാനും വരക്കാനും ദിനു എസ് ചന്ദ്രൻ, കല, 'പുട്ട്' നിഷ , രാജേഷ് ധർമൻ. എല്ലാ മാസവും പുതിയ എഡിഷൻ. അതെന്റെ, അല്ല ഞങ്ങളുടെ ജീവിതത്തിന്റെ ഒരു ഭാഗം തന്നെ ആയിരുന്നു. തലേന്ന് രാത്രി ഉറക്കം ഒഴിച്ചതിന്റെയും കഷ്ടപെട്ടതിന്റെയും ക്ഷീണം മാറുന്നത്, അത് വായിച്ചവർ നൽകുന്ന നല്ല ഫീഡ്ബാക്കുകൾ ആയിരുന്നു. ദൂരെ ആ തുണകളിൽ ചാരിയിരുന്ന മറ്റുള്ളവർ അത് വായിക്കുന്നതും അവർ പരസ്പരം അഭിപ്രായം പറയുന്നതും കാണുന്നത് തന്നെ അടുത്ത എഡിഷൻ ഇറക്കാനുള്ള ഊർജ്ജം തരുമായിരുന്നു .

"സ്പന്ദനം" ഇപ്പോഴും അവിടുണ്ട്. അതിനെ തൊട്ടും ഉരുമ്മിയും കുറച്ചുനേരം.

"എന്റേതെന്ന്" .... "ഞങ്ങളുടേതെന്നു വിശ്വസിച്ചിരുന്ന" ... ഒരു പാടു നാളുകൾ ജീവശ്വാസമായിരുന്ന "അതൊന്നും " ഇപ്പോൾ എന്റേതല്ല എന്ന് മനസ്സിലാക്കുമ്പോൾ ഉള്ളിൽ ഒരു വിമ്മിഷ്ടം .

പക്ഷേ, അവന് എന്നെ മനസ്സിലായെന്നു തോന്നുന്നു. അവൻ എന്നോട് ചിരിക്കുന്നതായി എനിക്ക് തോന്നി. കുറുത്ത ചാർട്ട് പേപ്പർ അവനുമേൽ ഒട്ടിക്കുന്ന ദിനുവും സന്ദീപ് പി കെ യും, വെള്ള ചാർട്ട് പേപ്പറിൽ ശ്രീജ പി എസിന്റെ കടിച്ചാൽ പൊട്ടാത്ത ഇംഗ്ലീഷ് കവിതയും ഇല്ലസ്ട്രേഷനുമായി കല. അച്ചടിക്കുന്നതിനേക്കാൾ മനോഹരമായി പല പല ഫോണ്ടുകൾ കൈകൊണ്ടു എഴുതാൻ കല മിടുക്കിയായിരുന്നു. കലയുടെ കൂടെ "മണിക്കുട്ടൻ " എന്ന സ്വന്തം രചനയുമായി മഞ്ജുവുമുണ്ട്. ഡയലോഗുകൾ അടിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയും ഹനീഷ് ഖനിയും നബീലും. ചളി അഭിഷേകവുമായി മത്തി. യൂണിയൻ റൂമിൽ അനീഷ് ജോർജ്ജും മക്കാലുവുമുണ്ട്. എൽ എച് 3 യിലെ എന്തോ വയറിങ് / പ്ലംബിംഗ് പ്രശ്നം പരിഹരിക്കുന്ന തിരക്കിലാണവൻ. എന്തിനും എപ്പോഴും റെഡി ആയി മക്കാലുവുണ്ട്. കൂടെ സാധാരണ സഖാവ് ജ്യോതിഷും ഉണ്ടാവാറുണ്ട്. ഇന്നെവിടെയോ പോയിരിക്കുകയാണ്.

കോളേജ് മാഗസിൻ എഡിറ്റർ എന്ന സ്ഥാനവും പരിശ്രമവും ഒരു വലിയ ഉത്തരവാദിത്തവും കഷ്ടപ്പാടും ആയിരുന്നു. അതും ആസ്വദിച്ചിട്ടുണ്ട്; പക്ഷെ "സ്പന്ദനം" ചെയ്തതിനോളം ആസ്വദിച്ചിട്ടില്ല.

പഴയ കോഷ്പറേറ്റീവ് സ്റ്റോറിന്റെ എൻട്രൻസ് മാറ്റിയിരിക്കുന്നു. ഇപ്പോൾ ബാത്റൂമിന്റെ സൈഡിലാണ് മുഖം. പ്രഭേട്ടൻ അവിടെ ഉണ്ട്. കയ്യൊക്കെ പിടിച്ചു സംസാരിച്ചു. മാഗസിൻ ഫണ്ടിനും മറ്റു ചില ആവശ്യങ്ങൾക്കും ഒക്കെ ആവശ്യമായിരുന്ന ടെഷറിയിലേക്കുള്ള യാത്രകൾ എല്ലാം പ്രഭേട്ടനായിരുന്നു ചെയ്തത്. എത്ര കാശുണ്ടെങ്കിലും വിശ്വസിച്ചു ഏല്പിക്കാം.

തുടങ്ങിയ കാലത്തു മൂപ്പരെ സഹായിക്കാൻ 'സെയിൽസ്മാൻ' ആയും ഇടയ്ക്കു ജോലി ഉണ്ടായിരുന്നല്ലോ. കുറേകാലത്തിനു ശേഷം കാണുന്ന ഒരു ബന്ധുവിനോടെന്ന പോലെ സംസാരിച്ചു.

കോപ്പറേറ്റീവ് സ്റ്റോർ ഫൈസലിക്കയുടെയും എസ് എഫ് ഐ യൂണിയന്റേയും ഒക്കെ ഒരോർമ്മ പെടുത്തൽ ആയി എനിക്ക് തോന്നി.

ഗാർഡനിലേക്കിറങ്ങി. ചെറിയ ചില വ്യത്യാസങ്ങൾ. ഫോറെൻസിക്കിനോട് ചേർന്ന് ഒരു കഫെ തുടങ്ങിയിരിക്കുന്നു. പിന്നെ ഒരു ചെറിയ പാലം, കുളം.

ആ സ്റ്റേജിലേക്ക് കയറി. ആകാശത്തേക്കു നോക്കി. പൂർണ്ണചന്ദ്രനും അനേകമായിരം നക്ഷത്രങ്ങളും നോക്കി ചിരിക്കുന്നു. ഞാനാ സ്റ്റെപ്പിൽ കാല് വെച്ച് ഇരുന്നു. പിന്നീട് അവിടെ ആകാശം നോക്കി കിടന്നു.

പതിയെ കണ്ണുകൾ അടച്ചു. ആ സ്റ്റേജിൽ ഒരു ബാക്ക് ഡ്രോപ്പ് വരുന്നു, കസേരകൾ, പോഡിയം. ഗാർഡനിൽ പലയിടത്തും പല നിറങ്ങളിൽ അലങ്കാരവിളക്കുകൾ. ഈ സ്റ്റേജിൽ വെച്ച് ' പറയാൻ ആലോചിച്ചു' വെച്ചതൊന്നും 'പറയാൻ' കഴിയാതെ, കൺഠമിടറി ... "തത്തമ്മേ പൂച്ച പൂച്ച" എന്ന മാഗസിനും പിടിച്ചു നിന്ന പത്തൊമ്പതുകാരനെ ഞാൻ അടുത്തു കണ്ടു. എന്റെ കൂട്ടുകാർ താഴെ ചുവന്ന കസേരകളിൽ ഇരുന്നു കയ്യടിക്കുന്നു.

ആ സീൻ മെല്ലെ ഫൈഡ് ആയി.

പിന്നീടതൊരു കോൺവെക്കേഷൻ സ്റ്റേജ് ആയി മാറി. ഞാനും എന്റെ കൂട്ടുകാരും കറുത്ത ഗൗണും തൊപ്പിയും വെച്ച് ഹിപ്പോക്രറ്റിക് ഓത്ത് ചൊല്ലുന്നു. ഓരോരുത്തരായി നടന്നു സ്റ്റേജിൽ കയറുന്നു. ആ ബി ജി എം എനിക്ക് കേൾക്കാം. കരഘോഷങ്ങൾ എനിക്ക് കേൾക്കാം. തുടർന്ന് നടന്ന ഡാൻസുകളും സ്കിറ്റും എല്ലാം മനസിലൂടെ ഫാസ്റ്റ് ഫോർവേഡ് ചെയ്തു കടന്നു പോയി.

അവിടെ നിന്നും എഴുന്നേറ്റു നടക്കുമ്പോൾ ശാന്തമായുറങ്ങുന്ന ഓഡിറ്റോറിയം ഞാൻ കണ്ടു. എത്ര എത്ര പ്രോഗ്രാമുകൾ. "ANTHESIS", "REVERBERATIONS", കോളേജ് ഡേ , ഇന്റർ ക്ലാസ്, സ്പിക് മക്കായ് ...

കരഘോഷങ്ങളുടെയും ശബ്ദങ്ങൾ അവിടെ നിന്നും ഉയർന്നു കേൾക്കാം. കസേരകൾ ഒഴിവുണ്ടെങ്കിലും ഇല്ലെങ്കിലും വശങ്ങളിലെ വീതിയേറിയ ജനാലതിട്ടുകളിൽ ഇരുന്നും നിന്നും അമർന്നിരുന്ന കൗമാരങ്ങൾ. സ്റ്റേജിൽ നിന്നും ഉയരുന്ന റൊമാന്റിക് മെലോഡികളുടെ അകമ്പടിയോടെ എതിർ വശത്തുള്ള ജനാലകളിലും കസേരകളിലും ആരെയൊക്കെയോ തേടിയിരുന്ന കണ്ണുകൾ.

പരീക്ഷകൾ ആണ് ഓഡിറ്റോറിയത്തിന്റെ മറ്റൊരു ഓർമ്മ. ശബ്ദമുഖരിതമായ ആഘോഷങ്ങൾ മാറി സൂചി വീണാൽ കേൾക്കുന്ന നിശ്ശബ്ദതയിലേക്ക് ...

ആ നിശ്ശബ്ദതയിലും ഉയർന്നു കേൾക്കുന്ന "ശ് .. ശ്ശ.." വിളികൾ, "പൊക്കി പിടിക്ക് ..." " കുറച്ചു സൈഡിലേക്ക്.." തുടങ്ങിയ മാർഗ്ഗനിർദ്ദേശങ്ങൾ.

"എടാ ... ആരാ കുട്ടി റോബിൻസ് വായിച്ചിട്ടുള്ളത് " ഉത്തരം ഒന്ന് കൂടി ഉറപ്പിച്ചു എഴുതാനുള്ള വ്യഗ്രതയിൽ ഫെബിന്റെ ശബ്ദം ഉയരുന്നു.

ഒരു വെളുത്ത തുവാല ഓരോ ടേബിളിലും താഴെ വീഴുന്നു, എടുക്കുന്നു, വീണ്ടും തൊട്ടപ്പുറത്തെ ടേബിളിനടിയിൽ വീഴുന്നു ... എടുക്കുന്നു. അതിനുള്ളിൽ വരക്കപ്പെട്ട ഡയഗ്രങ്ങളും

ഉത്തരങ്ങളും ആരും കേൾക്കാതെ മുഖം പൊത്തി ചിരിക്കുന്നു.

രണ്ടു വരികൾക്കപ്പുറം മീശ മുളക്കാത്ത ഒരു പയ്യൻ എഴുന്നേറ്റു നിൽക്കുന്നു. അവനെ ഒട്ടും പരിചയമില്ലാത്ത ഒരു ചെറുപ്പക്കാരിയാണ് ആ ഭാഗത്തെ ഇൻവിജിലേറ്റർ. എക്സ്ട്രാ ഷീറ്റുമായി ഓടിയെത്തിയ ടീച്ചറോട് അവൻ ചോദ്യപേപ്പറിലെ ഒരു ചോദ്യം ചൂണ്ടി നിഷ്കളങ്കമായി ഇപ്പോൾ കരയും എന്ന മട്ടിൽ ചോദിക്കുന്നു.

"ഇതിന്റെ ആൻസർ ഒന്ന് പറഞ്ഞു തരൂ മാഡം... പ്ളീസ് ... ഇല്ലെങ്കിൽ ഞാൻ തോറ്റു പോവും."

അവർ അവനെ അവജ്ഞയോടെ ഒന്ന് നോക്കി, അവിടെ നിന്നും മാറി. പക്ഷെ അഞ്ചു മിനിറ്റിനകം തിരികെ വന്നു ആ നിഷ്കളങ്കന് "ഉത്തരങ്ങൾ" പറഞ്ഞു കൊടുക്കുന്നു.

പരീക്ഷകഴിഞ്ഞതിനു ശേഷം ഹോസ്റ്റലിൽ എത്തിയ അവന്റെ ആ ശരീരം കുലുങ്ങി കുലുങ്ങി ഉള്ള ചിരി, ഒരു സിഗരറ്റും കയ്യിൽ പുകച്ചു കൊണ്ടു അർദ്ധ നഗ്നൻ ആയി ആ "ക്ലാസിക്" ചിരി ... വീണ്ടും ഞാൻ കാണുന്നു.

ഈ ആഘോഷങ്ങളുടെയും പരീക്ഷയുടെയും കഥകൾ മാത്രമല്ല. ഒരു വലിയ സമരത്തിന്റെ കഥ കൂടി ഈ ഓഡിറ്റോറിയത്തിന് പറയാനുണ്ട്. നമ്മുടെ ഒന്നാം വർഷയൂണിവേഴ്സിറ്റി പരീക്ഷയുടെ അന്ന് നടന്ന "ഗ്രിൽ പൂട്ടിയിട്ട" സമരം. ആ സമരത്തിന്റെ ഫലമായി നമ്മുടെ കൂട്ടത്തിലെ കുറെ പേർക്ക് പരീക്ഷ എഴുതാൻ പറ്റി.

കൂടാതെ യൂണിയൻ ഇലക്ഷൻ, കൗണ്ടിംഗ് ... ഇടയ്ക്കിടെ 'റിസൾട്ട്' പേപ്പറിൽ ചുരുട്ടി ജനാലയിലൂടെ താഴേക്ക് ഇടുന്നു. ലീഡ് ചെയ്യുന്നവരുടെ അല്ലെങ്കിൽ വിജയികളുടെ ഹർഷാരവങ്ങൾ.

അങ്ങനെ എന്തെല്ലാം കഥകൾ.

പണ്ട് പശുക്കൾ മേഞ്ഞു നടന്നിരുന്ന, രാത്രികളിൽ വന്നു കിടക്കുമായിരുന്ന ഒഴിഞ്ഞ സ്ഥലത്ത് ഇന്നൊരു ഗാർഡനുണ്ട്. അതിന്റെ പിതാവ് നമ്മുടെ അനീഷ് ജോർജ് ആണെന്ന് പറയാം. "സിനാപ്സ് " ന്റെ മിച്ചം വന്ന തുകയും വേറെ എവിടെ നിന്നൊക്കെയോ കിട്ടിയ ഫണ്ടും ഉപയോഗിച്ച് പുള്ളി തുടങ്ങി വെച്ച ഗാർഡൻ.

"ഐ സി എച്ച് ".

ഇവിടെ പഠിച്ചിറങ്ങിയ ഓരോരുത്തർക്കും ഐ സി എച്ചിനെ കുറിച്ച് ഒരുപാടു കഥകൾ പറയാൻ ഉണ്ടാകും. ഇവിടത്തെ കാപ്പി, പൂരി മസാല, മീൽസ്, ഓംലറ്റ്, രസം, കട്ലറ്റ്, പഴംപൊരി, ഇല അട, ബീറ്റ്റൂട്ട് മസാല ദോശ .... അതിനിടയിലെ പ്രണയങ്ങൾ, വായ്നോട്ടം, രാഷ്ട്രീയ ചർച്ചകൾ.

ഒരു വിധം എല്ലാ ദിവസവും എന്റെ ബ്രേക്ക്ഫാസ്റ്റ് ഐ സി എച്ചിൽ നിന്നായിരുന്നു. മൂന്ന് പൂരിയും കാപ്പിയും പത്തു രൂപ അതായിരുന്നു കോമ്പിനേഷൻ. ഉച്ചക്കുള്ള ഊണ്, അതിന്റെ കൂടെ രസവും തൈരും കൂടി മിക്സ് ചെയ്തു ഒരു ഓംലെറ്റിന്റെ കഷണവും കൂട്ടി ... ഒരു ലൈമും കൂടി ഉണ്ടെങ്കിൽ ഉസാറായി.

അവിടെയും ഉണ്ട് മറക്കാനാവാത്ത ആളുകൾ. ബാബുവേട്ടൻ , ശിവദാസേട്ടൻ ...

ഐ സി എച്ചിന്റെ സൈഡിലെ റോഡ് എല്ലാം വീതി കൂട്ടിയിരിക്കുന്നു. സൈഡിൽ ഇന്റർലോക്കിങ് ടൈൽസ് ഒക്കെ ഇട്ടു "ബ്യൂട്ടിഫയ് " ചെയ്തിരിക്കുന്നു.

നേരെ പഴയ എം എച്ച് III യിലോട്ടുള്ള റോഡിലേക്ക് കടന്നു. നമ്മുടെ ഏട്ടനെ (ലീനത്ത്) പാതിരാത്രി പശുക്കൾ കൂട്ടം ചേർന്ന് ഓടിച്ച റോഡ്, രാത്രിയുടെ ഏകാന്തമായ യാമങ്ങളിൽ ഫസ്റ്റ് ബ്ലോക്കിൽ നിന്നും കംബൈൻ സ്റ്റഡി കഴിഞ്ഞു ഒരു നീളൻ കടയും കയ്യിൽ പിടിച്ചു ലെഫ്റ് റൈറ്റ് അടിച്ചു മാർച്ചു ചെയ്തു വരുന്ന ഏട്ടനെ "ങ്ങർ ... ങ്ങർ ..." ശബ്ദം ഉണ്ടാക്കി പേടിപ്പിച്ച അതേ റോഡ്. ആ പാലമരവും കടന്നു തേർഡ് ബ്ലോക്കിന്റെ സൈഡിൽ എത്തി.

ആദ്യം കാണുന്ന റൂം. ഉണ്ണിരാജ, മൃദുലാൽ, റോഹൻരാജ്, നിഷാന്ത്, ഫിറോസ് ഖാൻ , ചെഗ്ര (മനോജ്) , അരുൺ അഭിലാഷ്, അമൃതരാജ് , വിജുൻ മാഷ്, മധു .... അങ്ങനെ കൂറേപേർ ഒരുമിച്ചുറങ്ങിയിരുന്ന റൂം. ഇടക്കതിൽ ഫിലിം ഷോ കൾ നടന്നിരുന്നു, ഇടക്കത് പാർട്ടി ഓഫീസ് ആകും. ഇലക്ഷൻ ആയി കഴിഞ്ഞാൽ ഫുൾടൈം പെയിന്റും ചാർട്ടുപേപ്പറും ബാനറും നോട്ടീസും ... അവിടെ ഇല്ലാത്ത ഒന്നും ഒന്നും ഉണ്ടായിരുന്നില്ല.

അതിന്റെ ഓപ്പോസിറ്റ് സൈഡിലെ രണ്ടാമത്തെ റൂം ആയിരുന്നു ഞങ്ങളുടെ ചീട്ടു കളി താവളം. കളീന്നു പറഞ്ഞാല് രാത്രി രണ്ടു മണി ... മൂന്നു മണി വരെ ഒക്കെ നീളുന്ന കളി. ആ റൂമിന്റെ സ്വന്തക്കാരായ ജ്യോതിഷ് ഹരിയെല്ലാം പലപ്പോഴും വേറെ റൂമുകളിൽ പോയാണ് കിടന്നിരുന്നത്.

അതിന്റെ മുകൾ നിലയിൽ ആണ് അനീഷ് ജോർജ്, അനീഷ് മോഹൻ, കപ്പിത്താൻ , മക്കാലു ...

താഴെ അസർ , അലാവു, പ്രശാന്ത് ...

നൗഷിഫും പ്രശാന്തും ചേർന്നുള്ള തർക്കങ്ങളും ചൊറിച്ചിലുകളും തമാശകളും അവിടത്തെ ഓർമ്മകൾക്ക് സ്വാദും മണവും കൂട്ടുന്നു. അത് പോലെ തന്നെ ആയിരുന്നു നൗഷിഫ്-രോഹൻ കോമ്പോയും.

ഇപ്പോൾ അതൊരു ലേഡീസ് ഹോസ്റ്റൽ ആണ്. അധികം നേരം അവിടെ നിന്ന് പരുങ്ങിയാൽ ചിലപ്പോ മാനം കപ്പല് കേറും.

എന്നാലും സെക്കന്റ് ഇയറിലും തേർഡ് ഇയറിലും ഒക്കെ അർമാദിച്ചു നടന്ന വഴികളും റൂമുകളും.

ഏട്ടന്റെ തേർഡ് ബ്ലോക്ക് ജീവിതം ഓർക്കാതെ എങ്ങനെ മുന്നോട്ടു പോവും. കാലത്തെഴുന്നേൽക്കും TT കളിക്കും. ഏഴര - ഏഴേ മുക്കാലിന് കളി നിർത്തി, കുളിച്ചു ബ്രേക്ക്ഫാസ്റ്റ് കഴിച്ചു എട്ടു മണിക്ക് വാർഡിൽ എത്തും. ലഞ്ചിന് ശേഷം വീണ്ടും TT അല്ലെങ്കിൽ ചെസ്സ് . തിയറി ക്ലാസ്സിൽ പോയി വിക്കി വിക്കി "77" നമ്പർ പറഞ്ഞതിന് ശേഷം ഉറങ്ങും. നാലു മണിക്ക് ചായ കുടിക്കും. ഗ്രൗണ്ടിൽ പോവും ഒന്നുകിൽ ഫുട്ബോൾ അല്ലെങ്കിൽ വോളിബോൾ. ഗ്രൗണ്ടിൽ നിന്നും നേരെ TT റൂം. ഏഴര- എട്ടു മണി വരെ. ചിക്കൻ ബിരിയാണി ഉള്ള ദിവസം കുറച്ചു നേരത്തേ നിർത്തും. രാത്രി ഭക്ഷണശേഷം ചീട്ടുകളി. അതങ്ങനെ നീളും ചിലപ്പോൾ രണ്ടു മണി , മൂന്നു മണി അങ്ങനെ ...

അങ്ങനെ ഏകദേശം ഒന്നര വർഷം. അവസാനം ഫൈനൽ ആവറേജിന്റെ ഒന്നോ രണ്ടോ മാസം മുൻപ് ഒരു ഗ്രാന്റ് ഫാദർ റോബിൻസ്, ഒരു അനന്ത നാരായണൻ (മൈക്രോ) , ഒരു ത്രിപാഠി ... വാങ്ങി വന്ന്, റൂമിന്റെ ഒരു മൂലയിൽ ഒരു കസേരയും മേശയും വലിച്ചിട്ടു കട്ട പഠിത്തം. ഒരു മാതിരി തപസ്സു ചെയ്യുന്ന പോലൊരു പഠിത്തം. അതാണ് "ഏട്ടൻ" എന്ന എഴുപത്തി ഏഴാം നമ്പറുകാരൻ "ലീനത്ത് തോമസ് വീനസ്".

അമിത്തിന്റെ തമാശകൾ, ലതീഷേട്ടന്റെ മണിചെയിനും ബിസിനെസ്സും "വല്യേട്ടൻ" കളികളും, കിളി, തായ് മാമൻ, MR റോൾ, ജ്യോതിഷ് ജോർജ്... ദിനു, വേണു, ജനീസ്, കുഞ്ഞി ടീമിന്റെ അക്കാഡമിക് റൂം .... അലാവൂന്റെ കഥകൾ, പെർഫോമൻസസ് ... ഷാഹിദ് ടി പി യുടെ "പി പി കൾ".... അങ്ങനെ എത്ര എത്ര കഥകൾ.

തേർഡ് ബ്ലോക്കിലേക്കു ഏറ്റവും അധികം ഫോൺ കാളുകൾ വന്നിരുന്നത് ഷാഹിദിനായിരിക്കണം. "നാട്ടുകാരെ ... നിങ്ങൾ അറിഞ്ഞോ ..." എന്ന ക്ലാസ് ഡയലോഗ് ഇവിടെ ഓർക്കുന്നു. ഇത്രയധികം "പി പി കൾക്ക്" വേണ്ടി ജീവിച്ച, ക്ലാസുകൾ കട്ട് ചെയ്ത വേറെ ആളുകൾ ഉണ്ടാവില്ല. അതുകൊണ്ടു തന്നെ തേർഡ് ബ്ലോക്കിലെ ഫോൺ ബോയ് ഗംഗാധരേട്ടനും ഷാഹിദും തമ്മിൽ ഒരു വല്ലാത്ത കെമിസ്ട്രി ആയിരുന്നു.

ഒന്നാം വർഷ യൂണിവേഴ്സിറ്റി പരീക്ഷ മാറ്റി വെച്ച അന്ന് 'പഠിക്കാൻ തുടങ്ങിയ' അല്ലെങ്കിൽ 'തീരുമാനമെടുത്ത' ആളാണ് ഷാഹിദ്. എല്ലാ ദിവസവും മൂന്ന് മണിക്ക് എഴുന്നേറ്റ കുളിച്ചു കുട്ടപ്പനായി ഇരിക്കാറുള്ള ഗംഗാധരേട്ടനോട് അന്നവൻ പറഞ്ഞു.

" ഇങ്ങള് ഒരു കാര്യം ചെയ്യണം. എല്ലാ ദിവസോം ഒരു നാലു മണിക്ക് എന്നെ വന്നു

വിളിക്കണം. ഞാൻ ചെലപ്പോ എണീക്കുല. എന്നാ ഇങ്ങള് കുറച്ചു കഴിഞ്ഞു വന്നു വീണ്ടും വിളിക്കണം. ഞാൻ എഴുന്നേൽക്കുന്നത് വരെ വിളിക്കണം."

ആദ്യത്തെ രണ്ടു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഷാഹിദിന്റെ ആവേശം ഒക്കെ പമ്പ കടന്നു. എന്നാലും ഗംഗേട്ടൻ വന്നു വിളിക്കും. രാത്രി ഷാഹിദ് പ്രത്യേകം മൂപ്പരോടു പോയി പറയും 'വിളിക്കണ്ടാന്ന്' . എന്നാലും മൂപ്പർക്ക് രാവിലെ എഴുന്നേറ്റാൽ ഷാഹിദിനെ വിളിച്ചെണീപ്പിക്കുക എന്ന പുണ്യ പ്രവൃത്തി നിർത്താൻ പറ്റിയിരുന്നില്ല.

അവസാനം ഷാഹിദ് റൂം മാറി കിടക്കാൻ തുടങ്ങി. പലപ്പോഴും ഹോസ്റ്റൽ തന്നെ മാറിക്കിടന്നിട്ടുണ്ട്.

എന്നാലും അതി രാവിലെ ഗംഗേട്ടൻ വന്നു വിളിക്കും, 114 ആം നമ്പർ റൂമിന്റെ വാതിൽ തട്ടി തട്ടി വിളിക്കും. അതിനുള്ളിലെ മറ്റു അന്തേവാസികൾ ആയിരുന്ന സാഹിദ് ഒട്ടു , യഹ്യ എം കെ എന്നിവരെ പിടിച്ചെഴുന്നേല്പിക്കും.

അവസാനം അവരും റൂം മാറികിടക്കാൻ തുടങ്ങി എന്നാണ് എന്റെ അറിവ്.

ഒന്നാം വർഷ അവസാനകാലത്തെ വിനോദിന്റെ ടെൻഷനും, അവനെ സാമാധാനിപ്പിക്കാൻ ശ്രമിച്ച പരീക്ഷയിൽ പരാജയപ്പെട്ടവരുടെ കഥകൾ...

" നമ്മളോരുമിച്ചു പണ്ട് കോട്ടി കളിച്ചു നടന്നത് ഓർമയില്ലേ ..." എന്ന ജാവേദിന്റെ പ്രശസ്തമായ ഡയലോഗ്.

ഫൈസലിന്റെ "റിലേറ്റീവ്" തിയറികൾ .

എപ്പോഴും 'ഇലെക്ട്രിസിറ്റി, വെള്ളം' എന്നിവ പാഴാക്കുന്നതിനെ കുറിച്ച് വേവലാതി പെട്ടിരുന്ന ജാവേദ്. എവിടെ അനാവശ്യമായി ലൈറ്റ് കത്തുന്നത് കണ്ടാലും ഓഫാക്കുന്ന, പൈപ്പുകൾ അടക്കുന്ന ജാവേദ്. പക്ഷേ, നൗഷിഫ് ഉറങ്ങുന്നത് കണ്ടാൽ മാത്രം അവനു സഹിക്കുല. പറ്റുന്നത്ര ലൈറ്റുകൾ അവനു വേണ്ടി അവൻ ഇടും. മറ്റുള്ളവർ ഉണർന്നിരിക്കുമ്പോൾ ഉറങ്ങുകയും ഉറങ്ങുമ്പോൾ ഉണർന്നിരുന്നു പഠിക്കുകയും ചെയ്തിരുന്ന "സഹമുറിയനോടുള്ള" സ്നേഹം.

തേർഡ് ബ്ലോക്കിലെ ജീവിതത്തെ കുറിച്ച് ഇനിയും ഒരുപാടു എഴുതാനുണ്ട്, പറയാനുണ്ട്. പക്ഷേ, നഷ്ടപ്പെട്ടു പോയ ആ വസന്തകാലത്തിന്റെ ഓർമ്മകളിൽ എന്റെ കണ്ണുകൾ നിറയുന്നു. ചങ്കിലൊരു പിടുത്തം. എന്റെ ഹൃദയമിടിപ്പുകൾ ഞാൻ അറിയുന്നു.

ഞാൻ മുന്നോട്ടു നടന്നു.

ഒന്നാമത്തെ ബ്ലോക്കിന്റെ മുൻപിൽ എത്തി. ഞങ്ങളുടെ റൂമിൽ ലൈറ്റുണ്ട്. ആ ജനാലക്കടുത്തു നിഴലുപോലെ കാണുന്ന തല ശ്രീഹരിയുടേതാവണം. വേണുവിന്റെ ഉറക്കെയുള്ള വിളികൾ ആ ചുമരുകളിൽ പ്രതിധ്വനിക്കുന്നു.

ആ മരം വീണ ദിവസം, സർജറി തിയറി എക്സാമിന്റെ തലേന്ന് "മച്ചാൻ" എന്ന ആ "വൻമരം" വീണതും ഭാഗ്യത്തിന് ഇടതു കൈ ഡിസ്ലോക്കേഷൻ ആയതും പിറ്റേന്ന് പരീക്ഷ എഴുതി ക്ലാസായി പാസ്സായതും ഈ അശോകമരങ്ങൾക്കു കൂടി അറിയാം.

ഞങ്ങൾ ലൈറ്റിട്ടു പഠിക്കാൻ ഇരുന്നിരുന്ന ടെറസ്സ്, കളി കഴിഞ്ഞു വന്നു ആ ടാങ്കിൽ നിന്നും ബക്കറ്റ് കണക്കിന് വെള്ളം തലയിൽ ഒഴിച്ചിരുന്ന ടെറസ്സ്, രാത്രികളിൽ ആകാശം നോക്കി കിടന്നിരുന്ന ഉറങ്ങിയിരുന്ന ആ ടെറസ്സ്, അച്ചായന്റെയും ജെ കെ യുടെയും ഒക്കെ കൂടെ പാട്ടു പാടി തകർത്തിരുന്ന ആ ടെറസ്സ് ... അതെല്ലാം ഷിറ്റിട്ടു മൂടിയിരിക്കുന്നു.

അവിടെ നോക്കുമ്പോൾ ആകെ ഒരു അന്ധകാരം.

മഴ ചാറാൻ തുടങ്ങി. ഈ മഞ്ഞ വെളിച്ചത്തിലെ മഴത്തുള്ളികളെ ... എത്ര നേരം നോക്കി ഇരുന്നിരിക്കുന്നു. ഇവിടത്തെ മഴക്കൊരു താളമുണ്ട്. വേറെ എവിടെയുമില്ലാത്ത ഒരു താളം. ഞാനീ മഴ ഒന്ന് കൂടി നനയട്ടെ. കണ്ണുകൾ അടച്ചു ആ ബാസ്ക്കറ്റ് ബോൾ കോർട്ടിൽ നിന്നു. നാല്പത്തി നാലാം ബാച്ച്കാരനായി ഒന്ന് കൂടി ഇങ്ങോട്ടു വരാൻ തോന്നുന്നു. ആ ജീവിതം ഒന്നുകൂടി ജീവിക്കാൻ ഉള്ളു തുടിക്കുന്നു.

എനിക്കിഷ്ടപ്പെട്ട മഴ, മഞ്ഞ വെളിച്ചം, രാത്രിയുടെ നിശബ്ദതയെ കീറിമുറിക്കുന്ന മഴയുടെ സംഗീതം .... എന്നാലും എന്തൊക്കെയോ നഷ്ടപ്പെട്ടത് പോലെ ... ഒരു വല്ലാത്ത ഒറ്റപ്പെടൽ.

ഞാൻ അവിടെ നിന്നും തിരിച്ചു നടന്നു. ആ വെളിച്ചത്തിൽ, ആ മഴയിൽ ക്ലോക്ക് ടവർ പഴയ പ്രതാപത്തെ ഓർമിപ്പിച്ചു കൊണ്ട് തലയുയർത്തി നിൽക്കുന്നു.

ഞങ്ങളുടേതെന്നു പറഞ്ഞു അഹങ്കരിച്ചിരുന്ന പലതും ഇന്ന് വേറെ ആരുടെയൊക്കെയോ സ്വന്തമാണ്.

എന്റെ കൂട്ടുകാരില്ലാതെ ആ സാഹചര്യങ്ങൾ ഇല്ലാതെ ഇത് വെറും കോൺക്രീറ്റ് കെട്ടിടം ആണെന്നെനിക്കു തോന്നി.

പ്രിയപ്പെട്ട ക്യാമ്പസ്, നീ ഞങ്ങളുടെത് കൂടി ആണ്.



SREEHARI G K

ഒരു നാൽപത്തിനാലാം ബാച്ചുകാരന്റെ ഡയറി

ജോലികൾ ചെയ്തു തീർക്കാൻ ഇരുപത്തിനാലു മണിക്കൂർ പോരാ എന്നോണം കാലത്തിന്റെ ചക്രങ്ങൾ അഞ്ചാമത്തെ ഗിയറിൽ കുതിക്കുകയായിരുന്നു. പെട്ടെന്നാണ് കാലത്തിന്റെ ചക്രങ്ങളിൽ ഗിയറിന്റെ പല്ലുകൾ പിടുത്തം തുടങ്ങിയത്- 'കൊറോണ'യുടെ രൂപത്തിൽ. അതോടെ ഭൂഗോളത്തിന്റെ ഭ്രമണവും പരിഭ്രമണവും ഒന്നാം ഗിയറിലായി.

ഈ വർഷം നടത്താനിരുന്ന പല പല ഒത്തുചേരലുകളും, ചടങ്ങുകളും, സൗഹൃദസന്ദർശനങ്ങളും അത്യാവശ്യങ്ങളല്ല; മറിച്ചു അനാവശ്യമാണെന്നാണ് കൊറോണ പറഞ്ഞു വെച്ചത്. അതുകൊണ്ടു തന്നെ എല്ലാം ഒഴിവാക്കേണ്ടി വന്നു.

ഒഴിവാക്കപ്പെട്ടതിൽ ഏറ്റവും വിഷമം തോന്നിയത് നമ്മുടെ ഇരുപതാം വർഷത്തെ "Anthesis Once again @ 2020 " വേണ്ട എന്ന് വെച്ചപ്പോഴാണ്.

ഈ സാഹചര്യത്തിലാണ് നമ്മൾ ഒരു ഓൺലൈൻ മാഗസിനെ കുറിച്ചു ചിന്തിക്കുന്നതും അതിനു വേണ്ടി ഓൺലൈനിൽ മീറ്റിങ് നടത്തുന്നതും. എല്ലാവരും വലിയ ആവേശത്തിൽ ആയിരുന്നു. അങ്ങനെ ലോകം മുഴുവൻ കൊറോണ ഭീതിയിൽ മുഴുകി, എല്ലാവരും സാമൂഹികവും ശാരീരിക അകലവും കാത്തു വീട്ടിൽ ഇരിക്കുന്ന

സമയം. അപ്പോളാണ് ലോകത്തിന്റെ വിവിധ കോണുകളിലുള്ള, ഏറെ അടുപ്പമുള്ള ബാച്ച് മേറ്റ്സിനെ "സൂം" മീറ്റിങ് വഴി കാണുന്നതും സംസാരിക്കുന്നതും. പലപല കഥകൾ പറഞ്ഞും തമാശകൾ പറഞ്ഞും പൊട്ടിച്ചിരിച്ചും എല്ലാവരും ആ പഴയ കൗമാരക്കാരായി കുറച്ചു സമയം.

അതു കഴിഞ്ഞു അന്ന് കുറെ നേരം ഉറക്കം വരാതെ കിടന്നു. ഓർമ്മകളുടെ, ഗൃഹാതുരതയുടെ വേലിയേറ്റം. കുറച്ചു നേരം ഉമ്മറത്ത് വന്നിരുന്നു. ആകാശത്ത് എന്നെ നോക്കി കണ്ണ് ചിമ്മുന്ന നക്ഷത്രക്കൂട്ടങ്ങളെ നോക്കി ഇരുന്നു. ആ തെളിഞ്ഞ ആകാശത്തു പൂർണ്ണചന്ദ്രന്റെ പ്രഭയിൽ ഒരു സിനിമയെന്നോണം കുറേ കഥാപാത്രങ്ങൾ എന്റെ മുൻപിൽ വന്നു. അതിൽ സന്തോഷുണ്ട്, അനീഷ് ജോർജുണ്ട്, ലീനത്ത്, ഷാലോസ്, ദിനു, ഷാഹിദ്, സുജിത്, അമിത്ത്, രജിത്, പ്രസാദ്, കിളി... അവരെന്നെ ടേസ്റ്റ് ബേക്കറിയിലേക്കു ചായ കുടിക്കാൻ വിളിക്കുന്നു. അപ്പുറത്തു നിന്നും നൗഷിഫ് വിളിച്ചു പറയുന്നു.

"എടാ നീ വരുമ്പോ ഒരു ഇയോസിനും ഹെമറ്റോക്സിലിനും വാങ്ങണെ..."

ആ സീൻ മെല്ലെ ഫൈഡ് ആയി.

ഒരു ടെയിൻ ചൂളം വിളിച്ചു വരുന്നുണ്ട്. അതെ ... അതുതന്നെ "പരശുറാം എക്സ്പ്രസ്സ്". അത് മെല്ലെ കോഴിക്കോട് റെയിൽവേ സ്റ്റേഷനിലെ പ്ലാറ്റ്ഫോമിൽ വന്നു നിന്നു. അതിൽ നിന്നും അച്ഛന്റെ കൂടെ ആ പതിനെട്ടുവയസ്സുകാരൻ "ഞാനും" ഇറങ്ങുന്നു.

മുമ്പ് പലതവണ കോഴിക്കോട് വണ്ടി ഇറങ്ങിയിട്ടുണ്ടെങ്കിലും ഇത് അത് പോലെ അല്ലായിരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ജോയിൻ ചെയ്യുന്നതിന് മുമ്പുള്ള ഓറിയന്റേഷന് വേണ്ടി ആയിരുന്നു അന്ന് വണ്ടി ഇറങ്ങിയത്. എന്റെ ചെറുപ്പം മുതലേയുള്ള സ്വപ്നം, രണ്ടു വർഷത്തെ കാത്തിരുപ്പ്... ആ സന്തോഷം, നിർവൃതി പറഞ്ഞറിയിക്കാൻ എനിക്കറിയില്ല.

ചേവായൂരിലാണ് അന്ന് ബസ് ഇറങ്ങിയത്. ഡെന്റൽ കോളേജിന് മുന്നിലൂടെ, പേ വാർഡിന്റെ സൈഡിലൂടെ, HSQ ന്റെയും മോർച്ചറിയുടെയും ഇടയിലൂടെ... നടന്നു ഞങ്ങൾ പോർട്ടിക്കോയിൽ എത്തി. ആ ചുമരുകളും തൂണുകളും ക്ളോക്ക് ടവറും എന്നെ ആവേശത്തിലാക്കി. ഇനി ഞാൻ പഠിക്കാൻ പോവുന്ന കോളേജ്... ഞാൻ അഭിമാനത്തോടെ അച്ഛനെ നോക്കി. അച്ഛനാണെങ്കിലോ അതിലേറെ സന്തോഷത്തിലാണ്.

അതിയായ സന്തോഷം വന്നാലും ടെൻഷൻ വന്നാലും ഞാൻ അറിയുന്നതിന് മുൻപേ എന്റെ വയർ അറിയും. വയറിൽ ഒരു 'ഗ്ലൂ ഗ്ലൂ', നെഞ്ചിടിപ്പ് ... അങ്കലാപ്പ്. നിയന്ത്രിക്കാൻ പറ്റാത്ത ഒരു മുട്ടൽ...

മുന്നിൽ കണ്ട ഒരാളോട് (42ND ബാച്ചിലെ സച്ചിൻ ജോർജ്ജായിരുന്നു അത്) ചോദിക്കാനായി ഞാൻ അടുത്ത് ചെന്നു. ഞാൻ എന്തെങ്കിലും ചോദിക്കുന്നതിനും മുമ്പേ ചോദ്യം ഇങ്ങോട്ടു വന്നു.

"ഫസ്റ്റ് ഇയർ ആണല്ലേ... ദാ ആ കാണുന്നതാ ഓഫീസ്. അങ്ങോട്ട് പോയാൽ മതി."

ഞാൻ ഒന്ന് പരുങ്ങി. എന്നാലും ആവശ്യം അപ്പോഴേക്കും അത്യാവശ്യം ആയിരുന്നു.

"ഓഫീസല്ല. ബാത്ത്റൂം എവിടെയാ ..."
എന്റെ ഭാവം കണ്ടപ്പോൾ സച്ചിന് എല്ലാം മനസ്സിലായെന്നു തോന്നുന്നു. പിന്നെ കൂടുതൽ ഒന്നും ചോദിച്ചില്ല. പോർട്ടിക്കോയുടെ പുറകിൽ ഗാർഡനോട് ചേർന്നുള്ള ബാത്ത്റൂം പെട്ടെന്ന് തന്നെ കാണിച്ചു തന്നു.

ഒരു നന്ദി പോലും പറയാൻ നിൽക്കാതെ... അതിനുള്ള സാവകാശം ഒന്നും ഉണ്ടായിരുന്നില്ല, ഞാൻ അകത്തു കയറി വാതിൽ അടച്ചു.

ആശ്വാസത്തോടെ പുറത്തിറങ്ങുമ്പോൾ അച്ഛൻ അവിടെ എല്ലാം എന്നെ അന്വേഷിച്ചു നടക്കുന്നുണ്ടായിരുന്നു.

അങ്ങനെ ഞാൻ "വലതു കാൽ" വെച്ച് എന്റെ കൊളേജിലേക്കു പ്രവേശിച്ചു.

രണ്ടായിരാമാണ്ട് ഒക്ടോബർ 23.

വീണ്ടും അതേ പരശുറാം എക്സ്പ്രസ്സ്, അതേ റെയിൽവേ സ്റ്റേഷൻ, പച്ച ബസ് ...

അന്ന് തുടങ്ങിയ യാത്ര 2013 വരെ തുടർന്നു. പരശുറാം എക്സ്പ്രസും കോഴിക്കോടും റെയിൽവേ സ്റ്റേഷനും എന്റെ ജീവിതത്തിന്റെ ഒരു ഭാഗം കൂടിയായി. ഇന്നും നീലേശ്വരം - ചെങ്ങന്നൂർ യാത്രകളിൽ കോഴിക്കോട് റെയിൽവേ സ്റ്റേഷൻ എത്തുമ്പോൾ ഞാൻ കണ്ണുകൾ മിഴിച്ചു, മൂക്ക് വികസിപ്പിച്ചു കോഴിക്കോടിനെ അനുഭവിക്കാൻ തുടങ്ങും. ഓരോ തവണയും ശങ്കരനും അമ്മിണിക്കും കാണിച്ചു കൊടുക്കും. ഇപ്പോഴും കോഴിക്കോടെത്തിയാൽ ഞാൻ അവരെ വിളിക്കും പ്ലാറ്റ്ഫോമിലേക്ക് ചൂണ്ടാൻ തുടങ്ങുമ്പോഴേ അവർ പറഞ്ഞു തുടങ്ങും.

"...അച്ഛൻ കോളേജിൽ പഠിക്കുമ്പോ സ്ഥിരമായി ഇറങ്ങുന്ന പ്ലാറ്റ്ഫോം അല്ലേ ...."

അഡ്മിഷൻ കഴിഞ്ഞു, ഓഫീസിൽ ഫീസ് ഒക്കെ അടച്ചു ഉച്ചയോടെ ഹോസ്റ്റലിൽ എത്തി.

ഫസ്റ്റ് ബ്ലോക്ക് ...കോമൺ ഹാൾ. എന്റെ ബാഗ് പിടിക്കാനും സഹായിക്കാനും കുറച്ചു പേർ വന്നു. ഞാൻ മനസ്സിൽ വിചാരിച്ചു. എന്ത് സ്നേഹമുള്ള സീനിയേഴ്സ്. എൻജിനീയറിങ് കോളേജ് പോലെ ഒന്നും അല്ല. ആ 'മനോഹരമായ ആചാരത്തെയും' ആ നല്ലവരായ 'മനുഷ്യസ്നേഹികളെയും' അന്ന് രാത്രിയാണ് ശെരിക്കും പരിചയപ്പെട്ടത്. ആ ബാഗ് പിടിച്ചതിനുള്ള കൂലിയും പലിശയും ഒക്കെ അവർ മുതലാക്കി .

അന്ന് വൈകുന്നേരം ഏകദേശം ആറു മണി ആയപ്പോഴാണ് ജീൻസും ടീ ഷർട്ടും ഒക്കെ ഇട്ട "ഒരു പയ്യൻ" കോമൺ ഹാളിലേക്ക് ഓടിക്കിതച്ചു വന്നത്. ഒരു വലിയ ബാഗ് ഒക്കെ തൂക്കി, ആകെ പേടിച്ചു വിറച്ചാണ് വരവ്. മറ്റൊരു അന്തേവാസി, വൈകി എത്തിയതിന്റെ പരിഭ്രമം അത്രയേ ഞാൻ കരുതിയുള്ളൂ. അവൻ ഒരു കട്ടിലിൽ ബാഗ് വെച്ച് ഇപ്പൊ കരയും എന്ന മട്ടിൽ ഇരിപ്പായി. ഞാനും മൂന്നാലു പേരും ചേർന്ന് അവനെ ആശ്വസിപ്പിക്കാൻ തുടങ്ങി. അവന്റെ അച്ഛനും അമ്മയും ICH ന്റെ അവിടെ അവനെ വിട്ടിട്ടു പോയത്രേ. വരുന്ന വഴിക്കു അവനെ കുറച്ചു സീനിയേഴ്സ് പിടിച്ചു കുടഞ്ഞത്രേ. അവൻ സീനിയേഴ്സിനെ പച്ച തെറി വിളിക്കാൻ തുടങ്ങി. എന്നെ തൊട്ടാൽ അവന്മാരെ ഞാൻ കോടതി കേറ്റും എന്നൊക്കെ ഇടയ്ക്കിടെ പറയുന്നുമുണ്ട്. ഇടയ്ക്ക കൊച്ചിന്ന് ക്വട്ടേഷൻ ടീമിനെ ഇറക്കും എന്നൊക്കെ പറഞ്ഞപ്പോൾ അവനെ ഒന്ന് കൂൾ ആക്കാൻ ഞാൻ തീരുമാനിച്ചു. ഒന്നുമല്ലെങ്കിൽ എൻജിനീയറിങ് കോളേജിൽ ഒരു വർഷം പയറ്റിയതല്ലേ. ഈ കൊച്ചു പയ്യന്മാരെ സംരക്ഷിക്കുകയും സമാധാനിപ്പിക്കുകയും ചെയ്യേണ്ടത് എന്റെ കടമയാണെന്ന് ഞാനങ്ങ് സ്വയം തീരുമാനിച്ചു.

ഞാനവന്റെ അടുത്തിരുന്ന് തോളിൽ കയ്യിട്ടു അവനെ സമാധാനിപ്പിക്കാൻ തുടങ്ങി.

"സങ്കടപ്പെടേണ്ട. ഇന്നത്തെ ഈ സീനിയേഴ്സ് ഒക്കെ നമ്മളെ പോലെ കഴിഞ്ഞ വർഷങ്ങളിൽ വന്നവരല്ലേ. അടുത്ത വർഷം നമ്മളും സീനിയർ ആവും. നീ അവരെ അത്രയ്ക്ക് വെറുക്കണ്ട. അവരും നല്ല ആൾക്കാരാണ്. നീ ബാഗ് ഒക്കെ എടുത്തു വെച്ച് റിലാക്സ്ഡ് ആയി ഇരിക്ക് ... ഞങ്ങളൊക്കെ ഇല്ലേ നിന്റെ കൂടെ ..."

അവൻ എന്റെ കൈ തട്ടിമാറ്റി, അവിടെ നിന്നും എഴുന്നേറ്റു പോയി. അവനെ പിന്നീട് കാണാതിരുന്നപ്പോൾ എനിക്ക് കുറച്ചു ടെൻഷൻ ആയി. ഇനി പേടിച്ചു വല്ല കടും കൈയും ...

അങ്ങനെ ഒന്നും സംഭവിച്ചില്ല എന്ന് മാത്രമല്ല. രാത്രി ഒരു പത്തുമണി ആയിട്ടുണ്ടാവും, "അവൻ" വന്നു. അവൻ മാത്രമല്ല; കൂടെ അഞ്ചാറ് പേരും ഉണ്ട്. ഇത്തവണ കരച്ചിലും പിഴിച്ചിലുമല്ല, ബാഗും ഇല്ല. പകരം കണ്ണൊക്കെ

ഉരുട്ടി, അട്ടഹസിച്ചു, കയ്യിൽ ഹോക്കി സ്റ്റിക്കും ക്രിക്കറ്റ് ബാറ്റും ഒക്കെ ആയാണ് വരവ്.

"ആരാടാ ...ഇവിടെ ഒരു മനുഷ്യസ്നേഹി ..." എന്ന അട്ടഹാസവും ഉണ്ട്.

ഇപ്പോൾ എനിക്കെല്ലാം മനസിലായി. നേരത്തെ വന്നത് ഒരു സീനിയർ ആണെന്നും അവരുടെ ഗാങ് ആണ് ഇപ്പോൾ എന്നെ തേടി വന്നിരിക്കുന്നത് എന്നും എനിക്ക് നല്ല പോലെ മനസിലായി.

ഞങ്ങളെ കൊണ്ട് സീനിയേഴ്സിനെ തെറി പറയിപ്പിച്ചു അതിന്റെ പേരിൽ എണ്ണി എണ്ണി ചൊറിയാനായിരുന്നു അവരുടെ പരിപാടി. ആ പ്ലാൻ ചീറ്റിപ്പോയി. പക്ഷേ, "മനുഷ്യസ്നേഹിയെ" അവർ കൂട്ടിക്കൊണ്ടു പോയി....

പക്ഷേ, സത്യം പറഞ്ഞാൽ അവർ എന്നെ രക്ഷിക്കുകയായിരുന്നു. നേരത്തെ എന്നെ ബാഗ് പിടിച്ചു സഹായിച്ച വിദ്യാന്മാരിൽ നിന്നും അവരുടെയും സീനിയേഴ്സ് ആയ ഇവർ എന്നെ കൂട്ടികൊണ്ടു പോയി. നാല്പത്തി ഒന്നാം ബാച്ചിലെ വളരെ രസികന്മാരായ ഒരു കൂട്ടം സുഹൃത്തുക്കളാണ് അന്നെന്നെ കൂട്ടികൊണ്ടു പോയത്. അവരെല്ലാവരും പിന്നീടെന്റെ അടുത്ത സുഹൃത്തുക്കൾ ആയി.

.....

കോമൺ ഹാളിന്റെ തൊട്ടടുത്ത് തന്നെയുള്ള ഒരു റൂമിൽ ആയിരുന്നു സാജുവേട്ടൻ താമസിച്ചിരുന്നത്. അന്ന് ഇന്റേൺഷിപ്പ് ചെയ്യുകയായിരുന്നു. ഡ്യൂട്ടി കഴിഞ്ഞു വന്നാൽ കോമൺ ഹാളിൽ വരും. ഞങ്ങളെ നല്ല രസകരമായി ചൊറിയും. 'കഥകൾ' എഴുതിപ്പിക്കും എന്നിട്ടത് വോയിസ് മോഡുലേഷനോടെ ഭാവാഭിനയത്തോടെ ഉറക്കെ വായിക്കണം. പാട്ടുകൾ പാടിക്കും, ഉപദേശങ്ങൾ തരും. അങ്ങനെ സാജുവേട്ടന്റെ കൂടെ ഇരിക്കുന്നത് ഞങ്ങൾക്കൊക്കെ സന്തോഷവും സമാധാനവും ആയിരുന്നു. ഒന്നാമത്തെ കാര്യം സൂപ്പർ സീനിയർ ആയ പുള്ളിയുടെ കൂടെ ഇരുന്നാൽ വേറെ ആരും നമ്മളെ പൊക്കി കൊണ്ട് പോവില്ല. മാത്രമല്ല സാജുവേട്ടൻ ഞങ്ങളുടെ ഒക്കെ ഒരു സ്വന്തം ചേട്ടൻ തന്നെ ആയി മാറിയിട്ടുണ്ടായിരുന്നു.

മാസങ്ങൾക്കുള്ളിൽ ഒരു ഫെബ്രുവരി രണ്ടിന് ആ ദീപം പൊലിഞ്ഞു. പക്ഷേ, ആ ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് തന്നെ ഞങ്ങളെ വളരെ അധികം സ്വാധീനിച്ച, ഒരിക്കലും മറക്കാനാവാത്ത വ്യക്തിത്വമായി മാറിയിരുന്ന "സാജുവേട്ടൻ".

ആ ഓർമ്മകൾക്ക് മുൻപിൽ എന്റെ പ്രണാമം.

ആദ്യത്തെ ആഴ്ചയിൽ തന്നെ, അനാട്ടമി ഡിസക്ഷൻ ഹാളിൽ ഇരിക്കുമ്പോൾ "ഭാഗ്യം മേഡം" എന്റെ അടുത്ത്

വന്ന് ...എന്നെ സൂക്ഷിച്ചു നോക്കുന്നു. എന്റെ കയ്യും കാലും ഒക്കെ മേഡത്തിന്റെ "കയ്യ് താടിയിൽ വെച്ചുള്ള " ആ ക്ളാസിക് പോസിൽ സംശയത്തോടെ നോക്കുന്നു.

"ഇയാളുടെ കാലിന് എന്തെങ്കിലും കുഴപ്പമുണ്ടോ ?"

"ഇല്ല മേഡം"

"ഇയാള് തന്നെ അല്ലേ ... ആ ദേവത സീരിയലിലെ ..."

"അതേ ..മേഡം "

അന്ന് ഏഷ്യനെറ്റിലെ "ദേവത" എന്ന സീരിയലിൽ ഞാൻ അഭിനയിക്കുന്നുണ്ടായിരുന്നു. അതിൽ ഞാനൊരു മുടന്തനായ കഥാപാത്രം ആയിരുന്നു. ഭാഗ്യം മേഡം അതിന്റെ സ്ഥിരം പ്രേക്ഷകയും. ആദ്യത്തെ മൂന്ന് നാലു മാസം എല്ലാ വീക്കെന്റിലും അതിന്റെ ഷൂട്ടിങ്ങിനായി ഞാൻ തിരുവനന്തപുരത്തേക്ക് പോവുമായിരുന്നു. തിരിച്ചു വന്നാൽ ഭാഗ്യം മേഡത്തിന് ഓരോ ആഴ്ച്ചയിലും വരാൻ പോവുന്ന എപ്പിസോഡിന്റെ കഥ പറഞ്ഞു കൊടുക്കണമായിരുന്നു.

ചില ആഴ്ച്ചകളിൽ തിരുവനന്തപുരത്തേക്ക് പോകുമ്പോൾ അനീഷ് ജോർജ്ജും സാജനും കൊല്ലം വരെ കൂടെ ഉണ്ടാവും. ഒരിക്കൽ സീരിയലിൽ അഭിനയിക്കുമ്പോൾ ഞാൻ അനീഷിന്റെ ഷർട്ടായിരുന്നു ഇട്ടത്. അതിനു വേണ്ടി അവൻ തന്നു വിട്ടതായിരുന്നു എന്ന് പ്രത്യേകം പറയേണ്ടല്ലോ. അതിൽ എന്റെ ചേച്ചി ആയി അഭിനയിച്ച ഐശ്വര്യ (നരസിംഹത്തിലെ നായിക) എന്നെ കെട്ടിപ്പിടിച്ചു കരയുകയും ഉമ്മ വെക്കുകയും ഒക്കെ ചെയ്യുന്ന ഒരു സീനുണ്ടായിരുന്നു.

ആ ഷർട്ട് അനീഷ് പിന്നെ കഴുകിയിട്ടില്ല എന്നാണ് കഥ... അല്ല ചരിത്രം.

ആ എപ്പിസോഡ് ടെലികാസ്റ്റ് ചെയ്യുന്ന ദിവസം ഞങ്ങൾ ടീവി റൂമിൽ പോയി ഈ സീരിയൽ വെച്ചു. അനീഷിന്റെ "ഷർട്ട് " അഭിനയിച്ചു തകർക്കുന്നത് കണ്ടു ഞങ്ങൾ ഹർഷപുളകിതർ ആയി ഇരിക്കുമ്പോഴാണ് "അമ്മാവൻ", "ഗുരു"...തുടങ്ങിയ സീനിയേഴ്സ് കടന്നു വരുന്നത്. അവരും സീരിയൽ കാണാൻ കൂടി. പക്ഷേ എനിക്കിട്ടൊരു പണി നൈസായി തന്നു. പിന്നീടുള്ള രണ്ടു ദിവസത്തേക്ക് കോമൺ ഹാളിനു വെളിയിൽ ഇറങ്ങുമ്പോൾ സീരിയലിലേതു പോലെ മുടന്തി കൊണ്ടേ നടക്കാൻ പാടുള്ളൂ.

"ആസനത്തിൽ ആലു മുളച്ചാൽ അതും ഒരു തണൽ" എന്ന് പറയും പോലെ അതും ഒരു മൈലേജ് ആയി കണ്ടു ഞാൻ ആ നിർദ്ദേശം കൃത്യമായി പാലിച്ചു.

.....

അതിനിടക്ക് യൂഫോറിയ വന്നു, പരീക്ഷകൾ നടന്നു. ഞങ്ങൾ തേർഡ് ബ്ലോക്കിലേക്കു താമസം മാറ്റി. നൗഷിഫിന്റെ ഉറക്കം, ഡി ജി യുടെ തള്ളലുകൾ, അലാവു/ അസരി ടീമിന്റെ റൂം, ഷാഹിദും ഗംഗാധരേട്ടനും കൂടിയുള്ള രാവിലത്തെ സാറ്റ് കളി.... തേർഡ് ബ്ലോക്കിലെ മറക്കാൻ പറ്റാത്ത ഒരു അനുഭവമാണ് വൈകുന്നേരത്തെ ടേസ്റ്റ് ബേക്കറിയിലേക്കുള്ള യാത്ര ... ചായ.

വേൾഡ് ടേഡ് സെന്റർ ആക്രമിക്കപ്പെട്ടു, പെന്റഗൺ തകർന്നു. പിറ്റേ ദിവസം യൂണിവേഴ്സിറ്റി പരീക്ഷക്ക് ആഘോഷമായി പോയി. അവിടെ നടന്ന ഗ്രിൽ പൂട്ടിയിട്ടു സമരം. ഒരു കൈയ്യിൽ ഹാൾ ടിക്കറ്റും പേനയും മറ്റേ കൈ ആകാശത്തിലേക്കു ചുരുട്ടി മുദ്രാവാക്യം വിളിക്കുക. നമ്മുടെ യൂണിവേഴ്സിറ്റി പരീക്ഷ മാറ്റിവെക്കപ്പെട്ടു. പിന്നീട് നടന്ന കേസ്...ഹൈക്കോടതി വിധി. അങ്ങനെ നമ്മുടെ ബാച്ചിലെ കുറെപ്പേർക്ക് കൂടി യൂണിവേഴ്സിറ്റി പരീക്ഷ എഴുതാൻ പറ്റി.

പിന്നീട് നടന്ന ഇലക്ഷൻ... അസ്‌ലംക്കയുടെ തീപ്പൊരി പ്രസംഗം, ആരും കയ്യടിച്ചു പോവുന്ന അമീർ ഹംസയുടെ മമ്മൂട്ടി സ്റ്റൈൽ പ്രസംഗം ... ഇലക്ഷൻ കഴിഞ്ഞുള്ള ആഘോഷം.

എന്തൊക്കെ ആയിരുന്നു. എങ്ങനെ മറക്കും ...

ക്ലിനിക്കൽ പോസ്റ്റിങ്ങ് തുടങ്ങി. ആദ്യത്തെ പോസ്റ്റിങ്ങ് ഗൈനക്ക് ആയിരുന്നു. ഞാനും ഒൻപതു സുന്ദരിമാരും ആയിരുന്നു ഒരു യൂണിറ്റിൽ. എന്റെ സൗകര്യങ്ങൾ കണക്കിൽ എടുത്തും എനിക്ക് പൂർണ്ണ അധികാരം തന്നും

(എന്നായിരുന്ന വെപ്പ്) ആയിരുന്ന യൂണിറ്റിലെ ക്ളാസ്സുകളും കേസ് പ്രസന്റേഷനും ഒക്കെ. ഹൃദ്യമായ സാഹോദര്യത്തോടും അങ്ങേയറ്റം സന്തോഷത്തോടും ആയിരുന്ന ഓരോ പോസ്റ്റിംഗുകളും കടന്നു പോയത്.

ആദ്യത്തെ മെഡിസിൻ പോസ്റ്റിങ്ങ് ഒഴികെ ബാക്കിയെല്ലാം ഭാസ്ക്കരൻ ചാലിൽ സാറുടെ കൂടെ ആയിരുന്നു. എന്റെ ഏറ്റവും പ്രിയപ്പെട്ട ഗുരുനാഥൻ. സാറിന്റെ കീഴിലുള്ള പോസ്റ്റിംഗുകളും സാറ് പഠിപ്പിച്ചു തന്ന ക്ലിനിക്കൽ എക്സാമിനേഷൻ സ്കില്ലുകളും എനിക്ക് കിട്ടിയ ഏറ്റവും വലിയ അനുഗ്രഹമാണ്. ആ അനുഗ്രഹം ഇന്നും എന്റെ കൂടെ ഉണ്ട് എന്നാണ് എന്റെ വിശ്വാസം.

അതിനിടയിൽ ബി സോൺ, ഇന്റർ സോൺ, PYREXIA, SYNAPZ, ANTHESIS, REVERBERATIONS, SPIC MACAY, ഇന്റർ ക്ലാസ്, നാടകം, സന്തോഷിന്റെ മാഗസിൻ ... വിപിൻദാസ് , ശ്രീജൻ ... മുൻപ് നൃത്തം ചെയ്തിട്ടുണ്ടെങ്കിലും ആദ്യമായി നൃത്തം ചിട്ടപ്പെടുത്തുന്നത് നമ്മുടെ Anthesis നായിരുന്നു. Spicmacay ക്കു വേണ്ടി പ്രോഗ്രാമുകൾ വലിയ കലാകാരന്മാരെ കൊണ്ട് വന്നു നടത്തിയതും വേറിട്ട മറക്കാൻ പറ്റാത്ത അനുഭവങ്ങൾ ആയിരുന്നു.

എല്ലാം എഴുതണം എന്നുണ്ട്. പക്ഷേ എവിടെ തുടങ്ങണമെന്നോ, എവിടെ നിർത്തണമെന്നോ അറിയില്ല. എഴുതിത്തീർക്കാൻ ഒരുപാടു പേജുകൾ വേണ്ടിവരും. അത്രയും നല്ല ഓർമ്മകൾ ഉണ്ട്. ആ നല്ല ഓർമ്മകൾ തന്ന എന്റെ ക്യാമ്പസ്സിനും എന്റെ കൂട്ടുകാർക്കും എങ്ങനെ നന്ദി പറയണം എന്നും അറിയില്ല.

ഇനിയുമൊരിക്കൽ കൂടി നാല്പത്തി നാലാം ബാച്ചിൽ എത്താൻ കഴിഞ്ഞാൽ ഓരോ നിമിഷവും അത് പോലെ പുനർജനിക്കണം.

ഒന്നൊഴികെ... ഇന്റേൺഷിപ്പ് കഴിയാൻ ദിവസങ്ങൾ മാത്രം ബാക്കിയിരിക്കെ അരങ്ങേറിയ... ആരുടെയൊക്കെയോ കുബുദ്ധിയിൽ തിരക്കഥ എഴുതപ്പെട്ട ആ "സമരനാടകം"... അതുമാത്രം വേണ്ടിയിരുന്നില്ല.

ബാക്കിയെല്ലാ ഓർമ്മകളും എന്റെ സന്തോഷങ്ങളാണ്, എന്റെ ആത്മവിശ്വാസങ്ങൾ ആണ്... എന്നെ ഞാനാക്കിയ നിമിഷങ്ങൾ ആണ്.

PRETTY MATHEW

പുട്ടിന്റെ വീട് ഞങ്ങളുടെയും.

പുട്ടിന്റെ വീട് ഇല്ലാതെ 44ത് ബാച്ചിന്റെ കോളേജ് കഥകൾ ഒരിക്കലും പൂർണമാവില്ല. നമ്മുടെ കോളേജിന് ഏറ്റവും അടുത്ത് വീടുള്ള പുട്ടിനെ ഞങ്ങൾ ഹോസ്റ്റ്ലെഴ്സ് അൽപം അസൂയയോടെ ആണ് ആദ്യം നോക്കിയത്. പക്ഷേ, പിന്നീട് കോളേജും ഹോസ്റ്റലും സ്വന്തം വീടിനോളം പ്രിയപ്പെട്ടതായപ്പോൾ, ഒന്ന ആഞ്ഞു നടന്നാൽ ചെന്നെത്താവുന്ന അമ്പലക്കോത്തുള്ള പുട്ടിന്റെ വീട് ഞങ്ങളുടെ കോളേജ് ജീവിതത്തിന്റെ ഭാഗമായി മാറി.

ഒരു വയനാടൻ ട്രിപ് കഴിഞ്ഞ് വളരെ ലേയ്റ്റ് ആയി ഹോസ്റ്റൽ ടൈം കഴിഞ്ഞ് തിരിച്ചെത്തിയ ഞങ്ങളെ വീട്ടിലേക്ക് ക്ഷണിച്ചു കൊണ്ടാണ് പുട്ടിന്റെ അച്ഛൻ ആദ്യമായി ആ വീട്ടിലേക്ക് എൻട്രി പാസ് നൽകിയത്. ആ എൻട്രി പാസ്സ് ഞങ്ങൾ ഒരു പെർമനെന്റ് വിസയാക്കി നന്നായി ഉപയോഗിച്ചു. ആറര വർഷവും, പലപ്പോഴും അതിനു ശേഷവും. ആ വീട്ടിൽ ഞങ്ങളുടെ സാന്നിദ്ധ്യം ഇഷ്ടപ്പെടാത്ത ഒരേ ഒരാൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അങ്കിൾ ഓമനിച്ച് വളർത്തുന്ന നായകുട്ടി. അവൻ ഇടക്കൊക്കെ കുരച്ചു പ്രതിഷേധം അറിയിച്ചു കൊണ്ടിരുന്നു.

വീട്ടിൽ പോവാനാവാത്ത വീക്കെൻഡ്കളിലും വെക്കേഷനുകളിലും കോവൂരിലെ സിഡി ഷോപ്പിൽ നിന്നും കൈ നിറയെ പുതിയ ഫിലിമുകളുമായി പുട്ടിന്റെ വീട്ടിൽ എത്തി, ഉറങ്ങാതെ ഇരുന്നു ബിഞ്ച് വാച്ചിങ് നടത്തി. നീണ്ടു നിൽക്കുന്ന പരീക്ഷകാലങ്ങൾക്ക് ഒടുവിൽ റിലാക്സ് ചെയ്യാനും ബോധം കെടുറങ്ങാനും ഞങ്ങൾ പുട്ടിന്റെ വീട്ടിലേക്ക് ഓടിയെത്തി.

ആ വീടിലെ ആഘോഷങ്ങൾ എല്ലാം ഞങ്ങളുടേത് കൂടി ആയി. അവിടെ നിന്നാണ് ഞാൻ ആദ്യമായി വിഷുക്കണി കണ്ടത്. തലേന്ന് രാത്രിയിൽ ആൻറി ഒരുക്കിയതായിരുന്ന ആ കണി. പുലർച്ചെ നാലു മണിക്ക് എണീറ്റ് ചന്ദനതിരിയുടെ നറുമണം നിറഞ്ഞ മുറിയിൽ നിലവിളക്കിന്റെ വെളിച്ചത്തിൽ കണ്ട ആ വിഷുക്കണിയും രുചികരമായ വിഷു സദ്യയും ഓർക്കാതെ ഒരു വിഷുക്കാലം പോലും കടന്ന് പോയിട്ടില്ല.

ശിവരാത്രി ദിവസം രാവിലെ ശിവന്റെ അമ്പലം, പിന്നെ "ദക്ഷിൻ ദ് വെജ്" ലെ ഭക്ഷണം. അങ്കിളുമായുള്ള ലോകകാര്യങ്ങളെ കുറിച്ചുള്ള സീരിയസ് ഡിസ്കഷൻസ്. അങ്ങനെ എല്ലാവർക്കും ഉണ്ട് എന്തെങ്കിലും സ്പെഷ്യൽ മെമ്മറീസ്. ഞാൻ എന്റെ ജീവിതത്തിൽ കഴിച്ചതിൽ വച്ച ഏറ്റവും നല്ല ഉപ്പുമാവ് ആൻറി ഉണ്ടാക്കിയതായിരുന്നു. നറു നെയ്യിന്റെ നനുത്ത സ്വാദും പെർഫെക്റ്റ് കൺസിസ്റ്റെൻസിയും ആയി നാവിൽ അലിഞ്ഞു ചേരുന്ന ഉപ്പുമാവ്. എന്റെ കിച്ചെനിൽ ഞാൻ സ്വന്തമായി ഉണ്ടാക്കിയ ഉപ്പുമാവിന്റെ ഒക്കെ ഗോൾഡ് സ്റ്റാൻഡേർഡ് അതായിരുന്നു. പക്ഷേ ഞാൻ ഒഴിച്ച നെയ്യ് എല്ലാം കൊളസ്റ്ററോൾ ലെവൽ കൂട്ടി എന്നതല്ലാതെ യാതൊരു ഇംപാക്ട്ഉം ഉണ്ടാക്കിയില്ല.

എംബിബിഎസ് കഴിഞ്ഞു പിജിക്കു ചേർന്നപ്പോൾ ഹോസ്റ്റലിൽ റൂം കിട്ടാതിരുന്ന സമയത്തും ഓടിയെത്താൻ പുട്ടിന്റെ വീട് ഉണ്ടായിരുന്നു. ആൻറി അപ്പോഴും രാവിലെ എണീറ്റ് ഞങ്ങൾക്ക് വേണ്ടി ദോശയും ഉപ്പുമാവും ഒരുക്കി സ്നേഹത്തോടെ കാത്തു നിന്നു.

ഒരു നല്ല അമ്മയും ഹോം മെയ്ക്കറും എങ്ങനെ ആവണമെന്ന് ആൻറി ഞങ്ങൾക്ക് കാണിച്ചു തന്നു. കോഴിക്കോടിന്റെ ഹോസ്പിറ്റാലിറ്റി എന്താണെന്ന് പുട്ടിന്റെ വീട്ടിൽ ഞങ്ങൾ നേരിട്ടു കണ്ടു, അനുഭവിച്ചു. കടങ്ങൾ ഏറെയുണ്ട് ബാക്കി. എല്ലാ കടങ്ങളും വീട്ടാനുള്ളതല്ലല്ലോ. ചില കടങ്ങൾ ബാക്കി വെയ്ക്കുന്നത് ഒരു സുഖമാണ്....

Memories never die, So do friendships....

SONNY DEVASSIA

യൂഫോറിയ

അത്ഭുതവും സന്തോഷവും അതിന്റെ പാരമ്യത്തിൽ എത്തിയ ഒരു നിമിഷം ഓർക്കുന്നുണ്ടോ എന്ന് ചോദിച്ചാൽ എന്റെ മനസ്സിൽ ഓടിയെത്തുന്ന നിമിഷം ഒന്നേയുള്ളൂ. കോഴിക്കോട് മെഡിക്കൽ കോളേജിൽ അഡ്മിഷന് വേണ്ടി അനാട്ടമി ലെക്ചർ ഹാളിലേക്ക് കയറിയ ആ നിമിഷം, ആ ദിവസം. രണ്ടായിരാമാണ്ടിലെ ഒക്ടോബർ 23, എന്റെ ജീവിതത്തിലെ തങ്കലിപികളാൽ എഴുതപ്പെട്ട ദിവസം.

ആ ലെക്ചർ ഹാളിലെ ബ്ലാക്ക് ബോർഡിൽ മനോഹരമായി "യൂഫോറിയ" എന്നെഴുതി വച്ചിരുന്നു. എന്റെ അപ്പോഴത്തെ മാനസികാവസ്ഥയും അത് തന്നെ ആയിരുന്നു.

LH-III യിലെ മുപ്പത്തി രണ്ടാം നമ്പർ റൂമിൽ ഞങ്ങൾ ഏഴു പേർ ഒരു പരാതിയുമില്ലാതെ ഒരുമിച്ചുണ്ടു, ഉറങ്ങി, പഠിച്ചു. സൗഹൃദങ്ങൾ വളർന്നു പന്തലിച്ചു. റൂം മേറ്റ്സിൽ തുടങ്ങി, ടേബിൾ മേറ്റ്സ് ആയി, യൂണിറ്റ് മേറ്റ്സ് ആയി

... ഞങ്ങൾ ബാച്ച് മേറ്റ്സ് ആയി. കേരളത്തിന്റെ പല കോണുകളിൽ നിന്നും വന്ന ഞങ്ങൾ 44 th കുടുംബമായി.

കൗമാരങ്ങളായി വന്നവർ യുവാക്കളും യുവതികളുമായി. നിരവധി പ്രണയവല്ലരികൾ പൂത്തു, കായും ഫലവുമുണ്ടായി. ചില പൂക്കൾ പൊഴിഞ്ഞു വീണു. എന്നാലും ആ വർഷങ്ങൾ നിറയെ നിറങ്ങളും സുഗന്ധവുമാണ്. ഓർമ്മകളിൽപ്പോലും ആ സുഗന്ധം ഞാൻ അറിയുന്നു.

ഇന്റേൺഷിപ് തുടങ്ങി. ആദ്യ പോസ്റ്റിങ്ങ് "ചെറുപ്പ പി എച്ച് സി" യിൽ ആയിരുന്നു. ഓ പി യിൽ പോയി രോഗികളെ നോക്കാൻ പറഞ്ഞു. ഡോക്ടറായി ആദ്യത്തെ ദിവസം. സ്വയം ഡോക്ടർ ആയി എന്ന് അംഗീകരിക്കാൻ ഒരു മടി. ഓ പി യിലെ ഡോക്ടർമാർ ഇരിക്കുന്ന കസേരകളിൽ പിടിച്ചു, ഇരിക്കാതെ കുറച്ചു നേരം നിന്നു.

അപ്പോഴതാ അപ്പുറത്തു രണ്ടു വിദ്വാന്മാർ യാതൊരു ക്ലൂസലും കൂടാതെ, വലിയ ഡോക്ടർമാരെപ്പോലെ രോഗികളെ നോക്കുന്നു. സന്തോഷും ശ്രീഹരിയും. ചിരിച്ചു, രോഗികളോട് നന്നായി സംസാരിച്ചു മരുന്നൊക്കെ എഴുതികൊടുക്കുന്നതു കണ്ടാൽ വലിയ ഡോക്ടർമാർ ആണെന്നേ തോന്നൂ. അവന്മാർ എന്താണാ പ്രിസ് ക്രിപ്ഷനിൽ എഴുതുന്നത് എന്നറിയാൻ ഒരു ആകാംക്ഷ തോന്നി. അവിടെ പോയി നോക്കാൻ ഈഗോ സമ്മതിച്ചില്ല.

ഒരു കസേര വലിച്ചിട്ട് അവിടെ ഇരുന്നു. ആദ്യത്തെ രോഗി വന്നു. ഞാനും അസുഖവിവരങ്ങൾ ചോദിച്ചു. മരുന്നെഴുതി കൊടുത്തു. അങ്ങനെ ഞാനും ഒരു ഡോക്ടർ ആയി. ആ കസേര ഒന്ന് കൂടി നേരെയിട്ട്, ഞാൻ അതിൽ അമർന്നിരുന്നു.

അന്ന് തന്നെ നൈറ്റ് ഡ്യൂട്ടി എനിക്ക് കിട്ടി. ഭാഗ്യത്തിന് ശിവാനി കൂട്ട് നിന്നു. ആശുപത്രിയുടെ പുറത്തുള്ള ചെറിയ ഹോട്ടലിൽ നിന്നും ചോറും മീൻ കറിയും ഒക്കെ കഴിച്ച്, ആ ചെറിയ ഡ്യൂട്ടി റൂമിൽ ഞങ്ങൾ ഇരുന്നു. ശിവാനി ഇത്രേം വലിയ ഫിലോസഫി ആണെന്ന് അന്നാണ് മനസിലായത്. ഞാനീ "ആൽകെമിസ്റ്റ്" എന്നും "പൗലോ കൊയ്ലോ " എന്നുമൊക്കെ ആദ്യമായി അന്ന് കേട്ടു. അന്ന് തന്നെ "ആൽകെമിസ്റ്റ്" എന്ന പുസ്തകം അവൾ എന്റെ കൈകളിൽ പിടിച്ചേൽപ്പിച്ചു. പിന്നീടുള്ള ദിവസങ്ങളിൽ ഞാൻ അത് വായിക്കുന്നെണ്ടെന്ന് ഒരു ടീച്ചറെപ്പോലെ ഉറപ്പു വരുത്തി.

അന്നവൾ പലതവണ പറഞ്ഞു. " നോക്ക് സോണീ, ഡോക്ടർ ആയി ജീവിതത്തിലെ ആദ്യ ദിവസം, ആദ്യത്തെ ഡ്യൂട്ടി. അതെന്റെ കൂടെയാണ്. അതുകൊണ്ട് ജീവിതത്തിൽ ഒരിക്കലും മറക്കരുത്."

ആ ദിവസവും ആൽക്കമിസ്റ്റും ശിവാനിയും അവളുടെ ഫിലോസഫികളും ഞാൻ ഒരു ചെറിയ ചിരിയോടെ ഇന്നും ഓർക്കാറുണ്ട്.

ജീവിതത്തിന്റെ അർത്ഥങ്ങളും അർത്ഥസൂന്യതകളും ഒക്കെ തലനാരിഴ കീറി പരിശോധിച്ച ആ രാത്രിയിൽ എപ്പോഴോ ഞാനൊന്നു മയങ്ങി.

വാതിലിൽ മുട്ട് കേട്ട് എഴുന്നേറ്റു നോക്കിയപ്പോൾ നഴ്സിംഗ് അസിസ്റ്റന്റ് ചേച്ചി ആണ്. ഒരു രോഗി വന്നിട്ടുണ്ടത്രെ. ഞാനും ശിവാനിയും ചാടി എഴുന്നേറ്റു. സമയം ഏകദേശം രണ്ടുമണി ആയിക്കാണും. ഞങ്ങൾ രണ്ടു പേരും ചേച്ചിയുടെ പുറകെ നടന്നു. ഈ പാതിരാത്രി എന്ത് അസുഖമാണോ എന്തോ. ചെറിയ ടെൻഷൻ ഉണ്ട്. എന്തായാലും കുറച്ചപ്പുറത്ത് മെഡിക്കൽ കോളേജ് ഉണ്ടല്ലോ, റെഫർ ചെയ്യാമല്ലോ. അതാണ് ഒരു സമാധാനം.

അവിടെ ചെന്ന് നോക്കുമ്പോൾ ഒരു കുഞ്ഞാണ്. ഞങ്ങൾ രണ്ടു പേരുടെയും വിശദമായ പരിശോധനക്ക് ശേഷം കൊച്ചിന് "ചിക്കൻ പോക്സ്" ആണെന്ന് ഞങ്ങൾ ഡയഗ്നോസ് ചെയ്തു. പാരസെറ്റമോളിന്റെയും അമോക് സിസിലിന്റെയും ഡോസ് മാത്രം അറിയുന്ന ഞങ്ങളുടെ മുന്നിലേക്കാണ് ചിക്കൻ പോക്സുമായി ഒരു രോഗി വന്നിരിക്കുന്നത്. അതും ഒരു കോച്ച്.

അസൈക്ലോവീറിന്റെ ഡോസ് എങ്ങനെയാ ... രണ്ടു പേരും മുഖത്തോടു മുഖം നോക്കി. ഞാൻ പതിയെ റൂമിലേക്ക് പോയി "സന്തോഷ് കുമാർ " എന്ന പീഡിയാട്രിക്സ് പുസ്തകം നോക്കി തുടങ്ങി. തുക്കത്തിനനുസരിച്ചു ഡോസ് ഒക്കെ കണക്കാക്കി ഞാൻ വരുന്നത് വരെ ശിവാനി അവരെ എന്തൊക്കെയോ പറഞ്ഞു മാനേജ് ചെയ്തു. ഇനി ആൽകെമിസ്റ്റിന്റെ കാര്യം അവരോടും പറഞ്ഞോ എന്തോ.

അങ്ങനെ ഡോക്ടർ ജീവിതത്തിലെ ആദ്യ ദിനം കടന്നു പോയി.

ഭാസ്കരൻ ചാലിൽ സാറിന്റെ യൂണിറ്റിൽ ആയിരുന്ന ഞങ്ങളുടെ മിക്ക മെഡിസിൻ പോസ്റ്റിംഗും. ശ്രീഹരിയും പിന്നെ ഞങ്ങൾ ഒൻപതു സുന്ദരികളും. അങ്ങനെ ഒരു ഫൈനൽ ഇയർ ക്ളാസ്. ഒരു "Pleural effussion" കേസ് ആണ്. രണ്ടു മണിക്കൂറിലധികമായി ആ രോഗി ഞങ്ങളുടെ തട്ടും മുട്ടും ഓസ്ക്കൾട്ടേഷനും ഒക്കെ സഹിക്കുന്നു. ചാലിൽ സാറിന്റെ രീതി അറിയാലോ. ഞങ്ങളെ ഓരോരുത്തരെ കൊണ്ടും പരിശോധിപ്പിക്കും. മാത്രമല്ല സാറിന്റെ ആവേശകരമായ, ഒരിക്കലും മറക്കാൻ പറ്റാത്ത ക്ളാസ്സുകളും.

അവസാനം ഞങ്ങളുടെ തട്ടും മുട്ടും ഒക്കെ കൊണ്ട് ശ്വാസം മുട്ടി, ചുമച്ചും , കിതച്ചും അയാൾ ഒരു വശത്തേക്ക് ദയനീയമായി കിടക്കുന്നതു കണ്ടു ഞങ്ങൾക്കും പാവം തോന്നി. അത് മനസിലാക്കിയാവണം "pleural effussion" ടാപ്പ് ചെയ്യാൻ ഒരു പി ജി യെ ഏൽപ്പിച്ചു കൊണ്ട് സാറു ഞങ്ങളോട് പറഞ്ഞു.

"നിങ്ങൾ വിഷമിക്കേണ്ട. ഇതിനൊക്കെ പ്രത്യുപകാരം ചെയ്യാൻ നിങ്ങൾക്ക് അവസരം ലഭിക്കും."

പിന്നീട് ഞാൻ ഡോക്ടർ ആയി. പുതിയാപ്പയിൽ പോസ്റ്റിങ്ങ് കിട്ടി. തിരക്കുള്ള ഓ പി യിൽ രോഗികളെ പരിശോധിച്ചു കൊണ്ടിരിക്കുമ്പോൾ "അതേ മുഖം " വീണ്ടും എന്റെ മുൻപിൽ വന്നു. അദ്ദേഹം എന്നോട് ചോദിച്ചു. "ഡോക്ടർക്കു എന്നെ ഓർമ്മയുണ്ടോ? ഭാസ്കരൻ ചാലിൽ സാറുടെ കൂടെ എന്നെ തട്ടീം മുട്ടീം പഠിച്ചത് ഓർമയില്ലേ."

എന്നെ റെസ്പിരേറ്ററി സിസ്റ്റം പഠിപ്പിച്ച "രോഗി" അല്ല ടീച്ചർ ആണ് മുന്നിൽ ഇരിക്കുന്നത്. എനിക്ക് മനസ്സിലായി. പിന്നീടയാൾ ഇടയ്ക്കിടെ വരും.
രോഗിയായും ചിലപ്പോൾ മറ്റുള്ളവരെ കൂട്ടികൊണ്ടു വരും.

അയാൾ സൈക്കിളും ചവിട്ടി, ചിരിച്ചു കൊണ്ട് വരുന്നത് കാണുമ്പോൾ എനിക്ക് വീണ്ടും ആ സാധനം വരും. അതേ; "യൂഫോറിയ". അന്ന് കറുത്ത ബോർഡിൽ എഴുതി വച്ചിരുന്ന ആ സാധനം.

അങ്ങനെ എത്രപേർ. നമുക്ക് വേണ്ടി പ്രാർത്ഥിക്കുന്നവർ, നന്ദിയോടെ, പുഞ്ചിരിയോടെ ഞാനും "ഒരു സംഭവം" ആണെന്ന് എന്നെ ഓർമ്മിപ്പിക്കുന്നവർ. നന്മയും ആർദ്രതയും നിറഞ്ഞ വേറെ ചിലർ, ആരോരുമില്ലാത്തവരുടെ കൈ പിടിക്കുന്നവർ, അവരുടെ വിശപ്പു മാറ്റുന്നവർ.

ഒപിയിലെ ഓരോ ചിരിക്കുന്ന മുഖങ്ങളും എന്നെ ആ വാക്ക് ഇടയ്ക്കിടെ ഓർമ്മിപ്പിക്കാറുണ്ട്. എന്റെ കോളേജിലെ ആദ്യ ദിവസം ഞാൻ ആദ്യമായി ആ കറുത്ത ബോർഡിൽ വായിച്ച ആ വാക്ക്.... "യൂഫോറിയ".

SHAMNA MAHMOOD ABDULLA

3AM FRIENDS

First day in Medical College, seven of us were allotted one room in LH3. I did not know what to think. But I do remember that by evening that day, we were talking like we knew each other for years. None of us had a lot of luggage (except Sonny; she had brought a briefcase with thirty new churidars). We put two cots together and laid on it like logs. In a few days, Likhita from next door joined us and we ended up becoming eight. That was the beginning of a beautiful friendship and the group just grew as dayskees like Anitha, Poppy, Puttu and Noufi started using this room as guest room. LH3 is a dark building. Always reminded me of a batman movie. But Room no. 30 was bright and it was home. Come to think of it that room in LH3 was like an old Ambassador car.... bursting at its seams as the number of passengers increased; but still intact.

It was surprising. We just melded well from the very beginning. In spite of being very different people coming from different places; all of us were alike in many ways. We were all very laid back and adjusting. A difference in opinion or thought was amusing rather than alarming. Having similar sense of humour also helped; perhaps.

When it was decided that we would all send red roses to the same guy (our best boyfriend forever) on the first Valentine's Day Celebration or when we decided to start a rumour in LH3 and then decided to step back and watch how fast it would spread (FYI - it spread like wildfire - 15 minutes in LH3 and in another 5 minutes in all the Men's Hostels too. The study was complete in 20 minutes. Wink wink)- believe me , the decision was unanimous. There was not even a discussion.

A trip down memory lane about LH3 is never complete without the dubiously named Taste ? Bakery/ ? Stationary/? Grocery/ ? MALL??!! Whatever, it was all in all.

Frequent Wayanad trips were a norm (not surprising as four of us were from Wayanad and it was the closest touristy place). I think there has been no celebration in Nishi's house in those 5 years which we have not attended. Sonny's estate and five dogs, Jisna's siblings and extended family.....so many memories. One ride I cannot forget is going to Ranjini's home for her marriage. It was night time after 9pm. Some of her cousins had come to Bathery to pick us up in jeeps. We had to cross a forested area to go to her house .... and as we looked out , there was a breathtaking view- a family of deers running in the moonlight- like a dream, like a picture!

Another amazing trip was to Kannur. This was especially memorable for me as they all spent the nights at my home. Kannur trip was a culinary experience. Our itinerary simply involved visiting friends and eating with them out of house and home. Sandeep kunhi , Rejith, Ameena....no one was spared; except Amith. He cunningly decided to meet us at Payyaambalam beach.

As I plunge into nostalgia, memories come flooding. Some great, some not so great; but always heartwarming . Likhita' s failed attempts to gain weight (an ongoing battle), Sabna pestering Shameela calling her 'fetu', Ranjini's excitement at the smallest things, Jisna's philosophy, my partner in crime Sonny, Nishita's pragmatism, Pretty's smile, Noufi's songs, Nisha's innocence and Anitha with her deadpan humour..... so many memories .... and these people so close to my heart.

It's been twenty years since I first met them. And I still feel they are a part of my life. Am I aware of their day to day life- no. But I think I can still call each of them my 3 am friends ....my forever family...my greatest achievement.

SHIVANI CHAKRAVARTHI



COVID
DISSOLUTION OF DELUSIONS

After completing the routine work in one of my night duties, I always make it to my nursing staffs and assistant health workers who also with great difficulty happily help both the patients and more so the Doctors. It's easy to give orders and difficult to carry out. We just sit around helping each other with the administrative works and paper works, census. We write the names of all the patients in a long size unruled paper looking at the casesheets, diet charts and see whether they are matching, by calling by names, head counting etc.It is all a part of the routine.

As I was checking the names, Rajadurai, Kamala, Vinayagam, Selvaazhahu and then I read-Hindi Corona. In my mind I shouted aloud 'What?!!' I read it again 'HINDI CORONA'. I checked with the senior nurse. She was too like "Whaaat!!" and checked with her junior, "Julie, who is this HINDI Corona?" She said, "Sister there's a North Indian patient admitted in our ward from Orissa. I couldn't understand the name written in the casesheet. Just to identify him and write later I have written as Hindi corona". He speaks only Hindi. We laughed and laughed and laughed I am still laughing while writing this.

But there's something that this Hindi corona taught me. Whether it is Hindi Corona or Tamil Corona, Marathi Corona or Bengali Corona, Spanish Corona or Dutch Corona, it treats everyone the same. Even the Virus which doesn't have a brain or a heart treats everyone the same. Do we as human beings who claim ourselves as the highly evolved people on planet earth treat everyone the same?

This Hindi Corona dissolved my delusion. Did it dissolve yours????

SANTHOSH KUMAR N

ഞങ്ങൾ ജീവിതം പഠിക്കുകയായിരുന്നു

രണ്ടായിരാമാണ്ടിലെ ഒക്ടോബർ ഇരുപത്തിമൂന്നിനാണ് ഞങ്ങൾ നാൽപത്തി നാലാമത്തെ എം ബി ബി എസ് ബാച്ചുകാരായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ജോയിൻ ചെയ്യുന്നത്.

"മില്ലേനിയം ബാച്ച്" എന്നൊക്കെ ഞങ്ങളെ ചിലർ അഭിസംബോധന ചെയ്തു. അതിൽ ഞങ്ങൾ ആഹ്ലാദിച്ചു. കുറച്ചൊക്കെ അഹങ്കരിച്ചു. ഇരുന്നൂറു പേരടങ്ങുന്ന ക്ലാസ് . അതിൽ ഓരോരുത്തർക്കും ഓരോ കഥയുണ്ട്.

കൊല്ലത്തു നിന്നും വന്ന അനീഷ് ജോർജ് എന്ന എന്റെ സുഹൃത്തായിരുന്ന ഞങ്ങളുടെ ബാച്ചിന്റെ റെപ്പ്. ആരും തെരെഞ്ഞെടുത്തതൊന്നുമല്ല. ആദ്യത്തെ ക്ലാസ്സിൽ അനാട്ടമി ഹെഡ് ആയിരുന്ന ഭാഗ്യം മാഡം വിളിച്ചു ചോദിച്ചു.

"റെപ്പ് ആവാൻ ആർക്കെങ്കിലും താല്പര്യം ഉണ്ടോ?"

മാഡത്തിന്റെ കണ്ണുകൾ മൂന്നാമത്തെ വരിയിൽ ഇരുന്നിരുന്ന സുന്ദരനും സുമുഖനും സൽസ്വഭാവിയുമായ ഒരു പയ്യനിലേക്കു നീളുന്നത് മനസിലാക്കിയ, അനീഷിന്റെ കൈകൾ ഉയർന്നു. ഒന്നാമത്തെ വരിയിൽ മധ്യഭാഗത്തു നിന്നും തുടങ്ങിയാൽ ആദ്യത്തെ സീറ്റിൽ നിന്നും ആത്മവിശ്വാസത്തോടെ ഉയർന്ന ആ കൈകൾ പിന്നീട് താഴ്ന്നിട്ടില്ല. പിന്നീട് കോളേജ് യൂണിയന്റെ സെക്രട്ടറി ആയും ചെയർമാൻ ആയും ഒരു പാട് മത്സരങ്ങളിലും വേദികളിലും ബാച്ചിനെയും കോളേജിനെയും ആ കൈകൾ മുന്നിൽ നിന്ന് നയിച്ചു. ഇത്ര അധികം കാര്യപ്രാപ്തിയും നയതന്ത്രജ്ഞതയും കാര്യങ്ങൾ കോഡിനേറ്റ് ചെയ്യാനും

കഴിവുകൾ ഉള്ള ജന്മങ്ങളെ അപൂർവമായി മാത്രമേ കാണാൻ കഴിയൂ.

അങ്ങനെ ഉള്ള ആ അപൂർവ്വ പീസിന്റെ നേതൃത്വത്തിൽ ആ വർഷത്തെ ബാച്ചുകൾ തമ്മിലുള്ള കലാമത്സരങ്ങളിൽ ഞങ്ങളുടെ ബാച്ച് ഒന്നാമതെത്തി നിൽക്കുന്ന സമയം. "സർഗാത്മ" എന്നറിയപ്പെട്ടിരുന്ന ആ മത്സരങ്ങൾ തുടങ്ങിയിട്ട് പത്തു പതിനഞ്ചു ദിവസമായി. ആദ്യം ഓഫ് സ്റ്റേജ് മത്സരങ്ങൾ ആയിരുന്നു.

സാധാരണ ഒന്നാം വർഷ വിദ്യാർഥികൾ വിജയികൾ ആവുന്നത് പതിവല്ല. പക്ഷെ, പ്രതിഭാധനരുടെ ഒരു കൂട്ടം അവരെ നല്ല രീതിയിൽ ഉപയോഗിക്കാൻ അറിയുന്ന നേതാവ്. അതായിരുന്നു ഞങ്ങൾ നാല്പത്തിനാലാം ബാച്ചുകാർ.

2001 June ഇരുപത്തി രണ്ട്.

സമാപന ദിവസം. കഴിഞ്ഞ മൂന്നു ദിവസങ്ങളായി നടന്നു വരുന്ന സ്റ്റേജ് പരിപാടികളിലും മെച്ചപ്പെട്ട പ്രകടനം കാഴ്ച്ച വെച്ച് ഞങ്ങൾ ഒന്നാം സ്ഥാനത്താണ്. എല്ലാവരും വലിയ ആവേശത്തിലും ഉന്മാദാവസ്ഥയിലും ആണ്.

വൈകുന്നേരം. സമയം കൃത്യമായി ഓർക്കുന്നില്ല. ഇനി ഒന്നോ രണ്ടോ ഐറ്റം കൂടിയേ ബാക്കി ഉള്ളൂ. ഓഡിറ്റോറിയം നിറഞ്ഞു കവിഞ്ഞിരിക്കുന്നു. ഇടയ്ക്കിടെ "ടട്ട ഡട്ടാ ട്ടട്ടാ ... " വിളികളും സ്വന്തം ബാച്ചുകളെ പ്രകീർത്തിക്കുന്ന മറ്റു മുദ്രാവാക്യങ്ങളും ഉയരുന്നുണ്ട് .

ആകെ മൊത്തം ഒരു ഉത്സവാന്തരീക്ഷം .

അതിനിടയ്ക്കാണ് കർട്ടനു പുറകിൽ നിന്നും ഒരു അറിയിപ്പ് വരുന്നത്.

"പ്രിയപ്പെട്ടവരേ, മംഗലാപുരത്തു നിന്നും ചെന്നൈയിലോട്ടു പോവുകയായിരുന്ന ചെന്നൈ മെയിൽ കടലുണ്ടി പാലത്തിൽ നിന്നും പുഴയിലേക്ക് മറിഞ്ഞിരിക്കുന്നു. ഒരു മാസ്സ് കാഷ്വാലിറ്റി ആണ് വരാൻ പോവുന്നത്. നമ്മുടെ ഒക്കെ സേവനം അത്യാഹിതവിഭാഗത്തിൽ ആവശ്യം വന്നേക്കാം .
നമ്മുടെ ഈ "സർഗാത്മ " ഇവിടെ നിർത്തി വെച്ചതായി അറിയിക്കുന്നു."

പെട്ടെന്ന് ഓഡിറ്റോറിയം നിശബ്ദമായി. സൂചി വീണാൽ കേൾക്കുന്നത്ര നിശബ്ദത.

ഒന്നാം വർഷം പോലും കഴിയാത്ത, വാർഡുകളിൽ പോയി തുടങ്ങിയിട്ടില്ലാത്ത ഞങ്ങൾ എന്ത് ചെയ്യാനാണ്. എന്നാലും ഞങ്ങളും പോയി അത്യാഹിത വിഭാഗത്തിലേക്ക് .

ആംബുലൻസുകൾ എത്തി തുടങ്ങിയിരിക്കുന്നു. പെരുമഴ. ഇരുട്ടായി തുടങ്ങി.

അത്യാഹിത വിഭാഗത്തിൽ നിന്ന് തിരിയാൻ സ്ഥലമില്ല. അവിടെ ഞങ്ങൾക്ക് ഒന്നും ചെയ്യാനില്ല. ഏറ്റവും നല്ലത് ഞങ്ങൾ പുറത്തിറങ്ങി അവിടെ ജോലി ചെയ്യുന്നവർക്ക് സ്ഥലം ഉണ്ടാക്കി കൊടുത്താൽ അതാണ് ഏറ്റവും വലിയ ഉപകാരം എന്ന് ഞങ്ങൾക്കു മനസിലായി .

അന്ന് മൊബൈൽ ഫോൺ ഒന്നും അത്ര പ്രചാരത്തിൽ ഉണ്ടായിരുന്നില്ല. ഞങ്ങളുടെ ബാച്ചിലെ ഒന്നോ രണ്ടോ പേരുടെ അടുത്തേ ഫോൺ ഉള്ളൂ . അപ്പോൾ സാധാരണക്കാരുടെ കാര്യം പ്രത്യേകിച്ച് പറയേണ്ടല്ലോ.

വാർത്ത കേട്ടവർ കേട്ടവർ മെഡിക്കൽ കോളേജിലേക്ക് ഇരച്ചു വരുകയാണ്. മംഗലാപുരം മുതൽ കോഴിക്കോട് സ്റ്റേഷനിൽ നിന്ന് വരെ ആ ട്രെയിനിൽ കയറിയ നൂറു കണക്കിന് ആളുകൾ ഉണ്ട് . അവരുടെ ബന്ധുക്കളും സുഹൃത്തുക്കളും ആണ് തങ്ങളുടെ ഉറ്റവർ അപകടത്തിൽ പെട്ടിട്ടുണ്ടോ എന്നറിയാൻ ഇരച്ചു വരുന്നത്.

കൂറേപ്പേരെ ബീച്ച് ആശുപത്രിയിലേക്ക് കൊണ്ട് പോയിട്ടുണ്ടെന്നറിഞ്ഞു ചിലർ അങ്ങോട്ട് പോണോ അതോ ഇവിടെ തന്നെ നിക്കണോ എന്ന സംശയത്തിൽ ആണ്.

പുറകിലെ എട്ടു ബോഗികൾ ആണെന്ന് തോന്നുന്നു അന്ന് അപകടത്തിൽ പെട്ടത്.

പ്രിയപ്പെട്ടവർ ഏതു ബോഗിയിൽ ആയിരുന്നു എന്നൊന്നും മിക്കവർക്കും വലിയ ധാരണയില്ല

ചുവന്ന ലൈറ്റിട്ടു സൈറൺ മുഴക്കി ചീറി പാഞ്ഞു വരുന്ന ആംബുലൻസുകളും ഇതൊന്നുമില്ലാതെ വരുന്ന ജീപ്പുകൾ. ആ വണ്ടികളിൽ എല്ലാം നിറയെ അപകടത്തിൽ പെട്ടവരാണ്. ചിലരുടെ നില ഗുരുതരം ആണ്. ചിലർക്ക് ചില്ലറ പരുക്കേ ഉള്ളൂ. പക്ഷേ മാനസികമായി വലിയ ക്ഷതമേറ്റിട്ടുണ്ട്.

മെഡിക്കൽ കോളേജിന്റെ പുറത്തു തടിച്ചു കൂടിയ ജനക്കൂട്ടം ഈ വണ്ടികളുടെ വരവിനും പോക്കിനും തടസ്സമുണ്ടാക്കുന്നു.

പിന്നീടാണ് ഞാൻ കോഴിക്കോട് എന്താണെന്ന് ശരിക്കും അറിഞ്ഞത്. അതുവരെ നന്മ നിറഞ്ഞ കോഴിക്കോടുകാരെ കുറിച്ച് കേട്ടറിവ് മാത്രമേ ഉണ്ടായിരുന്നുള്ളൂ.

കോരിച്ചൊരിയുന്ന ആ മഴയത്ത് റോഡിന്റെ രണ്ടു സൈഡിലും പരസ്പരം കൈകൾ കോർത്ത് മനുഷ്യർ മനുഷ്യമതിൽ തീർക്കുന്നു. അത്യാഹിത വിഭാഗത്തിന്റെ എൻട്രൻസ് മുതൽ കോവൂർ വരെ ഒരു കിലോമീറ്ററിൽ അധികം നീളുന്ന മനുഷ്യ മതിൽ. അത് നിയന്ത്രിക്കാൻ വേറെ കുറെപ്പേർ.

ഇരുട്ട് , മഴ , മാനവികത ... എന്റെ രോമങ്ങൾ എല്ലാം എഴുന്നേറ്റു നിന്നു "സലാം" പറഞ്ഞു.
ഈ പരിപാടി നീണ്ടത് ഒന്നോ രണ്ടോ മണിക്കൂറുകൾ അല്ല. അർധരാത്രി കഴിഞ്ഞിട്ടും മനുഷ്യസ്നേഹത്തിന്റെ ആ മനുഷ്യമതിൽ തകരാതെ
അവർ അവിടെ തന്നെ ഉണ്ടായിരുന്നു.

അതിനിടയിലാണ് ഉറ്റവരെ തേടി അലയുന്നവർക്കായി ഇൻഫർമേഷൻ സെന്ററുകൾ തട്ടിക്കൂട്ടുന്നത്. ടാർ പായ കെട്ടി കുറച്ചു കസേരകൾ ഇട്ടു പല സ്ഥലങ്ങളിൽ ആയി. അതിലൊരു ഇൻഫർമേഷൻ സെന്ററിൽ ഞങ്ങൾ ഇരുന്നു.

പ്രതീക്ഷയോടെ വരുന്നവർ. പലഭാഗത്തു നിന്നായി ഉയരുന്ന അലമുറകൾക്കിടയിൽ കരയണോ എന്നറിയാതെ ഞങ്ങളുടെ കയ്യിലെ പേപ്പറിലേക്കു ഉറ്റു നോക്കുന്നവർ. 'അത്യാഹിത വിഭാഗത്തിൽ ഉണ്ട് , കുഴപ്പം ഒന്നും ഇല്ല എന്നാശ്വസിപ്പിച്ചാലും' അലമുറയിട്ടു അത്യാഹിത വിഭാഗത്തിലേക്കോടുന്നവർ. പക്ഷേ, ഗുരുതരമാണോ വലിയ പ്രശനം ഇല്ലാത്തതാണോ എന്ന വിവരം ഒന്നും കൃത്യമായി ഞങ്ങൾക്കും കിട്ടിയിട്ടില്ലായിരുന്നു. അത് ഞങ്ങൾക്ക് മനസ്സിലായത്, കുഴപ്പം ഒന്നും ഇല്ല എന്ന് ഞങ്ങൾ പറഞ്ഞു വിട്ട ഒരാളെ പിന്നീട് മോർച്ചറിയുടെ അടുത്ത് ബോഡി ഏറ്റു വാങ്ങാൻ നിൽക്കുന്നത് കണ്ടപ്പോഴാണ്.

ഒരു കാര്യം കൃത്യമായിരുന്നു, അവർ ഉദ്ദേശിച്ച ആൾ മെഡിക്കൽ കോളേജിൽ

എത്തിയിട്ടുണ്ടോ അതോ ബീച്ചാശുപത്രിയിൽ ആണോ അതോ മറ്റേതെങ്കിലും ആശുപത്രിയിൽ ആണോ എന്ന വിവരം.

ഏറ്റവും സങ്കടം ഒരു വിവരവും കിട്ടാത്തവരുടെ 'ദൈന്യത' ആയിരുന്നു.

ആ സമയത്താണ് രക്തം കൊടുക്കാൻ തയ്യാറുള്ളവർ മുന്നോട്ടു വരണം എന്നൊരു അറിയിപ്പുണ്ടായത്. നിമിഷങ്ങൾക്കുള്ളിൽ അവിടെ രൂപം കൊണ്ട നീണ്ട വരി കണ്ടപ്പോൾ വീണ്ടും രോമങ്ങൾ എഴുന്നേറ്റു. ഈ നാട്ടുകാരൻ ആയതിൽ അഭിമാനം തോന്നിയ നിമിഷങ്ങൾ.

രാത്രി ഏകദേശം ഒരു മണി ആയപ്പോൾ ഞങ്ങളോട് ചിലർ പൊയ്ക്കോളാൻ പറഞ്ഞു. പോയി വല്ലതും കഴിച്ചു മക്കള് ഉറങ്ങൂ എന്ന് സ്നേഹപൂർവ്വം നിർബന്ധിച്ചു.

മിൽമയിൽ നിന്നും ചായയും ബിസ്ക്കറ്റും കഴിച്ചു.

വീണ്ടും അത്യാഹിതവിഭാഗത്തിന്റെ പുറത്തു കുറച്ചു നേരം കൂടി അങ്ങോട്ടും ഇങ്ങോട്ടും ഒക്കെ നടന്നു. കുറേ മഴ കൊണ്ടിരിക്കുന്നു. ഇപ്പോഴും ചെറിയ ചാറ്റൽ മഴയുണ്ട് . അതിന്റെ തണുപ്പല്ല . ചുറ്റും ചൂടാണ്. മരണത്തിന്റെ ചൂട്. നിസ്സഹായതയുടെ ചൂട്.

ഇനി എന്തായാലും ഉറങ്ങാൻ ഒന്നും പറ്റില്ല. എന്തൊക്കെയോ ഇനിയും ചെയ്യണം എന്നൊരു തോന്നൽ . പക്ഷേ, അതിനുള്ള വിവരമോ അനുഭവമോ ആയിട്ടില്ല.

പക്ഷേ, അതൊരു അനുഭവമായിരുന്നു. ഒരിക്കലും മറക്കാത്ത അനുഭവം. ഒരുത്സവത്തിന്റെ ഇടയിൽ നിന്ന് , വിജയത്തിന്റെ ഉന്മാദത്തിന്റെയും ഹർഷാരവങ്ങളുടെയും ഇടയിൽ നിന്നും എത്ര പെട്ടെന്നാണ് ഒരു ദുരന്തമുഖത്തേക്ക് എടുത്തെറിയപ്പെട്ടത്.

ഡോക്ടർ ആയതിനു ശേഷം അത്രയും വലിയ ഒരു അപകടം കാണേണ്ടി വന്നിട്ടില്ല. അൻപതിലധികം ആളുകൾ മരിക്കുകയും മുന്നോറോളം പേർക്ക് പരിക്ക് പറ്റുകയും ചെയ്ത ആ അപകടം ഇന്ത്യൻ റയിൽവെയുടെ ചരിതത്തിലെ തന്നെ ഒരു വലിയ നാണക്കേടായി മുഴച്ചു നിൽക്കുന്നു.

ഞങ്ങൾ ജീവിതം പഠിക്കുകയായിരുന്നു. ഇന്നും പഠിച്ചു കൊണ്ടിരിക്കുന്നു.

NOUFIRA P

രണ്ടായിരത്തിലെ ഡിസംബർ മാസം. നമ്മുടെ ഫസ്റ്റ് ഇയർ എംബിബിഎസ് കാലം. ആദ്യത്തെ എൻഎസ്എസ് ക്യാമ്പ്. പത്തുദിവസം നീളുന്ന ക്യാമ്പ്. ഇത്തവണ കക്കാടം പൊയിൽ എന്ന മലയോര ഗ്രാമത്തിലാണ്. വയനാടും കോഴിക്കോടും മലപ്പുറവും സംഗമിക്കുന്ന കൊച്ചു ഗ്രാമം. ഇന്നത്തെ പോലെ ടൂറിസ്റ്റ് കേന്ദ്രമോ റിസോർട്ടുകളോ കക്കാടം പൊയിലിൽ എത്തി നോക്കിയിട്ടു പോലുമില്ല. മാത്രമല്ല ഒരു സമ്പൂർണ്ണ മദ്യവിമുക്ത ഗ്രാമം കൂടി ആയിരുന്ന അന്നത്തെ കക്കാടം പൊയിൽ.

സമീഹ താത്തയും ജയ്സൺ അച്ചായനും ആയിരുന്ന അന്നത്തെ എൻഎസ്എസ് സെക്രട്ടറിമാർ.

പൂക്കോട് വെച്ചുള്ള ഇൻടൊഡക്ഷൻ ക്യാമ്പും, തുടർന്നുള്ള ഡ്രഗ് കളക്ഷൻ, നമ്മുടെ ഗാർഡനിലെ വട്ടം കൂടിയിരുന്നുള്ള മീറ്റിങ്ങുകൾ... എല്ലാം പങ്കെടുത്തിരുന്നതിനാൽ ഏറെ ആവേശത്തോടെയാണ് ഞാനും പൂട്ടും സൗദയും അനിതയും... രഞ്ജിനി, സോണി, ഷമീല ... തുടങ്ങി 44 ബാച്ചിലെ ഒട്ടനവധി പേർ ഒന്നാം ദിവസം തന്നെ ക്യാമ്പിലേക്ക് പുറപ്പെട്ടത്. കോളേജ് ബസിലായിരുന്ന യാത്ര. അനൂപ് സി, മുകുന്ദേട്ടൻ, രാജുവേട്ടൻ തുടങ്ങിയവരുടെ നാടൻപാട്ടുകളും ക്യാമ്പ് പാട്ടുകളും തമാശകളും എല്ലാമായി എന്ത് രസമായിരുന്ന ആ യാത്ര.

"എന്നോട് കളിക്കണ്ട ഉണക്ക പൂട്ടേ..." " ലോല... ലോല..." "ശോശാമ്മ...ശോശാമ്മ..." നമ്പറുകൾ ഓരോന്നായി

വന്നുകൊണ്ടിരുന്നു.

കക്കാടംപൊയിലിലെ ഒരു സ്കൂളിലായിരുന്നു ക്യാമ്പ്. ഇൻട്രൊഡക്ഷനും ഐസ് ബ്രേക്കിംഗ് സെഷനും കഴിഞ്ഞു. ഞങ്ങൾ ഒന്നാം വർഷക്കാർ മുതൽ ഹൗസ് സർജൻസി കഴിഞ്ഞ് ക്യാമ്പസിൽ നിന്ന് പോയ ചേട്ടന്മാരും ചേച്ചിമാരും വരെ എത്തിയിട്ടുണ്ട്. സുരാജേട്ടൻ, ജെകെ, ബിജു ഏട്ടൻ, ഗുരു, സാജു ഏട്ടൻ...

സാജു ഏട്ടനെ ഈ ക്യാമ്പിൽ വച്ചാണ് വിശദമായി പരിചയപ്പെടുന്നത്. കുറെയേറെ തമാശകളും ചൊറിച്ചിലും ഉപദേശങ്ങളുമായി സാജു ഏട്ടൻ നടന്നു കയറിയത് ഞങ്ങളുടെ ഹൃദയങ്ങളിലേക്കായിരുന്നു.

എല്ലാ ദിവസവും രാത്രി അന്നന്നത്തെ ക്യാമ്പ് റിവ്യൂ, റിപ്പോർട്ട് അവതരണം ഉണ്ട്. അതിനിടയ്ക്ക് ഒരുപാട് വെടിക്കെട്ട് തമാശകളും രസകരമായ ചൊറിച്ചിലുകളും ഉണ്ടാവും. സർവ്വേ മണ്ടത്തരങ്ങൾ ഒരുപാട് കാണും. വിപിൻദാസ് അന്നവതരിപ്പിച്ച സർവ്വേ റിപ്പോർട്ട്? ഒരിക്കലും മറക്കാൻ കഴിയില്ല. ഓരോ വരികളിലും ചിരിയുടെ മാലപടക്കങ്ങൾ വാരി വിതറിക്കൊണ്ടായിരുന്നു പഴയ കലാപ്രതിഭ അന്ന് നിറഞ്ഞാടിയത്.

സുരാജേട്ടൻ സ്ഥിരം ഒരു തബലയും ആയാണ് ക്യാമ്പിൽ എത്താറുള്ളത്. മെലഡികൾ വളരെ ഇഷ്ടമാണ് സുരാജേട്ടന്. എന്നെക്കൊണ്ട് ഒരുപാട് പാട്ടുകൾ പിടിച്ചിട്ടുണ്ട്. "ഉണരുവേഗം നീ സുമറാണി...", " ചന്ദ്രകളഭം ചാർത്തിയുറങ്ങും തീരം"... അങ്ങനെ എത്രയെത്ര പാട്ടുകൾ.

DUMB CHARADES, അന്താക്ഷരി, ചെറിയ റോൾ പ്ലേ, ശ്രീഹരിയുടെ മോണോ ആക്ട്, പാട്ടുകൾ, മിമിക്രി എല്ലാംകൊണ്ടും ബഹു ജോർ.

എല്ലാദിവസവും രാവിലെ "ക്യാമ്പ് പത്രം" നോട്ടീസ് ബോർഡിൽ പ്രത്യക്ഷപ്പെടും. തമാശകളുടെ മാലപ്പടക്കം തന്നെ ആ പാത്രത്തിൽ കാണാം. നമ്മുടെ "നിഷ പി ബി" ക്ക് "ലില്ലിപൂട്ട്" എന്ന പേര് വീണത് അന്നത്തെ ക്യാമ്പിലാണ്. ആ പേര് ആദ്യമായി അച്ചടിച്ച് വന്നത് ആ ക്യാമ്പ് പത്രത്തിൽ ആണ്. ലില്ലിപൂട്ട് പിന്നീട് ലോപിച്ച് വെറും "പൂട്ട്" ആയി. അന്ന് കിട്ടിയ ആ മൈലേജ് കൊണ്ടാവാം ഇന്ന് പൂട്ടിന്റെ ഒറിജിനൽ പേര് എത്രപേർക്ക് അറിയുമോ ആവോ.

"കുട്ടി SSLC ക്കാണെങ്കിലും MA ക്കു പഠിക്കുന്ന നാവ് അതായിരുന്നു" പൂട്ട് . പൂട്ടിന്റെ നാക്കിന്റെ ചൂടും വാചകമടിയും ഉരുളക്കുപ്പേരി പോലുള്ള മറുപടികളും അനുഭവിക്കാത്ത ക്യാമ്പ് മെംബേർസ് കുറവാണ്. അതിന് സീനിയർ ജൂനിയർ വേർതിരിവുകൾ ഒന്നും ഉണ്ടായിരുന്നില്ല.

ഒന്നാം വർഷക്കാരായ ഞങ്ങൾക്ക് സീനിയേഴ്സ് നോട് സംസാരിക്കാനും ഇടപഴകാനും ഒട്ടും പേടി തോന്നാതെ എല്ലാ കാര്യങ്ങൾ ചെയ്യാനും അവസരം ഉണ്ടായി.

ഈ ക്യാമ്പിനെ പറ്റി ഓർക്കുമ്പോൾ മറക്കാൻ പറ്റാത്തതാണ് ഡിസംബറിലെ തണുപ്പ്; മരം കോച്ചുന്ന തണുപ്പ് എന്നാൽ അതാണ്. രാത്രികളിൽ തണുപ്പ് അസഹ്യമായി ഉറങ്ങാൻ പോലും സാധിച്ചിരുന്നില്ല. എന്നാലും മണ്ഡലകാലം ആയതിനാൽ പുട്ട് പുലർച്ചെ എണീറ്റ് തണുത്ത വെള്ളത്തിൽ കുളിച്ചു ഐസായി തിരിച്ചുവരും. അന്ന് നോമ്പ് കാലം തുടങ്ങിയിരുന്നു. പുലർച്ചെ അത്താഴം കഴിക്കാൻ ഞാനും സജിലയും സജ്നയും സൗദയും ഒക്കെ സമീഹ താത്തയുടെ കൂടെ പോകും.

ക്യാമ്പിലെ മെസ്സ് മറ്റൊരു നൊസ്റ്റാൾജിയ ആണ്. എൻഎസ്എസിന്റെ സ്വന്തം ബഷീർക്കാന്റെ മെസ്സ്. കുട്ടികളെപ്പോലെ കളിയും തമാശയും ആയി നമ്മളിൽ ഒരാളായി ബഷീർക്കാ. ബഷീർക്ക ആണ് ചീഫ് കുക്ക് ബാക്കി ക്യാമ്പ് അംഗങ്ങൾ സഹായത്തിന് കാണും. ബഷീർക്ക ഇന്നില്ല; എന്നാലും ആ ഓർമ്മകൾ ഒരിക്കലും മരിക്കില്ല. ബഷീർക്കാന്റെ ബിരിയാണിയും ക്യാമ്പ് ഫയറിന്റെ അന്നത്തെ ചിക്കൻ കറങ്ങിയതും പൊറോട്ടയും എല്ലാം എങ്ങനെ മറക്കാനാണ്.

നോമ്പ് മെസ്സിലെ ചിക്കൻ ഹലാലാണോ എന്ന് സൗദക്ക് സംശയം. ആ സംശയം തീർക്കാൻ ബാസിത് മുന്നോട്ടു വന്നു. ഇന്നത്തെ വലിയ സർജൻ അന്നൊരു കോഴിയെ അറുക്കാൻ ശ്രമിക്കുന്നതിനിടയിൽ കോഴി ഓടിപ്പോയി. ബാസിത് അന്ന് അതിന് ആ കോഴിക്ക് പുറകെ ക്യാമ്പിൽ മുഴുവൻ ഓടിയത് ഒരു കാഴ്ചതന്നെ ആയിരുന്നു.

എൻഎസ്എസ് ക്യാമ്പുകളിൽ പലപ്പോഴും ഏറെ പ്രണയങ്ങൾ മൊട്ടിടാനും പൂത്തുലയാനും ഇടയായിട്ടുണ്ട്. പലരും "ആസ്ഥാനകോഴികൾ" ആയി വളർന്നതും ഇവിടെയാണ്. "കോഴി ഫിറോസ്", "കോഴി ഫൈസൽക്ക" അങ്ങനെ എത്രയെത്ര കോഴികൾ . കോഴിയടി ചിലർക്ക് ഒരു ബയോളജിക്കൽ Necessity ആയിരുന്നു. എൻ എസ് എസ് ക്യാമ്പിന്റെ ബൈ പ്രോഡക്ട്സ് ആയി ഒരുപാട് കപ്പിൾസ് ഉണ്ടായിട്ടുണ്ട്. ഇതിൽ പലരും

ജീവിതയാത്രയിലും ഒരുമിച്ച് മുന്നോട്ട് പോകുന്നു.

ക്യാമ്പിന് വേണ്ടിയുള്ള ഡ്രഗ് കളക്ഷൻ, ഡ്രഗ് സോർട്ടിങ്, പാക്കിങ്, മെഡിക്കൽ സർവ്വേ, മെഡിക്കൽക്യാമ്പ് , ടെക്കിങ്ങ് ... അങ്ങനെ എത്രയെത്ര മധുരസ്മരണകൾ.

ഈ ഒന്നാംവർഷ ക്യാമ്പിൽ നിന്ന് കിട്ടിയ ഊർജ്ജമാണ്, സൗഹൃദങ്ങളാണ് പിന്നീട് നാല്പത്തി നാലാം ബാച്ചിലെ പലർക്കും ക്യാമ്പസിൽ പിന്നീടുള്ള പ്രയാണങ്ങൾക്കും വിജയങ്ങൾക്കും കരുത്തേകിയത് എന്നതിൽ സംശയമില്ല.



ANEESH GEORGE

കോഴിക്കോട് മെഡിക്കൽ കോളേജ്

എന്റെ ജീവിതത്തിലെ മറക്കാനാവാത്ത, ഏറ്റവും മധുരമുള്ള ഓർമ്മകൾ തന്ന എന്റെ ക്യാമ്പസ്. എന്റെ ഹൃദയത്തിന്റെ ഏതെങ്കിലും ഒരു മൂലയിൽ അല്ല, ഹൃദയം നിറയെ കോളേജും കാമ്പസും നമ്മുടെ ജീവിതവും അങ്ങനെ പൂത്തുലഞ്ഞു നിൽക്കുകയാണ്. കൊല്ലത്തു ജനിച്ചു വളർന്ന എനിക്ക് ഈ ഭൂമിയിൽ ഏറ്റവും ഇഷ്ടമുള്ള നഗരം കോഴിക്കോട് ആയതിനു കാരണം നമ്മുടെ സ്വന്തം കോളേജും നാല്പത്തിനാലാം ബാച്ചും തന്നെയാണ്.

കഴിഞ്ഞു പോയ ആ കാലഘട്ടത്തിൽ ഞാൻ ഏറ്റവും കൂടുതൽ ആസ്വദിച്ചത് 44th ബാച്ചിന്റെ "ക്ലാസ് representative" എന്ന സ്ഥാനം തന്നെയായിരുന്നു.

"Always proud to be one among 44th and to be the Class Rep."

"റപ്പായി" എന്ന വിളി കേൾക്കുമ്പോൾ എനിക്ക് അതിരുകളില്ലാത്ത സന്തോഷമാണ്. ഭാഗ്യം മാഡം ചോദിച്ചപ്പോൾ സ്വയം എഴുന്നേറ്റുനിന്നതും എന്നെ "ക്ലാസ് റെപ്" ആയി തെരഞ്ഞെടുത്തതും എന്റെ ജീവിതത്തിലെ ഏറ്റവും മനോഹരവും എന്നാൽ വഴിത്തിരിവായതും ആയ നിമിഷങ്ങൾ ആയിരുന്നു. ആദ്യം ചിലരൊക്കെ കളിയാക്കിയിരുന്നു. അതിനെ അവഗണിച്ചു മുന്നോട്ടു പോവാൻ കഴിഞ്ഞത് എന്നെ സ്നേഹിക്കുന്നവരേ സുഹൃത്തുക്കളുടെയും ബാച്ച്മേറ്റ്സിന്റെയും സപ്പോർട്ട് ഒന്ന് കൊണ്ട് മാത്രമായിരുന്നു. പയ്യെപ്പയ്യെ എല്ലാവരുടെയും വിശ്വാസവും സ്നേഹവും ഞാൻ അനുഭവിക്കാൻ തുടങ്ങി.

ഫസ്റ്റ് ഇയറിൽ ബാച്ച് ഒന്നാകെ എന്റെ "ബർത്ത് ഡേ" സർപ്രൈസ് ആയി ആഘോഷിച്ച ദിവസം ഞാനിന്നും ഓർമ്മിക്കുന്നു. അനാട്ടമിയിലെ 'സതി മാഡം' നമ്മുടെ ബാച്ചിന് മുഴുവൻ അറ്റൻഡൻസ് തന്നതും എനിക്ക് ഒത്തിരിയേറെ സമ്മാനങ്ങളും ആശംസകളും ലഭിച്ചതും എല്ലാം എന്റെ ഓർമ്മയിൽ ഇപ്പോഴും നിൽക്കുന്നു.

കോളേജിലെ ജീവിതം എപ്പോഴും അത്ര സുഖമുള്ളതായിരുന്നില്ല. കുന്നുകളും കുഴികളും കല്ലുകളും മുള്ളുകളും എല്ലാ വഴികളിലും ഉണ്ടാവുമല്ലോ. ഓരോ കല്ലുകളും മുള്ളുകളും കുഴികളും എന്നെ ഓരോ അനുഭവപാഠങ്ങൾ പഠിപ്പിച്ചു കൊണ്ടിരുന്നു. സെക്കൻഡ് ഇയറില് എനിക്ക് വളരെയധികം വേദനാജനകമായ ഒരു അനുഭവമുണ്ടായി. ഒരുപക്ഷേ ഏതൊരു മനുഷ്യനേയും തകർക്കാൻ പറ്റുന്ന ഒന്ന്. അന്ന് ഞാൻ തിരിച്ചറിഞ്ഞ പല പുതിയ കാര്യങ്ങളും പുതിയ പാഠങ്ങളും, ഇന്ന് തിരികെ നോക്കുമ്പോൾ എന്റെ ജീവിതത്തിലെ ഏറ്റവും വലിയ പാഠങ്ങളായിരുന്നു. പല പ്രതിസന്ധികളും അതിജീവിക്കാനുള്ള കഴിവും ഊർജ്ജവും എനിക്ക് ലഭിച്ചത് അത് തരണം ചെയ്തപ്പോഴാണ്. അതിന് അന്ന് എന്നെ സഹായിച്ച ഒത്തിരി സുഹൃത്തുക്കൾ ഉണ്ടായിരുന്നു. നന്ദിയോടെ അല്ലാതെ അവരെ ഓർക്കാൻ കഴിയില്ല. അവരും ആ അനുഭവങ്ങളും ഇല്ലായിരുന്നെങ്കിൽ ഇന്നത്തെ ഞാൻ ഉണ്ടാവുമായിരുന്നില്ല.

ഇതിലൊക്കെ ഏറ്റവും പ്രകാശം ആയത് എനിക്ക് ഏറ്റവും പ്രിയപ്പെട്ട ഒരു വ്യക്തിയുടെ ഒരു "സ്വപ്നമായിരുന്നു". ആ ഒരു സ്വപ്നം എനിക്ക് തന്ന ഊർജ്ജം എത്രയെന്നു വാക്കുകളാൽ എനിക്ക് പറയാൻ കഴിയില്ല. പിന്നീട് ജീവിതത്തിലെ ഓരോ പടികളും വളവുകളും തിരിവുകളും താണ്ടി മുന്നേറാൻ ആ ഒരു "സ്വപ്നം" എനിക്ക് ഒരു വലിയ മുതൽക്കൂട്ടായി മാറി. എനിക്ക് വേണ്ടി സ്വപനം കണ്ട, ഞാൻ നന്നാവണം എന്നും ഉയരങ്ങൾ താണ്ടണമെന്നും ആത്മാർത്ഥമായി പ്രാർത്ഥിച്ച ആ സുഹൃത്തിന്റെ "പ്രാർത്ഥനകളും സ്വപ്നങ്ങളും" ആണ് എന്റെ ആവനാഴിയിൽ ഞാൻ കരുതി വെക്കുന്ന ഏറ്റവും വലിയ "ദിവ്യാസ്ത്രം".

എന്റെ കലാലയം എനിക്ക് തന്ന അനുഭവസമ്പത്ത് വളരെയേറെയാണ്. പലതരത്തിൽ പെട്ട, പല നാട്ടിൽ നിന്നും വന്ന, വ്യത്യസ്ത ചിന്താഗതികൾ ഉള്ള ഇരുന്നൂറുപേർ. അവരെ "നാല്പതിനാല്" എന്ന ഒരു ത്രാലിൽ കോർത്ത് ഒത്തൊരുമയോടെ കൊണ്ടുപോവുക എന്നതായിരുന്നു എന്റെ ആദ്യത്തെ വെല്ലുവിളി. ഇടയ്ക്ക് ചില പൊട്ടലും ചീറ്റലും ഒക്കെ ഉണ്ടായെങ്കിലും ഇപ്പോഴും "നാല്പത്തിനാലാം ബാച്ച്" എന്ന് പറയുമ്പോൾ നമുക്കൊരു സ്പിരിറ്റ് ഉണ്ട്, എവിടെയും കാണാത്ത, മറ്റുള്ളവർ അസൂയയോടെ മാത്രം കാണുന്ന ഒരു ഒരുമയുണ്ട്. "44th Batch" എന്ന് പറയുമ്പോൾ ഇന്നും പലരുടെയും കണ്ണ് നിറയും രോമങ്ങൾ എഴുന്നേറ്റ നിൽക്കും. എന്റെ ആ ആദ്യ വെല്ലുവിളി വിജയിച്ചെങ്കിൽ അതിന്റെ ക്രെഡിറ്റ് നിങ്ങൾക്കാണ്, ഓരോ നാല്പത്തിനാലാം ബാച്ചുകാരനുമാണ്.

എന്റെ അടുത്ത വെല്ലുവിളി ഈ ഇരുന്നൂറു മുത്തുകൾക്കിടയിൽ കലാരംഗത്തും കായികരംഗത്തും ഒക്കെ താരങ്ങൾ ആയ പവിഴങ്ങളേയും മരതകങ്ങളേയും ഒക്കെ കണ്ടു പിടിക്കുക, അവരെ മുന്നോട്ടു കൊണ്ട് വരുക എന്നതായിരുന്നു. നമ്മുടെ ആദ്യത്തെ ഗെറ്റ് ടുഗെതർ ... "Anthesis ..", ആദ്യ വർഷം തന്നെ വേന്നിക്കൊടി നാട്ടിയ ഇന്റർക്ലാസ്സ് ..."സർഗാത്മ" എല്ലാം അതിൽ ഞാൻ വിജയിച്ച എന്നതിന്റെ തെളിവുകൾ ആണ് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. പഠനത്തിലും നൃത്തത്തിലും സംഗീതത്തിലും ചിത്രരചനയിലും... നാടകം,സ്കിറ്റ്, മൈം, കഥ, കവിത ... എന്ന് വേണ്ട ... ഫുട്ബോൾ, വോളി ബോൾ , ക്രിക്കറ്റ്, ബാഡ്മിന്റൺ ... ഏതു മേഖല എടുത്താലും പ്രതിഭകളെകൊണ്ട് നിറഞ്ഞ ഒരു ബാച്ചിനെ നയിക്കുക, വിജയിക്കുക. ഇതിൽപ്പരം ഒരു ഭാഗ്യം വേറെന്താണ്. പ്രോഗ്രാം എന്തുമായിക്കോട്ടെ ആളില്ലാത്ത ഒരു പ്രശ്നം നമ്മുടെ ബാച്ചിൽ ഉണ്ടായിരുന്നില്ല. അതിനു വേണ്ടി ഓടാനും കോർഡിനേറ്റ ചെയ്യാനും വേറെ കുറേപേർ. നമ്മുടെ ഒത്തൊരുമയുടെയും കൂട്ടായ്മയുടെയും വിജയങ്ങൾ ആയിരുന്നു കണ്ടത്. "Reverberations", തുടർച്ചയായ മൂന്നു ഇന്റർക്ലാസ്സ് വിജയം.... ബി സോണിലും ഇന്റർസോണിലും സിനാപ്സിലും , രാഗത്തിലും എല്ലാം നമ്മൾ കണ്ടത് നമ്മുടെ ബാച്ചിന്റെ വിജയങ്ങൾ ആയിരുന്നു.

അത് കൊണ്ട് തന്നെ നമ്മുടെ ബാച്ചിന്റെ പേരിൽ എന്ത് ഏറ്റെടുക്കുന്നതിനും എനിക്ക് യാതൊരു ആശങ്കയും ഭയവും ഉണ്ടായിരുന്നില്ല. എന്തിനും പറ്റിയ ആളുകൾ ഉണ്ട്. അത് ഇതുവരെ ആരും കണ്ടിട്ടോ ചിന്തിച്ചിട്ടോ പോലും ഇല്ലാത്ത രീതിയിൽ മനോഹരമാക്കുകയും ചെയ്യും. ആരൊക്കെ തോൽപ്പിക്കാൻ ശ്രമിച്ചിട്ടും ഒരു പോറൽ പോലും ഏൽക്കാതെ നമ്മൾ തല ഉയർത്തിപ്പിടിച്ചു തന്നെ നിന്നു.

എന്നും എപ്പോഴും ...

ഏകദേശം മൂന്നു വർഷം class Rep ആയി തുടർന്നു. എന്റെ ജീവിതത്തിൽ ഏറ്റവും കൂടുതൽ ആസ്വദിച്ച കാലഘട്ടങ്ങളിൽ ഒന്ന്. പിന്നീട് കോളേജിലെ പൊതു പ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും, 2003-04 College Union General Secretary ആയി തിരഞ്ഞെടുക്കപ്പെട്ടു. അത് ഞാൻ നേരത്തെ സൂചിപ്പിച്ച ഒരു സ്വപ്നത്തിന്റെ ഭാഗം കൂടിയായിരുന്നു. പലതരം പ്രതികൂല സാഹചര്യങ്ങൾ അവിടെയുണ്ടായിരുന്നു സുഹൃത്ത് ബന്ധങ്ങളുടെ ശക്തി ഞാൻ ശരിക്കും അനുഭവിച്ച കാലഘട്ടങ്ങൾ. അനീഷ് മോഹൻ, ഫെബിൻ, സമദ്, സന്തോഷ്, ശ്രീഹരി, സാജൻ, തങ്കൾ, ഫൈസൽ ഇക്ക, രാജുവേട്ടൻ, സുരാജേട്ടൻ, അനൂപ്, മത്തി, നൗഫിറ, പുട്ട്, കല, മഞ്ജു, അമീന, ഷാലോസ്, പ്രസൂൺ, ജ്യോതിഷ് ഹരി, McEnroe... അങ്ങനെ പലരെയും ഓർമ്മ വരികയാണ്.

ഹൗസ് സർജൻസി സമയത്ത് ബാച്ചിന്റെ പലകാര്യങ്ങളിലും ആവശ്യങ്ങളിലും ഇടപെടാൻ കഴിഞ്ഞു. വർഷങ്ങളായി പൂട്ടിക്കിടന്ന HSQ മെസ് ചർച്ചകളിലൂടെ അവിടെ തന്നെ വീണ്ടും തുടങ്ങാൻ സാധിച്ചത് വളരെ സന്തോഷം തന്ന ഒരു അവസരം ആയിരുന്നു. HSA Secretary എന്ന നിലയിൽ പല പ്രശ്നങ്ങളിലും ഇടപെടാനും stipend വർദ്ധനവ് വരുത്തിയ ചർച്ചകളിലും മറ്റും മെഡിക്കൽ കോളേജ് HSA, PGA ഒരുമിച്ച്

പ്രവർത്തിക്കാനും കഴിഞ്ഞു.

ഈ കാലയളവിൽ എന്റെ ജീവിതത്തിൽ ഏറ്റവുമധികം എന്നെ സ്വാധീനിച്ച വ്യക്തിയാണ് 42nd ബാച്ചിലെ നമ്മുടെ ഫൈസൽ ഇക്ക. എന്നും ഒരു നല്ല സുഹൃത്തും വലിയ പ്രചോദനവും വഴികാട്ടിയുമായിരുന്ന ഫൈസലിക്ക. ഫൈസൽ ഇക്കയുടെ നിതാന്ത പരിശ്രമത്തിന്റെ ഭാഗമായി ആണ് നമ്മുടെ കോളേജിലെ കോപ്പറേറ്റിവ് സ്റ്റോർ തുടങ്ങാൻ കഴിഞ്ഞത്. അദ്ദേഹത്തിന്റെ ആ ശ്രമങ്ങളുടെ ഭാഗമാകാനും കൂടെ നിന്ന് പ്രവർത്തിക്കാനും കഴിഞ്ഞു. നമ്മുടെ കോളേജിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ് കോപ്പറേറ്റിവ് സ്റ്റോർ. അതിനും മുൻപും ശേഷവും ഉള്ള വ്യത്യാസം മനസിലാക്കാൻ സാധിച്ച ബാച്ചുകളിൽ ഒന്നാണ് നമ്മുടേത്. ജീവിതത്തിലും യൂണിയൻ പ്രവർത്തനങ്ങളിലും പഠനകാര്യങ്ങളിലും എപ്പോഴും ഒരു മൂത്ത ചേട്ടനെപ്പോലെ ഫൈസലിക്ക കൂടെ ഉണ്ടായിരുന്നു. ഇന്നും കൂടെ ഉണ്ട്...

സിനാപ്സ് എന്റെ ഒരു സ്വപ്നം ആയിരുന്നു. ഒരു പാട് നാളായി മൂടങ്ങി കിടന്നിരുന്ന ഇന്റർമെഡിക്കോസ് പുനരുജ്ജീവിപ്പിക്കാൻ നമ്മൾ ശ്രമിച്ചപ്പോൾ ആദ്യ ശ്രമം ചില സാങ്കേതിക കാരണങ്ങളാൽ നമ്മളിൽ നിന്നും അകന്നു പോയി. പക്ഷേ, തൊട്ടടുത്ത വർഷം; 2004 ൽ നമ്മുടെ കോളേജിൽ വെച്ച് വളരെ വിജയകരമായി അത് നടത്താൻ നമുക്ക് സാധിച്ചു. അതിൽ പങ്കെടുക്കാനും സംഘടിപ്പിക്കാനും ഏറ്റവും അധികം പ്രയത്നിച്ചത് നമ്മൾ നാല്പത്തിനാലാം ബാച്ചുകാർ ആയിരുന്നു. അതുവരെയുള്ള നമ്മുടെ അനുഭവങ്ങളും കഴിവുകളും വളരെ നല്ല രീതിയിൽ നമ്മൾ സംയോജിപ്പിച്ചു, വിജയിച്ചു.

അതുപോലെ ഓർമ്മയിൽ നിൽക്കുന്ന ഒന്നാണ് രാഗം ഫെസ്റ്റിവലിൽ നമ്മൾ ചാമ്പ്യൻസ് ആയ നിമിഷം. രാഗത്തിനു ഡാൻസ് ടീമിനെ അയക്കുമ്പോൾ മറ്റു ബാച്ചിലുള്ളവരെ ഉൾപ്പെടുത്താൻ വലിയ സമ്മർദ്ദമുണ്ടായിരുന്നു. നൂറിലധികം ടീമുകൾ മത്സരിച്ച ആ കോമ്പറ്റിഷൻ വൈകുന്നേരം തുടങ്ങി, കാലത്തു അഞ്ചു മണി വരെ നീണ്ടു. അതെല്ലാം കൂട്ടുകാരോടൊപ്പം അവിടെ നിന്നും കണ്ടു. അവസാനം "ഒന്നാം സമ്മാനം" നമുക്കാണെന്നു പ്രഖ്യാപിച്ചപ്പോൾ തുള്ളിച്ചാടുകയായിരുന്നു. നമ്മുടെ കോളേജിന്റെ പേരും അഭിമാനവും ആണ് അന്നവിടെ മുഴങ്ങിയത്. എങ്കിലും ഓരോ നാല്പത്തിനാലാം ബാച്ചുകാരനും അറിയാം അത് നമ്മുടെ സ്വകാര്യഅഹങ്കാരം ആയിരുന്നു. അതുകൊണ്ടു കൂടിയാണ് സിനാപ്സിന് അതേ ടീമിനെ കോളേജിന്റെ ടീമായി നമുക്ക് ഉയർത്തികാണിക്കാൻ കഴിഞ്ഞത്.

Aurora stage renovation ചെയ്യാൻ കഴിഞ്ഞതും Campus beautification തുടക്കം കുറിക്കാൻ കഴിഞ്ഞതും എന്റെ സ്വകാര്യമായ അഹങ്കാരങ്ങൾ ആണ്.

കലാപരമായി വലിയ കഴിവൊന്നും ഇല്ലാത്ത എനിക്ക് എങ്ങനെയാണ് ഇത്രയും വലിയ പരിപാടികൾ സംഘടിപ്പിക്കാൻ കഴിഞ്ഞത് എന്നോർക്കുമ്പോൾ ഞാൻ അത്ഭുതപ്പെടാറുണ്ട്. അതിനെല്ലാം എനിക്കൊരു

ഉത്തരമേയുള്ളൂ. നാല്പത്തിനാലാം ബാച്ചുകാർ കൂടെയുണ്ട് എന്ന ആത്മവിശ്വാസം, ആ ബാച്ചിനെ നയിച്ച് നേടിയ അനുഭവങ്ങൾ.

കോളേജിലെ അനവധി അധ്യാപകരുമായി നല്ലൊരു ബന്ധം വളർത്തിയെടുക്കുവാനും സാധിച്ചു. പല പരീക്ഷകളിലും അറ്റന്റൻസിന്റെ കാര്യത്തിലും ഈ ബന്ധങ്ങൾ വലിയ സഹായമായി എന്നുള്ളത് മറ്റൊരു സത്യമാണ്.

ഞാൻ ചെയർമാൻ ആയിരിക്കുമ്പോൾ അന്ന് മന്ത്രി ആയിരുന്ന ശ്രീ എം കെ മുനീറുമായി ഒരു വേദി പങ്കിടാൻ സാധിച്ചു. അന്ന് വളരെ വികാരഭരിതനായി ഹോസ്റ്റലുകളുടെ ശോചനീയാവസ്ഥയെപ്പറ്റി പൊതുവേദിയിൽ പറയുകയും അതിനു ശേഷം അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം നവീകരണ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. പിന്നീടൊരിക്കൽ തിരുവനന്തപുരത്തു HSA Secretary ആയിരിക്കുമ്പോൾ സ്റ്റൈപ്പെണ്ട് വർധനവിനായുള്ള ചർച്ചയിൽ വീണ്ടും മന്ത്രിയെ കാണാൻ ഇടവന്നു. മുൻപ് കണ്ട ഓർമ്മകൾ അദ്ദേഹം തന്നെ പറഞ്ഞപ്പോൾ എനിക്ക് അത്ഭുതവും സന്തോഷവും കൊണ്ട് മനസ്സ് നിറഞ്ഞു. അദ്ദേഹം ചെയ്തുതന്ന സഹായങ്ങൾക്ക് നന്ദി പറയുകയും ചെയ്തു.

അങ്ങനെ ഒത്തിരി ഒത്തിരി ഓർമ്മകൾ. എഴുതിയാൽ തീരാത്ത അത്ര കാര്യങ്ങൾ ഈ കലാലയ കാലയളവിൽ ഞാൻ അനുഭവിച്ചിരുന്നു. എനിക്ക് എന്റെ ജീവിതത്തിൽ എന്നും എപ്പോഴും... ഇപ്പോഴും... ഏറ്റവും വലിയ സുഹൃത്ത് ബന്ധങ്ങൾ സമ്മാനിച്ചത് നമ്മുടെ ബാച്ചും കോളേജും ആണ്. അതുപോലെ തന്നെ ഒത്തിരി നല്ല ഓർമ്മ കളും.

ജീവിതത്തിലെ ഏതു സാഹചര്യങ്ങളെയും നേരിടാനുള്ള ധൈര്യവും ചങ്കൂറ്റവും കഴിവും സമ്മാനിച്ചത് നമ്മുടെ കലാലയം തന്നെയാണ്. 44th Batch എന്നു പറയുമ്പോൾ സ്വന്തം വീട്ടിൽ വന്നു കയറിയ ഒരനുഭൂതി, മനസ്സിൽ അത് എപ്പോഴും അങ്ങനെ തന്നെ.

ഇന്നും ചില ദിവസങ്ങളിൽ ആ ക്ലോക്ക് ടവറും പോർട്ടിക്കോയും കോറിഡോറുകളും എന്റെ സ്വപ്നങ്ങളിൽ നിറയും. "44TH കീ ജയ് ..." എന്ന് പറഞ്ഞു എന്റെ കൈകൾ ആകാശത്തേക്ക് ഉയരും. ഉറക്കത്തിൽ ഞാൻ ഞെട്ടി ഉണരും. പുറത്തു ബാൽക്കണിയിൽ വന്നു ഞാൻ കണ്ണുകളടച്ചു, മൂക്ക് വികസിപ്പിച്ചു നിൽക്കും. അപ്പോൾ അനേകമായിരം മൈലുകൾക്കപ്പുറത്ത് നിന്നും ആ കാറ്റും മണവും എന്നെ തേടി എത്തും. അപ്പോൾ ആകാശത്തുനിന്നും എനിക്ക് വേണ്ടി സ്വപ്നം കാണുന്ന രണ്ടു നക്ഷത്രകണ്ണുകൾ എന്നെ നോക്കി പുഞ്ചിരിക്കാറുണ്ട്.

SMITHA VIJAYAN

ക്ലോക്ക് ടവർ

രംഗം ഒന്ന്:

2014 ജൂലൈ 31.

ജിപ്മർ സീറ്റ് വേണ്ടെന്ന് വച്ച് നെഫ്രോളജിക്ക് നമ്മുടെ കോളേജ് തിരഞ്ഞെടുത്തതിനു രണ്ടായിരുന്നു കാരണം.
ഒന്ന് : ക്ലോക്ക് ടവറും ചിരപരിചിതമായ ചുറ്റുപാടും.
രണ്ട്: പ്രൊഫസർ ശ്രീലത മാഡം.

ജൂലൈ 31ലെ കൗൺസിലിംഗിന് ശേഷം,
" congratulations. You are permitted to join the Department of Nephrology, Government Medical College, Calicut"
എന്ന് അലോട്ട്മെൻറ് ലെറ്റർ കയ്യിൽ ലഭിച്ചപ്പോഴുണ്ടായ ആനന്ദം ഞാനിന്നും തിരിച്ചറിയുന്നു.

എംബിബിഎസിന് കോഴിക്കോട് തിരഞ്ഞെടുത്തത് പലരുടെയും അഭിപ്രായപ്രകാരം ആണെങ്കിലും ഇത്തവണ അത് ഞാൻ തന്നെ കഷ്ടപ്പെട്ട് നേടിയതാണ്.

ഒരു സെമി സ്ലീപ്പർ ബസിൽ തിരുവനന്തപുരത്തു നിന്ന് കോഴിക്കോട്ടേക്ക് ... എന്റെ പ്രിയപ്പെട്ട കോളേജിലേക്ക് ...

2014 ഓഗസ്റ്റ് ഒന്ന്.
വല്ലാത്ത ഒരു ഉന്മേഷം ആയിരുന്നു ആ ദിവസത്തിന്. ഇഷ്ട്ടം തോന്നിക്കുന്ന ചെറിയ ചാറ്റൽമഴ.
നമ്മുടെ കോളേജിലെ പ്രവേശന കവാടം കടന്നു ഞാൻ മുന്നോട്ടു നടന്നു. "ഗ്രഹാതുരത്വം" അതിൻറെ മൂർത്തീഭാവത്തിൽ ആയിരുന്നു.

2006 കോളേജ് വിട്ടതിനു ശേഷം ഒന്നോ രണ്ടോ വട്ടം ഒരു "സന്ദർശക മാത്രമായി" വന്നുപോയിരുന്നു.

ഈ മനോഹര കലാലയം വീണ്ടും എന്റെതായി മാറുകയാണ്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എത്തിയപ്പോൾ കണ്ണിമവെട്ടാതെ നോക്കിനിന്നു. പല പല ഓർമ്മകൾ മനസ്സിലൂടെ പാഞ്ഞുപോയി. LH 1 -ഇൽ എന്റെ എഴുപത്തി എട്ടാം നമ്പർ റൂമിൽ നിന്നും നേരെ നോക്കിയാൽ കണ്ടിരുന്ന പണിതീരാത്ത സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് !!

ഒരു ദിവസം ഞാനും എന്റെ കൂട്ടുകാരും ആ പണിതീരാത്ത കെട്ടിടത്തിനു മുകളിൽ കയറിയത് ഒരിക്കലും മറക്കാനാവാത്ത അനുഭവമാണ്.

സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്കിലേക്കുള്ള റോഡിലേക്ക് കാലെടുത്തു വെച്ചു. എന്തോ ഒന്ന് എന്നെ പിന്നിൽ നിന്ന് വിളിച്ചു. ഞാൻ തിരിഞ്ഞു നോക്കി.
"ഹാ! ക്ളോക്ക് ടവർ!"

ഞാൻ നോക്കി നിന്നു. ആ പഴയ നാല്പത്തി നാലാം ബാച്ചുകാരിയായി, ആ ചാറ്റൽ മഴയത്ത് ...

ഒരുപാടു നാളായി സ്വപ്നം കണ്ടിരുന്ന കാഴ്ച്ച. ഇതായിരുന്നു ഞാൻ ആദ്യം കാണേണ്ടിയിരുന്നത് എന്ന് എനിക്ക് തോന്നി.

ഇപ്പോഴും ഞാൻ ഓർക്കുന്ന രോഗികളും കൂട്ടിരിപ്പുകാരും വാഹനങ്ങളും ഒക്കെയായി തിരക്കുപിടിച്ച ആ റോഡിൽ ഞാൻ മഴയത്ത് കുടയും ചൂടി ക്ലോക്ക് ടവർ നോക്കി നിന്ന നിമിഷം.

രംഗം രണ്ട്:

2014 - 2017

ഡിഎം കോഴ്സിൻറെ തിരക്ക് നിറഞ്ഞ ദിവസങ്ങൾ. വാർഡ് ഡ്യൂട്ടി, കൺസൾട്ടേഷൻ ഡ്യൂട്ടി, ട്രാൻസ്പ്ലാൻറ് ഡ്യൂട്ടി - ഡ്യൂട്ടിക്ക് ഒരു പഞ്ഞവുമില്ല. അതിനിടയിൽ കേസ് പ്രസൻറ്റേഷൻ, ജേർണൽ പ്രസന്റേഷൻ, പേപ്പർ പ്രസന്റേഷൻ. സ്ട്രെസ്സിന്റെ മൂർധന്യാവസ്ഥ.

ഞങ്ങൾ മൊത്തം ആറ് പിജീ സ് ആയിരുന്ന ഡിപ്പാർട്ട്മെൻറിൽ. അതിൽ ഞാൻ മാത്രം ഒരു 'ലേഡി പിജി'. എണ്ണം കുറവായിരുന്നതിനാൽ ഡ്യൂട്ടി മുറക്ക് വന്നുകൊണ്ടിരുന്നു.

ആ ദിവസങ്ങളിൽ ഒരിക്കൽ പോലും എനിക്ക് അത്രയും പ്രിയപ്പെട്ട ആ ക്ലോക്ക് ടവർ ഒന്നു നോക്കിയതായി ഞാൻ ഓർക്കുന്നതില്ല. ഈ കാലയളവിൽ നെഫ്രോളജി/ പത്തോളജി ഡിപ്പാർട്ട്മെൻറുകൾ സംയുക്തമായി നടത്തുന്ന ക്ളിനിക്കോ-പത്തോളജി സെഷൻസ് ഉണ്ടാവാറുണ്ടായിരുന്നു. അതിൻറെ ഭാഗമായി പത്തോളജിയിലേക്ക് ഓടുമ്പോൾ സ്റ്റെയർകേസ് സൈഡിലേക്ക് നോക്കിയാൽ കാണുന്നത് ക്ളോക്കിൽ നിന്നും താഴേക്ക് വരുന്ന രണ്ടു സ്ടിങ്സും അറ്റത്ത് ഘടിപ്പിച്ചിരിക്കുന്ന എന്തോ ഒരു വസ്തുവും ആണ്.

രംഗം മൂന്ന്:

2018.

ഡി എം പരീക്ഷ എല്ലാം കഴിഞ്ഞ് 'ബോണ്ട്' ചെയ്യുന്ന വർഷം. വളരെ റിലാക്സ്ഡ് ആയ സമയം. ആഴ്ചയിൽ ഒരു ഡ്യൂട്ടി മാത്രം. അങ്ങനെ ഒരു നൈറ്റ് ഡ്യൂട്ടി എടുക്കാനായി ഞാൻ ഡിപ്പാർട്ട്മെൻറിൽ എത്തി. ഐ സി യു, മെയിൽ വാർഡ് റൗണ്ട്സ് തീർത്തു ഫീമെയിൽ വാർഡിലെത്തി. ഫീമെയിൽ വാർഡിലെ ജനാലയിലൂടെ ഞാനാ അതിമനോഹര കാഴ്ച കണ്ടു- ദീപാലങ്കൃതമായ ക്ലോക്ക് ടവർ!! ഇങ്ങോട്ടു പോരുമ്പോൾ ആ കാഴ്ച ഞാനെങ്ങനെ മിസ്സ് ചെയ്തു എന്നോർത്ത് അതിശയിച്ചു. റൗണ്ട്സ് തീർത്ത് ഞാൻ പുറത്തേക്കോടി. സാധാരണ ഭക്ഷണം കഴിഞ്ഞ് ഡ്യൂട്ടിക്ക് എത്താറുള്ള ഞാൻ എന്തെങ്കിലും കൺസൾട്ടേഷൻ ഉണ്ടെങ്കിൽ മാത്രമേ പുറത്തിറങ്ങാറുള്ളൂ.

എത്രനേരം അങ്ങനെ സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്കിനു മുൻപിലുള്ള ആ റോഡിൽ ഞാൻ ക്ലോക്ക് ടവർ നോക്കിനിന്നു എന്നോർമ്മയില്ല. ഏതോ പരിപാടിയുടെ ഭാഗമായി കോളേജിൻറെ മുൻഭാഗവും ക്ലോക്ക് ടവറും അലങ്കരിച്ചിരിക്കുകയാണ്. കുറച്ചകലെ നിന്ന് ഒരു നേർത്ത സംഗീതവും കേൾക്കുന്നു. ഞാൻ ഓർത്തു - കഴിഞ്ഞ മൂന്നു വർഷവും പല പരിപാടികൾക്കായി കോളേജ് അലങ്കരിക്കപ്പെട്ടിരുന്നു. നമ്മുടെ കോൺവെക്കേഷൻ ഭാഗമായും അലങ്കരിക്കപ്പെട്ട കോളേജ് കണ്ടിട്ടുണ്ട്. അന്നൊന്നും ഞാൻ ഇത്രയും ഈ സൗന്ദര്യം ആസ്വദിച്ചിട്ടില്ല. വണ്ടികളുടെ ബാഹുല്യവും ജനത്തിരക്ക് ഒക്കെയായിരുന്നോ കാരണം? അറിയില്ല.

ഞാൻ അങ്ങനെ ആ മനോഹര കാഴ്ച നോക്കി നിൽക്കുകയാണ്. ആ നിൽപ്പ് എത്രനേരം തുടർന്നുവെന്ന് നിശ്ചയമില്ല. വല്ലാത്ത ഒരു മാസ്മരികമായ അവസ്ഥ ആയിരുന്നു അത്.

"മാഡം, ഇപ്പോൾ പട്ടികളുടെ ശല്യം കൂടുതലാണ്. ഇവിടെ അധികം ഒറ്റക്ക് നിൽക്കേണ്ട." സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്കിലെ സെക്യൂരിറ്റി ചേട്ടനാണ്. ഞാൻ കുറച്ച് അധികം സമയമായിട്ടും തിരിച്ചുവരാതെ അവിടെ തന്നെ നിൽക്കുന്നത് അദ്ദേഹം കണ്ടിട്ടുണ്ടാവണം. അപ്പോഴാണ് എനിക്ക് സ്ഥലകാലബോധം ഉണ്ടായത്. ഞാനവിടെ നിന്നും ആ സംഗീതത്തിൻറെ ശ്രോതസ്സ് അന്വേഷിച്ചു പോയി. ഇൻറർ ബാച്ച് ആർട്സ് ഫെസ്റ്റ് ആണെന്ന് തോന്നുന്നു 'അറോറ' സ്റ്റേജിൽ. നമ്മെക്കാൾ മിടുക്കരാണ് നമ്മുടെ പിൻതലമുറ. കുറച്ചുനേരം അവരുടെ പ്രകടനം ആസ്വദിച്ച് മടങ്ങി.

സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്കിലേക്ക് ഉള്ള മടക്കയാത്രയിൽ ഞാൻ ഒന്നുകൂടി തിരിഞ്ഞു നോക്കി. മനോഹരമായി അലങ്കരിക്കപ്പെട്ട ക്ലോക്ക് ടവർ കാണാൻ. ആ ചിത്രം എന്നെന്നേക്കുമായി എൻറെ മനസ്സിൽ പതിയാൻ.

ABDUL BASITH P T



ഓർമ്മകളുടെ പണ്ടാരപ്പെട്ടി

ജീവിതത്തിൽ പലതും അമിതമായി കാൽപനികവൽകരിക്കപ്പെട്ടതാണ് എന്ന തോന്നൽ എനിക്ക് തന്നത് ഈ കലാലയമാണ്. ഏറ്റവും പൈങ്കിളിയായ പ്രണയം പോലും അമിതമായ കാൽപനികവൽക്കരണത്താൽ മടുപ്പുളവാക്കുന്ന ഒന്നായിക്കഴിഞ്ഞു എന്ന എന്റെ അടുത്ത കൂട്ടുകാരുടെ തോന്നലുകൾ എന്നിലേക്ക് പകർന്നതാകാം. കൂട്ടുകാരുടെ മതത്തിലാണ് ഒരാൾ ജീവിക്കുന്നത് എന്ന് ആരോ പറഞ്ഞതോർക്കുന്നു.
കല, സാഹിത്യം എന്നത് ഏറിയ പങ്കും സർഗാത്മകതയും ഭാവനയും പിന്നെ കുറേയൊക്കെ കാല്പനികതയുമാണ്.

ഏറെ കാല്പനികവത്ക്കരിക്കപ്പെട്ട ഒരു വസ്തുത ഞാൻ ഉദാഹരിക്കാം.

സ്ത്രീ അമ്മയാണ് - അമ്മയുടെ സ്നേഹം പ്രകൃതിയിൽ തുല്യതയില്ലാത്ത ഒരു പ്രതിഭാസമാണ്. നഷ്ടപ്പെടുമ്പോൾ വല്ലാതെ തിരിച്ചറിയപ്പെടുന്ന ഒന്ന്. എന്നാൽ ഇതിന്റെ കാല്പനികവത്കരണം മടുപ്പുളവാക്കുന്നതാണ് എന്ന് മാത്രമല്ല, സ്ത്രീവിമോചനത്തിന്റെയും തുല്യതയുടെയും കടക്കൽ കത്തി വെക്കുകയും ചെയ്യുന്നുണ്ട്. അത്ര തന്നെ കാൽപനികവത്കരിക്കപ്പെട്ട ഒന്നാണ് 'ഡോക്ടർ ദൈവതുല്യനാണ്' എന്ന സങ്കൽപം. പല സാഹിത്യ സൃഷ്ടികളിലൂടെയും കഥകളിലൂടെയും പതിച്ചു കിട്ടിയ ഈ പദവി പല ഭിഷഗ്വരുടെയും അന്തകനായിട്ടുണ്ട് എന്നതാണ് സത്യം.

ഇനി ഞാൻ അൽപം കാൽപനികതയിലേക്ക് കടക്കുകയാണ്. ഈ കലാലയത്തിൽ പല ഔദ്യോഗിക പദവികൾ ദൈവാനുഗ്രഹത്താൽ വഹിക്കേണ്ടി വരുന്ന ഈ അവസരത്തിൽ ഞാൻ ഇതെഴുതുമ്പോൾ, ആദ്യം ഞാനീ കലാലയത്തിൽ എത്തിയ ദിനം ഓർത്തു പോകുകയാണ്.

അതിന് മുൻപ് ഞാൻ ഒരു കഥ പറയാം.

പണ്ട് പണ്ട്, ഗ്രീസിലെ ഏതോ ഒരു ഗ്രാമത്തിൽ പണ്ടോര എന്ന് പേരായ ഒരു പെൺകുട്ടി ജീവിച്ചിരുന്നു. ആ കാലത്ത്, മഹാബലിയുടെ കാലം പോലെ, മനുഷ്യരെല്ലാം ആമോദത്തോടെ വസിച്ചിരുന്നു. കാരണം രോഗങ്ങളോ പീഡകളോ ഇല്ല, ദുഃഖവും വേദനകളും ഇല്ല, വെറുപ്പും വിദ്വേഷവും എന്നു വേണ്ട മനുഷ്യന്റെ മുഖം ചുളിക്കാനായെങ്കിലും ഒരു കൊതുകു പോലും ഇല്ല. എങ്ങും സന്തോഷം മാത്രം.

പണ്ടോര സൂയസ് ദേവന്റെ മകളായിരുന്നു. കളിമണ്ണുകൊണ്ട് സൃഷ്ടിക്കപ്പെട്ട ആദ്യത്തെ സ്ത്രീ. സൂയസ് ദേവൻ അവൾക്ക് സമ്മാനമായി മനോഹരമായ ഒരു പെട്ടി കൂടി നൽകിയാണ് അവളെ ഭർത്താവിന്റെ അരികിലേക്ക് അയച്ചത്.

ഒരിക്കലും തുറക്കരുതെന്ന താക്കീതോടെ അതിന്റെ താക്കോൽ സൂയസ് ദേവൻ പണ്ടോരയുടെ ഭർത്താവിനും നൽകി. പണ്ടോരയാകട്ടെ പെട്ടി തുറന്ന് നോക്കാനുള്ള ജിജ്ഞാസയാൽ ഹൃദയ ഭാരം പേറുന്നവളായി. മനുഷ്യർക്കാർക്കും അത് താങ്ങാനാകില്ല എന്ന് സൂയസ് ദേവന് നന്നായി അറിയാമായിരുന്നു. പെട്ടി തുറക്കാനുള്ള ആഗ്രഹം പറഞ്ഞപ്പോൾ എപിമെത്തിയൂസ് വിലക്കി.

സൂയസ് ദേവൻ അസൂയാലുവാണ്, പ്രോമെത്തിയോസ് തീ മനുഷ്യർക്ക് നൽകിയത് നിന്റെ അച്ഛന് ഇഷ്ടപ്പെട്ടിട്ടില്ല, അതിന് പകരം തന്ന എന്തോ മാരകമായ പണിയാണ് ആ പെട്ടിക്കുള്ളിൽ" എന്ന് അയാൾ ഭാര്യയെ പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിച്ചു.

എന്നാൽ ആ പറഞ്ഞതൊന്നും പണ്ടോരയുടെ ജിജ്ഞാസയെ ശമിപ്പിക്കാൻ ഉതകുന്നതായിരുന്നില്ല. എപിമെത്തിയോസ് ഉറങ്ങിക്കിടന്ന തക്കത്തിൽ താക്കോൽ മോഷ്ടിച്ച അവൾ ആ പെട്ടി തുറന്നു.

പെട്ടി തുറന്ന "പണ്ടോര" പേടിച്ചു പിറകോട്ട് വീണു. ഭീമാകാരന്മാരായ സത്വങ്ങൾ അതിവേഗം പെട്ടിയിൽ നിന്ന് രക്ഷപ്പെട്ട് പ്രകൃതിയിലേക്ക് ഓടി. ജലദോഷം മുതൽ കാൻസർ വരെ, സിഫിലിസ് മുതൽ എയിഡ്സ് വരെ, തലവേദന മുതൽ സൂയിസൈഡൽ ഡിപ്രഷൻ വരെ പണ്ടോരയുടെ പെട്ടിയിൽ നിന്നും പുറത്തുചാടി. ഒരു നിമിഷം എന്ത് ചെയ്യണം എന്നറിയാതെ നിന്ന് പോയ പണ്ടോര സാമാന്യ ബോധം വീണ്ടുകിട്ടിയപ്പോൾ നിമിഷാർദ്ധത്തിൽ പെട്ടി അടച്ചു. പെട്ടിക്കുള്ളിൽ നിന്ന് എന്തോ ഒരു ശബ്ദം അവൾ കേട്ടു. അവളുടെ ഹൃദയം പടപടാ എന്ന് മിടിച്ചു. എന്തോ ഒന്ന് പെട്ടിക്കുള്ളിൽ ബാക്കിയായിരിക്കുന്നു. മുഴുവൻ പിശാചുക്കളും ഭൂമിയിലേക്ക് പറന്ന് കയറിയപ്പോൾ തന്റെ പെട്ടിയിൽ ബാക്കിയായ, ഒരു കുഞ്ഞിനെ പോലെ ചിരിക്കുന്ന, പ്രകാരം പരത്തുന്ന ജീവി എന്താണെന്നറിയാനുള്ള ജിജ്ഞാസ പണ്ടോരയുടെ മനസ്സിനെ അലട്ടികൊണ്ടിരുന്നു. അവൾ പെട്ടിയുടെ അടപ്പ് മെല്ലെ തുറന്ന് അകത്തേക്ക് നോക്കി. മനോഹരമായ വർണ്ണ ചിറകുകൾ ഉള്ള ഒരു കുഞ്ഞു പക്ഷി. അത്

മനോഹരമായി പാടുന്നു.

പണ്ടോരയുടെ പെട്ടിയിൽ അന്ന് ബാക്കിയായ ആ പക്ഷിയാണത്രേ, "പ്രതീക്ഷ".

വർണ്ണചിറകുകളുള്ള പ്രതീക്ഷയാണ് നാളെയ്ക്ക കൂടി ജീവിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന ഘടകം. നാളത്തെ പ്രഭാതം ഇതിലും മനോഹരമായിരിക്കുമെന്നും, അരയന്നങ്ങൾ നീന്തിത്തുടിക്കുന്ന നീലത്തടാകത്തിന്റെ തീരത്തെ ചെറുകുടിലിൽ പ്രണയിനിയുടെ ചുണ്ടുകളിൽ ചുംബിച്ചു കൊണ്ട് മധുരമുന്തിരിത്തേൻ നുണയുന്ന സ്വപ്നങ്ങൾ നെയ്ത് തന്ന്, ഒരു പകലു കൂടെ, ഒരു രാവു കൂടെ, ഒരു യുഗം കൂടെ ഇവിടെ ജീവിച്ചു തീർക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത് പ്രതീക്ഷയാണ്.

ആ പ്രതീക്ഷ കൂടെ മരിക്കുമ്പോഴാണ് ആളുകൾ ഒരു മുഴം കയറിൽ ജീവനൊടുക്കുന്നത്. അല്ലെങ്കിൽ ആ പ്രതീക്ഷക്കൊത്ത് കാര്യങ്ങൾ നടക്കാതെ വരുമ്പോൾ അവർ അസ്വസ്ഥരാകുന്നു. സ്വയം ഒന്നിനും കൊള്ളാത്തവർ എന്ന തോന്നലുണ്ടാക്കുന്നു. വിഷാദത്തിന്റെ ഒരു പ്രധാനപ്പെട്ട ലക്ഷണം സ്വന്തത്തോടും സ്വന്തം നിലനിൽപിനോടും തോന്നുന്ന അർത്ഥശൂന്യതയും അതിൽ നിന്ന് ഉടലെടുക്കുന്ന ആത്മനിന്ദയും ആണ്. ജീവിക്കാനുള്ള പ്രതീക്ഷകൾ കൂടി ഇല്ലായിരുന്നെങ്കിൽ, പണ്ടോര ആ പെട്ടി വീണ്ടും തുറന്നില്ലായിരുന്നെങ്കിൽ ....

പണ്ടോര അന്ന് തുറന്ന് വിട്ട ഭൂതങ്ങളെ മെരുക്കാൻ പിന്നീട് ഭിഷഗ്വരരുണ്ടായി. വൈദ്യവിദ്യാലയങ്ങളും ആശുപത്രികളും ഉണ്ടായി. മെഡിക്കൽ കോളേജുകൾ ഉണ്ടായി.

വർഷങ്ങൾക്കു ശേഷം കോഴിക്കോട് മെഡിക്കൽ കോളേജും ഉണ്ടായി. അവിടെ രണ്ടായിരാമാണ്ട് ക്രിസ്താബ്ദത്തിൽ നാല്പത്തിനാലാം ബാച്ചിൽ ഇരുന്നൂറ് വിദ്യാർത്ഥികൾ പ്രവേശനം നേടുകയുമുണ്ടായി.

ഇതാണ് നാല്പത്തിനാലാം ബാച്ചിന്റെ ഉൽപത്തി ചരിത്രം

അതിൽ ഏറെ പേരും അവിടെ വിരിഞ്ഞു വീണ മെയ് മാസ പൂക്കളെ ചവിട്ടിമെതിച്ച് കടന്നുപോയി. അവർക്ക് വെച്ചു നീട്ടിയ പ്രണയ പുഷ്പങ്ങളെ കാല്പനികമെന്നു പറഞ്ഞു തിരസ്കരിച്ചു കൊണ്ടവർ നടന്നു പോയി. ചിലർ അവിടെ വെച്ച് നീലത്തടാകത്തിലെ ഇണയരയന്നങ്ങളായി. അതിന്റെ കരയിൽ കൂടു വെച്ച് പ്രണയം പകുത്തു നൽകി. മെയ്മാസപൂക്കളെ പ്രണയത്തിന്റെ തീവ്രതയിൽ മനോഹരങ്ങളായി കണ്ട് ആസ്വദിച്ച് പരസ്പരം സ്വന്തമാക്കി. പ്രണയങ്ങളും പ്രണയ നഷ്ടങ്ങളും കണ്ട്, വിജയവും പരാജയവും കണ്ട്, സൗഹൃദവും കിടമത്സരങ്ങളും കണ്ട് ആ കൂട്ടവും ഇവിടം വിട്ടു പോയി.

അങ്ങനെ ഇരുപത് സംവത്സരങ്ങൾ കടന്നുപോയി. ഈ ക്ലോക്ക് ടവറിനൊപ്പം എല്ലാത്തിനും സാക്ഷിയായി ഞാൻ ഇവിടെ തന്നെ ഉണ്ട്.

അധികം എഴുതിയെങ്കിലും, അധികമൊന്നും പറഞ്ഞില്ല. ചിലതു പറയുന്നത് എന്നെ തന്നെ വേദനിപ്പിക്കലാകും. എങ്കിലും ചിലരെ ഓർക്കാതെ പോകുന്നതെങ്ങനെ.

ഏറെ പൊട്ടിച്ചിരികൾ സമ്മാനിച്ച, ഏറെ സന്ദർഭങ്ങൾക്ക് നിറം പകർന്ന ഒരു സുഹൃത്ത് അകാലത്തിൽ വിട പറയുകയുണ്ടായി. അയാളുടെ ഓർമ്മകൾക്കു മുന്നിൽ ഒരു നിമിഷം ഞാൻ നിശ്ശബ്ദനാകുന്നു, കണ്ണും ഗദ്ഗദ പൂർണ്ണമാകുന്നു.

എന്നെ ഞാനാക്കിയ ഓർമ്മകൾക്കു നന്ദി. ഒന്നും പരത്തി എഴുതുന്നില്ല. ഓർമ്മകൾ നമ്മളിലെല്ലാം ഉണ്ടല്ലോ. നമ്മൾ മരിക്കുന്നത് വരെ ഓർമ്മകൾ ജീവിക്കും. നമ്മിലൂടെ ആ കാലവും ജീവിക്കും.

BIMISHA PRASANTH

ശുനകപുരാണം

അന്നൊരു ഞായറാഴ്ച്ച ആയിരുന്നു.

എം ബി ബി എസിനു ചേർന്നു രണ്ടും വർഷം കഴിഞ്ഞെങ്കിലും ഞങ്ങൾ കോമ്മൺ ഹാളിൽ തന്നെ ആയിരുന്നു. ഞങ്ങൾ പന്ത്രണ്ടോളം പേരും എൽ എച്ച് ॥ വിലെ ആ കോമ്മൺ ഹാളിൽ. സൂര്യൻ ഉദിച്ചു തലയ്ക്കു മുകളിൽ എത്തിയിട്ടും ആരും കിടക്ക വിട്ട് എഴുന്നേറ്റിട്ടില്ല.

അങ്ങനെ ആ സുഖസുഷുപ്തിയിൽ പുതച്ചു മൂടി കിടക്കുമ്പോഴാണ് നമ്മുടെ കഥാനായികക്കു ബോധോദയമുണ്ടാകുന്നത്.

"നമുക്കെല്ലാവർക്കും തടി കൂടുന്നുണ്ട്. നമ്മളിങ്ങനെ മടി പിടിച്ചിരുന്നാൽ ശരിയാവില്ല."

കൂട്ടത്തിൽ സ്വയം അൽപ്പം തടി കൂടുതൽ ആണെന്ന് വിശ്വസിച്ചിരുന്ന ചിലർ പിന്താങ്ങി. ബാക്കിയുള്ളവർ ഇതൊന്നും തങ്ങളെ ബാധിക്കുന്ന കാര്യമേ അല്ല എന്ന മട്ടിൽ തിരിഞ്ഞു കിടന്നു. കൂട്ടത്തിൽ ഞാനും.

അങ്ങനെ അവർ ആ കിടക്കയിൽ കാലും നീട്ടി ഇരുന്നു, നാടോടിക്കാറ്റിലെ ദാസനെയും വിജയനെയും പോലെ ഭാവി പരിപാടികൾ പ്ലാൻ ചെയ്തു തുടങ്ങി.

"എന്നും രാവിലെ നടക്കാൻ പോണം."

"കാലത്തു ആറുമണിക്ക് അലാറം വെച്ച് എഴുന്നേൽക്കണം ."

"ഉണരുന്ന ആൾ മറ്റുള്ളവരെ വിളിച്ചെഴുന്നേല്പിക്കണം."

"ദിവസവും അരമണിക്കൂർ എങ്കിലും നടക്കണം."

"നാളെ മുതൽ തുടങ്ങണം."

ശേഷം കഥാനായികാ സ്വന്തം ശരീരം ഒന്നു നോക്കി കൊണ്ട് പറഞ്ഞു.

"നമുക്കെന്താ ... ഈ ബുദ്ധി നേരത്തേ തോന്നാഞ്ഞത് ?"

"എല്ലാത്തിനും അതിന്റേതായ സമയമുണ്ട് ...." ആരോ അതേറ്റു പിടിച്ചു.

അടുത്ത ദിവസം മുതൽ മറ്റുള്ളവരുടെ സുഖസുഷുപ്തിക്കു ഭംഗം വരുത്തിക്കൊണ്ട് ഘടികാരം ശബ്ദിച്ചു തുടങ്ങി. അത് കഴിഞ്ഞാൽ പിന്നെ നടത്തക്കാരുടെ ഒരുങ്ങലിന്റെ ബഹളമാണ്. കഥാനായികയുടെ ശബ്ദം ഇടയ്ക്കിടെ ഉയരും. അവളാണല്ലോ "ലീഡർ". അവർ ഒന്ന് ഇറങ്ങിയാലേ ഞങ്ങളുടെ ഉറക്കം വീണ്ടും സുഖമായി നടക്കൂ.

അങ്ങനെ ഈ കലാപരിപാടി വിജയകരമായി ഒരാഴ്ച്ച പിന്നിട്ടു.

അടുത്ത ദിവസം ഉറക്കമുണർന്ന ഞാൻ കാണുന്നത് എന്റെ ബെഡിൽ, എന്റെ തൊട്ടടുത്തിരിക്കുന്ന നമ്മുടെ നായികയെ ആണ്. കുളി ഒക്കെ കഴിഞ്ഞിട്ടുണ്ട്. ഈറൻ മുടി വിടർത്തിയിട്ടിട്ടുണ്ട്.

"ഇത്ര നേരത്തേ കുളി ഒക്കെ കഴിഞ്ഞോ" എന്റെ ചോദ്യം കേട്ട് അവൾ തിരിഞ്ഞു നോക്കി. മുഖം ആകെ ചുവന്നു തുടുത്തിരിക്കുന്നു. കണ്ണിൽ നിന്നും മൂക്കിൽ നിന്നും ഒക്കെ വെള്ളം ചാടുന്നുണ്ട്.

"എന്താ ... എന്ത് പറ്റി. നീ എന്തിനാ കരയണേ "

"എന്നെ ... പട്ടി കടിച്ചെടാ ..." എന്നൊരു വിതുമ്പി കരച്ചിലായിരുന്നു മറുപടി ആയി കിട്ടിയത്.

"പട്ടി കടിച്ചിട്ടൊന്നും ഇല്ല ബിമിഷ. പട്ടി പിന്നിൽകൂടി വന്നു ഒന്ന് തട്ടീട്ടു പോയി. അയിനാണ് .... ഇവള് കെടന്നു മോങ്ങണത്.
അതേതോ കണ്ണ് കാണാത്ത പട്ടിയാണെന്നു തോന്നുന്നു."

കൂടെ നടക്കാൻ പോയ ആത്മമിത്രം അൽപ്പം ദേഷ്യത്തിലാണ്.

"അല്ല ...അല്ല ... അതിന്റെ നഖം കോറിയിട്ടുണ്ട്. ദേ നോക്ക് ..." കഥാനായികയും വിട്ടു കൊടുക്കാൻ ഭാവമില്ല.

"എവിടെ ... ഒന്നും കാണുന്നില്ലല്ലോ." ഞാൻ സത്യമായിട്ടും ഒന്നും കണ്ടില്ലായിരുന്നു.

"നീ ശരിക്ക് ഒന്ന് കണ്ണ് തുറന്നു നോക്ക് ...ദേ ചോര പൊടിയണ കണ്ടോ? " നായികക്ക് ദേഷ്യം വരാൻ തുടങ്ങി.

ഒരു മൈക്രോസ്കോപ്പ് കിട്ടിയിരുന്നെങ്കിൽ എന്ന് മനസിൽ ഓർത്തു. പക്ഷേ, അവളുടെ ദേഷ്യം കണ്ടപ്പോൾ മൗനം ഭൂഷണമാക്കി.

"അതിപ്പോ തോർത്ത് വെച്ച് ഉരച്ചു ഉരച്ചു ഉണ്ടാക്കിയതാ ..." ആത്മമിത്രവും വിട്ടു കൊടുക്കുന്നില്ല.

"സാരല്ല; നീ നന്നായി സോപ്പും വെള്ളവും കൊണ്ട് കഴുകീലെ. ഇനി വേണെങ്കിൽ പോയി ARV എടുക്കാം." ഞാൻ സമാധാനിപ്പിച്ചു.

"അയ്യോ ...ARV ഒന്നും എടുക്കാൻ പറ്റില്ല. എനിക്ക് സൂചി പേടിയാണ്..." കരച്ചിലിന്റെ ശക്തി കൂടിയതേ ഉള്ളൂ.

"എന്നാൽ എടുക്കണ്ട."

"അത് ശരിയാവുമോ... എങ്ങാനും നഖം കൊണ്ടിട്ടുണ്ടെങ്കിലോ... എനിക്ക് റാബീസ് വരില്ലേ" നായിക "അന്യനെ" പോലെ ഭാവം പെട്ടെന്ന് മാറ്റി.

ത്രിശങ്കു സ്വർഗ്ഗത്തിൽ ഞങ്ങൾ. ഇനി ഇവളെ എന്ത് ചെയ്യും.

അവസാനം എല്ലാവരും കൂടി ആലോചിച്ചു ഐകകണ്ഠേന ഒരു തീരുമാനം എടുത്തു. SPM ഇൽ പോയി ചോദിക്കാം. അവർ പറഞ്ഞു സമാധാനിപ്പിക്കും.

അങ്ങനെ കോളേജ് ഗാർഡനിലെ ലില്ലിപൂക്കളുടെ ഇടയിലൂടെ വെച്ചു വെച്ചു നടന്ന കഥാനായികയെ ഞങ്ങൾ "പ്രശാന്തരായി" അനുഗമിച്ചു. ഇടക്കവൾ എന്റെ കൈ പിടിച്ചു അമർത്തും. ഇടയ്ക്കു ഏതെങ്കിലും ചെടിയുടെ ഇല പൊട്ടിച്ചു വായിലിട്ടു കടിച്ചു കീറി വലിച്ചെറിയും. ദേഷ്യം പട്ടിയോടാണോ ആവോ ...

"തേടിയ വള്ളി കാലിൽ ചുറ്റി" എന്ന് പറഞ്ഞ പോലെ വരാന്തയിൽ തന്നെ HOD തോമസ് ബീന മേഡം നിക്കുന്നുണ്ടായിരുന്നു. മേഡത്തിനോട് കാര്യം അവതരിപ്പിച്ചു. ഹോസ്റ്റലിൽ വെച്ച് നടന്ന വാഗ്വാദങ്ങൾ അവിടെയും ആവർത്തിക്കപ്പെട്ടു. ഇവിടെ ഞങ്ങളുടെ സ്ഥാനത്തു മേഡം ആയിരുന്നു എന്ന് മാത്രം.

അവസാനം ഒരു തീരുമാനം പോലെ മേഡം പറഞ്ഞു.

"സംശയമുണ്ടെങ്കിൽ ARV എടുത്തോളൂ കുട്ടീ. അതല്ലേ സേഫ്. പിന്നെ വെറുതേ ടെൻഷൻ അടിക്കേണ്ടല്ലോ."

"അല്ല മേഡം; നഖം തട്ടി എന്ന് ഉറപ്പൊന്നുമില്ല. മാത്രമല്ല ARV ഒക്കെ ഷോർട്ടേജ് അല്ലെ."

കഥാനായികയുടെ മഹാമനസ്കത കണ്ടു ഞങ്ങൾ മൂക്കിൽ വിരൽ വെച്ചു.

"എന്നാൽ പിന്നെ എടുക്കണ്ട" മേഡത്തിന്റെ ശബ്ദത്തിലും ഭാവത്തിലും വ്യത്യാസങ്ങൾ വരാൻ തുടങ്ങി.

പക്ഷേ, നായികക്ക് അതൊന്നും മനസിലാവുന്ന മട്ടില്ല.

"അല്ല മേഡം; ഇനി തട്ടീട്ടുണ്ടെങ്കിലോ . ആ പട്ടിയെ നമുക്ക് ഒബ്സർവ് ചെയ്യാനും പറ്റില്ലല്ലോ."

മേഡം ദയനീയമായി ഞങ്ങളെ ഒന്ന് നോക്കി.

അവസാനം മേഡം ഇതവസാനിപ്പിക്കാൻ തന്നെ തീരുമാനിച്ചു. ഉറച്ച സ്വരത്തിൽ മേഡം പറഞ്ഞു.

"WOUND ഒന്നും കാണുന്നില്ല. അതുകൊണ്ടു ARV എടുക്കേണ്ട. വളരെ ചെറിയ 0.001% റിസ്ക് അല്ലേ ഉള്ളൂ."

ഞങ്ങൾക്ക് സമാധാനമായി. "വാ നമുക്ക് പോവാം" എന്നും പറഞ്ഞു അവളുടെ കൈ പിടിച്ചു നടക്കാൻ തുടങ്ങി. രണ്ടു സ്റ്റെപ്പ് വെച്ചതും ഞങ്ങളുടെ കൈയൊക്കെ വിട്ടു തിരിഞ്ഞു മേഡത്തിനോടൊരു ചോദ്യം.

"മേഡം ഒരു സംശയം. ആ 0.001% ഇൽ ഞാൻ പെട്ടാലോ ..."

മേഡത്തിന്റെ കയ്യിൽ മാരകായായുധങ്ങൾ ഒന്നും തടയുന്നതിന് മുൻപ് ഞങ്ങൾ അവളെയും കൊണ്ട് ഓടി രക്ഷപ്പെട്ടു.

വൽക്കഷണം: ആ പട്ടി, ഈ കഥകൾ വല്ലതും അറിഞ്ഞിരുന്നു എങ്കിൽ ഇങ്ങോട്ടു വന്ന് അറിയാതെ തട്ടി പോയതിന് സാഷ്ടാംഗം നമസ്കരിച്ചു മാപ്പു പറയുമായിരുന്നു.

SHARMINA SALEEM



IN MEMORIAM

T'was a large brown dwelling
With vast airy courtyard
Just across the road from class
Perfect for that last minute dash,

Arena for many a 'ragging' tale,
With a side gate opportune for lover's trysts,
A terrace meant for star gazing,
Wide breezy verandas for confidences and plans

Bare, crowded rooms perhaps to alien eyes
Nay! Cozy heaven in our view
A TV room - favoured haunt for many
Once busy, a phone room deserted by fickle gadget users

Countless evenings over tea and talk
Yet others spent in toil and tears
Midnight celebrations, after exam revelry!
Endless discussions, silly squabbles
Partaking of life together, forming steadfast comrades

Our victories and travails, one and all
In transit from naïve children to young healers
You bore silent witness to it all
4 years within your walls, infinitely sweet
With memories that never fade.

Alas! Blessed beloved abode
You stand no more
Fallen to the ground, martyred
In selfless service for people in need of care

No more, did I say? Never!
Forever and evermore! Dear LH-1
You are alive in our hearts!
Dear soulmate, trusted friend, too dear to forget!

ZAHID O

സർഗാത്മക ക്യാമ്പസ്

പ്രായം നാല്പത് . മധ്യവയസ്കൻ.

അവകാശങ്ങളെക്കാൾ കർത്തവ്യങ്ങൾ കൂടിയ സമയം.

ജീവിതത്തെ കുറിച്ച് ഗൗരവമായി ചിന്തിച്ചു തുടങ്ങി. ഇതുവരെയുള്ള ജീവിതത്തിൽ ഏറ്റവും സ്വാധീനിച്ച കാലഘട്ടം ഏത്?

ആസ്വദിച്ചത് എപ്പോൾ?

ഒരേയൊരു ഉത്തരം. ആറു വർഷത്തെ എം ബി ബി എസ് ജീവിതം.

സാധാരണ ക്ലാസുകൾ തുടങ്ങുമ്പോൾ നടത്താറുള്ള "indtroduction" ഇൽ പറയുന്ന "most noble" പ്രൊഫഷൻ ആയതു കൊണ്ടാണോ? ഉത്തരം അല്ല എന്ന് തന്നെയാണ്.

എന്നെ സംബന്ധിച്ചിടത്തോളം എം ബി ബി എസ് എന്നത് ഡോക്ടർ ആവാനുള്ള ഒരു അടിസ്ഥാന കോഴ്സ് മാത്രമാണ്. മോഡേൺ മെഡിസിന്റെ ആഴത്തിലേക്ക് ഇറങ്ങുന്നത് എംഡി സമയത്താണ്. ഒരു investigation എപ്പോൾ ചെയ്യണം, ഒരു ചികിത്സ നിർദ്ദേശിക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം തുടങ്ങി എങ്ങനെയാണ് ഒരു ശാസ്ത്രീയ പഠനത്തെ വായിക്കേണ്ടത്, അത് ഏതൊക്കെ രീതിയിൽ നമ്മൾ കാണുന്ന രോഗികൾക്ക് ഉപകാരപ്പെടും എന്നു വരെയുള്ള കാര്യങ്ങൾ ഞാൻ അറിയുന്നത് ഈ സമയത്താണ്.

ചിന്തകളില്ലാതെ കളിയും പഠനവുമായി നടന്ന സ്കൂൾ കാലമല്ലേ ഏറ്റവും ആസ്വാദിക്കുന്നതും സ്വാധീനിക്കപ്പെടേണ്ടതും?
പക്ഷെ അവിടെ സ്വാതന്ത്ര്യം ഇല്ലായിരുന്നു.

കാമ്പസ്സിൽ യാതൊരു നിയന്ത്രണവുമില്ലാത്ത പ്രീ ഡിഗ്രീ കാലഘട്ടത്തിലാവട്ടെ മാതാപിതാക്കളുടെ നിയന്ത്രണവും അടിച്ചേല്പിക്കപെട്ട അച്ചടക്കവും.

സാഹചര്യങ്ങളുടെ സമ്മർദ്ദം നിമിത്തവും ദൈവാനുഗ്രഹവും കൊണ്ടു കാലിക്കറ്റ് മെഡിക്കൽ കോളേജിലെ 44 ആം ബാച്ചിൽ അഡ്മിഷൻ കിട്ടി. സാഹചര്യം എന്നു പറഞ്ഞത്, എൻട്രൻസ് പരീക്ഷ കഴിഞ്ഞുള്ള ആദ്യ കൗൺസിലിങ്ങിൽ പ്രവേശനം കിട്ടിയത് BFSC (ഫിഷറീസ്) കോഴ്സിനാണ്. എറണാകുളത്തുള്ള ക്യാമ്പസിൽ ഒരു ബാച്ചിൽ ആകെ 40 പേർ. വിരസമായ കോഴ്സിനോടൊപ്പം കക്ഷി രാഷ്ട്രീയത്തിന്റെ അതിപ്രസരവും. ചിരിയും ചിന്തയും ഭക്ഷണം പോലും വെവ്വേറെ.

രക്ഷപ്പെടാൻ എം ബി ബി എസ് അല്ലാതെ വേറെ മാർഗമില്ല. അങ്ങനെ അടുത്ത കൗൺസിലിങ്ങിൽ ഞാൻ ആഗ്രഹിച്ചത് പോലെ കോഴിക്കോട് മെഡിക്കൽ കോളേജിൽ തന്നെ സീറ്റ് കിട്ടി.

തുടക്കത്തിൽ ഡേ സ്കോളർ ആയിരുന്നു. ഉച്ച ഭക്ഷണത്തിനായി വേണാട് ഹോട്ടലിൽ കയറി. കൂടെ പയ്യോളിക്കാരൻ യഹ്യ എം കെ. ഉച്ചക്ക് ശേഷമുള്ള ബയോകെമിസ്ട്രി പ്രാക്ടിക്കലിന് തീപ്പെട്ടി വേണം. അടുത്തുള്ള പെട്ടിക്കടയിൽ നിന്നും ഞാൻ ഒരെണ്ണം വാങ്ങി, യഹിയ മൂന്നെണ്ണവും.
"ഒന്നു പോരേ" എന്നു ചോദിച്ചപ്പോൾ

"ഇല്ലാത്തവർക്ക് കൊടുക്കാമല്ലോ" എന്ന പയ്യോളിക്കാരന്റെ ആത്മാർത്ഥതയിൽ മുങ്ങിയ മറുപടി !!

അന്ന് ഒരു കാര്യം മനസ്സിൽ ഉറപ്പിച്ചു. 'ഇവാൻ താൻ നൻപൻ നമ്പർ 1.'

പിന്നീടങ്ങോട്ട് ധാരാളം സുഹൃത്തുക്കൾ.

തങ്ങളെ കുറിച്ച് വടക്കന്മാർ ആരോപിക്കുന്ന യാതൊരു ദോഷവും ഇല്ലാത്ത തിരുവനന്തപുരത്തുകാരൻ ജ്യോതിഷ് മുതൽ കാസർഗോഡുള്ള സാഹിർ വരെയുള്ള മലയാളികളും തെക്ക് തമിഴ്നാട്ടുകാരി ശിവശങ്കരി മുതൽ വടക്ക് ഹിമാചൽ സ്വദേശി യോഗീഷ് വരെയുള്ള മറുനാട്ടുകാരും അടങ്ങുന്ന നീണ്ട നിര. ചിലരുമായി കൂടുതൽ അടുത്തു എന്നുമാത്രം.

എങ്ങനെ അടുക്കാതിരിക്കും?
വൈകുന്നേരം ചായ കുടിക്കാൻ വിളിച്ചപ്പോൾ "വസ്ത്രം അലക്കാനുള്ളത്" കൊണ്ടു വരുന്നില്ല എന്ന് പറഞ്ഞ ഷാഹിദ്.
ഹനീഷ് ഖനി സോപ്പ് പൊടിയിൽ ഇട്ടു വച്ച "അവന്റെ വസ്ത്രങ്ങൾ" ഒരു ദിവസം കഴിഞ്ഞിട്ടും അവനെ കാണാത്തതു കൊണ്ട് ഷാഹിദ് അലക്കുന്നതാണ്. ചായ പോലും വേണ്ടെന്നു വെച്ച് ...

മറ്റു ചിലരുമായി കൂടുതൽ അടുക്കാൻ പറ്റാത്തതിന്റെ വിഷമം കോഴ്സ് കഴിഞ്ഞാണ് മനസ്സിലായത്. അനന്തൻ, ധർമൻ തുടങ്ങിയവർ.

നിന്ന നിൽപ്പിന് പത്തു പേരുടെ അറ്റന്റൻസ് പറയുന്ന ജിമിൽ ഫ്രാൻസിസ്. പത്തു മിനുട്ട് എടുത്താലും സ്വന്തം നമ്പർ പറയാൻ വിഷമിക്കുന്ന ലീനത്ത്. രണ്ടു പേരെ കേൾക്കാൻ കിട്ടിയാൽ അറിയാതെ പാടു പാടുന്ന ദിനു, മൂളിപ്പാട്ടുപോലും പാടാത്ത റിയാസ്, അവാർഡ് അജിത്, വായാടി ഷംന, ഫലിതക്കാരൻ ശീതൾ, പുറമേക്കെങ്കിലും സീരിയസ് ആയ സുധച്ചേച്ചി, എല്ലാം പഠിച്ചാലും എത്ര പഠിച്ചാലും "പരീക്ഷ" മാത്രം എഴുതാത്ത ജംഷീർ, ഒന്നും പഠിച്ചില്ലെങ്കിലും കൂളായി പാസ്സാവുന്ന "പി സി" ....എന്നിങ്ങനെ വ്യത്യസ്തരായ കൂട്ടുകാർ.

ഇവരുടെ കൂടെയുള്ള അനാട്ടമി ഡിസെക്ഷൻ, ക്ലിനിക്കൽ പോസ്റ്റിങ്ങ്, തിയറി ക്ലാസുകൾ ... ക്രിക്കറ്റ്, ഫുട്ബാൾ,

ചീട്ട് കളി... യാത്രകൾ, ഭക്ഷണം... എങ്ങനെ ഈ ജന്മത്തിൽ ഞാൻ മറക്കും.

'ക്രൗൺ' തീയേറ്ററിലെ പോലെ ഇംഗ്ലീഷ് പടങ്ങൾ മാത്രം ഓടിയിരുന്ന 4th ബ്ലോക്കിലെ ടീവി റൂമിൽ രജനീ കാന്തിന്റെ "പടയപ്പ" ഇട്ടു വിജയിപ്പിച്ചതും ഞങ്ങൾ നടത്തിയ സമരമാണ്, വിപ്ലവമാണ്.

എല്ലാറ്റിനുമുപരി ആകാശത്തിന് താഴെയുള്ളത് എന്ന് പോലും പറയാൻ കഴിയാത്ത എല്ലാറ്റിനെയും കുറിച്ചുള്ള സംവാദങ്ങൾ. മതം, രാഷ്ട്രീയം, നാസ്തികം, കമ്മ്യൂണിസം, മുതലാളിത്തം എന്നുതുടങ്ങി സകലമാന വിഷയങ്ങൾ. മുഖ്യൻ റൂം മേറ്റ് ഷബീറലി. രാഷ്ട്രീയ എതിരാളി അനന്തകൃഷ്ണൻ എന്ന AK തുടങ്ങി പലരും. (കുറച്ചൊക്കെ അതു PMP whatsapp ഗ്രൂപ്പിൽ തുടരുന്നു.)

2004 ലെ ലോകസഭ തെരെഞ്ഞെടുപ്പ് ഫലം വന്ന ദിവസം. ലോകം മുഴുവൻ ഉറ്റുനോക്കിയ ഇലക്ഷൻ. രാവിലെ മുതൽ പോസ്റ്റിംഗിന് പോവാതെ ടീവി ക്കു മുന്നിൽ അടയിരുന്നു. എല്ലാ പ്രവചനങ്ങളും അട്ടിമറിച്ചു UPA അധികാരത്തിലേക്ക്. കേരളത്തിൽ മഞ്ചേരി അടക്കം 19സീറ്റ് LDF ന്. പുറത്ത് പടക്കങ്ങളുടെ സഹായത്തോടെ ആഹ്ലാദ പ്രകടനം.

ആ സമയത്തു പോസ്റ്റിങ്ങ് കഴിഞ്ഞു തിരുച്ചു വന്ന സുഹൃത്ത് ബഹളത്തിന്റെ കാരണം തിരക്കി. ഇലക്ഷൻ ജയിച്ചു എന്നു പറഞ്ഞപ്പോൾ

"അപ്പോൾ കരുണാകരൻ മുഖ്യമന്ത്രി ആവും അല്ലേ" എന്ന നിഷ്കളങ്ക ചോദ്യം !!

തെറി പറയണോ അതോ നാറ്റിക്കണോ?

പാടില്ല. അവന്റെത് കൂടിയാണ് ഈ ക്യാമ്പസ്. വ്യത്യസ്ത സ്വഭാവവും കഴിവും ചിന്താഗതിയും ഉള്ളവരുടെ കൂട്ടമാണ് "44th."

അവനവനെ സ്വതന്ത്രമായി പ്രകടിപ്പിക്കാനുള്ള ഇടമാണ് ക്യാമ്പസ്. ഈ നാനാർത്ഥങ്ങുടെ യോജിപ്പാണ് ജീവിതത്തെ സ്വാധീനിച്ചതും കുളിർമയമാക്കിയതും. ഇതിനു വേണ്ടിയുള്ള പരിശ്രമമല്ലേ യഥാർത്ഥ പോരാട്ടം?

അതുകൊണ്ടാണ് ഫീസ് വർധനക്ക് എതിരെ സമരം ചെയ്തു അറസ്റ്റ് വരിക്കുകയും പിന്നീട് പത്തു വർഷങ്ങൾക്ക് ശേഷം പല തവണ പ്രതിക്കൂട്ടിൽ കയറി ഇറങ്ങി തീർപ്പാക്കപ്പെടുകയും ചെയ്തതിനേക്കാൾ, റാഗിംഗിന്റ പേര് പറഞ്ഞ് രാത്രി 9 മണിക്ക് ഹോസ്റ്റൽ ഗേറ്റ് അടക്കാൻ വന്ന വാർഡനെ മെയിൻ സ്വിച്ച് ഓഫ് ചെയ്ത് തിരിച്ചയച്ചത് ഇന്നും രോമാഞ്ചമുണർത്തുന്ന പോരാട്ടമായി തോന്നുന്നതും.

MANJU JOSE

അറിയിപ്പ്



ഇടുക്കിയിലെ ഒരു കൊച്ചു ഗ്രാമത്തിൽ ഞാൻ ജനിച്ചുവളർന്നത്. കൊച്ചു കുട്ടിയായിരിക്കുമ്പോൾ തന്നെ "വലുതായാൽ 'ഡോക്ടർ' ആകും" എന്ന് എല്ലാവരോടും പറയാറുണ്ടായിരുന്നത്രെ. അതെ, മുതിർന്നാൽ ഒരു "വലിയ "ഡോക്ടർ ആകണം എന്ന ആ മനോഹര സ്വപ്നം കുട്ടിക്കാലം തൊട്ടേ മനസ്സിൽ താലോലിച്ചിരുന്നു. പക്ഷേ ഒരു മലയാളം മീഡിയത്തിൽ പഠിക്കുന്ന നാട്ടുമ്പുറത്ത് കാരിയായ എന്റെ ഈ സ്വപ്നത്തെ അടുത്ത കൂട്ടുകാരികൾ പോലും കളിയാക്കിയിരുന്നു. മഞ്ജു " കൊക്കിൽ ഒതുങ്ങുതേ കൊത്താവൂ "
ട്ടോ എന്നുള്ള നെഞ്ച് പൊളിക്കുന്ന ഉപദേശവും കൂടെ ഉണ്ടാവും.

അവരും പറയുന്നതിൽ കാര്യ മില്ലെ????.സ്വപ്നം കാണുന്നതിനും ഒരു പരിതിയൊക്കെയില്ലെ.. ????..
പക്ഷേ.....

"താൻ പാതി ദൈവം പാതി " എന്ന് പള്ളീലച്ചൻ എപ്പോഴും പറയുന്ന വാക്കിൽ പ്രതീക്ഷ വെച്ച് ,
ഞാൻ താലോലിച്ചു കൊണ്ട് നടക്കുന്ന സ്വപ്നം പൂവണിയിക്കാൻ കഴിവിന്റെ പരമാവധി ശ്രമിച്ചു. ഒടുവിൽ ദൈവാനുഗ്രഹത്താൽ എൻട്രൻസിൽ തരക്കേടില്ലാത്ത റാങ്ക് കിട്ടിയപ്പോൾ "ഒരു കിട്ടാ ഖനി " കിട്ടിയത് പോലെ സന്തോഷം കൊണ്ട് തുള്ളി ചാടി.

എങ്കിലും , അഡ്മിഷൻ കോഴിക്കോട് ആണെന്നറിഞ്ഞപ്പോൾ മനസ്സ് നൊന്തു. വീട്ടിൽ നിന്നും ഇത്രേം ദൂരം മാറി നിൽക്കുന്നത് ആലോചിക്കാൻ വയ്യ. എങ്കിലും " കേരളത്തിലെ തന്നെ ഏറ്റവും മികച്ച മെഡിക്കൽ കോളേജുകളിൽ ഒന്നല്ലേ കോഴിക്കോട് " എന്നും പറഞ്ഞു എല്ലാവരും ആശ്വസിപ്പിച്ചപ്പോൾ സമാധാനത്തോടെ കോഴിക്കോട്ടേക്ക് വണ്ടി കയറി.

എത്രയോ കാലമായി കൊണ്ട് നടന്ന സ്വപ്നം, ' ഡോക്ടർ' ആകാനുള്ള ആദ്യ പടി. കോഴിക്കോട് മെഡിക്കൽ കോളേജ് ക്യാമ്പസ്.
നിറയെ കൂട്ടുകാർ. ആൺ പെൺ വിത്യാസം ഇല്ലാതെ എല്ലാവരോടും മനസ്സറിഞ്ഞ ചങ്ങാത്തം .. കൂട്ടത്തിൽ "ചങ്ക് ഫ്രണ്ടായി 'കല' യേയും കിട്ടി.
അങ്ങനെ സന്തോഷത്തോടെ കഴിയുന്ന ദിവസങ്ങൾക്ക് അറുതി വരുത്തി കൊണ്ടു പരീക്ഷ എന്ന വില്ലൻ കടന്നെത്തി.

അനാട്ടമി വൈവയുടെ തലേന്ന് ഉറങ്ങാൻ കഴിഞ്ഞില്ല. ടീച്ചേഴ്സ് ആരായിരിക്കും വരുന്നത് എന്നോർത്ത് ടെൻഷൻ അടിച്ചു മരിച്ചു... 'ആര് വന്നാലും ... എന്തേലും ഒക്കെ തട്ടി മുട്ടിച്ചു ഒപ്പിക്കാം. പക്ഷേ....
"ജോൺസാർ എങ്ങാനും ആണെങ്കിൽ ....
ഞാൻ തവിട് പൊടി ആകും ..
മാതാവേ ഓർക്കാൻ വയ്യ .."
സാറിനെ എനിക്ക് അത്രക്കും പേടിയായിരുന്നു...
"ഈശോയെ കാത്തോളണേ " എന്നും പ്രാർത്ഥിച്ചു മൂന്നാല് തവണ കുരിശ്ശും വരച്ചു ഒരു വിധം കിടന്നുറങ്ങി..."

നേരം പുലരുന്നതിന്റെ മുൻപേ , ജോൺ സാറിന്റെ മുന്നിൽ ഉത്തര മൊന്നും പറയാൻ കഴിയാതെ പേടിച്ച് കരഞ്ഞ എന്നെ കല വിളിച്ചുണർത്തിയപ്പോൾ ആണ് സ്വപ്നം കണ്ടതാണെന്ന മനസ്സിലായത്. പിന്നീട് ഉറങ്ങാൻ കഴിഞ്ഞില്ല.
പരീക്ഷക്ക് പോകുന്നതിനു മുൻപ് മുട്ടുകുത്തി പ്രാർഥിച്ചതും. ജോൺസാറിനെ കിട്ടരുതെ എന്ന് മാത്രമായിരുന്നു.....

ഹാളിൽ ചെന്നപ്പോൾ ആദ്യം തന്നെ examiners ആരൊക്കെയാണെന്ന് നോക്കി,
"ഈശോ എന്നെ കാത്തു "
ജോൺസാർ ഇല്ല.

കുരിശു വരച്ചു ദൈവത്തിനു സ്തുതി പറഞ്ഞു , സന്തോഷത്തോടെ എല്ലാവരോടും പുഞ്ചിരി തൂകി എന്റെ ഊഴത്തിനായി കാത്തി രുന്നു. അടുത്തത് ഞാൻ ആണ് പോകേണ്ടത്, ബെൽ അടി കേൾക്കാനായ് കാതോർത്തിരുന്നു. ബെൽ അടി കേട്ട്, വെള്ള കോട്ട് ഒന്നും കൂടെ റെഡി ആക്കി. ആശാലത മാഡത്തിന്റെ അടുത്തേക്ക് പോകാനായി സീറ്റിൽ നിന്നും എണീറ്റ് മുന്നോട്ട് നോക്കിയ എനിക്കെന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല.

ആശാ ലതാ മാഡം അതാ സീറ്റിൽ നിന്നും. എണീക്കുന്നു. പകരം അവിടെ വേറെ ആരോ ഇരിക്കാൻ റെഡി ആകുന്നുമുണ്ട്. ഒരു male ആണ്. പുറം തിരിഞ്ഞ് നിൽക്കുന്നത് കൊണ്ട് ആളെ ശരിക്കും മനസ്സിലാകുന്നില്ല. പക്ഷേ രൂപം കൊണ്ട്. അത്.. അത്.. ജോൺ സാർ ആണോ .??. ഏയ് ആകില്ല. സാർ ആവരുതേ എന്ന് മനസ്സിൽ പ്രാർത്ഥിച്ചുകൊണ്ട്. ഒരിക്കൽ കൂടെ കണ്ണ് മുഴുക്കെ തുറന്നു നോക്കിയ എന്റെ കണ്ണുകളിൽ ഇരുട്ടു കയറി. തൊണ്ട വരണ്ടു. അതെ അവിടെ ആശാലത മാഡ ത്തിനു പകരം ഇരിക്കുന്നത് എന്റെ പേടി സ്വപ്നം

ആയ സാക്ഷാൽ ജോൺ സാർ തന്നെ. കാലുകൾക്ക് കനം കൂടിയത് പോലെ.. നടക്കാൻ കഴിയുന്നില്ല. വിയർക്കാൻ തുടങ്ങി. എനിക്ക് പകരം ആരെങ്കിലും ഒന്ന് പോയെങ്കിൽ എന്ന പ്രതീക്ഷയിൽ പിന്നിലേക്ക് നോക്കി... അവരാരും കണ്ട ഭാവം നടിക്കുന്നില്ല. ദൈവമേ എന്ത് ചെയ്യും.
പെട്ടെന്ന് John സാറിന്റെ ഒരശരീരി. "അറിയിപ്പ്".

ഹൊ സമാധാനം.
എന്തോ അറിയിക്കാൻ വേണ്ടി മാത്രം വന്നതാണ്.. അത് കഴിഞ്ഞാൽ പോകുമായിരിക്കും. ഞാൻ അവിടെ തന്നെ നിന്നു. പക്ഷേ ഒരു അറിയിപ്പും തരുന്നില്ല.

സംശയത്തോടെ ഞാൻ ചുറ്റും നോക്കി... ആരും കേട്ട ഭാവം ഇല്ല. "അറിയിപ്പ്" ഉണ്ടെന്ന് പറഞ്ഞിട്ടും ആരും ശ്രദ്ധിക്കാത്തത് എന്നെ അൽഭുതപ്പെടുത്തിയെങ്കിലും' ഇനി ഞാൻ കേട്ടത് എങ്ങാനും മാറിപ്പോയതായിരിക്കുമോ ?' എന്നും കരുതി പതുക്കെ മുന്നോട്ട് നടന്നു തുടങ്ങി ..അപ്പോഴതാ വീണ്ടും സാറിന്റെ ശബ്ദം "അറിയിപ്പ്". ഇത്തവണ കുറച്ചു കൂടെ ഉച്ചത്തിൽ എന്നെ തന്നെ നോക്കിയിട്ടാണ് പറഞ്ഞത്. എന്നോട് എന്തേലും പറയാൻ ആണെങ്കിൽ ഞാൻ അവിടെ എത്തിയിട്ട് പറഞാൽ പോരെ എന്നും പിറുപിറുത്തു "ഈ സാറിനെന്താ വട്ടായോ" എന്നും കൂടെ മനസ്സിൽ പറഞ്ഞു, സർവ്വ ധൈര്യവും സംഭരിച്ച്, യേശുവിനെ മനസ്സിൽ ധ്യാനിച്ച് , നെറ്റിയിൽ പൊടിഞ്ഞ വിയർപ്പ് കണങ്ങൾ ടവ്വൽ കൊണ്ട് തുടച്ച്..സാറിന്റെ മുന്നിലുള്ള കസേരയിൽ ഇരുന്നു.

'Why didint you listen to me" ?
"Sir, I waited but no ariyippu came "
"What ???? What did you say?"
"Ariyippu!!! "
" What??? What ariyuppu ? What does it mean?"
" Some information!!!!
Hahhaahaaa... സാർ പൊട്ടിച്ചിരിച്ചു... സാറിന് ചിരി അടക്കാൻ കഴിയുന്നില്ല..
സാർ അടുത്തിരുന്ന മറ്റു ടീച്ചേഴ്സിനോടും ഇത് പറഞ്ഞു.. എല്ലാവരും ചിരിയോട് ചിരി,
ഞാൻ ആണെങ്കിൽ പന്തം കണ്ട പെരുച്ചാഴി യെ പോലെ അന്തം വിട്ടിരുന്നു.
എടോ. I told you "hurry up" not "ariyippu" . എന്നും പറഞ്ഞു സാർ വീണ്ടും ചിരിക്കാൻ തുടങ്ങിയപ്പോൾ, ചമ്മി 'കിളി' പോയ ഞാൻ ആ ചിരിയിൽ പങ്ക് ചേരാൻ ശ്രമിച്ചപ്പോഴേക്കും സാർ ആദ്യത്തെ ചോദ്യത്തിലെക്ക് കടന്നു.

Show me the course of ulnar nerve??
English പോയിട്ട് മംഗ്ലീഷ് പോലും നേരാം വണ്ണം അറിയാത്ത ഞാൻ സാറിനോട്
എങ്ങനെ ulnar nerve ന്റെ course ഇംഗ്ലീഷിൽ പറയും എന്ന് ടെൻഷൻ അടിച്ചെങ്കിലും
പെട്ടെന്ന് നേരത്തെ ഉണ്ടായ "അറിയിപ്പ്" സംഭവം മുന്നിൽ തെളിഞ്ഞു.
ഇനി ഒരിക്കൽ കൂടെ നാണം കെടേണ്ട എന്ന് കരുതി ഒരു മുൻകൂർ ജാമ്യം എടുത്തു.

"സാർ. ഞാൻ മലയാളം മീഡിയത്തിലാ പഠിച്ചത്. അതോണ്ട് ഇംഗ്ലീഷ് വലിയ വശമില്ല. "

"That's ok.... No problem.. you try to answer "
എന്നുള്ള സാറിന്റെ ആത്മവിശ്വാസം നൽകുന്ന വാക്കിൽ നിന്നും ഊർജം ഉൾക്കൊണ്ട് എന്തൊക്കെയോ പറഞ്ഞു ഒപ്പിച്ചു എണീക്കാൻ നേരം
"Manju. your english is so good, it is even comparable to an European". എന്ന് പുഞ്ചിരിയോടെ സാർ പറഞ്ഞത് ഒരു സ്വപ്നത്തില് എന്ന പോലെ കേട്ട് , ഒരു നിമിഷം അവിടെ തന്നെ തരിച്ചിരുന്നു.

സന്തോഷം കൊണ്ട് വീർപ്പു മുട്ടി , നിറപുഞ്ചിരിയോടെ Thankyou sir എന്നും പറഞ്ഞു എണീറ്റു.
റിസൾട്ട് വന്നപ്പോൾ എനിക്ക് 10/10.
സത്യം പറഞാൽ മാർക്ക് കണ്ട എന്റെ കണ്ണ് തള്ളിപ്പോയി.
കാരണം കുത്തിത്തം മാറാത്ത, പക്വത ഇല്ലാത്ത,അത്രേം പൊട്ടത്തരങ്ങൾ വെച്ച് വിളംബിയ എന്റെ പെരുമാറ്റത്തിന് സാറിന് എന്നെ ചീത്ത വിളിക്കാമായിരുന്നു. അല്ലെങ്കിൽ പരീക്ഷയിൽ പൊട്ടിക്കാമായിരു ന്നു. പക്ഷേ അന്ന് അതൊന്നും ചെയ്യാതെ എന്റെ പ്രകടനത്തെ അതിന്റേതായ രീതിയിൽ കണ്ട് പ്രോത്സാഹിപ്പിച്ചും ഉപദേശിച്ചും മുന്നോട്ട് നയിച്ച ജോൺ സാറിനെ പോലെ ഉള്ള ലജൻഡ് ആയിട്ടുള്ള നമ്മുടെ കോളജിലെ ഒത്തിരി ടീച്ചേഴ്സ്ന്റെ പ്രയത്നം കൊണ്ട് തന്നെ ആണ് എന്നെ ഇന്നുള്ള "ഞാൻ" ആക്കിയത്. അത്തരം ടീച്ചേഴ് സിനെ കിട്ടിയതിൽ ഞാൻ അഭിമാനം കൊള്ളുകയും, ഇത്രേം നല്ല ടീച്ചേഴ് സിനേ എനിക്ക് സമ്മാനിച്ച എന്റെ സ്വന്തം കോഴിക്കോട് മെഡിക്കൽ കോളജിനോട് തീർത്താൽ തീരാത്ത നന്ദിയും.....

അതിലുപരി ജീവിതത്തിൽ അത്രയേറെ സ്നേഹിക്കുന്ന ഒട്ടനവധി ആത്മ മിത്രങ്ങളെ സമ്മാനിച്ച നമ്മുടെ ബാച്ചിൽ നിന്ന് തന്നെ എനിക്കെന്റെ ജീവിത പങ്കാളിയെ കൂടെ കിട്ടിയപ്പോൾ. എന്റെ രക്തിൽ അലിഞ്ഞു ചേർന്ന നാൽപത്തി നാലാം ബാച്ചിനോടും തീർത്താൽ തീരാത്ത കടപ്പാടായി മാറി.
എന്നെ ഈ ബാച്ചിന്റെ ഒരു "കണ്ണി " ആക്കിയതിന് ദൈവത്തോട് നന്ദി പറഞ്ഞു കൊണ്ട്

നിർത്തട്ടെ. സ്നേഹത്തോടെ. മഞ്ജു

JUVAINA P



20-Years-Down The Lane

I am immensely grateful to The Almighty for bringing me up, born in a middle-class family of Kuttichira, Calicut, to the status I enjoy now. It was indeed a dream-come-true for me as well as my parents when I got admission for the coveted MBBS course in the prestigious Govt Medical College, Calicut as there was no doctor in my family at that time. It was in the millennium year 2000 that we joined and hence our batch is aptly called the millennium batch.

We were all really fascinated by the sprawling majestic campus. I still vividly remember the introduction class arranged in the auditorium along with parents in which our teachers advised us about so many things including academics, and the various vices we are likely to encounter in the campus, and how best to avoid them.

I attended the introduction class with my uncle who was my local guardian as my parents were abroad at that time. My elder sister and I were staying with our dear grandmother who had taken all the pains to bring us up. My two younger sisters were with my parents. However, I never felt their absence as they used to call us almost daily. My grandmother who is actually like a mother is staying with me in Calicut even now. The first class was taken by Kalyani Sen madam from physiology. Ashalatha madam's brilliant dissection classes still linger on in my memory. She is such a systematic person who used to give us home works- to draw different anatomy topics – which she would correct the very next day and also give marks! Once I was waiting for the bus to college when suddenly a car stopped in front of me and to my pleasant surprise it was Asha ma'am who gave me a lift. In fact, I have travelled with her so many times. I am very happy that God has given me the opportunity to work with her in our alma mater now. Arivu Selvan sir has an excellent knack of making even the most boring topics interesting. Some of our classmates like Dinu and Sindhu had demonstrated their fantastic teaching skills by taking physiology classes.

I was a day scholar throughout the course and I used to occasionally stay with Kala and Jisna in LH3 during first year. I can still recall the aroma of the delicious mathi fry and moru of the hostel mess.

I also recall that the tragic Kadalundi train derailment happened during our first inter batch festival Sargathma, and we were all witness to a devastating mass casualty for the first time in our life. It was during our first year that the tragic death of Dr. Saju, who went to help the earthquake victims of Gujarat, occurred.

Shakira was the first person in our class to tie the nuptial knot, and that too in the first year itself! And as the years passed by many unforgettable events took place.

In the second year, girls were shifted to LH1 and LH2. The current super specialty block was under construction then. It is a very painful experience for me now to witness, from our USG room in the super specialty block, the demolition of our nostalgic LH1. It is being converted to the newly proposed casualty cum OT complex.

Our information bureau was very active and used to arrange evening classes for students by our own eminent faculty. Once we were all clean bowled by the awesome class of genetic syndromes by my own future father in law.

During our second year I attended the wedding of our dear Poppy's brother at Taj residency with my elder sister as she was Poppy's classmate in pre-degree class. It was for the first time in our life we witnessed a typical Punjabi -Gujarati marriage with "Baraat" and midnight wedding knot ceremony.

I had an exposure to social work when our college NSS conducted medical camps for the underprivileged tribals. We used to collect drugs for the medical camps and visited the clinics and houses of so many of our teachers including my future father -in-law. We had also conducted medical camps for the riot hit Maradu residents. It was indeed heart-wrenching to see the riot affected victims, and tears came out seeing the plight of poor children without food and clothes. We had also participated in palliative care clinics and it was indeed distressing to see terminally ill patients, who were however, very well looked after by the doctors.

The PCU (Patient Care Unit) conducted by medical students was a great relief for poor patients as it distributed free medicines and food. I remember many of us taking turns to collect food from hostel mess and running to wards after the clinical postings to supply food to poor patients, and taking evening rounds in the wards to find out the really needy ones. We used to gather fortnightly in the garden for planning various programs associated with PCU.

During third year as a part of PSBH research project myself, Jisna and Nishitha were assigned a small research to study the prevalence and types of mosquitoes in our area. It was definitely an unforgettable experience waiting for mosquitoes in the evening with test tubes and cotton!

Another unforgettable experience is the labour room posting and that midnight bun and upma scramble, the taste of which is still linger on in my mouth.

Bindiya was my neighbour and pre degree classmate, and I have gone to her house several times, and also travelled with her. She is a fantastic artist. I was a frequent visitor to the houses of Kutty Nisha (velliparambu) and Noufi (Kinasseri), and used to stay with them for combined studies. I also remember staying once with Nishitha in Kalpetta. I was indeed awestruck by the excellent hospitality shown by the parents of Nisha, Noufi and Nishitha. Many of my classmates were frequent visitors to my house in Mankavu and Jisna , Kala, Manju, Poppy, Dhanya KV,,Souda and Nishitha had stayed with me and my grandmother was always very happy to prepare typical Kuttichira dishes which they used to relish.

Around 10 of us once went to Kannur and stayed in Shamna's house for a couple of days. We really enjoyed the typical Kannur/thalassery delicacies which were indeed a testimony to the excellent culinary skills of Shamna's mother. Later, we also visited the houses of Ameena and Kunhikannan. We also had a nice time in Muzhuppilangadi drive-in- beach.

Jisna was very gracious enough to accommodate me in her hostel room right from first year to final year. And during the final year, I was in her room almost throughout despite being a day scholar, and I will never forget her help and co-operation. I attended her marriage in Wayanad along with my entire family. It is indeed a coincidence that our husbands share the same name!

I am sure that none of us will ever forget the evening tea sessions with friends in the ICH (Indian coffee house). Fortunately, being a faculty now, I am still able to enjoy its classic pazham pori, beetroot cutlet,samosa and masala dosa with my colleagues and PGs.

I am sure that the untimely demise of our sweet Neethu ,Poppy and Shanavas will continue to haunt all of us for the rest of our lives.

I got married to Dr Faiz Riyaz Arakkal(43rd batch) in 2004 . It was on the next day when we finished our 4th year university exams. This changed the entire atmosphere and I was in the midst of many illustrious teachers , the vibrant HOD of pediatrics Riyaz sir as my father in law, and the calm and pretty HOD of dermatology Najeeba madam as my mother in law. My sister-in-law was just junior to me doing her MBBS in Pariyaram Medical College. This atmosphere helped me immensely for the final year exam preparations especially the fabulous classes of my father -in- law. Finally as a gift of God I was rewarded with gold medals in OBG , ophthalmology and medicine, and I was also the best outgoing student of our batch.

I attended the PG entrance coaching classes conducted by our alumni association during the free times of house surgency which was completed in 2006 November . I was extremely fortunate to get selected for MD Radiodiagnosis in our own alma mater in June 2007. The present dynamic principal Prof Rajendran sir was the head of our department as well as superindendent of NMCH at that time. He helped me immensely in various academic and non academic matters .The present HOD Prof Devarajan sir was associate professor then , and I can never forget his fascinating classes. We have an excellent faculty that boasts of brilliant and dedicated teachers like Rajan sir, Gomathy madam and Noufal sir. Incidentally, Noufal sir's wife is our own Josna.

I passed DMRD in 2009 and MD in 2010, and completed one year of senior residency in the same department. I worked as the only radiologist of KMCT medical college for about 10 months. Later, I was appointed as assistant professor of Radiodiagnosis through PSC in our own alma mater in March 2013. I also got the privilege to take classes in radiology for PG entrance aspirants arranged by alumni association. I passed DNB in 2016.

My father in law is very fond of our batch and still remembers many of us by name. However, he always maintains that his favourite student of the 44th batch is Venu PG . When taking a common class for the 45th batch, he once asked a quiz: "Who is the UG of 44th batch who is already a PG!". Once I gave him a pickle given by Sonny. It was so tasty that he remembers Sonny even now. I attended Jessiah's marriage in Ernakulam with my daughter and in laws.

Calicut medical college is always known for its excellent teachers. I would like to thank each and every one of them who have been so kind and considerate to all of us, and who have played significant roles in shaping our careers.

Encountering the terrible Nipah nightmare in May 2018 was indeed a frightening experience for Keralites. In fact, the index case was admitted in medicine casualty diagnosed as acute encephalitis, and we took his CT which was normal; but he succumbed to death within a few hours of admission. Later, 18 more patients were admitted out of which only 2 survived. The government swiftly swung into stringent and

effective action and the public was warned not to come to medical college for trivial diseases. And we could see empty corridors in our college for the first time in its long history! Fortunately, the fantastic effort of our government especially the honourable health minister and our own principal and staff, helped to contain the deadly virus promptly, which indeed was an epoch-making event in the history of infectious diseases. We are now in the midst of the devastating Covid-19, and the Govt and College authorities, along with the public, are once again battling it with full steam.

The Medical Education Unit conducted training classes in intubation and ventilation for all the doctors of our college , and I was also a part of that. The public is being warned, humorously, of course, that "If you do not use masks and practice strict social distancing, you are likely to be intubated by radiologists"! And, our corridors bustling with activity are getting empty once again.

I really feel proud and happy to see some of our classmates here as faculty- Swapna Dominic in dermatology ,Basith in surgery,Danish and Rojith in medicine ,Ratheesh in forensic medicine , Chandramohan in neurosurgery, Divya M in OBG and Unniraja in microbiology as assistant professors. Sushibha is doing her DM in neuromedicine and Bindu VB MD in physical medicine

There are some striking physical changes in our campus during this 20 year period like the new block attached to IMCH, library research complex(LRC) with Jayaram Panicker hall, RC-MET hall, digital library, and Aurora auditorium between the college building and LH3 . Some of the others are LH1 being demolished and converted into a huge casualty-OT complex, lecture hall complex in front of LRC ,Olympian Rahman stadium, Tertiary cancer centre ,Institute of pain and palliative care , IMHANS, State institute of sports medicine, etc.

I would like to thank the Almighty as I am living happily with my truly understanding life partner (Dermatologist), four beloved kids, my grandmother, and of course my dear parents and in laws, who are staying quite nearby.

I consider myself extremely fortunate to be associated with our alma mater all these 20 years right from an undergraduate student to the present position of assistant professor in radiodiagnosis.Even though there have been so many striking physical changes to our college during this period, our attachment to our beautiful alma mater has only increased.

I thank my family, all our dear teachers, each and every patient I meet in my life daily, and my dear students for blessing me with an opportunity to serve the poor people of our society in the best possible way I can.

I wish all my dear classmates the very best. May the Almighty continue to shower His blessings on all of us.

JOSNA NAUFAL

കോഴിക്കോട് മെഡിക്കൽ കോളേജിന്റെ
ക്ലോക്ക് ടവറിൻ വാക്കുകൾ :

44 ാം ബാച്ചിലെ സുന്ദരപുഷ്പങ്ങളുടെ
മനസ്സുകൾ തൻ ചുവട്ടിൽ ഒരുമിച്ച് കൂടിയ നേരം...

സ്പന്ദനം

ഇന്ന്

കണ്ണിമയിലൊരു പുഞ്ചിരിയുമായ്
സന്ധ്യയിതാ സുഷുപ്തിക്കൊരുങ്ങുന്നു
വിജനമാമീ പാതയിൽ
നുറുങ്ങുവെട്ടിച്ചുമോ...
വേനലിൻ വാതായനത്തിൽ
ഒരു കുളിർമഴിയോ...

സാന്ദ്രമാം ചികുരഭാരമിറക്കി
തോരാമഴയെന്നെ യാവാഹിച്ചുപ്പോൾ
മനസ്സിൻ അന്ധകാരികൾ തുറന്നു
ചാരിതാർത്ഥ്യത്തിൻ ചിരാതുമായ്

ഓർത്തെടുക്കാനാകാത്തിടത്തേക്ക്
കൊടിമറയാത്ത യോർമ്മകൾ
വൈവിധ്യ വർണ്ണങ്ങളൊന്നിച്ചു
ഞങ്ങളെല്ലാമൊന്നായാടുപാനത്തിൽ

നാണ്

ചേമ്പിൻ താളിൽ കോരിയെടുത്തു
സനഹൃദന്തിൻ മണിമുത്തുകൾ
യൗവന വനിയിൽ തഴ
കുസുതികൾ പങ്കായമാക്കി

പൂന്തോപ്പിൻ ചെമ്പകമലരുകൾ
ചൊല്ലി ചാരുലതമാം സ്വരങ്ങൾ
ആക്ഷരമുറിഞ്ഞ യാരാമത്തിൽ
കാതലൻ മൂളിയില്ലേ മൊട്ടിൽ

മുദ്രകൾ ചടുലമായ നേരം
നടനവൈഭവം വിളങ്ങിയല്ലോ..
സ്വരങ്ങൾ മർമ്മരം കൊണ്ടിരു-
ന്നെൻ കർണ്ണപടലങ്ങളിൽ

നർത്തനങ്ങൾ മനോദർപ്പണത്തിൽ
ചുരായം ഞെളിയിച്ചിരുന്നു
ഈറ്റം നെഞ്ചിലേറ്റി കൊടിതോരണങ്ങൾ
ഉത്സവച്ചന്തുമായ് ഉലകത്തിലുയരേക്ക്

പതിയെപ്പടിവാതിൽ കടന്നു
വിദ്യാലാവണ്യ വിശുദ്ധിയിൽ
വിണ്ണുയരത്തിൻ നറുവർണം ചാർത്തി
വിണ്ണുയനും വൈണ്ണുയന്തിയും

- ജോസ്ന
മെയ് 2020

"Human beings are Human beings,
just treat everyone like that"
-Hayley Williams
LGBTQ+

SANTHOSH KUMAR N

INTRODUCTION

ഒരു സാധാരണ ഓ പി ദിവസം. അടുത്ത രോഗിയെ സിസ്റ്റർ വിളിക്കുന്നതും കാത്തിരിക്കുന്ന എന്നോട് സിസ്റ്റർ ഇങ്ങനെ പറഞ്ഞു.

"സാറേ, അടുത്തതൊരു മറ്റേ കേസ് ആണ്."

എനിക്കൊന്നും മനസിലായില്ല. ഞാൻ സിസ്റ്ററുടെ മുഖത്തേക്ക് ആകാംക്ഷയോടെ നോക്കി.

"സാറേ, ഈ "9" എന്നൊക്കെ പറയില്ലേ. രണ്ടു പേരുണ്ട്."

അപ്പോഴേക്കും അവർ രണ്ടുപേരും വാതിൽ തുറന്നു ഉള്ളിൽ എത്തി. അരുന്ധതിയും അവളുടെ കൂട്ടുകാരൻ അമീറും.

നിറപ്പകിട്ടുള്ള സാരിയുടുത്തു, കൈകളിൽ നിറയെ വളകളും, മുഖത്തു പൂട്ടിയും ലിപ്സ്റ്റിക്കും സ്ലീവ് ലെസ്സ് ബ്ലൗസും ...ഇട്ട് "അരുന്ധതി" എന്റെ മുൻപിൽ ഇരുന്നു. അവളുടെ സംസാരവും ചേഷ്ടകളും എന്നെ അസ്വസ്ഥനാക്കി. തൊട്ടപ്പുറത്തു അവർ കാണാതെ ചിരി അടക്കുന്ന സിസ്റ്റർ എന്റെ അസ്വസ്ഥത കൂട്ടി.

എന്റെ ഡോക്ടർ ജീവിതത്തിലെ ആദ്യത്തെ ട്രാൻസ്ജൻഡർ രോഗിയായിരുന്നു "അരുന്ധതി". ഒന്നാലോചിച്ചു നോക്കു എം ബി ബി എസ് പാസ്സായി പന്ത്രണ്ടു വർഷങ്ങൾക്കു ശേഷം.

അരുന്ധതിക്ക് നാക്കിലെ കാൻസർ ആയിരുന്നു. തുടക്കമായിരുന്നതിനാൽ ഓപ്പറേഷനോടി കൂടി ചികിത്സ കഴിഞ്ഞു അവർ പോയി. അവളുടെ കൂട്ടുകാരൻ "അമീർ" ഒരു ഭാര്യയെപ്പോലെ.... ഭർത്താവിനെപ്പോലെ കൂടെ നിന്നു. പോസ്റ്റ് ഓപ്പറേറ്റീവ് സമയത്തൊക്കെ അവർ എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ടിരുന്നു.

ഇപ്പോഴും അവർ ഫോളോ അപ്പിന് വരും. ഒരുമിച്ചു ഇണക്കുരുവികളെ പോലെ...

അവരിൽ നിന്നും ഞാൻ പഠിച്ച ഒരു പാഠമുണ്ട്. ലോകം ഒരുപാടു മാറിയെങ്കിലും നമ്മൾ ഒരുപാടു വളർന്നു എങ്കിലും "LGBTQ " ക്കാരോടുള്ള നമ്മുടെ കാഴ്ചപ്പാടിൽ വലിയ മാറ്റം ഒന്നും വന്നിട്ടില്ല. അവർ ഒരു പനി വന്നാൽ പോലും ചികിത്സക്ക് ബുദ്ധിമുട്ടുന്നുണ്ട്. പക്ഷേ, ശരീരത്തെ കുറിച്ചും ഹോർമോണുകളെ കുറിച്ചും അവയുണ്ടാക്കുന്ന ശാരീരികവും മാനസികവും ആയ വ്യത്യാസങ്ങളെ കുറിച്ചും പഠിച്ച, പഠിപ്പിക്കുന്ന നമ്മൾ ഡോക്ടർമാർ തന്നെ അവരെ വേർതിരിച്ചു കാണുമ്പോൾ സമൂഹത്തിന്റെ കാര്യം പറയണോ.

ഒരു സ്വകാര്യആശുപത്രിയിൽ ചികിത്സ എടുക്കാൻ മാത്രം കാശൊന്നും അവരുടെ കയ്യിൽ ഉണ്ടായിരുന്നില്ല. പക്ഷേ, മെഡിക്കൽ കോളേജിൽ പോയ അവർക്കു ഒരിക്കലും ഓർക്കാൻ താല്പര്യമില്ലാത്ത അനുഭവങ്ങൾ ആയിരുന്നത്രേ. വേറെയും ചില സ്വകാര്യആശുപത്രികളിൽ കൂടി കറങ്ങിയാണ് അവർ എന്റെ അടുത്തെത്തിയത്.

ആ ദിവസങ്ങളിൽ അവർ എന്നെ കുറേ കാര്യങ്ങൾ പഠിപ്പിച്ചിട്ടാണ് പോയത്. എല്ലാ മനുഷ്യരെ പോലെ തന്നെ അസുഖങ്ങളും വിഷമങ്ങളും വരുന്ന അവർക്ക് "ചികിത്സ" പലപ്പോഴും ഒരു കിട്ടാക്കനി ആണത്രേ. സാധാരണക്കാരെ പോലെ അവർക്കു ആശുപത്രികളിലോ ഡോക്ടർമാരുടെ അടുത്തോ പോവാൻ കഴിയാറില്ലത്രേ. അത്രയ്ക്ക് ബുദ്ധിമുട്ടാവുമ്പോൾ മാത്രമേ പോകാറുള്ളൂ. പോയാൽ തന്നെ കൂടുതലും ദുരനുഭവങ്ങൾ ആണത്രേ.

"ലൈംഗിക ബന്ധത്തിന് " നിർബന്ധിക്കുന്ന ഡോക്ടർമാർ വരെ ഉണ്ടത്രേ. ലേഡി ഡോക്ടർമാർ പലരും അവരെ നോക്കാൻ കൂടി താല്പര്യപ്പെടാറില്ലത്രേ.

ആയിടക്കാണ് ഞാൻ വിജയ് സേതുപതിയും ഫഹദ് ഫാസിലും തകർത്തഭിനയിച്ച "സൂപ്പർ ഡീലക്സ് " എന്ന സിനിമ കണ്ടത്. സാധാരണ സിനിമകളിൽ നിന്നും വ്യത്യസ്തമായി "ട്രാൻസ്ജൻഡർ " എന്നാൽ വെറും

"ചാന്തുപൊട്ടും" "തമാശ ഉണ്ടാക്കാനുള്ള കഥാപാത്രങ്ങളും" അല്ലെന്ന പറഞ്ഞ ഒരു സിനിമ. പോലീസ് സ്റ്റേഷനിൽ മകനെ കാണാനില്ല എന്ന കംപ്ലൈന്റ് കൊടുക്കാൻ പോവുമ്പോൾ പോലീസുകാരാൽ ലൈംഗികമായി ചൂഷണം ചെയ്യപ്പെടുന്ന കഥാപാത്രം. വിജയ് സേതുപതിയിലെ അഭിനേതാവിനെ പുറത്തു കൊണ്ടുവന്ന മറ്റൊരു ചിത്രം.ആ ക്രൂരനായ പോലീസുകാരനെ പോലെ ചില ഡോക്ടർമാരും ഉണ്ടെന്ന കേട്ടപ്പോൾ ഞാൻ ശരിക്കും ഞെട്ടി.

അങ്ങനെയിരിക്കുന്ന സമയത്താണ് "LGBTQ " വേണ്ടി പ്രവർത്തിക്കുന്ന, സമയം കണ്ടെത്തുന്ന, ഡോക്ടർമാരുടെ വാട്സാപ്പ് കൂട്ടായ്മയുടെ ഇൻവിറ്റേഷൻ കോളേജിലെ ഇപ്പോഴത്തെ മാഗസിൻ എഡിറ്റർ അനഘ അശോക് എനിക്ക് അയച്ചു തരുന്നത്. ആ ഗ്രൂപ്പിൽ എന്നെ കൂടാതെ നമ്മുടെ ബാച്ചിലെ ബിനേഷും അംഗമാണ്. കൂടാതെ കേരളത്തിലെ പ്രമുഖ ഡോക്ടർമാരുണ്ട്, മെഡിക്കൽ വിദ്യാർത്ഥികൾ ഉണ്ട്. മെഡിക്കൽ/ ഡെന്റൽ വിദ്യാർത്ഥികൾ ആയ "LGBTQ" സഹോദരങ്ങൾ ഉണ്ട്.

കൂടാതെ പല സിനിമകളും വെബ് സീരീസുകളും LGBTQ ക്കാരെ കുറിച്ചുള്ള എന്റെ കാഴ്ച്ചപ്പാടുകൾ കുറച്ചൊക്കെ മാറ്റി. ഇന്ത്യൻ സിനിമകളിൽ സൂപ്പർ ഡീലക്സും പേരന്പും ആണ് എനിക്ക് എടുത്തു പറയാൻ അറിയുന്നത്.

ഇത് വരെ ടെയിനുകളിൽ ഉറക്കെ കൈ കൊട്ടി കാശു ചോദിച്ചു വരുന്ന, കൊടുത്തില്ലെങ്കിൽ തുണി പൊക്കികാണിക്കുന്ന, വില്ലുപുരത്തു ബസു കാത്തു നിൽക്കുമ്പോൾ ഇരുട്ടിന്റെ മറവിൽ നിന്നും പ്രത്യക്ഷപ്പെടുന്ന അൽപ്പ വസ്ത്രധാരികളായ, എറണാകുളത്തെ നോർത്ത് റെയിൽവേ സ്റ്റേഷനടുത്തു രാത്രികാലങ്ങളിൽ കാണുന്ന....അവജ്ഞയോടെ, വെറുപ്പോടെ മാത്രം കണ്ടിരുന്ന ... ആളുകൾ എന്ന എന്റെ കാഴ്ചപ്പാടിൽ മാറ്റങ്ങളുണ്ടായി. അവർക്കല്ല കുഴപ്പം; 'ഞാൻ അവരെ കാണുന്ന രീതിക്കാണ് കുഴപ്പം' എന്ന് ഞാൻ തിരിച്ചറിഞ്ഞു.

നമ്മുടെ ബാച്ചിലെ ഒരു പെൺകുട്ടി എന്നോടൊരു കഥ പറഞ്ഞു. ഇന്റേൺഷിപ്പ് സമയത്ത് ആക്സിഡന്റ് ആയി വന്ന ഒരു ട്രാൻസ്ജൻഡറെ അറപ്പോടെ, വെറുപ്പോടെ ചകിൽസിച്ച കഥ. തലയിൽ വലിയ മുറിവും കയ്യിലേയും കാലിലെയും എല്ലുകൾ പൊട്ടിയ നിലയിൽ വന്ന ആ "മനുഷ്യനെ" , അന്ന് മനുഷ്യനായി കാണാൻ കഴിയാതെ എങ്ങനെയൊക്കെയോ ആ മുറിവുകൾ തുന്നി ചേർത്ത കഥ. എന്താണെന്നറിയില്ല അയാളെ കാണുമ്പോൾ, ആ സംസാരം കേൾക്കുമ്പോൾ അവൾക്ക ശർദ്ദിക്കാൻ വന്നത്രെ.

പിന്നീട് ഭർത്താവിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും സ്വന്തം തെറ്റ് മനസിലാക്കിയ അവൾ അദ്ദേഹത്തോട് "മാപ്പ്" ചോദിക്കുന്ന. അവൾ പറയുന്ന നമ്മുടെ ബാച്ചിലെ പലർക്കും ഇത്തരം അനുഭവങ്ങൾ കാണും, പക്ഷേ, ദുരഭിമാനം കൊണ്ട് പറയാത്തതാണെന്ന്.

കാര്യങ്ങൾ കൂടുതൽ പ്രായോഗികമായി മനസിലാക്കുന്ന, പുരോഗമന കാഴ്ചപ്പാടുകൾ ഉള്ള, ഇത്തരം കുറേ അധികം ആളുകളോട് സംവദിച്ചിട്ടുള്ള നമ്മുടെ മറ്റൊരു സുഹൃത്തിന് അവന്റെ കൂടെ ജോലി ചെയ്യുന്ന ഡോക്ടർ ഇതാണെന്റെ "പാർട്ണർ " എന്ന് പറഞ്ഞു മറ്റൊരു പുരുഷനെ പരിചയപ്പെടുത്തിയപ്പോൾ .... ഞെട്ടിപ്പോയ കഥയാണ് പറയാനുള്ളത്. ഒന്നും തിരിച്ചു പറയാനില്ലാതെ കുറച്ചു നിമിഷങ്ങൾ ബ്ലാങ്ക് ആയി പോയത്രേ.

ഇപ്പോഴും നമ്മളിൽ പലർക്കും രാത്രികാലങ്ങളിൽ എമെർജൻസിയിലേക്കു "ഇമ്മോറൽ ട്രാഫിക്കിന്റെ " പേരിൽ പോലീസുകാർ പിടിച്ചു കൊണ്ട് വരുന്ന വെറും ശരീരങ്ങൾ ആണ് "LGBTQ" ക്കാർ. അവരിലൊരാൾ പെട്ടെന്ന് ഒപിയിലേക്കു കയറിവന്നാൽ പതറിപ്പോവുന്നവർ, അവരെ എങ്ങനെയെങ്കിലും ഒഴിവാക്കാൻ ശ്രമിക്കുന്നവർ, അവരും മനുഷ്യരാണ് എന്ന് മനസിലാവാത്തവർ....

അവർക്കു വേണ്ടിയാണീ ഭാഗം. തിരുവന്തപുരത്തു ബി ഡി എസിനു പഠിക്കുന്ന അഖിൽ ഒരു ട്രാൻസ്ജൻഡർ ആണ്. അവൻ അവന്റെ ഭാഗം പറയുന്നു. നാല്പത്തി ആറാം ബാച്ചിലെ മിഥുൻ നമ്മുടെ കോളേജിലെ ഒരു മാനസിക രോഗവിദഗ്ദൻ ആണ്. അവൻ ഒരു ഡോക്ടറുടെ ഭാഗത്തു നിന്ന് പറയുന്നു. നമുക്കവരെ വായിക്കാം, മനസിലാക്കാം.

LGBTQ ക്കാർ തല ഉയർത്തി നമ്മുടെ ഓ പി കളിലേക്കു കടന്നു വരട്ടെ. മറ്റേതൊരു വ്യക്തിയേയും സ്വീകരിക്കുന്നത് പോലെ, ചികിൽസിക്കുന്നതു പോലെ നിങ്ങൾക്കു അവരെ കാണാൻ കഴിയട്ടെ. തല ഉയർത്തികൊണ്ട് നിറഞ്ഞ ചിരിയോടെ അവർ നിങ്ങളെ കുറിച്ച് സംസാരിക്കട്ടെ.

ANUP AHAMED P K

ലോലിതന്റെ മനസ്സ്

"ലോലിതാ , നീ ഇമോഷണലാവാതെ !"
"ആവുമെടാ , ആവും . ഇതുപോലത്തെ തോന്ന്യാസം പറഞ്ഞാൽ ഞാൻ മാത്രമല്ല , അരിയാഹാരം കഴിക്കുന്ന ആരും ഇമോഷണലാവും . നിനയ്ക്കൊക്കെ പിന്നെ എന്ത് തേങ്ങയും പറയാമല്ലോ. 'പുരോഗമനവാദി'യല്ലെ!"
"ആക്ച്വലി അവസരവാദിയാണ് , പിന്നെ ഒരു ഭംഗിക്ക് പുരോഗമനം എന്നൊക്കെ പറഞ്ഞു അഡ്ജസ്റ്റ് ചെയ്യുന്ന എന്നുള്ളൂ . നേര് പറഞ്ഞാൽ രണ്ടും ഒന്ന് തന്നെയല്ലേ ലോലിതാ. പിന്നെ ലോലിതാ പറയുമ്പോൾ എല്ലാം പറയണമല്ലോ അരി മാത്രമല്ല കേട്ടോ ആഹാരം "
" നാണം കെട്ട വർഗ്ഗം ; നീയൊരു ആണാണെങ്കിൽ ഒരു ഭാഗത്തു ഉറച്ചു നിക്കെടാ ഖാദറെ. തരം പോലെ മാറിക്കളിച്ചു ഒരു മാതിരി ആണും പെണ്ണും കെട്ട പോലെ"
" അന്നെനിക്ക് പല കാര്യങ്ങളും അറിയില്ലായിരുന്നെടാ. അന്ന് പറഞ്ഞതും ചെയ്തതും അന്ന് ശരിയെന്ന തോന്നിയത്. പിന്നെ കുറച്ചു കൂടി ലോകം കണ്ടപ്പോൾ മറ്റു ചിലതും ശരിയെന്ന തോന്നി. അത് നിന്നോട് കൂടി പറയണമെന്ന് തോന്നി . അതിന്ന നീ ഇത്രയ്ക്കാന്നും പറയേണ്ടിയിരുന്നില്ല ലോലിതാ !"
"നിനക്ക് വിഷമമായോ?"
"കുറച്ചു"
' സാരമില്ലെടാ, ഞാനല്ലേ!"
"OK "
"ആട്ടെ , എന്താണ് നിനക്കു വിഷമമായത് ഖാദറെ? ആണും പെണ്ണും കേട്ടത് എന്ന് പറഞ്ഞതാണോ ?"
"ഹും "
"ങേ! ഖാദറെ, അപ്പൊ പുരോഗമനം ?"
" അയ്യോ ! ഐ മീൻ , നോ. അതല്ല പ്രശനം . നിന്റെ വികാരവിക്ഷോഭമാണ് പ്രശ്നം ലോലിതാ "
" ശരി ശരി ! നീ പറഞ്ഞു വരുന്നത് ആണും ആണും കല്യാണം കഴിച്ചാൽ ഒരു കുഴപ്പവുമില്ല! അത് ഞാൻ സമ്മതിച്ചു തരണം. കുറച്ചു ഓവർ ആണെന്ന് നിനക്കു തന്നെ തോന്നുന്നില്ലേ ഖാദറെ !"
"ലോലിതാ, ഞാൻ പറയാത്ത കാര്യങ്ങൾ എന്റെ മേൽ ആക്ഷേപിക്കരുത്. ഞാൻ പറഞ്ഞത് അങ്ങിനെ ലോകത്തു പലയിടത്തും നടക്കുന്നുണ്ട്, അതിൽ നിനക്ക് എന്തെങ്കിലും തെറ്റ് തോന്നുന്നുണ്ടോ എന്നാണ്. അല്ലാതെ നിന്നോട് കല്യാണം കൂടാനും ബിരിയാണി കഴിക്കാനും ഞാൻ പറഞ്ഞിട്ടില്ല. ഒരു ചർച്ച , അത്രയേ ഉദ്ദേശിച്ചുള്ളൂ "
" എന്റെ പട്ടി കഴിക്കും ആ ബിരിയാണി . മുഴുവൻ പൈനാപ്പിൾ കഷ്ണങ്ങളായിരിക്കും"
" പൈനാപ്പിളോ ആര് പറഞ്ഞു ലോലിതാ?"
" ആവും, ശ് ശ് .. ചില ആളുകൾ ശരിക്കും ബിരിയാണിയിൽ പൈനാപ്പിൾ ഇടാറുണ്ടത്രെ !!"
"അയ്യേ!"
"പുഴുങ്ങിയ മുട്ട; മാക്സിമം അത് വരെ പോകാം . അതിനപ്പുറത്തേക്ക് എന്തെങ്കിലും ഇട്ടാൽ പിന്നെ അതിനെ വേറെ എന്തെങ്കിലും വിളിക്കണം . ബിരിയാണി എന്ന് പറഞ്ഞു വിളമ്പാൻ നിക്കരുത്. അല്ലെ ഖാദറെ ? "
"ഹല്ലാ പിന്നെ . എന്നാൽ പിന്നെ വഴുതനങ്ങ കൂടി കൂട്ടിക്കോട്ടെ ബിരിയാണിയുടെ കൂടെ ."
"പറയാൻ പറ്റില്ല ഖാദറെ. അങ്ങിനെയും ചെയ്യുന്നവരുണ്ടാവും "
"ബിരിയാണിയോട് ആരെങ്കിലും അങ്ങനെയൊക്കെ ചെയ്യുമോ ? അതൊക്കെ അനുവദിച്ചു കൊടുക്കാമോ !"
"ആർക്കെങ്കിലും വഴുതനങ്ങ കൂട്ടി ബിരിയാണി കഴിക്കണമെങ്കിൽ കഴിച്ചോട്ടെ ഖാദറെ . നിന്നെക്കൊണ്ടു തീറ്റിച്ചില്ലെങ്കിൽ നിനക്കെന്താ ചേതം ?"
"എന്നാലും ലോലിതാ ഇതിനൊക്കെ ചില രീതികളും മര്യാദകളുമക്കെയില്ലേ ?"
" പഷ്ട് ! ബിരിയാണിക്കാര്യമായാല് നേരും , രീതിയും ,മര്യാദയും! നല്ല പുരോഗമനം തന്നെ ഖാദറെ !"

" ഞാൻ ആദ്യമേ പറഞ്ഞു അവസരത്തിനനുസരിച്ചു പുരോഗമനത്തിന്റെ നിർവചനം മാറും . കുട്ടിക്കാലം മുതലുള്ള ഒരു ശീലമുണ്ട് ബിരിയാണി കഴിഷ്പിനു. അത് മാറ്റാൻ കുറച്ചു പാടാണു ലോലിതാ . അതുയൊക്കെ പുരോഗമിച്ചാൽ മതി ."

"അത് തന്നെ എന്റെയും പ്രശ്നം ഖാദറെ. നിനക്കെന്നെ കുട്ടിക്കാലം തൊട്ടറിയാം . ഇന്ന് ഞാൻ നിന്നോടിതുവരെ പറയാത്ത ഒരു കാര്യം പറയാം."
" എന്താണിത്ര വലിയ രഹസ്യം ?"
"രഹസ്യമൂന്നുമില്ല . പണ്ട് സ്കൂൾ വിട്ടു മടങ്ങുമ്പോൾ നമ്മൾ ബസ് സ്റ്റാൻഡ് വരെ കഥകൾ പറഞ്ഞു നടന്നതോർക്കുന്നില്ലെ ? "

"അതൊക്കെ എങ്ങനെ മറക്കാനാണ് ലോലിതാ . അതായിരുന്നില്ലേ നമ്മുടെ സുവർണ കാലം! സ്കൂളിൽ നിന്നും കഥ പറഞ്ഞു തുടങ്ങി ഒരു കിലോമീറ്റർ നടന്നു സ്റ്റാൻഡിൽ എത്തിയാലും നമ്മുടെ ഇതിഹാസങ്ങൾ പറഞ്ഞു തീർന്നിട്ടുണ്ടാവില്ല. "
" ശരിയാണ്. നിന്റെ ഭാഗത്തേക്ക് എപ്പോഴും ബസ് ഉണ്ടാകാറുണ്ടായിരുന്നു. എന്റെ ബസ് പോയാൽ പിന്നെയൊരു മുക്കാൽ മണിക്കൂർ കാക്കണം അടുത്ത വണ്ടി വരാൻ"
" ഞാനോർക്കുന്നു. പിന്നെ നിനക്ക് വേറെയും നിർബന്ധങ്ങളുണ്ടായിരുന്നല്ലോ. ഇതിൽ തിരക്ക് കൂടുതലാണ്, അതിലെ സ്റ്റീരിയോ അത്ര പോരാ . ഒരു കൺസെഷൻ ടിക്കറ്റുകാരന്റെ വിനയമൊന്നും നിനക്ക് ഇല്ലല്ലോ എന്ന് എനിക്ക് പല തവണ തോന്നിയിട്ടുണ്ട് ലോലിതാ "
"അത് തന്നെയാണ് ഖാദറെ എനിക്ക് പറയാനുള്ളതു . സത്യത്തിൽ ഞാൻ തിരക്കൊഴിവാക്കാനല്ല നോക്കിയിരുന്നത്. അവനെയാണ് . "
"ആരെ?"
"ഒരുത്തനുണ്ടായിരുന്നു , സ്ഥിരമായി ബസ്സിൽ വരും. എന്നെ തുറിച്ചു നോക്കും . ഞാൻ ആദ്യം കരുതി എന്റെ തോന്നലായിരിക്കുമെന്നു. "
"ആയിരിക്കും. നിന്നെ നോക്കിയിട്ടു ആയാൾക്കെന്തു കിട്ടാൻ ലോലിതാ!"
" ഒരു ദിവസം അവൻ എന്നെ കേറി പിടിച്ചു !"
"എവിടെ?"
" പ്ഫ പട്ടി ! അതല്ല വിഷയം . എവിടെയായാലും പിടിക്കാൻ പാടില്ല "
" സോറി . അതും ശരിയാണ് ."
" അതിനു ശേഷം ഞാൻ സ്ഥിരമായി ഒരു ബസ്സിൽ കയറുന്നതു നിർത്തി. അവൻ രണ്ടു സ്റ്റോപ്പ് കഴിഞ്ഞാണ് സാധാരണ കയറാറുള്ളത് . അവനു പിടി കൊടുക്കാതിരിക്കാൻ ഞാൻ ഒളിച്ചുകളി നടത്തുകയായിരുന്നു."
" നീയാരോടും പറഞ്ഞില്ലേ?"
" ഒന്നാമത് ഇത് എന്താണ് സംഭവം എന്ന് തന്നെ മനസ്സിലായില്ല. പിന്നെ , എന്ത് പറയണം, ആരോട് പറയണം എന്നൊന്നും അന്ന് അറിയില്ലല്ലോ!"
" ഇന്ന് അറിയുമോ ?"
" ങേ ?"
" ഇന്ന് ആരോട് പറയണം എന്ന് അറിയുമോ ലോലിതാ?"
"പോടാ."
"എന്നാൽ ഞാനൊരു സത്യം പറയട്ടെ "
" എന്ത്?"
"ബസ്സിൽ വച്ച് എനിക്കും ഉണ്ടായിട്ടുണ്ട്!"
" ശരിക്കും?"
" നിന്റെ പോലെ ചാരിതാർഥ്യം ഒന്നും നഷ്ടപ്പെട്ടിട്ടില്ല! എന്നോട് ചോദിച്ചിട്ടേയുള്ളു "
" നിർത്തെടാ ചെറ്റേ , നീ കാര്യം പറ "
" പ്രീ ഡിഗ്രി കാലം; കോളേജിലേക്ക് പോകുമ്പോഴാണ് . ഒരു അമ്മാവൻ . കണ്ടാൽ മാന്യൻ. അടുത്ത സീറ്റിൽ ഇരുന്നു. വിശേഷങ്ങളെല്ലാം ചോദിച്ചു. പെട്ടെന്ന് ഭാവം മാറി. വീട്ടിലേക്കു

വരുന്നില്ലേ , നമുക്ക് ജോളിയാക്കാം എന്നൊക്കെ ."
"ഹോ! അപ്പൊ എനിക്ക് മാത്രമല്ല . ആട്ടെ , എന്നിട്ട് നീ ആരോട് പറഞ്ഞു, കേൾക്കട്ടെ ?"
" ഞാൻ അയാളോട് തന്നെ പറഞ്ഞു ; പോയി പണി നോക്കാൻ!"
"ഞാനും പറഞ്ഞേനെ , അവനെ പിന്നെ കാണാത്തത് കൊണ്ടാണ് ."
"അത് പിന്നെ എനിക്കറിഞ്ഞൂടെ ലോലിതാ "
"അല്ല , അപ്പൊ നിനക്കും ഇവന്മാരുടെ അസുഖം അറിയാം , എന്നിട്ടാണോ നീ എന്നോട് ഇക്കാര്യം 'ചർച്ച' ചെയ്യാൻ വന്നത് ?"
"അതും ഇതും തമ്മിൽ എന്ത് ബന്ധം ?"
" എന്ത് ബന്ധമെന്നോ ? സത്യം പറയെടാ , നീ അമ്മാവന്റെ വീട്ടിൽ പോയോ?"
"പോടാ മരക്കഴുതേ "
" പിന്നെ എങ്ങിനെ നിനക്ക് അവർ ചെയ്തതു ന്യായീകരിക്കാൻ കഴിയും?"
" എന്റെ ലോലിതാ ഞാൻ എപ്പോ ന്യായികരിച്ചു?"
" എന്റെ പൊന്നു ഖാദറെ , നിന്റെയീ പുരോഗമനം എനിക്ക് ഒട്ടും മസ്സിലാവുന്നില്ല. ഒന്നുകിൽ അവിടെ ,അല്ലെങ്കിൽ ഇവിടെ നീ ഏതെങ്കിലും ഒരു ഭാഗത്തു ഉറച്ചു നിന്നുകൂടെ."

" എല്ലാം ബൈനറി യാണ് എന്ന മുൻവിധി മാറ്റണം ലോലിതാ . ശരിയല്ലെങ്കിൽ തെറ്റ് . ആണല്ലെങ്കിൽ പെണ്ണ് . കറുപ്പല്ലെങ്കിൽ വെളുപ്പ്. ഇതിനിടയിലും പലതില്ലേ ലോലിതാ ."
"പിന്നെ ഉറപ്പായും ഉണ്ട് . വയലറ്റ്, ഇൻഡിഗോ, ബ്ലൂ, ഗ്രീൻ , യെല്ലൊ , ഓറഞ്ച് , റെഡ് !"
" അപ്പൊ നിനക്കു കാര്യങ്ങൾ അറിയാം !"
" പിന്നല്ലാതെ ! ഞാൻ ഫേസ്ബുക്കിൽ പ്രൊഫൈൽ പിക്ചർ ഫ്രെയിം മാറ്റിയിരുന്നല്ലോ! എന്താണ് സംഗതിയെന്നു രണ്ടു ദിവസം കഴിഞ്ഞാണ് മനസ്സിലായതെന്നു മാത്രം! പെട്ടെന്ന് തന്നെ എടുത്തു മാറ്റി. "
"മാറ്റേണ്ട കാര്യമൊന്നുമില്ലായിരുന്നു"
"അയ്യടാ ! എന്റെ ഭാര്യ എന്നെ ഇട്ടേച്ചു പോയാൽ . കാര്യമറിഞ്ഞാൽ വേറെ പെണ്ണ് പോലും കിട്ടില്ല "
"ഭാര്യ എന്തിനു ഇട്ടു പോകും ? പ്രൊഫൈൽ പിക്ചർ കാരണമോ?"
" എടാ , അത് മറ്റവന്മാരുടെ സിംബൽ അല്ലെ ? "
"ലോലിതാ അവരോടു അനുകമ്പ കാണിച്ചത് കൊണ്ട് മാത്രം ശ്യാമള നിന്നെ ഇട്ടു പോവില്ലല്ലോ . നിന്റെ തൊട്ടി സ്വഭാവം സഹിക്കാതെ അവൾ പ്രതികരിച്ചാൽ അതിനു പിക്ചർ ഫ്രെയിംനെ കുറ്റം പറയാമോ ?"
"അത് ഞാൻ ചുമ്മാ പറഞ്ഞതാണ് എനിക്ക് ശ്യാമളയെ പേടിയുമില്ല മറ്റവന്മാരോട് അനുകമ്പയുമില്ല "
"ശ്യാമളക്കുണ്ടോ?"
" ശ്യാമളക്കെന്നെ നല്ല പേടിയുണ്ട് "
" അതല്ല , അതെനിക്ക് മനസ്സിലായി. അനുകമ്പയുണ്ടോ?"
" അറിയില്ല , ചോദിച്ചിട്ടില്ല . വേറെന്തൊക്കെ ചോദിയ്ക്കാൻ കിടക്കുന്നു. അതൊന്നും പോരാഞ്ഞിട്ടാണോ ഇത്. എന്റെ ചെറുമനസ്സിനെ ഭീതിയിലാഴ്ത്തിയ അവനോടു എനിക്ക് ഒരു അനുകമ്പയുമില്ല, നല്ല ദേഷ്യമുണ്ട് താനും ."
"അതിനു അവനോടു മാത്രം ദേഷ്യപ്പെട്ടാൽ പോരെ ലോലിതാ ? എല്ലാരോടും വേണോ?"
" എല്ലാരോടും ദേഷ്യം എന്ന് ആര് പറഞ്ഞു? നേരെ ചൊവ്വേ നടക്കുന്നവരോട് എനിക്കൊരു ദേഷ്യവുമില്ല ."
" നീയിപ്പറഞ്ഞ നേരെ ചൊവ്വേ നടക്കുന്നവർ ; ബസ്സിൽ വച്ച് സ്ത്രീകളോട് 'നേരെ ചൊവ്വേ' തോന്ന്യാസം കാണിക്കുന്നില്ലേ ?"
"അത് പോലാണോ ഇത് ?"
" അല്ലെ ? ഇനി ആണിന് പെണ്ണിനോട് എന്ത് പോക്രിത്തരവും കാണിക്കാമെന്നാണോ ലോലിതാ നീ പറയുന്നതു ?

" ഛേ ! അങ്ങിനെയൊന്നും ഞാൻ പറഞ്ഞില്ലല്ലോ. കുറച്ചു ഞരമ്പ് രോഗികൾ അങ്ങിനെ ചെയ്യുന്നുണ്ടെന്ന് വച്ച് .."
" അത്രയേ ഞാനും പറഞ്ഞുള്ളു. സമ്മതമില്ലാതെ ഒരു ശരീരത്തിൽ കയറിപ്പിടിക്കുന്നതു തോന്നിവാസം; ആണായാലും പെണ്ണായാലും."
"എന്റെ അനുഭവങ്ങളല്ലേ ഖാദറെ എന്റെ ഗുരു. എനിക്ക് സ്വവർഗ സ്നേഹം എന്ന് പറഞ്ഞാൽ പ്രകൃതി വിരുദ്ധം , ബാലപീഡനം എന്നൊക്കെ ഓർമ്മ വരും."
" paedophilia വേറെ homosexuality വേറെ, രണ്ടും കൂട്ടിക്കുഴക്കരുത് "
" അല്ലത്തവരെ ഞാൻ കണ്ടിട്ടില്ല."
" ഉണ്ടാവും ലോലിതാ. അവർ നിന്നോട് പറയാഞ്ഞിട്ടാവും. ഞാനും അങ്ങിനെ തന്നെ വിചാരിച്ചിരുന്ന ചിലർ ഒരു സംശയവും കൂടാതെ എന്നോട് തുറന്നു പറയും വരെ !"
" പേഷ്യൻസോ ?"
" പേഷ്യൻസും , ഡോക്ടർസും , അല്ലത്തവരും "
"ഡോക്ടർസ്?"
"അവരെന്താ മനുഷ്യരല്ലേ? റെസിഡെൻസിയിൽ എന്റെ ഒരു സീനിയർ ഉണ്ടായിരുന്നു. ആ ബാച്ചിലെ ഏറ്റവും സ്മാർട്ട്. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പാസ്സ് ഔട്ട് . അമേരിക്കയിൽ വരാനുള്ള ചേതോവികാരം എന്തെന്ന് ഞാൻ അവനോടു ചോദിച്ചു . അവൻ കടൽ കടന്നത് ഉപരിപഠനത്തിനോ സമ്പാദ്യത്തിനോ ആയിരുന്നില്ല. അവന്റെ കാമുകനോടൊപ്പമായിരിക്കാനായിരുന്നു !"
" അവൻ അത് അങ്ങനെ തന്നെ നിന്നോട് പറഞ്ഞോ?"
" ഒരു സങ്കോചവുമില്ലാതെ പറഞ്ഞു. കേട്ട് നിന്ന ഞാൻ ബ്ലിങ്കസ്യാ ആയി രണ്ടു മിനുട്ടു നിന്നു "
" അന്ന് നീ പുരോഗമിച്ചിട്ടില്ല?"
" ഇത്രയ്ക്കില്ല. മറ്റൊരിക്കൽ ഒരു ക്രിട്ടിക്കൽ കെയർ ഫെല്ലോയുമായി സംസാരിക്കുമ്പോൾ ,ഞങ്ങളുടെ കുട്ടികൾക്കു ഒരേ പ്രായമാണെന്നു മനസ്സിലായി . സ്വാഭാവികമായി എന്റെ അടുത്ത ചോദ്യം ഭാര്യ എന്ത് ചെയ്യുന്നു എന്നായിരുന്നു. അവന്റെ ഉത്തരം" My partner is a lawyer"
"ഭാര്യ എന്ന് പറയാൻ പാടില്ല ?"
" അവനാണ് ഭാര്യ എന്ന്!"
"ഹെന്റമ്മേ !"
" ഞാനും അങ്ങിനെ തന്നെ എന്തോ പറഞ്ഞെന്നു തോന്നുന്നു. അവൻ ഒരു മടിയുമില്ലാതെ വിശദീകരിച്ചു ' We are a gay couple". ഇത്തവണത്തെ ബിങ്കസ്യ ഏകദേശം ഒരു ഒന്നൊന്നര ദിവസം നീണ്ടു നിന്നു."

"അപ്പൊ കുട്ടി എങ്ങനെ ഉണ്ടായി? അവരുടെ ആരുടെയെങ്കിലും .."
" അതൊന്നും ഞാൻ ചോദിച്ചില്ല ലോലിതാ. അതിനൊക്കെ പല വഴികളുമില്ലെ "
" എന്നാലും കുഞ്ഞിന് ശരിക്കുമൊരു അമ്മയൊക്കെ വേണ്ടേ? ഇവമ്മാര് കുറച്ചു കഴിഞ്ഞു അടിച്ചു പിരിഞ്ഞാൽ കുഞ്ഞിന്റെ കാര്യം?"
" മറ്റേതൊരു ഡിവോഴ്സ്ഡ് ഫാമിലിയും പോലെ തന്നെ . ഇവിടെ അത് അത്ര അപൂർവമല്ല. സെയിം സെക്സ് കപ്പിൾസിന്റെ കുട്ടികൾക്കു വായിച്ചു കൊടുക്കാൻ പ്രത്യേകം പുസ്തകങ്ങൾ വരെ യുണ്ട് "
" എന്താ അതിന്റെ പ്രത്യേകത "
" വലിയ പ്രത്യേകതയൊന്നുമില്ല; സാധാരണ ബുക്കിൽ ഡാഡി & മമ്മി എന്ന് പറയുന്നിടത്തു ഡാഡി &പപ്പാ എന്നോ മറ്റോ മാറ്റം, അത്ര തന്നെ "
"എന്ന് വച്ചാൽ സർവത്ര സാധാരണം! എല്ലാവരും വെള്ളക്കാരാണോ ?
" എന്റെ ലോലിതാ ..."
"സോറി, എനിക്കറിയാത്തതു കൊണ്ടല്ലേ!"
" എല്ലാ തരക്കാരുമുണ്ട്. ഞാൻ പറഞ്ഞ രണ്ടു പേരിൽ ഒരാൾ ചൈനീസ് ഒറിജിൻ , മറ്റെയാൾ

കൊക്കേഷ്യൻ. അങ്ങിനെ വേർതിരിവൊന്നുമില്ല "
" അപ്പൊ നീ പറഞ്ഞു വരുന്നത് ഞാൻ കണ്ടു ശീലിക്കാത്തതു കൊണ്ട് അതൊന്നും ശരിയല്ല എന്ന് ശഠിക്കരുത് എന്ന്, അല്ലെ?"

"അങ്ങനെയൊന്നുമില്ല, ഒന്ന് തുറന്നു ചിന്തിക്കാനും ചർച്ച ചെയ്യാനെങ്കിലും തയ്യറാകണമെന്നു "
"അപ്പൊ വഴുതനങ്ങ കൂട്ടി ബിരിയാണി കഴിക്കാമോ, ഖാദറെ ?"
" ലോലിതാ, അത് മാത്രം വേണ്ട!"
" ഹ ഹ . നിന്റെ ഒരു കാര്യം! നിനക്ക് നമ്മുടെ റഹ്മത്തിലെ ബിരിയാണിയൊക്കെ വല്ലാതെ മിസ്സാവുന്നുണ്ടാവുമല്ലോ "
" പിന്നില്ലാതെ . പിന്നെ സൈന നല്ല അടിപൊളി ബിരിയാണിയുണ്ടാക്കുന്നത് കൊണ്ടു വലിയ കുഴപ്പമില്ല"
"ഭാഗ്യവാൻ! അതല്ല അവൾക്കു നിന്റെയും ട്വീസയുടെയും പഴയ കഥകൾ വല്ലതും അറിയുമോ?"
"ഹും. അവൾക്കെല്ലാം അറിയാം "
" എന്താ നിനക്കൊരു നിരാശ ? അന്ന് ഒന്ന് കൂടി ആഞ്ഞു ശ്രമിക്കാമായിരുന്നു എന്ന് ഇപ്പോൾ തോന്നുന്നുണ്ടോ?"
" ഹേയ് , ഒരിക്കലുമില്ല . അതൊന്നും ഒരിക്കലും ശരിയാകുമായിരുന്നില്ല. വീട്ടിൽ എന്തായാലും പ്രശ്നം ആകുമായിരുന്നു "
"പുരോഗമിച്ചിട്ടില്ലായിരുന്നല്ലോ !"
" ഹ ഹ . ഞാൻ മാത്രം പുരോഗമിച്ചാൽ പോരല്ലോ!.എന്തായാലും എന്റെ മക്കൾക്കു ആ ബുദ്ധിമുട്ടുണ്ടാവില്ല . ജാതി , മതം, വർഗ്ഗം വർണ്ണം ഒന്നും ഒരു വിഷയമില്ല "
"ഉറപ്പാണോ ?"
"എന്താ സംശയം ലോലിതാ ?"
" ഖാദറെ , നിന്റെ മോനൊരു ആണിനെ കെട്ടണമെന്നു പറഞ്ഞാലോ ?"
" കള്ള ഹിമാറെ ! കൊല്ലും ഞാൻ!"

DEEPTHI MANI

A RAINBOW ON THE HORIZON

Sunlight streamed through the hospital window, making a patchwork of light and shadows on the tiled floor. I shifted uneasily in the chair, and tried to sound as confident as I could while going over the treatment plan for the day. My patient, the pleasant woman looking straight into my eyes with a warm smile on her freckled face, happened to be Dr Amy Gardner, a pulmonologist in the same hospital that I joined for work two weeks earlier. I had seen her a couple of times in the hospital cafeteria, and this spirited lady with her striking auburn hair and short pixie cut was animatedly chatting to some of my colleagues. She had seemed so radiant, so full of energy, that I wished there was a way to bottle up some of it and stash it away for my own consumption.

"Call me Amy, please!", she insisted as I kept on addressing her as Dr Gardner while I pulled up her CT images on the computer. Amy had flown home to Seattle the night prior after a conference in New York. She had a syncopal event early next morning, felt out of breath, and was brought to the emergency room where she was diagnosed with bilateral pulmonary embolism. The treatment of her blood clots with anticoagulants seemed straightforward, but I still felt nervous talking to her, being painfully aware that she was an expert in managing her own diagnosis. The self-denigrating running commentary in my head was abruptly halted by a knock on the door.

"Come on in", I heard Amy's chipper voice and in strolled another woman wearing faded blue jeans and a plaid shirt. " Hi Deepthi, this is my wife Mindy!!", said Amy, her auburn hair gleaming in the sunlight. It took a few seconds for me to process what I just heard and I greeted Mindy mechanically. I was trying to reorganize my thoughts to figure out what to say next when Mindy planted a quick kiss on her partner's cheeks. Mindy then briefly rummaged through her bag and brought forth a handmade card with a three stick-figure family, standing together holding hands in a flower garden with, a distinctive childish scrawl saying "Get well soon Mommy!'

"Eva made it for you sweetie. She was quite fussy today, and it was a struggle to get her to school on time", Mindy chimed in again.

"Eva is our daughter", Amy explained turning to me, possibly noticing my deer in the headlights expression of disbelief that I was trying to mask albeit unsuccessfully. "She just turned eight."

The rest of the encounter went in a blur. We chatted a bit more, discussed discharge plans and I left the room still in bit of a daze.

What I experienced in the hospital room, that warm summer morning was as a sort of epiphany, a marked shift in my perspective. Amy and Mindy, the first lesbian couple I met, were just as happy, loving, caring and nurturing as any other devoted couple I have ever met. Their precious daughter Eva, whose pictures they shared with me readily on the phone with a healthy dose of parental pride, seemed just like any regular eight-year-old, naughty and so full of life. Amy and Mindy had a beautiful family, just as perfect as those picture framed ones with a father, mother and a kid or two that we imagine when we think of the word family.

Over the course of time in US, I met several people, mostly in the work environment - physicians, nurses, non-clinical staff, and patients who happened to be gay. They were all wonderful human beings, people we could all easily relate to and their sexuality had no influence what so over on our shared common humanity.

Back home in Kerala, in the two decades I lived there, never had I ever closely encountered anyone in the rainbow spectrum of sexuality or gender identity - lesbian, gay, bisexual, transgender or queer. I was ignorant and indifferent about the topic altogether. During the medical college days, we had spent quite a bit of time reading about HIV infection and its protean manifestations in the immunocompromised setting. During one of the combined study sessions, I distinctly remember one of my friends, a bright and sensible young woman, commenting on how God must have willfully unleashed the menace of HIV on to the gay community, to punish them for their perverse acts. This comment felt weird and out of character coming from her, but I said nothing when I heard it, and I shudder at my response now. This was classic othering,

when we consciously or subconsciously exclude a certain population, vilify them, consider them less human, less worthy of respect or dignity because they are different from us in some aspect. If my friend had met Amy and several of my gay colleagues, I am sure she would have reconsidered her stance. Once we get to know to people falling in any part of the rainbow spectrum, we would realize that they are just like us, they share similar values, similar fears, and our differences pale in comparison.

The history of the LGBTQ community is indeed fraught with a litany of abuses and injustices, with people discriminated against in all arenas of life – education, employment, housing, healthcare, with people tortured and executed senselessly owing to their sexuality or gender identity. Oscar Wilde, an Irish author was unfortunately persecuted owing to his sexuality, jailed for consensual homosexual relationships labeled 'gross indecency' and driven to his death in his 40s in 1900. Many of us might have read his story "Happy Prince" during our school days, I think it was in our middle school curriculum. He was also known for his witticisms. One of my favorite quotes go, “We are all in the gutter, but some of us are looking at the stars.”

I met her once or twice again, in OPDs or during ward duty, but didn't have much interaction. During my next Hemato-oncology posting though, she was admitted again in our ward with another bleeding episode. That day I was on night duty, and by evening got a call from my junior resident (JR) colleague, that there was a difficult cannulation and whether I could just give a try. I went to the procedure room to see this child with parents alongside. The child was quiet while the mother was crying and father also had teary eyes. The fellow JR explained me that there were multiple attempts of cannulation for the child that day and none was successful. The child was already pricked about 15 times on the same evening itself! No wonder that the parents are distraught, but the child was too calm for me to comprehend. When I held her hand, she didn't withdraw or protest but cooperated and positioned herself as if I am offering a candy. I identified a vein, and while I was beginning to attempt, she spoke, "Doctorji, please try another vein". Apparently, this vein did not seem good for her and was an already attempted one. I did not really feel comfortable, but chose to oblige. I chose to attempt another vein on her leg, and that unsurprisingly was another failure. The same experience was then repeated one more time and by this time I was visibly uncomfortable, and the mother's weeping intensified.

The child was tough, didn't make any fuss or complaints, and in fact encouraged me for another trial. She said that she felt my second attempt was really close and I should try once again, so that she can get the transfusion done and sleep for the night. She rolled the sleeve of her left hand and showed me a very thin vein on her left forehand. According to her that was her "lucky vein" and I should try that. Both me and my friend were really spooked by the incident, but we had no other option but to obey her. To our great relief, and an even greater one for the parents, the cannula went in smoothly and was successfully secured. She smiled, thanked us and walked away to her room wishing us goodnight.

Later that night, while I was sitting at the ward busy with the files and documentation. The father came with the blood bag, requesting crossmatching and charting. He thanked me for securing the IV line, and I casually asked him how long the treatment was ongoing. He then explained to me that this child was born to them after a prolonged period of infertility and treatments. They were a joint family, and this child was the joy for the entire family. She was brilliant and very intelligent, and was a regular topper in academic and non-academic activities. She used to write poems and draw pictures, which made them quite proud. He joked, "We thanked God many times for giving us such a special child, but we never knew that special things came with an expiry date." I couldn't continue the conversation, and pretended to be busy with the paper work.

The next day morning, I went to her room for rounds and discharge planning. She was quite well and pleasant looking after the transfusions. Seeing that she was writing something, I asked her about it and she readily showed me a poem that she had just completed. The title was like this "It was a perfectly beautiful day then….". It was a lengthy poem in English and I read it further and was shocked to realize that, it was her own story. She wrote about the day she first had a few blue spots over the body, went for a check up and then later on was diagnosed with AML. Further lines explained how her life had changed from dreams, poems and colours to injections, hospital admissions and blood tests. She highlighted the transient joy and hope, after the completion of her treatment and then the heart-breaking discovery about the recurrence. Later lines were more philosophical and detailed about a soul who was waiting for the inevitable death.

I always thought that I am quite good at handling stress and shock, but this one hit me like lightning. I couldn't speak anything to her or the family, left the room mechanically and felt nearly blank for the next few days. I never saw her again, but a few weeks later I saw the father coming to meet my unit chief, explaining something and she uttering a few words of consolation. Our eyes met briefly, he just nodded and left. It was perfectly clear to me that their bundle of joy had left the world of suffering for ever.

LILLY N

ഓർമ്മയുണ്ടോ ഈ മുഖം

ഞാൻ ലില്ലി.

2000 ഒക്ടോബർ ഇരുപത്തിമൂന്നിനു നമ്മൾ കണ്ടു മുട്ടിയതും ഈ യാത്ര തുടങ്ങിയതും ഇന്നലെ കഴിഞ്ഞത് പോലെ ഞാൻ ഓർക്കുന്നു. കുറച്ചു മാസങ്ങൾക്കു ശേഷം എന്റെ "അച്ഛൻ" ഞങ്ങളെ വിട്ടു പോയതും നിങ്ങൾ എല്ലാവരും എന്റെ വീട്ടിൽ വന്നതും ഒന്നും എനിക്ക് മറക്കാൻ കഴിയുന്നില്ല. ഒരു വർഷത്തിന് ശേഷം അമ്മയും ഞങ്ങളെ വിട്ടു പിരിഞ്ഞു. പിന്നീടെന്റെ ലോകം നിങ്ങളും നമ്മുടെ കോളേജും പിന്നെ എന്റെ ഏട്ടനും കുടുംബവും ആയിരുന്നു.

ഞാൻ പഠിച്ചത് മലപ്പുറം നവോദയയിൽ ആയിരുന്നു. അതുകൊണ്ടു തന്നെ എന്റെ അച്ഛനെയും അമ്മയെയും എനിക്ക് സ്നേഹിക്കാൻ കിട്ടിയിരുന്നത് വെക്കേഷനിൽ മാത്രമായിരുന്നു. അച്ഛനെയും അമ്മയേയും നഷ്ടപ്പെട്ട ആ ശൂന്യത നികത്തപ്പെട്ടത് എന്റെ കല്യാണത്തോടെ ആയിരുന്നു. എന്റെ ഭർത്താവിന്റെ അച്ഛനും അമ്മയും എന്റെ സ്വന്തം അച്ഛനും അമ്മയും ആയി. ഹോസ്റ്റലുകളിൽ നിന്നും ഹോസ്റ്റലുകളിലേക്കു മാറി മാറി പറിച്ചു നടപ്പെട്ടിരുന്ന ഞാൻ ഒരു കുടുംബമായി, ഒരു ഭാര്യയായി, അവരുടെ മകളായി ജീവിതം ആസ്വദിച്ചു തുടങ്ങി. എനിക്ക് എന്ത് ബുദ്ധിമുട്ടുകൾ വരുമ്പോഴും ഞാൻ "അച്ഛാ " എന്ന് ഒന്ന് ചുണ്ടനക്കിയാൽ മതി, അവിടെ അച്ഛനുണ്ടാകും.

2011 ൽ മോനുണ്ടായപ്പോഴും അവന്റെ ഓരോ വളർച്ചയിലും അച്ഛൻ കൂടെ നിന്നു. ഹെൽത്ത് സർവീസിൽ ആയതു കൊണ്ട് തന്നെ പല പല ട്രാൻസ്ഫെറുകളെയും അതിജീവിക്കാൻ കഴിഞ്ഞത് അച്ഛന്റെ സപ്പോർട്ട് കൊണ്ട് മാത്രമായിരുന്നു. എറണാകുളത്തെ വീട്ടിൽ നിന്നും കാസർകോട്ടേക്കും കോട്ടയത്തേക്കും ഒക്കെ ഞങ്ങളുടെ കൂടെ വരാൻ അച്ഛൻ സ്വയം മുന്നോട്ടു വന്നു. 2016 ൽ മോളും കൂടി ഉണ്ടായതോടെ അച്ഛന്റെ ജോലി കൂടി. പക്ഷേ, അച്ഛനതെല്ലാം ആസ്വദിച്ചു.

പല സുഹൃത്തുക്കളും കുട്ടികളെ ഡേ കെയറിലും ആയമാരുടെ അടുത്തും ജോലിക്കാരുടെ അടുത്തും ആക്കി ടെൻഷൻ അടിച്ചു ജോലിക്കു പോയപ്പോൾ ഞാൻ എന്റെ മക്കളെ "എന്റെ അച്ഛന്റെ" കൂടെ, അവരുടെ സ്വന്തം "മുത്തച്ഛന്റെ" കൂടെ കളിയ്ക്കാൻ വിട്ടു സമാധാനത്തോടെ ജോലിക്കു പോയി.

ജോലി കഴിഞ്ഞു തിരിച്ചു വരുന്ന എന്നെയും കാത്തു ഗേറ്റിൽ തന്നെ അച്ഛനും മക്കളും ഉണ്ടാകും. മക്കളുടെ ചിരിയും അച്ഛന്റെ "മോളേ ..." എന്ന നീട്ടിയുള്ള വിളിയും കേൾക്കുമ്പോൾ തന്നെ എന്റെ ക്ഷീണം എല്ലാം പമ്പ കടക്കും.

അങ്ങനെ ജീവിതം സുഖകരമായി മുന്നോട്ടു പോകുന്നതിനിടയിൽ, കഴിഞ്ഞ ജനുവരിയിൽ ആണ് അച്ഛന് വയറിൽ ചില അസ്വസ്ഥതകൾ ഒക്കെ തുടങ്ങിയത്. തുടർന്നുള്ള പരിശോധനകളിൽ അത് "Periampullary carcinoma" ആണെന്നും അതിനുള്ള ചികിത്സയായി "Whipple" സർജറിയും നിർദ്ദേശിച്ചു. എറണാകുളത്തെ വീടിനടുത്തു തന്നെയുള്ള ഒരു "പ്രമുഖ " ആശുപത്രിയിൽ ആയിരുന്ന അച്ഛനെ കാണിച്ചിരുന്നത്. കേരളത്തിലെ തന്നെ ഏറ്റവും സീനിയറും പ്രശസ്തനും ആയ ഗ്യാസ്ട്രോ സർജൻ ആയിരുന്ന അച്ഛനെ പരിശോധിച്ചിരുന്നത്.

പക്ഷേ, ഞാൻ ആകെ ടെൻഷനിൽ ആയിരുന്നു. മെഡിക്കൽ കോളേജിലെ സർജറി പോസ്റ്റിംഗിനിടയിൽ കണ്ടതും കേട്ടതുമായ whipple സർജറികൾ എല്ലാം അത്ര നല്ല ഓർമ്മകൾ അല്ല എനിക്ക് തന്നത്. അതൊക്കെ ആലോചിക്കുമ്പോൾ തന്നെ ശരീരം ആകെ വിറക്കാൻ തുടങ്ങും. അച്ഛനാണെങ്കിലോ ഇപ്പോൾ വലിയ ബുദ്ധിമുട്ടുകൾ ഒന്നും തന്നെ ഇല്ല. അങ്ങനെ ഒരാളെ ...

ടെൻഷൻ അടിച്ചു ഇരിക്കുന്നതിനിടയിൽ ഫോണിലെ കോണ്ടാക്ട് ലിസ്റ്റിലൂടെ വെറുതെ ഒന്ന് കണ്ണോടിച്ചു. കുറച്ചു സമാധാനം കിട്ടും എന്ന് കരുതിയാണ് ജ്യോതിഷ് ഹരിയുടെ നമ്പർ ഡയൽ ചെയ്തത്. ആവശ്യത്തിന് സമാധാനം മാത്രമല്ല എന്റെ എല്ലാ പ്രശ്നങ്ങൾക്കും ഒരു സൊല്യൂഷൻ കൂടിയാണ് അവൻ എനിക്ക് തന്നത്.

അവനാണ് പറഞ്ഞത് നമ്മുടെ "നൗഷിഫ്" ആസ്റ്റർ മെഡിസിറ്റിയിൽ ഉണ്ടെന്നും അവനെ പോയി ഒന്നും കാണൂ. കൂടെ നൗഷിഫിന്റെ നമ്പറും അവൻ എനിക്കയച്ചു തന്നു. അവൻ അവിടെ ലിവർ ട്രാൻസ്പ്ലാന്റ് വിഭാഗത്തിൽ ആണ്. എന്താ ചെയ്യേണ്ടത് എന്ന് അവൻ പറഞ്ഞു തരും.

ഉടനെ തന്നെ ഞാൻ നൗഷിഫിനെ വിളിച്ചു. അവൻ അപ്പോൾ എറണാകുളത്ത് ഉണ്ടായിരുന്നില്ല. പക്ഷേ ഫോൺ അറ്റൻഡ് ചെയ്തു. എന്നോട് അടുത്ത ദിവസം തന്നെ ആസ്റ്ററിൽ പോയി ഡോക്ടർ മാത്യുവിനെ കാണാൻ നിർദ്ദേശിക്കുകയും ചെയ്തു.

എനിക്ക് വളരെ അധികം ആശ്വാസം തോന്നി. നൗഷിഫിന്റെ ഓരോ വാക്കുകളും എന്റെ ആത്മവിശ്വാസം കൂട്ടി. എന്റെ സംശയങ്ങളും ആവലാതികളും എല്ലാം ആ "പാവം" കേട്ടു. അതിനെല്ലാം എന്റെ സുഹൃത്തായി, നാല്പത്തി നാലാം ബാച്ചുകാരനായി, ബി ബാച്ച് കാരനായി അവൻ മറുപടി തന്നു.

പിറ്റേ ദിവസം തന്നെ ആസ്റ്ററിൽ പോയി. അവിടെ എല്ലാം നൗഷിഫ് അറേഞ്ച് ചെയ്തിരുന്നു. നൗഷിഫ് ഡോക്ടറുടെ സുഹൃത്തായി അഭിമാനത്തോടെ ഞാൻ അച്ഛനെ അവിടെ കാണിച്ചു, ടെസ്റ്റുകൾ എല്ലാം ചെയ്തു. നൗഷിഫ് കൂടി ഉള്ള ഒരു ദിവസം സർജറിക്കായി നിശ്ചയിച്ചു.

വലിയ ആശുപത്രിയും വലിയ സർജനേയും വിട്ട് നൗഷിഫിനെ കാണാൻ പോവുമ്പോൾ അച്ഛനും വീട്ടുകാർക്കും ഒക്കെ convinced ആവുമോ എന്ന ഒരു ഭയം ഉണ്ടായിരുന്നു. പക്ഷെ അച്ഛനായിരുന്നു വിശ്വാസം കൂടുതൽ.

"മോളുടെ കൂടെ പഠിച്ച കൂട്ടുകാരൻ അല്ലേ. അവൻ എന്നെ പൊന്നു പോലെ നോക്കും."

ആ ആത്മവിശ്വാസത്തിൽ എല്ലാവരും വീണു.

തലേ ദിവസം അഡ്മിറ്റ് ആയി. നൗഷിഫ് റൂമിൽ വന്നു. കുറേ നേരം സംസാരിച്ചു. അതുകൊണ്ടു കൂടി ആവണം എല്ലാവരും സമാധാനത്തോടെ അന്നുറങ്ങി.

സർജറി ദിവസം കാലത്തു തന്നെ അച്ഛനെ OT യിലേക്ക് കൊണ്ടുപോയി. ഒരു ഡോക്ടറുടെ ഭാരമൊന്നുമില്ലാതെ മറ്റു കൂട്ടിരിപ്പുകാരുടെ കൂടെ ഞാനും ഇരുന്നു, പ്രാർത്ഥിച്ചു.

ഓർമ്മകൾ തിരമാലകൾ പോലെ അലയടിച്ചു കേറി വന്നു. പണ്ടത്തെ സർജറി പോസ്റ്റിംഗ്സ്. നമ്മൾ സർജറികൾ എത്തി നോക്കി കണ്ടിരുന്നതും, കേസ് പ്രസന്റേഷൻ .... അങ്ങനെ എല്ലാം.

അന്ന് എന്റെ കൂടെ "എത്തിനോക്കിയിരുന്ന" ആളാണ് ഇന്ന് എന്റെ അച്ഛനെ സർജറി ചെയ്യുന്നത്. അതുകൊണ്ടു തന്നെ എനിക്കുറച്ച വിശ്വാസം ആയിരുന്നു.

"എന്റെ അച്ഛനൊന്നും സംഭവിക്കില്ല"

"മോർട്ടാലിറ്റി റേറ്റ് ഒക്കെ അങ്ങ് പള്ളീല് പറഞ്ഞാ മതി" എന്നുറച്ചു വിശ്വസിച്ചു ഞങ്ങൾ കാത്തിരുന്നു.

വൈകുന്നേരമായി അച്ഛനെ ICU വിലേക്ക് ഷിഫ്റ്റ് ചെയ്തപ്പോൾ. കൂടെ നൗഷിഫും ഉണ്ട്.

"കുഴപ്പം ഒന്നും ഇല്ല " എന്നാണവൻ എന്നോട് പറഞ്ഞത്.

പക്ഷേ, പിന്നീടാണ് ഞാൻ അറിഞ്ഞത് അവൻ അന്നുറങ്ങാതെ ഐ സി യു വിൽ തന്നെ ആയിരുന്നത്രേ. സർജിക്കൽ ISSUES ഒന്നും ഉണ്ടായിരുന്നില്ലെങ്കിലും ഹൃദ്രോഗിയായിരുന്ന അച്ഛന് എന്തൊക്കെയോ കാർഡിയാക് ISSUES ഉണ്ടായിരുന്നത്രെ.

ഡിസ്ചാർജ് ആവുന്നത് വരെ അവൻ ചെയ്ത ഉപകാരങ്ങൾ പറയാൻ എനിക്കീ പേപ്പറുകൾ പോരാ.

ഇന്നും ഞാനും എന്റെ അച്ഛനും എന്റെ വീട്ടുകാരും വിശ്വസിക്കുന്നത് ഞങ്ങളുടെ അച്ഛനെ ഞങ്ങൾക്ക് തിരിച്ചു തന്നത് ഡോക്ടർ നൗഷിഫും കൂട്ടുകാരും ആണ് എന്നാണ് . ഞങ്ങളുടെ പ്രാർത്ഥനയിൽ എന്നും നൗഷിഫ് ഉണ്ട്.

നന്ദി ... ഹൃദയം നിറഞ്ഞ നന്ദി.

SHABEER ALI

HEAR ME IF YOU CAN

My experience

If you don't keep scrambling your brain

Thoughts will not grow

It will become like a boiled egg

Keep your brains like scrambled omelette and keep on scrambling than allowing it to become a boiled egg format..

Don't become opinionated about anything .
Always keep your options open .
And always respond than react.
Take time to think, plan and respond

Sometimes the best response is doing nothing like president Trump.

Because this virus is too fast for the current human civilisation to respond to it.

Especially don't become opinionated about God.

Society or people around you have created a mass hysteria about the idea of god.

There is nature and not God. Nature is so vast and immense and all knowing and all powerful. It includes you. So whatever is god it includes all around us. Includes you me and whatever is in between. There is no other God than the totality of existence.

SHAHIDA UMAR SHIRAS



ഇംഗ്ലണ്ടും ഞാനും പിന്നെ ഷാരുഖ് ഖാനും...

2006 ഡിസംബർ ആറ്.

എന്റെ ആദ്യത്തെ വിമാനയാത്ര. ഭർത്താവിന്റെ കൂടെ ഇംഗ്ലണ്ടിൽ താമസിക്കാൻ ഉള്ള പോക്കാണ്. പഠനം, പരീക്ഷകൾ, ഇന്റേൺഷിപ്പ് ... ആ ലോകത്തു നിന്നും രക്ഷപ്പെടാനുള്ള ഒരു പറക്കൽ.

സിനിമകളിൽ മാത്രം ഞാൻ കണ്ട നാടാണ് ഇംഗ്ലണ്ട്. ഷാരുഖ് ഖാനും കാജലും ഒക്കെ ആടിപ്പാടി നടന്ന നാട്. അതിന്റെ ഒരു ത്രില്ല് മനസിൽ കൂടെ ഉണ്ട്.

ഇംഗ്ലീഷ് അത്യാവശ്യം കൈകാര്യം ചെയ്യാൻ കഴിയും എന്ന എന്റെ ആത്മവിശ്വാസം തെറ്റായിരുന്നു എന്ന് Heathrow എയർപോർട്ടിൽ നിന്നും Bournmouth ലേക്കുള്ള മൂന്നു മണിക്കൂർ നീണ്ട ബസ് യാത്രയിൽ തന്നെ മനസ്സിലായി. ബസിലെ റേഡിയോയിൽ ഒരു സ്ത്രീയും പുരുഷനും എന്തൊക്കെയോ പറയുന്നു. ഒന്നും മനസിലാവുന്നില്ല. ബസിൽ നിന്നും ഇറങ്ങി ടാക്സിക്കായി നടക്കുമ്പോൾ ഷിറാസിനോട് കാര്യം പറഞ്ഞു. മൂപ്പർ പറഞ്ഞപ്പോഴാണ് അമളി മനസ്സിലായത്; അത് റേഡിയോ ആയിരുന്നില്ല, പുറകിൽ ഇരുന്നിരുന്ന സ്ത്രീയും പുരുഷനും തമ്മിൽ സംസാരിക്കുക ആയിരുന്നത്രേ.

ഫ്ലാറ്റിൽ എത്തിയപ്പോഴേക്കും നല്ല വിശപ്പ് തുടങ്ങിയിരുന്നു. അടുത്ത് ഹോട്ടലുകൾ ഒന്നും ഇല്ല. നടക്കാൻ അത്യാവശ്യം നല്ല മടിയുള്ള എന്നോട് ഷിറാസ് പറഞ്ഞു.

"ഒരു അഞ്ചു മിനിറ്റ് നടന്നാൽ ഒരു ചെറിയ കട ഉണ്ട്. അത്യാവശ്യം ഒരു കറിക്കു വേണ്ട സാധനങ്ങൾ ഒക്കെ കിട്ടും."

ഞങ്ങൾ നടക്കാൻ തുടങ്ങി. ബാംഗ്ളൂരിൽ നിന്നും വാങ്ങിയ ഒരു നേർത്ത ലെതർ ജാക്കറ്റും ധരിച്ചു ഏകദേശം അഞ്ചു ഡിഗ്രി സെല്ഷ്യസ്സ് തണുപ്പിൽ, കടൽക്കരയിലെ റോഡിലൂടെ ഞാൻ സ്വപ്നത്തിൽ എന്ന പോലെ നടന്നു. ദേഹം ഒന്നാകെ വിറങ്ങലിച്ചു പോകുന്ന തണുത്ത കാറ്റ് എന്നെ വന്നു പൊതിഞ്ഞപ്പോൾ ഞാൻ ഓർത്തു. ഈ മരം കോച്ചുന്ന തണുപ്പത്തായിരുന്നോ സാരിയൊക്കെ ഉടുത്തു കാജൽ ഡാൻസ് ചെയ്തത്. പാവം കാജൽ !!

ഏകദേശം മുപ്പതു മിനിറ്റ് നടന്നിട്ടും കട ഒന്നും കണ്ടില്ല. അവസാനം ഒരു കട കണ്ടു പിടിച്ചപ്പോഴേക്കും അതടച്ചിരുന്നു. അപ്പോഴേക്കും രാത്രി പത്തു മണി കഴിഞ്ഞിരുന്നു.

വിശപ്പ്, തണുപ്പ്... പോരാത്തതിന് നടപ്പും. ഞാൻ ആകെ തളർന്നിരുന്നു. ഷിറാസിന് അത്യാവശ്യം പാചകം ഒക്കെ അറിയാം. എന്നെ റെസ്റ്റ് എടുക്കാൻ വിട്ട്, ഷിറാസ് തന്നെ വീട്ടിൽ ഉണ്ടായിരുന്ന ബസ്മതി ചോറ് മൈക്രോവേവിൽ വെച്ച് ചൂടാക്കി. കൂടെ Tin green peas ഇൽ ഉപ്പും മുളകും ഇട്ട് ഒരു കറിയും. നല്ല ടേസ്റ്റ് ആയിരുന്നു. ആ രുചി ഇപ്പോഴും നാവിൽ ഉണ്ട്.

പിന്നീടുള്ള കുറച്ചു ദിവസങ്ങൾ ഞങ്ങളുടെ ഹണിമൂൺ കാലം ആയിരുന്നു എന്ന് പറയാം. ലണ്ടനിലെ പ്രധാന സ്ഥലങ്ങൾ എല്ലാം കറങ്ങി, കണ്ടു. എല്ലായിടത്തും ഞാൻ ഷാരുഖിനേയും കാജലിനെയും തിരഞ്ഞു ... കണ്ടില്ല.

"ബിഗ് ബ്രദർ" എന്ന ടീവി പ്രോഗ്രാമിൽ ശില്പ ഷെട്ടിയെ കണ്ടപ്പോൾ അതിയായ സന്തോഷം തോന്നി. അന്ന് വേറെ ഹിന്ദി, മലയാളം ചാനലുകൾ ഒന്നും ഞങ്ങൾക്കില്ല.

പിന്നീട് ഒരു "നല്ല ഭാര്യ" , " നല്ല മരുമകൾ" എന്നൊക്കെ ഭർത്താവിനെകൊണ്ടും നാട്ടിലുള്ള ഭർത്താവിന്റെ വീട്ടുകാരെകൊണ്ടും പറയിക്കാനുള്ള നെട്ടോട്ടത്തിലായിരുന്നു. പാചക പരീക്ഷണങ്ങൾ തകൃതിയായി നടന്നു. ശിക്കാരി ശംഭുവിനെപ്പോലെ ചിലതെല്ലാം ഹിറ്റായി. അതൊക്കെ തന്നെയാണ് ഇപ്പോഴും പയറ്റി കൊണ്ടിരിക്കുന്നത്.

എല്ലാത്തിനെ കുറിച്ചും ആശങ്കയും തത്രപ്പാടും. പരിചയമില്ലാത്ത നാട്, ഒട്ടും മനസ്സിലാവാത്ത accent. ഒരു ചെറിയ സാധനം വാങ്ങാൻ വരെ വൈകുന്നേരം ജോലി കഴിഞ്ഞെത്തുന്ന ഷിറാസിനെ കാത്തിരിക്കും.

ആരെങ്കിലും കാളിങ് ബെൽ അടിച്ചാൽ പിന്നെ പരിഭ്രാന്തിയാണ്. ഒരിക്കൽ വാതിൽ തുറന്നപ്പോൾ അടുത്ത വീട്ടിലെ നായ ഓടിവന്നു. ഞാൻ കരഞ്ഞു ബഹളം വെച്ചു. ഫ്ലാറ്റിലെ communal area മിനുക്കി പണിയുന്ന ജോലിക്കാർ ഒക്കെ ഞെട്ടി. അവിടെ നായയെയും മറ്റു പെറ്റ്സിനെയും ഒക്കെ എല്ലാവർക്കും വളരെ ഇഷ്ടമാണ്. അവർക്കൊക്കെ എന്നെ ഒരു അന്യഗ്രഹ ജീവിയായി തോന്നിക്കാണും.

അങ്ങനെ കാലം കുറെ കടന്നു പോയി. ഞാൻ പോലും അറിയാതെ ഞാൻ മാറി. എല്ലാം സ്വയം ചെയ്യണം. ഒന്നിനും ഒരു സഹായവുമില്ല. ഇപ്പോഴും ഡ്രൈവിംഗ് എനിക്ക് പേടിയാണ്. പക്ഷേ, വേറെ വഴിയില്ല, അതുകൊണ്ടു ചെയ്തല്ലേ പറ്റൂ. ജോലി സ്ഥലത്തും പലതരം അനുഭവങ്ങൾ. ചിലത് നല്ലത്, മറ്റു ചിലത് ഓർക്കാൻ കൂടി ഇഷ്ടപ്പെടാത്തത്. നീന്താൻ അറിയാത്ത ഒരാൾ വെള്ളത്തിൽ വീണാൽ എങ്ങനെയൊക്കെ നീന്തി കരക്കെത്തുമോ അത് പോലെ ഞാനും നീന്തി. അങ്ങനെ ഇവിടെ എത്തി നിൽക്കുന്നു.

ഇപ്പോൾ ദുബായിൽ ആണ്. ഇംഗണ്ടിൽ നിന്നും തിരിച്ചു വിമാനം കയറുമ്പോൾ ഒരു ആഗ്രഹം മാത്രം ബാക്കി.

" ഷാരുഖ് ഖാനെ കണ്ടില്ലല്ലോ ?"

JISHANTH M

ഷിക്കാഗോയിലെ തണുത്ത പ്രഭാതങ്ങൾ

ഷിക്കാഗോയിലെ ഒരു തണുത്ത പ്രഭാതം.

ഒന്നു പുറത്തിറങ്ങാനായി വാതിൽ തുറന്നതേയുള്ളൂ; ശക്തമായ കാറ്റ്... ആ കാറ്റിനോടൊപ്പം വെളുത്ത മഞ്ഞുപരലുകൾ റൂമിനുള്ളിലേക്ക് ഇരച്ചുകയറി. പുറത്ത്നിന്നും പൂട്ടി താക്കോൽ തെർമൽ വെയറിന്റെ പോക്കറ്റിലിട്ടു. ഇന്ന് കനത്ത മഞ്ഞുവീഴ്ചയാണ്. ഭാര്യയും കുഞ്ഞും ഇരുന്നൂറ് മൈൽ അകലെയുള്ള വീട്ടിൽ സുഖമായി ഉറങ്ങുകയായിരിക്കും.

ഷിക്കാഗോയിൽ വന്നിട്ടിത് നാലാമത്തെ വർഷമാണ്. എം ഡി ആദ്യവർഷം രാവിലെ 7 മണിക്ക് റൗണ്ട്സ് ആരംഭിക്കുമായിരുന്നു. പ്രീറൗണ്ട്സിനായി, രോഗികളുടെ പത്തിരുപത്തഞ്ചു വർഷം പഴക്കമുള്ള കേസ് ഹിസ്റ്ററി ഫയലുകൾ മുൻപേ വായിക്കേണ്ടതുണ്ട്. ഇതിലും കൂടിയ തണുപ്പിൽ, മൈനസ് ഇരുപതിലൊക്കെ, പുലർച്ചെ മൂന്ന് മണിക്ക് "കുക്ക് കൌണ്ടി ഹോസ്പിറ്റൽ" വരേക്കുമുള്ള 15 മിനിറ്റ് വരുന്ന ദൂരം നടന്നിട്ടുണ്ട് - ആറു മാസത്തോളം കാലം. അന്ന് കാർ വാങ്ങിയിട്ടുണ്ടായിരുന്നില്ല. നടന്നു പോകുമ്പോൾ അപൂർവമായി ആകാശത്ത് ചന്ദ്രക്കല കാണാം. ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾക്കനുസരിച്ചു പണ്ട് ശ്വാസഗതി മാറിയിരുന്ന കുട്ടിയാണ്, ഉറക്കം കെടുത്തുന്ന തന്റെ സ്വപ്നങ്ങളെ പിന്തുടരാൻ മഞ്ഞിലൂടെ നടന്നുപോകുന്നത് എന്നു നോക്കുകയാണോ എന്തോ.

ഈ മഹാമാരികാലത്ത് മനുഷ്യകുലം അപ്പാടെ ആധിയിലാണ്. മനുഷ്യർ ഭ്രമിയുടെ അവിഭാജ്യഘടകമേയല്ല എന്നോർമ്മിപ്പിക്കുകയാണ് ഓരോ പ്രതിസന്ധിയും. പരിണാമത്തിൽ നിന്നും നമ്മൾ ഒട്ടും പഠിച്ചിട്ടില്ല. ഉത്തുംഗമായ സംസ്കാരങ്ങൾ തകരുന്നു, കേട്ടുകേൾവിയില്ലാത്ത ഭ്രവിഭാഗങ്ങൾ ഉദാത്തമായ കരുതലുകളിലൂടെ ലോകത്തിന് പ്രത്യാശയേകുന്നു. വർണ്ണവെറികളും അതിർത്തിതർക്കങ്ങളും ഇപ്പോഴും കെട്ടടങ്ങിയിട്ടില്ല. വ്യത്യസ്ത തീവ്രതകളിൽ അതിവിടെ നിലനിൽക്കുന്നു. നമ്മുടെ നാട്ടിൽ നിന്നും ഒന്നാം ലോകരാജ്യത്തിലേക്കു പോകുന്ന ഒരാൾ, പുതിയ രീതികളുമായി യോജിച്ചു വരുന്നതിന് മുൻപേ പലതരം മൈക്രോ-അഗ്രെഷൻസിനു വിധേയമാകും. ധാരാളിത്തം നിറഞ്ഞ, വിഭവസമൃദ്ധമായ തീൻമേശകളല്ല കണ്ടുപരിചയം. അതു കൊണ്ടു തന്നെ കൂടുകാർക്കൊപ്പം 'ഡോൺസ് ബിസ്ട്റോ'യിൽ പോയി ഒരു ബേസിക് ഫ്ലേവർ - വാനില- ഐസ്ക്രീം ഓർഡർ ചെയ്യുന്നത് മുതൽ നിങ്ങളുടെ ഇല്ലായ്മ പരിഹസിക്കപ്പെടും. ഭ്രമാത്മകമായ തിരഞ്ഞെടുപ്പുകൾക്കിടയിൽ നിങ്ങളുടെ വിവരമില്ലായ്മ കാലങ്ങളോളം കളിയാക്കപ്പെടും. ഇങ്ങനെ പലതിന്റെയും മൂർത്ത ഭാവങ്ങളാണ് പത്രതാളുകളിൽ ഇടക്കിടെ ' ശ്വാസം മുട്ടിക്കുന്ന' വാർത്തകളായി നമ്മെ നടുക്കുന്നത്.

ഇത് കിഴക്കിന്റെയോ പടിഞ്ഞാറിന്റെയോ പ്രശ്നമല്ല- നമ്മുടെ രാജ്യത്തും ഇതൊക്കെയുണ്ട്- നോർത്ത് ഇന്ത്യൻ ലോബി മലയാളി ഉദ്യോഗസ്ഥരുടെ വളർച്ച തടയുന്നു എന്നൊക്കെ പറയുന്നത് പോലെ.

സമാനമായ അനുഭവങ്ങൾ എന്റെ ജീവിതത്തിലുമുണ്ടായിട്ടുണ്ട്.

എംബിബിഎസ് കഴിഞ്ഞ്, ഉപരിപഠനത്തിനു പോകുന്നതിനു മുൻപ് എനിക്ക് കുറച്ചു കാലം ജോലി ചെയ്ത് പണം കണ്ടെത്തേണ്ടിയിരുന്നു. എം.ഡി. ബാച്ചിൽ ചെന്നൈയിലെ പ്രശസ്തമായ സ്റ്റാൻലി മെഡിക്കൽ കോളേജിൽ ഞാനുൾപ്പെടെ മൂന്ന് മലയാളികളാണുണ്ടായിരുന്നത്. തമിഴ്നാട് സർക്കാറിനെതിരെ 16-ദിവസം നീണ്ട സ്റ്റൈപെന്റ് വർദ്ധനവിനായുള്ള ജൂനിയർ ഡോക്ടർമാരുടെ സമരം പൊളിച്ചടുക്കാൻ അണിയറയിൽ തലൈവർ പദ്ധതികൾ മെനയുമ്പോൾ മദ്രാസ് മെഡിക്കൽ കോളേജിലെ സുഹൃത്തുക്കളുമൊത്ത് നിരാഹാരം കിടക്കാനും തുടർന്ന് ഒരു മോഹാലസ്യനാടകത്തിലൂടെ മീഡിയയുടെ ശ്രദ്ധനേടാനും അതുവഴി സമരം വിജയിപ്പിക്കാനും കോഴിക്കോട്ടെ സമരാനുഭവങ്ങൾ മുതൽക്കൂട്ടായിരുന്നു.

കുറെയൊക്കെ ഉൾവലിഞ്ഞ പ്രകൃതം മാറ്റി, എല്ലാ കാര്യങ്ങളിലും ഊർജസ്വലതയോടെ പങ്കെടുത്തു തുടങ്ങിയിരുന്ന കാലം. അവസാന വർഷ റിസൾട്ട് വന്നപ്പോൾ പ്രാക്ടിക്കൽ എക്സാമിന് മിനിമം മാർക്കിനാണ് ഞാനും സഹപാഠിയായ മലയാളിപ്പയ്യനും പാസായിരിക്കുന്നത്. പിന്നീടാണറിയുന്നത് ഞങ്ങൾ രണ്ട് 'വരത്തന്മാ'രെ തോൽപിക്കാൻ എക്സാമിനർക്കു കർശന നിർദ്ദേശം നൽകിയിരുന്നത്രേ കോളേജ് അധികൃതർ. ഞങ്ങളുടെ പെർഫോമൻസ് കണ്ട് "ഇവരെ തോൽപ്പിക്കാൻ പറ്റില്ല, പരമാവധി മാർക്ക് കുറച്ചിടാം . തോൽക്കാൻ യോഗ്യതയുള്ള വിദ്യാർഥികൾ ഇവിടെ വേറെയുണ്ട് - എന്തായാലും അതിവരല്ല" എന്നു പറയുകയായിരുന്നത്രേ എക്സ്റ്റേണൽ എക്സാമിനർ. എന്റെ അക്കാദമിക് ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ നിലവാരത്തിൽ- അമ്പതു ശതമാനം മാർക്ക് മാത്രം പ്രാക്ടിക്കലിനു വാങ്ങി- പുറത്തിറങ്ങുമ്പോൾ മെച്ചപ്പെട്ട ജോലിസാധ്യതകൾ മാത്രമല്ല ഇല്ലാതായത്. ഒരുപാട് അരക്ഷിതാവസ്ഥകൾക്കിടയിൽ ഇൻട്രൊവെർട് ആയിപ്പോയ ഒരാളിൽ നാമ്പിട്ടു തുടങ്ങിയ ആത്മവിശ്വാസം കൂടിയാണവർ നുള്ളിയെടുത്തത്. വീണ്ടും ജോലിക്ക് പോയിതുടങ്ങിയെങ്കിലും നിരാശയുടെ പടുകുഴിയിൽ എന്നെ തള്ളിയിട്ട ദിവസങ്ങളായിരുന്നു അത്.

അതിനിടെ വിവാഹം കഴിഞ്ഞു - ശ്രീദേവിയും ഡോക്ടറാണ്. എന്റെ സാമ്പത്തിക ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ ആയുഷ്ക്കാലം മുഴുവൻ ഇങ്ങനെ കഠിനമായി ജോലി ചെയ്യേണ്ടി വരുമെന്ന യാഥാർഥ്യം ഞാൻ തിരിച്ചറിഞ്ഞു. വിദൂര ചിന്തകളിൽ പോലും അന്നുവരെ കടന്നു വരാതിരുന്ന അന്യ നാട്ടിലെ ജോലി എന്ന

സാധ്യത ഭാര്യയോട് പറഞ്ഞു. അവളുടെ പിന്തുണയോട്കൂടി അവസരങ്ങളെ കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കി. സഹപാഠിയും സുഹൃത്തുമായ വേണു ഇക്കാര്യത്തിൽ ഏറെ സഹായിച്ചു.

അങ്ങനെയാണ് ഹൈദരാബാദിലെത്തി, യു. എസ്. മെഡിക്കൽ ലൈസൻസ് എക്സാമിനേഷൻ (USMLE) പരീക്ഷക്ക് വേണ്ടി തയ്യാറെടുപ്പ് നടത്തിയത്. ഒരു വർഷക്കാലം ഞാനും ശ്രീദേവിയും കടുത്ത ചൂടിൽ ഒരു കുടുസ്സു മുറിയിലിരുന്നു പഠിച്ചു. All or none എന്ന അവസ്ഥയിൽ - കുറഞ്ഞ സ്കോറിന് പാസ്സ് ആയാൽ പരീക്ഷ വീണ്ടും എഴുതാൻ പറ്റില്ല എന്ന നിബന്ധനയുടെ തിരിച്ചറിവിൽ നന്നായി പഠിച്ചു, പരീക്ഷ എഴുതി.

രണ്ടു വ്യത്യസ്തമായ സാഹചര്യങ്ങളായിരുന്ന പരീക്ഷക്ക് തയ്യാറെടുക്കുമ്പോൾ നേരിടേണ്ടി വന്നത്. പഠിക്കുക, ഉയർന്ന സ്കോർ വാങ്ങുക എന്നതിനുപരിയായി ഇന്റർവ്യൂ എന്ന കടമ്പ വളരെ പ്രസക്തമാണ് പാശ്ചാത്യ രാജ്യങ്ങളിൽ ' How to sell yourself' എന്ന സങ്കേതത്തിന് മുൻപിൽ ഉയർന്ന മാർക്കും പ്രവർത്തിപരിചയവുമെല്ലാം നിഷ്പ്രഭമാകും. നമ്മൾ, നമ്മളെത്തന്നെ എങ്ങനെ അവതരിപ്പിക്കുമെന്ന ആശങ്കയിൽ ഉഴലും.നിങ്ങൾക്ക് നിങ്ങളെക്കുറിച്ചു പറയാനാകിലെങ്കിൽ വേറെ ആര് പറയും എന്നുള്ളത് പൊള്ളുന്ന ചോദ്യമാണ്. വ്യക്തിസ്വാതന്ത്ര്യത്തിനും സ്വാശ്രയത്തിനും വില കല്പിക്കുന്ന സമൂഹത്തിന മുൻപിൽ നമ്മൾ എന്തായി തീരും എന്ന നമ്മുടെ ചിന്തക്ക് കൂടി പ്രാധാന്യമുണ്ട്. പൊതുവെയുള്ള 'ഉൾവലിച്ചിലുകളും' 'അറിയുന്നത് പ്രകടിപ്പിക്കാനുള്ള മടിയും' നമ്മുടെ ആളുകളുടെ സ്വഭാവസവിശേഷതകളാണ്. അതുകൊണ്ടു തന്നെ കുട്ടികളെ വളർത്തുമ്പോൾ അവർക്ക് സ്വയം നിർവചിക്കാനുള്ള സാഹചര്യങ്ങൾ നമ്മൾ ഒരുക്കണം. ദൗർഭല്യങ്ങളെ ശക്തികളാക്കി മാറ്റാൻ അവർക്ക് കഴിയണം. അടിസ്ഥാനമൂല്യങ്ങളും ആത്മവിശ്വാസവും അവരിൽ നിറയുകയും സമത്വത്തിന്റെയും സഹാനുഭൂതിയുടെയും പാഠങ്ങൾ മനസിലുറക്കുകയും വേണം. ലോകത്തെ അഭിമുഖികരിക്കാനുള്ള ആർജ്ജവം കുട്ടികൾക്കുണ്ടാകട്ടെ.

ജീവിതത്തിലെ ഏറ്റവും വലിയ അരക്ഷിതാവസ്ഥ, സാമ്പത്തിക സുരക്ഷയില്ലായ്മയാണെന്നു ഞാൻ പറയും. വ്യത്യസ്ത അഭിപ്രായങ്ങളുണ്ടാകാം. അരക്ഷിതാവസ്ഥയിൽ നിന്നും സുരക്ഷിതത്തിലേക്കുള്ള പാലായനമാണ് മനുഷ്യവർഗത്തെ മുന്നോട്ട് നയിക്കുന്നത്. ആ യാത്രയിൽ സമത്വത്തിന്റെ പ്രാധാന്യം നമ്മൾ വിസ്മരിച്ചു കൂടാ.

ഞങ്ങളുടെ ഹോസ്പിറ്റലിലെ ED യിൽ വെടിവെപ്പ് കേസുകളിൽ പരിക്കേറ്റു വരുന്നവരെകൊണ്ട് നിറയുന്ന വാരാന്ത്യങ്ങളുണ്ട്. അവരെ കാണുമ്പോൾ, ധൈര്യപൂർവം റോഡിലിറങ്ങി നടക്കാൻ കഴിയുന്ന നമ്മുടെ നാട് ഓർമ്മയിൽ തെളിയും. ലോകത്തിലെ ഏറ്റവും സുരക്ഷിതമായ, വിവേചനങ്ങൾ താരതമ്യേന കുറഞ്ഞയിടമാണ് കേരളം.

വേറെയൊരാളുടെ നഷ്ടം എന്റെ ലാഭമാകുന്നുവെന്ന തോന്നലിൽ നിന്നാണ് കുറ്റകൃത്യങ്ങൾ പിറവിയെടുക്കുന്നത്. ഉച്ചനീചത്വങ്ങൾ ധനികനെ വളർത്തുകയും ദരിദ്രനെ പാപ്പരാക്കുകയും ചെയുന്നിടത്ത് അക്രമം തുടങ്ങും- ആയുധങ്ങൾ വാഴും. പടക്കോപ്പുകൾ വിൽക്കാൻ മാഫിയകൾ തഴച്ചുവളരും. പണം വിപണിയിലേക്ക് ഒഴുകും, സമ്പദ്വ്യവസ്ഥ കുതിക്കും. മനുഷ്യരെ തമ്മിലടിപ്പിക്കുന്നത് മേന്മകളുടെ, വർഗ മഹിമകളുടെ പേരിലാണ്. വ്യത്യസ്ത ഭൂഖണ്ഡങ്ങളിലായി ജീവിക്കുന്ന രണ്ടു മനുഷ്യരുടെ ക്രോസ്സ് മാച്ചിങ് മാത്രം

നടത്തിയാൽ ഒരാളുടെ രക്തം മറ്റൊരാൾക്ക് സ്വീകാര്യമെങ്കിൽ, കൊച്ചി സ്വദേശിയായിരുന്ന ടി.ജി. ജോസഫിന്റെ തവിട്ടുനിറമുള്ള കൈകൾ അഫ്ഗാനിസ്ഥാൻ ആർമിയിലെ മേജർ അബ്ദുൾ റഹിമിൽ തുന്നിച്ചേർക്കാനായെങ്കിൽ, ഭൂമിയിൽ മനുഷ്യരെല്ലാം ഒന്നാണ്. നീയും ഞാനും ഒന്നെന്ന പോലെ സത്യം - അദ്വൈതം.

USMLE പാസ്സായ ശേഷം , ഷിക്കാഗോയിലെ കുക്ക് കൌണ്ടി ഹോസ്പിറ്റലിലാണ് പ്രവേശനം ലഭിച്ചത്. 1857 ൽ പ്രവർത്തനമാരംഭിച്ച ഈ ആശുപത്രി, അമേരിക്കയിൽ സൗജന്യ ചികിത്സ നൽകുന്ന ചുരുക്കം ആശുപത്രികളിൽ ഒന്നാണ്. രാജ്യത്തെ ആദ്യ രക്ത ബാങ്ക് ഇവിടെയാണ് ആരംഭിച്ചത്. റെസിഡൻസി പ്രോഗ്രാമിന് പണ്ട് മുതലേ പ്രസിദ്ധമാണ് ഇവിടം.

450-ഓളം ബെഡ്ഡുകളുള്ള അത്യാധുനിക ആശുപത്രി സമുച്ചയം. ഇതിനോടനുബന്ധിച്ച് കുപ്രസിദ്ധമായ കുക്ക് കൌണ്ടി ജയിലിലെ രോഗികൾക്കുള്ള വിംഗുമുണ്ട്. അതിന്റെ മേൽനോട്ടവും ഉത്തരവാദിത്തവും ആശുപത്രി അധികൃതർക്കാണ്. 45 പേരുള്ള ബാച്ചിലാണ് ഇന്റേണൽ മെഡിസിനിൽ എംഡി ചെയ്തത്. ഇത്രെയും വലിയ ആശുപത്രിയിൽ പഠിക്കാൻ കഴിയുന്നത് ഒരേ സമയം ഭാഗ്യവും വെല്ലുവിളിയുമാണ് - അതാണിനി പറയാൻ പോകുന്നത്..

ഹാർട്ട് അറ്റാക്ക് വരുന്ന ഒരു രോഗി, 911 എന്ന ആംബുലൻസ് നമ്പറിൽ ഫോൺ ചെയ്താൽ നിമിഷങ്ങൾക്ക കം Rapid Response Team വീട്ടിലെത്തും. വണ്ടിക്കുള്ളിൽ നിന്നു തന്നെ ECG എടുക്കും, വിവരങ്ങൾ ഡോക്യുമെന്റ് ചെയ്യപ്പെടും. റിപോർട്ടുകളും ECGയും ടെലിട്രാൻസ്ഫർ/ഫാക്സ് വഴി ഡോക്ടർമാർക്ക് കിട്ടും. ടെലി കമ്മ്യൂണിക്കേഷൻ നെറ്റ് വർക്ക് ഇല്ലാത്ത ഇടങ്ങളിൽനിന്നു കൂടി സന്ദേശങ്ങൾ കൈമാറാൻ നമ്മൾ പണ്ടേ ഉപേക്ഷിച്ച കളഞ്ഞ പേജറുകളാണ് ഡോക്ടർമാരുടെ കയ്യിലുള്ളത്. ETA (Estimated time of arrival) ഇടക്കിടെ പേജറിൽ തെളിയുന്നതിനാൽ ആംബുലൻസ് എത്തുമ്പോഴേക്കും ഡോക്ടർമാരും ടെക്നീഷ്യൻസും തീയേറ്ററും തയ്യാറായിരിക്കും. കാർഡിയാക് അറസ്റ്റ് അഥവാ അറ്റാക്ക് വന്ന ഒരു രോഗിയുടെ ചികിത്സ പൂർത്തിയാക്കാനെടുക്കുന്ന പരമാവധി സമയം 50 മിനിട്ടാണ്.

അതിനുള്ളിൽ ആഞ്ചിയോഗ്രാം / ആൻജിയോ പ്ലാസ്റ്റി / മറ്റ ചികിത്സകൾ ലഭ്യമാക്കിയിരിക്കും. സുവർണ നിമിഷങ്ങൾക്കുള്ളിൽ എത്തിക്കാൻ കഴിയുന്നതിനാൽ ഒരുപാട് രോഗികളുടെ ജീവൻ രക്ഷിക്കാൻ സാധിക്കാറുണ്ട്. ദൂരെയുള്ള രോഗികളെ കൊണ്ടുവരാനായി ആശുപത്രിയിൽ 24 മണിക്കൂറും തയ്യാറായിരിക്കുന്ന ഹെലികോപ്റ്ററുകൾ - ഇവിടെ ലൈഫ് ഫ്ലൈറ്റസ് - എന്നാണറിയപ്പെടുന്നത്. ചികിത്സ രോഗിയുടെ അവകാശമായി കണക്കാക്കപ്പെടുന്നു. ഓരോ ആശുപത്രി ജീവനക്കാരനും രോഗിയെ തന്റെ ഉത്തരവാദിത്തമായിട്ടാണ് കാണുന്നത്. രോഗിക്ക് മുൻപിൽ ചികിത്സാ രീതികളുടെ ഓപ്ഷൻസ് വിശദീകരിക്കുന്നു. അയാളുടെ തീരുമാനങ്ങൾക്കനുസരിച്ച രേഖകളിൽ ഒപ്പ് വാങ്ങുന്നു. പ്രൊസീജറിലേക്ക് കടക്കുന്നു. ശസ്ത്രക്രിയക്ക് വിധേയനാകുന്ന രോഗി 24 - 48 മണിക്കൂറിനുള്ളിൽ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ചെയ്യപ്പെടും. ബാക്കി പരിചരണ നിർദേശങ്ങൾ വീട്ടിലിരുന്ന ചെയ്യാൻ വേണ്ടി ആശുപത്രി അധികൃതർ സമയാസമയങ്ങളിൽ follow up ചെയ്യും.

ഒരു ദിവസം അധികം രോഗി ആശുപത്രിയിൽ കിടന്നാൽ ഭാരിച്ച സാമ്പത്തിക ചിലവ് വഹിക്കേണ്ടി വരിക ആശുപത്രിയാണ്. അതുകൊണ്ട തന്നെ രോഗികളുടെ Turn Around Time വളരെ കുറവാണ്. ആരോഗ്യ പ്രവർത്തകരുടെ കാര്യക്ഷമത (efficiency) പരീക്ഷിക്കപ്പെടുന്ന ഇടമാണിതെന്നർത്ഥം. 28 hour call, 4 ദിവസം വരെ ഒരാഴ്ചയിൽ ഉണ്ടാകാം. ജോലിയിൽ മുഴുകുമ്പോൾ കിട്ടുന്ന സംതൃപ്തിയാണ് ഇത്രയും തിരക്കുകൾക്കിടയിലും മുന്നോട്ട് നയിക്കുന്ന ഊർജം.

വ്യക്തിസ്വാതന്ത്ര്യത്തിന് വലിയ വില കല്പിക്കുന്ന രാജ്യങ്ങളിൽ നമ്മുടെ കണ്ണുകൾക്ക് പരിചിതമല്ലാത്ത കാഴ്ച്ചകൾ കണ്ട് ഒരു നിമിഷം പോലും അമ്പരന്ന് നോക്കരുത്; അത് തെറ്റാണ്. 18 വയസ്സ് മുതൽ മദ്യവും മയക്കു മരുന്നും ഉപയോഗിക്കുന്നതിന് നിയമവിലക്കുകൾ കുറവാണ്. എങ്കിലും ഇതിന്റെ ഉപയോക്താക്കൾ മറ്റുള്ളവരുടെ സ്വകാര്യതയ്ക്ക് ഭംഗമേൽക്കാത്ത തരത്തിൽ പെരുമാറുന്നത് ആശ്വാസ്യകരമാണ്. വ്യക്തി ബന്ധങ്ങളെക്കാൾ ശക്തമാണ് സ്വാശ്രയബോധവും സ്വകാര്യതയും. കൂട്ടത്തിൽ ഒരാൾ മാത്രം ഭക്ഷണം കഴിക്കാതെ ഇരുന്നാലും ആരും ഒന്നും അന്വേഷിക്കുകയില്ല. മറ്റുള്ളവർ കഴിക്കുന്നത് എന്താണെന്ന് പരസ്പരം നോക്കുകയില്ല. പ്രൊഫസർമാർ ക്ലാസ് എടുത്തു കൊണ്ടിരിക്കുന്നതിനിടയിൽ ഇരുന്നോ നിന്നോ ബ്രേക്ക് ഫാസ്റ്റും ലഞ്ചും കഴിക്കുന്നവരാണ് എന്റെ സഹപാഠികൾ. അന്നവും അക്ഷരവുമൊക്കെ ഒരേ പോലെ കാണുന്നവർ. ഏത് രീതിയാണ് ശരി അല്ലെങ്കിൽ കൂടുതൽ ശരി എന്ന് പറയാൻ ഞാനാളല്ല. ഓരോ സംസ്കാരങ്ങളിൽ വെവ്വേറെ രീതികൾ. വളരാൻ ആഗ്രഹിക്കുന്ന ആർക്കും സ്വപ്നങ്ങൾ സഫലമാക്കാം എന്നത് തന്നെയാണ് യാഥാർഥ്യം.

ഇവിടെ നിൽക്കുമ്പോൾ നാട് ഒരുപാട് മിസ് ചെയ്യുന്നുണ്ട്. ചാലിയം ബീച്ചിലെ സ്വർണനിറമുള്ള അസ്തമയങ്ങളും

കോഴിക്കോട് 'അമ്മ' മെസ് ഹൗസ്സിലെ ചോറും മീൻപൊരിച്ചതും ഒക്കെ ഓർമ്മയിൽ വരും. ആഴ്ചയിൽ ഒരിക്കലാണ് ഭാര്യയെയും മകളെയും കാണാൻ പോകുക. അപ്പോൾ ഇന്ത്യൻ റെസ്റ്റോറന്റിൽ പോയി ഭക്ഷണം കഴിക്കാൻ ശ്രമിക്കാറുണ്ട്, പലപ്പോഴും നടക്കാറില്ല. ഇന്ത്യയിൽ വരുമ്പോൾ ഒരുപാട് യാത്ര ചെയ്ത് സ്ഥലങ്ങൾ കാണണം എന്നൊരു ആഗ്രഹമുണ്ട്. യാത്രകളാണല്ലോ മനുഷ്യനെ പൂർണ്ണനാക്കുന്നത്.

ജീവിതത്തിലെ പല പ്രതിസന്ധികളിലും നിർണായകമായ വഴിത്തിരിവുകളിലും സുഹൃത്തുക്കളുടെ രൂപത്തിൽ തണലായി വന്നവരുണ്ട്. അക്കൂട്ടത്തിൽ സ്കൂൾ കാലം തൊട്ടുള്ള സൗഹൃദങ്ങളുണ്ട്, അവർക്കെല്ലാം ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിലുണ്ടായിരുന്ന ഉറ്റസുഹൃത്തുക്കളായ നിങ്ങളെയെല്ലാവരെയും കാണുവാനും കേൾക്കുവാനും ഈയവസരത്തിൽ കഴിഞ്ഞത് വലിയൊരു ഭാഗ്യമായി കരുതുന്നു. എല്ലാവർക്കും നന്മകൾ നേരുന്നു.

നന്ദി, നിറഞ്ഞ സ്നേഹം.

DIVYA C P

അനിശ്ചിതം

കണ്ണുനീർ ധാരധാരയായി കവിൾത്തടത്തിലൂടെ ഇറ്റിറ്റു വീഴുന്നത് നിശ്ചലമായി കിടക്കുന്ന ആ നെഞ്ചിലേക്കാണെന്ന് മനസിലാക്കിയ നിമിഷം. സ്വന്തമല്ലെങ്കിലും തന്റെ എല്ലാമെന്നാണ് അവരെ വിശേഷിപ്പിക്കേണ്ടത്. മനസെന്തല്ലാമോ അന്വേഷിക്കുകയാണ്. ആരോട് പറഞ്ഞാലാണ് തന്റെ എല്ലാമായ ഈ അമ്മക്ക് പുതുജീവൻ നൽകുക. ദൈവത്തോടോ. ഒരു നൂറായിരം പ്രാവശ്യം പറഞ്ഞു നോക്കി. ഒരു അനക്കവുമില്ല. ചില പ്രതിസന്ധികൾ അങ്ങനെ ആണല്ലോ. എന്ത് ചെയ്യാലാണ്, ആരോടാണ് , എങ്ങനെയാണ് ഒന്നുമറിയില്ല. വിട്ടുകൊടുക്കാനും വയ്യ, ഉൾക്കൊള്ളാനും വയ്യാത്ത അവസ്ഥ.

ധർമ്മസങ്കടം ... അനുഭവിക്കുന്നവനു മാത്രം ... നഷ്ടങ്ങൾ മാത്രം.

ഭൂമിയിലെ സത്യമെന്നോ വിധിയുടെ ക്രൂരതയെന്നോ അതോ തന്റെ വിധിയെന്നോ ഒന്നിലും മനസ്സ് ഒതുങ്ങുന്നില്ല. ദൈവമെന്നല്ല, ഒരു ശക്തിയുമില്ലെന്നു തോന്നുന്ന അവസ്ഥ. ഒറ്റപ്പെടുന്നവരുടെ വേദന ...

അനാഥനായ തന്നെ വളർത്തി വലുതാക്കി. ഒരിക്കലും ഒന്നിനും പരിഭവപ്പെട്ടിട്ടില്ല. പരാതികളില്ല. പ്രതീക്ഷകളും സ്വപ്നങ്ങളും തനിക്കു പകർന്നു തന്ന ആ ഹൃദയം തന്റെ നല്ല ഭാവി അതൊന്നു മാത്രമേ ആഗ്രഹിച്ചിട്ടുള്ളൂ. ജീവിതചക്രം തിരിക്കുന്നതിന് വേണ്ടി പല വേഷങ്ങളും കഷ്ടതകളും അനുഭവിക്കേണ്ടി വന്നിട്ടുണ്ടെങ്കിലും അതെല്ലാം തന്നിൽ നിന്നും മറക്കുകയായിരുന്നില്ലേ.

ഇഷ്ട ചുംബനങ്ങൾ എത്രയോ തവണ ആ കവിളിൽ കൊടുത്തിട്ടുണ്ട്. വളർന്നപ്പോൾ ഇഷ്ടം കൂടി. അവരുടെ സ്വപ്നങ്ങൾ തന്റെയും സ്വപ്നങ്ങളായി. ഇന്ന് ആ പുണ്യഹൃദയത്തിന്റെ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കപ്പെട്ടെങ്കിലും ... അതൊന്നും കാണാൻ നിൽക്കാതെ ... ജീവിതയാത്രയിൽ തന്നെ തനിച്ചാക്കി, പരാതികളില്ലാതെ, പരിഭവങ്ങളില്ലാതെ യാത്രയായി.

ഈ സങ്കടം ഞാൻ ആർക്ക് തീർക്കാനാകും ... കാലത്തിനോ???



ചിരി ഓർമ്മകൾ

ROSHITH M P, AMITH CHANDRA, LOUJI BHASKARAN, SHAMNA MAHMOOD ABDULLA
SANTHOSH KUMAR N, MITHUN VASUDEVAN

ഒന്നാമത്തെ ബ്ലോക്കിലെ ഫോൺ റൂം. നമ്മുടെ ബാച്ചിലെ ഖിലാഡിയോം കാ ഖിലാഡി ആണ് നായകൻ. ഒരു ഞായറാഴ്ച്ച ഉച്ച കഴിഞ്ഞു എല്ലാവരും മയങ്ങുന്ന സമയം.

പൂട്ടിവെച്ച ഫോണിന്റെ നമ്പർ tongue ക്ലീനർ കൊണ്ട് ഡയൽ ചെയ്യാം എന്ന് നമ്മുടെ നായകന് അറിയാം. നായകന്റെ ഒരിഷ്ടവിനോദവും ആണത്. ഇടയ്ക്കിടെ ഓരോ നമ്പറിൽ വിളിക്കും. അവരെ ചെറുതായി ഒന്ന് പറ്റിക്കും. ഒരു സമാധാനം അത്ര തന്നെ.

അങ്ങനെ നമ്മുടെ നായകൻ ഏതോ ഒരു നമ്പറിൽ വിളിക്കുന്നു. ഉറക്കത്തിൽ ആയിരുന്ന ഗൃഹനാഥൻ ചാടി എഴുന്നേറ്റു ഫോൺ എടുക്കുന്നു.

"ഹലോ"

"അതേയ് ചേട്ടാ ഇങ്ങളെ വീടിന്റെ മേലേക്കൂടി ഇപ്പൊ ഒരു വിമാനം പറന്നില്ലേ"

"അറിയില്ലല്ലോ, ഞാൻ നല്ല ഉറക്കമായിരുന്നു."

"അതേയ് ചേട്ടാ ... പറന്നിരുന്നു. ഞാൻ അതിലെ ഒരു യാത്രക്കാരൻ ആണ്. കറക്ട് ഇങ്ങളെ

വീടിന്റെ മേലെ എത്തിയപ്പോ എന്റെ ഒരു ചുവന്ന ജെട്ടി താഴേക്ക് വീണു. അത് ഇങ്ങളെ ടെറസ്സിന്റെ മേലെ കിടക്കുന്നുണ്ട്. ഒന്ന് എടുത്തു വെക്കു, ഞാൻ പിന്നെ വന്നു വാങ്ങാം."

ഒരു നിമിഷം അന്തംവിട്ടു നിന്ന ഗൃഹനാഥന് സംഭവം പിടികിട്ടി. ആരോ തന്നെ മോയന്താക്കാൻ വിളിച്ചതാണെന്ന് മൂഷർക്ക് മനസിലായി.
മൂഷര് പച്ചത്തെറി തുടങ്ങി. നമ്മുടെ നായകനും വിട്ടില്ല. തൃശ്ശൂർ മാർക്കറ്റ് നാണിച്ചു പോകുന്ന തെറി അഭിഷേകം നടത്തി. അവസാനം ക്ഷീണിച്ചപ്പോൾ ഫോൺ വെച്ചു.

ശേഷം നമ്മുടെ നായകൻ സുരൻസിന്റെ കടയിൽ പോയി ഒരു "കോമ്പി" കൂടിച്ചു ക്ഷീണം തീർത്തു. പൂർവ്വാധികം ശക്തിയോടെ അതേ നമ്പറിൽ tongue ക്ലീനർ കൊണ്ട് കുത്തി.

ഇത്തവണ ഗൃഹനാഥൻ പെട്ടെന്ന് തന്നെ ഫോൺ എടുത്തു. നമ്മുടെ നായകൻ ശബ്ദം ഒന്ന് മാറ്റി പിടിച്ചു.

"അതേയ് ചേട്ടാ , ഇത് കോഴിക്കോട് കസബ പോലീസ് സ്റ്റേഷനിൽ നിന്നാണ്. നിങ്ങളുടെ വീട്ടിലേക്ക് ഇപ്പോൾ ആരെങ്കിലും ഫോണിൽ വിളിച്ചു ഒരു ചുവന്ന ജെട്ടിയുടെ കാര്യം പറഞ്ഞോ?"

"യെസ് സാർ പറഞ്ഞു"
"കഴിഞ്ഞ ദിവസം ഇതുപോലെ എന്റെ അളിയനെയും വിളിച്ചിരുന്നു. ആളെ പിടികിട്ടിയിട്ടുണ്ട്."

"സാർ അവനെയൊന്നും വെറുതേ വിടരുത് ."
"ഓ ക്കെ. എന്നാൽ താങ്കൾക്കു ഒരു കാര്യം ചെയ്യാമോ"

"എന്താ സാർ, സാറ് പറയൂ. ഞാൻ എന്ത് വേണമെങ്കിലും ചെയ്യാം. അവനെ കുടുക്കണം അത്രേ ഉള്ളൂ."

"എന്നാൽ നിങ്ങൾ നാളെ പത്തുമണിക്ക് കസബ സ്റ്റേഷനിൽ ഒന്ന് വരണം. എന്റെ അളിയനും വരും. മറ്റേ കക്ഷിയോടും വരാൻ പറഞ്ഞിട്ടുണ്ട്."

"സാർ നാളെ തിങ്കളാഴ്ച്ച അല്ലേ. ജോലിയുണ്ട്. എന്നാലും കുഴപ്പമില്ല, ഞാൻ ഹാഫ് ഡേ ലീവ് എടുത്തു വരാം. ഇവനെയൊന്നും അങ്ങനെ വെറുതേ വിട്ടാ പറ്റില്ല."

"ഓക്കേ. വളരെ നല്ലത്. എന്നാ നാളെ പത്തു മണിക്ക് കാണാം."

"ശരി സാർ ."

അപ്പോൾ നമ്മുടെ നായകൻ വീണ്ടും.
"അതേയ്, ഒരു കാര്യം വിട്ടു പോയി. നാളെ നിങ്ങള് വരുമ്പോ ആ ചുവന്ന ജെട്ടി കൂടി എടുത്തോളൂ. അതവനങ്ങു തിരിച്ചു കൊടുത്തേക്കാം."

പകച്ചു പോയ ഗൃഹനാഥന്, ഒരു തിരിച്ചു വരവിനു അവസരം നൽകാതെ നമ്മുടെ നായകൻ ഫോൺ കട്ട് ചെയ്തു.
ശേഷം ഒരു സിഗരറ്റിനു തീ കൊളുത്തി, മുണ്ടൊന്നു കൂടി മാടികുത്തി, ഒരു "orgasmic" പുഞ്ചിരിയോടെ സ്വന്തം റൂമിലേക്ക് നടന്നു.
.....

കമ്മ്യൂണിറ്റി മെഡിസിൻ പോസ്റ്റിംഗിന്റെ ഭാഗമായി മാവൂർ ഭാഗത്തുള്ള ഏതോ ഒരു വീട്ടിൽ നടക്കുന്ന ഹോം വിസിറ്റ് ആണ് സീൻ.

നമ്മുടെ ബാച്ചിലെ ഒരു പ്രമുഖനും രണ്ടു കൂട്ടുകാരികളും ഒരു വീട്ടിൽ കയറി ചെല്ലുന്നു. വീട്ടുകാരി കയ്യിലുണ്ടായിരുന്ന ചൂൽ മാറ്റി വെച്ച്, കയ്യൊക്കെ നന്നായി മാക്സിയിൽ തുടച്ചു അവരെ രണ്ടു കയ്യും നീട്ടി സ്വീകരിച്ചു.

പേര്, വയസ്സ് , ജാതകം ... ഒക്കെ കഴിഞ്ഞു വീടിനെ കുറിച്ചും മറ്റു സൗകര്യങ്ങളെ കുറിച്ചും ചോദ്യങ്ങൾ വന്നു തുടങ്ങി.
അതുവരെ മൗനം ഭൂഷണം ആക്കിയിരുന്ന പ്രമുഖൻ ഉഷാറായി.

"ഇവിടെ കക്കൂസുണ്ടോ ?".

"ഉണ്ടല്ലോ മോനേ .... ആ വടക്കേപ്പുറത്താണ്."

"ഇങ്ങക്ക് കിണറുണ്ടോ ?".

"കിണറൊക്കെ ഉണ്ട് മോനേ .... പക്ഷേ മോൻ വെള്ളം കോരാനൊന്നും പോണ്ട. ഒരു ബക്കറ്റ് നിറയെ വെള്ളം ഉമ്മ പിടിച്ചു വെച്ചിട്ടുണ്ട്. മോൻ ധൈര്യായിട്ട് പൊക്കോ....".

അത് കഴിഞ്ഞതിൽ പിന്നെ പ്രമുഖൻ ഒരു ചോദ്യവും ചോദിച്ചിട്ടില്ലത്രെ.
എന്തിന് ... ബാക്കി house വിസിറ്റിന് പോലും മൂപ്പര് പോകാൻ കൂട്ടാക്കിയില്ലത്രേ .

.....

പഴേ ഇന്റേൺഷിപ്പ് കാലം.

കോഴിക്കോട് മെഡിക്കൽ കോളേജിലെ തിരക്കേറിയ അത്യാഹിത വിഭാഗം. ജനറൽ മെഡിസിൻ വിഭാഗത്തിൽ ആണ് ഡ്യൂട്ടി.

സമയം രാത്രി പന്തണ്ട് മണി കഴിഞ്ഞിരിക്കുന്നു. ഇത് വരെ നല്ല തിരക്കായിരുന്നു. ഗുരുതരാവസ്ഥയിൽ അത്യാവശ്യചികിത്സ വേണ്ടവർ തന്നെ കുറേപ്പേർ ഉണ്ടായിരുന്നു.

അതിനിടയിൽ കാലത്തെ ഓ പി യിൽ വന്നു കാണിക്കാൻ സമയം കിട്ടാത്ത, ഒ പി യിലെ വരിയൊന്നും നില്ക്കാൻ താല്പര്യമില്ലാത്ത, പനി ഉണ്ടൊന്നൊരു സംശയം തോന്നുന്നവർ, പനി വരുന്ന പോലെ ഒരു ഫീലിംഗ് നാളേക്ക് കൂടിയാലോന്നു സംശയം, ക്ഷീണം മാറ്റാൻ ഗ്ളൂക്കോസ് കേറ്റാൻ വരുന്നവർ ... അങ്ങനെ അത്യാഹിത വിഭാഗത്തിലെ തിരക്ക് കൂട്ടാൻ വരുന്ന കുറെ നല്ലവരായ നാട്ടുകാരും.

പന്തണ്ട് മണിയൊക്കെ ആവുമ്പോൾ ഒന്ന് സമാധാനിക്കാം. അപ്പോൾ രണ്ടു പേർ ഷിഫ്റ്റായി എന്തെങ്കിലും കഴിക്കാൻ മുസ്തഫയുടെ കടയിലോ വേണാടിലോ മിൽമാ ബൂത്തിലോ ഒക്കെ പോവും. അങ്ങനെ രണ്ടു പേർ തട്ടടിക്കാൻ പോയ സമയം.

ഹാർട്ട് അറ്റാക്ക് വന്നവരുടെയും സ്ട്രോക്ക് വന്നു ശരീരം തളർന്നു പോയവരുടെയും ശ്വാസം കിട്ടാതെ വലിയ ശബ്ദത്തിൽ ശ്വാസത്തിനായി പിടയുന്നവരുടെയും ഇടയിലൂടെ ഒരു

മാന്യദേഹം ഒരു കാല് വലിച്ചു കൊണ്ട് വന്നു. കാലിലെ തള്ള വിരലിൽ ആണി കുത്തിയ പോലെ
രണ്ടു കുത്തുകൾ. ചോര പൊടിഞ്ഞിട്ടുണ്ട്.

"പെരുച്ചാഴി കടിച്ചതാ സാറേ ... എന്റെ അമ്മ ഇരുപത്തി അഞ്ചാം വാർഡിൽ അഡ്മിറ്റ് ആണ്. ഞാൻ പേപ്പറെല്ലാം വിരിച്ചു പുറത്ത് എല്ലാവരും കിടക്കുന്ന സ്ഥലത്തു കിടന്നുറങ്ങുവായിരുന്നു സാറേ."

കാലു കഴുകി, വൃത്തിയാക്കി. ഒരു ചെറിയ ഡ്രസിങ് വെച്ച് കൊടുത്തു. ടി ടി ഇൻജെക്ഷൻ കൊടുക്കാൻ സിസ്റ്ററെ ഏല്പിച്ചു.

തിരിച്ചു വന്ന മാന്യനോട് നല്ല ഭാഷയിൽ പറഞ്ഞു മനസിലാക്കി.

"നാളെ കാലത്ത് കമ്മ്യൂണിറ്റി മെഡിസിൻ ഓ പി യിൽ പോയി പേ വിഷ ബാധക്കുള്ള കുത്തിവെപ്പെടുക്കണം ."

പുള്ളി ഒന്ന് ഞെട്ടിയോ അതോ എനിക്ക് തോന്നിയതാണോ.

ഒന്ന് രണ്ടു മരുന്നുകളും കൂടി എഴുതി ചീട്ട് അദ്ദേഹത്തിന് നേരെ നീട്ടി കൊണ്ട് പറഞ്ഞു.

" മരുന്ന് എഴുതീട്ടുണ്ട്. പുറത്തു നിന്നും വാങ്ങി കഴിച്ചോളൂ."

അദ്ദേഹത്തിന്റെ ഭാവം മാറുന്നത് ഞാൻ കണ്ടു. എഴുന്നേറ്റ് ഇന്ദുചൂഡൻ സ്റ്റൈലിൽ മുണ്ടൊന്നു മടക്കി കുത്തി. ഇപ്പോൾ തന്നെ പേ പിടിച്ച പോലെ എന്നോട് ആക്രോശിച്ചു.

" ഇവിടത്തെ എലി , നിങ്ങള് തീറ്റി പോറ്റുന്ന എലി , ഞാൻ 'ഇവിടെ' കിടക്കുമ്പോൾ കടിച്ചതിന്, "ഞാൻ" എന്തിനു പുറത്തു നിന്ന് മരുന്ന് വാങ്ങണം ".

"ചേട്ടാ ഈ സമയത്ത് മെഡിക്കൽ കോളേജ് ഫാർമസി ഉണ്ടാവില്ല. അത്ര ബുദ്ധിമുട്ടാണെങ്കിൽ രാവിലെ അത് തുറന്നിട്ട് വാങ്ങിയാലും മതി".

പുള്ളിക്കതൊന്നും സ്വീകാര്യമായില്ല . പറഞ്ഞത് തന്നെ പറഞ്ഞോണ്ടിരിക്കുകയായിരുന്നു അദ്ദേഹം.

അവസാനം സെക്യൂരിറ്റി ചേട്ടൻമാർ തൂക്കി എടുത്തു പുറത്താക്കി.

.....

നമ്മുടെ ബാച്ചിലെ ഒരു പ്രമുഖൻ പുതിയ സ്റ്റാൻഡിൽ മെഡിക്കൽ കോളേജിലേക്ക് ബസ് കാത്തു നിൽക്കുന്നു. ഇന്റേൺഷിപ് ഏകദേശം കഴിയാറായ സമയം. അപ്പോഴാണ് പ്രമുഖൻ ശ്രദ്ധിച്ചത്; ഒരു സുന്ദരിയായ പെൺകുട്ടി തന്നെ നോക്കി ചിരിക്കുന്നു.

പ്രമുഖൻ ഒന്ന് കൂടി സൂക്ഷിച്ചു നോക്കി. എവിടേയോ കണ്ടു നല്ല പരിചയം. പെട്ടെന്നവന് ഓർമ്മ വന്നു. പണ്ട് എലൈറ്റിൽ എൻട്രൻസ് കോച്ചിങ്ങിനു കൂടെ ഉണ്ടായിരുന്ന പെൺകുട്ടി.

ഏതായാലും സുന്ദരിയായ ഒരു പെൺകുട്ടി തന്നെ നോക്കി ചിരിച്ചതല്ലേ. അവനും

തിരിച്ചവളോട് പുഞ്ചിരിച്ചു. ഒന്ന് മുട്ടി നോക്കാൻ അവൻ തീരുമാനിച്ചു. ചിലപ്പോൾ ബിരിയാണി കിട്ടിയാലോ.

"അന്ന് എൻട്രൻസ് കോച്ചിങ്ങിനു എലൈറ്റിൽ ഉണ്ടായിരുന്ന ആളല്ലേ. ഇപ്പൊ എന്ത് ചെയ്യുന്നു "

ആ പെൺകുട്ടി അത്ഭുതവും ആശ്ചര്യവും കലർന്ന് പ്രമുഖനോട് തിരിച്ചു ചോദിച്ചു.

"അല്ല, നീയെന്നെ എലൈറ്റിൽ നിന്ന് മാത്രേ കണ്ടിട്ടുള്ളൂ. ഞാനും നിന്റെ കൂടെ നാല്പത്തി നാലാം ബാച്ചിൽ അഞ്ചു കൊല്ലം പഠിച്ചു. ഇപ്പൊ നിന്നെ പോലെ ഇൻറേൺഷിപ് ചെയ്യുകയാടോ മാഷേ "

പ്ലിങ്ങിപ്പോയ പ്രമുഖൻ പിന്നെ ഒന്നും സംസാരിച്ചില്ല. ആ കുട്ടിയോട് മാത്രമല്ല; കുറച്ചു കാലത്തേക്ക് ഒരു പെൺകുട്ടിയോടും സംസാരിച്ചില്ല.

.....

Scene - Labour room

Setting: Second stage

House surgeon(shouting):

Baby is coming out, but sac not ruptured.

Pg (hurrying from the first stage) : Take a needle. Puncture it. Quick.

Our determined house surgeon starts the puncturing.

Poke 1. Poke 2. Poke 3.

House surgeon(coming to a philosophical conclusion): No raksha. It is not rupturing.This amniotic sac is really tough.

Pg (aghast): O my God; Thats a breech presentation!!!

****

Scene - Final year surgery posting

Setting: Thyroid case presentation

Mr case presenter (secretly believing his history taking is going to be the history taking of the decade):

25 yr lady presented with thyroid swelling of 5years.
Past medical history:
She was posted for thyroid surgery 4 years back. She became pregnant, So surgery cancelled.
She was again posted for surgery 1 year back. She became pregnant. So surgery again cancelled .

Sir Interrupts: WHO WAS THE SURGEON?

****

Scene - DG's first house surgeoncy posting

Setting : Ophthalmology ward

Dr DG's orders _ Inj Ampicillin 500mg both eyes twice daily

Ward nurse: Doctor!! Injection? Both eyes?

Dr DG: Oh? Is one eye enough?

Sister: NO. Its i.v or i.m

Dr DG: Ok, you can give my way also; but for now, give iv .

****

Scene - Surgery OPD

Setting : Everyones favourite thattukada Chetan has come for consultation. As everyone in the opd was a fan of his very tasty treats, chettan didn't have to wait for long.

Dr Alex Oommen :what are your complaints?

Chettan: Sir I have rectal prolapse when I go to toilet.

Sir: So, what do you do then?

Chettan: Sir, I just use my fingers to push it back in....

Rest is history.

****

Scene - PG entrance coaching days

Setting: RC Lodge- A few of us stayed in this four storied building with a beverage store in the ground floor with a bus stop in front .

We could see the long queue from the terrace. A long queue of people whose heads were covered with helmets and lungis.

One day we saw miss J***** boldly cutting through the queue going to shop and everyone was staring at her.

We ran down and saw Ms J***** coming out.

"WHAT ARE YOU DOING HERE?"

Ms J**** cooly replies-

"I just went to medical shop to ask when is the next bus!!"

****

RC lodge attacks again

One day, Mr. 'A' is spitting furiously from the edge of the terrace.

I asked "what happened ?"

"Look down.."

I saw smoke coming from the canopy over the beverage shop.

Mr 'A' : "I threw the cigarette down there. Now I am trying to put out the fire !!!"

*****

Scene - Labour room posting

Setting: Newborn ward

Ms Lovely: So many cute babies, Oh my God.

Overexcited, she runs to Mr X.
" X.... they are so cute, I want such a baby now."

Mr. X fainted .

****

Scene- Labour room

Setting : Ms Lovely's Internship

As usual labour room was too hectic Ms. Lovely went to sleep for a while in changing room when she got a call from 2nd stage . She came running, eyes half closed, not out of dream world. She sat on the stool and got ready to receive the baby.

And yelled: Open the door ... open the door"

Patient(in pain but very anxious to help) : which door? , which door?

Luckily Mr. X came there listening to this confusion.

He realised the situation and consoled the patient.

"Don't worry... she means KAALU AKATHI VEKKU !!!!!"

RESMI NAIR





A COCONUT STORY

It was our first clinical posting in the hallowed Wards of Calicut Medical College. I was really happy to go to the wards for the first time. I am the same person still. I love seeing and talking to my patients, but hate charting. I socialize all day nonstop and leave my charting for the end of the day celebration making my days longer and longer.

Any way, we were given beds. It was our Surgery rotation. Our Professor was a UK returned Surgeon so he had his unique ways. We were given bed postings. Meaning each student is assigned 4 beds. We had just learned how to take history and do a physical.

History taking lessons always come with a cliché.
"History taking is an art"

So I was ready to apply my artistic skills. I enthusiastically approached my first patient.
"Hello, I am a medical student"; I introduced myself.
There starts the history
After getting name, age and of course gender, I move on to my first ever question that will go down in the art of history taking. Let's get a presenting complaint.

"So, what brings you to the hospital?" I asked.
"Well, a coconut fell on my head"

At this point I decide to move on to my next patient as the coconut story seemed to be not very conducive to a particularly good history taking exercise. My next 3 patients were RTA patients. So I had to come back to my coconut guy.

I started again with the history. "I have a few more questions for you if you don't mind." The coconut guy did not mind at all. I reviewed my notes- The presenting complaint: Coconut fell on the head.
I asked the guy to go on.

"I was really sad yesterday and I sat down to cry under a small coconut tree. I was sad because India lost in the game. While sitting under the coconut tree , an old ripe coconut fell on the right side of my head. I cried out loud. Then my family brought me to the casualty. They suspect head injury so I am admitted for observation."

Now I moved on to past medical history very methodically: Have you had these symptoms before? "Yes twice"- How? – again "Coconut fell on my head"

Next question on my list is – Anybody in your family had similar illness? – "Yes my father and my sister."
At this point I wanted to ask " Same tree?' I politely kept my question to myself. Though there was a lot of talking inside my head, I kept quiet.

Moving on....
Past surgical history- "Yes last time coconut fell on my leg and broke it, so I needed sutures and surgery."

I looked at my unit mate palpating away at a huge goiter, I noticed that the lump almost disappeared with the palpation. Later I learned, that it is called therapeutic palpation. A few days into our rotation, we made a pancreatic pseudo cyst and several other lumps disappear with a group therapeutic palpation session. I thought this was the reason the Professor wanted students to go in first before scheduling any minor surgeries. I hear several surgeries were cancelled after student palpation!!

Moving on ....
Any allergies? "Yes, ! I think I am allergic to coconut oil- it gives me a rash", the guy said beamingly- I thought in my mind- that is impossible!!

By this time, our allowed clinical time was up. Ward was crowded, Milk and eggs were being distributed.

My coconut patient disappeared into the crowd.
I realised I did not get to do a Physical exam, I was so focused on the art of history taking.
Well, I now have to make it all up - good job on learning that early on, so proud of myself !
I started narrating the physical exam in my head.

Well built, well nourished…
On inspection a lump on the scalp the size of a baby coconut, felt firm like a coconut on palpation. Percussion felt like a coconut and on auscultation, I was pretty sure I heard a swishing sound like coconut water inside. Nailed it! My first patient!!!

Soon we were brought to the side room for case presentation. Professor asked us all our names and what cases we got. I enthusiastically said 3 RTAs and a coconut injury. Professor shook his head. No one was interested. My thyroid friend got picked. And thus the grilling and the roasting started. I was shaking and traumatized. I thanked the lord of coconuts in my mind.

Thank you for all the fallen coconuts. You saved my day.

The victim was still alive at the end of the presentation- the victim "My Unit Mate". The presentation did not go as well as he expected. The thyroid dimensions were wrong as it had disappeared with palpation. He looked a bit disappointed but still eager to go back for more. So cool, so brave, I thought.

Years later as I was reading the book "The House of Gods " where the fat man teaches his interns " Gomers go down" ... I thought in my mind .... So do the coconuts!!
Next morning, I came to wards looking for more fallen coconuts for I had mastered the story of coconuts.

THE END

SHANAVAS K

Funny memories

കോഴിക്കോട് മെഡിക്കൽ കോളേജിലെ എന്റെ എംബിബിഎസ് പഠനകാലത്തെക്കുറിച്ചു ഓർക്കുമ്പോൾ മറക്കാനാവാത്ത ഒരുപാടു ഓർമ്മകൾ മനസിലേക്ക് തിരയടിച്ചു വരുന്നുണ്ട്. രസകരമായ ചില ഓർമ്മകൾ ഞാൻ നിങ്ങളുമായി പങ്കുവെക്കാം.

എന്റെ ആദ്യത്തെ അനാട്ടമി സെമിനാർ ഒരു വിറയലോടെ അല്ലാതെ എനിക്കിപ്പോഴും ഓർക്കാൻ കഴിയില്ല. അപ്പർ ലിമ്പ് ഡിസ്സെക്ഷൻ നടന്നുകൊണ്ടിരിക്കുന്നു. "ക്യുബിറ്റൽ ഫോസ്സ" എത്തിയപ്പോൾ ആദ്യത്തെ സെമിനാർ ടോപിക്സ് തന്നു. ജീവിതത്തിൽ ആദ്യമായിട്ടാണ് ഒരു സെമിനാർ അവതരിപ്പിക്കാൻ പോകുന്നത് എന്ന് ഓർക്കണം. തലേദിവസം എന്തൊക്കെയോ പഠിച്ച് നോട്സ് ഒക്കെ ഉണ്ടാക്കി വെച്ചു. എന്റെ നമ്പർ വിളിക്കല്ലേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് സെമിനാറിനു പോയി.

65 പേരുള്ള സി ബാച്ചിൽ ലോട്ട് എടുത്തപ്പോൾ ഫസ്റ്റ് വിളിച്ച നമ്പർ "1 4 3". എല്ലാവരും മുഖത്തോട് മുഖം നോക്കുന്നു. അടുത്തിരിക്കുന്ന സമീർ അവനല്ല എന്ന സന്തോഷത്തിൽ എന്നെ നോക്കി. ഞാൻ താഴെ തന്നെ നോക്കിയിരിക്കുകയാണ്.

വീണ്ടും വിളിക്കപ്പെട്ടു "143".

ഞാൻ സമീറിനോട് ചെവിയിൽ പറഞ്ഞു.

"ഞാനാടാ 143".

ഞാൻ ധൈര്യം സംഭരിച്ച് മുന്നിൽ പോയി നിന്നു.

Good morning പറഞ്ഞു.

My Topic is "Quandrangular spaces".

പിന്നെ എന്തൊക്കെയാണ് പറഞ്ഞത് എന്ന് സത്യായിട്ടും എനിക്കൊന്നും ഓർമ്മയില്ല. ഇടയ്ക്ക വിക്കി, ഇടയ്ക്ക മൂളി ....ഫോർ വീൽ ജീപ്പ് എടുത്തു "ഓഫ് റോഡ്" ഡ്രൈവിങ്ങിനു പോയ പോലെ ... അതങ്ങനെ നീണ്ടു പോയി.

ബൗണ്ടറീസ് എത്തിയപ്പോൾ അനാട്ടമി സർ എന്നോട് ഡയഗ്രം വരക്കാൻ പറഞ്ഞു. ഞാൻ എന്തൊക്കെയോ വരച്ചു. കൈ വിറച്ചിട്ടാണെങ്കിൽ വയ്യ. അതു കണ്ടാൽ എനിക്ക് തന്നെ അറിയാം ഞാൻ വരച്ചതൊന്നും അല്ല എന്റെ മനസിലുള്ള സംഗതി. ഞാനെത്ര ശ്രമിച്ചിട്ടും ആ സംഗതി അങ്ങോട്ട് വരുന്നില്ല.

പക്ഷേ, ആരും ചിരിക്കുന്നില്ല. പേടിച്ചിട്ടാണ് എന്ന് തോന്നുന്നു.

"വേറെ ആർക്കെങ്കിലും ഡയഗ്രം വരയ്ക്കാൻ അറിയുമോ" സാറിന്റെ ശബ്ദം മുഴങ്ങി.

സുധേച്ചി വന്നു നല്ല ഭംഗിയായി പടം വരച്ചു.

ഞാൻ എന്റെ മനസ്സിൽ കണ്ട "Quadrangular space", സാർ ഉദ്ദേശിച്ച അതേ "Quadrangular space".

അതിനുശേഷം ഞാൻ എന്തൊക്കെയോ പറഞ്ഞു ഒപ്പിച്ചു. ഇപ്പോഴും ആ ദിവസം ഓർക്കുമ്പോൾ മനസ്സിൽ ഒരു കാളൽ ആണ്.

.....

റാഗിംഗ് സമയത്ത് സീനിയേഴ്സ് ആദ്യം പറഞ്ഞു തന്നകാര്യമാണ്.

"പഠിക്കരുത് പ്രത്യേകിച്ച് class test and internals. യൂണിവേഴ്സിറ്റി പരീക്ഷക്ക് മാത്രം പഠിച്ചാൽ മതി."

എൻട്രൻസിന്റെ ക്ഷീണം തീർക്കാൻ ഇനി കുറച്ചു 'ഉഴപ്പണം' എന്ന് നേരത്തേ തീരുമാനിച്ചിരുന്ന ഞങ്ങൾക്ക് ഇത് കേട്ടപ്പോൾ സന്തോഷമായി. അങ്ങനെ ബയോകെമിസ്ട്രി ഫസ്റ്റ് എക്സാമിനേഷൻ വന്നു. ഞങ്ങൾ കുറച്ചുപേർ സീനിയേഴ്സിനെ അക്ഷരം പ്രതി അനുസരിക്കാൻ തീരുമാനിച്ചു.

ഞങ്ങളുടെ കോമ്മൺ ഹാളിൽ കൂടെ ഉണ്ടായ രജിത്ത് നാലുമണിക്ക് എഴുന്നേറ്റ് എല്ലാദിവസവും പഠിക്കും. ഇതു കാണുന്ന ഞങ്ങൾക്കൊക്കെ ഭയങ്കര പുച്ഛം.

എക്സാം കഴിഞ്ഞു. റിസൾട്ടും വന്നു. പ്രതീക്ഷിച്ച പോലെ എനിക്ക് "എട്ടര", പി സി ക്കു "പതിനൊന്നര". പിന്നെ രണ്ട്, രണ്ടര, അഞ്ച് ... തുടങ്ങിയ വൺ ഡിജിറ്റ് മാർക്കുള്ളവരും ഉണ്ട്. അവരെയൊക്കെ കാണുമ്പോഴായിരുന്നു ഒരു സമാധാനം.

പക്ഷേ, സ്റ്റാർ ഹനീഷ് ഖനീയായിരുന്നു. അവന് മാർക്ക് "1". അന്നുമുതലാണ് ഒരു മാർക്കിന് "ഒരു ഖനി മാർക്ക്" എന്നും "എത്ര ഖനി മാർക്ക്" കിട്ടി എന്നും ചോദിയ്ക്കാൻ തുടങ്ങിയത്.

രജിത്തിന് ആ പ്രാവശ്യം 24 മാർക്ക് കിട്ടി. അവനായിരുന്നു ടോപ്പർ. അതിനുശേഷം രജിത്തിനോട് പുഛമൊക്കെ മാറി, ഒരു തരം 'ആരാധന'യായി മാറി.

.....

അനാട്ടമി ഡിസക്ഷൻ ഹാൾ. ഒരുപാട് കഥകളുറങ്ങിക്കിടക്കുന്ന സ്ഥലം. അവിടെ വെച്ചാണ് നമ്മൾ പരസ്പരം കൂടുതൽ അറിഞ്ഞത്. എന്റെയൊക്കെ പണി കൂടുതലും ഈ പരസ്പരം അറിയലും വായ്നോട്ടവും കത്തി അടിയുമായിരുന്നു. കുറച്ചുപേരുണ്ട് ഭയങ്കര ഡിസക്ഷൻ ആണ്. ഡിസക്ഷൻ ടേബിൾ അവരുടെ

കത്തകയാക്കി വച്ചിരിക്കുന്നവർ. ഞങ്ങൾ കുറച്ചുപേർ സൈഡിൽ ഇങ്ങനെ കുറ്റി അടിച്ചിരിക്കും. തമാശ എന്തെന്നാൽ അന്ന് ഭയങ്കര ഡിസക്ഷൻ ചെയ്തവർ കൂടുതലും ഇപ്പോൾ ഫിസിഷ്യൻസ് ആണ്. സൈഡിൽ കത്തിയടിച്ചിരുന്നവർ മിക്കവരും സർജൻസും.

.....

വീണ്ടും മറ്റൊരു അനാട്ടമി സെമിനാർ കഥ.

സെമിനാർ ആദ്യം വച്ചത് പെരുന്നാളിന് പിറ്റേദിവസമായിരുന്നു. അതുകൊണ്ടു തന്നെ പകുതി പേരും വന്നില്ല. അടുത്ത ദിവസം സെമിനാറിന് മുങ്ങിയ എല്ലാവരോടും എഴുന്നേറ്റു നില്ക്കാൻ ആവശ്യപ്പെട്ടു. "നമ്മളില്ലാതെ എന്ത് ആഘോഷം" ഞാനും എഴുന്നേറ്റു. ഞങ്ങളെ എല്ലാവരേയും ഒരുമിച്ചു വേറെ ഒരു ലക്ചർ ഹാളിൽ കൊണ്ടുപോയി ഒരു എമർജൻസി സെമിനാർ നടത്തുകയും ചെയ്തു. Head and neck region ആണ് ടോപിക്. സെൽവൻ സർ, ഗോവിന്ദരാജ് സർ തുടങ്ങിയ എല്ലാ സീനിയർ ഫാക്കൽട്ടീസും ഉണ്ട്. അവരുടെ ഭാവം കണ്ടാൽ അറിയാം കഴിഞ്ഞ ദിവസം മുങ്ങിയ ഞങ്ങൾക്ക് മുട്ടൻ പണി തരാൻ തയ്യാറായാണ് അവർ വന്നിട്ടുള്ളത് എന്ന്. ഫസ്റ്റ് ടോപ്പിക്ക് പോസ്റ്റീരിയർ ട്രയാങ്കിൾ. രണ്ടുമൂന്നു പേരെ വിളിച്ചു. അതിൽ ആരോ ഒരാൾ ഡയഗ്രം വരച്ചു. പക്ഷേ, തിയറി മുഴുവൻ ചെയ്യാൻ പറ്റാതിരുന്നപ്പോൾ ആരെങ്കിലും വോളണ്ടിയർ ചെയ്യുമോ എന്ന് സെൽവൻ സർ ചോദിച്ചു. ഞാനാകെ പഠിച്ച ടോപ്പിക്ക് ആയതുകൊണ്ടും, എങ്ങാനും അടുത്ത അറിയാത്ത ടോപിക് കിട്ടിയാൽ എന്ത് ചെയ്യും എന്നും ആലോചിച്ചപ്പോൾ, എന്റെ കൈ ഞാനറിയാതെ തന്നെ പൊങ്ങി.

അതു കണ്ട് പലരും എന്നെ തിരിഞ്ഞു നോക്കി. അവരുടെ മുഖത്ത് അന്ന് കണ്ടത് അത്ഭുതമോ സഹതാപമോ എന്ന് എനിക്ക് ഇന്നും ഓർമ്മയില്ല. എന്തായാലും ധൈര്യത്തോടെ സ്റ്റേജിൽ കയറി. ഇത്തവണ ഞാൻ പുതിയ ഡയഗ്രം നന്നായി വരച്ചു. അത്യാവശ്യം തരക്കേടില്ലാതെ പ്രസന്റും ചെയ്തു. പണ്ടത്തെ quandrangular spaces പ്രസെന്റ് ചെയ്യാൻ പറ്റാതിരുന്നതിന്റെ മധുര പ്രതികാരം!!

അതായിരുന്നു എന്റെ അവസാനത്തെ അനാട്ടമി സെമിനാർ.

.....

അനാട്ടമി യൂണിവേഴ്സിറ്റി എക്സാം.

ഞാനും ഷാഫിയും "സി" ബാച്ചിൽ ആണ്. ഞങ്ങൾക്ക് അവസാനമാണ് അനാട്ടമി എക്സാം. റംസാൻ കാലം. Gross specimen discussion വേണ്ടി മിക്കവാറും വായിച്ചു കഴിഞ്ഞു. ബ്രെയിൻ മാത്രം ബാക്കിയുണ്ട്. അത് വായിക്കാൻ സമയവുമില്ല. രാവിലെ ഏഴരയ്ക്ക് ആണ് എക്സാം. അപ്പോളാണ് രജിത്ത് റൂമിൽ വെറുതെ ഇരിക്കുന്നത് കാണുന്നത്. അവന്റെ അനാട്ടമി എക്സാം കഴിഞ്ഞില്ലെങ്കിലും ടെക്സ്റ്റ് ബുക്കിൽ ഉള്ളതിനേക്കാൾ നന്നായിട്ട് പഠിപ്പിച്ചു തരും. അവൻ ബ്രയിനിനെ കുറിച്ച് ഒരുപാട് കാര്യങ്ങൾ പറഞ്ഞുതന്നു. അതിൽ കുറച്ചൊക്കെ മനസ്സിലായി.

എക്സാം തുടങ്ങി. ബ്രെയിൻ അല്ലാതെ എന്ത് കിട്ടിയാലും കുറച്ചൊക്കെ പിടിച്ചുനിൽക്കാൻ വായിച്ചിട്ടുണ്ട്. ബ്രെയിൻ കിട്ടിയാൽ എന്ത് ചെയ്യും എന്ന് അറിയില്ല. ടേബിളിൽ നോക്കിയപ്പോൾ ഫസ്റ്റ് സ്പെസിമെൻ തന്നെ ബ്രെയിൻ. ബ്രെയിൻ കിട്ടല്ലേ എന്ന് പ്രാർത്ഥിച്ച് ലോട്ട് എടുത്ത എനിക്ക് കിട്ടിയത് ബ്രെയിൻ & സ്റ്റൊമക്ക്

Stomach വലിയ കുഴപ്പം ഉണ്ടായില്ല. പക്ഷേ, ബ്രെയിൻ എടുക്കാൻ ഭാഗ്യം മാഡം പറഞ്ഞപ്പോൾ ഞാൻ എനിക്കറിയാവുന്നത് ഒക്കെ പെട്ടെന്ന് പറഞ്ഞുതീർത്തു. മാഡം പിന്നെ specimen നിന്ന് ഓരോ structures കാണിച്ച് എന്നോട് ഇത് എന്താണ് എന്ന് ചോദിക്കാൻ തുടങ്ങി. ഞാൻ എനിക്കറിയാവുന്ന പേരുകൾ എല്ലാം പറഞ്ഞു. മാഡത്തിൻറെ മുഖം കണ്ടാൽ അറിയാം ഞാൻ പറയുന്നതൊന്നും ശരിയല്ല എന്ന്.

അതിനുശേഷം ഹിസ്റ്റോളജി സ്ലൈഡ്സ് കണ്ട് തിരിച്ചുവരുമ്പോൾ അതേ ബെഞ്ചിൽ ഇരിക്കുന്ന ഷാഫി, ബ്രെയിൻ specimen പിടിച്ച്, വിഷണ്ണനായി. അവന്റെ ആ ഇരിപ്പും നോട്ടവും തുല്യദുഃഖിതൻ ആയ എന്റെ റിയാക്ഷനും ഒന്നും ഒരു ചിരിയോടെ അല്ലാതെ ഇപ്പോൾ ഓർക്കാൻ കഴിയില്ല.

.....

സെക്കൻഡ് ഇയർ പത്തോളജി എക്സാമിന് മുന്നേയുള്ള slide review. നമ്മൾ അതിൽ കാണുന്നതെല്ലാം വരച്ചു

കൊണ്ട് വരുമായിരുന്നു. നോക്കുമ്പോൾ "അനസ്" എന്തോ വരച്ചു കൊണ്ടിരിക്കുന്നു. ഞാൻ നോക്കുമ്പോൾ പത്തോളജി പിക്ചർ ഒന്നും അല്ല പഹയൻ വരക്കുന്നത്. ഞാൻ അവിടെ എഴുതി വച്ച പേര് നോക്കി. "Seminoma" ആണ്.

അവൻ സെമിനോമ എന്നെഴുതി, മലയാളത്തിൽ അതിന്റെ താഴെ എഴുതിയത് ഇങ്ങനെ -

"ഒരു നദി, നദിക്കരയിൽ ഒരു മരം, ആ മരത്തിൽ ഒരു കാക്ക."

അതുപോലെ ഫസ്റ്റ് ഇയർ ഫിസിയോളജിയിൽ എല്ലാവരും ganong , Choudhary, ഗയ്റ്റൻ ഒക്കെ കലക്കി കൂട്ടി പഠിക്കുമ്പോൾ sembulingam മാത്രം വായിച്ച് പാസായ ഒരൊറ്റയാൾ Anas ആയിരിക്കും. അവൻറെ ഫോട്ടോഗ്രാഫിക് മെമ്മറി കൊണ്ടു മാത്രം ആയിരിക്കും അവന് അത് സാധിച്ചത്.

.....

മൈക്രോബയോളജി പരീക്ഷ.

Essay ക്ലിനിക്കൽ ക്വസ്റ്റ്യൻ ആയിരുന്നു. എല്ലാവരും ചോദിക്കാൻ തുടങ്ങി.

"എന്താ?"... "ഏതാ?"

ആരോ പറഞ്ഞു- "T gondii ".

എല്ലാവരും Toxoplasma gondii യെ കുറിച്ചെഴുതി. അപ്പോൾ എന്റെ അടുത്ത സുഹൃത്ത് എഴുതിയത് Trypanosoma gondii യെ കുറിച്ചായിരുന്നു. അതിന്റെ ലൈഫ് സൈക്കിൾ, ഡയഗ്നോസിസ്, ട്രീറ്റ്മെൻറ് ഒക്കെ.

അവനും മൈക്രോബയോളജി നല്ല മാർക്കോടെ പാസ്സായി!!!

.....

തിയറി എക്സാമിന് എന്റെ ധൈര്യം "ഷംന" എന്റെ പുറകിൽ ഇരിക്കുന്നതായിരുന്നു. അവളോട് എപ്പോ വേണമെങ്കിലും ചോദിക്കാം ധൈര്യത്തോടെ പറഞ്ഞു തരും. എന്നാൽ എന്റെ മുന്നിൽ ഷർമിനയാണ്. അവളോട് എന്ത് ചോദിച്ചാലും അവൾ പറയും അറിയില്ല. പക്ഷേ അവൾ ചിലത് തിരിച്ചു ചോദിക്കും. ഞാൻ കഷ്ടപ്പെട്ട് പറഞ്ഞു കൊടുക്കും. അവൾ ഒറ്റ എക്സാമിന് പോലും ഒന്നും പറഞ്ഞു തന്നിട്ടില്ല. ഞാൻ വിചാരിക്കും പാവം വല്ലതും പറഞ്ഞു കൊടുക്കാം. ഞാൻ എനിക്ക് അറിയുന്നതും ഷംന പറഞ്ഞതും എല്ലാം പറഞ്ഞു കൊടുക്കും.

റിസൾട്ട് വരുമ്പോൾ എല്ലാം ഞാൻ ഫെയിൽഡ് അല്ലെങ്കിൽ ജസ്റ്റ് പാസ്. അവൾ ഒന്നുകിൽ ടോപ് മാർക്ക് അല്ലെങ്കിൽ ഫസ്റ്റ് ക്ളാസ്സ്.

പിന്നെയാണ് മനസ്സിലായത് അവൾ എഴുതാത്ത വല്ല എക്സ്ട്രാ പോയിൻറ്സ് ഉണ്ടോ എന്ന് അറിയാൻ വേണ്ടി ആയിരുന്നു അവളുടെ പുറകിലോട്ടു തിരിഞ്ഞുള്ള ചോദ്യങ്ങൾ മുഴുവനും.

"എന്താല്ലേ ..."

DEEPTHI MANI AND SHAMNA MAHMOOD ABDULLA

A FURADAN FABLE

One hectic night in the emergency room,
A war field of chaos and gloom,

The woman was brought in by her neighbours.
Her man followed through the doors.

She was having supper ,they said, when she fainted,
She'd seasoned her food with 'furadan', they lamented.

To the dreaded lavage area, she was transferred,
To pump out the poison, the intern inferred.

"Leave me alone!" the woman woke up and wailed,
"I did not do it",she moaned and groaned.

She is hysterical, her neigbors commented;
Poor husband, they looked at him and commiserated.

The twitches began at the corner of the lips,
Spread like a wave to all four of the limbs.

The husband started seizing , the intern panicked;
Atropine and Ativan stat! , the PG appeared, as if magicked

" Tend to my husband, he was the one lying.
He took the furadan, not I!", the woman declared fuming

Is there a moral, dear reader do you wonder?
Yes, Listen to the Woman! Now and for ever.

SHARMINA SALEEM



THE WONDER YEARS

October 23rd 2000 was a red letter day in our lives….

After an interval of time in which the very aim of life seemed cracking the MBBS entrance,this was the start of our life in Government Medical College,Calicut.

I vividly remember my father's pride at his first born child joining his alma mater.Today as a mother myself;I can relate better to that emotion

The first day was a blur of welcome speeches by teachers and many introductions with fellow batch mates and potential room mates

Soon,we were settled in LH-3 ,eight to a room ! Everything seemed to be exciting,our white lab coats,the new found joy of hostel life ,new friends…
I look back with wonder at how we lived in that hostel.The rooms were crowded, corridors were dark. and there were long queues for the wash rooms.Occasional sightings of long tailed rodents were discussed
But far from complaining,we lived there in complete bliss..I think the thrill compensated for all other shortcomings.

We soon got acquainted with other hostel and batch mates….
Everyday held some hilarious incident at the dissection table,lecture halls or the practical labs..

I particularly recall one incident in physiology or anatomy lab betwwen Ameena and Anup !!!!

Hearing a cow moo in the ground outside,Ameena told Anup that his friend was calling him

Anup being Anup did not reply !

But the next time the cow mooed,he asked Ameena what the cow was saying now?

Even today ,it makes me grin

The first internal exams were met with fear and dread,but gradually we became accustomed to the pace of the MBBS curriculum.

2nd year was when we shifted to LH 1 ,where we had to face ragging from the senior chechis at the beginning .All of us were assigned various tasks for freshers day leading to fun all around.

Having cleared the first year examinations ,we proceeded to enjoy life to the fullest !
Frequent trips for shopping and movies were planned,with occasional bunking of lecture classes .

We visited each other s homes,with trips to Palakkad at Smitha s and Gayathree's ,Kannur at Ameena s and mine,and locally to Ashwathys , Fathima s and Shahida' s homes.

Hostel truly became a second home;with us roomies becoming very thick friends.There was a lot of teasing and leg pulling,most of which is brought up even now when we meet.

Gayathree for example was something of an environmentalist,everything green was her passion.Even

today the word greenery brings a smile to all us roommates

Ameena was teased for her slang;me for my impulsiveness,Vazna for her brains,Vini for her sweetness…

Ashwathy was particularly adept at making us laugh with her description of common place incidents in her own inimitable manner.

Every inmate in our room was guilty of sharing Ashwathy s lunch box.Filled most often with soft chapathis and delicious fried chicken,we tucked into it without a thought for poor Achu s hunger.

Another memory is spicy fish pickle brought from Ambili's home, usually on the eve of exams.A welcome break from studies,we usually polished it off in a single sitting

Our room was sometimes the scene for Shahida's choreography with the dance team.At times, 'lilliput'Nisha would help with costume designing.

Our room friendship remains intact with occasional get-togethers with children in tow.

The batch tours , meticulously planned by George and later DG,were a notable highlight of our years together.Amid all the revelry and enjoyment,many romances blossomed under the unsuspecting eyes of the rest of the batch.

Postings and exams came and went .Suddenly we were in final year.

Amid horrific stories percolating down from seniors about various students being failed,due to the silliest reasons, examiners' idiosyncrasies or plain bad luck,we set to preparing for the last exam of our under graduate lives..

I was in D batch,and we always had Medicine posting just before the exams.Often I used to say that postings were created for A batch,who always had lighter postings towards the end.

Sometimes,anxiety got the better of us ,and each one would feel that she was the one destined to fail

But soon the exams were over ,and we were finally fledgling doctors.

Internship brought with it it's own set of lessons and challenges

I vividly remember collecting several dozens of blood samples in a medicine ward filled to capacity on admission day. Certifying death was a nerve wracking experience in the wards.
Labour room posting is another memory, with enthusiastic batch mates often reaching a 'century 'of deliveries.
PHC postings gave a taste of OPD experience.

One question posed during the souvenir preparation was about regrets about college life

Regrets if any are vague,I think all will agree that we had 6 lovely years of comradeship in a wonderful institution.Today we are scattered around the world,but we remain bound together by a common shared set of memories and experiences.

HANEESH KHANI

സ്റ്റേജ് ആൻഡ് വെന്യൂ

കലയുടെ മെസ്സേജ് വീണ്ടും വന്നപ്പോഴാണ് എഴുതണമെന്ന് തോന്നിയത്. ആദ്യം ഫാത്തിമ പറഞ്ഞിരുന്നു എഴുതാൻ. അന്ന് ഞാൻ സ്നേഹപൂർവ്വം നിരസിച്ചു. അവളതു കലയോട് പറഞ്ഞു. പിന്നെ എഴുത്തിനെക്കുറിച്ച് ഞാനും മറന്നു. നമ്മിലേക്ക് വീണ്ടും എത്തുന്നതെല്ലാം നമുക്കുള്ളതാണെന്നുള്ള വിശ്വാസക്കാരനാണ് ഞാൻ. ജീവിതം പഠിപ്പിച്ച പാഠമാണത്, ദൈവവും. അത് നമ്മെ ദ്രോഹിക്കുന്നില്ലെങ്കിൽ നമുക്കതുമായി മുന്നോട്ടു പോകാം. അങ്ങനെ എഴുതാൻ തീരുമാനിച്ചു. എന്ത് പേരിടണമെന്ന് ഒത്തിരി ചിന്തിച്ചു. ആ പേരിനൊരു അർത്ഥമുണ്ടാകണമെന്ന് തോന്നി. ആ പേരിൽ ഹൃദയമുണ്ടാകണമെന്നു തോന്നി. അങ്ങനെ അനീഷ് ജോർജ് എന്നും എന്നെയും കലയെയും വിനീതയെയും വിശ്വസിച്ചേൽപ്പിക്കാറുള്ള നമ്മുടെ ബാച്ചിന്റെ ആഘോഷങ്ങൾ നടക്കാറുള്ള, നിങ്ങൾ എന്നും സന്തോഷത്തോടെ തകർത്താടാറുള്ള, നിങ്ങൾക്കായി ഞങ്ങളോരോ വർഷവും ഒരുക്കുന്ന ആ സ്നേഹത്തിന്റെ പേരിടാൻ തീരുമാനിച്ചു.

സ്റ്റേജ് ആൻഡ് വെന്യൂ.

പിന്നെയും ആലോചിച്ചു. ഇനിയെങ്ങനെ മുന്നോട്ട്? എന്നാണ് കലയെ പരിചയപ്പെട്ടതെന്നു എനിക്കോർമ്മയില്ല. എങ്ങിനെയാണ് ഞങ്ങൾ സുഹൃത്തുക്കളായതെന്നും. സ്റ്റേജ് ആൻഡ് വെന്യൂ എന്നെയേല്പിക്കുമ്പോഴും എന്നേക്കാൾ മികച്ച, ഒരു പക്ഷെ നമ്മുടെ ബാച്ചിലെ ഏറ്റവും മികച്ച ആർട്ടിസ്റ്റായ, ജീനിൽ കലയുള്ള, അതിനേക്കാൾ ഉപരി മികച്ചൊരു കലാകാരന്റെ മകളായ, പേരിനെ അർത്ഥവത്താക്കുന്ന അനുഗ്രഹങ്ങളുള്ള കല ഒന്നും മിണ്ടാതെ പരിഭവങ്ങളില്ലാതെ വിനീതയെയും ചേർത്ത് പിടിച്ച് സ്റ്റേജ് ആൻഡ് വെന്യൂ ജോലികളുമായി മുന്നോട്ട് പോകുമ്പോഴും ഇടക്കൊക്കെ ഞാനവിടുന്നു മുങ്ങുമായിരുന്നു. ഒന്നുങ്കിൽ നമ്മുടെ ഡാൻസ് പ്രാക്ടീസ്. അല്ലെങ്കിൽ സൗഹൃദങ്ങൾ. കല കൂടെയുണ്ടെങ്കിൽ കല നന്നാവുമെന്ന് ഞാൻ മനസ്സിലാക്കിയിരുന്നു. ആരോടും ഒന്നും പറയാതെ അവരെ വീക്ഷിക്കുന്ന സ്വഭാവം എനിക്കെന്നുമുണ്ടായിരുന്നു. അതായിരുന്നു പിന്നീട് പി സി പോയപ്പോൾ എന്റെ ഓർമ്മകൾ എന്നിലേക്ക് സമ്മാനിച്ച എഴുത്തുകൾ. അനീഷ് ജോർജ് ഫാത്തിമയെയും സ്റ്റേജ് ആൻഡ് വെന്യൂ ടീമിൽ ചേർക്കുമായിരുന്നു. അങ്ങനെയാണ് അവരാദ്യം സുഹൃത്തുക്കളായതും ഇന്ന് ഏറ്റവും ഹൃദയബന്ധമുള്ളവരായി ഒരേയൊരു കുടുംബം പോലെ ഞങ്ങളിലേക്ക് ആ ഫീൽ നൽകിയതും.

മെഡിക്കൽ കോളേജിലെ ഓർമ്മകൾ അല്ലെങ്കിൽ പി സിയെക്കുറിച്ചെഴുതാനാണ് കലയെന്നോടാശ്യപ്പെട്ടത്. ഞാൻ വീണ്ടും ഒന്ന് കൂടി ആലോചിച്ചു. പി സിയെക്കുറിച്ച് ഞാൻ ഒത്തിരി എഴുതിയിട്ടുണ്ട്. മെഡിക്കൽ കോളേജിനേക്കുറിച്ചും. പിന്നെ ഇതെല്ലാം എങ്ങനെ ഒരെഴുത്തിൽ ഉൾക്കൊള്ളിക്കാമെന്നു ചിന്തിച്ചു നോക്കി. അക്ഷരങ്ങൾ കൂട്ടിച്ചേർത്തു നാം വാക്കുകൾ ഉണ്ടാക്കും. വാക്കുകൾ കൂട്ടിച്ചേർത്തു വാചകങ്ങളും, വാചകങ്ങൾ കൂട്ടിച്ചേർത്തു പാരഗ്രാഫുകളും, പാരഗ്രാഫുകൾ കൂട്ടിച്ചേർത്തു കഥകളും.അതിനിടക്ക് വന്നു ചേരുന്ന ഓരോ കുത്തുകൾക്കും കോമകൾക്കും നമ്മുടെ ജീവിതം പോലെ അർത്ഥങ്ങളുണ്ടാവണം. അപ്പോഴാണ് കലയുടെ അച്ഛനെന്റെ മനസ്സിലേക്കു സ്നേഹത്തോടെ ഇടിച്ചു കയറി വന്നത്.

കണ്ണൂരിലായിരുന്ന എന്റെയും നിങ്ങളുടെ പാത്തുവിന്റെയും റൂറൽ സർവീസ് പോസ്റ്റിങ്ങ്. കണ്ണൂരിലെ തളാപ്പിലായിരുന്ന ഞങ്ങൾ താമസിച്ചിരുന്നത്. എ കെ ജി ഹോസ്പിറ്റലിന്റെ പുറകിലുള്ള ഫ്ലാറ്റിൽ. ദിലീപ്, നമ്മുടെ പ്രിയപ്പെട്ട കുറുക്കൻ ഇത്തിരി ദൂരെ മാറി അവന്റെ സ്വന്തം സാമ്രാജ്യത്തിലും. ഇടക്കൊക്കെ ഞങ്ങൾ കലയുടെ വീട്ടിൽ സന്ദർശകരാവും. അപ്പോഴാണ് കലക്കെങ്ങനെ കലയെന്ന പേര് കിട്ടിയെന്ന എനിക്ക് മനസ്സിലായത്. അവളുടെ അച്ഛന്റെ പെയിന്റിംഗുകൾ കണ്ട് അന്തം വിട്ടിരുന്നിട്ടുണ്ട്. മകൾക്കെന്തിന കലയെന്ന പേര് നൽകിയെന്ന ചോദ്യത്തിന് അവിടെ പ്രസക്തിയില്ലെന്ന എനിക്കു തോന്നിയിട്ടുണ്ട്. അത് കൊണ്ട് ചോദ്യങ്ങൾക്കു ഞാൻ മുതിർന്നില്ല. സ്നേഹസമ്പന്നനാണാ അച്ഛൻ. അറിയാതെ തന്നെ ഞാനാ മനുഷ്യനെ സ്നേഹിച്ചു തുടങ്ങി. അച്ഛൻ എന്ന് തന്നെ ഞാനും ഫാത്തിമയും അദ്ദേഹത്തെ വിളിച്ചു.

ആ വീട്ടിൽ ഞങ്ങൾ ആരൊക്കെയോ ആണെന്ന് ഞങ്ങൾക്ക് തോന്നിയിരുന്നു. അല്ലെങ്കിൽ അവർ ഞങ്ങളെ അവരിലൊരാളെപ്പോലെ കണ്ടിരുന്നു. അങ്ങോട്ടേക്ക് പോകാൻ ഞങ്ങൾക്കൊത്തിരി ഇഷ്ടവുമായിരുന്നു. അങ്ങനെ ഇടയ്ക്ക ഞങ്ങൾ സന്ദർശിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട ഒരു കുടുംബമായി മാറിയത്. ഇടക്കൊക്കെ ഞാൻ ദിലീപിന്റെ അടുത്തെത്തും. ഹൗസ് സർജൻസി കാലയളവിലാണ് ദിലീപുമായിട്ടുള്ള സൗഹൃദം തുടങ്ങുന്നത്.

ദിലീപിനൊരു പ്രത്യേകതയുണ്ടായിരുന്നു. സ്നേഹിച്ചാൽ അവൻ നക്കിക്കൊല്ലും. വെറുത്താൽ അവൻ ഞെക്കിക്കൊല്ലും. ഉള്ളിന്റെ ഉള്ളിൽ ഒരു പാവം. സ്നേഹസമ്പന്നൻ. മറ്റുള്ള പലർക്കും അവനെ മനസ്സിലാക്കാൻ സാധിച്ചിട്ടില്ലെന്ന എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. കണിശകാരനായിരുന്ന അവൻ. സ്നേഹത്തിന്റെ കാര്യത്തിലാണെങ്കിലും തന്നെയെല്പിച്ച ഏതു ഉത്തരവാദിത്വത്തിന്റെ കാര്യത്തിലാണെങ്കിലും. അവനായിരുന്നല്ലോ നമ്മുടെ HSQ ഹോസ്റ്റൽ സെക്രട്ടറി.

HSQ നല്ല രസമായിരുന്നു. ദിലീപും ഞാനും ഷുബിനും, സന്ദീപ് ബി ആറും, സുജിത്തും നമ്മുടെ ആദ്യ നമ്പറായ അബ്ദുൽ സലാമും. ഈ അടുത്ത് അവനെന്നെ വിളിച്ചിരുന്നു. ഇത്തിരി നേരം ഞങ്ങൾ സംസാരിച്ചു. സലാമും ഞാനും തമ്മിൽ അതിലും വല്യ ഒരു ബന്ധമുണ്ട്. അത് ഇവിടെ ഞാൻ പറയുന്നില്ല. കഷ്ടപ്പെട്ട് വളർന്നു വന്നവനാണവൻ. ആ ഇത്തിരി കുഞ്ഞന്റെ മനസ്സ് നിറയെ പഠിക്കണം എന്ന ആഗ്രഹമായിരുന്നു. പഠിക്കാനും അവൻ മിടുക്കനായിരുന്നു. അവൻ ഞങ്ങളുടെ ഗ്രൂപ്പിലേക്കെത്തിയത് ഹൗസ് സർജൻസിയിലായിരുന്നു.

എനിക്കൊത്തിരി ഇഷ്ടമാണ് സലാമിനെ. അത് ഞങ്ങൾ രണ്ടുപേരും കഷ്ടപ്പെട്ട് വളർന്നു വന്നത് കൊണ്ടും ഞങ്ങളെ നിങ്ങളിലേക്കെത്തിച്ചത് മുഹമ്മദുണ്ണി മൗലവി എന്ന ഒരു മഹാനായ മനുഷ്യനായത് കൊണ്ടുമാണ്. പടച്ചവൻ അദ്ദേഹത്തിന് സ്വർഗ്ഗം കൊടുക്കട്ടെ. ആമീൻ. ശീതൾ ഞാൻ കണ്ണൂരിലായിരുന്നപ്പോൾ (ഫാത്തിമ ഡെലിവറിക്കു പോയ സമയം) എന്നെ വിളിച്ചു. ജോലി വേണമെന്ന് പറഞ്ഞിട്ട്. കോയിലി ഹോസ്പിറ്റൽ മുതലാളിയുമായി ഞാൻ സൗഹൃദത്തിലായിരുന്നു. അന്ന് അദ്ദേഹത്തെ വിളിച്ചു അന്ന് വരെ അവിടെയുള്ള RMO കളെക്കാൾ നല്ല സാലറിയിൽ അവൻ ജോലിയിൽ പ്രവേശിച്ചു. അവൻ എന്റെ ഫ്ലാറ്റിലേക്കു ഒരു ബാഗും തൂക്കി കയറി വന്നത് ഇപ്പോഴും ഓർമ്മയുണ്ട്. കൊയ്‌ലി ഹോസ്പിറ്റലിൽ വെച്ചാണ് അവൻ ഭാര്യയെ കണ്ടു മുട്ടുന്നതും പിന്നീടവർ വിവാഹം കഴിക്കുന്നതും. എല്ലാം നിമിത്തങ്ങളാണെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ പ്രിയപ്പെട്ടവനാണവൻ. കണ്ണൂരിലെ ഞങ്ങളുടെ ജീവിതം സ്നേഹസമ്പന്നമായിരുന്നു. ഒരേ ജീവിതാനുഭവങ്ങളായിരുന്ന ഞങ്ങളെ തമ്മിൽ അന്നടുപ്പിച്ചത്. ഇന്നും എന്റെ മനസ്സിൽ അവനെക്കുറിച്ചോർക്കുമ്പോൾ ദീർഘനിശ്വാസങ്ങളും ഒരു പുഞ്ചിരിയും നിറയും.

എങ്ങനെയാണ് ഷാഫിയെയും സാമിനെയും ഷാനവാസ് കെ യെയും പിസിയേയും മറക്കുക. ഞങ്ങളഞ്ചു പേരുമായിരുന്ന ഫസ്റ്റ് ഇയർ ഫ്രണ്ട്സ്. ഷാഫി മികച്ചൊരു ഡാൻസർ ആയിരുന്നു. നമ്മുടെ പല ഡാൻസുകളുടെയും കൊറിയോഗ്രാഫർ. സിനാപ്സിൽ നാം ഒന്നാം സ്ഥാനം കരസ്ഥമാക്കിയതും ഷാഫി കൊണ്ട് വന്ന ഡാൻസ് മാസ്റ്റർ കാരണമായിരുന്നു. ഇക്കഴിഞ്ഞ ദിവസവും ഷാഫിയുമായി സംസാരിച്ചിരുന്നു. ഞാനും അവനും എല്ലാം തുറന്നു സംസാരിക്കുമായിരുന്നു. സാമിനെ ഇടക്കൊക്കെ ചൊറിയും. ക്ഷമിക്കണം സാം. ഈയടുത്തു കെ യെയും വിളിച്ചിരുന്നു. കെ കാരണമാണ് ഞാൻ കോഴിക്കോട് മെഡിക്കൽ കോളേജ് സെലക്ട് ചെയ്തത്. എൻട്രൻസ് പഠനകാലത്തു ഞങ്ങൾ ഒരുമിച്ചായിരുന്നു. അങ്ങനെ നമുക്കെല്ലാം നമ്മുടെ ജീവിതത്തിൽ ഓരോ നിമിത്തങ്ങളുണ്ട്. എന്റെ കോഴിക്കോട്ടേക്കുള്ള നിമിത്തം കെയും മമ്മുണ്ണി മൗലവിയുമായിരുന്നു. ചിലരെ പടച്ചോൻ നമുക്കായി ഏർപ്പെടുത്തുമെന്നു പറഞ്ഞിട്ടില്ലേ? അത് പോലെ. ഷാനവാസ് കെയാണ് എന്നോട് പറഞ്ഞത് കോഴിക്കോട് മെഡിക്കൽ കോളേജാണ് കേരളത്തിൽ ഏറ്റവും മികച്ചതെന്ന്. അങ്ങനെ കോഴിക്കോടിനെ ഞാൻ സ്നേഹിച്ചപ്പോൾ എന്നെ സ്നേഹിക്കാൻ പടച്ചോൻ ഒരാളെയും പറഞ്ഞയച്ചു, ഫാത്തിമയെ. ഞാൻ നമ്മൾ പഠിക്കുമ്പോഴും എഴുതുമായിരുന്നു. അത് ആരും കാണാതെ അവൾക്കുള്ള പ്രണയലേഖനങ്ങളായിരുന്നു. അവൾക്കു എന്റെ എഴുത്ത് ഇഷ്ടമായിരുന്നു. വീണ്ടും വീണ്ടും എഴുതാൻ അവളെന്നോട് പറയുമായിരുന്നു. ഇന്നിതെഴുതുമ്പോഴും അവളോട് ഞാൻ പറഞ്ഞു. പേര് കേട്ടപ്പോൾ അവളൊന്നു ചിരിച്ചു. "സ്റ്റേജ് ആൻഡ് വെന്യൂ ".

പിന്നെ എന്റെ വിരലുകൾ എന്റെ മനസ്സിനൊപ്പം, എന്റെ ഓർമ്മകൾക്കൊപ്പം സഞ്ചരിക്കുകയായിരുന്നു. ശീതളിന്റെ കാര്യത്തിൽ ഞാൻ നിമിത്തമായതു പോലെ നിങ്ങളെയൊക്കെ കണ്ടുമുട്ടാനും എനിക്ക് നിമിത്തമായത് കെ യും നമ്മുടെ മൗലവിയുമായിരുന്നു.

പിന്നെ പി സിയെക്കുറിച്ച്...
അവനായിരുന്ന എല്ലാ ഗ്രൂപ്പിലേക്കും എന്നെ എത്തിച്ചത്. അനീഷ് ജോർജിന്റെ ഗ്രൂപ്പിലേക്ക് ഞാൻ തന്നെ നടന്നു കയറുകയായിരുന്നു. രണ്ടാം വർഷമാണ് സായൂജും എ കെ യും, ജിമിലും ബാസിതും ചോങ്ങും ജയേഷും ആയിട്ടുള്ള കമ്പനി. രാഷ്ട്രീയത്തിനപ്പുറമാണ് സൗഹൃദം എന്ന എന്റെ വിശ്വാസം ഊട്ടിയുറപ്പിച്ചവനാണ് എ കെ. സായൂജിനെയും ജിമിലിനെയും നേരത്തെ അറിയാം. പി സി തോമസിന്റെ അടുത്ത് ഞങ്ങൾ ഒരുമിച്ചായിരുന്നു. അവരെന്നും സയാമീസ് ഇരട്ടകളെപ്പോലെയായിരുന്നു. നമ്മുടെ ബാച്ചിലെ ആദ്യ ദിവസം ബാക്ക് ബെഞ്ചിലിരിക്കുമ്പോൾ ദേ വരുന്നു വീണ്ടും രണ്ടുമൊരുമിച്ച്. ഒരു ഹായ് പറഞ്ഞു ബാക്ക് ബെഞ്ചിലേക്ക് അവരും ചേർന്നിരുന്നു. ഹൃദയത്തിലേക്കും. ജയേഷ് ഞങ്ങൾക്കിടയിലെ പാവം മനുഷ്യനായിരുന്നു. പി സി പണി കൊടുക്കാതിരിക്കാൻ അവൻ സായൂജിനേക്കൊണ്ട് അവന്റെ മുറി പുറത്തു നിന്ന് പൂട്ടിയിടീച്ചു പഠിക്കുമായിരുന്നു. ഒരു ദിവസം പി സി അത് പൊക്കി ഡോർ പൊളിക്കാൻ പോയപ്പോൾ സായൂജ് കീയുമായി പ്രത്യക്ഷപ്പെട്ടതും ജയേഷിന്റെ വളിച്ച ചിരിയും ഇന്നുമോർമ്മയുണ്ട്. ആദ്യമായി ക്ലാസ്സ് കട്ട് ചെയ്തത് ഒരു ഓസ്റ്റിയോളജി ക്ലാസ്സിൽ ജയേഷുമൊന്നിച്ചായിരുന്നു. അതായിരുന്നു ബങ്കിങ്ങിന്റെ തുടക്കവും.

ഇനിയുമൊത്തിരി എഴുതണമെന്നുണ്ട്. ഓർമ്മകൾ. പക്ഷേ നമ്മുടെ പേജുകൾ അതിനു സമ്മതിച്ചില്ലെങ്കിലോ? പേജുകളെക്കുറിച്ച് പറഞ്ഞപ്പോളാണ് വിനീതയെക്കുറിച്ചോർമ്മ വന്നത്. ഒരു കാർബൺ പേപ്പറും ഒത്തിരി A4 ഷീറ്റും ഞാൻ വിനീതക്കു നൽകുമായിരുന്നു. പാവം എഴുതുമ്പോ കാർബൺ പേപ്പർ ബുക്കിനടിയിൽ വെച്ച് എനിക്കായി ക്ലാസ്സിന്റെ കോപ്പികളുണ്ടാക്കുമായിരുന്നു. മനോഹരമായ കൈയ്യക്ഷരമാണ് വിനീതയുടേത്. പേര് പോലെ തന്നെ നമ്മുടെ പ്രിയപ്പെട്ട വിനീത, വിനീതയാണെന്ന് നാമൊന്നടങ്കം സമ്മതിക്കുകയും ചെയ്യും. പലരും എക്സാം സമയത്തു വിനീതയുടെ എഴുത്തിന്റെ കോപ്പികൾ

ഫോട്ടോസ്റ്റാറ്റ് എടുക്കാൻ കൊണ്ടുപോയത് ഇന്നുമോർക്കുന്നു.

ഇന്നുമോർക്കുന്നു എന്ന് എഴുതിയപ്പോഴാണ് ഓർമകളെക്കുറിച്ചോർമ്മ വന്നത്. ഓർമ്മകൾ എന്നും മധുരമുള്ളതായിരിക്കണം. ആ മധുരങ്ങൾക്കിടയിൽ ഇത്തിരി കൈപ്പുനീരും നാം കൂടിച്ചിറക്കണം. എങ്കിലേ മധുരത്തിന്റെ മാധുര്യം നമുക്ക് മനസ്സിലാകൂ. ജീവിതമങ്ങനെയാണ്. ഉയർച്ചകളും താഴ്ചകളും ഇടവഴികളും ബഹുജനവീഥികളും നാമറിയാതെ നമ്മിലേക്കെത്തുന്നവരും നാമറിയാതെ നമ്മൾ ചെന്നെത്തുന്നവരിലേക്കുമുള്ള ഒരു ആവിശ്വസനീയമായ യാത്രയാണ് ഈ കൊച്ചു മനോഹരമായ ജീവിതം.

നാമെല്ലാം ഡോക്ടർമാരല്ലേ. അസുഖത്തേക്കുറിച്ചും മനുഷ്യശരീരത്തിലെ ഓരോ അവയവങ്ങളെക്കുറിച്ചും പഠിച്ച നാം എന്നെങ്കിലും മനസ്സിനെക്കുറിച്ച് പഠിച്ചിട്ടുണ്ടോ? നമ്മുടെ പുസ്തകങ്ങളിലെവിടെയെങ്കിലും മനസ്സെന്ന മഹാസാമ്രാജ്യത്തേക്കുറിച്ച് നാം പഠിച്ചിട്ടുണ്ടോ? ഏതെങ്കിലും ഒരു പരീക്ഷയിൽ മനസ്സെന്ന വിഷയം ഒരു ഷുവർ ഷോട്ട് ചോദ്യമായി നമ്മുടെ മുന്നിലേക്കെത്തിയിട്ടുണ്ടോ? മനസ്സെവിടെയാണെന്ന് നാമെന്നെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

എന്റെ മനസ്സിനെ തേടി ഞാനൊത്തിരി അലഞ്ഞിരുന്നു. ചിലപ്പോൾ അതെന്റെ തലച്ചോറിലാണെന്നും, നെഞ്ചിലൊരു ഘനമനുഭവപ്പെടുമ്പോൾ അത് നെഞ്ചിലാണെന്നും, സ്നേഹത്തോടെ ഒരു രോഗിയെ പരിശോധിക്കുമ്പോൾ അതെന്റെ കൈകളിലാണെന്നും പി സി ക്കു വേണ്ടി കാട്ടിലേക്കു നടക്കുമ്പോൾ അതെന്റെ കാലുകളിലേക്കു മുഴുവൻ എനർജിയോടെ കുതിച്ചെത്തുണ്ടെന്നും, കാട്ടിൽ നിന്ന് തിരികെ നടക്കുമ്പോൾ മനസ്സെന്റെ കണ്ണുകളിലേക്ക് കുതിച്ചു പാഞ്ഞു നീർമണിമുത്തുകളായി പൊഴിഞ്ഞിട്ടുണ്ടെന്നും എനിക്കറിയാമായിരുന്നു. സിനിമയെ സ്വപ്നം കണ്ടു യാത്ര ചെയ്ത എന്റെ മനസ്സിലേക്ക് ഇടിത്തീ പോലെയായിരുന്ന അവന്റെ മരണത്തിന്റെ വാർത്ത എത്തിയത്. ഒരാഴ്ചയോളം ഉറങ്ങാൻ കഴിഞ്ഞില്ല. സ്നേഹിച്ചും തല്ലുകൂടിയും, വീണ്ടും കൂട്ട് കൂടിയും കഴിഞ്ഞ ഒരു ചങ്ങാതി.
സിനിമ എന്ന സ്വപ്നത്തെക്കാളുപരി കാടിന്റെ മക്കൾ ഞാൻ നേരത്തെ പറഞ്ഞ മനസ്സിലേക്ക് വന്നു ചേർന്നു. കൂടെ നടന്ന, കൂട്ട് കൂടിയ, നമ്മെ ഒത്തിരി പൊട്ടിച്ചിരിപ്പിച്ച, ഇൻസ്റ്റന്റ് വിറ്റുകളടിച്ച, പ്രണയമെന്നും മനസ്സിൽ സൂക്ഷിച്ച സ്വയം മച്ചോ മാനെന്നു അവരോധിച്ച, എല്ലാ കൂട്ടുകെട്ടുകളിലേക്കും എന്റെ മുൻപേ നടന്നവനായ അവനു വേണ്ടി, അവൻ ചെയ്ത തെറ്റുകൾ ദൈവം പൊറുക്കാൻ വേണ്ടി ഇന്നും എനിക്ക് പിടിതരാത്ത മനസ്സിലൊരു നിയ്യത്ത വെച്ച് ഞാനും കാടിന്റെ പച്ചപ്പിലേക്കു നടന്നു പോയി. പിന്നെ കണ്ടത് കാടിന്റെ മക്കളെ സ്നേഹിച്ച ഒരു കൂട്ടത്തെയായിരുന്നു. കാടിനോടുള്ള പ്രണയം നാടിനോടുള്ള പ്രണയത്തെ ഒത്തിരി കവച്ചു വെച്ചിരുന്നു. മനസ്സെവിടെയാണെന്ന് പിടി കിട്ടാത്തതിനാൽ അതിന്റെ തുക്കത്തിന്റെ അളവുകോൽ ഇന്നും ദൈവത്തിന്റെ അടുത്ത് മാത്രമാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു..

അങ്ങനെയൊരിക്കലാണ് ഒരു പാതിരാത്രി A Mission For A New Vision ജനിക്കുന്നത്.

ഇന്ന് നിങ്ങൾക്ക് മുൻപിലേക്കു ഞാൻ മുൻപേ പറഞ്ഞ അക്ഷരങ്ങൾ ചേർത്ത് വെച്ച് വാക്കുകളായും, വാക്കുകൾ ചേർത്ത് വെച്ച് വാചകങ്ങളായും, വാചകങ്ങൾ ചേർത്ത് വെച്ച് പാരഗ്രാഫുകളായും, പാരഗ്രാഫുകൾ ചേർത്ത് വെച്ച് കഥകളായും, കഥകളെന്നിലേക്കെത്തിച്ച ഓർമകളായും, ഓർമ്മകൾ നിറച്ചു തന്ന മനസ്സായും ഞാനെത്തുന്നതും, ചിന്തകൾ കൊണ്ട് ഘനം തൂങ്ങിയ മനസ്സിന്റെ ഉറക്കം നഷ്ടപ്പെട്ട്, ഒരൊറ്റ സിനിമക്ക് വേണ്ടിയുള്ള എഴുത്ത് കൊണ്ട്, അതിന്റെ ലാഭം കൊണ്ട് കാടിന്റെ മക്കൾക്കെങ്ങനെ നാടിന്റെ സ്നേഹോപഹാരമായി താമസിക്കാൻ നല്ല സൗധങ്ങളും പഠിക്കാനൊരു കൊച്ചു സ്കൂളും പണിയാം എന്ന് ചിന്തിച്ചു 2018 ൽ പോയ ഒരു യാത്രയിലാണ്, മനസ്സിനെക്കുറിച്ച് നാം പഠിച്ചിട്ടില്ലെങ്കിലും, നാം പഠിച്ച ബൈപോളാർ ഡിസൊർഡർ എന്ന വില്ലൻ എന്നിലേക്ക് എന്റെ അനുവാദമില്ലാതെയും ദൈവത്തിന്റെ അനുഗ്രഹം പോലെയും

ഇടിച്ചു കയറി വന്നതും ഓർമകളെല്ലാം നഷ്ടപ്പെട്ട് ഞാനലഞ്ഞതും.

തിരികെയെനിക്കോർമ്മ ലഭിച്ചു തുടങ്ങുമ്പോ ഞാനാരാണെന്ന് എനിക്കറിയില്ലായിരുന്നു. മമ്മിയാണ് പറഞ്ഞത് ഞാനൊരു ഡോക്ടർ ആണെന്ന്. ഉറങ്ങിയെഴുന്നേറ്റ കഴിയുമ്പോ നമ്മളൊക്കെ ആദ്യം ഒരു ബ്ലാങ്ക് ഫീലിങ്ങിലല്ലേ? അത് പോലെ ഒന്നുമറിയാത്ത ഒരവസ്ഥ. എന്റെ മൊബൈൽ എന്റെ മുന്നിലേക്കെത്തിയപ്പോ അതെങ്ങനെ ഓപ്പൺ ചെയ്യുമെന്നെനിക്കറിയില്ലായിരുന്നു. അവിടെ പടച്ചോൻ പ്രവർത്തിച്ചു തുടങ്ങി. അങ്ങനെ ഗൂഗിളും, യു ട്യൂബും എല്ലാമുപയോഗിച്ച് ഈ ലോകമെന്തെന്നു ഞാൻ പഠിച്ചു. ഒത്തിരിയെഴുതിയ ഫേസ് ബുക്കെന്തെന്നു പഠിച്ചു. മിഷന്റെ പേജ് കണ്ടപ്പോ പി സി യെ മനസ്സിലായി. നിങ്ങളുടെ പലരുടെയും പേരുകൾ മറന്നു പോയിരുന്നു.

ഒത്തിരി ഓർമിച്ചെടുത്തെഴുതിയ എന്റെ ഓർമകൾക്ക് ദൈവം ഒരു "പോസ് " പറഞ്ഞിട്ട് പതിയെ എന്റെ ഓർമകളെ എന്നിലേക്ക് ഓരോന്നായി തിരികെയേൽപ്പിക്കുകയായിരുന്നു. വീണ്ടും ആദ്യത്തെ രോഗിയെ പരിശോധിച്ചപ്പോ എന്റെ കണ്ണുകൾ നിറയുന്നത് അവർ കാണരുതേ എന്ന് ഞാൻ പ്രാർത്ഥിച്ചു. അവിടെ നിന്ന് എല്ലാം കോറിലേറ്റ് ചെയ്യാൻ പടച്ചോൻ സഹായിച്ചു. പിന്നെ ഒരു യുദ്ധമായിരുന്നു. എന്റെ അനുഭവങ്ങളോട്, എന്റെ കാലുകൾ പതറിയ നിമിഷങ്ങളോട് ഉറച്ച മനസ്സോടെ ഞാൻ യുദ്ധം ചെയ്ത് തുടങ്ങി. അപ്പോഴും മനസ്സിന്റെ സ്ഥാനം മനസ്സിലായില്ല.

കോവിഡ് ലോകജനതയെ ഒരു വ്യക്തമായ പാഠം പഠിപ്പിച്ചിരുന്നു. നാം എന്ന് അല്ലെങ്കിൽ ഞാൻ എന്ന് ഇത്തിരി അഹങ്കാരത്തോടെ വിളിച്ചു തേരോട്ടം നടത്തുന്ന മനുഷ്യർ നിസ്സാരന്മാരാണെന്ന്. ഞാനത് രണ്ടു വർഷം മുൻപേ തിരിച്ചറിഞ്ഞിരുന്നു. ഈ ലോകത്ത് ആർക്കും എപ്പോൾ വേണമെങ്കിലും എന്തും സംഭവിക്കാം. ഓരോ ദിവസവും സത്യം പറഞ്ഞാൽ ഓരോ ജീവിത പാഠങ്ങൾ പോലെയാണ്. നാം പ്രതീക്ഷിക്കുന്നതിലും വിപരീതമായി അല്ലെങ്കിൽ നാം പ്രതീക്ഷിക്കുന്നതിലും മനോഹരമായി ജീവിതമുഹൂർത്തങ്ങൾ നമ്മിലേക്കോടിയെത്തുന്ന അല്ലെങ്കിൽ നാം തേടിയലയുന്ന നിമിഷങ്ങൾ. ഓരോ ദിവസങ്ങളുടെയും അന്ത്യ യാമങ്ങളിൽ നമുക്ക് ഓരോ ദിവസവും ദൈവം നമ്മിലേക്കെത്തിച്ച അനുഗ്രഹനിമിഷങ്ങളെക്കുറിച്ച്, ആ ദിനരാത്രങ്ങൾ നമുക്ക് സമ്മാനിച്ച ജീവിതപാഠങ്ങളെക്കുറിച്ച് ചിന്തിച്ചു നോക്കിയിട്ടുണ്ടോ? ഇടക്കൊക്കെ ഞാനാ വഴികളിൽ കൂടി സഞ്ചരിക്കാറുണ്ട്.

ഒരു ഡയറിക്കുറിപ്പെഴുതുന്നതു പോലെ അവ മനസ്സിന്റെ ഉൾക്കോണുകളിലെവിടെയോ സൂക്ഷിച്ചു വെച്ച് പടച്ചവനോട് ഒരു നന്ദിയും പറഞ്ഞു ഞാൻ ഉറക്കത്തിനെ കെട്ടിപ്പുണരും. മനസ്സിന്റെ സ്ഥാനം വീണ്ടും കൃത്യമായി ടാർഗറ്റ് ചെയ്യാൻ സാധിക്കാത്തത് കൊണ്ട് ആ അനുഭവങ്ങൾ ഇങ്ങനെ വല്ലപ്പോഴും എഴുതുമ്പോൾ എന്നെക്കുറിച്ചാദ്യം എഴുതണം എന്ന് പറഞ്ഞു തികട്ടി വരാറുണ്ട്. ഒരു റീഗർജിറ്റേഷൻ പോലെ. അവയിൽ നിന്ന് എല്ലാം തിരഞ്ഞെടുത്തെഴുതുന്നത് സംഭവ്യമാകുന്നത് ഒരു പുസ്തകം എഴുതുമ്പോൾ മാത്രമാണെന്നതു മറ്റാരേക്കാളും എനിക്കറിയാവുന്നത് കൊണ്ട് മനസ്സിനുള്ളിലെ ആ തടിയൻ പുസ്തകത്തിനു, ഇനിയും മറന്നുപോകാതിരിക്കാനായി ദൈവത്തിനെ സാക്ഷിനിർത്തി ഞാനൊരു പേരിട്ടിട്ടു മനസ്സിന്റെ എളുപ്പം തുറക്കാവുന്ന ഒരറയിൽ മനോഹരമായി ഫ്രെയിം ചെയ്ത് വെച്ചിട്ടുണ്ട്. അതിന്റെ ഇത്തിരി വാക്കുകളെ കൂട്ടിച്ചേർത്തു ഇത്തിരി വാക്യങ്ങളും പാരഗ്രാഫുകളുമെഴുതി ഞാനീ സ്റ്റേജ് ഒരു വെന്യൂവിലേക്കെത്തിച്ചു ഒരു ഫുൾസ്റ്റോപ്പ് ഇട്ട് ഈ എഴുത്ത് നിർത്താൻ ശ്രമിക്കാം. അക്ഷരങ്ങളോടിപ്പോഴും പ്രണയമുള്ളത് കൊണ്ട് എഴുതാൻ തുടങ്ങിയാൽ നിർത്താൻ ഇഷ്ടമല്ലെങ്കിലും വായിക്കുന്നവരുടെ മനസ്സിലൊരു കരടോ, ചിരിയോ,ഒരു തരി നീർതുള്ളിയോ, ഒരാകാംക്ഷയോ, അതുമല്ലെങ്കിൽ ഒരു പുച്ഛമോ നിറച്ചു പാതിവഴിയിൽ ഒരു ചോദ്യമോ ഉത്തരമോ അവശേഷിപ്പിച്ചു എഴുത്ത് നിർത്താൻ മനസ്സുനിക്കെപ്പോഴും ഒരു

ബാക്ക് അപ്പ് നൽകാറുണ്ട്. ഓർമ്മകൾ കുത്തിയൊലിച്ചു വരാറുമുണ്ട്..

ആ ഓർമകളാണ് അന്നൊരിക്കൽ ഒരു ബാരിക്കേഡ് തീർത്ത് എന്നെ പകച്ചു നിർത്തിയത്. ഇത്തിരി മാസങ്ങൾ കഴിഞ്ഞാൽ ഇൻഷാ അല്ലാഹ് ഞാൻ ഏറ്റവും സ്നേഹിച്ച നമ്മുടെ പ്രിയപ്പെട്ട ഭാരതത്തിൽ നിന്നും ഈ കൊച്ച കേരളത്തിൽ നിന്നും എന്നെ ഞാനാക്കിയതും എനിക്കെന്നെ തിരിച്ചു നൽകിയതുമായ മനോഹരമായ "കോയിക്കോട്ടു" നിന്നും ദൈവത്തെ കൂട്ടുപിടിച്ചു എത്ര നാളേക്കെന്നറിയാതെ ഞാൻ വിട പറയുകയാണ്.

അപ്പോഴാണ് ഖന്യേ എന്ന് വിളിച്ചു കൊണ്ട് ഓർമ്മകളുടെ റീഗർജിറ്റേഷനിൽ ഹാർട് ബേർണ് കൂടെ നൽകിയ പി സി ഓടിക്കിതച്ചെത്തിയത്. ഒത്തിരി നിന്നെക്കുറിച്ചെഴുതിയിട്ടുണ്ടെന്നു പറഞ്ഞു ഞാൻ പിന്നോക്കം മാറ്റി നിർത്താൻ ശ്രമിച്ചപ്പോൾ അവനൊരു പിണക്കം പോലെ. എന്തെന്ന് കാര്യം അന്വേഷിച്ചപ്പോൾ ഒരു ചോദ്യമെന്നോടെന്റെ മനസ്സിലൂടെ അവൻ ചോദിച്ചു. മെഡിക്കൽ കോളേജിൽ നിന്ന് പഠിച്ചിറങ്ങിയ എന്നിലെ ഡോക്ടറെയാണോ കാട്ടിലേക്ക് രോഗികളെയും വിശക്കുന്നവരെയും തേടിപ്പോയ അപ്പോത്തിക്കരിയെയാണോ കൂടുതലിഷ്ടമെന്ന്? ഞാനൊന്ന് തുക്കി നോക്കി. ഓർമ്മകൾ,തിരിച്ചു വരവിലെ ആദ്യത്തെ രോഗിയെ നോക്കിയപ്പോൾ കുതിച്ചിറങ്ങാൻ വെമ്പിയ ആ കണ്ണുനീർ തുള്ളികളിലേക്കെത്തിയപ്പോൾ, അന്നെന്റെ മനസ്സിലേക്കോടിയെത്തിയത് , ആ നിമിഷങ്ങൾക്ക് മുൻപ് ഞാൻ കണ്ട രോഗി ആ നിലമ്പൂർ കാടിനുള്ളിലെവിടെയോ മറഞ്ഞിരിക്കുന്നുണ്ടെന്ന് ഉറപ്പുള്ളത് കൊണ്ടായിരുന്നു. എന്റെ തുലാസിന്റെ തട്ട് പി സി പറഞ്ഞ അപ്പോത്തിക്കരിയിലേക്കാണ് താഴ്ന്നിറങ്ങുന്നതെന്നു തോന്നിയതിനാലാകണം ഒന്നും മിണ്ടാതെ അവനെന്റെ ഓർമകളിൽ നിന്ന് തിരിഞ്ഞു നടന്നു മാഞ്ഞു പോയി..

അവിടെ രണ്ടു നീർമണി മുത്തുകൾ ചിതറിക്കിടന്നിരുന്നു. അതിലവന്റെ കണ്ണുനീരിന്റെ അതേ ചൂടുണ്ടായിരുന്നു.

പതിയെ... ഞാനത് കണ്ടില്ലെന്നു നടിച്ചു. അവനൊരു പക്ഷെ ജീവിച്ചിരുന്നെങ്കിലോ? അറിയില്ല. ദൈവത്തിന്റെ തീരുമാനങ്ങൾ മാറ്റാൻ നാമശക്തരാണ്. എന്നിരുന്നാലും അത് സംഭവിച്ചിരുന്നെങ്കിൽ ഞാൻ കണ്ട പല കാഴ്ചകളും, പിന്നിട്ട വഴികളും, അനുഭവങ്ങളും മറ്റൊരു തരത്തിൽ ആയിത്തീരുമായിരുന്നു എന്ന് പലപടി ആലോചിച്ചിട്ടുണ്ട്. ചിലതങ്ങനാണ്. അത് നമ്മെ തേടിയെത്തും, നാമെവിടിരുന്നാലും. നമ്മുടെ ബാച്ചിൽ 200 പേരുണ്ടായിരുന്നു അല്ലെ? പല ജീവിത സാഹചര്യങ്ങളാൽ കെട്ടിപ്പൊക്കിയ ജീവിത സാഹചര്യങ്ങളുള്ള നാം 2000 ഒക്ടോബർ 23 ന് ഒരു ചിരിയോടെയും പുതിയ വഴികളുടെയും റാഗിങ്ങിന്റെയും നെഞ്ചിടിപ്പോടെയും സാജു മെമ്മോറിയൽ ഹാളിൽ ഒത്തുചേർന്നു. അവിടുന്ന് പിന്നിങ്ങോട്ട് പിറന്നത് ചരിത്രങ്ങൾ. കോളേജിനെ മാറ്റിമറിച്ച പല സാഹചര്യങ്ങൾക്കും ആഘോഷങ്ങൾക്കും ഉത്സവങ്ങൾക്കും നാം ഭാഗഥേയമായി. എന്നിരുന്നാലും മൂന്നു പേർ നമ്മെ വിട്ടുപോയി. ചിലർ മറ്റു ബാച്ചുകളിൽ നിന്നും നമ്മിലേക്കെത്തിച്ചേർന്ന നമ്മിൽ ചിലരായി അഭിമാനത്തോടെ 44 ആം ബാച്ചുകാരായി മാറി. നാമവരെ നെഞ്ചോട് ചേർത്തിരുന്നു. ഒരു ക്യാപ്റ്റനെന്ന നിലയിൽ നമുക്കാവട്ടെ അവയെല്ലാം മുന്നിൽ നിന്നും കാണിച്ചു തരാൻ അനീഷ് ജോർജ് ഉണ്ടായിരുന്നു. ആര് കളിയാക്കിയാലും ഒരു ചെറു ചിരിയോടെ അവനെന്നും അതെല്ലാം കണ്ടില്ലെന്നു നടിച്ചു നമ്മെ സഹായിച്ചു നമ്മിലേക്കാഴ്ന്നിറങ്ങി. അത് പോലെ ലോകത്തിനു സമൂഹമാധ്യമങ്ങളിൽ കൂടി നന്മയുടെ ഒരു വഴികാണിച്ചു കൊടുത്തു പ്രണയത്തെ നെഞ്ചിലേറ്റി ഒരു valentines day യുടെ തലേ നാൾ ഈ ലോകം വിട്ട് പി സി, പോയി. അവനു ശേഷം സമൂഹ മാധ്യമങ്ങളിലെ കാരുണ്യങ്ങൾ നാം കണ്ടു വരികയാണ്. കോളേജിലെ പി സി യിൽ നിന്നും ജനങ്ങൾ ഹൃദയത്തിൽ ഏറ്റിയ ഷാനവാസ് ഡോക്ടർ എന്ന ഫേസ് ബുക്ക് കാരുണ്യത്തിന്റെ വഴികളിൽ

അവനൊത്തിരി പഴികളും കേട്ടിരുന്നു. പിന്നെ ആ നിമിഷം ഒരക്ഷരം ശബ്ദിക്കാനാകാതെ അവനും യാത്രയായി.

പക്ഷെ, മറ്റ രണ്ടു പേർ? അവർ മരണത്തെ തേടിപ്പോയി. എന്തിന്? എന്നുള്ള ചോദ്യം ഉത്തരം കിട്ടാത്ത കടംകഥയായി ഇന്നും മാറിനിൽക്കുന്നു. ഓരോ ദിവസവും, ഓരോ നിമിഷവും, ഒരു നിശ്വാസങ്ങളും നമ്മെ അടുപ്പിക്കുന്നത് മരണമെന്ന യാഥാർത്ഥ്യത്തിലേക്കാണെന്ന സത്യം മാറ്റി മറിക്കാനാവില്ല. എന്നിരുന്നാലും, മനോഹരമാണ് ഈ കൊച്ചു ജീവിതം. എത്രയോ കോടിക്കണക്കിനു വർഷങ്ങൾക്ക് മുൻപേ നാമിവിടെ ജീവിക്കണമെന്ന് പടച്ചവൻ തീരുമാനിച്ച ഒരു സമയമുണ്ട്. ആ തീരുമാനമാനുസരിച്ചാണ് നാമിവിടെ എത്തിയത്. ഒരു തുള്ളി ശുക്ലത്തിൽ നിന്നും മത്സരിച്ചോടിയ ഒരു മില്യൺ ബീജങ്ങളിൽ നിന്നും ഒന്നാമത്തെത്തി ഓവത്തെ കൂട്ടുപിടിച്ചു ആദ്യത്തെ കാൽവെപ്പുകൾ നടത്തുന്നത് പോലും നാമറിഞ്ഞില്ല. ദൈവനിശ്ചിതം മാത്രം. അവിടെ നിന്ന് മജ്ജയും മാംസവും അസ്ഥിയും, ചോരയും അവയവങ്ങളും, തലച്ചോറുമെല്ലാമുള്ള ഒരു കുഞ്ഞായി നാം പിറക്കുന്നതും അത്ഭുതം തന്നെ. സയൻസ് എത്ര വളർന്നുവെന്ന് പറഞ്ഞാലും എത്തിച്ചേരാൻ കഴിയാത്ത പല സാഹചര്യങ്ങളുമുണ്ട്.

അങ്ങനെ നമുക്ക് സമ്മാനമായി ലഭിക്കുന്ന ഈ ജീവിതം തിരിച്ചെടുക്കാനർഹത ദൈവത്തിനു മാത്രമാണ്. പറയാൻ വെമ്പുന്നത് നിങ്ങളിൽ പലരും സഞ്ചരിക്കുകയോ, ചിന്തിക്കുകയോ പോലും ചെയ്യാത്ത സാഹചര്യങ്ങളിൽ കൂടി പോകാൻ കഴിഞ്ഞത് കൊണ്ടാണ്. ഇനിയുള്ള വാക്കുകൾ ചിലർക്ക് വേണ്ടി മാത്രമുള്ളതാണ്. നമ്മുടെ ബാച്ചിൽ പലരും ഡിപ്രെഷൻ എന്ന മരീചികയിൽ കൂടി സഞ്ചരിക്കുന്നുണ്ടെന്ന തിരിച്ചറിവ് കൊണ്ട്. ഒരു മനുഷ്യൻ പൂർണനാകുന്നത് നാൽപത് വയസ്സിലാണെന്ന് ഖുർആനിൽ പറഞ്ഞിട്ടുണ്ട്. നമ്മുടെ ശരീരത്തിലെ അവസാന ഓസ്സിഫിക്കേഷൻ നടക്കുന്നതും 40 വയസ്സിലാണ്, XIPHISTERNUM. അതിനർത്ഥം ജീവിതത്തിലെ എല്ലാ അനുഭവങ്ങളിലൂടെയും നാം സഞ്ചരിച്ചു, പക്വതയും പാകവുമാകുന്നത് 40 വയസ്സിലാണെന്ന തിരിച്ചറിവും കൂടിയാണ്. അത് കൊണ്ട് വന്നു ചേർന്നതെല്ലാം നല്ല പാഠങ്ങൾ മാത്രമാണെന്ന് തിരിച്ചറിഞ്ഞു കൊണ്ട് വിഷമങ്ങളെ ഒരു പെട്ടിക്കുള്ളിലാക്കി, നല്ല നിമിഷങ്ങളെ ചേർത്ത് പിടിച്ച് മുന്നോട്ട് ചലിക്കാം. ഇനിയുമൊത്തിരി പകലുകളും രാത്രികളും ചിരികളും സന്തോഷങ്ങളുമായി നിങ്ങളെ തേടിയെത്തട്ടെ. ആരോരുമില്ലാത്ത പലരും നമുക്ക് ചുറ്റുമുണ്ട്. കണ്ണ് നീർ തുടച്ചു, കണ്ണ് തെളിയിച്ചു ഒരു ചിരിയോടെ, കയ്യിൽ പണമില്ല എന്ന നെഞ്ചിലെ പിടപ്പ് നമ്മെ അറിയിക്കാതെ നമ്മുടെ മുന്നിലെത്തുന്ന രോഗികളുണ്ട്. അവരുടെ പിടപ്പൊന്നു നിർത്താൻ നമ്മുടെ കൈകളിനിയും നമ്മുടെ പോക്കറ്റിലേക്കു നീളട്ടെ. നമ്മുടെ കോളേജിന് കൊറോണ സമയത്ത് നാം നൽകിയത് പോലുള്ള സമ്മാനങ്ങൾ ഇനി നാട്ടിലേക്കും വ്യാപിപ്പിക്കാൻ നമുക്ക് കഴിയട്ടെ.

എന്റെ ജീവിതത്തിലെ ഇത് വരെയുള്ള മനോഹരമായ നിമിഷങ്ങളിൽ കൂടിയാണ് ഞാനിന്നു കടന്നു പോകുന്നത്. പാത്തു ഇപ്പൊ കൂടുതൽ സുന്ദരിയായിരിക്കുന്നു. മക്കൾ വലുതായിതുടങ്ങിയിരിക്കുന്നു. അവരുടെ സന്തോഷങ്ങൾക്കിടയിൽ, പടച്ചവന്റെ അനുഗ്രഹങ്ങൾക്കിടയിൽ ജീവിതവഴികളിൽ എന്നെ നോക്കി പുഞ്ചിരിച്ചതും സംഹാരതാണ്ഡവമാടിയതുമായ അനുഭവങ്ങളെ നോക്കി ഞാനിന്നും മനസ്സോടെ, നന്ദിയോടെ അകലങ്ങളിലേക്ക് നോക്കി പറയുന്ന ഒരു വാക്കുണ്ട്. അൽഹംദുലില്ലാഹ്.

ശരിയാണ്.
നാം മാറിയാൽ നമുക്ക് ചുറ്റും മാറ്റമനുഭവപ്പെടും. ഏറ്റവും വലിയ ആ മാറ്റം എന്നിൽ നടത്തിയത് ഖുർആൻ ആയിരുന്നു. ഞാൻ തേടിയലഞ്ഞ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ഏറ്റവും ഭംഗിയോടെ നൽകിയതും ഖുർആൻ ആയിരുന്നു. ഇനി ഉത്തരങ്ങളെ തേടിയുള്ള അലച്ചിലുകളില്ല. ഉള്ളിന്റെ ഉള്ളിൽ കണ്ടെത്താത്ത ചോദ്യങ്ങളുമില്ല.

ഈ കൊച്ചു ജീവിതം സ്വർഗ്ഗമെന്ന മനോഹരമായ "വെന്യൂ " വിലേക്കുള്ള ഒരു കൊച്ചു "സ്റ്റേജ് "മാത്രം. പരീക്ഷകളും പരീക്ഷണങ്ങളും അതിന്റെ ഭാഗം മാത്രം. ചിലപ്പോൾ നാം നേരത്തെ തിരിച്ചറിയും. ചിലപ്പോൾ ഇത്തിരി വൈകിയും. ആരെയെങ്കിലും ഞാൻ വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ പൊറുക്കണമെന്നുള്ള അപേക്ഷ കൂടെ ചേർക്കുന്നു. ഇനിയെന്നെങ്കിലും കാണുമെങ്കിൽ ഖനി, പാത്തു എന്ന് വിളിച്ചു ഞങ്ങളിലേക്കെത്തണം. കൂടെ നടന്ന സൗഹൃദങ്ങളോടും, കൂടെ നടക്കാത്ത സൗഹൃദങ്ങളോടും പറയാൻ ഒരു വാക്ക് മാത്രം.."നന്ദി..!

പ്രണയമിന്നും ഞങ്ങൾ സൂക്ഷിക്കുന്നു. ആ പ്രണയത്തിലിന്നും ഞങ്ങൾ സ്വപ്നങ്ങൾ നെയ്തെടുക്കുന്നു. കൂടെ ഇന്ന് രണ്ടു കുഞ്ഞുഹൃദയങ്ങളുമുണ്ട്. ഹാദിയും ഹംദാനും. ഇനിയെന്ന് നിങ്ങൾക്കായി ഒരു "സ്റ്റേജ് ആൻഡ് വെന്യൂ", ഞാനും കലയും വിനീതയും ചേർന്ന് ഏറ്റടുക്കുമെന്നറിയില്ല. അങ്ങനെയൊരു നിമിഷം സംജാതമാകട്ടെ എന്ന് ആത്മാർത്ഥതയോടെ ആഗ്രഹിക്കുന്നു. അന്ന് തലയുയർത്തിത്തന്നെ ഞാൻ "ഇന്ഷാ അല്ലാഹ്" കടന്നു വരും. ഇനി മറ്റൊരു നാട്ടിലേക്ക്.ഇനിയെന്നെ തേടിയെത്തുന്ന നല്ല സൗഹൃദങ്ങൾ ഏതൊക്കെയെന്ന ജിജ്ഞാസയില്ലാതെ... ഇനിയെന്ത് സംഭവിക്കും എന്ന ചോദ്യങ്ങളില്ലാതെ, ജീവിതത്തിൽ സംഭവിച്ച എല്ലാ നിമിഷങ്ങൾക്കും നന്ദിപൂർവ്വം ഞാനിന്നു വീണ്ടും പറയുന്നു.

അൽഹംദുലില്ലാഹ്...!

ഓർമ്മകൾ വീണ്ടും പെയ്തിറങ്ങി. അത് മനസ്സിലേക്ക് തികട്ടി വന്ന്, അക്ഷരങ്ങളായി നൃത്തമാടിയപ്പോഴും, അവസാന വാക്കുകളിലും ഞാൻ മനസ്സിനെ തിരഞ്ഞു. അത് നിങ്ങൾക്ക് മുന്നിലൂടെ പോയ അക്ഷരങ്ങളിലും, വാക്കുകളിലും, വാക്യങ്ങളിലും, പാരാഗ്രാഫുകളിലും, കുത്തുകളിലും കോമകളിലും ഒളിഞ്ഞിരിക്കുന്നുണ്ടെന്നു ഞാനറിഞ്ഞു. അതിനാൽ, ഇനിയും പെയ്തിറങ്ങാൻ വെമ്പുന്ന ഓർമകൾക്ക് മുന്നിൽ ഞാനിവിടെ, സ്നേഹത്തോടെ, വളരെ ശ്രദ്ധിച്ച്, ഒത്തിരി ഇഷ്ടത്തോടെ ഒരു ഫുൾ സ്റ്റോപ്പ് ഇടുന്നു.

SAMEER SALEEM

CARICATURE

1


2
3
4
5


6
7
8
YAMAHA

9

1. Sandeep Kunhikannan
2. Rafeek
3. Abdul Basith
4. Shanavas PC
5. Dinu S Chandran
6. Me in My Dreams
7. Padmavathi R
8. DJ
9. Santhosh

44TH BATCH VIDEOS

44th Batch Youtube Channel

NIV Donation

The Walk Video

44th Girls Lockdown Video

Troll Book Google Drive Link

AMITA R

Amita's son Abhinav Praveen is a passionate Vehicle Enthusiast who has his own YouTube Channel where he posts cute reviews about his favourite cars.

Review of Mahindra Cars

Review of Toyota Cars

Amita also does Paintings in her spare time and here is a wonderful Mural painted by her :

ANITHA ABRAHAM

GARDENING AND FARMING

I started in Dec 2018, and was behind it sincerely till Nov 2019. Daily after reaching home from college, I spent atleast 1-2 hrs nurturing my plants.
Now I have planted again, but not as much as I did before.

Video on Gardening Setup :

My daughter - Sharon (Chinnu) is an avid artist. Here are some of her artworks:

BEULA G

My son is learning to play the Piano. Here is a sample.

RESMI NAIR



Resmi's daughter Neha is training to dance in Traditional Kathak and Bharatnatyam Forms.
Here she dazzles us with a snapshot of her talent.

BINDU V B

Corona Holidays - A Poem by Hemang BK - Bindu VB's Son.
Recited by the poet himself!

He is also an artist and draws well. Here is his picture of Neil Armstrong:

DHANYA K V

I am passionate about cooking for my family. Here are some of my dishes:

Porotta, Prawns Biriyani, Ullivada

Here are the people who enjoy my cooking - Aditi (Older one) and Adwita (younger one)

DINU S CHANDRAN



Dinu renders Karthik's famous song from the Movie Sunday Holiday

Dinu sings the Timeless Classic from the Malayalam Movie Pavithram, in his Mellifluous voice

Dinu presents his own composition in Raag Jog. Be lost in the beauty of this masterpiece.

DIVYA C P

Divya's daughter wrote an adorable article on her mom. Take a look:



Divya CP performs a wonderful interpretation through dance, of the beautiful verses from Naagavalli - The unforgettable song from Manichithrathaazhu. This has been choreographed on Bharath S' Cover version of the same song.

You can check it out here :

DIVYA P K

Divya PK's daughter Gaurikrishna D does exquisite craft work as can be seen below :

GAYATHREE O P

Gayathree does amazing pencil and charcoal drawings of her favourite muses. You can see them below.

Gayathree had also done a moving portrait of Neethu

JUVAINA P

Juvaina has an artistic side that she expresses through craft work.

KALA P

Kala is an Artist who needs no introduction. Her passion for drawing and painting has only grown over the years and here she presents 14 of her works for our enjoyment.

LOUJI BHASKARAN

Louji always had an artist's thumb. We just never knew. Take a look at his amazing artwork.

MEERA HUSSAIN

Meera has an admirable green thumb. Take a look at her amazing gardening-farming produce.

NIMNA RAVI

Nimna showcases her talent in Dance once again for 44th Girls

NISHITHA S

Nishitha is a delightful chef who surprises her family and friends with mouth watering delicacies such as these:

Nishitha's son Amogh is blessed artist who has shared two of his creations with us

NOUFIRA P

Noufira showcases her Culinary Adventures & her sons' Lego Construction and Artwork

Short Video here :

NOUFIRA P

RECIPE OF
HUMMUS AND MAYONNAISE

Hey guys… learn how to make a homemade creamy hummus and mayonnaise. I am sharing you a simple easy recipe. It is super easy to make, tasty, healthy and requires just a few simple ingredients. Both these dishes are Arabian delicacies. It goes well with roti, naan and grilled or broasted chicken.

Hummus

Ingredients :

1. Chana dal (chick peas)- 1 cup (soaked for 6-8 hours and cooked with 3-4 garlic cloves and salt)
2. Fresh Lemon juice – 1 tablespoon
3. Tahini (white sesame seeds paste) – ¼ cup (50 ml)…..if you don't have tahini, you can use yoghurt- 1 ½ table spoon.
4. Salt – ¼ teaspoon
5. Olive oil – 2-3 tablespoon.
6. Water -2-3 tablespoon.

Mix all the ingredients and grind to a smooth paste in a mixer grinder. Your hummus is ready.
You can pour some olive oil on top of hummus while serving.

Mayonnaise

Ingredients:

1. Garlic -4-5 cloves
2. Whole egg- 1
3. Fresh lemon juice- 1 ½ teaspoon
4. Salt – ¼ teaspoon
5. Sunflower oil- ¾ cup (150 ml)…. Add sunflower oil as 4-5 parts.

Add all the ingredients to a mixer and whip or grind slowly and intermittently (intermittent grinding is important…otherwise it will be watery consistency)
Make sure you add the sunflower oil as small portions. (this will make sure you get a perfect creamy mayonnaise). It is just like making an emulsion.

So enjoy….

PRAMIL K

Pramil wants to share a few poignant photos from his treasure trove of memories from CMC Days

RANJINI KURIAN

Ranjini has a new hobby on photography and she has a great eye for beauty take a look.

Sajina's sons are exceptional Public Speakers in the making. They have their own YouTube Channels and post interesting videos regularly. Check them out in Action:

Muhammed Rayan Savad :

Muhammed Zaman Savad :

Muhammed Yazan Savad :

SANDEEP U

Sandeep U continues to mesmerise us with his Ethereal Voice. His rendition of this beautiful song from 2004 film Perumazhakkaalam is better than the Original. Listen to Raakkilithan - here:

SMITHA VIJAYAN

Smitha joins forces with her daughter Dhwani to put on a captivating Dance Performance:

MITHUN VASUDEVAN

MATHI - MTV PHOTO COLLECTION - GOOGLE DRIVE

ADIDEV

S/o. Vinod

Vinod's son Adidev is a budding artist. His creativity flows unhindered in these samples of his pristine imagination.



DJ and Padma's two sons Ishaan (8 years) and Ayan (6 years) are budding musicians in their own right. They sing Carnatic classical music vocals and are pursuing Trinity College of music Rock and Pop vocal music courses. They also are learning to play the piano and the mridangam. They have their own Youtube channels. Details below:

Ishaan Deepak:

Ayan Deepak:



Padma is also active on social media and regularly posts medical information for the common man. The link to her Fb page is :

Padma's father Mr. Ramadoss is a travel enthusiast and has his own blog on Hindu temples :

SHARMINA SALEEM



Sharmina s eldest daughter Zainab is an 8 th grade student who's very interested in cooking
Her channel Zaina's cooking fantasy can be reached at ...

Fathima is a budding artist,a few of her works below

PRETTY MATHEW

Pretty's daughter Joanne is a talented dancer, you can watch her dance here. She's the one rocking in the middle

Joanne Theres George. She is 10years old. Passionate about dancing ... Singing ... Also interested in painting.

She is a state level winner in English elocution in CBSE KALOLTSAVAM 2019.

Babans
Dresses & Textiles
OCTORS COAT & O.T. DRESSES
HOTEL
MAMMALIS
KOZHIKODE GOVT. MEDICAL COLLEGE
STAFF & STUDENTS CANTEEN
INDIAN COFFEE HOUSE
NAZEER
DRIVING SCHO
THIS COLLEGE WAS OPENED
BY
SRI. E. M. S. NAMBOODIRIPAD
CHIEF MINISTER,
KERALA STATE.
ON
15TH MARCH, 1958.
24TH PHALGUNA, 1880.
milma
VOLGA
NEW TOPS BAKERY
Taste
BAKERY & COOLBAR
9633434792

Illustrations

Kala P
Vineetha Raghavan
Nabil Abdul Majeed
Louji Bhaskaran
Juvaina P.

Front Cover Design and illustration

Kala P

Design & Layout

Rajeesh
Santhosh Kumar N
Rajesh Dharmarajan

Souvenir Team Photo Design

Kiran Govind
(B/o. Kala P)

20TH MILE @ 2020 MILLENNIUM BATCH

EDITORIAL BOARD

44thsouvenir@gmail.com

Editor in Chief

Santhosh Kumar N

Associate Editor

Deepthi Mani

Associate Editor

Shamna M Abdulla

Creative Director

Rajesh Dharmarajan

Chief Illustrator

Kala P

Aneesh George

Anup Ahmed

Dinu S Chandran

Febin P

Mithun Vasudevan

Padmavathy R



Sharmina Saleem

Sreehari G K



Sreeja P S

Souvenir release by
Prof. Dr. G Rajan, Pathology
December 12th, 2020

Release of first copy to
our dear batchmate
Sreehari G K

LABOUR OF LOVE

Evolutionarily, the human brain is wired to remember and dwell upon Negative experiences. This was the way our ancestors processed their failures, learnt their lessons and moved ahead. Over an unimaginable course of hundreds of thousands of generations, this trait has been amplified in present day human beings.

We tend to see the Negatives with more clarity and in more volume than we do the positives; to a point that may in fact be doing more harm than good to our Species. Nature would provide for such traits to be weeded out for our betterment but it is a painfully slow process. One that we also interfere with and work against.

Everything has its rightful place in our lives. If we lived in Eternal Bliss, we would come to under appreciate its value and beauty. Thus, the need for sadness and tragedy in our lives.

It is even fundamentally, the nature of the Universe that we are a manifestation of. Duality - Positive and Negative, the inextricable existence of Opposites in Our Universe, manifests in our day to day lives in one form or the other.

The unexpected punch that life threw at us in the form of COVID19 is one that we should take in our stride. For it will provide us with a perspective and renewed zeal for living and loving, that would otherwise have been missing from our mundane lives.

Of course, it would have been better if we could meet up in person to recount and relive old memories. To share new stories and make new ones. But we must make the best of the cards we have been dealt.

The making of this Souvenir was indeed a Herculean Task that was simplified and made enjoyable by the countless fond memories the process invoked.

We hope you have enjoyed this Souvenir commemorating our 20th Anniversary - much more than we enjoyed putting it together for all of us. We hope you will treasure it and look back at it, even when your eyesight starts to fail. We hope that even then, you will cherish what the 44th Batch of Calicut Medical College stood for. The Camaraderie & Unity; Our Great Triumphs & Tribulations.

In doing so, we hope you will Consciously and Collectively Reiterate - Life is Beautiful. I think that our dearly departed 44thians would want us to do that.

Viva La Vida
Viva La 44th



Rajesh Dharmarajan

മായപറമ്പിലെ ഈ ക്യാമ്പസ് ഒരു
ലഹരിയാണ്, ഊർജ്ജമാണ്,
വിഷാദങ്ങളെ മാറ്റുന്ന ഔഷധമാണ്,
അതിജീവനത്തിന്റെ ഇന്ധനമാണ്.
ഇവിടെ ഞങ്ങൾ ഉണ്ടായിരുന്നു.
അല്ല ...

ഇപ്പോഴും ഞങ്ങൾ ഉണ്ട്... ഈ ക്യാമ്പസ്
ഞങ്ങളുടെ കൂടെ ഉണ്ട്. ഞങ്ങളുടെ ഓരോ
ചിന്തകളിലും ഓർമ്മകളിലും ഓരോ
തീരുമാനങ്ങളിൽ പോലും ഈ ക്യാമ്പസ്
കടന്നു വരാറുണ്ട്.